# അൽ ബിറൂനി കണ്ട ഇന്ത്യ

# അൽ ബിറൂനി കണ്ട ഇന്ത്യ

## അൽബിറൂനി

വിവർത്തകൻ:

**ഡോ. മുഹ്‌യുദ്ദീൻ ആലുവായ്**

**വിചാരം ബുക്സ്**

ഐ.പി.എച്ച്. ടവർ
പോസ്റ്റോഫീസ് റോഡ്, തൃശൂർ-1
ഫോൺ: 0487-2426476, 9847367074, 9447201551

**AL-BIRUNI KANDA INDIA**
(Malayalam)

Malayalam Translation
of **Al-biruni's KITAB-UL-HIND**

By **Dr. Mohiaddin Alwaye**

First Edition: 2011

Copies: 1000

Published by:
**VICHARAM BOOKS**
All rights reserved by the publishers
Cover and Layout:
Mahin
Printed at:
A-One Offset Prints, Calicut

Price : **Rs. 290.00**

**VICHARAM BOOKS**
I.P.H. Tower, P.O Road, Thrissur-680 001

No parts of these publication may be reprodiced, stored in a retrieval system, or transmitted, in any form or by any means electronic, mechanical, photocopying, recording or otherwise without the prior written permission of **VICHARAM BOOKS.**

# ഉള്ളടക്കം

**ഒന്നാം ഭാഗം**


പ്രസാധകക്കുറിപ്പ് ........................................................... 11

അൽ ബിറൂനി ........................................................... 13

പ്രസ്താവന ........................................................... 21

1 ഭാരതീയരെ കുറിച്ചു പ്രതിപാദിക്കുന്നതിനു വിഘാത മായി നിൽക്കുന്ന കാര്യങ്ങൾ നമുക്കുപരിശോധിക്കാം .. 25

2 ദൈവ വിശ്വാസം ........................................................... 30

3 ഇന്ദ്രിയ ഗോചരമായതും അല്ലാത്തതുമായ വസ്തുക്ക ളിൽ ഇന്ത്യക്കാരുടെ വിശ്വാസം ........................................... 33

4 പ്രവർത്തന കാരണവും ആത്മാവും ജഡപദാർത്ഥവും തമ്മിലുള്ള ബന്ധവും ........................................................... 42

5 അവതാര സിദ്ധാന്തം ........................................................... 45

6 ലോകങ്ങളും പ്രതിഫലം ലഭിക്കുന്ന സ്ഥലങ്ങളും ........... 51

7 ലൗകിക ബന്ധങ്ങളിൽ നിന്നുള്ള മോചനവും അതിനുള്ള ഉപാധികളും ........................................................... 56

8 സൃഷ്ടികളുടെ വർഗ്ഗവും പേരും ........................................... 68

9 വർഗ്ഗങ്ങളും ജാതികളും ........................................................... 75

10 മതങ്ങളുടെയും നിയമങ്ങളുടെയും ഉത്ഭവം, പ്രവാചക ന്മാർ, മതങ്ങൾ ദുർബലപ്പെടൽ ........................................... 79

11 ബിംബാരാധനയുടെ ഉദ്ഭവവും വിഗ്രഹങ്ങളുടെ നിലയും ........................................................... 83

12 വേദങ്ങളും പുരാണങ്ങളും ഇതര മത ഗ്രന്ഥങ്ങളും ........ 93
13 വൃത്തശാസ്ത്രത്തിലും വ്യാകരണ ശാസ്ത്രത്തിലുമു ള്ള ഇന്ത്യക്കാരുടെ പുസ്തകങ്ങൾ ........ 100
14 ഇന്ത്യക്കാരുടെ ഇതര ശാസ്ത്രങ്ങളിലുള്ള ഗ്രന്ഥങ്ങൾ .......... 110
15 ഇന്ത്യക്കാരുടെ അളവുകളെയും തൂക്കങ്ങളെയും കുറി ച്ച് ചില വിവരങ്ങൾ ........ 115
16 ഇന്ത്യക്കാരുടെ എഴുത്തുകളും കണക്കുകളും ചില അപൂർവ്വ ആചാരങ്ങളും ........ 121
17 അജ്ഞാന ചക്രവാളത്തിൽ ചിറകൊടിഞ്ഞു കിടക്കുന്ന ചില ശാസ്ത്രങ്ങൾ ........ 130
18 ഇന്ത്യയിലെ വിവിധ രാജ്യങ്ങൾ, സംസ്ഥാനങ്ങൾ, അ വ ഓരോന്നും തമ്മിലുള്ള ദൂരം, നദികൾ സമുദ്രങ്ങ ൾ, അതിർത്തികൾ ........ 136
19 നക്ഷത്രങ്ങളുടെ പേരുകൾ, രാശിമണ്ഡലം, ഞാറ്റുവേ ലകൾ മുതലായവ ........ 147
20 ബ്രഹ്മാണ്ഡം ........ 153
21 ഇന്ത്യക്കാരുടെ മതങ്ങളുടെയും അവർക്കിടയിൽ പ്രചാ രമുള്ള ഐതിഹ്യങ്ങളുമനുസരിച്ചു ഭൂമിയുടെയും ആ കാശത്തിന്റെയും വർണ്ണന ........ 158
22 ധ്രുവങ്ങളും അവയെ സംബന്ധിച്ച ഐതീഹ്യങ്ങളും .. 167
23 പുരാണങ്ങളുടെയും മറ്റും വിശ്വാസമനുസരിച്ചുള്ള 'മേരു' പർവ്വതം ........ 171
24 ഏഴു ദ്വീപുകളുടെ വിശദവിവരങ്ങൾ-പുരാണങ്ങളിലൂടെ ..... 178
25 നദികളും അവയുടെ ഉൽപത്തിയും ഗതികളും ........ 184
26 ഇന്ത്യൻ ജ്യോതി ശാസ്ത്രജ്ഞന്മാരുടെ ദൃഷ്ടിയിൽ ആകാശത്തിന്റെയും ഭൂമിയുടെയും രൂപം ........ 189
27 ഗോളങ്ങളുടെ രണ്ട് തരത്തിലുള്ള ചലനങ്ങൾ ഇന്ത്യൻ ജ്യോതി ശാസ്ത്രജ്ഞരുടെയും പുരാണ കർത്താക്കളുടെയും അഭിപ്രായത്തിൽ ........ 201
28 പത്തു ഭാഗങ്ങളുടെ നിർണ്ണയം ........ 209
29 ഭൂമിയിലെ ജനവാസയോഗ്യമായ പ്രദേശങ്ങളുടെ

നിർണ്ണയം ഇന്ത്യക്കാരുടെ ദൃഷ്ടിയിൽ ............................ 213
30 ലങ്കാ അഥവാ ഭൂമണ്ഡപം ........................................................ 222

**രണ്ടാം ഭാഗം**

31 രാജ്യങ്ങൾ തമ്മിലുള്ള അന്തരം (ധ്രുവകാന്തരം) .......... 226
32 പൊതുവിൽ ലോകത്തിന്റെ തുടർച്ചയും കാലവും അതിന്റെ ഉൽപത്തിയും അവസാനവും ............................ 232
33 വിവിധ ദിവസങ്ങൾ-രാപ്പകലുകൾ .................................... 238
34 ദിവസത്തിന്റെ ചെറിയ വിഭാഗങ്ങൾ ................................. 243
35 മാസങ്ങളുടെയും കൊല്ലങ്ങളുടെയും ഗണങ്ങൾ ............ 250
36 'മാനം' എന്നപേരിൽ ഇന്ത്യയിൽ അറിയപ്പെടുന്ന കാലത്തിന്റെ നാലുതരം വിഭാഗങ്ങൾ ............................... 255
37 കൊല്ലങ്ങളുടെയും മാസങ്ങളുടെയും പേരുകൾ ............. 257
38 ബ്രഹ്മാവിന്റെ ആയുഷ്കാല സമാപ്തം വരെയുള്ള ദിവസങ്ങളുടെ ഘടിതം ........................................................ 260
39 ബ്രഹ്മാവിന്റെ ആയുസ്സിനേക്കാൾ ദീർഘമായ കാലഘട്ടങ്ങൾ ......................................................................... 262
40 സമയ വിഭാഗങ്ങൾ തമ്മിലുള്ള സന്ധി ............................ 265
41 കല്പം, ചതുർയുഗം എന്നിവയുടെ വിവരണവും അതിൽ ഒന്നിനെ മറ്റൊന്നുകൊണ്ട് നിർണ്ണയിക്കുന്ന വിധവും ............ 268
42 ചതുർയുഗത്തിന്റെ നാല് ഭാഗങ്ങളും അവയെ കുറിച്ചുള്ള വിവിധ അഭിപ്രായങ്ങളും ........................................ 271
43 നാല് യുഗങ്ങളുടെയും നാലാം യുഗത്തിന്റെ അന്ത്യത്തിൽ പ്രതീക്ഷിക്കാവുന്ന സംഭവ വികാസങ്ങളുടെയും വിവരണം .................................................................... 276
44 മന്വേന്ദ്രങ്ങൾ ........................................................................... 283
45 സ്പതർഷികളെ കുറിച്ചുള്ള വിവരണം ............................ 286
46 'നാരായണനും' അദ്ദേഹത്തിന്റെ നാമങ്ങളും, ഭിന്ന കാലങ്ങളിൽ അദ്ദേഹത്തിന്റെ ആഗമനവും ...................... 291
47 വാസുദേവനും ഭാരത യുദ്ധവും .......................................... 295
48 അക്ഷൗഹിണിയുടെ ക്രമവും വലിപ്പവും ......................... 301

49 ഇന്ത്യയുടെ ഇതിഹാസ കാലങ്ങൾ .................................. 303
50 കല്പത്തിലും ചതുർയുഗത്തിലുമുള്ള നക്ഷത്ര മണ്ഡലങ്ങൾ .................................................................. 312
51 ആദിമാസം, ഊനരാത്രി, അഹർഗണം, മുതലായ വ്യത്യസ്ത മാസങ്ങളും ദിവസങ്ങളും ................................ 317
52 അഹർഗണം-കൊല്ലങ്ങളും, മാസങ്ങളും, ദിവസങ്ങളായി പിരിക്കാനും ദിവസങ്ങളും മാസങ്ങളും കൊല്ലങ്ങളാക്കി മാറ്റാനുമുള്ള മാർഗ്ഗങ്ങൾ ........................................ 323
53 കൊല്ലങ്ങളെ ചില പ്രത്യേക സമയങ്ങളായി മാറ്റുന്ന മാർഗ്ഗങ്ങൾ ........................................................................ 337
54 ഗ്രഹങ്ങളുടെ മദ്ധ്യസ്ഥാന നിർണ്ണയം ................................ 345
55 ഗ്രഹങ്ങളുടെ ക്രമം, വലുപ്പം, അന്തരം ............................. 348
56 ചന്ദ്രന്റെ ഞാറ്റുവേലകൾ ..................................................... 363
57 സൂര്യരശ്മികളുടെ നക്ഷത്രങ്ങൾ പ്രത്യക്ഷപ്പെടുന്നതും അപ്പോൾ ഇന്ത്യക്കാർ നടത്തുന്ന ആചാരങ്ങളും കർമ്മങ്ങളും സംബന്ധിച്ച വിവരണം ................................ 371
58 വേലിയേറ്റവും ഇറക്കവും ..................................................... 379
59 സൂര്യഗ്രഹണവും ചന്ദ്രഗ്രഹണവും ...................................... 384
60 പാർവണം ............................................................................... 390
61 മതവിശ്വാസവും ജ്യോതിശാസ്ത്രവുമനുസരിച്ചു വിവിധ കാലഘട്ടങ്ങളുടെ പാലകന്മാരും അനുബന്ധ വിഷയങ്ങളും .............................................................................. 393
62 അറുപതാം സംവത്സരം അല്ലെങ്കിൽ ഷഷ്ട്യബ്ദം ........ 397
63 ബ്രാഹ്മണരുടെ പ്രത്യേകതകളും അവരുടെ കർത്തവ്യങ്ങളും .............................................................................. 401
64 ബ്രാഹ്മണരല്ലാത്ത ജാതികൾ ജീവിത കാലത്തു ചെയ്യേണ്ട ആചാരമുറകൾ ........................................................... 406
65 ബലികർമ്മങ്ങൾ ..................................................................... 409
66 തീർത്ഥാടനവും പുണ്യസ്ഥാന സന്ദർശനങ്ങളും ........... 412
67 ധർമ്മവും സ്വത്തു വിനിയോഗ ക്രമവും ........................... 417

68 അനുവദിക്കപ്പെട്ടതും വിലക്കപ്പെട്ടതുമായ ഭക്ഷണ പാനീയങ്ങൾ ............ 419

69 വിവാഹം, ആർത്തവം, പ്രസവം, ഗർഭപിണ്ഡം ............ 422

70 വ്യവഹാര നിയമങ്ങൾ ............ 425

71 ശിക്ഷകളും പ്രായ്ശ്ചിത്തങ്ങളും ............ 427

72 സ്വത്തുക്കളുടെ അനന്തരാവകാശവും അതിൽ മരിച്ചവർക്കുള്ള പങ്കും ............ 430

73 അനന്തരാവകാശികൾ മൃത ശരീരത്തിനു ചെയ്യേണ്ട ചില കടമകൾ: ശവ സംസ്കാരവും സതിയും ............ 432

74 വ്രതവും അതിന്റെ വകുപ്പുകളും ............ 436

75 വ്രതദിന നിർണ്ണയം ............ 439

76 ഉത്സവങ്ങൾ ............ 442

77 ശ്രേഷ്ഠ ദിവസങ്ങളും പുണ്യം നേടുന്നതിന് പറ്റിയതും അല്ലാത്തതുമായ കാലവും ............ 448

78 കരണങ്ങളുടെ വിവരം ............ 454

79 യോഗങ്ങളുടെ വിവരണം ............ 461

80 ഇന്ത്യക്കാക്കാരുടെ ജ്യോതിഷഗണനമാർഗ്ഗങ്ങളും ജ്യോതിശാസ്തസംബന്ധമായ ചില പ്രാഥമിക മൂലതത്വങ്ങളും ............ 466

# പ്രസാധകക്കുറിപ്പ്

നരവംശശാസ്ത്ര കുതുകിയായ ഒരു സാമൂഹികശാസ്ത്രജ്ഞൻ ഇന്ത്യയെയും ഇവിടത്തെ നിവാസികളെയും അടുത്തറിയാൻ ശ്രമിച്ച അശ്രാന്ത പരിശ്രമത്തിന്റെ നേർചിത്രമാണ് ഈ കൃതി. നിരൂപിക്കുകയല്ല, കൗതുകപൂർവം നിരീക്ഷിക്കുകയും പഠിക്കാൻ ശ്രമിക്കുകയും ആവുന്നത്ര ഉൾക്കൊള്ളാൻ ശ്രമിക്കുകയുമാണ് അദ്ദേഹം ചെയ്തത്. മാത്രമല്ല, താൻ കണ്ടുമുട്ടിയ ജനവുമായി അറിവും അനുഭവങ്ങളും പങ്കുവെക്കാനും അദ്ദേഹം നിസ്വാർഥമായി ശ്രമിച്ചതിന്റെ വെളിപ്പെടുത്തലുകൾ ഈ കൃതിയിലുണ്ട്. എന്നാൽ, ഇന്ത്യ അദ്ദേഹത്തിനു സമ്മാനിച്ചത് ഊഷ്മളമായ സ്വീകരണവും ആയാസരഹിതമായ സ്വാംശീകരണവുമല്ല; അടുക്കുന്തോറും അകലാൻ ശ്രമിക്കുന്ന ഒരു മായാ രൂപമായിരുന്നു. ഇന്ത്യൻ സംസ്കാരം ഒരു വടവൃക്ഷമല്ല, ചരിത്രപരമായ അടിവേരുകളോ നേരറിവുകളോ യുക്തിയോ പ്രമാണമോ തങ്ങൾ നെഞ്ചേറ്റിയ പുരാവൃത്തങ്ങളോളം വരില്ലെന്നു കരുതുന്ന തീർത്തും അധോമുഖമായ ഒരു ദർശനമായിരുന്നു. ഭാഷയും സംസ്കാരവും ആചാരവും ശാസ്ത്രവുമെല്ലാം ഇവ്വിധം പുരാവൃത്തങ്ങളോടും പുരാണ കഥാപാത്രങ്ങളോടും ഇതിവൃത്തങ്ങളോടും കെട്ടുപിണഞ്ഞുകിടക്കുന്ന ഒരു രാജ്യമോ സമൂഹമോ വേറെയില്ല.

ഇതിലെ പ്രതിപാദ്യങ്ങളുടെ വസ്തുതകൾക്കാണ്, അല്ലാതെ, സംസ്കൃതത്തിലോ പ്രാകൃതത്തിലോ അവ എങ്ങനെ ശബ്ദിക്കുമെന്നതിനല്ല അദ്ദേഹം ഊന്നൽ നല്കിയത്. അതുപോലെ, ഇതിൽ പറയുന്ന സ്ഥലനാമങ്ങളോ ചരിത്രസ്ഥലികളോ പ്രതീകങ്ങൾ പോലുമോ സിംഹഭാഗവും ഇന്നു നിലവിലില്ല. അതിനാൽ, അവയുടെ ശരിയായ ശബ്ദകോശം തേടിപ്പിടിക്കുക ക്ഷിപ്രസാധ്യവുമല്ല. ഇന്ത്യയെ സംബന്ധിച്ച് ഇത്രയും നിസ്വാർഥമായ വീക്ഷണകോണിലൂടെ ഇന്നോ ഇന്നലെയോ ഇതുപോലൊരു പഠനം വന്നിട്ടില്ല എന്നതിനാൽ ഈ കൃതിയുടെ പ്രമേയം ഇനിയും പഠനാർഹവും കാലികപ്രസക്തവുമാണെന്ന ഉത്തമ ബോധ്യത്തോടെ ഈ കൃതി മലയാള വായനാ സമൂഹത്തിനു സമർപ്പിക്കുന്നു.

**പ്രസാധകർ**

# അൽബിറൂനി

ഭൂമിശാസ്ത്രം, പ്രകൃതിശാസ്ത്രം, ജ്യോതിശാസ്ത്രം, ഗണിതശാസ്ത്രം, കർമ്മശാസ്ത്രം എന്നിവയിൽ വിദഗ്ധനും തത്വചിന്തകനും വൈദ്യപണ്ഡിതനും കവിയും ചരിത്രകാരനും സാഹിത്യനിപുണനുമായ 'അബൂറയ്ഹാൻ മുഹമ്മദ് ബ്നു അഹ്മദ് അൽ-ബറൂനി' ഉസ്ബസ്ക്കിസ്ഥാന്റെ തലസ്ഥാനമായ ഖീവാപട്ടണത്തിന്റെ അതിർത്തിക്കപ്പുറത്തു സ്ഥിതിചെയ്യുന്ന ഖവാറസ്മിൽ ക്രി:വ: 973-ൽ ജനിച്ചു. തലസ്ഥാന നഗരിയുടെ അതിർത്തിക്കു പുറത്ത് ജനിച്ചതുകൊണ്ട് 'വിദേശി' (നാട്ടുംപുറത്തുകാരൻ) എന്നൊരു നാമവും നടപ്പായി. ഇരുപത് വയസ്സ് പൂർത്തിയായപ്പോഴേക്കും മാനവികവിജ്ഞാനം, മതങ്ങളുടെ താരതമ്യപഠനം, ഭൂമിശാസ്ത്രം, ഗണിതം എന്നിവയിൽ അദ്ദേഹം നൈപുണ്യം നേടി. അക്കാലത്തെ സുപ്രസിദ്ധ പണ്ഡിതനും തത്വചിന്തകനുമായ 'അവിസന്ന' (ഇബ്നുസീന)യുമായി അൽ-ബിറൂനി പല വിഷയങ്ങളിലും എഴുത്തുകുത്തുകൾ നടത്തുകയുണ്ടായി. പ്രഥമമായി പൗരാണിക സമുദായങ്ങൾ കണക്കാക്കി പോന്ന വർഷങ്ങളുടെയും ഉത്സവങ്ങളുടെയും വിവരണവും അന്നുണ്ടായവയുമായി അവയുടെ താരതമ്യ പഠനവും ഉൾക്കൊള്ളുന്ന ഒരു പുസ്തകം അദ്ദേഹം എഴുതി.

11-ാം നൂറ്റാണ്ടിൽ ഖീവായിൽ പൊട്ടിപ്പുറപ്പെട്ട ഒരു രാഷ്ട്രീയ വിപ്ലവത്തെ തുടർന്ന് അൽ-ബിറൂനി സ്വദേശം വിട്ടു. പഠിക്കുകയും ലോകസഞ്ചാരം നടത്തുകയും ചെയ്യണമെന്ന ദൃഢനിശ്ചയം അദ്ദേഹത്തെ സ്ഥിരോത്സാഹിയും ഗവേഷകനുമാക്കി. ഒരു ചരിത്രകാരനു ഭൂമിശാസ്ത്രത്തെ സംബന്ധിച്ചു നല്ല പരിജ്ഞാനമുണ്ടായിരിക്കണമെന്നും ഭൂമിശാസ്ത്രകാരന്മാർക്കു മാത്രമേ ചരിത്ര ഗവേഷണത്തെ വിജയിപ്പിക്കാൻ സാധിക്കുകയുള്ളൂ എന്നും അൽ-ബിറൂനി ദൃഢമായി വിശ്വസിച്ചിരുന്നു. അബ്ബാസിയ്യഃ ഭരണാധികാരികൾ ഏഷ്യാപര്യാടനത്തിനായി ഒരു പണ്ഡിതസംഘത്തെ നിയോഗിക്കുകയും തത്ഫലമായി ഒരു ലോകചരിത്ര ഗ്രന്ഥം രൂപകൊള്ളുകയും ചെയ്തുവത്രെ. 'അൽ-ബിറൂനി' അക്കാലത്തെ ചരിത്രകലയുടെ ഉപജ്ഞാതാവായിരുന്നു.

പേർഷ്യൻ സാംസ്കാരിക മൂല്യങ്ങളെ വിദേശങ്ങളിൽ പ്രചരിപ്പിക്കാൻ അദ്ദേഹം നിരന്തരം പരിശ്രമിച്ചുകൊണ്ടിരുന്നു.

'ജർജാനി'ൽ താമസിക്കുന്ന കാലത്ത് അദ്ദേഹം 'ഗ്രീക്ക്' ഭാഷ അഭ്യസിച്ചു. ഗണിതശാസ്ത്രം, രാഷ്ട്രമീമാംസ, കാലഗണനാമാർഗ്ഗം, ഊർജ്ജതന്ത്രം, രസതന്ത്രം, ചരിത്രഗവേഷണം എന്നിവയിലെല്ലാം അഗാധപാണ്ഡിത്യം നേടാൻ ഗ്രീക്ക് ഭാഷാജ്ഞാനം അദ്ദേഹത്തെ കൂടുതൽ സഹായിച്ചു. പ്രാമാണികങ്ങളായ പല ഗ്രീക്ക് ഗ്രന്ഥങ്ങളും അദ്ദേഹം പരിഭാഷപ്പെടുത്തി. 'ഗസ്ന'യിൽ താമസിച്ച കാലത്ത് അൽ-ബിറൂനി ബ്രാഹ്മണ പണ്ഡിതന്മാരിൽനിന്നു സംസ്കൃതം പഠിച്ചു. ഭാരതത്തിലെ വേദങ്ങളുടെയും പുരാണങ്ങളുടെയും അഗാധതയിലേക്ക് പണ്ഡിതനായ അദ്ദേഹത്തിന് ഇറങ്ങിച്ചെല്ലാൻ സാധിച്ചു. 'ഗസ്ന'യിലെ അധിവാസ കാലത്താണ് ഒരു അഖില ഭാരതപര്യാടനത്തിന് അൽ-ബിറൂനി ഒരുങ്ങിയത്. ആദ്യമായി പണ്ഡിതശ്രേഷ്ഠന്മാരുടെ ആശാകേന്ദ്രമായ 'മുൽത്താൻ' പട്ടണത്തിൽ അദ്ദേഹം ചെന്നെത്തി. സുൽത്താൻ മഹ്മൂദിന്റെയും ചില യാഥാസ്ഥിക പണ്ഡിതന്മാരുടെയും എതിർപ്പുകളും ഇന്ത്യാ യാത്രയിൽ വന്ന പല ബുദ്ധിമുട്ടുകളും തരണം ചെയ്ത് അദ്ദേഹം ഭാരതീയ കലകളും ശാസ്ത്രങ്ങളും പഠിച്ചു. അതിന്റെ ഫലമായി ഇന്ത്യയിലെ മതങ്ങൾ, ശാസ്ത്രങ്ങൾ, ഭാഷ, സാഹിത്യം, വൈദ്യം, ആചാരമുറകൾ എന്നിവയെ സംബന്ധിച്ചു വിജ്ഞേയങ്ങളായ വിവരങ്ങൾ ലോക ചരിത്രത്തിനു ലഭിച്ചിട്ടുണ്ട്.

കാശ്മീരിൽ സഞ്ചരിക്കുന്ന കാലത്ത് തിബത്തുകാരുടെ ആചാരങ്ങളും സ്വഭാവങ്ങളും പഠിക്കുകയും ആ വിഷയത്തിലൊരു ഗ്രന്ഥം രചിക്കുകയും ചെയ്തു. വടക്കെ ഇന്ത്യയിലെ ഉജ്ജൈനി നഗരമാണ് അൽ-ബിറൂനിയെ ഏറെ ആകർഷിച്ചത്. ഇന്ത്യാപര്യാടനത്തിനു പതിമൂന്ന് വർഷം അദ്ദേഹം ചെലവഴിച്ചു. അൽ-ബിറൂനിയുടെ ഇന്ത്യാസന്ദർശനത്തെ സംബന്ധിച്ച് അഭിപ്രായ വ്യത്യാസങ്ങളുണ്ട്. 'ഫിനീഷ്യ'ക്കാരുടെ ചരിത്രഗ്രന്ഥത്തിൽ അൽ-ബിറൂനിയുടെ ഇന്ത്യാസന്ദർശനം എ.ഡി 1017-1037 കാലത്താണെന്നു കാണുന്നു. പ്രയാഗിൽ 1018-1019-ൽ ഒരു ലോകബുദ്ധമത സമ്മേളനം നടന്നതായും അതിൽ അൽ-ബിറൂനി സന്നിഹിതനായതായും ബുദ്ധമതത്തെ പറ്റി ബഞ്ചമിൻ എഴുതിയ ഗ്രന്ഥത്തിൽ പറയുന്നു. അതുപോലെ, 1023-ൽ അൽ-ബിറൂനി മധുര സന്ദർശിച്ചപ്പോൾ ഒരു പാണ്ഡ്യരാജാവ് വിലപിടിച്ച രത്നങ്ങൾ അദ്ദേഹത്തിനു സമ്മാനിച്ചതായും 1025-ൽ അദ്ദേഹം കേരള സന്ദർശനത്തിനായി നാഗപട്ടണത്തുനിന്നു പുറപ്പെട്ടതായും ചരിത്രരേഖകൾ തെളിയിക്കുന്നു. കേരളത്തിൽ അദ്ദേഹം ഒരു വർഷവും ഏഴ് മാസവും താമസിച്ച ശേഷം സിന്ധിലേക്കു മടങ്ങുകയും ചൈനയിലേക്കുള്ള യാത്രാമദ്ധ്യേ വീണ്ടും കേരളത്തിൽ വന്നു കുറച്ചു ദിവസം കോഴിക്കോട്ട് താമസിക്കുകയും

ചെയ്തതായി ചരിത്രകാരന്മാർ പറയുന്നുണ്ട്.

മലബാറിന്റെ വ്യാപാരകീർത്തി വിദേശങ്ങളിൽ അലയടിച്ചിരുന്ന 11-ാം നൂറ്റാണ്ടിലാണല്ലോ അൽ-ബിറൂനിയുടെ കേരളസന്ദർശനം. 'കേരള'ത്തിലെ അഞ്ച് മുഖ്യ പട്ടണങ്ങളിൽ താമസിക്കുകയും ഏഴ് രാജാക്കന്മാരുമായി സംഭാഷണം നടത്തുകയും ചെയ്തു. കൊല്ലം രാജാവും കോഴിക്കോട് രാജാവും വിലപിടിച്ച പല സമ്മാനങ്ങളും അദ്ദേഹത്തിനു നല്കി. കേരളത്തിലെ കൃഷിസമ്പ്രദായത്തെയും വ്യവസായത്തെയും പറ്റി അൽ-ബിറൂനി സസൂക്ഷ്മം പഠിക്കുകയും തന്റെ സഞ്ചാരക്കുറിപ്പുകളിൽ അതു രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൊല്ലത്തും ചാലിയത്തും അറബി വൈദ്യപണ്ഡിതന്മാർ ചികിത്സാകേന്ദ്രങ്ങൾ തുറക്കുകയും അറബി വൈദ്യസമ്പ്രദായം കേരളീയരെ പഠിപ്പിക്കുകയും കേരളത്തിൽ പ്രചാരത്തിലുണ്ടായിരുന്ന വൈദ്യസമ്പ്രദായങ്ങൾ അവർ പഠിക്കുകയും ചെയ്തിരുന്നുവെന്നും അദ്ദേഹം പറയുന്നു. കേരളത്തിലെ വ്യവസായ പ്രമുഖന്മാരിൽ പലർക്കും മൂന്ന്-നാല് ഭാഷകളറിയാമായിരുന്നുവെന്നും പല വിദേശ ഭാഷാപദങ്ങളും അവരുടെ ഭാഷയിൽ ഉപയോഗിച്ചിരുന്നുവെന്നും അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. ഭിന്ന വിശ്വാസികളും വിവിധാചാരാവലംബികളും ഐക്യത്തിലും സമാധാനത്തിലും ജീവിക്കുന്നതായാണ് കേരളത്തിൽ താൻ കണ്ടതെന്നും മലബാറിലെ ചില ഭാഗങ്ങളിൽ അറബി കോളനികൾ ഉണ്ടായിരുന്നുവെന്നും അറബി വ്യാപാരികളെ തദ്ദേശ ഭരണാധികാരികൾ വിശ്വസിക്കുകയും അവരെ സഹായിക്കുകയും ചെയ്തിരുന്നുവെന്നും അൽ-ബിറൂനി വിവരിക്കുന്നു.

പല വിഷയങ്ങളിലായി 180-ൽ പരം ഗ്രന്ഥങ്ങൾ അൽ-ബിറൂനി രചിച്ചിട്ടുണ്ട്. അവയിലെ ഉള്ളടക്കവും നിർദ്ദിഷ്ട സ്ഥലങ്ങളും വിവരിക്കുന്ന ഒരു ഗ്രന്ഥം 1995-ൽ ഫ്രഞ്ച്ഭാഷയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1048-ൽ ചരമമടഞ്ഞ അൽബിറൂനിയുടെ ആയിരാം ജന്മവാർഷികം പ്രമാണിച്ചു റഷ്യയിലെ 'സയൻസ് അക്കാദമി'യുടെ മേൽനോട്ടത്തിൽ 'അൽ-ബിറൂനി' എന്ന പേരിലൊരു പുസ്തകം 1950-ൽ 'മോസ്കോ'വിലും 'ലെനിൻഗ്രാഡി'ലും പ്രസിദ്ധീകരിച്ചു. അതുപോലെത്തന്നെ 'അൽ-ബിറൂനി അനുസ്മരണ വാല്യം' എന്ന പേരിലൊരു പുസ്തകം 1951-ൽ 'കൽകത്ത'യിലും പ്രസിദ്ധപ്പെടുത്തി, ഫ്രഞ്ച്, ഇറ്റാലിയൻ, ഉർദു എന്നീ ഭാഷകളിൽ വിവർത്തനങ്ങൾ വന്ന പ്രസ്തുത ഗ്രന്ഥത്തിൽ ശാസ്ത്രലോകത്തിന് അൽ-ബിറൂനി നല്കിയ സംഭാവനകളും അദ്ദേഹത്തിന്റെ ജീവചരിത്ര സംക്ഷേപവും ശാസ്ത്രലോകത്ത് അദ്ദേഹത്തിനുള്ള സ്ഥാനവും വിവരിച്ചിട്ടുണ്ട്.

ഭാരതീയ സംസ്കാരത്തിന്റെ ഏറ്റവും വലിയ സന്ദേശവാഹകനായാണ് അൽ-ബിറൂനി സ്വദേശത്തേക്കു മടങ്ങിയതെന്ന് അദ്ദേഹത്തിന്റെ ജീവചരിത്രകാരനായ 'ജോർജ്ജ് സാൾട്ടർ' പറയുന്നു. ഇന്ത്യയുടെ ചരി

ത്രത്തിലേക്കും സംസ്കാരത്തിലേക്കും ഒരു നിഷ്പക്ഷവാദിയുടെ നിലയിൽ അദ്ദേഹം ചുഴിഞ്ഞുനോക്കിയിട്ടുണ്ട്. ഇന്ത്യൻ പുരാണങ്ങളും വൈദ്യഗ്രന്ഥങ്ങളും അദ്ദേഹം അറബിയിലേക്കു പരിഭാഷപ്പെടുത്തി. 'തിബത്തി'നെ സംബന്ധിച്ചും കാശ്മീരിനെ സംബന്ധിച്ചും പ്രത്യേകം പുസ്തകങ്ങളെഴുതി. ഇന്ത്യൻ സാംസ്കാരിക പഠനത്തിൽ വലിയ പ്രാധാന്യവും ലോക ചരിത്രകാരന്മാർക്കിടയിൽ, വിശിഷ്യാ അറബ് ലോക ചരിത്രകാരന്മാർക്കിടയിൽ, പ്രചാരവുമുള്ള ചരിത്ര ഗ്രന്ഥമാണ് അൽ-ബിറൂനിയുടെ 'കിതാബുൽ ഹിന്ദ്' (അൽ-ബിറൂനി കണ്ട ഇന്ത്യ). പ്രാചീന ഇന്ത്യയുടെ, പ്രത്യേകിച്ചു 11-ാം നൂറ്റാണ്ടിലെ ഇന്ത്യയുടെ ഒരു സമ്പൂർണ ചിത്രമാണ് അദ്ദേഹം ഈ ഗ്രന്ഥത്തിലൂടെ നമ്മുടെ മുമ്പിൽ വെക്കുന്നത്.

**ഡോ. മുഹ്‌യുദ്ദീൻ ആലുവായ്**

ബുദ്ധിക്ക് സ്വീകാര്യമായവയും അല്ലാത്തവയുമായ
ഇന്ത്യക്കാരുടെ അഭിപ്രായങ്ങളെ വിശകലനം ചെയ്ത്
'അബൂ റയ്ഹാൻ മുഹമ്മദ് ബിൻ അഹമ്മദ്
അൽ-ബിറൂനി എഴുതിയ ഗ്രന്ഥം

# ഒന്നാം ഭാഗം

# പ്രസ്താവന

'കേൾവി കാഴ്ചപോലെ അല്ല' എന്ന പഴമൊഴി എത്ര പരമാർത്ഥം. സ്ഥല-കാലങ്ങൾക്കു വിധേയമായ ദൃശ്യം ദൃഷ്ടിഗോചരമാകുന്നതാണ് കാഴ്ച. കാഴ്ചക്ക് കാണുന്ന സമയവുമായി മാത്രമേ ബന്ധമുള്ളൂ. കേൾവിയാണെങ്കിൽ വർത്തമാന-ഭൂതകാലങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. ഉള്ളതും ഇല്ലാത്തതും അതിൽ അന്തർലീനമായിരിക്കുന്നു. അതിന്റെ വകഭേദങ്ങളിലൊന്നാണ് വരമൊഴി. തൂലികയുടെ ശാശ്വതങ്ങളും അക്ഷയങ്ങളുമായ ആവിഷ്കരണങ്ങളിലാണ് മാനവിക സമുദായത്തിന്റെയും നാഗരികതയുടെയും ജീവത്തായ കഥ വിലയം കൊള്ളുന്നത്.

ഇഷ്ടാനിഷ്ടങ്ങൾ, ഭിന്നാഭിരുചികൾ സ്വാർത്ഥതാല്പര്യങ്ങൾ, ചിത്തവൃത്തിപരമായ വൈജാത്യങ്ങൾ എന്നിവ പ്രമാദ ജടിലമാക്കാൻ സാദ്ധ്യതയുള്ള ഒന്നാണ് വരമൊഴി. സ്വന്തം വംശമാഹാത്മ്യം സ്ഥാപിക്കാൻ വേണ്ടി തങ്ങൾ ഉൾപ്പെടുന്ന വർഗ്ഗത്തെ പറ്റി സ്തുതിഗീതം പാടുന്നവരും അസത്യങ്ങൾ പറയുന്നവരും ലക്ഷ്യപ്രാപ്തി കൈവരാത്തതു കാരണം അവയെ അഭിശപിക്കുന്നവരും അപൂർവ്വമല്ല. സ്വാർത്ഥത, വിജയമോഹം, എന്നിവയാണ് ഇവിടെ പ്രേരകശക്തികളായി വർത്തിക്കുന്നത്. നിസ്സാരകാര്യങ്ങൾക്കു കളവു പറയുന്നവരാണ് ചിലർ. മറ്റുചിലർ നാശത്തിൽനിന്നും വിഷമസന്ധികളിൽനിന്നും രക്ഷപ്രാപിക്കുന്നതിനു വേണ്ടി കളവു പറയുന്നു. ദുഷിച്ച സാഹചര്യങ്ങളുടെയും അനാശാസ്യപ്രേരണകളുടെയും പിടിയിലമർന്നു കളവു പറച്ചിൽ സ്വഭാവത്തിന്റെ തന്നെ ഒരംശമാക്കുന്നവരുമുണ്ട്. ചിലർ ബോധപൂർവ്വമല്ലാതെ തന്നെ കള്ളവാർത്തകൾ പ്രചരിപ്പിക്കുന്നു. പറയുന്ന ആളുകളെ അപ്പാടെ വിശ്വസിക്കുന്നതുകൊണ്ടാണ് ഇതു സംഭവിക്കുക. ആദ്യം പറയുന്ന ആളിന്റെയും ശ്രോതാവിന്റെയും ഇടയ്ക്ക് നിൽക്കുന്ന മധ്യവർത്തിയാണ് ഈ പ്രചാരകൻ. ഈ മധ്യവർത്തികളെ ഉച്ചാടനം ചെയ്യാൻ കഴിഞ്ഞാൽ കളവിന്റെ മൂലശില്പി മാത്രമേ അവശേഷിക്കുകയുള്ളൂ.

ഉത്തമ വ്യക്തിയാണ് സത്യനിഷ്ഠയുള്ള മനുഷ്യൻ. കളവു പറയുന്നവൻ കൂടി അവനെ ബഹുമാനിക്കുന്നുണ്ട്. പറയുന്നവനു ദോഷമാ

ണെങ്കിലും സത്യമേ പറയാവൂ എന്നാണല്ലോ പ്രമാണം. ബൈബിളിൽ ശ്രീ യേശുക്രിസ്തു പറഞ്ഞത് ഇവിടെ പ്രസക്തമാണ്.

"രാജാക്കന്മാരുടെ വിരോധം ഭയന്ന് അവരുടെ മുമ്പിൽ സത്യം പറയാതിരിക്കരുത്. കാരണം, അവർക്ക് നിങ്ങളുടെ നശ്വരമായ ശരീരത്തെ സ്പർശിക്കാനേ കഴിയൂ. ആത്മാവിന്റെ മേൽ അവർക്ക് യാതൊരു അധികാരവും ചെലുത്താൻ സാധ്യമല്ല." സത്യത്തെ മുറുകെ പിടിക്കുന്നതിനു വിപദിധൈര്യം അവലംബിക്കാനുള്ള കല്പനയാണിത്.

മരണത്തെ വിഗണിച്ചു രണാങ്കണത്തിലേക്കു പാഞ്ഞുചെല്ലുന്നവരെയും, മുമ്പും പിൻപും നോക്കാതെ വീരസാഹസിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെയും ധീരോദാത്തന്മാരെന്നു പൊതുജനങ്ങൾ കൊട്ടിഘോഷിക്കുന്നു. ധീരതയുടെ ഒരു വകഭേദമാവാം ഇത്. എന്നാൽ, പൊതുവേ പറഞ്ഞാൽ മരണത്തെ അവഗണിക്കുന്നതിലാണ് ധീരത. ഈ വിഗണന വാക്കുകൊണ്ടായാലും പ്രവർത്തികൊണ്ടായാലും ധീരത തന്നെയാണ്. നീതിയെ പോലെ പ്രകൃത്യാ അഭിലഷണീയവും സംതൃപ്തിജനകവുമാണ് സത്യം. അതിന്റെ മാധുര്യം അനുഭവിക്കാൻ കഴിയാത്തവനും സത്യമാണെന്ന് അറിയമായിരുന്നിട്ടും അതിൽനിന്ന് ഒഴിഞ്ഞുമാറുന്നവനും അതിന്റെ വൈശിഷ്ട്യം ഗ്രഹിക്കുക സാധ്യമല്ല. ഉദാഹരണത്തിന്, കളവു പറയുന്നതിൽ കുപ്രസിദ്ധി നേടിയ ഒരാളോട് അയാൾ ഒരിക്കലെങ്കിലും സത്യം പറഞ്ഞിട്ടുണ്ടോ എന്നു ചോദിച്ചാൽ സത്യം പറയുന്നതിനെ ഭയപ്പെടുന്നില്ലെങ്കിൽ ഇല്ല എന്നു താൻ പറയുമായിരുന്നു എന്നാവും ഉത്തരം. കാരണം, നീതി കൈവെടിഞ്ഞ ആൾ കള്ളസാക്ഷി പറയലും വിശ്വാസ വഞ്ചനയും ഇഷ്ടപ്പെടുന്നവനാണ്. കുതന്ത്രങ്ങളും ചതിയും വഴി പരസ്വത്ത് അപഹരിക്കാനും ലോകർക്കും ലോകത്തിനും നാശം ചെയ്യാനും അയാൾ മടിക്കില്ല.

തന്റെ ഗ്രന്ഥത്തിൽ 'മുഅ്തസിലി'കളെ കുറിച്ച് ആക്ഷേപിച്ച് എഴുതിയ ഒരാളെ വിമർശിച്ച് 'അൽ ഉസ്താദ് അബൂ സഹ്ൽ അത്തിഫ്ലീസി' എന്നോട് സംസാരിക്കുകയുണ്ടായി. മനുഷ്യരെപ്പോലെ അറിയാനുള്ള മാർഗ്ഗങ്ങളോ അവയവങ്ങളോ ഇല്ലെങ്കിലും 'അല്ലാഹു സ്വയം അറിയുന്നവനാണ്' എന്ന അവരുടെ വാദത്തെയാണ് അയാൾ പരിഹസിച്ചത്. ആ ഗ്രന്ഥകാരൻ ഇങ്ങനെ പറയുന്നു:

"അവർ പറയുകയാണ് അല്ലാഹുവിന് അറിവില്ല എന്ന്." ഗ്രന്ഥകാരൻ അവരുടെ വാദത്തെ ഇങ്ങനെ ദുർവ്യാഖ്യാനം ചെയ്തത്, അല്ലാഹുവിന് അറിവില്ലെന്ന് അവർ പറയുന്നതായി സാധാരണക്കാരെ തെറ്റിദ്ധരിപ്പിക്കാനാണ്. "അൽ ഉസ്താദ്," ഞാൻ പറഞ്ഞു: "ഇത് എതിരാളികളെയും അഭിപ്രായ ഭിന്നതയുള്ളവരെയും കുറിച്ചു പ്രതിപാദിക്കുമ്പോൾ മിക്കവാറും അവലംബിക്കാറുള്ള ഒരു മാർഗമാണ്. ഒരേ മതത്തിന്റെ അവാന്തര വിഭാഗങ്ങളെ കുറിച്ചു പ്രതിപാദിക്കുമ്പോൾ ഈ

ദുസ്സ്വഭാവം കൂടുതൽ പ്രകടമാവും. അവ തമ്മിലുള്ള സാദൃശ്യം തന്നെയാണ് ഇതിനു കാരണം. അന്യമതങ്ങളെ കുറിച്ച്, പ്രത്യേകിച്ചും മൗലികമായും ശാഖാപരമായും ബന്ധമില്ലാത്ത ഭിന്നമതങ്ങളെ കുറിച്ചു പ്രതിപാദിക്കുമ്പോൾ ഈ പ്രവണത പ്രകടമായിരിക്കുകയില്ല. പരസ്പരബന്ധമില്ലായ്മയും സാരംശം ഉൾകൊള്ളാനുള്ള പ്രയാസവുമാണ് അതിനു കാരണം."

മതങ്ങളെ കുറിച്ചും തത്വസംഹിതകളെ കുറിച്ചും നമുക്കു കിട്ടിയ പുസ്തകങ്ങൾ ഇത്തരത്തിൽ പെട്ടവയാണ്. ഇവയുടെ സാരാംശം ഗ്രഹിക്കുക ക്ഷിപ്രസാദ്ധ്യമല്ല. വല്ലതും ധരിച്ചുവെച്ചാൽ പരിണതപ്രജ്ഞരായ പണ്ഡിതന്മാരുടെ അവഹേളനത്തിനു തന്നെ ഇടയാകും. മാത്രമല്ല, ശ്രേഷ്ഠന്മാരല്ലാത്തവരെ തർക്കങ്ങളിലേക്കു നയിക്കുകയും ചെയ്യും. കാര്യബോധമുള്ളവർ ഇത്തരം ഗ്രന്ഥങ്ങളെ കെട്ടുകഥകളുടെ സമാഹാരമായേ പരിഗണിക്കൂ. അവർ അവയെ വിശ്വസിക്കുകയോ ആദരിക്കുകയോ ചെയ്യുകയില്ല. ഭാരതീയരുടെ മതങ്ങൾക്കും തത്വസംഹിതകൾക്കും ഇത്തരം അപകർഷം സംഭവിച്ചിട്ടുണ്ട്. ഇവയിൽ മിക്കവയും ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പുസ്തകങ്ങളിൽനിന്നു പകർത്തി എഴുതിയ ഇവയിൽ പലതിലും പ്രമാദങ്ങൾ കടന്നുകൂടിയിട്ടുണ്ട്. ഈ വസ്തുത ഞാൻ ചൂണ്ടിക്കാണിച്ചതാണ്. സ്ഥാപിത താല്പര്യങ്ങളൊന്നും കൂടാതെ നിഷ്പക്ഷ ബുദ്ധിയോടെ ഗ്രന്ഥരചന നടത്തിയ ഏക ഗ്രന്ഥകാരൻ 'അബുൽ അബ്ബാസ് അൽ ഈറാൻശഹ്‌രി' മാത്രമാണ്. എല്ലാ മതങ്ങളെക്കുറിച്ചും അദ്ദേഹം എഴുതിയിട്ടില്ല. ജൂതന്മാർ, ക്രിസ്ത്യാനികൾ എന്നിവരെക്കുറിച്ചും പഴയനിയമത്തിന്റെയും പുതിയ നിയമത്തിന്റെയും ഉള്ളടക്കത്തെക്കുറിച്ചും അദ്ദേഹം ഭംഗിയായി എഴുതിയിട്ടുണ്ട്. 'മാനവി' മതത്തെക്കുറിച്ചും അവരുടെ ഗ്രന്ഥങ്ങളിൽ കാലംചെന്ന മതങ്ങളെ സംബന്ധിച്ചു പ്രതിപാദിച്ചതിനെ കുറിച്ചും രേഖപ്പെടുത്താൻ അദ്ദേഹം വിട്ടുപോയില്ല. എന്നാൽ, ഇന്ത്യയിലെ വിവിധ കക്ഷികളെയും സമിതികളെയും കുറിച്ചു പ്രസ്താവിക്കുന്നിടത്ത് അദ്ദേഹം ലക്ഷ്യത്തിൽനിന്നു ബഹുദൂരം അകന്നുപോയി. ഒടുവിൽ അദ്ദേഹം സർഖാന്റെ പുസ്തകം പ്രമാണമാക്കുകയും അതു പകർത്തുകയും ചെയ്തു. ഈ ഗ്രന്ഥത്തിൽനിന്നു പകർത്തിയിട്ടില്ലാത്ത കാര്യങ്ങൾ ചില പ്രത്യേക കക്ഷികളിൽ പെട്ടവരിൽനിന്ന് അദ്ദേഹം കേട്ടറിഞ്ഞവയാണെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു. അൽഉസ്താദ് പുസ്തകങ്ങൾ സശ്രദ്ധം ആവർത്തിച്ചു പരിശോധിച്ചപ്പോൾ പുസ്തകങ്ങളുടെ നില മുമ്പു സൂചിപ്പിച്ചതുപോലെയാണെന്ന് അദ്ദേഹത്തിനു ബോധ്യം വന്നിരിക്കണം. ഭാരതീയരെ സംബന്ധിച്ചു ഞാൻ നേടിയ അറിവ് രേഖപ്പെടുത്താൻ അദ്ദേഹം എന്നെ പ്രേരിപ്പിച്ചു. ഇതു ചെയ്യുന്ന പക്ഷം അത് അവരെ എതിർക്കുന്നവർക്ക് സഹായവും അവരോട് യോജിക്കുന്നവർക്ക് അമൂല്യ നിധിയും

ആവുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ശത്രുവിന്റെ തോൽവി ലക്ഷ്യമാക്കാതെയും ശത്രുവിന്റെ പ്രസ്താവ്യങ്ങൾ ദുർവ്യാഖ്യാനിക്കാതെയും-അതു സത്യവിരുദ്ധമായാൽ പോലും-ഗ്രന്ഥരചന നിർവ്വഹിക്കണമെന്നാണ് അദ്ദേഹം അഭിപ്രായപ്പെട്ടത്. അതു തന്നെയാണ് ഞാൻ ചെയ്തത്. ഏതെങ്കിലും ഒരാശയത്തെ ഖണ്ഡിക്കുകയല്ല എന്റെ ലക്ഷ്യം. അതുകൊണ്ട് ഞാനതിൽ എതിരാളികളുടെ വാദമുഖങ്ങളും അവ ഖണ്ഡിക്കുന്നതിനുള്ള രേഖകളും കൊണ്ടുവന്നിട്ടില്ല. ഭാരതീയരുടെ നില യഥാർത്ഥമായി പ്രതിപാദിക്കുകയാണ് എന്റെ ലക്ഷ്യം. അതോടൊപ്പം അവരുടെ ചരിത്രവുമായി ബന്ധപ്പെട്ട ഗ്രീക്കുകാരുടെ കാര്യവും ഞാൻ വിവരിക്കുന്നതാണ്. ഗ്രീക്ക് തത്വചിന്തകന്മാർ യാഥാർത്ഥ്യവുമായി കൂടുതൽ അടുക്കാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും സാധാരണക്കാരെ സംബന്ധിച്ച പ്രശ്നങ്ങളിൽ കക്ഷിത്വപരിഗണനകൾക്കും 'ഇരട്ടത്താപ്പ്'നയങ്ങൾക്കും അതീതരായി വർത്തിക്കാൻ അവർക്കു കഴിഞ്ഞിട്ടില്ല. അവരുടെ ആശയങ്ങളും വാദഗതികളും പ്രതിപാദിക്കുമ്പോൾ സൂഫികളുടെയും ചില ക്രിസ്ത്യൻ വിഭാഗക്കാരുടെയും ആശയങ്ങളല്ലാതെ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നില്ല. 'ത്രിത്വം,' അവതാരവാദം തുടങ്ങിയ വിഷയങ്ങളിൽ അവർക്കുള്ള അടുപ്പമാണതിനു കാരണം. രണ്ട് കൃതികൾ ഞാൻ അറബിയിലേക്കു പരിഭാഷപ്പെടുത്തിയിട്ടുണ്ട്. വസ്തുക്കളുടെ ഗുണങ്ങളെയും കാര്യകാരണങ്ങളെയും വിവരിക്കുന്ന 'സാംഖ്യം' ആണ് അവയിലൊന്ന്. ആത്മാവിനെ പഞ്ചഭൂതാത്മകമായ ശരീരത്തിൽനിന്നു വേർപെടുത്തി ശുദ്ധീകരിക്കുന്നതിനെ സംബന്ധിച്ചാണ് 'പതഞ്ജലി' പ്രതിപാദിച്ചത്. അവരുടെ വിശ്വാസങ്ങൾക്ക് ആധാരമായ അടിസ്ഥാന കാര്യങ്ങൾ ഒട്ടുമുക്കാലും ഇവ രണ്ടിലുമുണ്ട്. എന്നാൽ, അവരുടെ മതങ്ങളുടെ വിവിധ ശാഖകളെ പറ്റി ഈ പുസ്തകം ആദ്യം പറഞ്ഞ രണ്ട് പുസ്തകങ്ങളുടെയും പ്രയോജനം ചെയ്യുമെന്നും നമ്മുടെ ലക്ഷ്യം പൂർണമായും നിറവേറ്റാനുപകരിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു.

അധ്യായം 1

# ഭാരതീയരെ കുറിച്ചു പ്രതിപാദിക്കുന്നതിനു വിഘാതമായിനിൽക്കുന്ന കാര്യങ്ങൾ നമുക്കു പരിശോധിക്കാം

അടുത്തുചെന്നു നോക്കുമ്പോൾ വ്യക്തമായി കാണുന്ന കാര്യങ്ങൾ അകലുംതോറും അവ്യക്തമായി പ്രത്യക്ഷപ്പെടുക സ്വാഭാവികം മാത്രമാണ്. ഭാരതീയർക്കും നമുക്കുമിടയിലെ അകൽച്ചയ്ക്ക് പല കാരണങ്ങളുണ്ട്. ആ ജനസഞ്ചയം യോജിക്കുന്ന വിഷയങ്ങളിലെല്ലാം നാം അവരുമായി വിയോജിക്കുന്നു.

## 1. ഭാഷയാണ് ഇതിൽ ഏറ്റവും പ്രധാനം

ഭാരതീയരും നാമുമായുള്ള ഭാഷാപരമായ വ്യത്യാസം ഇല്ലാതാക്കുക സുഗമമല്ല. അറബിഭാഷയെപ്പോലെ അതിവിശാലവും ഗഹനവുമാണ് ഭാരതീയരുടെ ഭാഷയും. ഭാരതീയരുടെ ഭാഷയിൽ ഒരു വസ്തുവിനു തന്നെ പരസ്പര സാദൃശ്യമുള്ളതും പരസ്പര ബന്ധമില്ലാത്തതുമായ നിരവധി നാമധേയങ്ങൾ സാധാരണയാണ്. ഈ ഭിന്ന നാമധേയങ്ങൾ വസ്തുവിന്റെ ഭിന്ന ഗുണങ്ങളെയും ഭാവങ്ങളെയും ആകും കുറിക്കുന്നത്. ആ ഗുണങ്ങൾ പൂർണമായും ഭാഗികമായും മനസ്സിലാക്കുന്നതിനു വാചകത്തിന്റെ ഘടനയും കാലവും മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഇതൊരു അപകർഷമാണെങ്കിലും അഭിമാനകരമായ സവിശേഷമായാണ് അവർ പരിഗണിക്കുന്നത്. നിത്യജീവിതത്തിൽ സാധാരണക്കാർ വ്യവഹാരം നടത്തുന്ന നാടൻ ഭാഷ, പ്രഗത്ഭരായ പണ്ഡിതന്മാരും സാഹിത്യകാരന്മാരും കൈകാര്യം ചെയ്യുന്ന പ്രൗഢ ഭാഷ എന്നിങ്ങനെ രണ്ട് വിഭാഗങ്ങളുണ്ട് അതിന്. വ്യാകരണബഹുലമാണ് പ്രൗഢഭാഷ. ഈ ഭാഷയുടെ അക്ഷരമാല അറബി, പേർഷ്യൻ എന്നീ ഭാഷകളുടെ അക്ഷരമാലകളിൽനിന്നു തികച്ചും വ്യത്യസ്തമാണുതാനും. ചില അക്ഷരങ്ങൾ ശരിയായി ഉച്ചരിക്കാനോ സ്പഷ്ടമായി കേൾക്കാനോ വ്യക്തമായി എഴുതാനോ വിഷമമാണു താനും. മാത്ര

കളും വള്ളി പുള്ളികളും പരിഷ്ക്കരിച്ച് അറബിയിൽ എഴുതാനും സാധ്യമല്ല. അറബിവ്യാകരണത്തിനു വിധേയമാകുന്നതല്ല ഭാഷാ ശൈലി. എഴുതുന്നവരുടെ അശ്രദ്ധ കാരണം അക്ഷരങ്ങളിൽ സ്ഖലിതങ്ങൾ സംഭവിക്കുന്നതുകൊണ്ട് കാലാന്തരത്തിൽ ആ ഭാഷ കൈകാര്യം ചെയ്യുന്നവർക്കും മറ്റുള്ളവർക്കും മൂലരൂപം മനസ്സിലാക്കാൻ കഴിയാത്ത വിധം ഒരു പുതിയ അക്ഷരമാല തന്നെ വരില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഉദാഹരണത്തിന്, നാം അവരിൽനിന്നു പഠിച്ച ഒരു വാക്ക് നാം പിന്നീട് അവരോടു തന്നെ ആവർത്തിക്കുകയാണെങ്കിൽ വളരെ ബുദ്ധിമുട്ടോടെ മാത്രമേ അവർക്കതു മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. അറബി ഭാഷകളിലെ പോലെ തന്നെ ഇവരുടെ ഭാഷകളിലും രണ്ടോ മൂന്നോ 'ലഘ്വക്ഷരങ്ങൾ' ഒന്നായി സമ്മേളിക്കുന്നതിനാൽ ആ ഭാഷയിലെ അധികവാക്കുകളും ശരിയായി ഉച്ചരിക്കുക നമുക്കു പ്രയാസമാണ്. മനഃപാഠമാക്കാനുള്ള സൗകര്യം ലക്ഷ്യമാക്കിയും പുസ്തകങ്ങൾ നശിച്ചാലും ഉള്ളടക്കം നഷ്ടപ്പെട്ടുപോകരുതെന്ന ഉദ്ദേശ്യത്തോടെയും അധികഗ്രന്ഥങ്ങളും ശ്ലോകങ്ങളായാണ് അവർ രചിച്ചത്. പദ്യത്തിൽ ഗദ്യത്തെക്കാൾ വ്യാകരണ സംബന്ധമായ വ്യതിയാനങ്ങളും, വൃത്തം, പ്രാസം മുതലായ നിബന്ധനകളും അവശ്യം ദീക്ഷിക്കേണ്ടി വരുന്നതു കാരണം ആവശ്യത്തിലധികം വാക്കുകൾ ഉപയോഗിക്കേണ്ടി വരികയും തന്മൂലം അത് ശരിക്കു മനസ്സിലാക്കുന്നതിനു പ്രയാസമാവുകയും ചെയ്യുന്നു.

## 2. മതപരമായ അകൽച്ച

നമുക്ക് അവരുമായി മതപരമായ കാര്യങ്ങളിൽ വളരെ അധികം അകൽച്ചയുണ്ട്. നാം വിശ്വസിക്കുന്ന കാര്യങ്ങളിൽ അവരും അവർ വിശ്വസിക്കുന്ന കാര്യങ്ങളിൽ നാമും അന്യോന്യം അവിശ്വസിക്കുന്നു. അവരുടെ ഇടയിൽ മതത്തെ ചൊല്ലിയുള്ള കലഹങ്ങളും മാത്സര്യങ്ങളും നന്നേ കുറവാണെങ്കിലും - ചില ചില്ലറ തർക്കങ്ങളും വടംവലിയും ഒഴിച്ചാൽ - പുറമേയുള്ളവരോട് അവരുടെ നിലപാട് തുലോം വിഭിന്നമാണ്. അന്യമതസ്ഥരെ അവർ വെറും മോശക്കാരായി വീക്ഷിക്കുകയും അവരുമായി വിവാഹം, ഭക്ഷണം എന്നീ കാര്യങ്ങൾ പോലും പാടേ നിരോധിക്കുകയും ചെയ്യുന്നു. ആരെങ്കിലും അവരുടെ മതത്തിലേക്കു പരിവർത്തനം ചെയ്യണമെന്ന് ആഗ്രഹിച്ചാൽ കൂടി അതു സാദ്ധ്യമല്ല. അന്യരെയും അവർ ഉപയോഗിച്ച സാധനങ്ങളെയും ശുദ്ധിചെയ്തെടുക്കാൻ അവരുടെ മതത്തിൽ മാർഗ്ഗമില്ലാത്തതാണ് ഇതിനു കാരണം. ഇത് അവരും മറ്റുള്ളവരുമായി വളരെയേറെ അകൽച്ച ഉണ്ടാക്കിയിട്ടുണ്ട്.

## 3. ആചാരമുറകളിലെ വൈപരീത്യം

അവർ നമ്മെ പിശാചുക്കളെപ്പോലെ കണക്കാക്കുകയും നമ്മുടെ വേഷവും ആകൃതിയും അവരുടെ കുട്ടികളെ പേടിപ്പിക്കാനുള്ള ഉപാധി

കളായി സ്വീകരിച്ചുവരികയും ചെയ്യുന്നു. അവരുടെ കൂട്ടത്തിൽ പെട്ട എന്റെ ഒരു പരിചയക്കാരൻ നമ്മെ ആക്ഷേപിച്ചു പറഞ്ഞതു നോക്കുക:

"നമ്മുടെ നാട്ടിലൂടെ കടന്നുചെന്ന ഒരാളുടെ കൈകൊണ്ട് അവരുടെ ഒരു രാജാവു വധിക്കപ്പെട്ടു. അന്ന് ഗർഭത്തിലുള്ള അയാളുടെ മകൻ പ്രായപൂർത്തിയായപ്പോൾ അച്ഛന്റെ കഥയെ കുറിച്ചു മാതാവിൽ നിന്നറിയുകയും രോഷാകുലനായി സൈന്യസമേതം ശത്രുവിന്റെ നാട്ടിൽ ചെന്നു കണ്ണിൽ കണ്ടവരെയെല്ലാം കൊന്നൊടുക്കുകയും ശേഷിച്ചവരെ നമ്മുടെ വേഷം കെട്ടാൻ നിർബന്ധിക്കുകയും ചെയ്തു." ഇതു കേട്ടപ്പോൾ ഇന്ത്യക്കാരുടെ വേഷംകെട്ടാനും ആചാരങ്ങൾ അനുഷ്ഠിക്കാനും നമ്മെ നിർബന്ധിക്കാതിരുന്നതിനു ഞാൻ ആ രാജകുമാരനു നന്ദി പറഞ്ഞു.

## 4. അവരുടെ തന്നെ ഇടയിലുള്ള വൈരുദ്ധ്യങ്ങൾ

ഇന്ത്യയിലുള്ള 'ശ്രമണ' വിഭാഗക്കാർ 'ബ്രാഹ്മണ'രുമായി ശത്രുതയിലാണു കഴിഞ്ഞിരുന്നത്. 'സോറാവാസ്തർ' മതക്കാർ (മജൂസികൾ) ഉത്ഭവിച്ച കാലം വരെ ഖുറാസാൻ, പേർഷ്യ, ഇറാഖ്, മൗസിൽ, സിറിയ മുതലായ അതിർത്തിദേശക്കാർ ശ്രമണ മതക്കാരായിരുന്നു. പിന്നീട് കശ്താസബന്റെ സാഹായത്തോടെ അദർബീജാൻകാരനായ സോറാവാസ്തർ ബൽഖയിൽ വന്നു മതപ്രചരണം തുടങ്ങി. കശ്ത്താസബന്റെ പുത്രൻ ഇസ്ഫൻദ്യാർ കിഴക്കൻ നാടുകളിലും ബലം പ്രയോഗിച്ചു മജൂസി മതം നടപ്പാക്കുകയും അഗ്നി ആരാധനാ സമ്പ്രദായം ചൈന മുതൽ റോം വരെയുള്ള പ്രദേശങ്ങളിൽ ഏർപ്പെടുത്തുകയും ചെയ്തു. പിൽക്കാലത്ത് അവരുടെ രാജാക്കന്മാർ ഇറാഖും പേർഷ്യയും മതപ്രചാരണ കേന്ദ്രങ്ങളായി ഉപയോഗപ്പെടുത്തിവന്നതു മൂലം ശ്രമണ മതക്കാർക്കു ബൽഖയുടെ കിഴക്കൻ പ്രദേശങ്ങളിലേക്കു മാറേണ്ടതായും വന്നു. ഇന്നും ഈ മജൂസികൾ ഇന്ത്യയിലുണ്ട്. അവിടെ അവരുടെ പേര് 'മഘ' എന്നാണ്.

ഇസ്‌ലാമികരാജ്യമായ പേർഷ്യൻ രാഷ്ട്രം അടിക്കടി ഉണ്ടാവുന്ന യുദ്ധങ്ങൾ മൂലം നശിച്ചുതുടങ്ങിയപ്പോൾ അറബികളോട് പൊതുവിൽ ഉണ്ടായിരുന്ന വെറുപ്പു വർദ്ധിച്ചു. മുഹമ്മദ് ബിൻ ഖാസിം സജിസ്ഥാനിലൂടെ സിന്ധ്ദേശത്തു പ്രവേശിക്കുകയും 'ബംഹതവം', 'മോലിസ്ഥാൻ' എന്നീ നാടുകൾ പിടിച്ചടക്കി അവയ്ക്ക് യഥാക്രമം 'മൻസൂറാ,' 'മഅ്മൂറാ' എന്നിങ്ങനെ നാമകരണം ചെയ്യുകയും ചെയ്തു. യുദ്ധവും സന്ധിയും മാറിമാറി അവലംബിച്ചും മതപരിവർത്തനത്തിന് ഇഷ്ടപ്പെടാത്തവരെ അവരവരുടെ മതത്തിൽ തന്നെ തുടർന്നുപോകാനനുവദിച്ചും അദ്ദേഹം ഇന്ത്യയുടെ ഉള്ളിലേക്കു കടന്ന് കനൂജ് പട്ടണത്തിൽ എത്തിച്ചേരുകയും 'ഖൻധാർ' (ഗാന്ധാരം, കാന്ദഹാർ) പ്രദേശങ്ങളിലും കാശ്മീർ അതിർത്തികളിലും പ്രവേശിക്കുകയും ചെയ്തു. അന്നേവരെ

അന്യരാരും കാബൂളും സിന്ധുനദിയും കടന്നു ചെന്നിട്ടില്ലാത്തതിനാൽ ഈദൃശ പ്രവൃത്തികൾ അവരുടെ ഹൃദയങ്ങളിൽ മുസ്‌ലിംകളോടു കൂടുതൽ വെറുപ്പും വിദ്വേഷവും ഉളവാക്കി. തുടർന്ന് തുർക്കികളുടെ 'സമാനീയ' ഭരണകാലത്ത് അവർ 'ഗസ്ന' പിടിക്കുകയും നാസിറുദ്ദീൻ സബക്തകീൻ എന്ന രാജാവ് അവരുമായി-യുദ്ധത്തിലേർപ്പെടുകയും തന്റെ പിൻഗാമികൾക്ക് ഇന്ത്യ സൗകര്യപ്പെടുത്തിക്കൊടുക്കാനുള്ള ആസൂത്രണം ചെയ്യുകയുമുണ്ടായി. അദ്ദേഹത്തിന്റെ മാർഗ്ഗങ്ങൾ മൂപ്പതോളം കൊല്ലം ഉപയോഗപ്പെടുത്തിയ യമീനുദ്ദൗലാ മഹ്മൂദ് അവസാനം അവരുടെ പച്ചപിടിച്ച തോട്ടങ്ങളിലും മറ്റും കൈകടത്തിയതിനാൽ കാലാന്തരത്തിൽ അവർ നശിക്കുകയും അവരുടെ നിലനില്പ് ചരിത്രത്തിന്റെ ഏടുകളിൽ വെറും ഐതിഹ്യമായി വിലയം പ്രാപിക്കുകയും ചെയ്തു. മുസ്‌ലിംകളോടു നിസ്സഹകരിച്ചും ആരുടെയും കൈയെത്താത്ത കാശ്മീർ, ബനാറസ് മുതലായ സ്ഥലങ്ങളിലേക്കു പ്രയാണം ചെയ്തും ഒഴിഞ്ഞു പോയി താമസിച്ചതിനാലാണ് അവരെ കുറിച്ച് ശരിയായ വിവരങ്ങൾ ലഭിക്കുക പ്രയാസമായത്.

നാം അവരുമായി അകലാൻ വേറെയും കാരണങ്ങളുണ്ട്. അതെല്ലാം അവരുടെ സ്വഭാവങ്ങളുമായി ഒട്ടിപ്പിടിച്ച ചില സംഗതികളായതുകൊണ്ട് അതിവിടെ പ്രസ്താവിച്ചാൽ അവരെ ആക്ഷേപിക്കുകയാണെന്നു വ്യാഖ്യാനിക്കാൻ ഇടയാകും. ശരിയായ രാജ്യം തങ്ങളുടേതാണെന്നും ലോകനേതൃത്വം തങ്ങൾക്കുള്ളതാണെന്നും തങ്ങൾ അറിവിന്റെ ഭണ്ഡാരമാണെന്നും യഥാർത്ഥ മതം തങ്ങളുടേതു മാത്രമാണെന്നും അവർ ബലമായി വിശ്വസിക്കുന്നു. ഖുറാസാനിലും പേർഷ്യയിലും പണ്ഡിതന്മാർ ഉണ്ടെന്നു പറഞ്ഞാൽ പോലും അവർ ശുണ്ഠിയെടുക്കും. കൂടുതൽ സഞ്ചരിക്കുകയും മറ്റുള്ളവരോടു കൂടിച്ചേർന്നു കഴിയുകയും ചെയ്തിരുന്നെങ്കിൽ മുൻഗാമികളെ പോലെ തന്നെ അവരും സംസ്കാര സമ്പന്നരും വിദ്യാപ്രേമികളും ആകുമായിരുന്നു. അവരുടെ പണ്ഡിതവര്യന്മാരിലൊരാളായ 'വരാഹമിഹരൻ' പരിശുദ്ധന്മാരായ ബ്രാഹ്മണരെയും വിദ്യാസമ്പന്നരായ ഗ്രീക്കുകാരെയും ഒരുപോലെ ആദരിക്കണമെന്ന് അനുശാസിച്ചിരുന്നു. അവരിൽ ജോതിഷം അറിയുന്നവരുമായി ഞാൻ യുക്തിയുക്തം സംസാരിക്കാറുള്ളപ്പോൾ ഞാൻ ആ വക കാര്യങ്ങൾ ഏത് ഇന്ത്യക്കാരനിൽനിന്ന് പഠിച്ചതാണെന്നു ചോദിക്കുമായിരുന്നു. അവരുടെ അറിവിന്റെ പരിമിതി വെളിപ്പെടുത്തിക്കൊടുക്കാൻ ഞാൻ ഒരുമ്പെടാറുള്ളപ്പോൾ അവരെന്നെ വിദഗ്ദ്ധനായ ജോത്സ്യനായി മുദ്രകുത്തുമായിരുന്നു.

മേൽ പ്രസ്താവിക്കപ്പെട്ട കാരണങ്ങളാൽ എന്റെ കഴിവിന്റെ പരമാവധി ഉപയോഗിച്ച് കിട്ടാവുന്നിടത്തോളം രേഖകൾ ശേഖരിച്ചിട്ടും അവരുടെ എല്ലാ നിലകളെക്കുറിച്ചും പരിപൂർണമായി അറിയാനുള്ള ശ്രമത്തിൽ ഞാൻ പരാജയപ്പെട്ടു എന്നു വേണം പറയാൻ. ദൈവത്തിന്റെ

പ്രത്യേക അനുഗ്രഹാശിസ്സുകൾക്കു പാത്രീഭൂതനായ ഒരാളെക്കൊണ്ട ല്ലാതെ ഈ വിഷയത്തിൽ എന്നെപ്പോലെ ശ്രമിച്ച് ഒരുകാര്യം നേടുക അത്ര സാധ്യമല്ലെന്ന് എനിക്കറിയാം. ഇതു സംബന്ധമായി ഇത്രയും നേട്ടങ്ങൾ എനിക്ക് കൈവന്നതിൽ ഞാൻ സർവ്വശക്തനായ ജഗന്നിയ ന്താവിനെ സ്തുതിക്കുകയാണ്.

ലോകം അന്തരകാലഘട്ടത്തിലൂടെ പിച്ചവെച്ചുനടന്ന് ക്രിസ്തു മതപിറവി ദീർഘദർശനം ചെയ്യുന്നതിനു മുമ്പു വിശ്വാസാചാരങ്ങളിൽ ഗ്രീക്കുകാർക്കും ഇന്ത്യക്കാർക്കും ഇടയിൽ പല സാദൃശ്യങ്ങളുമുണ്ടാ യിരുന്നതിനാൽ ഇരുകൂട്ടരുടെയും ജീവിത സമ്പ്രദായത്തിന്റെ ഒരു സം യുക്ത പഠനം അവരിൽ ഓരോരുത്തരെയും കുറിച്ചുള്ള വിവര ങ്ങളിലേക്കു കൂടുതൽ വെളിച്ചം വീശാൻ വളരെയേറെ സഹായകമാണ്. ഗ്രീക്കുകാരുടെ ഇടയിൽ ജ്ഞാനികളായ ഒട്ടേറെ തത്വചിന്തകന്മാർ ഉണ്ടായിരുന്നു. അവരെല്ലാം തന്നെ തങ്ങളുടെ വിജ്ഞാനത്തെ ബുദ്ധി യുടെ മൂശയിലിട്ടു വാർത്ത് യുക്തിയുടെ ചഷകങ്ങളിലാക്കി പൊതുജ നങ്ങൾക്കു വിതരണം ചെയ്യുന്നതിൽ ഔത്സുക്യം പ്രകടിപ്പിച്ചിരുന്നു. ഇവിടെ സുപ്രസിദ്ധ യവന തത്വചിന്തകനായ സോക്രട്ടീസിന്റെ സ്മര ണയാണു നമ്മിൽ പൊന്തിവരുന്നത്. അന്നത്തെ സമുദായ മദ്ധ്യത്തിൽ നിലനിന്ന അന്ധവിശ്വാസ ജടിലങ്ങളായ പല വിശ്വാസ പ്രമാണങ്ങ ളെയും പൊളിച്ചെഴുതാൻ ശ്രമിക്കുകയും, ബിംബാരാധന തെറ്റാ ണെന്നും നക്ഷത്രങ്ങൾ ദൈവങ്ങളല്ലെന്നും മറ്റുള്ള പ്രഖ്യാപനങ്ങളു മായി മുന്നോട്ടു വരികയും ചെയ്തു. ഏതൻസിലെ 12 ന്യായധിപന്മാ രിൽ 11 പേരും ആ മഹാൻ കുറ്റക്കാരനാണെന്നു വിധിച്ചതു കാരണം സത്യത്തിന്റെ ബലിപീഠത്തിൽ ക്രൂശിക്കപ്പെടുകയാണ് ചെയ്തത്. എന്റെ അറിവിൽ പെട്ടിടത്തോളം ഈ മാതിരി ശാസ്ത്രീയ വീക്ഷണഗ തിയുള്ളവർ ഇന്ത്യക്കാർക്കിടയിൽ ഇല്ലാതിരുന്നതുകൊണ്ടാണു ഗ്രീക്കു കാരെ പോലെ വ്യക്തവും ക്രോഡീകരിക്കപ്പെട്ടതുമായ ഒരു തത്വസംഹിത അവർക്കില്ലാതെ പോയത്.

ഇന്ത്യക്കാരെ സംബന്ധിച്ചു വിശദീകരിക്കുമ്പോൾ അത്യന്താപേക്ഷി തമെന്നു തോന്നുന്ന സന്ദർഭങ്ങളിൽ മാത്രമേ ഒരു നിരൂപണത്തിന്റെ നില ഞാൻ സ്വീകരിക്കുന്നുള്ളൂ. അതുപോലെ തന്നെ പേരുകളും സാങ്കേതിക പദങ്ങളും അത്യാവശ്യമെന്നു തോന്നുന്നിടത്തു മാത്രമേ ഉദ്ധരിക്കുകയുള്ളൂ. അവയുടെ അർത്ഥം സൗകര്യപ്പെടുന്ന സ്ഥല ത്തെല്ലാം അറബിയിൽ കൊടുക്കുകയോ അല്ലാത്ത പക്ഷം അറബി ലിപി അവലംബിച്ച് ഇന്ത്യൻ ഭാഷയിൽ തന്നെ രേഖപ്പെടുത്തുകയോ ചെയ്യു ന്നതാണ്. വ്യക്തമായ വല്ല സാങ്കേതിക പദങ്ങളും ഏതെങ്കിലും അധ്യാ യത്തിൽ ഉപയോഗിക്കേണ്ടണ്ടി വന്നാൽ അതിനെ കുറിച്ചുള്ള വിവരണം തുടർന്നുവരുന്ന അധ്യായങ്ങളിൽ കൊടുക്കുന്നതുമാണ്.

## അധ്യായം 2

# ദൈവ വിശ്വാസം

എല്ലാ സമുദായങ്ങളിലും കാര്യബോധമുള്ളവരുടെയും സാധാരണക്കാരുടെയും വിശ്വാസങ്ങൾ വ്യത്യസ്തങ്ങളായിരിക്കും. കാരണം, ബോധമുള്ളവർ കാര്യകാരണസഹിതം ചർച്ച ചെയ്തു കാര്യങ്ങൾ ഗ്രഹിക്കുമ്പോൾ സാധാരണക്കാരുടെ നില കണ്ടതിലും കേട്ടതിലും മാത്രം വിശ്വസിക്കുക എന്നതാണ്. ഇന്ത്യക്കാരുടെ വിശ്വാസമനുസരിച്ച് ദൈവം ആദ്യന്തമില്ലാത്തവനും സർവ്വവ്യാപിയും സർവ്വശക്തനും എല്ലാം അറിയുന്നവനും ഏകനും നിസ്തുലനുമാണ്. ഇതു വെറും കേൾവിയെ അടിസ്ഥാനമാക്കി ഞാൻ പറയുകയല്ലെന്നതിന് അവരുടെ തന്നെ 'പതഞ്ജലി' എന്ന പുസ്തകത്തിൽ നിന്ന് ചോദ്യോത്തര രീതിയിലുള്ള ഒരു ഉദ്ധരണി ഇവിടെ ചേക്കാം:

"ചോദ്യം: ആരാധിച്ചാൽ നമുക്ക് കാര്യങ്ങൾ നേടിത്തരുന്ന ഈ ആരാധ്യൻ ആരാണ്?

ഉത്തരം: അവൻ പരാശ്രയം കൂടാതെ എല്ലാം സ്വയം അറിയുന്നവനും കാര്യങ്ങൾ ചിന്തിച്ചു ഗ്രഹിക്കേണ്ടി വരാത്തവനും അറിയാതിരുന്ന ഒന്ന് പിന്നീടറിയുക എന്ന നിലപാട് ആവശ്യമില്ലാത്തവനും അജ്ഞത തീണ്ടിയിട്ടില്ലാത്തവനുമാണ്.

ചോദ്യം: അനുഭവം കൊണ്ടറിയാൻ കഴിയാത്ത ഒന്നിനെ എങ്ങനെ ആരാധിക്കും?

ഉത്തരം: ദൈവമെന്ന നാമധേയം തന്നെ അവന്റെ ആസ്തിക്യത്തെ വിളിച്ചറിയിക്കുന്നു. ഒരു വസ്തുവിനെ കുറിച്ചല്ലാതെ സംസാരിക്കപ്പെടാറില്ല. അതുപോലെ തന്നെ ഒരു സാധനത്തിനല്ലാതെ നാമകരണം ചെയ്യപ്പെടാറില്ല. അവൻ പഞ്ചേന്ദ്രിയങ്ങൾക്കു ഗോചരമാകുന്നില്ലെങ്കിലും വിജ്ഞാനം അവനെ മനസ്സിലാക്കുകയും ചിന്താശക്തി അവന്റെ ഗുണഗണങ്ങളെ ഗ്രഹിക്കുകയും ചെയ്യുന്നു. ഇതത്രെ ആരാധനകൊണ്ട് വിവക്ഷിക്കുന്നത്. ഇതേ രൂപത്തിൽ നിത്യവും ആരാധന ചെയ്യുന്നവൻ

വിജയം വരിക്കുന്നവനാണ്.”

ഭാരതത്തിലെ ഹിന്ദുക്കളുടെ മതഗ്രന്ഥമായ ‘ഗീത’യിൽ വാസുദേവനും അർജ്ജുനനും നടന്ന സംഭാഷണം വിവരിച്ച് ഇപ്രകാരം ഉദ്ധരിക്കപ്പെട്ടിരിക്കുന്നു:

“ഞാൻ ആദിയും അന്തവുമില്ലാത്ത സർവ്വസ്സ്വവുമാണ്. ഞാൻ എന്തെങ്കിലും പ്രതിഫലം ആഗ്രഹിക്കുകയോ ഏതെങ്കിലും ഒരു വിഭാഗത്തോടു മാത്രം പ്രതിപത്തി കാണിക്കുകയോ ഇല്ല. ഓരോരുത്തർക്കും പ്രവർത്തിനാവശ്യമായ കഴിവ് ഞാൻ നല്കിയിട്ടുണ്ട്. ഈ രൂപത്തിൽ എന്നെ മനസ്സിലാക്കുകയും എന്നെപ്പോലെ അത്യാഗ്രഹം ത്യജിക്കുകയും ചെയ്യുന്നവൻ മോചനം പ്രാപിക്കുന്നതും സൗഭാഗ്യവാനാകുന്നതുമാണ്.” തത്വശാസ്ത്രത്തിന്റെ നിർവ്വചനത്തിൽ, ‘ദൈവത്തെപ്പോലെ ആകാൻ കഴിയുന്നത്ര ശ്രമിക്കണം’ എന്നു പറയുന്നതിനു തുല്യമാണിത്. അതേ ഗ്രന്ഥത്തിൽ വേറൊരിടത്തു പറയുകയാണ്.

“അധികമാളുകളും ദൈവത്തിൽനിന്നു കാര്യങ്ങൾ നേടാൻ ആർത്തി കാണിക്കുന്നവരും അത് അസാധ്യമായി വന്നാൽ ദൈവത്തിൽനിന്നകന്നു ജീവിക്കാൻ ഇഷ്ടപ്പെടുന്നവരുമാണ്. കാരണം, അവൻ പഞ്ചേന്ദ്രിയങ്ങൾക്കു ഗോചരമാക്കാത്തതിനാൽ അവർ അവനെ സംബന്ധിച്ചിടത്തോളം പൂർണ്ണമായ അജ്ഞതയിലാണ് കഴിഞ്ഞുകൂടുന്നത്. ചിലർ പഞ്ചേന്ദ്രിയങ്ങൾക്കധീനമല്ലാത്തതിനെ ഗ്രഹിക്കുന്നില്ല. മറ്റുചിലർ കൂടുതലായി അറിയുന്നുണ്ടെങ്കിലും ബാഹ്യപ്രകൃതിയുടെ അതിർത്തി വിട്ടു മുമ്പോട്ടു കടക്കുന്നില്ല. പ്രകൃതിക്കപ്പുറമായി ആരുടെയും സന്താനമായി ജനിച്ചിട്ടില്ലാത്തവനും, സന്താനങ്ങൾ ഉല്പാദിപ്പിച്ചിട്ടില്ലാത്തവനും തന്റെ സത്തയെ കുറിച്ചുള്ള അറിവ് പരിപൂർണമായി ആർക്കും നല്കിയിട്ടില്ലാത്തവനുമായ ഒരു മഹാശക്തി ഉണ്ടെന്ന് അവർ മനസ്സിലാക്കുന്നില്ല.”

പ്രവൃത്തിയുടെ ഉത്ഭവകാരണത്തെ കുറിച്ചും ഇന്ത്യക്കാർക്കിടയിൽ വളരെ അധികം അഭിപ്രായ വ്യത്യാസം ഉണ്ട്. എല്ലാറ്റിനും ഹേതുഭൂതൻ ദൈവമാണെന്ന വിശ്വാസത്തിലാണു ചിലർ പ്രവൃത്തിയുടെ ഉത്ഭവം ദൈവത്തിൽനിന്നാണെന്നു പറയുന്നത്. പ്രവൃത്തിയുമായി നേരിട്ടു ബന്ധപ്പെടുന്നതു സൃഷ്ടികളായതിനാൽ അവരാണു സൃഷ്ടികാരണക്കാരെന്നു മറ്റു ചിലരും അഭിപ്രായപ്പെടുന്നു.

‘സാംഖ്യം’ എന്ന ഗ്രന്ഥത്തിൽ ക്രിയയിലും കർത്താവിലും വല്ല അഭിപ്രായ വിത്യാസവും ഉണ്ടോ എന്ന വേദാന്തിയുടെ ചോദ്യത്തിനു ശാസ്ത്രജ്ഞൻ പറഞ്ഞ മറുപടി നോക്കുക:

“ആത്മാവ് പ്രവർത്തനശക്തി ഇല്ലാത്തതും ജഢപദാർത്ഥം നിർജ്ജീവവുമാണ്. സ്വയംഭൂവായ ഈശ്വരനത്രെ അവ രണ്ടും തമ്മിൽ കൂട്ടിയിണക്കുന്നതും വേർപ്പെടുത്തുന്നതും. അതിനാൽ, അവൻ മാത്രമാണ് കർത്താവ്. അവ രണ്ടുംകൂടി ചലിക്കുമ്പോൾ ഈശ്വരനിൽനിന്നു

പ്രവർത്തനം ഉണ്ടാകുന്നു. ഇതത്രെ ഒരു വിഭാഗക്കാരുടെ അഭിപ്രായം. മറ്റൊരു വിഭാഗക്കാർ പറയുന്നത് അവ രണ്ടും പ്രത്യേകം സമ്മേളിക്കുകയും തത്ഫലമായി പതിവുപോലെ ഉത്ഭവവും നാശവും ഉണ്ടാവുകയും ചെയ്യുന്നു എന്നാണ്. മൂന്നാമത്തെ കൂട്ടരുടെ അഭിപ്രായത്തിൽ, യഥാർത്ഥ കർത്താവ് ആത്മാവാണ്. കാരണം, വേദാന്ത സിദ്ധാന്തമനുസരിച്ച് ഏതൊരു വസ്തുവിന്റെയും ഉത്ഭവം പുരുഷ(പരമാത്മാവ്)നാകുന്നു. നാലാമതൊരു കൂട്ടർ ഇപ്രകാരം വാദിക്കുന്നു: "കർത്താവ് കാലമാണ്, ആടും കയറും തമ്മിലുള്ള ബന്ധംപോലെ കാലവും പ്രപഞ്ചവും ബന്ധപ്പെട്ടിരിക്കുകയാണ്." അഞ്ചാമതൊരു സംഘത്തിന്റെ വാദം ഓരോ പ്രവൃത്തിയുടെയും കർത്താവ് അതിനു തൊട്ടുമുമ്പുള്ള പ്രവൃത്തിയാണെന്നാണ്.

ഈ അഭിപ്രായങ്ങളെല്ലാം തന്നെ യാഥാർത്ഥ്യത്തോട് യോജിക്കാത്തവയാണ്. വാസ്തവത്തിൽ പ്രവൃത്തികളെല്ലാം ജഢപദാർത്ഥവുമായാണ് ബന്ധപ്പെട്ടിരിക്കുന്നത്. തദ്വാരാ പദാർത്ഥം കർത്താവും മറ്റുള്ളവയെല്ലാം ഉപകരണങ്ങളുമാകുന്നു. വിവിധ ശക്തികളുടെ പിടിയിൽനിന്ന് ഒഴിഞ്ഞുനിൽക്കുന്ന ആത്മാവ് കർത്താവാകുന്നില്ല." അവരിൽ കാര്യബോധ്യമുള്ളവരുടെ അഭിപ്രായമാണിത്. ധർമ്മിഷ്ഠനും സ്വയംഭൂവും എന്നർത്ഥം വരുന്ന 'ഈശ്വർ' ('ഈശ്വരൻ' എന്നു മലയാളം) എന്നാണ് അവർ ദൈവത്തെ വിളിച്ചുവരുന്നത്. കാരണം, അവന്റെ ഏകത്വം യഥാർത്ഥ ഏകത്വമായും മറ്റുള്ളവരുടെ ഏകത്വം വിവിധ സാധനങ്ങൾ കൂടിച്ചേർന്നുണ്ടായ ഏകത്വമായും അവർ ഗണിക്കുന്നു. പൊതുജനങ്ങളുടെ വിശ്വാസങ്ങളെ സംബന്ധിച്ചു പരാമർശിക്കുകയാണെങ്കിലും വിവിധ അഭിപ്രായങ്ങൾ കാണാൻ കഴിയും. അവയിൽ ചിലതെല്ലാം മറ്റു മതക്കാർക്കിടയിലുള്ളതുപോലെ ദുഷ്ടവും അടിസ്ഥാന രഹിതവുമാണ്. ശരീരത്തിന്റെ ഗുണങ്ങൾ അവനില്ലെന്നു വരുത്താൻ വേണ്ടി ചിലർ ദൈവത്തെ ഒരു ബിന്ദുവായി ഗണിക്കുന്നു. അതു കേൾക്കുന്ന സാധരണക്കാരന് അതിന്റെ യഥാർത്ഥ അർത്ഥം മനസ്സിലാവാതെ പോകുന്നതുകൊണ്ട് ദൈവത്തിനു മഹത്വം സങ്കല്പിക്കുന്നതിനുപോലും അവൻ മുതിരുന്നു. അതുപോലെ തന്നെ പരിപൂർണ്ണ ജ്ഞാനം എന്ന ഗുണത്തെ സംബന്ധിച്ചും അവർ തെറ്റായി ധരിക്കുന്നതുകൊണ്ട് അഗാധ ജ്ഞാനിയാവണമെങ്കിൽ ആയിരക്കണക്കിനു കണ്ണുകൾ വേണമെന്നു വിശ്വസിക്കുന്നു. വിദ്യാസമ്പന്നരല്ലാത്ത കൂട്ടരുടെ ഇടയിൽ ഇതുപോലെയുള്ള അടിസ്ഥാന രഹിതങ്ങളായ വിശ്വാസങ്ങൾ പലതും കാണാവുന്നതാണ്.

അധ്യായം 3

# ഇന്ദ്രിയ ഗോചരമായതും അല്ലാത്തതുമായ വസ്തുക്കളിൽ ഇന്ത്യക്കാരുടെ വിശ്വാസം

പുരാതന ഗ്രീസിൽ ശാസ്ത്രത്തിന്റെ മുന്നോടികൾ എന്നറിയപ്പെ ട്ടവർ താഴെ പറയുന്ന ഏഴ് ആളുകളാണ്:

1. ഏതൻസിലെ 'സോലൊൺ' (Solon of Athen)
2. പ്രീനിലെ ബിയസ് (Bias of Priene)
3. കേരിന്തിലെ പെരിയുന്തർ (Periander Of Crinth)
4. മിലിറ്റസിലെ താലത് (Thales of Miletus)
5. ലക്കിഡമോണിലെ കീലൊൺ (Chilon of Lacedamon)
6. ലെസ്ബോസിലെ പിറ്റാക്കസ് (Pittacus of Lesbas)
7. ലിൻലൊബിലെ ക്ലിബാബുലസ് (Cleoludus of Linlos)

ഇവരുടെ കാലത്താണ് ഗ്രീക്ക് തത്വശാസ്ത്രം ശരിയായ നിലയിൽ രൂപീകൃതമായത്. അതിനു മുമ്പ് ഇന്ത്യക്കാരുടെ നിലപാടു തന്നെയാ യിരുന്നു ഒട്ടുമിക്കതും അവരുടേതും. വസ്തുക്കൾ എല്ലാം ഒന്നാണെന്നു വാദിക്കുന്നവർ അവരിലുമുണ്ടായിരുന്നു. ചിലർ എണ്ണത്തിൽ ഒന്നാ ണെന്നു വിശ്വസിക്കുമ്പോൾ വേറെ ചിലർ ഫലത്തിൽ ഒന്നാണെന്നു ക രുതുന്നു എന്നു മാത്രം. അസ്തിത്വം വാസ്തവത്തിൽ എല്ലാറ്റിന്റെയും കാരണഭൂതനു മാത്രമാണുള്ളതെന്നും മറ്റുള്ളതിന്റെയെല്ലാം നിലനിൽപ്പ് ഭാവന മാത്രമാണെന്നുമാണ് സൂഫികളിൽ ചിലരുടെ അഭിപ്രായം. അവർ തത്വചിന്തകന്മാരാണല്ലോ. 'സൂഫ്' എന്ന വാക്കിനു ഗ്രീക്ക് ഭാഷയിൽ ശാസ്ത്രം എന്നാണർത്ഥം. അതിനാലാണ് ശാസ്ത്രകാരന്മാർക്ക് 'പൈ ലാസൂപാ' (ശാസ്ത്ര പ്രേമി) എന്നു പറയുന്നത്. പില്ക്കാലത്തു മുസ്ലിംകളിൽ ചിലർ ഈ അഭിപ്രായം സ്വീകരിച്ചപ്പോൾ 'സൂഫി'കൾ എന്ന പേര് അവർക്കും പറയുകയുണ്ടായി. ഈ പേരിന്റെ അർത്ഥം അറിയാൻ പാടില്ലാത്ത ചിലർ 'സൂഫി' എന്നത് 'സുഫ്ഫത്ത്' (പൂമു

ഖം) എന്ന വാക്കിൽനിന്നുളവായതും, പിന്നീട് ഉപയോഗത്തിൽ ദുഷി ച്ചുപോയതുമാണെന്നു വാദിച്ചിട്ടുണ്ട്. കാരണം, മദീനാപള്ളിയുടെ പൂമുഖത്തു താമസിച്ചിരുന്ന മക്കാ അഭയാർത്ഥികളായ മുസ്ലിംകൾ 'സുഫ്ഫത്തു'കാർ എന്ന പേരിൽ അറിയപ്പെട്ടിരുന്നു. 'അബുൽ ഫത്ഹുൽ ബസ്തി' എന്ന പണ്ഡിതൻ 'സൂഫി' എന്ന പദത്തിന്റെ മേൽ പ്രസ്താവിക്കപ്പെട്ട അർത്ഥങ്ങൾ ശരിയായവ അല്ലെന്നും, 'ഹൃദയം ശുദ്ധിവരുത്തിയവൻ' എന്നാണ് ശരിയായുള്ളതെന്നും അദ്ദേഹത്തിന്റെ ഒരു കവിതയിൽ സമർത്ഥിച്ചിട്ടുണ്ട്.

മനുഷ്യൻ ഭൗതികലോകവുമായുള്ള കെട്ടുപാടുകളിൽനിന്നു തികച്ചും വിമുക്തി നേടിയാൽ ദൈവവുമായി താദാത്മ്യം പ്രാപിക്കുന്നതാണെന്നു വാദിക്കുന്നവരും ഗ്രീക്കുകാരിലുണ്ടായിരുന്നു. അവരുടെ അഭിപ്രായത്തിൽ ശരീരവുമായി ബന്ധപ്പെടുന്നതിനു മുമ്പ് സ്വയം നിലകൊള്ളുകയും പരസ്പരം കൂടിച്ചേരുകയും വിട്ടകലുകയും ചെയ്യുന്ന ഒരുതരം പ്രത്യേകജാതി സ്ഥിതിവിശേഷമാണ് ആത്മാവിനുള്ളത്. ശരീരത്തിലായിരിക്കുമ്പോൾ സമ്പാദിക്കുന്ന സൽപ്രവൃത്തികൾ മുഖേന ശരീരവുമായി വേർപ്പെട്ട ശേഷവും ലോകത്തിൽ വ്യാപരിക്കുന്നതിനുള്ള കഴിവ് അതു കരസ്ഥമാക്കുന്നു. അങ്ങനെ ആത്മാക്കൾ ആരാധ്യമാവുകയും അവർ അവയുടെ പ്രതിമകളും മറ്റും നിർമ്മിച്ച് ആരാധിക്കുകയും വഴിപാട്, നേർച്ച മുതലായവ നടത്തുകയും ചെയ്യുന്നു.

തൊഴിൽ പഠിക്കുന്നതിനുള്ള പ്രോത്സാഹനം എന്ന ഗ്രന്ഥത്തിൽ 'ഗാലീനസ്' (Galenus) പറഞ്ഞതെന്തെന്നു നോക്കാം:

"മഹാത്മാക്കൾ ദിവ്യപുരുഷന്മാരാവുന്നത് അവർ തൊഴിൽ ചെയ്തു ജീവിക്കുകയും അതിനു പ്രോത്സാഹനം നല്കുകയും ചെയ്യുന്നതുകൊണ്ടാണ്. അല്ലാതെ ഗുസ്തി, യുദ്ധം, മാരകായുധ പ്രയോഗം മുതലായവ കൊണ്ടല്ല. 'എസ്കുലാപ്പിയസും, ഡയോനിസും' (Aesclepius and Dionysos) ആദ്യം മനുഷ്യരായി പിറന്നവരായിരുന്നെങ്കിൽ പിന്നീട് അവർ ദേവന്മാരായിത്തീർന്നു. അഥവാ, ആദ്യമേ തന്നെ അവർ ദേവന്മാരായിരുന്നു എന്നു പറയുന്നതിലും തെറ്റില്ല. കാരണം, ഒരാൾ ജനങ്ങളെ ചികിത്സാസമ്പ്രദായങ്ങൾ പഠിപ്പിപ്പിച്ചു, മറ്റൊരാൾ മുന്തിരി കൃഷിചെയ്യുന്നതും പഠിപ്പിച്ചു എന്നതാണ്."

ഹിപ്പോക്രാറ്റസിന്റെ (Hyppocrates) ഉപദേശങ്ങൾ എന്ന ഗ്രന്ഥത്തിനു ഗാലിനസ് എഴുതിയ വ്യാഖ്യാനത്തിൽ പറയുന്നു:

"കവിതാനിർമ്മാണം സൗകര്യപ്പെട്ടുകിട്ടാനോ വിഷമസന്ധികളിൽനിന്നു മോചനം നേടാനോ ആരും തന്നെ ആടുകളെ 'എസ്കുലാപ്പിയസി'ന് ബലിയർപ്പിച്ചതായി നാം തീരേ കേട്ടിട്ടില്ല. എന്നാൽ ഹിപ്പോക്രാറ്റസ് ചെയ്തപോലെ ആളുകൾ 'എസ്കുലാപ്പിയസി'ന് കുക്കുട ബലി നടത്തിയിരുന്നു. കാരണം, ഈ ദിവ്യപുരുഷനാണ് ആളുകൾക്ക് വൈദ്യ

ശാസ്ത്രം നേടിക്കൊടുത്തത്. ഇത് കള്ളുണ്ടാക്കാൻ പഠിപ്പിച്ച ഡയോനിസസിന്റെയും റൊട്ടിക്കുവേണ്ട വിത്തുകൾ കൃഷി ചെയ്യാൻ അഭ്യസിപ്പിച്ച 'ഡിമറ്ററിന്റെയും' പ്രവർത്തനങ്ങളെക്കാൾ മഹത്തരമായ ഒരു സേവനമായിരുന്നു. കള്ളിനും റൊട്ടിവിത്തുകൾക്കും അവരുടെ പേരും നല്കുകയുണ്ടായി. തീമാഊസ് (Timacus) എന്ന പുസ്തകത്തിൽ പ്ലാറ്റോ പറഞ്ഞത് ജനങ്ങൾ മാഹാത്മാക്കളെ ദേവന്മാരെന്നും സാക്ഷാൽ ദൈവത്തെ പ്രഥമ ദൈവമെന്നും പറയാറുണ്ടായിരുന്നു എന്നാണ്.

ദൈവം ദേവന്മാരോട് ഇങ്ങനെ പറഞ്ഞതായി അദ്ദേഹം തുടർന്നു പ്രസ്താവിക്കുന്നു: "നിങ്ങൾ മരണഹേതുവായി നശിക്കുന്നവരല്ല. ഞാൻ നിങ്ങളെ സൃഷ്ടിക്കുമ്പോൾ തന്നെ നാശത്തിനു വിധേയമാവാത്ത പ്രകൃതിയിലാണ് സൃഷ്ടിച്ചത്." ദൈവം ഏകത്വത്തോടെയുള്ള സർവ്വവ്യാപിയാണെന്നും അദ്ദേഹം മറ്റൊരിടത്തു രേഖപ്പെടുത്തി.

ഗ്രീക്കുകാരുടെ ഈ വിധമുള്ള പ്രസ്താവനകളിൽനിന്നു മനസ്സിലാകുന്നത് അവർ മഹത്തായ എല്ലാറ്റിനെയും ദേവന്മാരായി കരുതിപ്പോന്നു എന്നാണ്. ഇതേ പോലെ ഉന്നതങ്ങളായ പർവ്വതങ്ങൾ, അഗാധങ്ങളായ സമുദ്രങ്ങൾ മുതലായവയിൽ ദിവ്യത്വം സങ്കല്പിക്കാറുള്ള വേറെയും ധാരാളം സമുദായങ്ങളുണ്ട്. എല്ലാറ്റിന്റെയും കാരണഭൂതനായ ദൈവത്തിനും ദൈവ ദൂതന്മാർക്കും തങ്ങൾക്കു തന്നെയും അവർ ചില സമയം ദിവ്യൻ എന്ന പേരു പറഞ്ഞുവന്നിരുന്നു. പ്ലാറ്റോ ഉദ്ധരിക്കുന്ന 'സെക്കീനാത്തു' (കവിതാ ദേവന്മാർ)കൾക്കും ദൈവങ്ങൾ എന്നു പറയാറുണ്ട്. അവ എന്താണെന്നു വിവരിക്കാൻ വിവർത്തകന്മാരുടെ പേനയ്ക്കു കഴിഞ്ഞിട്ടില്ലാത്തതിനാൽ പേരുകൾ മാത്രമേ നമുക്കറിയൂ. പ്രോക്ലസിന്റെ (Procleus) മറുപടിയായി 'യഹ്യന്നഹ്വി' പറയുന്നു: "ആകാശത്തിൽ കണ്ട വസ്തുക്കൾക്കെല്ലാം ഗ്രീക്കുകാർ ദൈവങ്ങൾ എന്നു പറഞ്ഞിരുന്നു. അഭൗതിക മൂലപദാർത്ഥങ്ങളെ കുറിച്ചു ചിന്തിക്കാൻ തുടങ്ങിയപ്പോൾ അവയ്ക്കും അവർ ദൈവങ്ങൾ എന്നു പറയാൻ തുടങ്ങി." അപ്പോൾ, 'ദൈവമാവുക' എന്നതിന്റെ വിവക്ഷ ദൂതന്മാരെപ്പോലെ ആവുക എന്നാണെന്നു വ്യക്തമാവുന്നു. 'ഗാലിനസ്' തന്റെ ഗ്രന്ഥത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്. 'എസ്കുലേപിയസ് ആദ്യം മനുഷ്യനും പിന്നീട് ദേവനുമായി എന്നതു വാസ്തവമാണെങ്കിൽ അദ്ദേഹത്തെ പറ്റിയുള്ള മറ്റെല്ലാ പ്രസ്താവനകളും കെട്ടുകഥകളാണ്.

ദൈവം ലികാർഗസ് (Lycargus) നോടു പറഞ്ഞതായി മറ്റൊരു ഭാഗത്ത് അദ്ദേഹം എഴുതി: "ഞാൻ നിന്നെ ദൈവദൂതൻ എന്നോ മനുഷ്യൻ എന്നോ ഏതാണു വിളിക്കേണ്ടതെന്ന് ആലോചിക്കുകയാണ്. ദുതനെന്നു വിളിക്കുന്നതിലാണ് നിനക്ക് കൂടുതൽ താത്പര്യമെന്നു നമുക്കറിയാം."

ഒരു മതക്കാർക്ക് പുച്ഛമായി തോന്നുന്ന ചില വാക്കുകളുടെ പ്രയോ

ഗങ്ങൾ മറ്റു ചില മതക്കാർക്ക് നന്നായി തോന്നുന്നവയാവും. ഉദാഹരണത്തിന്, ഇസ്ലാമിലെ, 'ദൈവീകരിക്കുക' എന്ന പദത്തിനു ഭാഷാന്തരം നാം കല്പിക്കുകയാണെങ്കിൽ അതു ചിലർക്കൊന്നും ഇഷ്ടപ്പെട്ടെന്നു വരില്ല. അതുപോലെ 'അല്ലാഹു' എന്നതൊഴികെ മറ്റെല്ലാ പേരുകളെ പറ്റിയും പലർക്കും പലതും പറയാൻ കണ്ടെന്നു വരും. 'റബ്ബ്' എന്ന പദം തന്നെ 'സുറിയ' ഭാഷയിലും 'ഹിബ്രു' ഭാഷയിലും വന്ന 'പഴയ നിയമത്തിലും' അതിനു ശേഷം വന്ന പല ഗ്രന്ഥത്തിലും 'അല്ലാഹു' പോലെത്തന്നെ ദൈവത്തിനു മാത്രം പറയാറുള്ള ഒന്നായി ഉപയോഗിച്ചതു കാണാം.

അയ്യൂബ് നബിക്ക് കിട്ടിയ ഗ്രന്ഥത്തിൽ പിശാച് 'ബനൂഉംലുഹി' യോടൊന്നിച്ച് അവരുടെ സദസ്സിൽ പ്രവേശിച്ചിരുന്നു എന്നു പറഞ്ഞിട്ടുണ്ട്. മൂസാ നബി (മോശ)യുടെ 'തൗറാത്തിൽ' 'ഞാൻ നിന്നെ 'ഫറോവ'യുടെ ദേവനാക്കിയിരിക്കുന്നു' എന്നു 'റബ്ബ്' പറഞ്ഞു എന്ന് എഴുതിക്കാണുന്നു. ദാവൂദ് നബി (ദാവീദ്) യുടെ 'സബൂർ' എൺപത്തിരണ്ടാം അധ്യായത്തിൽ 'അല്ലാഹു ദേവന്മാരുടെ സമൂഹത്തിൽ നിന്ന്' എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. അതുപോലെ തൗറാത്തിൽ (പഴയ നിയമം) ബിംബങ്ങൾ 'വിദേശ ദൈവങ്ങളാ'ണെന്നു പറഞ്ഞിട്ടുണ്ട്. അതിൽ ഈശ്വരനെ അല്ലാതെ മറ്റാരെയും ആരാധിക്കുന്നത് കഠിനമായി നിരോധിച്ചിരുന്നില്ലെങ്കിൽ പ്രസ്തുത വാചകത്തിനു വ്യാഖ്യാനം കൊടുത്തു വിദേശികളല്ലാത്തവരെ ആരാധിക്കാമെന്നു വകുപ്പുള്ളതായി കണ്ടുപിടിക്കുമായിരുന്നു. ഫലസ്തീൻ ദേശത്തിന്റെ പരിസരങ്ങളിൽ ജീവിച്ചിരുന്ന സമുദായക്കാർ ഗ്രീക്കുകാരെപ്പോലെ ബിംബാരാധനയിൽ ഏർപ്പെട്ടു വന്നവരാണ്. ഇസ്രായീൽ വംശജർ 'ബഅ്ല' 'അസ്തറൂസാ' എന്നീ ബിംബങ്ങളെ ആരാധിക്കുക പതിവായിരുന്നു. അങ്ങനെ അവരുടെ അഭിപ്രായത്തിൽ ഇലാഹ് (ദേവൻ) എന്നത് ദൈവദൂതന്മാർക്കും കഴിവുള്ള മഹാത്മാക്കൾക്കും ചമൽക്കാരരീത്യാ രാജാക്കന്മാർ, നേതാക്കൾ എന്നിവർക്കും പറയാവുന്നതാണ്. അതുപോലെ പിതാവ്, പുത്രൻ എന്നീ പ്രയോഗങ്ങൾ അറബി ഭാഷയിലെ അർത്ഥത്തിൽ തെറ്റാണെന്നു കാണാം. എന്തെന്നാൽ പിതാവ് എന്ന പദവുമായി അറബിയിലെ 'റബ്ബ്' എന്ന വാക്കിനു യാതൊരു സാമ്യവുമില്ല. മറ്റു ഭാഷകളിൽ അത്തരം പ്രയോഗങ്ങൾക്കു സാധുത്വമുള്ളതായി കാണാം. ഉദാഹരണത്തിന്, യജമാനൻ എന്ന അർത്ഥത്തിൽ പിതാവ് എന്നു സാധാരണ പറയാറുണ്ട്. ക്രിസ്ത്യാനികളിൽ ദൈവത്തിനു പിതാവെന്നും യേശുവിനു പുത്രനെന്നും പറയാത്തവർ ആ മതത്തിൽനിന്നു പുറത്തുപോയതായി കണക്കാക്കുന്നു. 'ആകാശത്തുള്ള പിതാവേ' എന്ന് പ്രാർത്ഥനാസമയത്ത് വിളിക്കാൻ യേശു അവരോട് ഉപദേശിച്ചിരുന്നു. 'പിതാവിങ്കലേക്കു പോകുന്നു' എന്നാണ് അവർ മരണത്തിനു പറഞ്ഞുവന്നത്. ജൂത

ന്മാർക്കും ക്രിസ്ത്യാനികളുടെ ഈ അഭിപ്രായത്തോടു വളരെ അധികം യോജിപ്പുള്ളതായി കാണാം. "ഒറിയ (Uriah) എന്ന സ്ത്രീയിൽ ഒരു പുത്രൻ ജനിക്കും. അവനെ ഞാൻ മകനാക്കും" എന്നു ദൈവം ദാവീദിനോടു പറഞ്ഞതായി 'സഫറുൽ മുൽക്' (പലായനം) എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ദാവീദിന്റെ പുത്രൻ സോളമൻ ദൈവത്തിന്റെ പുത്രനാണെന്നു വരുമ്പോൾ ദൈവം പിതാവും ആകാമല്ലോ. 'ദ്വിദേവ വാദി'കളായ മാനികളും ഈ കാര്യത്തിൽ ക്രിസ്ത്യാനികളെ പോലെ തന്നെയാണ്. അവരുടെ നേതാവായ 'മാനി' അദ്ദേഹത്തിന്റെ 'കൻസുൽ അഹ്‌യാ' എന്ന ഗ്രന്ഥത്തിൽ പറഞ്ഞത് ഇങ്ങനെയാണ്: "ദൈവ ദൂതന്മാർക്കും അവിവാഹിതർ, പിതാക്കൾ, മാതാക്കൾ, സഹോദരന്മാർ, സഹോദരികൾ, സന്താനങ്ങൾ എന്നിങ്ങനെ വിവിധ നാമങ്ങൾ പ്രവാചകന്മാരുടെ ഗ്രന്ഥങ്ങളിൽ കൊടുത്തിട്ടുണ്ട്. ദേവലോകത്തിൽ സ്ത്രീ-പുരുഷ വ്യത്യാസമോ സന്താനോല്പാദനമോ ഇല്ല. അവർ ദിവ്യത്വവും ജീവനുമുള്ള ശരീരികളും ശക്തി, നീളം, രൂപം, കാഴ്ച എന്നിവയിൽ സമന്മാരുമാണ്. ഭൂലോകവും ഉപരിലോകവുമായി ബന്ധപ്പെട്ടതുകൊണ്ടാണ് ഈ പേരുകൾക്ക് അവർ അർഹരായത്. ഇരുളടഞ്ഞ ഭൂലോകം അധഃപതനത്തിൽനിന്ന് എഴുന്നേല്ക്കുകയും ഉപരിലോകത്തെ ദേവന്മാർ അവരെ സ്ത്രീയും പുരുഷനും ചേർന്ന ഇണകളായി കാണുകയും ചെയ്താൽ അവരുടെ സന്താനങ്ങളായ ഉദ്ബുദ്ധ ജനങ്ങൾക്ക് തങ്ങളുടെ രൂപം നല്കുന്നതാണ്.

ഇന്ത്യക്കാരിൽ കാര്യവിവരുമുള്ളവർ ഈ അഭിപ്രായത്തെ എതിർക്കുന്നുണ്ടെങ്കിലും മതത്തിന്റെ പിടിയിലമർന്ന പൊതുജനം ഇതുപോലുള്ള ഗുണങ്ങൾ ആരോപിക്കുന്നതിൽ അതിരുകവിഞ്ഞ ഔത്സുക്യം പ്രകടിപ്പിക്കുന്നതായി കാണാം. ദേവന്മാർക്കുപോലും ഭാര്യ, മക്കൾ, സന്താനോല്പ്പാദനം മുതലായ പ്രകൃതി സ്വഭാവങ്ങൾ സങ്കല്പിക്കുന്നതിൽ അവർ മടി കാണിച്ചില്ല. ഇന്ത്യക്കാരുടെ പല അഭിപ്രായങ്ങളും മതവിശ്വാസങ്ങളും മത സംരക്ഷകന്മാരുടെ ദൃഷ്ടിയിൽ അദ്വൈത സിദ്ധാന്തങ്ങളെ അവലംബിച്ചുള്ളവയാണ്. 'ഗീത'യിൽ വാസുദേവൻ ഇങ്ങനെ പറഞ്ഞു: "കൂലങ്കഷമായി പരിശോധിച്ചാൽ എല്ലാ വസ്തുക്കളിലും ദിവ്യത്വമുള്ളതായി കാണാം. വിഷ്ണു സർവ്വ ജീവജാലങ്ങൾക്കും താമസിക്കുന്നതിനുള്ള ഭൂമി, വെള്ളം, കാറ്റ് മുതലായവ പ്രദാനം ചെയ്യുന്നവനും എല്ലാവരുടെയും ഹൃദയത്തിൽ സാദാ കുടികൊള്ളുന്നവനും ഓർമ്മശക്തി, അറിവ് ഇവയുടെ നിദാനവുമാണെന്നു വേദത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്."

'അപ്പോളോനിയസ്' എന്ന ഗ്രന്ഥത്തിൽ കാര്യകാരണ ബന്ധങ്ങളെ കുറിച്ചു ഗ്രന്ഥകാരൻ കൊടുത്ത വിവരണവും മുകളിൽ ഉദ്ധരിച്ച പ്രസ്താവനയുമായി വളരെ അധികം യോജിപ്പുള്ളതായി കാണാം.

പ്രസ്തുത ഗ്രന്ഥത്തിൽ ഈ വിധം രേഖപ്പെടുത്തിയിരിക്കുന്നു: "എല്ലാ ആളുകളിലും ദിവ്യശക്തിയുണ്ട്. ഈ കാരണത്താലാണ് നേരിട്ടും അല്ലാതെയും വസ്തുക്കളെ പറ്റി കൂടുതൽ മനസ്സിലാക്കാൻ കഴിയുന്നത്. പ്രത്യേകമായ ഒന്നിനെ മാത്രം വിവക്ഷിക്കാതെ 'ഉള്ളത്' എന്ന് അർത്ഥം വരുന്നതും ദൈവത്തിന് ഉപയോഗിച്ചുവരുന്നതുമായ പേർഷ്യൻ ഭാഷയിസലെ 'ഖുദാ' എന്ന പദത്തിൽ നിന്ന് ഉത്ഭവിച്ച വാക്കുകൾ മനുഷ്യരെ സംബന്ധിച്ചും ഉപയോഗിക്കാറുണ്ട്."

എന്നാൽ, കൂലങ്കഷമായി പരിചിന്തനം ചെയ്യാത്ത ആളുകൾ ആത്മാവിനും 'പുരുഷ്' എന്നു പറയാറുണ്ട്. ഇതുകൊണ്ട് അവർ ഉദ്ദേശിക്കുന്നത് 'ആത്മാവ്' എന്നാണ്. അവരുടെ അഭിപ്രായത്തിൽ അറിവില്ലാത്തതും അറിയാനുള്ള കഴിവുള്ളതും അദ്ധ്വാനിച്ചു വിദ്യ കരസ്ഥമാക്കുന്നതുമായ ഒന്നാണിത്. ആത്മാവിന്റെ അടുത്ത അവസ്ഥ 'ഹയൂല' ആണ്. ഇതിന് അവ്യക്തമായത് (സ്വരൂപമില്ലാത്തത്) എന്ന് അവർ പറയുന്നു. അത് ജീവനില്ലാത്തതും 'സതു' 'രഹു' 'തമു' എന്നീ മൂന്നു ഗുണങ്ങൾ അന്തർലീനമായതുമാണ്. ബുദ്ധദേവൻ അദ്ദേഹത്തിന്റെ നാമധേയത്തിലുള്ള ഒരു ധർമ്മ സംഘത്തിനു ബുദ്ധി, മതം, അജ്ഞത എന്നിവ കഴിവുകളുടെ ഇനത്തിൽ വിവരിച്ചുകൊടുത്തതായി ഞാൻ കേട്ടിട്ടുണ്ട്. ഇവയിൽ ഒന്നാമത്തേത് സൗഖ്യവും നന്മയുമാണ്. അതിൽനിന്നാണ് ഉത്ഭവവും വളർച്ചയുമുണ്ടാകുന്നത്. രണ്ടാമത്തേത് വിഷമമാണ്. അതിൽനിന്നു സ്ഥിരതയും നിലനിൽപ്പും ഉണ്ടാകുന്നു. മൂന്നാമത്തേതു ബലഹീനതയാണ്. അതിൽനിന്നാണ് നാശം ഉത്ഭവിക്കുന്നത്. ഇവയിൽ ഒന്നാമത്തേത് ദേവന്മാരുമായും രണ്ടാമത്തേത് മനുഷ്യരുമായും മൂന്നാമത്തേത് ജന്തുക്കളുമായും ബന്ധപ്പെട്ടതായി കണക്കാക്കുന്നു. ഈ പറഞ്ഞ സംഗതികളെല്ലാം മുമ്പിലും പിമ്പിലുമായി മാറിമറിഞ്ഞു കിടക്കുന്നവയായി ഗണിക്കാമെന്നു വരികിലും സമയം എല്ലാറ്റിനും ഒന്നുതന്നെയാണ്. സ്വരൂപവും മേൽ പ്രസ്താവിച്ച മൂന്ന് ഗുണങ്ങളും പ്രയോഗത്തിലുള്ളതായ ജഢപദാർത്ഥത്തിന് വ്യക്തമായതെന്നും ഇവയെല്ലാം കൂടിച്ചേരുന്നതിനു 'പ്രകൃതി' എന്നും പറയുന്നു. മേന്മ, നാട്യം, ഡംബ് എന്നൊക്കെയാണ് അതുകൊണ്ട് ഉദ്ദേശിക്കുന്നത്. പദാർത്ഥം സ്വരൂപവുമായി ചേരുമ്പോൾ വസ്തുക്കൾ വളരാനും വികസിക്കാനും തുടങ്ങുകയും അതോടൊപ്പം ആ സ്വഭാവം വളരുകയും ശക്തി പ്രാപിക്കുകയും ചെയ്യുന്നു. ഏതൊരു സംയുക്തവസ്തുവിനും കുറേ കേവല വസ്തുക്കളുണ്ടാകുമല്ലോ. അവ കൂടിച്ചേരുമ്പോഴാണ് സംയുക്ത വസ്തുക്കൾ ഉണ്ടാകുന്നത്. അവയെ വിഭജിച്ചാൽ കേവല വസ്തുക്കളായി മാറുന്നതുമാണ്. ഭൂമുഖത്തു കാണുന്ന എല്ലാ സംയുക്ത വസ്തുക്കളും ആകാശം, ഭൂമി, കാറ്റ്, വെള്ളം, തീ എന്നീ 'പഞ്ചഭൂതങ്ങൾ' ചേർന്നുണ്ടായ സംയുക്തങ്ങളാണ്. ഇവയ്ക്കവർ 'മഹാത്ഭുതം'

എന്നു പറയുന്നു. തീ എന്നതുകൊണ്ട് അവർ ഉദ്ദേശിക്കുന്നത് ചൂടുള്ള വായുവല്ല. മറിച്ച് കത്തിയെരിയുന്ന തീയാണ്. വായൂപുരാണത്തിൽ ഇങ്ങനെ പറയുന്നു: പണ്ട് ഭൂമിയും വെള്ളവും കാറ്റും ആകാശവും ഉണ്ടായിരുന്നു. അങ്ങനെയിരിക്കെ 'ബ്രഹ്മൻ' ഭൂമിയുടെ ഉള്ളിൽ ഒരു തീപൊരി കണ്ടു. അപ്പോൾ അദ്ദേഹം അതിനെ പുറത്തെടുത്തു മൂന്നായി ഭാഗിച്ചു.

1. 'പാർത്ഥിവം:' ഇതു വെള്ളമൊഴിച്ചാൽ കെട്ടുപോകുന്ന തീയാണ്.
2. 'ദീപ്തി:' ഇതു സൂര്യനാണ്.
3. 'വൈദ്യുതം:' ഇതു മിന്നലാണ്.

സൂര്യൻ വെള്ളത്തെ ആകർഷിക്കുന്നു. വൈദ്യുതി വെള്ളത്തിൽ നിന്നു ശക്തി സമ്പാദിക്കുന്നു. ജീവികൾ അഗ്നി, ഈർപ്പം ഇവയുടെ സംയുക്ത ഫലമാണ്. അതു കാരണമാണ് അവ ആഹാരം വലിച്ചെടു ക്കുന്നത്. ഈ അഗ്നി വെള്ളംകൊണ്ട് കെട്ടുപോകുന്നില്ല. ഈ ഭൂതങ്ങ ളെല്ലാം സംയുക്തങ്ങളാണ്. അവയ്ക്ക് കേവല ഭാഗങ്ങളുണ്ട്. ഇവയെ 'പഞ്ചമാതൃ' എന്നും പഞ്ചേന്ദ്രിയങ്ങൾക്ക് 'ഗോചരമായവ' എന്നും പറ യുന്നു.

ആകാശത്തിന്: 'ശബ്ദം' = കേൾക്കപ്പെടുന്നത് എന്നും തീയ്ക്ക്, 'രൂപം' = കാണപ്പെടുന്നത് എന്നും, വെള്ളത്തിന്, 'രുചി' = സ്വാദ് ആസ്വ ദിക്കപ്പെടുന്നത് എന്നും, ഭൂമിയ്ക്ക് 'ഗന്ധം' = വാസന ഉള്ളതെന്നും കാറ്റിന് 'സ്പർശം' = അനുഭവിച്ചറിയുന്നതെന്നും പറയുന്നു.

ഭൂമിയെ മേൽ പ്രസ്താവിച്ച അഞ്ചു മാർഗ്ഗങ്ങളിലൂടെയും അറിയാൻ കഴിയും. എന്നാൽ, വെള്ളം വാസനകൊണ്ടറിയപ്പെടുന്നില്ല. തീ വാസ നകൊണ്ടും രുചി കൊണ്ടും അറിയപ്പെടുന്നില്ല. കാറ്റ് ഇവ രണ്ടുകൊ ണ്ടും കാഴ്ചകൊണ്ടും അറിയപ്പെടുന്നില്ല. ആകാശം കേൾവികൊണ്ടു മാത്രമേ അറിയപ്പെടുന്നുള്ളൂ. ശബ്ദവും ആകാശവും തമ്മിൽ ബന്ധ പ്പെടുത്തുന്നതുകൊണ്ട് ഇവർ ഉദ്ദേശിക്കുന്നതെന്താണെന്ന് എനിക്കു മന സ്സിലാകുന്നില്ല. ഗ്രീക്ക് കവിയായ 'ഓമിറൂസ്' പറഞ്ഞതു തന്നെയാവണം ഇവരുടെയും ഉദ്ദേശ്യമെന്നു ഞാൻ ഊഹിക്കുന്നു. അദ്ദേഹം പറയുന്നു: "രാഗങ്ങൾ ഉള്ള ഏഴ് ആകാശങ്ങൾ ശബ്ദിക്കുകയും നല്ല ശബ്ദത്തിൽ പ്രതിനാദമുണ്ടാക്കുകയും ചെയ്യുന്നു." അദ്ദേഹം ഉദ്ദേശിച്ചത് ഏഴ് നക്ഷ ത്രങ്ങളെ ആയിരുന്നു. മറ്റു കവികൾ ഇങ്ങനെ ഉദ്ധരിച്ചു: "വിവിധ രാഗ ങ്ങൾ ഉള്ള ഏഴ് ആകാശങ്ങൾ അവയുടെ സ്രഷ്ടാവിനെ സ്തോത്രം ചെയ്ത് എപ്പോഴും ചലിക്കുന്നവയാണ്. അവനത്രെ ആ ആകാശങ്ങ ളെയും അവയ്ക്കപ്പുറത്തെ നക്ഷത്രങ്ങളില്ലാത്ത ആകാശത്തെയും കൂടി നടത്തുകയും സംരക്ഷിക്കുകയും ചെയ്യുന്നത്." പോർഫിരി (Porphyry) ഗോളങ്ങളുടെ പ്രകൃതത്തെ സംബന്ധിച്ച മഹാന്മാരായ തത്വചിന്തക ന്മാരുടെ അഭിപ്രായങ്ങളെ പറ്റി വിവരിക്കുന്ന തന്റെ ഗ്രന്ഥത്തിൽ പറ

യുന്നു: "പിതാഗോറസും (Pythagorous) ഡയഗ്നസും (Diognes) പറഞ്ഞതുപോലെ വ്യവസ്ഥാപിതമായ രൂപത്തിലും മാർഗ്ഗത്തിലും അത്ഭുതാവഹമായ രാഗങ്ങളോടെയുള്ള ഉപരിഗോളങ്ങളുടെ ചലനം നിസ്തുലനും രൂപരഹിതനുമായ കർത്താവിന്റെ അസ്തിത്വത്തെ തെളിയിക്കുന്നു." ഡയഗ്നസ് വളരെ സൂക്ഷ്മശ്രവണ ശക്തിയുള്ള ആളായതിനാൽ അദ്ദേഹത്തിനു ഗോളങ്ങളുടെ ചലനം കേൾക്കാൻ സാധിച്ചിരുന്നുവെന്നു പറയപ്പെടുന്നു. ഇതെല്ലാം ചില പ്രത്യേക സൂചനകളാണ്. അവയെ വ്യാഖ്യാനിക്കുമ്പോൾ ഒരേ നിയമത്തെ തന്നെ അവലംഭിച്ചതായി കാണാം. കാര്യം ശരിക്കു ഗ്രഹിക്കാത്ത അവരുടെ പിൻഗാമികളിൽ ചിലർ ഇങ്ങനെ പറയാറുണ്ട്: "കാഴ്ച വെള്ളത്തോടും വാസന തീയോടും രുചി ഭൂമിയോടും സ്പർശം ശരീരത്തിലുള്ള ജീവനോടും ബന്ധപ്പെട്ടതാണ്." കണ്ണിന്റെ തണുപ്പും നനവുമുള്ള നില കണ്ടതുകൊണ്ട് അതിനെ വെള്ളമായും പുക കണ്ടതുകൊണ്ട് വാസനാശക്തിയെ തീയായും ആഹാരം നല്കുന്നതുകൊണ്ട് രുചിയെ ഭൂമിയായും ബന്ധപ്പെടുത്തിയതാവണം. ചതുർഭൂതങ്ങൾ അവസാനിച്ചതുകൊണ്ട് സ്പർശത്തെ ആത്മാവുമായി ഇവർ ബന്ധപ്പെടുത്തിയതാവാം എന്നാണ് ഞാൻ ഊഹിക്കുന്നത്.

ജീവികളുടെ ഇന്ദ്രിയങ്ങളെ കുറിച്ചാണ് ഇതുവരെ പ്രസ്താവിച്ചത്. ഇന്ത്യക്കാരുടെ അഭിപ്രായത്തിൽ സസ്യവർഗ്ഗവും ജിവികളിൽ പെടുന്നു. 'പ്ലാറ്റോ' പറയുന്നത് സസ്യങ്ങൾക്കു ബോധവും അറിവുമുണ്ടെന്നാണ്. ഈ കാരണത്താലാണ് ഇതര ജന്തുക്കളെ പോലെ യോഗ്യവും അയോഗ്യവുമായവയെ വേർതിരിച്ചു സ്വീകരിക്കുന്നതിനുള്ള കഴിവ് അവയ്ക്കുള്ളത്.

ഇതിനുള്ള ഉപകരണങ്ങൾ അഞ്ചാണ്: 'ഇന്ദ്രിയങ്ങൾ' എന്നാണ് അവയ്ക്കു പറയുന്നത്. കാതുകൊണ്ടുള്ള കേൾവി, കാണ്ണുകൊണ്ടുള്ള കാഴ്ച, മൂക്കുകൊണ്ടുള്ള വാസന, നാവുകൊണ്ടുള്ള രുചി, തൊലികൊണ്ടുള്ള സ്പർശം എന്നിവയത്രെ അവ. ഈ അറിവ് കൈകാര്യം ചെയ്യുന്നത് ഹൃദയത്തിലാണ്. ഇതിനു 'മനസ്സ്' എന്ന് അവർ പറയുന്നു. അഞ്ച് അതിപ്രധാനങ്ങളായ പ്രവർത്തനങ്ങൾക്കൊണ്ടു മാത്രമേ ഒരു വസ്തു ജീവനുള്ളതാവുകയുള്ളൂ. പ്രവർത്തനോപകരണങ്ങൾക്ക് 'കർമ്മേന്ദ്രിയങ്ങൾ' എന്നാണ് അവർ പറയുന്നത്. പഞ്ചേന്ദ്രിയങ്ങൾക്കൊണ്ട് അറിവും കർമ്മേന്ദ്രിയങ്ങൾക്കൊണ്ട് പ്രവർത്തനവും ലഭിക്കുന്നു. പ്രവർത്തനേന്ദ്രിയങ്ങൾക്ക് 'അത്യാവശ്യമായവ' എന്നും നമുക്ക് പേരുകൊടുക്കാം. അവ: ആവശ്യവും ഉദ്ദേശ്യവുമനുസരിച്ച്, ശബ്ദിക്കുന്നതിന് വായ ഉപയോഗപ്പെടുത്തുക, എടുക്കാനും കൊടുക്കാനും കൈ ഉപയോഗിക്കുക, ഓടാനും തേടാനും കാലുപയോഗിക്കുക, മലമൂത്ര വിസർജ്ജനത്തിനായി അതിനുള്ള ദ്വാരങ്ങൾ ഉപയോഗപ്പെടുത്തുക

എന്നിങ്ങനെയാണ്. അപ്പോൾ എല്ലാം കൂടി ഇരുപത്തഞ്ച് ആയി. അതായത്: ആത്മാവ്, ജഢപദാർത്ഥം, സ്വരൂപം നല്കുന്ന ധാതു, അറിവ് കൈകാര്യം ചെയ്യുന്ന മനസ്സ്, പ്രകൃതിസ്വഭാവം, പഞ്ചമാതൃകകൾ, പഞ്ചഭൂതങ്ങൾ, പഞ്ചേന്ദ്രിയങ്ങൾ, കർമ്മേന്ദ്രിയങ്ങൾ ഇത്യാദിയാകുന്നു. ഇവയ്ക്കെല്ലാറ്റിനുംകൂടി 'തത്വങ്ങൾ' എന്നു പറയുന്നു. അതുകൊണ്ടാണ് 'പരാശരു'ടെ പുത്രൻ 'വ്യാസൻ' ഇങ്ങനെ പറഞ്ഞത്: "ഈ ഇരുപത്തഞ്ച് കാര്യങ്ങൾ വിശദമായും ക്ലിപ്തമായും ദൃഢമായും അറിയുക. വെറുതെ ചൊല്ലി പഠിക്കുക മാത്രമല്ല വേണ്ടത്. പിന്നീട് ഏതു മതം സ്വീകരിച്ചാലും നിനക്കു മോചനം നേടാം."

അധ്യായം 4

# പ്രവർത്തന കാരണവും ആത്മാവും ജഡപദാർത്ഥവും തമ്മിലുള്ള ബന്ധവും

ജീവൻ ആവിർഭവിക്കുകയും ജീവിയും ജീവനും തമ്മിൽ ബന്ധപ്പെടുകയും ചെയ്യുമ്പോഴല്ലാതെ ജീവികളിൽനിന്ന് ഇച്ഛാനുസരണമുള്ള പ്രവർത്തനങ്ങൾ ഉണ്ടാകുന്നതല്ല. പ്രയോഗത്തിൽ ആത്മാവ് ജഡപദാർത്ഥത്തെ സംബന്ധിച്ച തികഞ്ഞ അജ്ഞതയിൽ കഴിഞ്ഞുവരികയും ജഡം ഒന്നുകൊണ്ടല്ലാതെ തനിക്കു നിലനില്പില്ലെന്നു കരുതുകയും ചെയ്യുന്നു. ഇക്കാരണത്താൽ നിത്യനിലനില്പിനു കാംക്ഷിക്കുകയും ശരീരത്തിൽ ഒളിഞ്ഞുകിടക്കുന്ന രഹസ്യങ്ങൾ മനസ്സിലാക്കാനും അതുമായി സംയോജിക്കാനും ശ്രമിക്കുകയും ചെയ്യുന്നു. ശരീരമുള്ളതും ശരീരമില്ലാത്തതുമായ രണ്ടു വസ്തുക്കൾ അവയുടെ പ്രത്യേക ഗുണങ്ങളുടെ ഉച്ചകോടിയിൽ തന്നെ സ്ഥിതിചെയ്യുകയാണെങ്കിൽ അവ രണ്ടും തമ്മിൽ മദ്ധ്യസ്ഥ മാർഗ്ഗങ്ങൾ കൂടാതെ അടുക്കുക സാദ്ധ്യമല്ല. വൈരുദ്ധ്യസ്വഭാവമുള്ള അഗ്നിയും വെള്ളവും തമ്മിൽ അടുപ്പിക്കുന്നതിനു വായു അത്യാവശ്യമായതുപോലെ ശരീരിയും അശരീരിയും തമ്മിലുള്ള വിടവ് ഭയങ്കരമായതിനാൽ ആത്മാവിനു മധ്യസ്ഥ മാർഗ്ഗങ്ങൾ മുഖേനയല്ലാതെ തന്റെ ഉദ്ദേശ്യങ്ങൾ നേടുക സാധ്യമല്ല. 'പഞ്ചമാതൃക'കളിൽ നിന്നും 'ഭൂർലോഗ്', 'ഭൂബർ ലോഗ്', 'സഫർ ലോഗ്' (ഭൂലോകം, =അടുത്ത ലോകം, ഭൂവർലോകം=മദ്ധ്യലോകം, സ്വർലോകം =അകന്ന ലോകം) എന്നീ ലോകങ്ങളിൽ ഉത്ഭവിക്കുന്ന ചൈതന്യങ്ങളാണ് പ്രസ്തുത മദ്ധ്യസ്ഥ മാർഗ്ഗങ്ങൾ. അവയ്ക്കു ലഘുശരീരങ്ങൾ എന്നു പറയുന്നു. സൂര്യൻ വിവിധ കണ്ണാടികളിലും വെള്ളപ്പാത്രങ്ങളിലും ഓരോ നിലയിൽ പ്രതിബിംബിക്കുന്നതുപോലെ ആത്മാവ് ഈ ലഘുശരീരങ്ങളിൽ പ്രതിബിംബിക്കുകയും അവയെ പ്രകാശിപ്പിക്കുകയും ചെയ്യുന്നു. ശരീരങ്ങൾ വിവിധ ധാതുക്കളാൽ കൂടിച്ചേരുകയും ആണും പെണ്ണുമായി വേർതിരിഞ്ഞു ജീവൻ സ്വീകരിക്കാൻ തയ്യാറാ

വുകയും ചെയ്താൽ, ആ ലഘുശരീരങ്ങളുമായി ബന്ധപ്പെടുകയും ഈ ലഘുശരീരങ്ങൾ അവയ്ക്ക് ഉപകരണങ്ങളായി ഭവിക്കുകയും ചെയ്യുന്നു. അപ്പോൾ അഞ്ചു തരത്തിലുള്ള കാറ്റുകൾ ശരീരത്തിൽ പ്രവേശിക്കുകയും അവയിൽ ഒന്നും രണ്ടും ശ്വാസോച്ഛ്വാസത്തിന് ഉപകരിക്കുകയും മൂന്നാമത്തേത് ആമാശയത്തിൽ ഭക്ഷ്യപദാർത്ഥങ്ങൾ ദഹിപ്പിക്കുകയും നാലാമത്തേത് ശരീരത്തിനു ചനല സൗകര്യങ്ങൾ ഉണ്ടാക്കുകയും അഞ്ചാമത്തേത് ശരീരത്തിൽ ബോധശക്തി ഉണ്ടാക്കുകയും ചെയ്യുന്നു. ഇന്ത്യക്കാരുടെ അഭിപ്രായത്തിൽ സാധാരണ നിലയിൽ ആത്മാക്കൾ തമ്മിൽ വ്യത്യാസമില്ലെങ്കിലും, ശരീരവുമായി ബന്ധപ്പെടുമ്പോൾ അവയുടെ സ്വഭാവങ്ങളനുസരിച്ചു വ്യത്യാസപ്പെടുന്നതാണ്. ഇതാണ് പ്രവൃത്തിയുടെ ഉത്ഭവത്തിനു പ്രധാന കാരണം. കഴിവിൽ നിന്നു പ്രവർത്തിയിലേക്കു ചലിക്കുക എന്നത് പൂർണനില കൈവരുത്താനുള്ള ജഡപദാർത്ഥത്തിന്റെ ജിജ്ഞാസയാണ്. മത്സരബുദ്ധിയും അധികാരമോഹവും സ്വാഭാവികമായതിനാൽ അവ പ്രകടമാക്കാൻ സർവ്വ കഴിവുകളും മനുഷ്യൻ ഉപയോഗിക്കുന്നു. ശരീരപ്രകൃതിയെ സമർത്ഥമായ ഒരു നർത്തകിയോട് അവൻ സാമ്യപ്പെടുത്തുന്നു. കാണികളെ പ്രീതിപ്പെടുത്താനും ആകർഷിക്കാനും അവളുടെ മുഴുവൻ കഴിവുകളും ഉപയോഗിച്ചുകഴിഞ്ഞാൽ പിന്നെ പഴയതുതന്നെ ആവർത്തിക്കുകയല്ലാതെ അവൾക്കു നിവൃത്തിയില്ലല്ലോ. ആത്മാവും ശരീരവും കൂടിച്ചേരുമ്പോൾ ഉത്ഭൂതമാകുന്ന കഴിവിന് ഏറ്റവും നല്ല ഉദാഹരണം കൂട്ടുകാരെല്ലാം ഭയാനകമായ ഒരു ഭൂമിയിൽ ഉപേക്ഷിച്ചുപോയ കുരുടന്റെയും ചലിക്കാൻ കഴിവില്ലാത്ത ബലഹീനന്റെയും കഥയാണ്. ബലഹീനൻ കുരുടനോട് "ഞാൻ കാഴ്ചയുള്ള ബലഹീനും നീ കാഴ്ചയില്ലാത്ത ആരോഗ്യവാനുമാണ്. അതിനാൽ, നീ എന്നെ നിന്റെ ചുമലിൽ കയറ്റുകയാണെങ്കിൽ നമുക്ക് ഈ നിസ്സഹായാവസ്ഥയിൽനിന്നു രക്ഷ പ്രാപിക്കാൻ കഴിയും" എന്നു പറയുകയും അങ്ങനെ അവർ രക്ഷപ്പെടുകയും ചെയ്തു.

മേൽ വിവരിച്ചതുപോലെ കർത്താവിനെക്കുറിച്ച് അവർക്കു ഭിന്നാഭിപ്രായങ്ങളാണുള്ളത്. വിഷ്ണുപുരാണത്തിൽ ഇങ്ങനെ പറയുന്നു: "ജഡപദാർത്ഥമാണ് ലോകത്തിൽ മൂലധാതു. അതിന്റെ പ്രവർത്തനം പ്രകൃത്യായുള്ളതും ഇച്ഛക്കു വിധേയമല്ലാത്തതുമാകുന്നു. വിത്തുകൾ അതിന്റെ ഇച്ഛ കൂടാതെ ക്രമേണ മുളച്ചു മരമാകുന്നു. കാറ്റ് ഇച്ഛയില്ലാതെ വെള്ളത്തെ തണുപ്പിക്കുന്നു. ഇച്ഛാപ്രവർത്തനം വിഷ്ണുവിനു മാത്രമേയുള്ളൂ. ഇവിടെ 'വിഷ്ണു' എന്ന പദംകൊണ്ട് വിവക്ഷ ആത്മാവെന്നാണ്. അതുമുഖേന ശരീരം പ്രവർത്തിക്കുകയും സ്നേഹിതനെപോലെ ആത്മാവിനെ സഹായിക്കുകയും ചെയ്യുന്നു. യേശുക്രിസ്തുവിനോട് അദ്ദേഹത്തിന്റെ കൂട്ടുകാർ ശവത്തിനു ജീവനുണ്ടാകുന്നതിനെ

കുറിച്ചു ചോദിച്ചപ്പോൾ, “ആത്മാവ് ശരീരവുമായി പിരിഞ്ഞാൽ ശരീരം ശവമായിത്തീരുന്നു. അതിനു ജീവനുണ്ടാവുക സാധ്യമല്ല. ശരീരവുമായി പിരിഞ്ഞാൽ ആത്മാവ് ഒരിക്കലും മരിക്കുന്നില്ല.” എന്നിങ്ങനെ മറുപടി പറഞ്ഞത് ഈ യാഥാർത്ഥ്യത്തെ തെളിയിക്കുന്നുണ്ടെന്നു മാനി പറയുന്നു. ‘സാംഖ്യം’ എന്ന പുസ്തകത്തിൽ പറഞ്ഞതു നോക്കാം: “പ്രവർത്തനത്തെ ശരീരത്തിന്റേതെന്നു ഗണിക്കുന്നത് ശരീരത്തിലുള്ള ദിവ്യത്വം, മനുഷ്യത്വം, ജന്തുസ്വഭാവം എന്നിവ മാറിമാറി വരുന്നതുകൊണ്ടാണ്. ഈ മൂന്നു ഗുണങ്ങളും ശരീരത്തിന്റേതു മാത്രമാണ്. ആത്മാവും ഇവയുമായി യാതൊരു ബന്ധവുമില്ല. ഓരോരുത്തരം പ്രത്യേകം പ്രത്യേകം പ്രവൃത്തി ചെയ്യുന്ന ഒരു നാട് കണ്ട് ആശ്ചര്യത്തോടെ ആ നാട്ടുകാരെ വീക്ഷിക്കുകയും അവരുടെ വൈരുദ്ധ്യ സ്വഭാവങ്ങളിൽനിന്നും പ്രവർത്തനങ്ങളിൽനിന്നും പാഠം പഠിച്ച് ഒന്നിലും പങ്കെടുക്കാതെ ഒരിടത്ത് ഒറ്റക്കുനിന്നു വിമർശിക്കുകയും ചെയ്യുന്ന ഒരു യാത്രക്കാരന്റെ സാദൃശ്യമാണ് ആത്മാവിനുള്ളത്. അവിചാരിതമായി കള്ളന്മാരുടെ കൂടെ നടക്കേണ്ടിവരികയും പേലീസ് അവരെ പിടിച്ചു ബന്ധിച്ചപ്പോൾ അവരുടെ കൂട്ടത്തിൽ പെട്ടുപോകുകയും ചെയ്ത ഒരാളിന്റെ നിലയാണ് ശരീരത്തിന്റെ പ്രവർത്തനങ്ങളിൽനിന്ന് ഒഴിഞ്ഞുനിൽക്കുന്ന ആത്മാവിന്റേത്. അവർ പറയുന്നു: “ആകാശത്തുനിന്ന് ഒരേനിലയിൽ പെയ്തുകൊണ്ടിരിക്കുന്ന മഴപോലെയാണ് ആത്മാവ്. മഴ ശേഖരിക്കപ്പെടുന്ന സ്ഥലവും പാത്രങ്ങളും അനുസരിച്ചു വെള്ളത്തിന്റെ രുചി, വാസന, നിറം എന്നിവ വ്യത്യസ്തങ്ങളാവും. ആത്മാവ് ശരീരത്തിനു ജീവൻ നല്കുക മാത്രം ചെയ്യുന്നു. ശാരീരിക പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ അതിന്റെ മൂന്ന് സ്വഭാവങ്ങളനുസരിച്ചു പ്രവർത്തനങ്ങളും വ്യത്യാസപ്പെട്ടുവരുന്നു. ശരീരവുമായി ബന്ധപ്പെട്ട ആത്മാവിന്റെ നില ഒരു വാഹനത്തിൽ സവാരി ചെയ്യുന്നവനോടു തുല്ല്യമാണ്. ഇന്ദ്രിയങ്ങൾ ആത്മാവിനു സേവനം അനുഷ്ഠിക്കുന്നു. ദൈവാനുഗ്രഹമായി ലഭിക്കുന്ന ബുദ്ധി യാഥാർത്ഥ്യങ്ങൾ കാണാനും ദൈവത്തെ മനസ്സിലാക്കാനും സദ്കർമ്മങ്ങൾ കണ്ടു പഠിക്കാനുമുള്ള ഒരു ഉപകരണമായാണ് അവർ കരുതുന്നത്.

അധ്യായം 5

# അവതാര സിദ്ധാന്തം

ഏകദൈവ സിദ്ധാന്തം മുസ്‌ലിംകളുടെയും ത്രിദൈവത്വ വാദം ക്രിസ്ത്യാനികളുടെയും ശനിവാരം ജൂതന്മാരുടെയും ചിഹ്നങ്ങളായതു പോലെ അവതാര സിദ്ധാന്തം ഇന്ത്യക്കാരുടെ മതചിഹ്നങ്ങളാണ്. അവതാരസിദ്ധാന്തങ്ങളിൽ വിശ്വസിക്കാത്തവനെ മതത്തിൽനിന്നു പുറംതള്ളപ്പെട്ടവനായി അവർ കരുതുന്നു.

അവരുടെ വാദഗതി ഇങ്ങനെ പോകുന്നു:

"ആത്മാവിനു സ്വന്തമായി ഗ്രാഹ്യശക്തിയില്ല. അതുകൊണ്ട് മുഴുവൻ കാര്യങ്ങളും ഒരേ സമയത്തു പൂർണമായി അറിയുക സാധ്യമല്ല. ഓരോ വസ്തുവിനെ സംബന്ധിച്ചും ക്രമേണ പഠിക്കേണ്ടിവരികയും വസ്തുക്കൾ വളരെയധികം ഉള്ളതുകൊണ്ട് ഇതിനു ദീർഘകാലം ആവശ്യമായി വരികയും ചെയ്യുന്നു. ഈ കാരണത്താൽ വ്യക്തികളെയും വിവിധ തരക്കാരെയും അവരുടെ സ്ഥിതിഗതികളെയും സംബന്ധിച്ചു നല്ലതുപോലെ പഠിച്ചും പരീക്ഷണങ്ങൾ നടത്തിയും നവം നവങ്ങളായ അറിവുകൾ കരസ്ഥമാക്കേണ്ടിയിരിക്കുന്നു. പ്രവൃത്തികളാണെങ്കിൽ വിവിധ തരത്തിൽ നടക്കുകയും ചെയ്യുന്നു. ലോകം നിയന്ത്രിതമായ എന്തോ ഒരു ലക്ഷ്യത്തിനുവേണ്ടി നീങ്ങിക്കൊണ്ടിരിക്കുകയാണുതാനും. അതിനാൽ, നിത്യജീവികളായ ആത്മാക്കൾ നാശോന്മുഖമായ ശരീരങ്ങളിൽ നല്ലതും ചീത്തയുമായി വിവിധ പ്രവർത്തനങ്ങളിൽ വ്യാപൃതരായി സഞ്ചരിക്കുകയാണ്. ആത്മാവ് അനുനിമിഷം നേടുന്ന ഫലങ്ങൾ ഹേതുവായി നല്ലതു ചെയ്യാനും ചീത്തയെ കൈവെടിയാനും നിർബന്ധിതമാകുന്നു. ഈ വിധം ചീത്തയെ വെടിഞ്ഞ് നല്ലതുൾകൊണ്ട് അത് ഉയർച്ചയിൽനിന്ന് ഉയർച്ചയിലേക്കു ഗമിക്കുകയാണ്. ശരീരപ്രകൃതിയനുസരിച്ചു പ്രവർത്തനങ്ങളുടെ സ്വഭാവം മാറുന്നു എന്നേ വ്യത്യാസമുള്ളൂ.

ശരീരവും ആത്മാവും പുരോഗമിക്കുന്നതുകൊണ്ട് എല്ലായ്പ്പോഴും പുതിയത് പഴയതിനേക്കാൾ മെച്ചപ്പെട്ടതാവും. ആത്മാവ് പല കാര്യ

ങ്ങളും അനുഭവത്തിൽനിന്നും മറ്റും ഗ്രഹിക്കുകയും സ്വന്തമായി ഉന്ന തികളെയും അവയുടെ നിലനിൽപ്പിനെയും പറ്റി മനസ്സിലാക്കുകയും അവയിൽ വിശ്വാസം ഉറപ്പിക്കുകയും അവസാനം ശരീരം ആവശ്യമി ല്ലെന്ന ഒരു നിലയിൽ എത്തിച്ചേരുകയും അങ്ങനെ മോചനം നേടുകയും ചെയ്യുന്നു. എള്ളിൻവിത്തിൽനിന്നു വെളിച്ചം നല്കുന്നതിനുള്ള എണ്ണ സംഭരിച്ചുകഴിഞ്ഞ് അതിന്റെ ശരീരം ചണ്ടിയായി തള്ളുന്നതുപോലെ യാണ് ആത്മാവിന്റെയും നില. ഇവിടെ അറിവും അറിയുന്നതും അറി യപ്പെടുന്നതും ഒരേ വസ്തു തന്നെയാവുന്നു.

ഈ വിഷത്തെ സംബന്ധിച്ച് ഇന്ത്യക്കാരുടെ വ്യക്തമായ പ്രസ്താ വനകളും അതിനോടു യോജിക്കുന്ന മറ്റുള്ളവരുടെ അഭിപ്രായങ്ങളും നമുക്കിവിടെ വിവരിക്കാം. രണ്ട് യുദ്ധനിരകളുടെ ഇടയിൽനിന്നു വാസു ദേവൻ അർജ്ജുനനെ യുദ്ധത്തിനു പ്രേരിപ്പിച്ച് ഇങ്ങനെ പ്രസ്താവി ക്കുന്നു:

“നീ വിധിയിൽ വിശ്വസിക്കുന്നുവെങ്കിൽ ഈ വിധം മനസ്സിലാ ക്കണം. അവരും നാമും മരിക്കുന്നില്ല; കാരണം, ആത്മാക്കൾ നശിക്കുന്ന വയോ സ്ഥിതിമാറുന്നവയോ അല്ല. വിവിധ ദേശങ്ങളിലായി അവ മാറിമാറി വരുന്നു. ഒരു ദേഹം നശിച്ചാൽ ആത്മാവ് മറ്റൊരു ദേഹത്തി ലേക്കു മാറുന്നു.” ആദ്ദേഹം തുടരുന്നു: “ആത്മാവ് എന്നും അവശേഷി ക്കും. അതിനു ജനനമോ മരണമോ ഇല്ല. വാൾ അതിനെ മുറിവേൽപ്പി ക്കുകയോ തീ കരിച്ചുകളയുകയോ നാശം വരുത്തുകയോ കാറ്റ് അതിനെ പറപ്പിച്ചുകളയുകയോ ചെയ്യുകയില്ല. പക്ഷേ, നാം മാറി മാറി വസ്ത്ര ധാരണം ചെയ്യുന്നതുപോലെ അതു ശരീരങ്ങൾ മാറി മാറി സ്വീകരി ക്കുകയും കൈവിടുകയും ചെയ്യുന്നു. പിന്നെ എന്തിനാണ് നാശമില്ലാത്ത ആത്മാവിനെ ചൊല്ലി നീ വിഷമിക്കുന്നത്? അഥവാ, നാശോന്മുഖമാവു ന്നതാണെങ്കിൽ തന്നെ നശിച്ചുപോകുന്നതിനു വേണ്ടി വാദിക്കുന്നത് ഉത്തമമല്ലല്ലോ? ശരീരം നശിക്കുന്നതിനാലാണ് നീ സങ്കടപ്പെടുന്നതെ ങ്കിൽ അതുകൊണ്ടു ഫലമില്ല. ജനിച്ചവർ മരിക്കും. ഇത് ഈശ്വര നിശ്ച യമാണ്. കാര്യങ്ങളുടെ എല്ലാം നിയന്താവ് അവനത്രെ.”

സംഭാഷണമദ്ധ്യേ അർജ്ജുനൻ അദ്ദേഹത്തോട് ഇങ്ങനെ ചോദിച്ചു:

“വർത്തമാന കാലവുമായി ബന്ധപ്പെട്ടിരിക്കുന്ന അങ്ങ് ലോകാരം ഭത്തിനു മുമ്പുണ്ടായിരുന്ന ബ്രഹ്മാവുമായി എങ്ങനെ സമരം ചെയ്തു?”

വാസുദേവൻ മറുപടി നല്കി: “കാലപ്പഴക്കം അദ്ദേഹത്തെ പോലെ തന്നെ നമുക്കുമുണ്ട്. ഏതെല്ലാം പ്രാവശ്യം ഞാൻ അദ്ദേഹത്തോടു കൂടി ജീവിച്ചിട്ടുണ്ടോ ആ സമയങ്ങളെ പറ്റി ഞാൻ പരിപൂർണ ബോധവാ നാണ്. മനുഷ്യരെ സംസ്കരിക്കാൻ പുറപ്പെടാനുദ്ദേശിച്ചിരുന്നപ്പോഴെല്ലാം ഞാൻ ഓരോ ശരീരം ധരിച്ചിരുന്നു. ഒരിക്കൽ ഒരു രാജാവ് –പേര് ഞാൻ ഓർക്കുന്നില്ല–തന്റെ ജനതയോട് ഇങ്ങനെ ആവശ്യപ്പെട്ടു: “ഞാൻ മരി

ച്ചാൽ എന്റെ ശരീരം ആരുടെയും ചുടുലക്കളമാകാത്ത ഒരു സ്ഥല ത്തുവെക്കുക.” അദ്ദേഹത്തിന്റെ മരണശേഷം അങ്ങനെ ഒരു സ്ഥലം കിട്ടാതെ അവർ കുഴങ്ങി. അപ്പോൾ സമുദ്രത്തിൽ ഒരു പാറ കണ്ടു. ലക്ഷ്യം സഫലമായതായി അവർ കരുതി. അപ്പോൾ വാസുദേവൻ പറഞ്ഞു: ഈ രാജാവു തന്നെ പല പ്രാവശ്യം ഈ പാറയിൽ കരിക്ക പ്പെട്ടിട്ടുണ്ട്. നിങ്ങളെ കാര്യം ധരിപ്പിക്കുക എന്നതായിരുന്നു അദ്ദേഹ ത്തിന്റെ ലക്ഷ്യം. അതിൽ അദ്ദേഹം വിജയിച്ചിരിക്കുന്നു.” വാസുദേവൻ തുടർന്നു: മോചനം ലക്ഷ്യമാക്കി ഒരാൾ ഭൗതികലോകം ത്യജിക്കാൻ ഉദ്ദേശിക്കുകയും അയാളുടെ ഹൃദയം അതിനു വഴങ്ങാതിരിക്കുകയും ചെയ്താൽ പ്രതിഫലം ലഭിക്കുന്നവരുടെ കൂട്ടത്തിൽ അയാൾക്കു പ്രതി ഫലം ലഭിക്കുമെന്നല്ലാതെ ലക്ഷ്യം പ്രാപിക്കുകയില്ല. അതിനാൽ, അയാ ളുടെ ആത്മാവ് ഈ ലോകത്തേക്കു മടങ്ങിവന്നു മേൽഗതി ആവശ്യ പ്പെടുന്ന ശരീരത്തിൽ കൂടുകയും ക്രമേണ ലക്ഷ്യത്തിലെത്തുകയും ചെയ്യുന്നു. ആത്മാവ് ശരീരവുമായി പിരിഞ്ഞാൽ ബോധവാനും ശരീര വുമായി ബന്ധപ്പെടുമ്പോൾ അജ്ഞനുമാണ്. പ്രവർത്തിക്കേണ്ടവനാ ണെന്ന ബോദ്ധ്യത്തോടെയുള്ളവനും ഈ ലോകത്തു നടക്കുന്ന എല്ലാ പ്രവർത്തനങ്ങളും തനിക്കുവേണ്ടിയാണെന്നു മനസ്സിലാക്കുന്നവനുമാ ണ്. അങ്ങനെ ശരീരവുമായി ബന്ധപ്പെട്ടാൽ പഞ്ചേന്ദ്രിയങ്ങൾ മുഖേന എല്ലാ വസ്തുക്കളും അവനു ലഭിക്കുന്നു. ശരീരവുമായി പിരിഞ്ഞാൽ ആ വസ്തുക്കളുടെ അവശിഷ്ടങ്ങൾ അതിൽ തങ്ങിനിൽക്കുന്നു. അപ്പോൾ അവന് അറിയാനുള്ള ആഗ്രഹം ജനിക്കുകയും മറ്റൊരു ശരീ രത്തിൽ പ്രവേശിക്കുകയും ചെയ്യുന്നു. ഈ സന്ദർഭങ്ങളിൽ വിവിധ നില സ്വീകരിക്കേണ്ടി വരുന്നത് അതു സ്വീകരിച്ച ശരീരത്തിനുണ്ടാകുന്ന മുൻഗുണത്തിനനുസരിച്ചാണ്. ശരീരമാകുന്ന ചിറക് നഷ്ടപ്പെട്ട ആത്മാവ് ശരീരത്തിലേക്കു തന്നെ മടങ്ങുകയല്ലാതെ പിന്നെ എന്തു ചെയ്യാനാ ണ്? അദ്ദേഹം വീണ്ടും തുടർന്നു: “ഉത്തമ മനുഷ്യൻ സമ്പൂർണ പണ്ഡി തനാണ്. അവൻ ദൈവത്തെയും ദൈവം അവനെയും സ്നേഹിക്കു ന്നു. പൂർണ്ണത കൈവരുന്നതിന് എത്രയോ ജനനവും മരണവും അവൻ സ്വീകരിക്കേണ്ടി വരുന്നു.”

വിഷ്ണുധർമ്മത്തിൽ പ്രേതങ്ങളെ കുറിച്ചു പറയുന്നിടത്ത് മാർക്ക ണ്ഡേയന്റെയും ഒരു പ്രസ്താവന ഉദ്ധരിക്കുന്നു: ബ്രഹ്മാവും മഹാദേ വന്റെ പുത്രനായ കാർത്തികേയനും ലക്ഷ്മണനും സമുദ്രത്തിൽ നിന്ന് ആശീർവാദങ്ങൾ നല്കുന്ന ദേവന്മാരത്രെ. മഹാദേവനും അദ്ദേഹ ത്തിന്റെ പത്നി ഉമാദേവിയും ഈ ലോക മദ്ധ്യത്തിൽ സ്ഥിതിചെയ്യു ന്നു. അവർ പലതവണ ഇങ്ങനെ വിവിധ ശരീരങ്ങളിലായി ഇവിടെ ഉണ്ടാ യിരുന്നു. ‘വരാഹമിഹിരൻ’ വാൽ നക്ഷത്ര നിയമങ്ങൾ (അഹ്കാമുൽ മുദന്നബാത്) എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ പ്രസ്താവിക്കുന്നു: “വാൽ

നക്ഷത്രങ്ങൾ ഉദിക്കുമ്പോൾ മനുഷ്യൻ നാടുവിടാനും മറ്റും ഇടയാകുന്ന നാശങ്ങൾ ഉണ്ടായാൽ, പിഞ്ചുപൈതങ്ങളുടെ കയ്യും പിടിച്ചു നടക്കവേ തങ്ങളുടെ രാജക്കന്മാർ ചെയ്ത പാപത്തിനു തങ്ങൾ ശിക്ഷിക്കപ്പെട്ടിരിക്കുകയാണെന്ന് അവർ പറയുന്നു. പക്ഷേ, മുൻ ജന്മത്തിൽ നാം ചെയ്ത പാപങ്ങളാണ് നാം ഇപ്പോൾ അനുഭവിക്കുന്നത്.'' 'മാനി' 'ഇറാൻ ശഹറി'ൽനിന്ന് നാടുകടത്തപ്പെട്ടപ്പോൾ ഇന്ത്യയിൽ പ്രവേശിക്കുകയും അവതാരസിദ്ധാന്തം അദ്ദേഹത്തിന്റെ മതത്തിലേക്കു പകർത്തുകയും ചെയ്തു. 'സിർറുൽ അസ്റാർ' എന്ന ഗ്രന്ഥത്തിൽ അദ്ദേഹം ഇങ്ങനെ പറയുന്നു: "ആത്മാക്കൾ നശിക്കുകയില്ല. മുൻരൂപത്തോടു സാമ്യമുള്ള പുതിയപുതിയ രൂപങ്ങളിലും ചിലപ്പോൾ ചില ജന്തുക്കളുടെ രൂപങ്ങളിലുമായി ഈ ലോകത്തു തന്നെ നിൽക്കുകയാണെന്നു മനസ്സിലാക്കിയ 'ഹവാരികൾ' (യേശുവിന്റെ പ്രത്യേക സഖാക്കൾ) യേശുവിനോട് സത്യം സ്വീകരിക്കാത്ത ആത്മാക്കളെ പറ്റി ചോദിക്കുകയുണ്ടായി. "തെളിവുകൾ ലഭിച്ചിട്ടും സത്യം സ്വീകരിക്കാത്ത പാപികൾ നശിച്ചു പോകും. തീരെ സുഖം ലഭിക്കുകയില്ല.'' എന്നദ്ദേഹം മറുപടി നല്കി. നാശം എന്ന വാക്കുകൊണ്ട് ശിക്ഷയാണുദ്ദേശ്യം. നശിച്ചു നാമാവശേഷമാവുകയില്ല. മാനി തുടർന്നു പറയുന്നു: "ആത്മാവ് ഉപരിലോകത്തേക്ക് ഉയർന്നു പോകുന്നത് ശവ ശരീരത്തിൽ സ്ഥിതി ചെയ്തുകൊണ്ടാണെന്ന് 'ദൈസാനികൾ' കരുതുന്നു. ശവശരീരം ആത്മാവിന്റെ ശത്രുവാണെന്നും അതിൽ നിലകൊള്ളുന്നത് ആത്മാവിനുള്ള ശിക്ഷയാണെന്നും അവർ മനസ്സിലാക്കിയില്ല. മനുഷ്യന്റെ ഈ രൂപം യഥാർത്ഥ്യമായിരുന്നെങ്കിൽ ദൈവം അതിനെ നശിപ്പിക്കുകയോ ഇന്ദ്രിയം മൂലം ഗർഭായശത്തിൽനിന്നു ജനിപ്പിക്കുകയോ ചെയ്യുമായിരുന്നില്ല.'' 'പതഞ്ജലി' പറയുന്നത് ഇപ്രകാരമാണ്: "ശരീരത്തിൽ അജ്ഞതയിൽ നിലകൊള്ളുന്ന ആത്മാവ് ഞാലിയുടെ (ഉമിയുടെ) ഉള്ളിൽ സ്ഥിതിചെയ്യുന്ന അരിമണി പോലെയാണ്. അതിനു തൊലിയിൽ ആയിരിക്കുമ്പോൾ ഉത്പ്പാദനം നടത്താനും പുറത്തുപോകുമ്പോൾ സ്വതന്ത്രമാകാനും അതേ നിലയിൽ അവശേഷിക്കാനും സാധിക്കുന്നു. എന്നാൽ, വിവിധ മാർഗ്ഗങ്ങളിലും രൂപങ്ങളിലുമായി സുഖത്തിലും ദുഃഖത്തിലും ആത്മാവ് കാലം കഴിക്കുന്നത് അതിനു ലഭിക്കുന്ന പ്രതിഫലം കൊണ്ടാണ്''

അപ്പോൾ അദ്ദേഹത്തോട് ആരോ ഒരാൾ ചോദിച്ച ചോദ്യവും അതിന്റെ ഉത്തരവുമാണ് ചുവടെ കൊടുക്കുന്നത്.

ചോദ്യം: ആത്മാവ് രക്ഷയോ ശിക്ഷയോ കരസ്ഥമാക്കിക്കഴിഞ്ഞാൽ പിന്നെ ഉദ്പാതന വസ്തുക്കളുമായി എന്തിനാണ് ചേരുന്നത്?

ഉത്തരം: മുമ്പ് പ്രവർത്തിച്ചതിന്റെ ഫലം സുഖമായോ ദുഃഖമായോ അനുഭവിച്ചു പ്രവർത്തിക്കുന്നതിനു വേണ്ടിയാണ്.

ചോദ്യം: പ്രതിഫലം ലഭിക്കാത്ത പ്രവൃത്തികൾ ആത്മാവ് ഒരിക്കൽ ചെയ്തുകഴിഞ്ഞാൽ പിന്നെ അതിനു മറവി സംഭവിക്കുകയും മറ്റൊരു ജഡത്തിലേക്കു വരാൻ കഴിയാതെ പോവുകയും ഇല്ലേ?

ഉത്തരം: പ്രവർത്തനങ്ങളിൽനിന്ന് ഒഴിഞ്ഞുനിൽക്കുക ആത്മാവിനു സാധ്യമല്ല. പ്രവർത്തിക്കണമെങ്കിൽ ശരീരത്തെ ഉപയോഗിച്ചേ തീരൂ. കാലത്തിനതീതമായി നിലകൊള്ളുന്ന ആത്മാക്കൾക്കു കാലദൈർഘ്യം കൊണ്ടോ മറ്റോ മറവി പറ്റുന്നതല്ല. കുട്ടികളും യുവാക്കന്മാരും ദീർഘായുസ്സിനുവേണ്ടിയുള്ള പ്രാർത്ഥനകൾ കേൾക്കുമ്പോൾ സന്തോഷിക്കുകയും വിനാശത്തിനു വേണ്ടിയുള്ള പ്രാർത്ഥനകൾ കേൾക്കുമ്പോൾ ദുഃഖിക്കുകയും ചെയ്യുന്നതായി കാണാമല്ലോ.

മുജ്ജന്മത്തിൽ ജീവിതത്തിന്റെ മാധുര്യവും മരണത്തിന്റെ കയ്പും മനസ്സിലാക്കിയില്ലെങ്കിൽ ഇവർ എന്തിനു മരണത്തെ ഭയപ്പെടുകയും ജീവിതത്തെ ഇഷ്ടപ്പെടുകയും ചെയ്യുന്നു?

സോക്രട്ടീസ് അദ്ദേഹത്തിന്റെ ഫേഡോ (Phaedo) എന്ന ഗ്രന്ഥത്തിൽ പൂർവ്വീകന്മാരായ തത്വചിന്തകർ പറഞ്ഞതനുസ്മരിപ്പിച്ച് ഇപ്രകാരം പറഞ്ഞതു കാണാം:

"ആത്മാക്കൾ ഇവിടെനിന്ന് പാതാള ലോകത്തിലേക്കു പോവുകയും പിന്നീടിവിടേക്കു തന്നെ മടങ്ങിവരികയും മരിച്ചവരിൽനിന്നു ജീവികൾ ഉണ്ടാവുകയും ചെയ്യുന്നു."

വസ്തുക്കളുടെ ഉത്ഭവം തന്നെ വൈരുദ്ധ്യങ്ങളിൽ നിന്നാണ്. പരിശുദ്ധാത്മാക്കൾ പാതാളലോകത്തു തന്നെ സ്ഥിതിചെയ്യുന്നു. ദുഷ്ടാത്മാക്കൾക്ക് അവിടെ നിലകൊള്ളുന്നതിനു കഴിയാതെ വരുമ്പോൾ അവ ഇഹലോകത്തേക്കു തന്നെ തിരിച്ചുവന്നു വിവിധ ശരീരങ്ങളിലായി സഞ്ചരിക്കേണ്ടതായി വരുന്നു. ഇത്തരം ആത്മാക്കൾക്കു ദൈവവുമായി തദാത്മ്യം പ്രാപിക്കുന്നതിനു കഴിയുകയില്ല. അദ്ദേഹം തുടർന്നു പ്രസ്താവിക്കുന്നു. "ആത്മാവ് സ്വന്തമായാൽ പഠിച്ചതോർക്കുകയല്ലാതെ പുതിയതൊന്നും പഠിക്കുന്നില്ല."

'പ്രോക്ലസ്' പ്രസ്താവിക്കുന്നത് ഇപ്രകാരമാണ്:

"ഓർമ്മയും മറവിയും ആത്മാവിന്റെ പ്രത്യേക ഗുണങ്ങളാണ്. ശരീരവുമായി ബന്ധപ്പെടുമ്പോൾ അതിന് അറിവും ഓർമ്മയും ഉണ്ടാകുന്നു. ശരീരവുമായി വേർപെട്ടാൽ എല്ലാവിധ കെട്ടുപാടുകളിൽ നിന്നും അകലുന്നു. അപ്പോൾ അതിന് ഓർമ്മയും അറിവും ശേഷിക്കുന്നു. വീണ്ടും ശരീരവുമായി ബന്ധപ്പെടുമ്പോൾ അതിന്റെ നിലവാരം താണുപോവുകയും അങ്ങനെ മറവി വന്നുചേരുകയും ചെയ്യുന്നു. ഇതേ അർത്ഥത്തിലാണ് ഈ ലോകം ഉറങ്ങുന്ന ആത്മാക്കളുടെയും പരലോകം ഉണർന്ന ആത്മാക്കളുടെയും ആണെന്നു ചില സൂഫികൾ പ്രസ്താവിച്ചത്. ഈ സൂഫികളിൽ ചിലർ ആത്മാക്കൾ, ആകാശം, അർശ്, കുർസി

തുടങ്ങിയ പരിശുദ്ധ സ്ഥലങ്ങളിലും സഞ്ചരിച്ചുവരുന്നു എന്നും മറ്റു ചിലർ അവയുടെ വിഹാരരംഗങ്ങൾ എല്ലാ ജീവികളും സസ്യങ്ങളും ഈ ലോകം മുഴുവനും തന്നെയാണെന്നും പ്രസ്താവിച്ചിട്ടുണ്ട്. ഈ പറഞ്ഞവയിൽനിന്ന് അവർ അവതാരവാദം അംഗീകരിക്കുന്നതായി ഊഹിക്കാം.

അധ്യായം 6

## ലോകങ്ങളും പ്രതിഫലം ലഭിക്കുന്ന സ്ഥലങ്ങളും

1. സൂഫർ ലോക് (ഉപരിലോകം) സ്വർഗ്ഗം.
2. നാഗ് ലോകം (നാശലോകം), അല്ലെങ്കിൽ പാതാള ലോകം- നരകം.
3. മാതലോക് - അല്ലെങ്കിൽ മനുഷ്യലോക്- മദ്ധ്യലോകം എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളാണ്.

മദ്ധ്യലോകം പ്രവർത്തനത്തിനും ഉപരിലോകം പ്രതിഫലത്തിനും പാതാളലോകം ശിക്ഷക്കും ഉള്ളതാകുന്നു.

ഈ രണ്ട് ലോകത്ത് എല്ലാ സദ്ഗുണങ്ങൾക്കും ദുർഗുണങ്ങൾക്കും പ്രതിഫലം ലഭിക്കുന്നു. അവിടെ ആത്മാവ് മാത്രമേ ഉണ്ടാവുകയുള്ളൂ. ഗുണവും ദോഷവും ചെയ്യാത്തവർക്ക് മറ്റൊരു ലോകമുണ്ട്. ഇത് സസ്യാദികളുടെയും ജന്തുക്കളുടെയും ലോകമാണ്. അതിനു തൃഗ്ലോക് എന്നു പറയുന്നു. ഇവിടെ കുറേ കാലം മാറി മാറി സഞ്ചരിച്ചതിനു ശേഷമാണ് ആത്മാവ് ക്രമേണ മനുഷ്യരുപങ്ങളിലേക്ക് വീണ്ടും വരുന്നത്. ഈ വിധത്തിൽ ചില ആത്മാക്കൾക്ക് ഈ ലോകത്തു താമസിക്കേണ്ടിവരുന്നത് അവയ്ക്ക് ശിക്ഷാരക്ഷക്ക് അർഹത ഇല്ലാത്തതുകൊണ്ടോ നരകത്തിൽനിന്നു രക്ഷ നേടുന്നതിനു വേണ്ടിയോ ആയിരിക്കും.

ഇന്ത്യക്കാർ ഒട്ടുവളരെ നരകങ്ങളുടെ പേരും ഗുണങ്ങളും പറയുന്നു. കുറ്റങ്ങളുടെ ഇനമനുസരിച്ചു നരകങ്ങളും ഉണ്ടെന്നാണ് അവർ വാദിക്കുന്നത്. വിഷ്ണുപുരാണത്തിൽ 88,000 (എൺപ്പത്തെണ്ണായിരം) നരകങ്ങളുള്ളതായി പറഞ്ഞതായി കാണാം. കള്ളവാദി, കള്ളസാക്ഷി മുതലായവരെ സഹായിക്കുന്നവനും ജനങ്ങളെ പരിഹസിക്കുന്നവനും 'റോറോ' എന്ന നരകത്തിലും, അധികാരമില്ലാതെ കൊല നടത്തുക, ജനങ്ങളുടെ അവകാശങ്ങൾ അപഹരിക്കുക മുതലായവ ചെയ്യുന്നവനും കവർച്ചക്കാരനും ഗോവധം നടത്തുന്നവനും 'റൂധ' നരകത്തിലും പ്രവേശിക്കുന്നതാണ്. ബ്രാഹ്മണ വിദ്വേഷിയും ബ്രാഹ്മണ ഹന്താവും സ്വർണ്ണം

കളവുനടത്തുകയോ അത്തരം കള്ളന്മാരുമായി കൂട്ടുപിടിക്കുകയോ ചെയ്യുന്നവനും പ്രജാഹിതതത്പരനല്ലാത്ത ഭരണാധികാരിയും ഗുരുവിന്റെ ഭാര്യയെ വ്യഭിചരിക്കുന്നവനും അടുത്ത ബന്ധുജനങ്ങളായ സ്ത്രീകളുമായി സല്ലപിക്കുന്നവനും 'സബ്വത്ഗുമ്പ്' എന്ന നരകത്തിൽ പ്രവേശിക്കുന്നു. ഭാര്യ വ്യഭിചാര വൃത്തിയിൽ ഏർപ്പെടുന്നത് ഇഷ്ടപ്പെടുന്നവനും സ്വന്തം മകളെയും മകന്റെ ഭാര്യയെയും വ്യഭിചരിക്കുന്നവനും സന്താനങ്ങളെ വില്ക്കുന്നവനും സ്വന്തം ആവശ്യങ്ങളിൽ പോലും ലുബ്ധത കാണിക്കുന്നവനും 'മഹാജാൻ' എന്ന നരകത്തിൽ ശിക്ഷിക്കപ്പെടുന്നതാണ്. മൃഗങ്ങളെ ഭോഗം ചെയ്യുന്നവനും ഗുരുവിനെ അവഗണിക്കുന്നവനും ജനങ്ങളെ മോശമായി വീക്ഷിക്കുന്നവനും വേദങ്ങളെയും പുരാണങ്ങളെയും പുച്ഛിക്കുന്നവനും അവയെ ചൂഷണം ചെയ്തു ജീവിക്കുന്നവനും 'ശവൽ' എന്ന നരകത്തിൽ കഴിഞ്ഞുകൂടേണ്ടി വരുന്നു. കള്ളനും കൃത്രിമക്കാരനും ശരിയായ മാർഗ്ഗം തെറ്റി നടക്കുന്നവനും പിതാവിനെ വെറുക്കുന്നവനും ദൈവത്തെയും സമസൃഷ്ടികളെയും സ്നേഹിക്കാത്തവനും മഹത്വം നേടിയവരെ വെറും നിസ്സാരന്മാരായി കണക്കാക്കുന്നവനും 'കൃമിശ്' എന്ന നരകത്തിൽ കടക്കുന്നു. പിതാക്കളുടെയും പിതാമഹന്മാരുടെയും അവകാശങ്ങൾ മാനിക്കാത്തവനും ദൈവ ദൂതന്മാരെ അവഗണിക്കുന്നവനും അമ്പ്, കുന്തം മുതലായ നിർമ്മിക്കുന്നവനും 'ലാറപക്ഷത്തി'ൽ ശിക്ഷിക്കപ്പെടുന്നു. വാളും കത്തിയും ഉണ്ടാക്കുന്നവനു സ്ഥാനം 'ബിശസൂതി' എന്ന നരകമാണ്. ഭരണാധികാരികളിൽനിന്നും ബ്രാഹ്മണരിൽനിന്നും പാരിതോഷികം ലഭിക്കുന്നതിനു വേണ്ടി മാംസവും എണ്ണയും മെഴുകും മദ്യവും മറ്റും വിറ്റു സമ്പാദിച്ച പണം മറച്ചുവെക്കുന്നവൻ 'അധോറുക' യിൽ ശിക്ഷിക്കപ്പെടുന്നു. പിടക്കോഴി, ആട്, പന്നി പൂച്ച, പക്ഷി മുതലായവയെ കൊന്നു ഭക്ഷിക്കുന്നവൻ 'രേധ്റാന്നാ' എന്ന നരകത്തിലും, കളിക്കാരനും അങ്ങാടിയിൽ പാട്ടുപാടുന്നവനും വിശേഷ ദിവസങ്ങളിൽ സ്വന്തം ഭാര്യയുമായി ഭോഗം നടത്തുന്നവനും ആളുകളുടെ വീടുകൾക്കു തീ വെക്കുന്നവനും സ്നേഹിതനെ വഞ്ചിക്കുന്നവനും 'റോദർ' എന്ന നരകത്തിലും കടക്കും. തേനെടുക്കുന്നവൻ 'വൈതരണി'യിലും സ്വത്തു കൊള്ളചെയ്യുകയും സ്ത്രീകളെ അക്രമിക്കുകയും ചെയ്യുന്നവൻ 'കർശണി'ലുമാണ് ശിക്ഷിക്കപ്പെടുന്നത്. മരം മുറിക്കുന്നവൻ 'ആസ്പിത്രബനി'ലും വേടനും ജാലികനും 'ബഹുജനാലി'ലും മതചിഹ്നങ്ങളെ അവഗണിക്കുന്നവൻ 'സന്തേൻശക'യിലും ശിക്ഷിക്കപ്പെടുന്നതാണ്. ഇത്രയും ഇവിടെ പറഞ്ഞത് അവരുടെ വിശ്വാസപ്രകാരമുള്ള ചില കുറ്റങ്ങൾ എന്തെല്ലാമാണെന്നു മനസ്സിലാക്കാനാണ്. നരകം കൊണ്ട് അവർ വിവക്ഷിക്കുന്നത് മനുഷ്യത്വത്തിൽനിന്ന് താഴ്ന്ന പദവിലേക്ക് ആത്മാവ് അധഃപതിക്കുക എന്നതാണ്. ഇപ്രകാരം സംഭവിക്കുന്നതു തേടിയ

രക്ഷാമാർഗ്ഗം ഉറപ്പുള്ളതും സംശയാതീതമല്ലാത്തതിനാലും ഊഹാടി സ്ഥാനത്തിൽ പ്രവർത്തിച്ചതുകൊണ്ടുമാണ്. പ്രതിഫലം ആദ്യത്തെ ജന്മ ത്തിലോ രണ്ടാമത്തെ ജന്മത്തിലോ രണ്ടിന്റെയും മധ്യത്തിലോ ആവും ലഭിക്കുക. ഇന്ത്യക്കാരുടെ വേദഗ്രന്ഥങ്ങളെ മാത്രം അവലംബിച്ചാണ് ഈ വിഷയത്തെ കുറിച്ച് ഞാൻ ഇവിടെ പ്രതിപാദിക്കുന്നത്. 'സാംഖ്യ 'യുടെ കർത്താവ് സ്വർഗത്തെ ശാശ്വതമല്ലാത്തതിനാലും ഇഹലോകം പോലെ ആയതിനാലും ഒരു ശരിയായ പ്രതിഫലമായി കണക്കാക്കു ന്നില്ല. 'സൂഫികൾ' അത് (സ്വർഗം) സ്വദൈവ വിചാരത്തിൽനിന്നു വിദൂ രമാവുന്നതിനും പരിപൂർണ നിഷ്കളങ്കതക്ക് ഹാനിവരുന്നതിനും ഹേതു വാകുമെന്നതിനാൽ നല്ല പ്രതിഫലമായി കരുതുന്നില്ല. ആത്മാവ് ശരീ രവുമായി പിരിഞ്ഞ ശേഷമാണ് രക്ഷാശിക്ഷകൾ അനുഭവിക്കുന്നതെന്നു പറഞ്ഞത് കാര്യവിവരമുള്ളവരുടെ അഭിപ്രായമാണ്. എന്നാൽ, പാമര ന്മാർ ശരീരത്തോടുകൂടിയല്ലാതെ രക്ഷാ-ശിക്ഷകൾ മനസ്സിലാക്കുന്നില്ല. അവരിൽ ഒരു വിഭാഗക്കാർ പറയുന്നു: "മരിക്കുമ്പോൾ ആത്മാവ് ആദ്യത്തെ ശരീരം പോലെയുള്ള മറ്റൊരു ശരീരത്തിലേക്കല്ലാതെ പിരി ഞ്ഞുപോവുകയില്ല." മറ്റുചിലരുടെ അഭിപ്രായത്തിൽ "ആതിഭാഗ്' (വേഗം ഉണ്ടാകുന്നത്) എന്ന പേരിൽ അത് പഞ്ചഭൂതങ്ങളാൽ പ്രത്യേകം നിർമ്മി ക്കപ്പെട്ട ഒരു ശരീരത്തിലേക്കു മാറുന്നതാണ്. നല്ലവനാണെങ്കിലും അല്ലെ ങ്കിലും ഒരു വർഷക്കാലം ആ ശരീരത്തിൽ താമസിക്കേണ്ടിവരും. ഇത് ര ണ്ടു ലോകങ്ങളുടെയും ഇടയിലുള്ള ഒരു ലോകമാണ്. ഈ കാരണത്താൽ മരിച്ച ആളുടെ അവകാശികൾ ഒരു കൊല്ലം വരെ സ്വത്തു ഭാഗിക്കാതെ കാത്തിരിക്കും. ഈ വിഷയത്തിൽ അവരുടെ ഗ്രന്ഥങ്ങളിൽനിന്നു കൂടു തൽ വെളിച്ചം വീശുന്ന കാര്യങ്ങൾ ഇവിടെ ഉദ്ധരിക്കാം:

'വിഷ്ണുപുരാണത്തിൽ 'മൈത്രി' പരാശരനോട് നരകത്തിൽ ശിക്ഷിക്കുന്നതിന്റെ ആവശ്യകതയെ കുറിച്ചു ചോദിച്ചപ്പോൾ അദ്ദേഹം ഇങ്ങനെ മറുപടി പറഞ്ഞു: "ഇത് നല്ലതും ചീത്തയും ജ്ഞാനവും അജ്ഞാനവും വേർതിരിക്കാനും നീതി വെളിപ്പെടുത്താനുമാണ്. എല്ലാ കുറ്റവാളികളും നരകത്തിൽ പ്രവേശിക്കുന്നില്ല. ഈ കൂട്ടത്തിൽ പശ്ചാ താപം സ്വീകരിച്ചവരും പ്രായശ്ചിതം ചെയ്തവരും ഉൾപ്പെടുന്നു. ഏറ്റവും നല്ല മാർഗ്ഗം മോക്ഷം സുരക്ഷിതമാക്കിക്കൊണ്ടു തന്നെ വിഷ്ണുഭഗ വാനെ സ്മരിക്കലാണ്. ചിലർ രക്ഷ പ്രാപിക്കുന്നതുവരെ സസ്യങ്ങ ളിലും ചെള്ള്, പുഴു, പേൻ തുടങ്ങിയ ചില ജന്തുക്കളിലും കഴിഞ്ഞുകൂ ടുന്നു." 'സാംഖ്യ'യിൽ പറയുന്നു: "മോക്ഷം നേടിയവർ ദൈവദൂതനെ പോലെ ആത്മീയ സദസ്സുകളിൽ പങ്കെടുക്കുകയും ഉപരിലോകത്തിൽ സ്വൈരമായി വിഹരിക്കുകയും ചെയ്യുന്നതാണ്. മോക്ഷാർഹനാകുന്ന തുവരെ ജന്തുക്കളിലോ സസ്യങ്ങളിലോ ആയി കഴിച്ചുകൂട്ടുകയും ചെയ്യുന്നു."

ആദ്ധ്യാത്മിക ശാസ്ത്ര പണ്ഡിതന്മാരിൽ അഗ്രഗണ്യന്മാരായ ചിലർ അവതാര സിദ്ധാന്തത്തെ നാലായി ഭാഗിച്ചിരിക്കുന്നു:

1. ഉല്പാദനം: ഒരാൾ മറ്റൊരാളിൽനിന്നു പകർത്തപ്പെടുകയാണ ല്ലോ.

2. രൂപം മാറുക: മനുഷ്യൻ കുരങ്ങ്, പന്നി, ആന ഇവയിൽ ഏതെ ങ്കിലും ഒന്നായി രൂപം മാറുന്നതുപോലെ.

3. നിശ്ചലത: സസ്യങ്ങളെ പോലെ ഒരിടത്ത് ഉറച്ചു നിശ്ചലമായി പ്പോവുക.

4. പരിപൂർണ്ണ നാശം: ഇതു സസ്യവർഗ്ഗങ്ങളിലും മൃഗങ്ങളിലും ഉണ്ടാകുന്നതാണ്.

'അബൂ യഅ്ഖൂബുസ്സജ്സി' അദ്ദേഹത്തിന്റെ 'കശ്ഫുൽ മഹ്ജൂബ്' എന്ന ഗ്രന്ഥത്തിൽ അഭിപ്രായപ്പെടുന്നു: "വർഗ്ഗങ്ങൾ വ്യത്യാസപ്പെടു കയില്ല, വകുപ്പുകൾ മാത്രമേ മാറുകയുള്ളൂ." ഇതുതന്നെയായിരുന്നു ഗ്രീക്ക്കാരുടെയും അഭിപ്രായം.

'യഹ്യന്നഹ്‌വി' 'പ്ലാറ്റോ'യിൽ നിന്ന് ഇങ്ങനെ ഉദ്ധരിക്കുന്നു:

"വിശേഷബുദ്ധിയുള്ള ആത്മാക്കൾ ജന്തുക്കളുടെ ശരീരം ഉടലായി സ്വീകരിക്കുന്നു." പിതാഗോറസ്സിന്റെ കെട്ടുകഥകളെ അടിസ്ഥാനപ്പെടു ത്തിയാണ് അദ്ദേഹം ഇപ്രകാരം പറഞ്ഞത്. സോക്രട്ടീസ് അദ്ദേഹ ത്തിന്റെ 'ഫേഡോ' എന്ന ഗ്രന്ഥത്തിൽ പറയുന്നു: ശരീരം ഭാരമുള്ളതാ ണ്. ആത്മാവ് അതിനെ സ്നേഹിക്കുകയും അതിലേക്ക് ആകർഷിക്ക പ്പെടുകയും ചെയ്യുന്നു. രൂപമില്ലാത്ത ആ ആത്മാവ് പാതാളലോകത്തു കൂടുന്ന ശവകുടീരങ്ങളിലുള്ള അത്തരത്തിലുള്ള ചില ആത്മാക്കൾ ഛാ യാരൂപത്തിൽ കാണപ്പെട്ടിട്ടുണ്ട്. അവ ശരീരത്തിൽനിന്നു പൂർണമായി വേർപ്പെട്ടിട്ടില്ല. അവ ദുർമാർഗികളുടെ ആത്മാക്കളാവാനേ തരമുള്ളൂ എന്നദ്ദേഹം അഭിപ്രായപ്പെടുന്നു. ഈ ആത്മാക്കൾ പിന്നീട് കാമത്തി ന്റെയോ മറ്റോ അടിസ്ഥാനത്തിൽ അതുമായി യോജിച്ച ഏതെങ്കിലും ശരീരത്തിൽ പ്രവേശിക്കുന്നു. അക്രമിയും ദ്രോഹിയും ചെന്നായ, പരുന്ത് മുതലായ ക്രൂര ജന്തുക്കളുടേതു പോലെയുള്ള ശരീരത്തിലായിരിക്കും.

സോക്രട്ടീസ് അദ്ദേഹത്തിന്റെ 'മജാമിഅ്' എന്ന ഗ്രന്ഥത്തിൽ പറ യുകയാണ്: "ഞാൻ ആദ്യമായി മാന്യന്മാരും തത്വചിന്തകന്മാരുമായ ദേവന്മാരുടെ കൂടെയും പിന്നീട് മരിച്ചുപോയ സജ്ജനങ്ങളായ മഹാ ന്മാരുടെ കൂടെയും ആകുമായിരുന്നില്ലെങ്കിൽ മരിക്കുന്നതിനെ കുറിച്ച് ദുഃഖിക്കാതിരിക്കുക അക്രമവും അനീതിയും ആകുമായിരുന്നു." പ്രതി ഫലത്തെക്കുറിച്ചു പ്രതിപാദിക്കുന്നിടത്ത് അദ്ദേഹം പറഞ്ഞു: "മനുഷ്യൻ മരിച്ചാൽ 'ദൈമൂൽ' എന്നു പേരായ ദൈവദൂതൻ അവനെ വിധി പ്രസ്താ വിക്കുന്ന സദസ്സിലേക്കു കൊണ്ടുപോവുകയും അവിടെനിന്ന് വേറൊരു ദൂതൻ പാതളത്തിലേക്കു കൊണ്ടുപോയി വളരെക്കാലം അവിടെ താമ

സിപ്പിക്കുകയും ചെയ്യുന്നു.” ‘തലിഫോസ്’ പ്രസ്താവിക്കുന്നു: “പാതാള ലോകത്തിലേക്കുള്ള വഴി വളരെ വിശാലമായതാണ്.” അദ്ദേഹം തുടരുന്നു: “അത് വിശാലമാണെങ്കിലും ഇടുങ്ങിയതാണെങ്കിലും നായകൻ ആവശ്യമായിരിക്കുകയില്ല. എന്നാൽ, ശരീരത്തെ കാംക്ഷിക്കുകയോ പാപം ചെയ്യുകയോ ചെയ്ത ആത്മാവ് അങ്ങുമിങ്ങുമായി ഓടിക്കളിക്കുകയും കുറേക്കാലം കഴിഞ്ഞ് അവനു പറ്റിയ സ്ഥലത്തു താമസിക്കുകയും ചെയ്യുന്നു.”

വീണ്ടും അദ്ദേഹം പറയുന്നു, “മധ്യനിലക്കാരായ ആത്മാക്കളാണെങ്കിൽ അവർ തങ്ങൾക്കു തയ്യാർ ചെയ്യപ്പെട്ട വാഹനങ്ങളിൽ കയറി ആഖറൂൻ എന്ന ദിക്കിൽ എത്തിച്ചേരുകയും അവിടെത്തന്നെ കഴിഞ്ഞുകൂടുകയും ചെയ്യുന്നു. ശിക്ഷ കഴിഞ്ഞു നല്ലവരായാൽ കുളിച്ചുവൃത്തിയായി സുഖമനുഭവിക്കാൻ അർഹതയുള്ളവരായിത്തീരുന്നു. എന്നാൽ, ദേവന്മാർക്ക് ബലിയർപ്പിക്കാനുള്ള സാധനങ്ങൾ കളവു നടത്തുക, സ്വത്തുക്കൾ കൊള്ളയടിക്കുക, കൊലപാതകം നടത്തുക, അനീതി കാണിക്കുക തുടങ്ങിയ കുറ്റം ചെയ്തവർ ‘താർത്താറസി’ൽ അടക്കപ്പെടുന്നതാണ്. അതിൽനിന്നു പുറത്തുപോകാൻ ഒരിക്കലും അവയ്ക്കു സാധിക്കുന്നതല്ല. പശ്ചാതപിക്കുന്നവരെയും അതിഭയങ്കരമല്ലാത്ത പാപം ചെയ്യുന്നവരെയും ‘താർത്താറസി’ൽ ഒരു വർഷക്കാലം ഇടുകയും പിന്നീട് അവിടെനിന്നു പുറത്തുകൊണ്ടുവന്ന് അവരാൽ മർദ്ദിക്കപ്പെട്ടവരോട് പ്രതികാരം ചെയ്ത് അവരെ ഒഴിവാക്കിക്കൊടുക്കാൻ ആവശ്യപ്പെടുകയും ചെയ്യുന്നു. അവർ അതിനു കൂട്ടാക്കിയില്ലെങ്കിൽ പഴയ സ്ഥലത്തു തന്നെ താമസിപ്പിക്കും. വീണ്ടും ഇപ്രകാരം തന്നെ ചെയ്യും. അവസാനം മർദ്ദിതർ തൃപ്തിപ്പെട്ടാൽ അവർ രക്ഷപ്പെടും. ‘താർത്താറസ്’ വലിയൊരു ഗുഹയാണ്. നദികളെല്ലാം അങ്ങോട്ടാണ് ഒഴുകുക. ഓരോ മനുഷ്യനും തന്റെ സമുദായ മദ്ധ്യേ അതിഭയങ്കരമായറിയപ്പെടുന്ന കാര്യങ്ങളെ കൊണ്ടാണ് പരലോകശിക്ഷയെ സംബന്ധിച്ചു വിവരിക്കാറുള്ളത്. പാശ്ചാത്യർ ഭൂകമ്പവും വെള്ളപ്പൊക്കവും വിവരിക്കുന്ന കൂട്ടത്തിൽ അഗ്നി ആളിക്കത്തുമെന്നും പറയുന്നു. സമുദ്രമോ, അല്ലെങ്കിൽ അതിദൂരമായ മഹാസമുദ്രമോ ആവാം അവർ ഉദ്ദേശിക്കുന്നത്. ഇതെല്ലാം അക്കാലത്തുള്ളവരുടെ വിശ്വാസമാണെന്നതിൽ സംശയമില്ല.

അധ്യായം: 7

# ലൗകിക ബന്ധങ്ങളിൽ നിന്നുള്ള മോചനവും അതിനുള്ള ഉപാധികളും

കാര്യകാരണങ്ങളാൽ ലോകവുമായി ബന്ധപ്പെട്ട ആത്മാവിനു വിപരീത കാരണങ്ങൾകൊണ്ട് ആ ബന്ധം അറ്റുപോകാനിടയാകുന്നു. അജ്ഞാനം കൊണ്ട് ഉണ്ടാകുന്നതാണ് ഈ ബന്ധമെങ്കിൽ അത് ജ്ഞാനം ഒന്നുകൊണ്ടു മാത്രമേ വേർപെടുകയുള്ളൂ. ആത്മാവിനു വസ്തുക്കളെ കുറിച്ചു മൗലികവും സംശയരഹിതവുമായ പരിപൂർണ ജ്ഞാനം ഉണ്ടാവുകയും ശരീരത്തിന്റെ മാറ്റം, നാശം തുടങ്ങിയ അസ്ഥിരത ഗ്രഹിക്കുകയും നല്ലതാണെന്നു കരുതിപ്പോന്നതു കൊള്ളരുതാത്തതാണെന്നു ബോധ്യപ്പെടുകയും ചെയ്താൽ യഥാർത്ഥ ജ്ഞാനം കൈവന്നതായി കരുതുന്നതിൽ തെറ്റില്ല. പിന്നീട് ശരീരവുമായി ബന്ധം വിടുകയും പ്രവർത്തനം അവസാനിക്കുകയും ചെയ്യും. പതഞ്ജലി പറയുന്നു:

“ദൈവത്തിന്റെ ഏകത്വത്തെക്കുറിച്ചു ധ്യാനിക്കുന്ന മനുഷ്യൻ താൻ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന കാര്യങ്ങളിൽനിന്നു ചിന്തയെ ദൈവത്തിൽ കേന്ദ്രീകരിക്കുന്നു. ദൈവം ഒരാളുടെ ലക്ഷ്യമായാൽ അവന്റെ ആത്മീയമായ കഴിവു ശക്തിപ്പെടുകയും അന്ത്യാശ്രയം കൈവരുത്തുന്ന എട്ട് കാര്യങ്ങൾ നേടുകയും ചെയ്യുന്നു. അവ:

1. ശരീരത്തെ ആരും കാണാതിരിക്കത്തക്ക വിധം ലഘൂകരിക്കുക.

2. മുള്ളും മണ്ണും ചളിയുമെല്ലാം തൊടുന്നതുകൊണ്ട് യാതൊരു ഉപദ്രവവുമില്ലാത്ത വിധം സൂക്ഷ്മമാകുക.

3. മഹത്വം കൊണ്ട് ശരീരത്തെ ഭയങ്കരരൂപത്തിൽ കാണിക്കാൻ കഴിയുക.

4. അത്യാവശ്യമായ കാര്യങ്ങൾ അപ്പോഴപ്പോൾ തോന്നുക.

5. ഉദ്ദേശിക്കുന്ന കാര്യങ്ങളെക്കുറിച്ചു ശരിയായ അറിവ് സമ്പാദി

ക്കുക.

6. എല്ലാ കക്ഷികൾക്കും നേതൃത്വം കൊടുക്കാൻ കഴിയുക.

7. അനുയായികളുടെ അനുസരണം നേടുക.

8. അകന്ന കാര്യങ്ങളെക്കുറിച്ച് അറിവ് ലഭിക്കുക."

ഇതേ അർത്ഥത്തിൽ സൂഫികൾ ഇങ്ങനെ പ്രസ്താവിച്ചിട്ടുണ്ട്:

"യഥാർത്ഥ ജ്ഞാനം കൈവന്നാൽ സൂഫീവര്യനു രണ്ട് ആത്മാക്കൾ ഉണ്ടാകുന്നതാണ്. ഒന്ന് മാറ്റത്തിനു വിധേയമല്ലാത്തതും അദൃശ്യകാര്യങ്ങൾ അറിയുന്നതും വളരെ പഴക്കം ചെന്നതുമാണെങ്കിൽ രണ്ടാമത്തേതു മാറ്റങ്ങൾക്ക് അധീനമാകുന്നതാണ്."

ക്രിസ്ത്യാനികളുടെ അഭിപ്രായങ്ങളും ഇതിൽനിന്നു വ്യത്യസ്തമല്ല.

ഇന്ത്യക്കാരുടെ ഒരു പ്രസ്താവന ഇങ്ങനെ കാണുന്നു:

"ആത്മാവ് ശരീരവുമായി പിരിഞ്ഞാൽ പല പടികളിലായി സ്വയം ലക്ഷ്യം പ്രാപിക്കുന്നു.

1. വസ്തുക്കളുടെ പേരും ഗുണങ്ങളും വിശദമായി അറിയുക.

2. അവയെ മൊത്തത്തിൽ താത്വികമായും വിശദമായും അറിയുക.

3. കാലവുമായി ബന്ധപ്പെട്ട തരത്തിൽ അറിവിനെ അറിയപ്പെട്ട വസ്തുവുമായി കൂട്ടിയിണക്കുക.

4. സമയവുമായി ബന്ധമില്ലാത്ത നിലയിൽ ഒന്നിക്കുക. അപ്പോൾ അറിയുന്ന ആത്മാവും അറിയപ്പെടുന്ന വസ്തുവും ഒന്നാവുന്നു."

ഇപ്രകാരമാണ് പതഞ്ജലി പ്രസ്താവിച്ചത്. ഈ വിമോചനാവസ്ഥക്ക് 'മോക്ഷം' എന്നാണ് അവർ പറയുന്നത്. ഗ്രഹണമോചനത്തിനും ഈ പേരു തന്നെയാണ് അവർ കൊടുത്തത്.

ഭക്ഷിക്കുന്നതിനുള്ള ആഗ്രഹം ആഹാരം കഴിക്കാൻ പ്രേരിപ്പിക്കുന്നതുപോലെയും ഭോഗാസക്തി ഉത്പ്പാദനക്രിയക്കു പ്രേരണ നല്കുന്നതുപോലെയും അറിയാനുള്ള ആസക്തി ഇന്ദ്രിയങ്ങളെ പ്രവർത്തിക്കാൻ പ്രേരിപ്പിക്കുന്നു.

ഗീതയിൽ ഇങ്ങനെ പറഞ്ഞു: "അറിയാനായാണ് മനുഷ്യനെ സൃഷ്ടിച്ചത്."

അറിവുള്ളവരെല്ലാം ഒരുപോലെ ആയതിനാൽ ആ നിലയിൽ അതു സമമാണ്. അതുകൊണ്ട് അതു നേടുന്നതിനുള്ള ഉപകരണങ്ങളും സമമായി നല്കപ്പെട്ടു. പ്രവർത്തനത്തെ ഉദ്ദേശിച്ചു സൃഷ്ടിച്ചതായിരുന്നെങ്കിൽ പ്രവൃത്തികൾ വ്യത്യസ്തങ്ങളായതുപോലെ ഉപകരണങ്ങളും വ്യത്യസ്തങ്ങളാകുമായിരുന്നു. പക്ഷേ, അറിവിന്റെ ശത്രുവായ ശരീരം പ്രകൃത്യാ തന്നെ പ്രവർത്തനത്തിൽ ആഗ്രഹം പ്രകടിപ്പിക്കുന്നു. അറിവ് ഇതിനെ ഒരു ഭാഗത്തേക്കു തള്ളിനീക്കിക്കൊണ്ട് ആത്മാവിനെ ഇരുട്ടിൽനിന്നു രക്ഷിക്കുന്നു. ഇത് സോക്രട്ടീസ് പറഞ്ഞതുപോലെയാണ്:

“ആത്മാവ് ശരീരത്തിലാകുമ്പോൾ എന്തിനെയെങ്കിലും സംബന്ധിച്ചു ചർച്ച നടത്താൻ ഉദ്ദേശിച്ചാൽ ശരീരം അതിനെ വഞ്ചിക്കുന്നു. ചിന്തിക്കുമ്പോഴാണ് വ്യക്തിത്വത്തെ പറ്റി അതു മനസ്സിലാക്കുന്നത്. വിഷമങ്ങളും അവയവങ്ങൾ ഉപയോഗിക്കാനുള്ള ഭാരവും ഒഴിഞ്ഞാൽ തത്വചിന്തകന്റെ ആത്മാവ് ശരീരത്തെ ഉപേക്ഷിക്കുന്നതാണ്. ഈ ജീവിതത്തിൽ തന്നെ ശരീരത്തെ ഉപയോഗപ്പെടുത്താതിരിക്കുകയാണെങ്കിൽ നാം അന്ധകാരത്തിൽനിന്നു രക്ഷപ്പെടുന്നതാണ്.” ഈ പറഞ്ഞ അഭിപ്രായത്തിനു യാഥാർത്ഥ്യത്തിന്റെ പിന്തുണ ഉണ്ടെന്നാണ് തോന്നുന്നത്.

ഇനിയും നമുക്ക് വിഷയത്തിലേക്കു തന്നെ മടങ്ങാം: ബാഹ്യവും ആന്തരികവുമായ ഇന്ദ്രിയങ്ങൾ അറിവു സമ്പാദിക്കാനുള്ളവയാണ്. അവയെ ദൂതന്മാരായി ഉപയോഗിക്കുന്നതിൽ പണ്ഡിതന് അഭിരുചിയുണ്ടാവുന്നു. ഗ്രഹിക്കുന്നതിൽ സമയവിത്യാസം നേരിടും. പഞ്ചേന്ദ്രിയങ്ങൾ വർത്തമാന കാലത്തേതു മാത്രം അറിയുമ്പോൾ ഹൃദയം വർത്തമാനകാലത്തെയും ഭൂതകാലത്തെയും കുറിച്ചു ചിന്തിക്കുന്നു. ബുദ്ധി സമയവിത്യാസം കൂടാത്ത വസ്തുക്കളെ യഥാർത്ഥ നിലയിൽ ഗ്രഹിക്കുന്നു. ബുദ്ധിയുടെ ഏറ്റവും അടുത്തുള്ളത് ചിന്താശക്തിയും അന്തരിന്ദ്രിയങ്ങളുമാണ്. ഏറ്റവും അകന്നത് പഞ്ചേന്ദ്രിയങ്ങളുമത്രെ. ഇവയിലൂടെ ലഭിക്കുന്ന അറിവിനെ ചിന്താശക്തി കൈകാര്യം ചെയ്ത് ഇവയിൽനിന്നു വേർപ്പെടുത്തി ബുദ്ധിയെ ഏല്പിക്കുന്നു. ഇന്ത്യക്കാരുടെ അഭിപ്രായത്തിൽ ബുദ്ധി അറിവിനെ മൗലികമായി ഗ്രഹിക്കുന്നത് മൂന്ന് മാർഗ്ഗങ്ങൾ മുഖേനയാണ്.

1. കാലനിർണയം ഇല്ലാതെ തന്നെ ദിവ്യസന്ദേശം ലഭിക്കുക. ഇത് ജനനത്തിൽ തന്നെ ലഭിക്കുന്നതാണ്. കപിലൻ എന്ന തത്വചിന്തകൻ ഈ കൂട്ടത്തിൽ ഉൾപ്പെടുന്നു.

2. പ്രായപൂർത്തി വന്നശേഷം ലഭിക്കുക. ബ്രാഹ്മണരുടെ സന്താനങ്ങൾ ഈ കൂട്ടത്തിലാണ് ഉൾപ്പെടുന്നത്.

3. പഠിച്ചു പണ്ഡിതനായതിനു ശേഷം ലഭിക്കുക. ജ്ഞാനികളായ പണ്ഡിതന്മാരെല്ലാം ഈ തരത്തിൽ പെടുന്നു.

ദുർഗുണങ്ങളിൽനിന്നു മാറിനിൽക്കുന്നതുകൊണ്ടല്ലാതെ അറിവുകൊണ്ട് രക്ഷ നേടാനാവുകയില്ല. മൗലികമായും താത്വികമായും അറിയാതെ ശാഖകൾ മാത്രം പഠിക്കുന്നതുകൊണ്ട് ദുർഗുണങ്ങൾ വളരുകയേ ഉള്ളൂ. താത്വികമായി അറിയുന്നില്ലെങ്കിൽ ശാഖാപരമായ അറിവും ദുരുപയോഗ്യമാണ്. കാരണം, കാമം ക്രോധം എന്നീ രണ്ട് ദുർഗുണങ്ങൾ അവനിൽ അധികാരം ചെലുത്തുന്നു. ഇവ രണ്ടും അവന്റെ ജന്മവൈരികളാണ്. ഇവ മനുഷ്യനെ ജന്തുക്കളുടെ നിലയിലേക്കധഃപതിപ്പിക്കുന്നു. താത്വികമായി കാര്യങ്ങൾ ചിന്തിച്ചു ഗ്രഹിക്കുമ്പോൾ മനു

ഷ്യൻ ദൈവദൂതന്മാരുടെ പദവിയിലേക്കുയരുന്നു. ആർത്തി, അധികാരമോഹം തുടങ്ങിയ ദുർഗുണങ്ങൾ കൈവിടാതെ ഈ സ്ഥാനത്തെത്തുകയില്ല. അപ്പോൾ ശരീരത്തിന്റെ മൂന്നിൽ രണ്ടാമത്തേതു നശിക്കുന്നു. പ്രവൃത്തിയിൽ നിന്നുള്ള വിരമിക്കൽ രണ്ട് തരത്തിലുണ്ട്:

1. മടിയും മന്ദതയും കാരണമായി. ഇതു മൂന്നാമതൊരു ശക്തിയുടെ പ്രേരണയാലാണുണ്ടാവുക. ഈ നില തുലോം മോശമാണ്.

2. നല്ല കാര്യങ്ങൾ തിരഞ്ഞെടുക്കുകയും അതിനു വിഘ്നം വരുത്തുന്ന കാര്യങ്ങൾ വെടിയുകയും ചെയ്യുക.

ഇതു മോക്ഷത്തിനുള്ള മാർഗമാണ്. പ്രവർത്തന രംഗത്തുനിന്നു പിന്മാറി പഞ്ചേന്ദ്രിയങ്ങളെ നിശ്ചലമാക്കി ഏകാന്തജീവിതം കൈവരുത്തുമ്പോൾ മാത്രമേ ഈ നിലപാടു ലഭിക്കുകയുള്ളൂ. ആർത്തിയുടെ സന്താനമായ വ്യാപാരം അവസാനിക്കുന്നതുകൊണ്ടു മാത്രമേ ഹൃദയം ഏകചിന്തയിൽ നിലനിൽക്കുകയുള്ളൂ. ഗീതയിൽ ഇങ്ങനെ പറഞ്ഞു:

“വിവിധ കാര്യങ്ങളിൽ വ്യാപൃതനായി കഴിയുകയും ദൈവചിന്ത കൈവെടിയുകയും ചെയ്യുന്ന ഒരാൾ എങ്ങനെ മോക്ഷം നേടും? മറ്റു വികാരചിന്തകളിൽ നിന്നു നീ ഹൃദയത്തെ മോചിപ്പിച്ചു ദൈവിക ചിന്തയിൽ ലയിക്കുമ്പോൾ ദൈവമല്ലാത്തതെല്ലാം അസത്യങ്ങളും ഊഹാപോഹങ്ങളുമാണെന്നു കാണാം.” വീണ്ടും തുടരുന്നു: “നദീജലം സമുദ്രത്തിനു യാതൊരു പ്രയോജനവും ചെയ്യാത്തതുപോലെ തന്നെ യഥാർത്ഥ പണ്ഡിതനിൽ സുഖവും വേദനയും പ്രതികരണങ്ങൾ ഒന്നും ഉളവാക്കുകയില്ല. അതിനാൽ, ചിന്താപരമ്പര അറ്റുപോവാതിരിക്കുക അത്യന്താപേക്ഷിതമാണ്. എണ്ണിക്കണക്കാക്കാവുന്ന ഒരു നില ചിന്തക്കു വന്നുകൂടാ. ഇടയ്ക്കിടെ മറവി ഉണ്ടാകുമ്പോഴാണ് അതിന് എണ്ണാവുന്ന നില ഉണ്ടാകുന്നത്. ചിന്താപരമ്പരയെ ഏകീകരിക്കുകയാണു പരമലക്ഷ്യം. ഈ ലക്ഷ്യത്തിലേക്കു പടിപടിയായി ഒന്നോ അതിലധികമോ സദ്കർമ്മങ്ങളിലൂടെ നാം പുരോഗമിക്കുന്നു. ക്രമേണ ഈ പരിപാടികൾ സ്വഭാവത്തിന്റെ ഒരു അംശമായിത്തീരുന്നതാണ്. ഇതു തന്നെയാണ് എല്ലാ മതങ്ങളും നിർബന്ധിക്കുന്നത്. സദ്കർമ്മങ്ങളുടെ ശാഖകൾ ഒട്ടുവളരെ ഉണ്ടെങ്കിലും മൂല കർമ്മങ്ങൾ ഇവയൊക്കെയാണ്. -കൊല നടത്താതിരിക്കുക, കളവു പറയാതിരിക്കുക, മോഷ്ടിക്കാതിരിക്കുക, വ്യഭിചരിക്കാതിരിക്കുക, അവശ്യസാധനങ്ങൾ പൂഴ്ത്തിവെക്കാതിരിക്കുക- ഇതോടൊപ്പം വ്രതവും പരിശുദ്ധിയും അനുഷ്ഠിക്കുകയും എളിയ ജീവിതം നയിക്കുകയും ദൈവത്തിനു സ്തോത്രം ചെയ്യുകയും എല്ലായ്പ്പോഴും “ഓം” (ദൈവബോധം) എന്നതിനെ ഹൃദയത്തിൽ കുടിയിരുത്തുകയും വേണം. ഇതു ജന്തുഹിംസയിൽ നിന്ന് അവനെ പിന്തിരിപ്പിക്കുന്നു. കളവു പറയുക, സ്വത്ത് കൊള്ളചെയ്യുക തുടങ്ങിയവ ജന്തുഹിംസ പോലെ തന്നെയാണ്. പൂഴ്ത്തിവെപ്പ് നടത്താതിരിക്കുക,

വിശ്വസ്തത, സ്വാതന്ത്ര്യബോധം തുടങ്ങിയവയ്ക്ക് ഹേതുവാകുന്ന പരിശുദ്ധതകൊണ്ട് ശരീരത്തിന്റെ ദുർഗുണങ്ങളെ മനസ്സിലാക്കാനും പരിശുദ്ധാത്മാക്കളെ സ്നേഹിക്കാനും സാധിക്കുന്നു. എളിയ ജീവിതം സ്വീകരിക്കുന്നതു കൊണ്ട് ശരീരത്തിലെ ദുഃസ്വഭാവം നശിപ്പിക്കാനും ഇന്ദ്രിയങ്ങളെ പരിശുദ്ധമാക്കാനും കഴിയും. ശരീരസുഖങ്ങളിൽ ശ്രദ്ധിച്ചുകൊണ്ടിരുന്ന ഒരാളോട് "നീ നിന്റെ ജയിലിനു ശക്തി ഉണ്ടാക്കുകയും ബന്ധനം ഉറപ്പിക്കുകയുമാണു ചെയ്യുന്നത്." എന്നു പിതാഗോറസ് പറഞ്ഞത് ഈ അടിസ്ഥാനത്തിലാണ്.

ഗീതയിൽ പറയുന്നു:

"മനുഷ്യൻ ഒന്നിനെ കുറിച്ചുതന്നെ എപ്പോഴും ചിന്തിച്ചുകൊണ്ടേയിരുന്നാൽ അവൻ അതിൽ ലയിച്ചുപോകുന്നു. അതുമുഖേന അവനെ നിയന്ത്രിക്കാവുന്നതാണ്. എപ്പോഴും സ്നേഹിച്ചിരുന്ന ഒന്നിനെ കുറിച്ചാവും മരണസമയത്ത് അവൻ ചിന്തിച്ചുകൊണ്ടിരിക്കുക. ആത്മാവ് പിരിഞ്ഞാൽ അത് ആ സ്നേഹിച്ചിരുന്ന വസ്തുവിലേക്കു മാറുന്നതാണ്. ദൈവമാണ് എല്ലാറ്റിനും കാരണഭൂതൻ എന്ന വിചാരം മരിക്കുമ്പോൾ ഒരാളിലുണ്ടായാൽ അവനു മോക്ഷം ലഭിക്കുന്നതാണ്."

ഗീതയിൽ ഇങ്ങനെ കാണാൻ കഴിയും:

"അജ്ഞാനവുമായുള്ള ബന്ധം മുറിച്ചും പ്രവർത്തനങ്ങളുടെ ഉദ്ദേശ്യം നന്നാക്കിയും പ്രതിഫലേച്ഛ കൂടാതെ ദൈവത്തിന് അഗ്നി ബലിയർപ്പിച്ചും സ്നേഹിക്കാൻ കൊള്ളരുതാത്തവരുമായി അകന്നു ജീവിച്ചും ആളുകൾ ഉറങ്ങാത്തപ്പോൾ ഉറക്കം പൂണ്ടും അവർ ഉറങ്ങുമ്പോൾ ഉറക്കം ഒഴിച്ചിരുന്നും നീ മോക്ഷം നേടുക. ശരീരത്തെ സൂക്ഷിക്കുക. നിനക്ക് അതിലേക്കാഗ്രഹമുണ്ടെങ്കിൽ അതു നിന്റെ ശത്രുവും അല്ലെങ്കിൽ മിത്രവുമാണ്."

വധശിക്ഷയെ അവഗണിച്ചും ദൈവവുമായി ചേരാൻ ആഗ്രഹം പ്രകടിപ്പിച്ചും സോക്രട്ടീസ് പറഞ്ഞതിപ്രകാരമാണ്:

"നിങ്ങളുടെ അഭിപ്രായത്തിൽ 'ആബിലൂൺ ശംസ്സി'ന്റെ പക്ഷി എന്നറിയപ്പെടുന്ന 'കോക്കൻസി'ന്റേതിനേക്കാൾ എനിക്കുള്ള പദവി കുറയാതിരിക്കട്ടെ. അദ്ദേഹം അദൃശ്യകാര്യങ്ങൾ അറിയാറുണ്ടായിരുന്നു. മരിക്കുമെന്നറിഞ്ഞപ്പോൾ അദ്ദേഹം പാട്ടുപാടി നൃത്തം ചവിട്ടുകയാണുണ്ടായത്. എന്റെ ആരാധ്യപുരുഷനുമായി ചേരുന്നതിൽ എനിക്കുള്ള സന്തോഷം അദ്ദേഹത്തിന്റേതു പോലെയെങ്കിലുമായിരിക്കണം." ഈ കാരണത്താലാണ് പ്രേമമെന്നാൽ ജനങ്ങളുമായകന്ന് യഥാർത്ഥ നാഥനുമായി ബന്ധപ്പെടുക എന്നതാണെന്നു സൂഫികൾ പറയുന്നത് 'പതഞ്ജലി' പറയുന്നു: "രക്ഷാമാർഗ്ഗങ്ങളെ മൂന്നായി ഭാഗിക്കാം:

1. കർമ്മനിരതനായി നടന്നു പഞ്ചേന്ദ്രിയങ്ങളെ ഉള്ളിലേക്കു വലിക്കുകയും തദ്വാരാ അവ നിനക്കു മാത്രം ജോലിചെയ്യുന്ന നില വരു

ത്തുകയും ചെയ്യുക. 'വിഷ്ണുധർമ്മത്തിൽ പറയുന്നു: 'പിർഗ്വര'ന്റെ സന്താനങ്ങളിൽ പെട്ട പ്രേക്ഷ എന്ന രാജാവ് തന്റെ മുമ്പിൽ ഹാജരായ തത്വചിന്തകന്മാരുടെ നേതാവായ 'ശതാനേക'നോട് ദൈവത്തിന്റെ എന്തോ ഒരു വിശേഷണത്തെ കുറിച്ചന്വേഷിച്ചപ്പോൾ അദ്ദേഹം ഇങ്ങനെ മറുപടി നല്കി: "ദൈവത്തെ കുറിച്ചു സാംഖ്യയിൽ നിന്നും സാംഖ്യം ഓഷനിൽ നിന്നും ഓഷൻ ബ്രഹ്മാവിൽ നിന്നും കേട്ടതല്ലാതെ വേറൊന്നും ഞാൻ ഉദ്ധരിക്കുകയില്ല. "ദൈവം അനാദിയും അനശ്വരനും ആരുടെയും സന്താനവും ജനയിതാവുമല്ലാത്തവനും ആകുന്നു. അവൻ സ്വയംഭൂവാണ്. അവനിഷ്ടമുള്ള തികച്ചും നല്ല കാര്യങ്ങളെന്തെല്ലാമാണെന്നും ഇഷ്ടമില്ലാത്തവ എന്തൊക്കെയാണെന്നും എനിക്കെങ്ങനെ പറയാൻ സാധിക്കും? ഈ ലോകവുമായുള്ള ബന്ധം മുഴുവൻ മുറിച്ച് അവനെ കുറിച്ചു മാത്രം ചിന്തിക്കുകയും അവനെ വേണ്ടപോലെ ആരാധിക്കുകയും ചെയ്യുന്നതുവരെ അവനെ കുറിച്ചു മനസ്സിലാക്കാൻ സാധ്യമാണോ?" അപ്പോൾ ഇപ്രകാരം അദ്ദേഹത്തോടു ചോദിക്കപ്പെട്ടു: "മനുഷ്യൻ അശക്തനും അല്പായുസ്സും ആണല്ലോ. ശരീരത്തിന്റെ അതിപ്രധാനമായ കാര്യങ്ങൾ നിർവ്വഹിക്കാതിരിക്കുക സാധ്യമല്ല. അപ്പോൾ ഈ നില അവനെ രക്ഷാമാർഗ്ഗത്തിൽനിന്ന് അകറ്റി നിർത്തുന്നു. മനുഷ്യൻ ആയിരക്കണക്കിനു വർഷങ്ങൾ ജീവിച്ചിരുന്ന പണ്ടത്തെ കാലമായിരുന്നെങ്കിൽ പ്രവർത്തിച്ചു മോക്ഷം നേടാമായിരുന്നു. ഇന്നാണെങ്കിൽ നാനാഭാഗത്തുനിന്നും നാശം അവനെ വലയം ചെയ്തിരിക്കുന്നു." ബ്രഹ്മാവ് മറുപടി പറഞ്ഞു: "മനുഷ്യന് ആഹാരം, താമസസ്ഥലം, വസ്ത്രം എന്നിവ ആവശ്യമാണ്. പക്ഷേ, നന്മ മറ്റുള്ള എല്ലാ അനാവശ്യങ്ങളെയും വിഷമങ്ങളെയും ത്യജിക്കുന്നതിൽ മാത്രമാകുന്നു. അതിനാൽ, ദൈവത്തെ നിസ്വാർത്ഥമായി ആരാധിക്കുകയും അനുസരിക്കുകയും ആരാധനാസ്ഥലത്തു സുഗന്ധദ്രവ്യങ്ങളും പൂക്കളും വിതരണം ചെയ്ത് അവനിലേക്ക് അടുക്കുകയും ചെയ്യുക. എല്ലായ്പ്പോഴും ദൈവത്തെ തന്നെ ധ്യാനിക്കുകയും ബ്രാഹ്മണർക്കും അല്ലാത്തവർക്കും ദാനം ചെയ്യുകയും വേണം. അവന്റെ പ്രീതിക്കായി മാംസവർജ്ജനം, വ്രതാനുഷ്ഠാനം മുതലായവ ചെയ്യുക. ജീവികളെ അവന് ഇഷ്ടമായതിനാൽ അവയെ നിസ്സാരമാക്കി കൊലചെയ്യാൻ പാടില്ല. അവൻ എല്ലാമാണെന്നു മനസ്സിലാക്കുക. നിങ്ങൾ ചെയ്യുന്നതൊക്കെ അവനു വേണ്ടി ആയിരിക്കണം. നിങ്ങൾ സുഖിക്കുകയാണെങ്കിൽ അവനെ മറക്കരുത്. നിങ്ങളുടെ ലക്ഷ്യം ഭയഭക്തിയും ആരാധനക്കുള്ള കഴിവുമാണ്. ഈ നിലകൊണ്ടു മാത്രമേ, നിങ്ങൾ മോക്ഷം നേടുകയുള്ളൂ."

ഗീതയിൽ പറയുന്നു: "ഒരാൾ തന്റെ കാമത്തെ നശിപ്പിച്ചാൽ അത്യാവശ്യകാര്യങ്ങൾ നേടാനാവുകയില്ല. മിതമായ നില കൈകൊണ്ടാൽ നിത്യനാവുകയില്ല. പ്രകൃതി ആവശ്യപ്പെടുന്ന വിശപ്പടക്കാനുള്ള

ആഹാരം, വിശ്രമത്തിനുള്ള ഉറക്കം, സമാധാനമായിരിക്കാനുള്ള സദസ്സ് മുതലായ കാര്യങ്ങളിൽനിന്നു മനുഷ്യനു പിന്മാറുക സാധ്യമല്ല. നേരെ മറിച്ച് ഈ അവസ്ഥ അവന് ഏകാന്തമായി ചിന്തിക്കാൻ ഉപകരിക്കുന്നു. എന്നാൽ കാമം, ക്രോധം എന്നീ ഭയങ്കര ശക്തികളെ നശിപ്പിച്ച ഒരാൾക്കു മാത്രമേ സുഖം ഉണ്ടാവുകയുള്ളൂ."

വാസുദേവൻ അർജ്ജുനനെ ഇങ്ങനെ ഉപദേശിച്ചു: "നീ കേവല ഗുണങ്ങൾ നേടാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ ശരീരത്തിന്റെ ഒമ്പത് വാതിലുകളടയ്ക്കുക. ശരീരത്തിൽ പ്രവേശിക്കുന്നവയെയും പുറത്തു പോകുന്നവയെയും മനസ്സിലാക്കുക. ചിന്ത പതറിപ്പോകുന്നതിൽനിന്നു ഹൃദയത്തെ രക്ഷിക്കുക. നിന്റെ മൂർദ്ധാവിൽ ഉണ്ടായിരുന്നതും ഇപ്പോൾ അടഞ്ഞുപോയതുമായ ആ ദ്വാരത്തെ ഓർത്ത് ഹൃദയത്തെ സമാധാനപ്പെടുത്തുക." രക്ഷക്കുള്ള രണ്ടാം ഭാഗം, "നാശങ്ങളും പരിവർത്തനങ്ങളും കാണുമ്പോൾ ഈ ലോകത്തു തന്റെ നിലപാട് മനസ്സിലാക്കി അതിലുള്ള ആഗ്രഹം നിർത്തുകയും ഹൃദയത്തെ ഈ നശ്വര ലോകത്തുനിന്ന് അകറ്റുകയും ചെയ്യുക എന്നതാണ്. അങ്ങനെ ശരീരത്തലുള്ള വിവിധ പ്രവർത്തനങ്ങൾക്കു പ്രേരണ നല്കുന്ന ഗുണങ്ങളെ ജയിച്ചടക്കുക."

ഗീതയിൽ പറയുന്നു: "ജനങ്ങൾ വിധി വിലക്കുകൾ മനസ്സിലാക്കുന്നതിൽ പിഴച്ചിരിക്കുന്നു. നല്ലതും ചീത്തയും അവർ വേർതിരിച്ചു മനസ്സിലാക്കുന്നില്ല. അതിനാൽ, പ്രവർത്തനങ്ങൾ പാടേ ത്യജിക്കുകയാണുത്തമം. അറിവിന്റെ പരിശുദ്ധത മറ്റേതിതിന്റെ പരിശുദ്ധതയെക്കാളും മഹത്താണ്. കാരണം, അറിവുകൊണ്ട് അജ്ഞത നിശ്ശേഷം നശിക്കുകയും ശിക്ഷക്കു വിധേയമാകുന്ന സംശയം ഇല്ലാതാവുകയും ചെയ്യുന്നു. സംശയിക്കുന്നവനു സുഖമുണ്ടാകുന്നതല്ല. ഒന്നാം ഭാഗം രണ്ടാം ഭാഗത്തിന്റെ ഉപകരണമാണെന്നാണ് ഇതിൽനിന്നു വ്യക്തമാകുന്നത്.

3. മൂന്നാം ഭാഗം ഒന്നും രണ്ടും ഭാഗങ്ങൾക്കുള്ള മാർഗ്ഗമാണ്. അതു മോക്ഷം നേടാനും വിജയത്തിലേക്ക് എത്താനുള്ള ചുറ്റുപാടുകൾ നല്കാനുമായി ദൈവത്തെ ആരാധിക്കുക എന്നതാണ്. ഗീതയിൽ ശരീരം, ശബ്ദം, ഹൃദയം എന്നിങ്ങനെ ആരാധന മൂന്നായി ഭാഗിക്കപ്പെട്ടിട്ടുണ്ട്. ശരീരംകൊണ്ട് വ്രതം, നമസ്കാരം, മറ്റു ശരീരനിയമങ്ങൾ അനുഷ്ഠിക്കുക, ദേവദൂതന്മാരെയും ബ്രാഹ്മണരെയും സേവിക്കുക. ശരീരത്തെ ശുദ്ധീകരിക്കുക. കൊലപാതകത്തിൽനിന്നും അന്യസ്ത്രീകളെയും മറ്റും രക്ഷിക്കുക. ശബ്ദംകൊണ്ട് വേദം വായിക്കുക. ദൈവസ്തോത്രം ചെയ്യുക. സത്യം പറയുക. ജനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുക. ഹൃദയംകൊണ്ട് ലക്ഷ്യം ശുദ്ധിയാക്കുക. സത്യം ഗ്രഹിക്കുക എന്നിങ്ങനെ ഈ മൂന്നും വിശദീകരിക്കാം.

പിന്നീട് സുഗ്രാഹ്യമല്ലാത്ത നാലാമതൊരു ഭാഗവും കൂട്ടിച്ചേർത്തു. ഇതു രസതന്ത്രം പോലെ മരുന്നുകൾക്കൊണ്ടുള്ള പ്രയോഗമാണ്. ഇതേപ്പറ്റിയുള്ള വിവരണം പിന്നാലെ വരുന്നതാണ്. ഉദ്ദേശ്യ ശുദ്ധിയും ദൃഢ നിശ്ചയവും ആവശ്യമാണെന്ന നിലയ്ക്കല്ലാതെ ഇതിന് ഈ വിഷയവുമായി ബന്ധമില്ല.

ദൈവം മറ്റൊന്നിനെ ആശ്രയിക്കാത്തവനും പ്രതിഫലത്തിൽ മോഹമോ എതിർപ്പിൽ ഭയമോ ഇല്ലാത്തവനും സ്വയം അറിയുന്നവനും ആയതിനാലാണു മോക്ഷം നേടണമെങ്കിൽ ദൈവത്തോടു ചേരണമെന്ന് അവർ പറയുന്നത്. അനാദിയാവുക എന്നതൊഴികെയുള്ള ഗുണങ്ങളിലെല്ലാം മോക്ഷം സിദ്ധിച്ചവർക്ക് അവനുമായി വിത്യാസം ഉണ്ടാവുന്നതല്ല. ആത്മാക്കൾ ആദിയിൽ സംശയഗ്രസ്തരും അദ്ധ്വാനിച്ച് അറിവു സമ്പാദിച്ചവരും മറ്റുമാണെങ്കിലും മോക്ഷം ലഭിക്കുമ്പോൾ മറകൾ നീങ്ങുകയും തടസ്സങ്ങൾ ഇല്ലാതാവുകയും സ്വയം അറിയുകയും യാതൊന്നും അവരുടെ മുമ്പിൽ അവ്യക്തമാകാതിക്കുകയും ചെയ്യുന്നു. അതുകൊണ്ടാണ് 'പതഞ്ജലി' എന്ന ഗ്രന്ഥത്തിന്റെ അവസാനത്തിൽ മോക്ഷത്തെ കുറിച്ചു ചോദിച്ചപ്പോൾ ഇങ്ങനെ മറുപടി നല്കിയത്: "മോക്ഷം നേടാനുള്ള മനുഷ്യന്റെ മൂന്നു ശക്തികളുടെ പ്രവർത്തനം മരവിപ്പിക്കുകയും അവൻ ദൈവസന്നിധിയിലേക്കു തന്നെ മടങ്ങുകയും ചെയ്യുക എന്നതാണെന്ന് വേണമെങ്കിൽ പറയാം. അതായത്, ആത്മാവ് ജ്ഞാനം സമ്പാദിച്ചു പ്രകൃതിസ്വഭാവത്തിലേക്കു മടങ്ങുക എന്നർത്ഥം.

'സാംഖ്യ'യിൽ പറയുന്നു: സന്യാസി ('നാസിക്') തത്വചിന്തകനോട് (ഹകീം) പ്രവർത്തനം അവസാനിക്കുമ്പോൾ മരിക്കാത്തതെന്താണെന്നു ചോദിച്ചതിനുള്ള മറുപടിയാണ് താഴെ കൊടുക്കുന്നത്:

"വേർപെടാനുള്ള കാരണം ആത്മീയമായ ഒരു നിലപാടാണ്. ജീവൻ ശരീരവുമായി വേർപെടണമെങ്കിൽ പ്രകൃത്യാ തന്നെ ശരീരത്തിൽ ജീവനു നിൽക്കാൻ കഴിവില്ലാത്ത നില വന്നുചേരേണ്ടിയിരിക്കുന്നു. ചിലപ്പോൾ ആത്മാവിന്റെ പ്രവർത്തനം നിലച്ചാലും അതിന്റെ ഫലങ്ങൾ ശരീരത്തിൽ പിന്നെയും അല്പകാലം ശേഷിച്ചെന്നുവരും. പമ്പരം തിരിച്ചുവിട്ടാൽ പിന്നെയും അല്പനേരം അതിന്റെ കറക്കം അവശേഷിക്കുന്നതു കാണുന്നു. ക്രമേണയാണ് അതിന്റെ അനക്കം നിൽക്കുന്നത്. ഇതുപോലെ ആത്മാവിന്റെ പ്രവർത്തനം നിലച്ചാലും ചിലപ്പോൾ അതിന്റെ ഫലം അവശേഷിക്കുന്നതിനാൽ ശരീരം അതിന്റെ ശക്തി ക്രമേണ നിലയ്ക്കുന്നതുവരെ പിന്നെയും പലതും ചെയ്തുകൊണ്ടിരിക്കുന്നതാണ്."

ഈ വിഷയം 'പതഞ്ജലി'യിൽ പ്രതിപാദിക്കുന്നത് ഇപ്രകാരമാണ്:

"ഭയവിഹ്വലനായി അവയവങ്ങൾ തളർന്ന ഒരുവന് ആ സമയം ആത്മാവുമായുള്ള ബന്ധം സുശക്തമല്ല. എന്നാലും പൂർണമായ നില

യിൽ ബന്ധം മുറിഞ്ഞിട്ടുമില്ല."

ഇതേ അഭിപ്രായത്തിനു വിരുദ്ധമായി പ്രസ്തുത ഗ്രന്ഥത്തിൽ തന്നെ മറ്റൊരു സ്ഥലത്ത് ഇങ്ങനെ പറഞ്ഞതു കാണാം: "ശരീരം ആത്മാവുമായി കെട്ടുപിണഞ്ഞിരിക്കുകയാണെങ്കിലും, അത്മാവിന് അതിനാവശ്യമായ എല്ലാ നേട്ടങ്ങളും നേടിക്കഴിഞ്ഞാൽ സ്വയം പിരിഞ്ഞുപോകാൻ കഴിയും." ഏതാണ്ട് ഇതേ അഭിപ്രായം തന്നെയാണ് സൂഫികളുടേതും. അവരുടെ ഗ്രന്ഥങ്ങളിൽ ഇപ്രകാരം പറഞ്ഞിട്ടുണ്ട്. "ഒരിക്കൽ കുറേ സൂഫീവര്യന്മാർ ഇവിടെ വന്ന് നമ്മളിൽനിന്നു കൂറേ അകലെ മാറി ഇരുന്നു. അവരിലൊരാൾ എഴുന്നേറ്റ് നമസ്കരിച്ചതിനു ശേഷം തിരിഞ്ഞു നിന്നവരോട് ഇങ്ങനെ ചോദിച്ചു: "മാന്യരേ, ഇവിടെ നമുക്കു മരിക്കാൻ സൗകര്യമുള്ള വല്ല സ്ഥലവുമുണ്ടോ?" ഉറങ്ങാൻ പറ്റിയ സ്ഥലമാണ് അദ്ദേഹം ഉദ്ദേശിക്കുന്നതെന്നു കരുതി ഞാൻ ഒരു സ്ഥലം ചൂണ്ടിക്കാണിച്ചു. അദ്ദേഹം അപ്പോൾ അവിടെ ചെന്നുകിടന്നു മരിച്ചു. ഞാൻ ചെന്ന് അനക്കിനോക്കി, അനങ്ങിയില്ല. തണുത്തിരിക്കുകയാണ്."

'നാം അവർക്ക് ഭൂമിയിൽ സൗകര്യങ്ങൾ ചെയ്തു കൊടുത്തു' എന്ന ഖുർആൻ വാക്യത്തിന്റെ വ്യാഖ്യാനത്തിൽ വ്യാഖ്യാതാക്കളിൽ ചിലർ വിവരിക്കുകയാണ്: "മനുഷ്യൻ ഉദ്ദേശിച്ചാൽ ഭൂമിയുടെ ദൂരം കുറക്കാനും വെള്ളത്തിലൂടെയും വായുവിലൂടെയും സഞ്ചരിക്കാനും കഴിയും. എന്നാൽ, മോക്ഷം നേടാവുന്ന പദവിയിൽ എത്താത്തവരെല്ലാം ഒരേ നിലയിലല്ല സ്ഥിതി ചെയ്യുന്നത്."

'സാംഖ്യ'യിൽ പറയുന്നു: "ഈ ലോക നേട്ടങ്ങൾക്കു വേണ്ടി മാത്രം ജീവിക്കുന്നവർ സൽസ്വഭാവം, ധർമ്മം തുടങ്ങിയ നല്ല ഗുണങ്ങൾ ഉള്ളവരാണെങ്കിൽ അതിനുള്ള പ്രതിഫലങ്ങൾ ഇഹലോകത്തുനിന്നു തന്നെ അവർക്കു ലഭിക്കുന്നതാണ്. ഉദ്ദേശ്യങ്ങൾ നിറവേറുക, വിജയം കൈവരിക്കുക, ആരോഗ്യം നേടുക തുടങ്ങിയവ ആയിരിക്കും ആ പ്രതിഫലങ്ങൾ. രാഷ്ട്രം കൈവരിക എന്നതു തന്നെ മുമ്പു ചെയ്ത സദ്പ്രവർത്തികളുടെ ഫലമായിരിക്കും. അറിവില്ലാത്ത സന്യാസിക്ക് ഉയർന്ന പദവിയും പേരും ഈ ലോകത്തും ലഭിക്കുന്നു. അറിവിൽ ഏറ്റക്കുറവുണ്ടാകുന്നതിന് ഒരു ഉദാഹരണം പറയാം:

ഒരു ആചാര്യൻ തന്റെ വിദ്യാർത്ഥികളോടൊപ്പം അത്യാവശ്യകാര്യത്തിന് ഒരിടത്തു പോയി. രാത്രിയായപ്പോൾ ഇരുട്ടിൽ അവർ ഒരു സത്വത്തെ കണ്ടുമുട്ടി. ഗുരു ശിഷ്യന്മാരോട് അതിനെ കുറിച്ചു ചോദിച്ചു. ഒന്നാമൻ എനിക്കു മനസ്സിലാകുന്നില്ല എന്നു പറഞ്ഞു.

രണ്ടാമൻ: അറിഞ്ഞുകൂടാ, എനിക്ക് അറിയാനുള്ള വഴിയില്ല.

മൂന്നാമൻ: അതറിയുന്നതിൽ പ്രയോജനമില്ല. അതിഭയാനകമായ വല്ല ജന്തുവുമാണെങ്കിൽ നേരം പുലർന്നാൽ പോയിക്കൊള്ളും, അല്ലെങ്കിൽ നമുക്കു മനസ്സിലാകും.

ഈ മൂന്നാളുകൾക്കും കാര്യം മനസ്സിലായില്ല. ഒന്നാമൻ അജ്ഞനാണ്. രണ്ടാമനു കഴിവില്ല. മൂന്നാമനു പിന്നീടേ മനസ്സാലാകൂ. നാലാമൻ ഒന്നും പറഞ്ഞില്ല.

ഒടുവിൽ ഇരുട്ടിൽ കണ്ടുമുട്ടിയ രൂപവുമായി അടുത്തപ്പോൾ അതു കൃഷിയുടെ കാവലിനു നാട്ടിയ പൊയ്കോലമാണെന്നു മനസ്സിലായി.

ഇനി ഈ വിഷയങ്ങളിൽ ഗ്രീക്കുകാരുടെ സാമ്യമുള്ള പ്രസ്താവനകൾ പരിശോധിക്കാം: പിതാഗോറസ്സിന്റെ ഗ്രന്ഥത്തിൽനിന്ന്: അമോണ്യസ് ഇപ്രകാരം എടുത്തുവിവരിക്കുന്നു: "നിങ്ങൾ നശിക്കാതിരിക്കാനും എന്നും സുഖാനുഭൂതി കൈവരാനുമായി ഓരോരുത്തരുടെയും പരിശ്രമവും ആഗ്രഹവും കാരണങ്ങളുടെ എല്ലാം കാരണഭൂതരുമായി ചേരാനായി മാത്രമാവണം."

ശരീരവുമായി ബന്ധപ്പെട്ടുതന്നെ എങ്ങനെ സ്വയം കഴിവുള്ളവരാവാൻ കഴിയും എന്നതിനു പിതാഗോറസ്സ് പറഞ്ഞതു നോക്കുക:

"നീചരുടെ ആത്മാക്കൾ ലോകത്തുതന്നെ അവശേഷിക്കുന്നു. പരമാത്മാവ് വഴിയായി അപേക്ഷിച്ചാൽ ദൈവം അവനു പ്രകാശവും ബുദ്ധിയും നല്കുന്നു. ആ ബുദ്ധിയുടെ സഹായത്തോടെ ഈ ലോകത്ത് പിന്നെയും കുറേ കാലം ജീവിച്ച ശേഷം സ്ഥലകാലത്തിന് അതീതനാവുകയും ഈ ലോകത്തിലെ നശ്വരമായ സുഖദുഃഖങ്ങളിൽ നിന്നെല്ലാം അകലുകയും ചെയ്യുന്നു."

ഇതു തന്നെയാണ് 'എംപടോക്ലസ്' മുതൽ 'ഹെറാക്ലസ്' വരെയുള്ള പണ്ഡിതന്മാരുടെയും അഭിപ്രായം.

സോക്രട്ടീസ് പറയുന്നത് ആത്മാവ് ശരീരവുമായി പിരിഞ്ഞാൽ ദൈവത്തെപോലെ ആവുന്നതുകൊണ്ട് സ്വയം അനശ്വരമായ പരിശുദ്ധ ജീവിതത്തിലെത്തിച്ചേരുന്നു എന്നാണ്.

അദ്ദേഹം പിന്നെയും തുടരുന്നു:

"ആത്മാവ് ദൈവസത്വത്തോടു സാമ്യമുള്ളതും നശിക്കാത്തതും അനാദിയായി സ്ഥിതിചെയ്യുന്നതുമാണ്. ശരീരവുമായി ചേർന്നാൽ അതുമായി പ്രവർത്തിക്കാനും അതിന്റെ നേതൃത്വം വഹിക്കാനും ആത്മാവിനോടു പ്രകൃതി കല്പിക്കുന്നു."

ശരീരവുമായി പിരിഞ്ഞാൽ ആത്മാവ് അശരീരി ആയിത്തീരുന്നതും അതർഹിക്കുന്ന വിജയം നേടുന്നതും സ്ഥലം, ഏകാന്തത, വിഡ്ഢിത്തം, ദുഃഖം, കാമം തുടങ്ങിയ നീച വികാരങ്ങളിൽനിന്നു രക്ഷപ്പെടുന്നതുമാകുന്നു. ശരീരത്തിന്റെ ദുർഗുണങ്ങളോടു വെറുപ്പുണ്ടെങ്കിൽ മാത്രമാണ് ഈ നില കൈവരുന്നത്. മറിച്ച് അവ ഇഷ്ടപ്പെട്ട നിലയാണ് ആത്മാവിനുള്ളതെങ്കിൽ ശരീരവുമായി ബന്ധപ്പെട്ടുകൊണ്ടുതന്നെ കഴിഞ്ഞുകൂടുകയാവും അതിന്റെ ഫലം.

പ്രോക്ലസ് പറയുന്നു: "ചിന്താശക്തിയുള്ള ആത്മാക്കൾ നേരെയുള്ള

ശരീരത്തിലും മറ്റുതരം ആത്മാക്കൾ വളഞ്ഞുകുനിഞ്ഞ ശരീരത്തിലും ആത്മാക്കളില്ലാത്ത വെറും ആഹാരം നേടാനുള്ള കഴിവു മാത്രമുള്ളവ ജീവൻ സ്ഥിതിചെയ്യുന്ന തലകുത്തനെ ഉള്ള സസ്യങ്ങളിലുമാണ്. മനുഷ്യന്റെ ഉത്ഭവം ഉപരിഭാഗത്തുനിന്നായതിനാൽ തല മേൽപ്പോട്ടും സസ്യങ്ങളുടെ ഉത്ഭവം ഭൂമിയിൽ നിന്നായതിനാൽ തല കീഴ്പ്പോട്ടും ഇവയ്ക്കിടയ്ക്കുള്ള ജന്തുക്കളുടെ തല രണ്ടിനും മദ്ധ്യത്തിലുമായി സ്ഥിതി ചെയ്യുന്നു. ഇതേ അഭിപ്രായം തന്നെ ഇന്ത്യക്കാർക്കും ഉള്ളതായി കാണാം. ലോകത്ത് ബ്രാഹ്മണന്റെ നില എന്താണെന്ന് അർജ്ജുനൻ ചോദിക്കുന്ന ചോദ്യത്തിനു വാസുദേവൻ പറഞ്ഞ മറുപടി നോക്കുക:

"അശ്വത്ഥമരം (അരയാൽ) പോലെയാണത്. സാധാരണ മരങ്ങളുടെ എതിരായാണ് അതിന്റെ കിടപ്പ്. വേര് മുകളിലും കൊമ്പ് അടിയിലുമായാണ്. അധികം ആഹാരം ലഭിക്കുന്നതിനാൽ കൂടുതൽ ശാഖകളോടും വേരുകളോടും കൂടി വളരെ അധികം വലുതാകുന്നു. ബ്രാഹ്മണൻ ഈ മരത്തിന്റെ മുകളിലുള്ള വേരു പോലെയും വേദാന്തം അതിന്റെ തടി പോലെയും മറ്റുള്ള മതങ്ങളും അഭിപ്രായങ്ങളും വ്യാഖ്യാനങ്ങളും ന്യായീകരണങ്ങളും കൊമ്പുകളും ഇലകളും പോലെയുമാണ്. ശരീരത്തിന്റെ മൂന്ന് കഴിവുകൾ ആഹാരം പോലെയും അതിന്റെ വലിപ്പം, ഉറപ്പ് തുടങ്ങിയവ പഞ്ചേന്ദ്രിയങ്ങൾ പോലെയുമത്രെ. ബുദ്ധിയുള്ള മനുഷ്യൻ ആ മരം മുറിക്കുകയും അതിന്റെ കർത്താവിനോട് ഒരിക്കലും ഉപേക്ഷിക്കേണ്ടിവരാത്ത ഒരു ശാശ്വത ഭവനം ആവശ്യപ്പെടുകയും ചെയ്യുന്നു. അങ്ങനെ ആ ഭവനം ലഭിച്ചാൽ ചൂടും തണുപ്പുമില്ലാതെ ദൈവിക പ്രകാശത്തിന്റെ വെളിച്ചത്തിൽ അവൻ നിലകൊള്ളും."

'പതഞ്ജലി'യിൽ പറഞ്ഞതുപോലെ തന്നെയാണ് സൂഫികൾ സാക്ഷാൽ ദൈവവുമായി ചേരുന്നതിനെ കുറിച്ചും പറയുന്നത്. "നീ ദൈവത്തിലേക്കു ചൂണ്ടുകയാണെങ്കിൽ ഏകദൈവ വിശ്വാസി ആകുന്നില്ല. നീയും ദൈവവും ചൂണ്ടിക്കാണിക്കാൻ കഴിയാത്ത വിധം ഒന്നാകേണ്ടതാണ്."

മറ്റൊരു സൂഫീവര്യൻ പറയുകയാണ്: "ഞാനുമായി ഫലത്തിൽ ഒന്നും പ്രയോഗത്തിൽ രണ്ടുമായി നിലകൊള്ളുന്ന ദൈവത്തെ ഞാനങ്ങനെ ദൃഢമായി മനസ്സിലാക്കാതിരിക്കും?"

അബൂബകറുശ്ശിബ്ലി ഇപ്രകാരം പറയുന്നു: "നീ എല്ലാം അഴിച്ചുവെക്കുക. എന്നാൽ, നാമുമായി പൂർണമായി ചേരാം. അപ്പോൾ ഞാനും നീയും ഒന്നായിത്തീരുകയും നിന്റെ പ്രവൃത്തിയും എന്റെ പ്രവൃത്തിയും തമ്മിൽ പൊരുത്തപ്പെടുകയും ചെയ്യുന്നതാണ്."

ഈ നിലപാട് കൈവരുന്നതെങ്ങനെ എന്ന് അബൂയസീദുൽ ബസ്താമിയോട് ചോദിച്ചപ്പോൾ അദ്ദേഹം മറുപടി നൽകി: "പാമ്പ് അതിന്റെ ഉറ ഊരുന്നതുപോലെ ഞാൻ എന്റെ ശരീരത്തിൽനിന്നു വേർപെട്ട് എന്റെ

സത്വത്തെ കുറിച്ചു ചിന്തിച്ചുതുടങ്ങിയതു മുതൽ ഞാൻ ദൈവമായിത്തീരുന്നു.”

ഇസ്രായീല്യരോട് കൊലക്കുറ്റം തെളിയിക്കാൻ വേണ്ടി പശുവിനെ അറുത്ത് അതിന്റെ അവയവംകൊണ്ട് മൃതദേഹത്തെ അടിക്കുക എന്നു സൂചിപ്പിക്കുന്ന ഖുർആൻ വചനത്തിന്റെ വ്യാഖ്യാനത്തിൽ ചിലർ പറയുന്നു: “ശവത്തെ ജീവിപ്പിക്കാൻ ശവംകൊണ്ട് അടിക്കാൻ കല്പിച്ചത് ശരീരം നശിക്കുമ്പോഴല്ലാതെ ഹൃദയം ജീവനുള്ളതായിത്തീരുകയില്ല എന്ന തത്വത്തെയാണ് സൂചിപ്പിക്കുന്നത്.”

മറ്റു ചില സൂഫീവര്യന്മാർ പറയുന്നു: “ദൈവത്തിന്റെയും അടിമയുടെയും ഇടയിൽ ഇരുട്ടും പ്രകാശവുമുള്ള ആയിരം സ്ഥാനങ്ങളുണ്ട്. അടിമകൾ പരിശ്രമിച്ച് ആ സ്ഥാനങ്ങളെല്ലാം തരണംചെയ്തു ദൈവപ്രകാശത്തിങ്കലെത്തിച്ചേർന്നാൽ അവർക്കു പിന്നീട് മടങ്ങിവരേണ്ടിവരില്ല.”

അധ്യായം: 8

# സൃഷ്ടികളുടെ വർഗ്ഗവും പേരും

ഖണ്ഡിതമായി മനസ്സിലാക്കാൻ വിഷമമുള്ള ഒരു അധ്യായമാണിത്. ഇന്ത്യക്കാർ വ്യക്തമായി വിവരിച്ചിട്ടില്ലാത്തതിനാൽ പുറത്തുനിന്നു നാം വിവരങ്ങൾ മനസ്സിലാക്കേണ്ടിയിരിക്കുന്നു. പിന്നാലെ വരുന്ന അധ്യായങ്ങൾ നാം എളുപ്പത്തിൽ മനസ്സിലാക്കേണ്ടതിന് ഈ വിഷയത്തെ കുറിച്ചു വ്യക്തമായ അറിവ് ആവശ്യമായിരിക്കയാൽ അതേ പറ്റി ഇതുവരെ കേട്ടതിൽ നിന്നെല്ലാമായി ഏതാണ്ട് ശരിയാണെന്നു നാം മനസ്സിലാക്കിയത് ഇവിടെ കുറിക്കുന്നു.

ആദ്യമായി സാംഖ്യം എന്ന ഗ്രന്ഥത്തിലുള്ളതു വിവരിക്കാം. ജീവികളുടെ വർഗ്ഗങ്ങളും വകുപ്പുകളും എത്രയാണെന്നു സന്യാസി ചോദിച്ച ചോദ്യത്തിനു ശാസ്ത്രജ്ഞൻ നല്കിയ ഉത്തരം ഇവിടെ ചേർക്കുന്നു:

വർഗ്ഗങ്ങൾ മൂന്ന്:

1. ആത്മാക്കൾ - ഇവ ഉപരിലോകത്തു സ്ഥിതി ചെയ്യുന്നു.
2. മനുഷ്യർ - ഇവർ മദ്ധ്യലോകത്തു സ്ഥിതി ചെയ്യുന്നു.
3. ജന്തുക്കൾ - ഇവ അധോലോകത്തു സ്ഥിതി ചെയ്യുന്നു.

വകുപ്പുകൾ ആകെ പതിനാലാണ്. ഇവയിൽ എട്ട് വകുപ്പ് ആത്മാക്കളാണ്: ബ്രഹ്മാവ്, ഇന്ദ്രൻ, പ്രജാപതി, സോമി, ഗന്ധർവ്വൻ, യക്ഷൻ, രാക്ഷസൻ, പിശാച്.

ജീവികൾ അഞ്ച് വകുപ്പാണ്: കാലികൾ, ക്രൂരജന്തുക്കൾ, പക്ഷികൾ, ഇഴജന്തുക്കൾ, സസ്യങ്ങൾ.

മനുഷ്യൻ: ആകെ ഒരേഒരു വകുപ്പേയുള്ളൂ.

ഈ ഗ്രന്ഥത്തിൽ മറ്റൊരിടത്തു വേറെ പേരുകളും പറഞ്ഞു കാണുന്നു: ബ്രഹ്മാവ്, ഇന്ദ്രൻ, പ്രജാപതി, ഗന്ധർവ്വൻ, യക്ഷൻ, രാക്ഷസൻ, പിതൃ, പിശാച്, മുതലായവയാണവ. ഇവർ ശരിയായ വ്യവസ്ഥകളും മറ്റും സൂക്ഷിക്കാറില്ല; എണ്ണുന്നതിൽ കൃത്യവുമില്ല.

വാസുദേവൻ ഗീതയിൽ പറയുന്നു: "മനുഷ്യന്റെ മൂന്ന് കഴിവുക

ളിൽ ഒന്നാമത്തേതിനു ശക്തി കൂടിയാൽ ബുദ്ധിക്കു ശക്തികൂടുകയും ഇന്ദ്രിയങ്ങൾ തെളിയുകയും ദൈവദൂതന്മാരുടെ നിലയിലുള്ള പ്രവൃത്തികൾ പ്രവൃത്തിക്കുകയും ചെയ്യുന്നു. രണ്ടാമത്തേതിനു ശക്തി കൂടിയാൽ ആർത്തി കൂടുകയും യക്ഷൻ, രാക്ഷസൻ എന്നിവയ്ക്കുവേണ്ടി പ്രവർത്തിക്കേണ്ടിവരികയും അതനുസരിച്ചുള്ള പ്രതിഫലം നേടുകയും ചെയ്യും. മൂന്നാമത്തേത് കൂടുതലായാൽ അജ്ഞത, വഞ്ചിതനാവുക, അന്ധത, മടി, കർത്തവ്യങ്ങളിൽ അലസത, നിത്യവും ഉറങ്ങിക്കൊണ്ടിരിക്കുക എന്നീ ദുർഗുണങ്ങൾ വന്നുകൂടും. പ്രവർത്തനങ്ങളെല്ലാം ഭൂത-പ്രേത-പിശാചുക്കൾക്കു വേണ്ടി ആവുകയും അങ്ങനെയുള്ളവന്റെ ഭാവി അധഃപതനത്തിൽ കലാശിക്കുകയും തുടർന്ന് അവൻ ശിക്ഷാർഹനാവുകയും ചെയ്യുന്നു."

ഈ ഗ്രന്ഥത്തിൽ മറ്റൊരിടത്തു പറയുന്നു: "ദൃഢതയും സദ്ഗുണങ്ങളും ദൈവത്തിന്റേതും ധിക്കാരവും ദുർഗുണങ്ങളും അസുര-രാക്ഷസൻമാർ തുടങ്ങിയ പിശാചുക്കളുടെതുമാണ്. ദൈവഗുണമുള്ളവൻ ദൈവത്തെ സ്നേഹിക്കുകയും അവനിലേക്കടുക്കുകയും ചെയ്യുന്നു. പിശാചിന്റെ സ്വഭാവമുള്ളവൻ ധിക്കരിക്കുകയും രണ്ട് ജീവിതത്തിലും നാശമുണ്ടാക്കുകയും ചെയ്യുന്നു."

ഈ അഭിപ്രായങ്ങളെല്ലാം ഒന്നിച്ചു പരിശോധിച്ചാൽ പേരിൽ ചില വ്യത്യാസങ്ങളും മറ്റും ഉള്ളതായി കാണാം. എന്നാൽ, ഭൂരിപക്ഷാഭിപ്രായം ഇങ്ങനെയാണ്: "ആത്മാക്കളുടെ വർഗ്ഗം ഇവയാണ്:

1. ദേവന്മാർ - ഇന്ത്യയുടെ വടക്കു ഭാഗം ഇവർക്കാണ്.

2. ദൈതേയന്മാർ - ഇവർ ജിന്നുകളും ഇന്ത്യയുടെ തെക്കു ഭാഗത്തു സ്ഥിതിചെയ്യുന്നവരുമാണ്. ഇന്ത്യയിലെ മതങ്ങൾക്ക് എതിരാളികളും പശുവിന്റെ ശത്രുക്കളും ഇവരിൽ പെട്ടവരാണ്. ദേവന്മാരും ഇവരും തമ്മിലുള്ള സാമീപ്യം കാരണമായി ഇവർ ഇരുകൂട്ടരുടെയും ഇടയിൽ എന്നും കലഹമായിരിക്കും.

3. ഗന്ധർവ്വൻ - അവർ ദേവന്മാരുടെ മുമ്പിൽ പാട്ടുപാടുന്ന ഗായകന്മാരാണ്. ഇവരുടെ നേതാവിനെ അപ്സ്സരസ്സ് എന്നു പറയുന്നു.

4. യക്ഷന്മാർ - ദേവന്മാരെ കാക്കുന്നവർ.

5. രാക്ഷസന്മാർ - വിരൂപന്മാരായ പിശാചുക്കളാണ് ഇവർ.

6. കിന്നർ - ഇവരുടെ ഉടൽ മനുഷ്യരുടേതും തല കുതിരയുടേതുപോലെയുമത്രേ. ഗ്രീക്കുകാർ തല മനുഷ്യനും ഉടൽ കുതികയുമായ 'ഖന്തദസാത്ത' എന്നു പേരു പറയുന്നവയുടെ വിപരീതമാണിത്. 'ധനുശാരി' ഈ രൂപത്തിലാണ്.

7. നാഗ് - സർപ്പത്തിന്റെ രൂപത്തിലുള്ളവരാണിവർ

8. ബിതാദർ - മാരണക്കാരായ ജന്തുക്കളാണിവർ

ആദ്യത്തെ ഭാഗം ദേവന്മാരും അവസാനത്തെ ഭാഗം പിശാചുക്കളും

മദ്ധ്യത്തിൽ രണ്ട് ഗുണങ്ങളുമുള്ളവരുമാണ്. ഇവരുടെ ഗുണങ്ങൾ വിവിധങ്ങളായതു പ്രവൃത്തികൾ ശരീരത്തിന്റെ കഴിവുകളനുസരിച്ചു വിവിധങ്ങളായതുകൊണ്ടത്രെ. അങ്ങനെ ശരീരവുമായി പിരിഞ്ഞ ശേഷം ഇവർ തനിയേ വളരെക്കാലം കഴിഞ്ഞുകൂടുകയും ഉത്തരവാദിത്വമുള്ളവരാവുകയും മനുഷ്യന്റെ കഴിവിൽ പെടാത്ത സിദ്ധികൾ ഇവർക്കു കൈവരികയും ചെയ്യുന്നു. അതിനാൽ, മനുഷ്യർ ചില ആവശ്യങ്ങൾക്കായി ഇവരുടെ സേവ പിടിക്കുന്നു. സംഖ്യയിൽനിന്നു നാം ഉദ്ധരിച്ച വരികൾ ഇവ നിർണ്ണായകമല്ലെന്നു കുറിക്കുന്നു. ബ്രഹ്മാവ്, ഇന്ദ്രൻ, പ്രജാപതി ഇവ വകുപ്പുകളുടെ പേരുകളല്ല. ബ്രഹ്മാവും പ്രജാപതിയും ഏതാണ്ട് ഒന്നുതന്നെയാണ്.

ഇന്ദ്രൻ, സർവ്വലോകങ്ങളുടെയും നേതാവാണ്. യക്ഷൻ, രാക്ഷൻ എന്നിവരെ വാസുദേവൻ ഒരേ പദവിയിലുള്ള പിശാചുക്കളായാണ് കണക്കാക്കുന്നത്. പുരാണത്തിൽ ജക്ഷുക്കൾ അവരുടെ കാവൽക്കാരും വേലക്കാരുമാണെന്നു വ്യക്തമാക്കുന്നു. ഇതു സംബന്ധമായി നമുക്ക് പറയാനുള്ളത് ഇങ്ങനെയാണ്: ഈ ആത്മാക്കൾ മനുഷ്യരായിരുന്നപ്പോൾ ഒരേ പദവിയിൽ പ്രവർത്തിച്ചതിന്റെ ഫലമായാണ് പ്രസ്തുത സ്ഥാനം നേടാൻ ഇടയായത്. ശരീരം ഭാരമായി തോന്നിത്തുടങ്ങിയതിനാൽ അവർ അത് ഉപേക്ഷിച്ചു. ത്രിസിദ്ധികളുടെ ഫലമായി അവരുടെ സ്ഥിതിഗതികൾ വ്യത്യസ്തങ്ങളായി. ഇവയിൽ ഒന്നാമത്തേതുകൊണ്ട് ദേവന്മാർ പ്രത്യേക സുഖവും സന്തോഷവും നേടി. പിശാചും ഭൂതവും മൂന്നാമത്തേതു കൊണ്ട് താഴ്ന്ന സ്ഥാനം കരസ്ഥമാക്കേണ്ടി വന്നു. ഇടയ്ക്കുള്ള ആത്മാക്കൾ മദ്ധ്യത്തിലുള്ള സ്ഥാനം കൈവശമാക്കി.

അവർ പറയുകയാണ്: ദേവന്മാരുടെ എണ്ണം മുപ്പത്തിമൂന്ന് ആണ്. ഇവയിൽ മഹാദേവന്മാർ പതിനൊന്ന് ആണ്. ആകെ ദേവതകൾ മുപ്പത്തിമൂന്ന് കോടി ആകുന്നു. ഇവയ്ക്ക് ഭക്ഷണം, പാനീയം, ഭോഗം, ജനനം, മരണം മുതലായവയുണ്ടെന്ന് അവർ പറയുന്നു. കാരണം, ഇവർ ലഘുരൂപികളാണെങ്കിലും ശരീരവുമായി ചില കെട്ടുപാടുകളുള്ളവരാണ്. ഇവർ ആ പദവി നേടിയതു പ്രവർത്തനംകൊണ്ടു മാത്രമാണ്; അറിവുകൊണ്ടല്ല.

പതഞ്ജലി പറയുന്നു: 'നന്ത്കിശോർ' മഹാദേവനു വളരെ അധികം ബലി അർപ്പിക്കുകയുണ്ടായി. അതിനാൽ ശരീരത്തോടെ അദ്ദേഹം സ്വർഗ്ഗത്തിൽ പ്രവേശിച്ചു. നേതാവായ ഇന്ദ്രൻ, നഹുഷ് എന്ന ബ്രാഹ്മണന്റെ ഭാര്യയെ വ്യഭിചരിച്ചു. അതിന്റെ ശിക്ഷയായി അദ്ദേഹത്തെ രൂപം മാറ്റി. ഈ ആത്മാക്കളുടെ കീഴിലാണ് പിത്രീൻ (മരിച്ചുപോയ പിതാക്കൾ). ഇവരുടെ കീഴെയാണ് ഭൂതങ്ങൾ  ദേവന്മാരുമായി ചേർന്നുണ്ടായ ഒരു തരം മനുഷ്യന്മാർ. എന്നാൽ, ശരീരത്തോടു കൂടിത്തന്നെ ഉയർന്ന സ്ഥാനങ്ങൾ നേടിയവരുടെ പേര് ഋഷി, സിദ്ധൻ, മുനി

എന്നൊക്കെയാണ്. ഇവർ തമ്മിൽ ചില സ്ഥാന വ്യത്യാസങ്ങളുണ്ട്. സിദ്ധൻ തന്റെ പ്രവൃത്തികൊണ്ട് ഈ ലോകത്ത് ഉദ്ദേശിച്ച ഏതു കാര്യവും നടത്തുന്നു. ഇഹലോക കാര്യമല്ലാതെ പരലോകമോക്ഷം അയാളുടെ ലക്ഷ്യമല്ല. ഇദ്ദേഹത്തിന് ഋഷിയുടെ പദവിയിലേക്ക് ഉയരാം. ബ്രാഹ്മണർ ഈ പദവിയിലേക്ക് ഉയർന്നാൽ ബ്രഹ്മർഷി എന്നുപറയുന്നു. ക്ഷത്രിയന്മാർ ഈ പദവിയിലേക്ക് ഉയർന്നാൽ രാജർഷി എന്നാണു പറയുന്നത്. ഈ രണ്ട് വിഭാഗക്കാരുടെയും കീഴിലുള്ളവർ ഈ വിധം ഉയരുകയില്ല. ഋഷിമാർ എന്നു പറയുന്നവർ അറിവുള്ളവരായതിനാൽ മനുഷ്യരായിരിക്കുമ്പോൾ തന്നെ ദേവന്മാരെക്കാൾ ഉയർന്ന പദവിയുള്ളവരാണ്. അവരിൽനിന്നാണ് ദേവന്മാർ പഠിക്കുന്നത്. ബ്രഹ്മാവല്ലാതെ അവരെക്കാൾ ഉയർന്നവരില്ല. നമ്മുടെ ഇടയിലുള്ളവർ അവരെക്കാൾ പദവി താഴ്ന്നവരാണ്. ഇവരെ കുറിച്ച് പ്രത്യേക അധ്യായത്തിൽ പ്രസ്താവിക്കുന്നുണ്ട്. ഇവരെല്ലാംതന്നെ ശരീരത്തോടു കൂടിയവരാണ്. ജഡപദാർത്ഥം ആത്മാവിന്റെയും ശരീരത്തിന്റെയും ഇടയിലുള്ള മധ്യവർത്തിയാണെന്നു പറഞ്ഞുവല്ലോ. ശരീരത്തിലുള്ള മൂന്ന് കഴിവുകൾ ഫലത്തിൽ ഈ ശരീരത്തിലാണ് സ്ഥിതി ചെയ്യുന്നത്. മദ്ധ്യവർത്തിയായി സ്ഥിതിചെയ്യുന്ന ഈ പദാർത്ഥം അനുസരിച്ചു മാത്രം ജീവിക്കുന്നവനു ബ്രഹ്മാവ്, പ്രജാപതി എന്നും മറ്റും പറയുന്നു. പ്രവൃത്തിയുടെ ആരംഭത്തിൽ പ്രകൃതിനിയമം അനുസരിച്ചു ജീവിക്കുന്നവൻ എന്നാണ് അതിന്റെ അർത്ഥം. കാരണം, എല്ലാറ്റിന്റെയും ഉത്ഭവം-ലോകം ഉൾപ്പെടെ-ബ്രഹ്മാവു മൂലമാണെന്ന് അവർ പറയുന്നു. ഈ ലോകത്തു പ്രവർത്തിക്കുന്ന മറ്റൊരു ശക്തി 'നാരായണൻ' ആണെന്നു ചില ഗ്രന്ഥങ്ങളിൽ പറയുന്നുണ്ട്. ലോകം നശിക്കാതിരിക്കാൻ നാരായണൻ അതിൽ സംസ്കാരങ്ങളുണ്ടാക്കാൻ ശ്രമിക്കുന്നു. മൂന്നാമത്തെ നിലയിൽ ലോകത്തു ചലിക്കുന്ന ശക്തിക്കു 'മഹാദേവൻ' എന്നും 'ശങ്കർ' എന്നും പറയുന്നു. അദ്ദേഹത്തിന്റെ പ്രസിദ്ധമായ പേര് നശിപ്പിക്കുക എന്നർത്ഥം വരുന്ന 'രുദ്രൻ' എന്നാണ്. ഇത്തരം സന്ദർഭങ്ങളിൽ അവർ നല്കുന്ന പേര് വിവിധങ്ങളാണ്. ചിലപ്പോൾ പല ശക്തികൾക്കും വിഷ്ണു എന്ന് അവർ പറയുന്നതു കാണാം. ക്രിസ്ത്യാനികളെ പോലെ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിങ്ങനെ ദൈവത്തെ കുറിച്ച് ഇവരും പറയുന്നുണ്ട്.

ചിന്തിച്ചു ഗ്രിഹിച്ചവയാണീപ്പറഞ്ഞതെല്ലാം. എന്നാൽ, ഐതിഹ്യങ്ങളുടെ അടിസ്ഥാനത്തിൽ പറയുന്നതെല്ലാം വിവരണത്തിനിടയിൽ വന്നുകൊണ്ടിരിക്കും. ഗ്രീക്കുകാരുടെ നില നോക്കുമ്പോൾ ദൈവത്തിനു നിരക്കാത്ത ധാരാളം ഗുണങ്ങൾ ഇവർ പറയുന്നതിൽ ആശ്ചര്യപ്പെടാനില്ല. അവർ ദൈവദൂതന്മാർക്കു ദേവന്മാർ എന്നു പറഞ്ഞതായി നാം ഉദ്ധരിച്ചുവല്ലോ. സ്യൂസിനെ കുറിച്ച് അവർ പറഞ്ഞത് മനസ്സിലാക്കി

യാൽ ഞാൻ പറഞ്ഞതിന്റെ അർത്ഥം ഗ്രഹിക്കാം. എന്നാൽ, സ്യൂസിനെ കുറിച്ചു വന്ന മനുഷ്യസഹജമായും ജന്തുസഹജമായുമുള്ള നില നോക്കുമ്പോൾ ഇങ്ങനെ കാണാം: അദ്ദേഹം ജനിച്ചപ്പോൾ പിതാവ് അദ്ദേഹത്തെ (മകനെ) തിന്നണമെന്ന് ആവശ്യപ്പെട്ടു. അദ്ദേഹത്തിന്റെ മാതാവ് ഒരു കല്ല് കീറത്തുണിയിൽ പൊതിഞ്ഞു മുമ്പിൽ വെച്ചുകൊടുത്തു. അപ്പോൾ പിതാവ് അതു വിഴുങ്ങി.

ഗാലൻസ് തന്റെ 'മയാമിർ' എന്ന പുസ്തകത്തിൽ ഇപ്രകാരം പറയുന്നു: 'ഫിലോ ഫിലൂനിയ' എന്ന ഒരു തരം ലോഹത്തെ കടംകഥയുടെ രൂപത്തിൽ വിവരിച്ച് ഇങ്ങനെ പാടുന്നു: "സുഗന്ധം വീശുന്ന മുടികളിൽനിന്നു ചുകപ്പുമുടികൾ എടുക്കുക." (ബലിമൃഗവും അതിന്റെ ചോരയുമാണുദ്ദേശ്യം) അഞ്ചുപവൻ തൂക്കം മനുഷ്യരുടെ ബുദ്ധിയും (കുങ്കുമം) ചേർക്കുക. ചുവന്ന മുടികളുടെ തൂക്കവും ഇത്രതന്നെ വേണം. അഞ്ച് എന്നുവെച്ചത് ഇന്ദ്രിയങ്ങൾ അഞ്ചായതുകൊണ്ടാണ്. അങ്ങനെ അദ്ദേഹം ചേർക്കാനുള്ള മറ്റെല്ലാ സാധനങ്ങളും അവയുടെ തൂക്കങ്ങളും ഇത്തരത്തിൽ വിവരിച്ചു.

ഇതേ ഗ്രന്ഥത്തിൽ തുടരുന്നു: സ്യൂസ് ജനിച്ച നാട്ടിൽ തന്നെ കുറിച്ചുള്ള കെട്ടുകഥകളിൽ ഒന്നാണ് അദ്ദേഹത്തെ 'സുസുൽ' (കുല) എന്നു വിളിച്ചുവരുന്നത്. അദ്ദേഹം സുസുൽ അല്ല. പക്ഷേ, 'അസൽ' (മൂലം) തന്നെയാണ്. തന്നെ 'അഖ്രീതി' ആണെന്നു ഗണിക്കാൻ അദ്ദേഹം കല്പിച്ചു. കാരണം, പഴഞ്ചൊല്ലുകൾ ശേഖരിച്ചവർ പറഞ്ഞതനുസരിച്ച് അദ്ദേഹം ജനിച്ചതു ഖരീതിയിലുള്ള 'ദിഖ്താവൂർ' എന്ന പർവ്വതത്തിലാണ്. അവിടെയാണ് മാതാവ് പിതാവായ ക്രോനസ് തിന്നുന്നതിൽനിന്ന് അദ്ദേഹത്തെ രക്ഷിച്ചത്. പ്രസിദ്ധസ്ത്രീകളെ കൊള്ള ചെയ്തെടുത്ത് അവരുമായി സംസർഗം ചെയ്തു ഗർഭവതികളാക്കിമാറ്റിയ സ്യൂസിന്റെ കഥ ചരിത്ര പ്രസിദ്ധമാണ്. ഈ സ്ത്രീകളിലൊരാളായ ഫോനിക്കൂസിന്റെ മകൾ ഔറഖത്തിനെ അഖ്രീതി രാജാവായ അസ്താറസ് ഇദ്ദേഹത്തിൽനിന്നു പിടിച്ചെടുക്കുകയും രാജാവിന് അവളിൽ മയ്നൂസ്, റദ്മത്തൂസ് എന്നീ രണ്ട് പുത്രിമാർ ജനിക്കുകയും ചെയ്തതായി കഥയുണ്ട്. ഈ സംഭവം നടന്നത് ഇസ്രായീല്യർ തീഹിൽനിന്നു പാലസ്തീനിലേക്കു പുറപ്പെട്ട ശേഷമാണ്. ഇദ്ദേഹം ഇസ്രായേൽക്കാരനായ ശംസൂന്റെ കാലത്ത് അഖ്രീതിൽ മരിക്കുകയും അവിടെ തന്നെ സംസ്കരിക്കപ്പെടുകയും ചെയ്തുവെന്നും മരിക്കുമ്പോൾ അദ്ദേഹത്തിന് 78 വയസ്സുണ്ടായിരുന്നുവെന്നും ട്യൂസ് എന്ന പേര് നല്കപ്പെട്ട ഇദ്ദേഹം പ്രായം കുറേ ചെന്നപ്പോൾ സ്യൂസ് എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി എന്നും പറയുന്നുണ്ട്. അദ്ദേഹത്തിന് ഈ പേര് ആദ്യമായി നല്കിയത് അഥീനയിലെ(ഏതൻസ്) ഒന്നാമത്തെ രാജാവ് ബഖരഫസ് ആയിരുന്നു. മുടി ഇടത്തോട്ടും വലത്തോട്ടും വാർന്നുവെക്കുന്നതിലും നേതൃരീതി

യിലും ഇവർ രണ്ടുപേരും ഒരുപോലെ ആയിരുന്നു. അതായത്, ഭരണവിഷയത്തിൽ സറദസ്തും (സോറസ്റ്റർ) കശ്താസബും യോജിച്ചപോലെ. നാശങ്ങളും ദുർനടപടികളുമെല്ലാം ഉണ്ടായത് ബഖറഫസും തന്റെ പിൻഗാമികളായ രാജാക്കന്മാരും വഴിയായാണെന്നു ചരിത്രകാരന്മാർ പറയുന്നു. ഇസ്ക്കന്തർ കഥകളിലെപ്പോലെ തന്നെ സംഭവങ്ങളാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. 'നഖ്തീനാബൂസ്' എന്ന ഈജിപ്ഷ്യൻ രാജാവ് 'അർദശിറി'ൽനിന്ന് ഓടിപ്പോയി 'മഖ്ദുനിയ' എന്ന പട്ടണത്തിൽ ജോതിഷപ്രവൃത്തി നടത്തി ഒളിച്ചിരുന്നു. ആ പട്ടണത്തിലെ രാജാവായ ബിലൂബ്സിന്റെ ഭാര്യ ഉലൂമാ ഫിദായുമായി ഭർത്താവിന്റെ അഭാവത്തിൽ തന്ത്രം പ്രയോഗിച്ച് ആട്ടിൻ കൊമ്പുകളുള്ള 'ആമൻ' എന്ന ദൈവമാണ് താനെന്നു നടിച്ച അയാൾ നടത്തിയ സംയോഗത്തിൽ ഇസ്ക്കന്തറിനെ അവൾ ഗർഭം ധരിച്ചു. ഭർത്താവ് ബിലൂബ്സ് മടങ്ങിവന്നപ്പോൾ കുട്ടിയെ ഭയപ്പെടുത്തി. അപ്പോൾ ഇസ്ക്കന്തർ ദൈവപുത്രനാണെന്ന് അയാൾ സ്വപ്നം കണ്ടു. ദൈവവുമായി മത്സരിക്കുക സാധ്യമല്ലാതിരുന്നതിനാൽ ഒടുവിൽ അയാൾ കുട്ടിയെ സ്വീകരിച്ചു. ഈ നെഖ്തീനാബുസിനെ ഇസ്ക്കന്തറാണു വധിച്ചത്. വധിച്ച ശേഷമാണു തന്റെ പിതാവായിരുന്നു എന്ന കഥ മനസ്സിലായത്. ഇതുമാതിരിയുള്ള കഥ ധാരാളം ഗ്രീക്കുകാരുടെ ഇടയിൽ ഉണ്ട്. ചിലത് ഇന്ത്യക്കാരുടെ വിവാഹത്തെ കുറിച്ചു പറയുമ്പോൾ വിവരിക്കുന്നതാണ്. എന്നാൽ, സ്യൂസിനെ കുറിച്ചു മനുഷ്യരുമായി ബന്ധമില്ലാത്തതായി പറയപ്പെടുന്ന ചില കഥകളുണ്ട്. സ്യൂസ് സുഹ്ലിന്റെ (ശനി) പുത്രൻ മുശ്തരി (വ്യാഴം) ആണെന്നവർ പറയുന്നു. ഗാലൻസ് തന്റെ ബുർഹാൻ (പ്രമാണം) എന്ന ഗ്രന്ഥത്തിൽ പറഞ്ഞതനുസരിച്ചു 'മിസല്ല' വിഭാഗക്കാർ പറയുന്നത് (സുഹ്ൽ) സ്വയം അനാദിയും അജയ്യനുമാണത്രെ. അറാട്ടസ് തന്റെ ഒരു പുസ്തകം ആരംഭിക്കുന്നത് സ്യൂസിനെ സ്തുതിച്ചാണെന്നതുതന്നെ ഇതിനുള്ള ഉദാഹരണമാണ്. അദ്ദേഹം പറയുന്നു: നാം അദ്ദേഹത്തെ കൈവിടുകയില്ല. അദ്ദേഹം വഴികൾ നിറച്ചും സദസ്സുകൾ നിറച്ചും സ്ഥിതിചെയ്യുന്നു. അദ്ദേഹം മനുഷ്യർക്കു ഗുണവും പ്രവർത്തനോന്മേഷവും ജീവിതാവശ്യങ്ങൾക്കു സൗകര്യങ്ങളും പ്രദാനം ചെയ്യുന്നു. കിണർ കുഴിക്കാനും കൃഷി ചെയ്യാനും മറ്റുള്ള സമയം പറഞ്ഞു കൊടുക്കുന്നു. ഇതിനാൽ നാം അദ്ദേഹത്തെ ആദ്യവും അവസാനവും കീർത്തനം ചെയ്യുന്നു." ഇന്ത്യക്കാരുടെയും ഗ്രീക്കുകാരുടെയും നില താരതമ്യപ്പെടുത്തി നോക്കിയാൽ ഇതൊക്കെ തന്നെയാണ് ബ്രഹ്മാവിന്റെയും ഗുണങ്ങൾ എന്നു കാണാം. അഖ്റാത്തസ് എന്ന കവി ആകാശത്തിനു സ്യൂസ് എന്നു പേരു വിളിക്കുന്നു. സ്യൂസിൽനിന്നു മഞ്ഞുകട്ടകൾ മുറിച്ചെടുക്കാമെന്ന് ഓമിറോസ് (ഹോമർ) പറയുന്നു. വായുവിന്റെ ഭാഗങ്ങൾക്കും കാറ്റിനും സ്യൂസ് എന്ന് അറാട്ടസ് പറയുന്നു. അതിനാ

ലത്രെ സ്യൂസ് നമ്മുടെ ജഡപദാർത്ഥത്തിൽ പരന്നു കിടക്കുന്ന ഒരു ചൈതന്യമാണെന്ന് 'സ്റ്റോ വിഭാഗക്കാർ' പറയുന്നത്. സ്യൂസ് ജനങ്ങളുടെ നിർമ്മാതാവ് മാത്രമല്ല, ദൈവവും കൂടിയാണെന്ന് അവർക്ക് അഭിപ്രായമുണ്ട്.

അധ്യായം 9

# വർഗ്ഗങ്ങളും ജാതികളും

രാഷ്ട്രീയ വിഷയങ്ങളിൽ മുഴുകിയവനും നേതൃത്വത്തിനു യോഗ്യനും പാരമ്പര്യമനുസരിച്ചു ഭരിക്കുന്നവനുമായ ഒരു ഭരണാധികാരിയുടെ ഏതു കല്പനയും പ്രജകളിൽ പർവ്വതം പോലെ മാറ്റമില്ലാത്തതായിരിക്കും. ഈ സ്ഥിതിയിൽ ഒരു മതവുംകൂടി ഉണ്ടെങ്കിൽ കാര്യം പൂർത്തിയായി. ഭരണവും മതവും കൂടിച്ചേർന്നാൽ പരമലക്ഷ്യം കൈവന്നു കഴിഞ്ഞു. തൊഴിലുകളുടെ അഭിവൃദ്ധിക്കുവേണ്ടി ശ്രദ്ധിച്ചിരുന്ന രാജാക്കന്മാരുടെ പ്രധാനശ്രദ്ധ ആളുകളെ പല വർഗ്ഗങ്ങളും ജാതികളുമാക്കിത്തിരിക്കുന്നതിലായിരുന്നു. അവർക്ക് അന്യോന്യം കൂടിക്കലരാൻ പാടുണ്ടായിരുന്നില്ല. ഓരോ വിഭാഗക്കാർക്കും പ്രത്യേകം പ്രത്യേകം ജോലികൾ നിശ്ചയിക്കപ്പെട്ടിരുന്നു. അതിരുകവിഞ്ഞു മറ്റേതെങ്കിലും വിഭാഗത്തിൽ ചേരുന്നവരെ ശിക്ഷിച്ചിരുന്നു.

ഇതുതന്നെയായിരുന്നു പൂർവ്വികന്മാരായ പേർഷ്യൻ രാജാക്കന്മാരുടെയും നില. സേവനം കൊണ്ടുള്ള അടുപ്പവും കൈക്കൂലികൊണ്ടുള്ള ശുപാർശകളും അവരിൽ സാധാരണമായിരുന്നു. ബാബക്ക് മകൻ അർദശീർ പേർഷ്യൻഭരണം പുതുക്കി പരിഷ്കരിച്ചപ്പോൾ ആളുകളെ വർഗ്ഗങ്ങളായി തിരിക്കുകയുണ്ടായി. രാജപുത്രന്മാരെയും രാജകുടുംബങ്ങളെയും ഉയർന്നവരായും സന്യാസികൾ, അഗ്നിപൂജാരികൾ, മതനേതാക്കൾ എന്നിവരെ രണ്ടാം തരക്കാരായും ജോത്സ്യർ, പണ്ഡിതർ, വൈദ്യർ എന്നിവരെ മൂന്നാം തരക്കാരായും തൊഴിലാളികൾ, കർഷകർ എന്നിവരെ നാലാം തരക്കാരായും തരംതിരിച്ചു. ഓരോ തരക്കാരിലും വിവിധ വകുപ്പുകൾ സൃഷ്ടിച്ചിരുന്നു.

നമ്മുടെ കാലത്തുള്ള ഇന്ത്യാക്കാർ ഇതേ രീതിയിൽ വിവിധ വർഗ്ഗങ്ങളും ജാതികളുമായി തിരിഞ്ഞിരിക്കയാണ്. എല്ലാവരും മനുഷ്യരാണ്. ജാതിയുടെയും വർഗ്ഗത്തിന്റെയും അടിസ്ഥാനത്തിൽ മനുഷ്യരെ വേർതിരിക്കാൻ പാടില്ല. ഏകദൈവ ഭക്തി ഒന്നു മാത്രമാണ് മനുഷ്യ

നെ മനുഷ്യനാക്കിത്തീർക്കുന്നത് എന്നു സിദ്ധാന്തിക്കുന്ന ഇസ്‌ലാമും, അവരുമായും അകലാനുണ്ടായ കാരണം ഇതാണ്. അവർ വിഭാഗങ്ങൾക്ക് 'വർണ്ണം' (വർഗ്ഗം) എന്നു പറയുന്നു. തറവാടടിസ്ഥാനത്തിൽ 'ജാതി' എന്നാണു പറയുന്നത്. ഈ വിഭാഗങ്ങൾ ആദ്യം നാലായിരുന്നു.

1. ബ്രാഹ്മണർ– ബ്രഹ്മാവിന്റെ തലയിൽ നിന്നാണ് അവർ സൃഷ്ടിക്കപ്പെട്ടതെന്നു പറയപ്പെടുന്നു. ഈ പേര് പ്രകൃതി എന്ന അർത്ഥത്തെ കുറിക്കുന്നു. തല ജീവിയുടെ പ്രധാന ഭാഗമാണ്. അതുകൊണ്ട് ബ്രാഹ്മണർ എല്ലാവരുടെയും തലവന്മാരാണ് എന്നു വന്നു.

2. ക്ഷത്രിയർ – ഇവർ ബ്രഹ്മാവിന്റെ തോള്, കൈ ഇവയിൽനിന്നു സൃഷ്ടിക്കപ്പെട്ടവരത്രെ. ബ്രാഹ്മണരുടെ അടുത്ത സ്ഥാനമാണ് ഇവർക്കുള്ളത്.

3. വൈശ്യർ – ബ്രഹ്മാവിന്റെ കാലിൽ നിന്നാണ് ഇവരെ സൃഷ്ടിച്ചത്.

അവസാനത്തെ രണ്ട് വിഭാഗക്കാരും അടുത്തുള്ളവരാണ്. ഇതനുസരിച്ചു നാടുകളും വീടുകളും പട്ടണങ്ങളും ഗ്രാമങ്ങളും നിർമ്മിക്കപ്പെടുന്നു.

4. ഇവരുടെയെല്ലാം താഴെയാണ് തൊഴിൽ ജീവനക്കാർ. തൊഴിലാളികൾ എന്നല്ലാതെ മറ്റൊരു വിഭാഗത്തിലും ഇവർ ഉൾപ്പെടുമായിരുന്നില്ല. അൻതസു (ശൂദ്രർ) എന്നാണ് ഇവർക്കു പറഞ്ഞുവരുന്നത്. ഇവർ തൊഴിലനുസരിച്ച് എട്ട് വിഭാഗക്കാരാണ്. സാമ്യമുള്ള തൊഴിൽക്കാർ തമ്മിൽ കൂട്ടായ ജീവിതം നയിക്കാറുണ്ടായിരുന്നു. അലക്കുകാരൻ, ചെരുപ്പുകുത്തി, നെയ്ത്തുകാരൻ മുതലായവരെ ഏറ്റവും താഴ്ന്ന ജോലിക്കാരായി ഗണിച്ചിരുന്നു.

1. അലക്കുകാരൻ
2. ചെരുപ്പുകുത്തി
3. കളിക്കാരൻ
4. വട്ടി, കുട്ട മുതലായവ ഉണ്ടാക്കുന്നവർ
5. കപ്പൽ മുതലായവ നിർമ്മിക്കുന്നവർ
6. മീൻ പിടുത്തക്കാർ
7. പക്ഷി–മൃഗാദികളെ വേട്ടയാടുന്നവർ
8. നെയ്ത്തുകാരൻ

മേൽ പ്രസ്താവിച്ച നാല് കൂട്ടർ മറ്റുള്ളവരുമായി ഒരു സ്ഥലത്തു കൂടിച്ചേർന്നു താമസിക്കുകയില്ല.

ഹാദി, ദൂം, ഛണ്ഡാൽ, ബധുത്വ ഇവർ ഒന്നിലും എണ്ണപ്പെട്ടവരല്ല. ഗ്രാമങ്ങൾ വൃത്തിയാക്കുക, കൂലിവേല ചെയ്യുക മുതലായവയാണ് ഇവരുടെ തൊഴിൽ. ഇവരെല്ലാം ഒരേ വകുപ്പുകാരാണ്. തൊഴിൽകൊണ്ടാണിവർ വേർതിരിയുന്നത്.

ശൂദ്രനായ അച്ഛനു ബ്രാഹ്മണ വർഗത്തിൽപെട്ട അമ്മയിൽനിന്നു വ്യഭിചാര സന്താനമായുണ്ടായവർ ഇത്തരത്തിൽപെട്ട താഴ്ന്നവരാണ്. ഓരോ വിഭാഗക്കാർക്കും തങ്ങളുടെ പ്രവൃത്തി അനുസരിച്ചു പേരുകളും അടയാളങ്ങളും ഉണ്ടാകും. ഉദാഹരണമായി, ബ്രാഹ്മണർക്കു ഗൃഹകർമ്മങ്ങളനുസരിച്ചു ഭിന്ന നാമങ്ങളുണ്ട്. അഗ്നിയെ ആരാധിക്കുന്നുണ്ടെങ്കിൽ ആയശ്ഥി എന്നും മൂന്ന് അഗ്നിയെ ആരാധിക്കുമ്പോൾ അഗ്നിഹോത്രി എന്നും അതിനും പുറമെ അഗ്നിബലി ചെയ്യുന്നുണ്ടെങ്കിൽ ദീക്ഷിത് എന്നും പറയുന്നു. 'ഹാദി' ഇവരിലെ ശുദ്ധന്മാരാണ്. ഇവർക്കടുത്തത് പാട്ടുപാടുന്ന 'ദും' വർഗ്ഗമാണ്. ഇവ രണ്ടിനും ശേഷമുള്ളവർ കൊല നടത്തുന്നതിനും പാപം ചെയ്യുന്നതിനും ആഗ്രഹമുള്ളവരാണ്. ഇവരിൽ ഏറ്റവും നീചർ ബധുത്വരാണ്. കാരണം, ഇവർ സാധാരണ ശവം മാത്രമല്ല തിന്നുക, നായയുടെയും മറ്റും ഇറച്ചികൂടി ഭക്ഷിക്കും. ആഹാരം കഴിക്കുമ്പോൾ ഇവരിൽ രണ്ട് തരക്കാർ ഒന്നിച്ചിരിക്കുകയില്ല. രണ്ട് തരത്തിലുള്ള ബ്രാഹ്മണർ തന്നെയായാലും ഭക്ഷണ സമയത്ത് ഒരു പലകകൊണ്ടോ ഒരു വസ്ത്രംകൊണ്ടോ ഒരു വരകൊണ്ടെങ്കിലുമോ തമ്മിൽ വേർതിരിക്കപ്പെടുന്നു. കാരണം, ഒരാൾ തിന്ന ബാക്കി മറ്റൊരാൾ തിന്നാൻ പാടില്ല. ഇതാണ് ഈ നാല് വിഭാഗക്കാരുടെയും നിലപാട്.

ഈ നാല് വിഭാഗക്കാരുടെയും സ്വഭാവത്തെ പറ്റി അർജ്ജുനൻ ചോദിച്ചപ്പോൾ വാസുദേവൻ ഇങ്ങനെ മറുപടി നല്കി: "ബ്രാഹ്മണൻ: പരിപക്വ ബുദ്ധിയും ശാന്തഹൃദയനും സത്യസന്ധനും ക്ഷമാശീലനും ജിതേന്ദ്രിയനും നീതിനിഷ്ഠനും പരിശുദ്ധനും ആരാധകനും മതകാര്യങ്ങളിൽ ശ്രദ്ധാലുവും ആയിരിക്കണമെന്നു നിർബന്ധമുണ്ട്.

ക്ഷത്രിയൻ: ഗാംഭീര്യം, ധൈര്യം, വാക്ചാതുര്യം, ധർമ്മബോധം, നിർഭയത്വം, വിഷമങ്ങൾ തരണം ചെയ്യാനുള്ള ശക്തി തുടങ്ങിയ ഗുണങ്ങൾ ഉണ്ടായിരിക്കണം.

വൈശ്യർ: കൃഷിയിൽ വ്യാപൃതനാവുകയും കാലികളെ സംരക്ഷിക്കുകയും കച്ചവടം നടത്തുകയും ചെയ്യേണ്ടതാണ്.

ശൂദ്രർ: വേലകളും സേവനങ്ങളും നടത്തി എല്ലാവർക്കും ഇഷ്ടമുള്ള നിലയിൽ ജീവിക്കണം. ഈ വിഭാഗക്കാർ തങ്ങളുടെ നിലക്കൊത്തു ജീവിച്ചാൽ മോക്ഷം നേടും." ഒരു കൂട്ടർ മറ്റൊരു വിഭാഗത്തെ പോലെ – അവർ ഉയർന്ന വിഭാഗത്തിൽപെട്ടവർ ആയാൽ തന്നെയും– ജീവിച്ചാൽ അതിരുകടന്നു എന്ന കുറ്റത്തിന് അവർ ശിക്ഷിക്കപ്പെടുന്നു.

അർജ്ജുനനെ ശത്രുവിനെതിരേ പോരാടാൻ ധൈര്യപ്പെടുത്തി വാസുദേവൻ പറയുകയാണ്: "ശക്തനായ മനുഷ്യാ, നീ ക്ഷത്രിയനാണെന്നു മനസ്സിലാക്കുന്നില്ലേ? ധീരത, മുന്നേറ്റം, വിഷമാവസ്ഥ തരണം ചെയ്യാനുള്ള കഴിവ് എന്നിവയിൽ വേരുറച്ചവരാണല്ലോ നിന്റെ വർഗ്ഗം. ഇ

ത്തരം കാര്യങ്ങൾ കൊണ്ടല്ലാതെ പ്രതിഫലം ലഭിക്കുകയില്ല. വിജയിച്ചാൽ ഭരണവും സൗഖ്യവും പരാജയപ്പെട്ടാൽ സ്വർഗ്ഗവും അനുഗ്രഹവും ലഭിക്കുന്നതാണ്. ശത്രുവിനെ ഭയപ്പെടുകയും യുദ്ധത്തിൽ അധൈര്യം കാണിക്കുകയും ചെയ്താൽ നീ ഭീരുവാണെന്നു പ്രചരിക്കപ്പെടുകയും ധീരന്മാരുടെ പട്ടികയിൽനിന്നു മായ്ക്കപ്പെടുകയും ചെയ്യും. ഈ ദുസ്ഥിതിയേക്കാൾ ഭയങ്കരമായ ശിക്ഷ ഞാൻ വേറൊന്നും കാണുന്നില്ല. ദുഷ്പ്പേരു സമ്പാദിക്കുന്നതിനേക്കാൾ മെച്ചം മാനമായി മരിക്കുകയാണ്. ദൈവം നിന്നോടു ധൈര്യമായി ജീവിക്കാൻ കല്പിക്കുന്നുണ്ടെങ്കിൽ ആ കല്പന നീ അനുസരിച്ചേ മതിയാവൂ."

മോക്ഷം ഈ നാലു വിഭാഗക്കാരിൽ ബ്രാഹ്മണർക്കും ക്ഷത്രിയർക്കും മാത്രമേ ഉള്ളൂ എന്നാണ് ഒരു കൂട്ടരുടെ അഭിപ്രായം. എന്നാൽ കാര്യബോധമുള്ള മറ്റൊരു കൂട്ടരുടെ അഭിപ്രായം എല്ലാ വിഭാഗക്കാർക്കും ഉദ്ദേശ്യശുദ്ധിയോടെ പ്രവർത്തിക്കുന്ന പക്ഷം മോക്ഷം നേടാമെന്നാണ്.

ഇരുപത്തഞ്ച് കാര്യങ്ങൾ നല്ലതുപോലെ മനസ്സിലാക്കിയാൽ പിന്നെ ഏതു മതം സ്വീകരിച്ചാലും മോക്ഷം നേടാവുന്നതാണ് എന്ന് വ്യാസൻ പ്രസ്താവിച്ചത് ഇതിനൊരു തെളിവാകുന്നു. വാസുദേവൻ ശൂദ്രവർഗ്ഗത്തിൽ പെട്ട ആളാണെന്നതും ഗുണം ചെയ്തതു വൈശ്യനോ ശൂദ്രനോ സ്ത്രീയോ ക്ഷത്രിയനോ ബ്രാഹ്മണനോ ആരായാലും മറന്നുപോകാതെ ദൈവം അതിനു പ്രതിഫലം നല്കും എന്ന് അദ്ദേഹം അർജ്ജുനനോട് പറഞ്ഞതും ഈ വാദഗതിയുടെ തെളിവുകളിൽ ഉൾപ്പെടുന്നു.

അധ്യായം 10

# മതങ്ങളുടെയും നിയമങ്ങളുടെയും ഉത്ഭവം, പ്രവാചകന്മാർ, മതങ്ങൾ ദുർബലപ്പെടൽ

ദൈവികശക്തി ലഭിച്ച സോലോൻ, ഡ്രാക്കോ, പിതാഗോറസ്, മിനോസ് തുടങ്ങിയ മതപണ്ഡിതന്മാരിൽ നിന്നാണ് ഗ്രീക്കുകാർ മതവും നിയമങ്ങളും പഠിച്ചത്. ഇതുതന്നെയായിരുന്നു അവരുടെ രാജാക്കന്മാരുടെ നിലയും. മൂസയുടെ കാലത്തിന് ഇരുന്നൂറ് വർഷത്തിനു ശേഷം മിയാനൂസ് ദ്വീപുകളും ക്രീറ്റോവും പിടിച്ചടക്കിയപ്പോൾ സ്യുസിൽനിന്നു ലഭിച്ച ചില നിയമങ്ങൾ ആ നാടുകളിൽ അദ്ദേഹം നടപ്പാക്കി.

ആ കാലത്താണ് മിസോസ് നിയമങ്ങൾ നിർമ്മിച്ചത്. സൈറസിന്റെ ശേഷം വന്ന ഒന്നാമത്തെ ദാരിയൂസ് എന്ന രാജാവ് റോമക്കാരെ അഥീനിയായി(ഏഥൻസ്)ലേക്ക് അയച്ചു. അവർ ഏഥൻസുകാരിൽ നിന്ന് പന്ത്രണ്ട് നിയമ പുസ്തകങ്ങൾ കൊണ്ടുവന്നു. പോംപില്യൂസിന്റെ കാലം വന്നപ്പോൾ അദ്ദേഹം അവർക്ക് മതകാര്യങ്ങൾ നിശ്ചയിക്കുകയും മുമ്പ് കൊല്ലത്തിൽ പത്തുമാസം എന്നു കണക്കാക്കിയിരുന്നത് പന്ത്രണ്ടായി പുതുക്കി എഴുതുകയും ചെയ്തു. വെള്ളിക്കു പകരം മണ്ണു കൊണ്ടും തോലുകൊണ്ടും മറ്റും പാത്രം നിർമ്മിക്കാൻ അദ്ദേഹം ആളുകളെ നിർബന്ധിക്കുകയും അതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്തു. തന്നിമിത്തം വിലപിടിപ്പുള്ള വെള്ളി ഉപയോഗിക്കുക എന്നതു സാധാരണക്കാരായ ജനങ്ങൾക്കു വിഷമം വരുത്തി.

പ്ലാറ്റോയുടെ 'നിയമങ്ങളുടെ പുസ്തകം' എന്നതിൽ പ്രഥമാധ്യായത്തിൽ ഇപ്രകാരം കാണാം. മതങ്ങൾ നിർമ്മിച്ചതു ദേവന്മാരോ മനുഷ്യരോ എന്ന ഏഥൻസുകാരനായ ഒരാളുടെ ചോദ്യത്തിനു ദേവന്മാരാണെന്നു 'കനോഷ്യൻ' മറുപടി പറഞ്ഞു. എന്നാൽ, തങ്ങൾക്കു മതനിയമങ്ങൾ ഉണ്ടാക്കിക്കൊടുത്തത് 'അപ്പോളോൻ' ആയിരുന്നു എന്ന് 'ലഖ്ദമോണിയ'ക്കാർ വാദിക്കുന്നു.

പിന്നീട് അതേ അധ്യായത്തിൽ തന്നെ അദ്ദേഹം പറയുന്നു: നിശ്ച യിക്കപ്പെട്ട നിയമങ്ങൾ അല്ലാഹുവിങ്കൽ(ദൈവം)നിന്നു ലഭിച്ചതാണെ ങ്കിൽ അവയുടെ ലക്ഷ്യം ഗുണങ്ങൾ സമ്പാദിക്കുകയും പരിപൂർണ നീതി നടപ്പാക്കുകയുമാകും. ക്രീറ്റോക്കാരുടെ നിയമം ഇത്തരത്തിലു ള്ളതായിരുന്നുവെന്നും ശരിക്ക് അവ അനുസരിക്കുന്നവൻ വിജയിക്കു മെന്നും അദ്ദേഹം പറയുന്നു. കാരണം, ദൈവിക ഗുണങ്ങളും മാനു ഷികഗുണങ്ങളും അവയിൽ വിവരിച്ചിട്ടുണ്ട്.

അതേ പുസ്തകത്തിൽ രണ്ടാം അധ്യായത്തിൽ ഇങ്ങനെ കാണാം: സ്വാഭാവികമായി മനുഷ്യർ വിഷമിച്ചു ജീവിക്കുന്നവരാകയാൽ ദേവന്മാർ അവരെ അനുഗ്രഹിച്ചു. അപ്പോൾ അവർ ദേവന്മാരുടെയും സരസ്വതി യുടെയും അപ്പോളോവിന്റെയും ദ്യൂഓനിസസിന്റെയും പേരിൽ ആഘോ ഷങ്ങൾ നടത്തുകയുണ്ടായി. വൃദ്ധന്മാരെ യുവാക്കളാക്കാനുതകുന്ന മദ്യം നല്കിയത് ദ്യുഓനിസസ് ആണത്രെ.

അദ്ദേഹം തുർന്നുപറയുന്നു: ആളുകളുടെ വിഷമങ്ങൾക്കു പ്രതി ഫലമായി പ്രസ്തുത ദേവന്മാർ അവർക്ക് ആഘോഷങ്ങളിലും കല്ല്യാണച്ചടങ്ങുകളിലും നടത്താനുള്ള നൃത്തവും അതിനനുസരിച്ച് ശരി യായ വൃത്തങ്ങളിലുള്ള പാട്ടുകളും നൽകി. അതിനാലത്രെ ദേവന്മാരെ പൂജിക്കുമ്പോൾ നടത്താറുള്ള പാട്ടുകൾക്കും വാദ്യങ്ങൾക്കും പ്രാർത്ഥ നകൾ എന്നു പറയുന്നത്.

ഇതുപോലെ തന്നെയായിരുന്നു ഇന്ത്യക്കാരുടെയും സ്ഥിതി. മതപ ണ്ഡിതന്മാരായ ഋഷികളിൽനിന്നാണ് മതനിയമങ്ങൾ ലഭിക്കുന്നതെന്ന് അവർ മനസ്സിലാക്കുന്നു. 'നാരായണൻ' എന്നറിയപ്പെടുന്നതും മനുഷ്യ രൂപത്തിൽ വന്നതുമായ പ്രവാചകനിൽ നിന്നല്ല അവയുടെ ഉത്ഭവം. ലോകത്തെ ഭീക്ഷണിപ്പെടുത്തുന്ന നാശബീജങ്ങൾ തടയാനും തത്സം ബന്ധമായ വിഷമങ്ങൾ ഇല്ലാതാക്കാനുമാണ് ഇദ്ദേഹം വരുന്നത്. മതനിയമങ്ങൾ ഇദ്ദേഹം മാറ്റുകയില്ല. അവ അനുസരിച്ചു ജീവിക്കുക മാത്രമാണു ചെയ്യുന്നത്. അതുകൊണ്ട് മതകാര്യങ്ങൾക്ക് ഇവർക്കു പ്രവാചകന്മാർ ആവശ്യമില്ലാതെ വന്നിരിക്കുകയാണ്. ഐഹികകാര്യ ങ്ങളിൽ മാത്രമാണ് അവർക്കു പ്രവാചകന്മാർ ആവശ്യമായി വരുന്നത്.

മതങ്ങളെ ദുർബലപ്പെടുത്തുക എന്നത് അനുവദനീയമായി അവർ കണക്കാക്കുന്നു. വാസുദേവൻ വരുന്നതിനു മുമ്പ് അനുവദിക്കപ്പെട്ടി രുന്ന വളരെ കാര്യങ്ങൾ വന്നതിനു ശേഷം നിരോധിക്കപ്പെട്ടിട്ടുണ്ട്. ജന ങ്ങളുടെ സ്വഭാവം ദുഷിക്കുകയും കർത്തവ്യനിർവ്വഹണത്തിനു കഴി യാതെ വരികയും ചെയ്തതിനാൽ മുമ്പ് അനുവദിക്കപ്പെട്ടിരുന്ന ഗോമാംസഭക്ഷണം നിരോധിക്കപ്പെട്ടത് ഇതിനുദാഹരണമാണ്. കുടും ബബന്ധം മൂന്നു വിധത്തിലാകാമായിരുന്നു.

1. എല്ലാവരെയും പോലെ വിവാഹം കഴിച്ചു ദാമ്പത്യബന്ധത്തിൽ

കഴിഞ്ഞുവരുന്ന മാതാപിതാക്കളിൽ ഉണ്ടാകുന്ന സന്താനം.

2. മകൾക്ക് അവളുടെ ഭർത്താവിൽനിന്നുണ്ടാകുന്ന സന്താനം, മുൻ നിബന്ധനയനുസരിച്ച് അവളുടെ പിതാവിനാണു ലഭിക്കുക.

3. ഭർത്താവിന്റെ അനുവാദപ്രകാരം അന്യപുരുഷനിൽ അയാളുടെ ഭാര്യക്കുണ്ടായ സന്താനം.

ഈ മൂന്നാമത്തെ നിലയിലാണ് 'ശന്തനു' 'പാണ്ഡു'വിന്റെ പിതാവായത്. ഏതോ ഒരു സന്യാസിയുടെ പ്രാർത്ഥനാഫലമായി ശന്തനുവിനു തന്റെ ഭാര്യമാരുമായി അടുക്കാൻ സാധിക്കാതെ വന്നു. തനിക്ക് സന്താനങ്ങൾ ഉണ്ടായിരുന്നുമില്ല. അങ്ങനെ 'പരാശരു'ടെ മകൻ 'വ്യാസ'നോട് അദ്ദേഹം ഒരു സന്താനത്തെ തന്റെ ഭാര്യയിൽനിന്ന് ഉദ്പ്പാദിപ്പിച്ചുകൊടുക്കാൻ ആവശ്യപ്പെട്ട് ഒരു ഭാര്യയെ അങ്ങോട്ടയച്ചു. വ്യാസനെ കണ്ടപ്പോൾ അവൾ ഭയപ്പെട്ടു. അങ്ങനെ ചിത്തരോഗിയായ ഒരു കുട്ടിയുണ്ടായി. പിന്നീട് രണ്ടാമത്തെ ഭാര്യയെ അയച്ചുകൊടുത്തു. അവളയാളെ കണ്ടപ്പോൾ നാണം കുണുങ്ങി മുഖം മറച്ചു. അങ്ങനെ അവൾ കുരുടനായ ധൃതരാഷ്ട്രരെ പ്രസവിച്ചു. അതിനു ശേഷം മൂന്നാമത്തെ ഭാര്യയെയും അയച്ചു. ഭയവും നാണവും അരുതെന്ന് അവളെ ഉപദേശിച്ചിരുന്നു. അവൾ ചിരിച്ചുകൊണ്ട് അദ്ദേഹത്തിനു മുമ്പിൽ പ്രത്യക്ഷയായി. അങ്ങനെ തെമ്മാടിയും കോമാളിയുമായ വിശ്വഭദ്രൻ അവളിൽ ജനിച്ചു. പാണ്ഡുവിന്റെ നാല് മക്കൾക്കുമായി ഒരു ഭാര്യയാണുണ്ടായിരുന്നത്. അവൾ ഓരോ മാസവും ഓരോരുത്തന്റെ കൂടെ താമസിക്കുക പതിവായിരുന്നു.

അവരുടെ പുസ്തകങ്ങളിൽ ഇങ്ങനെ കാണാം: ത്യാഗിയായ പരാശർ ഒരിക്കൽ കപ്പൽയാത്ര ചെയ്തപ്പോൾ കപ്പിത്താന്റെ മകളെ കാണുകയും അവളിൽ അനുരക്തനാവുകയും ചെയ്തു. അദ്ദേഹത്തിന് അവൾ വഴങ്ങിയെങ്കിലും മറവുള്ള ഒരു സ്ഥലം ലഭിച്ചില്ല. അപ്പോൾ ധാരാളം ശാഖോപശാഖകളോടു കൂടിയ ഒരു മരം പെട്ടെന്നു മുളയ്ക്കുകയും കാര്യം സൗകര്യപ്പെടുകയും ചെയ്തു. അങ്ങനെ അവളിലുണ്ടായ പുത്രനാണ് മഹാനായ ഈ വ്യാസൻ. ഈ നിയമങ്ങളെല്ലാം ഇപ്പോൾ ദുർബലപ്പെട്ടുപോയിരിക്കുകയാണ്. മതനിയമങ്ങൾ അസ്ഥിരപ്പെടുത്തൽ അനുവദനീയമാണെന്ന് അവരുടെ പ്രസ്താവനകളിൽനിന്നു തെളിയുന്നു. എന്നാൽ, വിവാഹാദികളിലുള്ള ഇത്തരം ദുരാചാരങ്ങൾ ഇപ്പോഴും ചിലരുടെ ഇടയിൽ നടപ്പുള്ളതായി കാണാം. കാശ്മീരിനടുത്ത് പഞ്ചശീർ പർവ്വപംക്തികളുടെ താഴ്‌വാരങ്ങളിലെ നിവാസികൾ സഹോദരന്മാരെല്ലാം കൂടി ഒരു സ്ത്രീയെ വിവാഹം ചെയ്യാൻ നിർബന്ധിതരാണെന്നു വിശ്വസിക്കുന്നു. ഇസ്‌ലാമിനു മുമ്പ് അറബികളുടെ വിവാഹനില പല വിധത്തിലായിരുന്നു.

1. ചിലർ തന്റെ പത്നിയെ മുൻകൂട്ടി നിശ്ചയിച്ച ആളുടെ അടു

ത്തേക്കയക്കുന്നു. അവൾ അയാളിൽനിന്നു ഗർഭം ധരിച്ചാൽ ഭർത്താവ് ഗർഭകാലം മുഴുവൻ അവളിൽനിന്ന് അകന്നു ജീവിക്കുന്നു. സന്താനം നന്നായിരിക്കാൻ വേണ്ടിയാണ് അവർ ഇങ്ങനെ ചെയ്യുന്നത്.

2. ഒരാൾ മറ്റൊരാളോടു നീ നിന്റെ ഭാര്യയെ എനിക്ക് ഒഴിഞ്ഞു തരിക. ഞാൻ എന്റെ ഭാര്യയെ നിനക്കും ഒഴിഞ്ഞുതരാമെന്നു പറയുകയും തുടർന്ന് ആ വിധം പ്രവർത്തിക്കുകയും ചെയ്യുന്നു.

3. കുറേ പുരുഷന്മാർ ഒരു സ്ത്രീയെ സ്വീകരിച്ച് അവളിൽ ജനിക്കുന്ന സന്താനം അവരിൽ ഒരാളുടേതാണെന്ന് അവൾ നിശ്ചയിക്കുന്നവനോ അവൾക്കറിയില്ലെങ്കിൽ അവരിൽ ലക്ഷണംകൊണ്ടു പറയുന്നവനോ അവളെയും കുട്ടികളെയും വിട്ടുകൊടുന്നു.

4. പിതാവിന്റെയും മകന്റെയും ഭാര്യമാരെ വിവാഹം ചെയ്യാം. ഇതിൽ ജനിക്കുന്ന കുട്ടിക്ക് 'സൈസൻ' (മിടുക്കൻ) എന്ന് അവർ പറയുന്നു. ജൂതന്മാരുടെ വിശ്വാസം ഇതിനോടു യോജിക്കുന്നുണ്ട്.

ഒരാൾ തന്റെ  മരിച്ച സഹോദരന്റെ ഭാര്യയെ – അവൾക്ക് അയാളിൽനിന്നു സന്താനങ്ങളൊന്നും ഉണ്ടായിട്ടില്ലെങ്കിൽ വിവാഹം ചെയ്യുക നിർബന്ധമാണെന്നും പുതുതായി അവർക്കു ജനിക്കുന്ന സന്താനത്തെ മരിച്ച സഹോദരന്റെ സന്താനമായി കണക്കാക്കേണ്ടതാണെന്നും ജൂതർ വിശ്വസിക്കുന്നു. ഇങ്ങനെ ചെയ്യൂന്നവനു ഹീബ്രൂ ഭാഷയിൽ 'യബുമ്മ' എന്നു പറയുന്നു. മജൂസി(അഗ്നി ആരാധകർ)കളുടെതും ഇതേ നില തന്നെയാകുന്നു.

'പതേശ്വർ ഗർശാഹ്'ന് ബാബക്ക് മകൻ അർദശീറിനെ ആക്രമിച്ചതിനെ കുറിച്ച് അഗ്നിആരാധകരുടെ നേതാവായ 'തോസർ' എഴുതി മറുപടിക്കത്തിൽ ഇങ്ങനെ പറയുന്നു: ഒരാൾ മരിച്ചാൽ അയാൾക്കു സന്താനമില്ലെങ്കിൽ അയാളുടെ ഭാര്യയെ അയാളുടെ പേരിലുള്ള അടുത്ത ബന്ധുവിനു വിവാഹം ചെയ്തുകൊടുക്കുക. അദ്ദേഹത്തിനു ഭാര്യ ഇല്ലെങ്കിൽ അയാളുടെ മകളെ വിവാഹം ചെയ്തുകൊടുക്കുക. മകളുമില്ലെങ്കിൽ അയാളുടെ സ്വത്തിന്റെ അവകാശികളിൽ പെട്ട ഒരു സ്ത്രീയെ ഇങ്ങനെ വിവാഹം ചെയ്തു കൊടുക്കുക. ഇപ്രകാരം ജനിച്ച കുട്ടി മരിച്ച ആളിന്റേതായിരിക്കും. ഈ സംഗതി ശ്രദ്ധിക്കാത്തവൻ നിരവധി ആളുകളെ കൊന്നവനായി കണക്കാക്കപ്പെടുന്നു. കാരണം, അങ്ങനെ ഉള്ള ഒരുവൻ മരിച്ച ആളിന്റെ സന്താന പരമ്പരയെയും പേരിനെയും അവഗണിച്ചിരിക്കുന്നു. കാര്യങ്ങൾ താരതമ്യപ്പെടുത്തി മനസ്സിലാക്കാനുതകുമെന്നു കരുതിയാണ് ഞാനീ കഥകൾ ഇവിടെ ഉദ്ധരിച്ചത്.

അധ്യായം 11

# ബിംബാരാധനയുടെ ഉദ്ഭവവും വിഗ്രഹങ്ങളുടെ നിലയും

ഇന്ദ്രിയങ്ങൾക്കു ഗോചരമായവയിൽ കൂടുതൽ താലപര്യവും അ ദ്ധ്യാത്മിക കാര്യങ്ങളിൽ തീരേ ആശ്രദ്ധയും പുലർത്തിവരിക എന്ന തു പാമരന്മാരുടെ സ്വഭാവമാണ്. ആദ്ധ്യാത്മിക കാര്യങ്ങളിൽ താത്പ ര്യമുള്ള പണ്ഡിതന്മാർ എല്ലായിടത്തും എക്കാലത്തും നന്നേ കുറവാ യിരിക്കും. അതിനാൽ, മതവിശ്വാസികളായി അറിയപ്പെടുന്ന ജൂതന്മാർ, ക്രിസ്ത്യാനികൾ, പ്രത്യേകം മാനികൾ തുടങ്ങിയ മിക്ക ആളുകളും ത ങ്ങളുടെ ഗ്രന്ഥങ്ങളിൽ ചിത്രം നിർമ്മിക്കാൻ തുടങ്ങി. ഉദാഹരണമായി മുഹമ്മദ് നബിയുടെയോ കഅ്ബ മന്ദിരത്തിന്റെയോ ചിത്രം ഒരു പാമ രനോ സ്ത്രീക്കോ കാണിച്ചുകൊടുക്കുകയാണെങ്കിൽ സന്തോഷാധി ക്യത്താൽ അതിനെ ചുംബിക്കുന്നതു കാണാം. ഹജ്ജ് തീർത്ഥാടനം നിർവഹിച്ച ഒരാളുടെ സന്തോഷമാണ് അവർക്കുണ്ടാവുക. ഇതേ കാര ണമാണ് ദേവന്മാരുടെയും പ്രവാചകന്മനാരുടെയും മഹാത്മാക്കളുടെ യും വിഗ്രഹങ്ങൾ നിർമ്മിക്കാൻ ആളുകളെ പ്രേരിപ്പിച്ചത്. മുമ്പ് കൺ മുമ്പിൽനിന്നു ദീർഘകാലമായി അകന്നുപോയ തങ്ങളുടെ ആരാധ്യ ന്മാരുടെ സ്മരണ പുതുക്കാനും നേരിൽ അവരെ ആരാധിക്കാനുമായി പിന്നീടുവന്ന മതനേതാക്കൾ ഇതുപോലെ ചെയ്യാൻ അവരെ നിർബ ന്ധിച്ചുതുടങ്ങി. 'തൂഫാൻ' എന്ന പേരിൽ അറിയപ്പെട്ട വെള്ളപ്പൊക്ക ത്തിനു മുമ്പും പിമ്പും ബിംബങ്ങൾ നിർമ്മിച്ച കഥ ചരിത്രത്തിൽ ഉണ്ട്. പ്രവാചകൻ വരുന്നതിനു മുമ്പ് ജനങ്ങളെല്ലാം ഒരു സമുദായമായിരു ന്നുവെന്നും ഒരേ ബിംബത്തെ തന്നെ ആരാധിച്ചിരുന്നുവെന്നും ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്. പഴയ നിയമക്കാർ ബിംബാരാധന തുടങ്ങിയത് ഇബ്റാഹീം നബിയുടെ പൂർവ്വപിതാമഹൻ സാറൂഗിന്റെ കാലത്താണെ ന്നു പറയുന്നു. ഫ്രഞ്ചുകാരായ 'റോമുലസ്', 'റോമാനസ്' എന്നീ സ

ഹോദരന്മാർ അധികാരത്തിൽ വന്നപ്പോൾ അവർ റോമാ പട്ടണം നിർമ്മിച്ചു. പിന്നീട് റോമുലസ് തന്റെ സഹോദരനെ വധിച്ചു. അപ്പോൾ യുദ്ധങ്ങളും ഭൂകമ്പങ്ങളും അധികമാകാൻ തുടങ്ങി. റോമുലസിനു വിനയസ്വഭാവം കൈവന്നപ്പോൾ സഹോദരനെ സിംഹാസനത്തിൽ ഇരുത്തുന്നതുവരെ വിഷമാവസ്ഥ തീരുകയില്ലെന്നു സ്വപ്നം കാണുകയാൽ അയാൾ സ്വർണ്ണം കൊണ്ട് സഹോദരന്റെ പ്രതിമ നിർമ്മിച്ചു കൂടെ ഇരുത്തി. തനിക്ക് ഈ വിധത്തിലുള്ള ഒരു കല്പന ലഭിച്ചതായി അദ്ദേഹം ജനങ്ങളെ അറിയിച്ചു. പിന്നീട് അദ്ദേഹത്തിന്റെ പിൻഗാമികളും ഇങ്ങനെ ചെയ്തുവന്നു. ഭൂകമ്പത്തിനു ശേഷം അദ്ദേഹത്തിന്റെ പാർട്ടികളെ സന്തോഷിപ്പിക്കാനായി അദ്ദേഹം ഒരു ആഘോഷം നടത്തി. ഇദ്ദേഹം സൂര്യദേവന്റെ നാല് രൂപങ്ങൾ നാല് കുതിരപ്പുറത്തായി ഉണ്ടാക്കി. ഇവയിൽ പച്ചക്കുതിര ഭൂമിയെയും, ചുവന്നത് അഗ്നിയെയും, വെളുത്തത് വായുവിനെയും, നീലനിറത്തിലുള്ളതു വെള്ളത്തെയും പ്രതിനിധാനം ചെയ്യുന്നു. ഇവയെല്ലാം ഇപ്പോഴും റോമായിൽ കാണാം.

ഇന്ത്യക്കാരുടെ അന്ധവിശ്വാസങ്ങളെ സംബന്ധിച്ചു പറയുമ്പോൾ അവരിലുള്ള പാമരന്മാരുടെ നിലയാണ് നാം ഉദ്ദേശിക്കുന്നത്. എന്നാൽ, രക്ഷാമാർഗ്ഗം അന്വേഷിക്കുകയും തർക്കത്തിന്റെയും ചിന്തയുടെയും മാർഗ്ഗം കൈകൊള്ളുകയും അങ്ങനെ 'സാരം' എന്നു പറയുന്ന സത്യത്തിൽ അവർ എത്തിച്ചേരുകയും ചെയ്യുന്നു. അവർ ഏകദൈവത്തെ അല്ലാതെ മറ്റൊന്നിനെയും പ്രതിമകളെകൂടിയും തീരെ ആരാധിച്ചിരുന്നില്ല. ഇതിനുള്ള ഉദാഹരണങ്ങളിൽ ചിലത് ഇവിടെ കുറിക്കാം. 'സാംഖ്യ' ഉദ്ധരിക്കുന്നു. മുമ്പ് 'ഇന്ദ്രശ' എന്ന പേരിൽ ഒരു രാജാവ് വളരെ നല്ല നിലയിൽ രാജ്യം ഭരിച്ചു. ആഗ്രഹങ്ങൾ നിറവേറിയ അദ്ദേഹം ഒടുവിൽ രാജ്യഭരണം കൈവിട്ട് ത്യാഗിയായി സന്യസിച്ചു. ആരാധനയും പ്രാത്ഥനയുമായി ഏകാന്തതയിൽ കുറേക്കാലം കഴിഞ്ഞുകൂടി. ഒരിക്കൽ ആരാധ്യൻ ദേവന്മാരുടെ നേതാവായ ഇന്ദ്രന്റെ രൂപത്തിൽ ആനപ്പുറത്തു പ്രത്യക്ഷപ്പെടുകയും ആവശ്യമുള്ളതു പറഞ്ഞാൽ അതു നിറവേറ്റികൊടുക്കാമെന്ന് ഏല്ക്കുകയും ചെയ്തു. അപ്പോൾ ത്യാഗി ഇപ്രകാരം പറഞ്ഞു: നിങ്ങളെ കണ്ടതിൽ എനിക്കതിയായ സന്തോഷമുണ്ട്. നിങ്ങൾ ചെയ്ത സഹായങ്ങൾക്കും ഔദാര്യങ്ങൾക്കും നന്ദി പറയുന്നു. പക്ഷേ, എനിക്കു നിങ്ങളോട് ഒന്നും അപേക്ഷിക്കാനില്ല. നിങ്ങളുടെ കർത്താവായ ലോകനാഥനോടാണ് എനിക്ക് അപേക്ഷിക്കാനുള്ളത്.

ഇന്ദ്രൻ: ആരാധനയുടെ ലക്ഷ്യം അതിനുള്ള പ്രതിഫലം നേടലാണല്ലോ? കണ്ടുമുട്ടിയ ആളിൽനിന്ന് അതു വാങ്ങിക്കൊള്ളൂ. വിമർശിക്കാൻ തുനിയരുത്.

ത്യാഗി: എന്നാൽ, ഇഹലോക സുഖം എനിക്കു ലഭിച്ചുകഴിഞ്ഞു. ഞാൻ അതു ത്യജിച്ചിരിക്കുകയാണ്. ആരാധനകൊണ്ടുള്ള എന്റെ ല

ക്ഷ്യം ലോകനാഥനെ കാണുക എന്നതാണ്. നിങ്ങളെ അല്ല. പിന്നെ ഞാൻ എങ്ങനെ എന്റെ ആവശ്യം നിങ്ങളോടു പറയും?

ഇന്ദ്രൻ: സർവ്വലോകവും എന്നെ അനുസരിച്ചുകൊണ്ടിരിക്കവേ എന്നെ എതിർക്കാൻ നീ ആരാണ്?

ത്യാഗി: ഞാനും അതുപോലെ അനുസരണയുള്ളവനാണ്. പക്ഷേ, താങ്കൾക്ക് ഈ കഴിവു നല്കിയവനെയാണ് ഞാൻ ആരാധിക്കുന്നത്. അവൻ താങ്കളെ 'ബൽ' 'ഹിരണ്യാക്ഷ്' എന്നീ രണ്ടു ദേവന്മാരിൽ നിന്നും രക്ഷിച്ച സർവ്വാധിനാഥനാണ്. അതിനാൽ താങ്കൾ എന്നെയും എന്റെ മാർഗ്ഗത്തെയും വിടുക. എന്നിൽനിന്ന് യഥാസുഖം മടങ്ങിപ്പോയ്ക്കൊള്ളുക.

ഇന്ദ്രൻ: നീ എതിർക്കുന്നതിൽനിന്നു വിരമിക്കുകയില്ലെങ്കിൽ ഞാൻ നിന്നെ വധിക്കും.

ത്യാഗി: സദ്ഗുണം അസൂയാവഹമാണ്. ദുർഗണത്തിന് അതിനോടെതിരുണ്ടാവും. ഇഹലോകവുമായി ബന്ധം മുറിച്ചവനോടു ദേവന്മാർക്ക് അസൂയ തോന്നും. അവർ അയാളെ വഴിതെറ്റിക്കാൻ ശ്രമിക്കും എന്നെല്ലാം പറയാറുണ്ട്. ഞാൻ ഇഹലോക ബന്ധം മുറിച്ച് ആരാധനയിൽ മുഴുകിയ ഒരാളാണ്. ഞാൻ ഈ നില കൈവിടുകയില്ല. നിങ്ങളാൽ വധിക്കപ്പെടാൻ ഞാൻ ഒരു കുറ്റവും ചെയ്തിട്ടില്ല. ഇനി നിർദ്ദോഷിയായ എന്നെ കൊല്ലണമെങ്കിൽ താങ്കൾ അതിനു മുതിർന്നോളൂ. ഉദ്ദേശ്യവും ലക്ഷ്യവും ദൈവത്തിനു വേണ്ടിയുള്ളതാണെങ്കിൽ-നിഷ്കളങ്കമായി ദൈവത്തിൽ വിശ്വസിക്കുന്നുണ്ടെങ്കിൽ താങ്കൾക്ക് എന്നെ ഉപദ്രവിക്കാൻ സാധിക്കുകയില്ല. ഇത്രയും സമയം താങ്കൾ എന്നെ ധ്യാനത്തിൽ നിന്നു തടഞ്ഞു. ഞാനിതാ അതിലേക്കു തന്നെ മടങ്ങുകയാണ്.

അപ്രകാരം ത്യാഗി ധ്യാനിച്ചുകൊണ്ടിരിക്കവേ, മഞ്ഞ വസ്ത്രം ധരിച്ച (താമരപ്പൂരൂപത്തിലുള്ള വസ്ത്രം ധരിച്ച) ഒരു മനുഷ്യരൂപത്തിൽ 'ഗരുഡ' എന്ന പേരുള്ള ഒരു പക്ഷിയുടെ പുറത്തുകയറി ദൈവം അയാളുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. ഒരു കയ്യിൽ ശംഖും മറുകയ്യിൽ വട്ടത്തിൽ മൂർച്ചയുള്ള ഒരായുധവും മൂന്നാമത്തേതിൽ ഒരു പരിചയും നാലാമത്തേതിൽ ഒരു പത്മവും, (ചുവന്ന താമര) ഉണ്ടായിരുന്നു. ത്യാഗി ഇതുകണ്ടപ്പോൾ പേടിച്ചു വിറച്ചുപോയി. അദ്ദേഹം വളരെ സമയം സാഷ്ടാംഗ പ്രണാമവും പ്രാർത്ഥനയുമായി കഴിച്ചുകൂട്ടി. അപ്പോൾ ദൈവം അദ്ദേഹത്തെ അനുഗ്രഹിക്കുകയും ലക്ഷ്യത്തിൽ എത്തിച്ചേർന്നിട്ടുണ്ടെന്നു സന്തോഷവാർത്ത അറിയിക്കുകയും ചെയ്തു.

ത്യാഗി ഇപ്രകാരം മൊഴിഞ്ഞു: എതിരില്ലാത്ത നിലയിൽതന്നെ സുഖമായി ഞാൻ രാജ്യം ഭരിച്ചു. ദുഃഖമെന്തെന്നറിയാതെ ജീവിച്ചു. ഇഹലോക സുഖങ്ങൾ മുഴുവനും ആസ്വദിച്ചു. ശരിക്കു ചിന്തിച്ചപ്പോൾ, ഈ സുഖജീവിതത്തിന്റെ ഭാവി അപകടമാണെന്നു മനസ്സിലാക്കാൻ സാധി

ച്ചതിന്റെ ഫലമായി, ഇപ്പോൾ കൈവന്ന വിജയം മാത്രമായി എന്റെ ജീവിത ലക്ഷ്യം. ഇനിയത്തെ ആഗ്രഹം ഈ ശരീരബന്ധത്തിൽനിന്നു മോചനം നേടുക എന്നതാണ്.

അപ്പോൾ ദൈവം ഇങ്ങനെ പറഞ്ഞു: ഇഹലോകവുമായി എല്ലാ ബന്ധങ്ങളും വേർപ്പെടുത്തി ഏകാന്തനായി ജിവിക്കുകയും ചിന്തിച്ചുകൊണ്ടിരിക്കുകയും ഇന്ദ്രിയങ്ങളെ ബാഹ്യലോകത്തുനിന്നു പിൻവലിച്ച് അന്തർമുഖമാക്കി ചലിപ്പിക്കുകയും ചെയ്യുക. ഇതിനു ലഭിച്ച മറുപടിയാണു ചുവടെ ചേർക്കുന്നത്.

"ശരി, ഇവിടുന്ന് നല്കിയ അനുഗ്രഹത്തിൽ എനിക്കതു സാധിച്ചു. മറ്റുള്ളവ എങ്ങനെ നിർവ്വഹിക്കും? മനുഷ്യനെ ലോകവുമായി ബന്ധിപ്പിക്കുന്ന ഭക്ഷണം, വസ്ത്രം തുടങ്ങിയവ മനുഷ്യന് ആവശ്യമാണല്ലോ? നീ നിന്റെ ഭരണത്തിലും ലോകത്തുള്ള എല്ലാ കാര്യങ്ങളിലും എന്റെ മാർഗ്ഗത്തിൽ എന്നെ ലക്ഷ്യമാക്കി പ്രവർത്തിക്കുക. വല്ലപ്പോഴും എന്നെ മറന്നുപോകുന്നുണ്ടെങ്കിൽ എന്റെ പ്രതിമ ഉണ്ടാക്കി സൂക്ഷിക്കുക. സുഗന്ധദ്രവ്യം, പ്രകാശം എന്നിവകൊണ്ട് വഴിപാട് കഴിക്കുക. അതിനെ എന്നെ സ്മരിക്കാനുള്ള മാർഗ്ഗമാക്കുക. എന്തു ചെയ്താലും അത് എന്റെ പേരിലായിരിക്കണം.

അപ്പോൾ ത്യാഗി ഇങ്ങനെ പറഞ്ഞു: "ചുരുക്കത്തിൽ കാര്യം എനിക്കു മനസ്സിലായി അങ്ങ് അതിന്റെ വിവരണംകൊണ്ട് എന്നെ അനുഗ്രഹിച്ചാലും."

ദൈവം മറുപടി നല്കി: "ശരി, ഞാനതു ചെയ്തുകഴിഞ്ഞു. നിന്റെ പുരോഹിതനായ വസിഷ്ഠന് ആവശ്യമായ എല്ലാ കാര്യങ്ങളും നാം തോന്നിപ്പിക്കുന്നതാണ്. പ്രശ്നങ്ങളിൽ അയാൾ പറയുന്നതുപോലെ ചെയ്തുകൊള്ളുക."

അങ്ങനെ ദൈവം അപ്രത്യക്ഷമാവുകയും ചെയ്തു. അന്നുമുതൽ വിഗ്രഹങ്ങൾ ഉണ്ടായി എന്നാണു പറയപ്പെടുന്നത്. ചിലതിനു നാല് കൈകളും ചിലതിനു രണ്ട് കൈകളുമാണുള്ളത്.

ബ്രഹ്മാവിനു നാരദൻ എന്ന ഒരു പുത്രനുണ്ടായിരുന്നു. ദൈവത്തെ കാണുകയല്ലാതെ അദ്ദേഹത്തിനു ലക്ഷ്യങ്ങൾ വേറൊന്നും ഉണ്ടായിരുന്നില്ല. അദ്ദേഹം എപ്പോഴും ഒരു വടിയുമായി നടക്കാറുണ്ടായിരുന്നു. അതു നിലത്തിട്ടാൽ ഒരു പാമ്പായി മാറും. അങ്ങനെ പല അത്ഭുത കാര്യങ്ങളും അദ്ദേഹം കാണിക്കാറുണ്ടായിരുന്നു. ഒരിക്കൽ അദ്ദേഹം ചിന്തിച്ചുകൊണ്ടിരിക്കവേ ദൂരത്ത് ഒരു പ്രകാശം കണ്ടു. അദ്ദേഹം അതിന്റെ അടുത്തേക്കു ചെന്നു. അപ്പോൾ ഇങ്ങനെ പറയുന്നതായി കേട്ടു. "നീ ആഗ്രഹിക്കുന്നത് അസാധ്യമാണ്. എന്നെ ഇങ്ങനെയല്ലാതെ കാണാൻ കഴിയുകയില്ല" അദ്ദേഹം നോക്കിയപ്പോൾ മനുഷ്യരൂപത്തിലുള്ള ഒരു പ്രകാശം നിൽക്കുന്നതു കണ്ടു. ആ കാലം മുതൽ വിഗ്രഹ

നിർമ്മാണം തുടങ്ങി. സൂര്യന്റെ പേരിൽ നിർമ്മിക്കപ്പെട്ട മുൽതാൻ ബിംബം പ്രസിദ്ധമാണ്. ആദിത്യൻ എന്നൊരു പേരുകൂടി അതിനുണ്ട്. അത് മരംകൊണ്ടാണ് ഉണ്ടാക്കിയത്. അതിന്റെ കണ്ണുകളിൽ രണ്ട് ചുവന്ന മാണിക്യക്കല്ലുകൾ ഉണ്ട്. 'കർത്താജൂക്ക് ഉണ്ടാക്കിയതാണ് ഈ ബിംബം എന്ന് അവർ പറയുന്നു. അതിനുശേഷം ഇന്നേക്ക് 2,16,432 കൊല്ലങ്ങളായി. മുഹമ്മദ്ബിൻ ഖാസിം മുൽത്താൻ ജയിച്ചടക്കിയ കാലത്ത് അദ്ദേഹം ഈ വിഗ്രഹവും അതിന്റെ പേരിലുള്ള സ്വത്തുക്കളും കാണുകയുണ്ടായി. ഇതിന്റെ ദർശനത്തിനു വേണ്ടി കൂട്ടം കൂട്ടമായി ആളുകൾ വന്നുകൊണ്ടിരുന്നു. അപ്പോൾ അതിനെ നശിപ്പിക്കാതിരിക്കുകയാണ് നല്ലതെന്ന് അയാൾ മനസ്സിലാക്കുകയും അതിനെ നിസ്സാരമാക്കി കാണിക്കാൻ അതിന്റെ കഴുത്തിൽ ഒരു കഷ്ണം പശുമാംസം തൂക്കിയിടുകയും ചെയ്തു. അടുത്തായി ഒരു പള്ളി നിർമ്മിക്കുകയും ചെയ്തു. പിന്നീട് ഖറാമതികൾ അവിടെ അധികാരത്തിൽ വന്നപ്പോൾ അവരിൽപെട്ട ജലമുബിൻ ശൈബാൻ എന്ന ആൾ ആ വിഗ്രഹം ഉടക്കുകയും അതിന്റെ പൂജാരികളെ കൊലപ്പെടുത്തുകയും ആ സ്ഥലത്തു മുമ്പുള്ളതിനു പകരം വലിയ ഒരു പള്ളി പണിയുകയും ചെയ്തു. അമവീ ഖലീഫമാരോടുള്ള വെറുപ്പു കാരണമായി ആദ്യത്തെ പള്ളി അദ്ദേഹം അടച്ചുകളഞ്ഞു. അമീർ മഹ്മൂദ് ആ സ്ഥലത്തുനിന്ന് അവരെ പരാജയപ്പെടുത്തി ഓടിച്ച ശേഷം ആദ്യത്തെ പള്ളി തന്നെ ഉപയോഗപ്പെടുത്തുകയും പുതിയ പള്ളിയുടെ സ്ഥലം മാത്രം ബാക്കിയാക്കുകയും ചെയ്തു. അവിടെ ഇപ്പോൾ ഒരു കുളം മാത്രമാണുള്ളത്. മേൽ കാണിച്ച കൊല്ലങ്ങളിൽനിന്ന് ഖറാമതികളുടെ ഭരണകാലമായ നൂറ് കൊല്ലം മാത്രമല്ല നാനൂറ്റിച്ചില്ലാനം കൊല്ലം കഴിച്ചാലും ആ വിഗ്രഹം നിർമ്മിച്ചതു മുതൽ ഹിജ്റഃ വരെ 2,16,000 വർഷങ്ങൾ ആയിട്ടുണ്ടാകും. ഇത്രയും കാലം ആ വിഗ്രഹം നിർമ്മിച്ച മരം തണുത്ത ഭൂമിയിലും വായുവിലും സ്ഥിതിചെയ്തിട്ടും ഒരു കേടും കൂടാതെ ശേഷിച്ചതെങ്ങനെ എന്ന് എനിക്കു മനസ്സിലാകുന്നില്ല.

'താനേശ്വർ' പട്ടണത്തെ അവർ വളരെ അധികം ബഹുമാനിക്കുന്നു. അവിടെ 'ചക്രസ്വാമി' (ആയുധമുള്ള ആൾ) എന്ന പേരിൽ ഒരു ബിംബമുണ്ടായിരുന്നു. ഏതാണ്ട് ഒരു മനുഷ്യന്റെ അത്രതന്നെ നീളത്തിൽ പിച്ചളകൊണ്ട് നിർമ്മിക്കപ്പെട്ടതാണീ വിഗ്രഹം. അതിപ്പോൾ 'ഗസ്നി'യിലെ ഒരു മൈതാനത്തിൽ മഹാദേവന്റെ ലിംഗപ്രതിമയായ സോമനാഥ ക്ഷേത്രത്തിന്റെ ഗോപുരത്തോടൊപ്പം കിടപ്പുണ്ട്. ഈ പ്രതിമക്ക് 'ലിംഗ്' എന്നാണ് പേര്. സോമനാഥത്തിന്റെ കഥ പിന്നീടു വരുന്നതാണ്. ചക്രസ്വാമി വിഗ്രഹം 'ഭരത'ന്റെ കാലത്ത് അന്നത്തെ യുദ്ധത്തിന്റെ ഓർമ്മക്കായി നിർമ്മിക്കപ്പെട്ടതാണ്. കാശ്മീരിന്റെ തലസ്ഥാനത്തുനിന്നു രണ്ടോ മൂന്നോ മൈൽ ദൂരത്തിൽ സ്ഥിതിചെയ്യുന്ന 'ബില്ലെ

നാർ' പർവ്വതത്തിനു സമീപം 'ശാരതം' എന്ന ഒരു തരം മരംകൊണ്ട് നിർമ്മിക്കപ്പെട്ട ഒരു വിഗ്രഹ കേന്ദ്രമുണ്ട്. ആളുകൾ ഈ വിഗ്രഹത്തെ ബഹുമാനിക്കുകയും ആ സ്ഥലത്തേക്കു തീർത്ഥയാത്ര നടത്തുകയും ചെയ്യാറുണ്ട്.

'സംഹിത' എന്ന ഗ്രന്ഥത്തിൽനിന്നു ബിംബനിർമ്മാണ വിഷയത്തെ കുറിച്ചു സാമാന്യമായ അറിവു നല്കുന്ന ഒരു അദ്ധ്യായം ഇവിടെ പകർത്താം.

വരാഹമിഹിരൻ പറയുന്നു:

നിർമ്മിക്കുന്ന വിഗ്രഹം ദശരഥ പുത്രൻ 'രാമന്റെ'യോ വിരോചനന്റെ മകൻ 'ബലി'യുടൊയോ ആണെങ്കിൽ ആ വിഗ്രഹത്തിന്റെ വിരൽ കൊണ്ട് അളന്നാൽ 120 വിരൽ ആകെ കൂടി ഉണ്ടാവണം. മറ്റു ബിംബങ്ങൾ ഇവയുടെ പത്തിലൊരു ഭാഗം കുറഞ്ഞിരിക്കുകയും വേണം. അപ്പോൾ 108 വിരൽ നീളത്തിലാണു നിർമ്മിക്കേണ്ടത്. വിഷ്ണുവിന്റെ വിഗ്രഹത്തിന് എട്ടോ, നാലോ, രണ്ടോ കൈകൾ നിർമ്മിക്കേണ്ടതാണ്. അതിന്റെ ഇടത്തുഭാഗത്തെ ഭുജത്തിനു താഴെയായി 'ശ്രീ' എന്ന സ്ത്രീയുടെ രൂപം ഉണ്ടായിരിക്കണം. എട്ടു കൈകൾ ഉള്ളതാണെങ്കിൽ വലതുഭാഗത്ത് ഒന്നിൽ വാളും, രണ്ടാമത്തേതിൽ സ്വർണ്ണ ഗദയും, മൂന്നാമത്തേതിൽ അമ്പും, നാലാമത്തേതിൽ കോരിയും, ഇടതു കൈകളിൽ പരിച, വില്ല്, ചക്രം, ശംഖ് എന്നിവയും ഉണ്ടായിരിക്കേണ്ടതാണ്. നാല് കൈകൾ നിർമ്മിക്കുകയാണെങ്കിൽ അമ്പും വില്ലും ഒഴിവാക്കേണ്ടതാണ്. രണ്ടു കൈയുള്ള രൂപത്തിലാണെങ്കിൽ വലത്തേത് കോരി എടുക്കുന്ന രൂപത്തിലും ഇടത്തേത് ശംഖ് പിടിച്ചിരിക്കുന്ന രൂപത്തിലും നിർമ്മിക്കേണ്ടതാണ്. രൂപം നാരാണന്റെ സഹോദരൻ ബലദേവന്റേതാണെങ്കിൽ കാതിൽ സ്വർണ്ണത്തോട തൂക്കി അലങ്കരിക്കുകയും കണ്ണുമൂടുകയും വേണം. രണ്ട് സഹോദരന്മാരുടെയും പ്രതിമ നിർമ്മിക്കുകയാണെങ്കിൽ അവരുടെ സഹോദരി 'ഭഗ്വതി'യുടെ പ്രതിമയും കൂടെ ചേർക്കണം. ഇടത്തെ കൈ അരക്കെട്ടിൽ വെച്ച് ഒരു ഭാഗത്തേക്കു ചരിഞ്ഞ നിലയിലും വലത്തെ കൈയിൽ താമര പിടിച്ചുകൊണ്ടും ആയിരിക്കണം അവരുടെ രൂപം. ഭഗവതിയുടെ രൂപം നാല് കയ്യോടുകൂടി നിർമ്മിക്കുകയാണെങ്കിൽ വലത്ത് ഒരു കൈയ്യിൽ മാലയും, മറ്റേതിൽ കോരികയും ഇടത്തേ കൈകളിൽ ഒരു ഏടും, താമരപ്പൂവും ഉണ്ടായിരിക്കേണ്ടതാണ്. ഭഗവതീവിഗ്രഹത്തെ എട്ട് കൈകളോടു കൂടിയാണ് നിർമ്മിക്കുന്നതെങ്കിൽ ഇടത്തെ കൈകളിൽ താമരപ്പൂവും പാത്രവും വില്ലും ഒരേടും വലതുഭാഗത്ത് മാലയും കണ്ണാടിയും അമ്പും കോരിയെടുക്കുന്ന രൂപവും ഉണ്ടായിരിക്കണം. ഇനി വിഗ്രഹം വിഷ്ണുവിന്റെ മകൻ സാമ്പിന്റേതാണെങ്കിൽ വലതു കൈയ്യിൽ ഒരു ശൂലം മാത്രം ഉണ്ടായാൽ മതി. വിഷ്ണുപുത്രൻ പ്രദ്യുംനന്റേതാണെങ്കിൽ വലത്തേതിൽ

അമ്പും ഇടത്തേതിൽ വില്ലും ഉണ്ടായിരിക്കണം. ഇവർ രണ്ടുപേരുടേയും ഭാര്യമാരുടെ വിഗ്രഹമാണെങ്കിൽ വലത്തേതിൽ വാളും ഇടത്തേതിൽ പരിചയും ഉണ്ടായിരിക്കണം.

ബ്രഹ്മാവിന്റെ പ്രതിമ നാലു ഭാഗത്തേക്കായി നാലു മുഖത്തോടുകൂടിയും കയ്യിൽ പത്രവുമായി താമരപ്പൂവിൽ നിൽക്കുന്ന നിലയിലും നിർമ്മിക്കേണ്ടതാണ്. മഹാദേവന്റെ പുത്രൻ സ്കന്തന്റെ രൂപം രണ്ട് ഭാഗം മൂർച്ചയുള്ളതും നടുക്കു പിടിയോടുകൂടിയതുമായ കഠാരി പിടിച്ചു മയിലിന്റെ പുറത്തുകയറിയ കുട്ടിയുടേതായിരിക്കേണ്ടതാണ്. ഇന്ദ്രന്റെ വിഗ്രഹത്തിനു മൂന്നും കയ്യിൽ വജ്രം എന്നു പേരുള്ള, നടുവിൽ പിടിയും രണ്ടുഭാഗത്ത് വാൾ പോലെയുള്ള രണ്ട് കത്തിയും ഉണ്ടായിരിക്കണം. നാല് കൊമ്പുള്ള വെള്ളാനപ്പുറത്തു കയറി ഇരിക്കുന്ന രൂപത്തിലുമാകണം. ഇതുപോലെ തന്നെ മഹാദേവന്റെ വിഗ്രഹത്തിനു മൂന്നാമതൊരു കണ്ണും തലയിൽ ചന്ദ്രക്കലയും കയ്യിൽ ശൂലം എന്നു പറയുന്ന മൂന്ന് ശാഖകളുള്ള ആയുധവും വാളും ഉണ്ടായിരിക്കണം. ഇടത്തെ കൈ തന്റെ ഭാര്യ ഹേമന്തിന്റെ മകൾ ഗൗരിയെ നെഞ്ചിലേക്ക് അണച്ചുകൂട്ടിയുമാക്കണം.

എന്നാൽ, 'ജിന' എന്ന പേരിലറിയപ്പെടുന്ന ബുദ്ധവിഗ്രഹം ഭംഗിയുള്ള മുഖത്തോടു കൂടിയതും കൈപ്പടവും ഉള്ളംകാലും താമരപ്പൂവിന്റെ രൂപത്തിലുള്ളതും താമരയിൽ ഇരിക്കുന്ന നിലയിൽ കറുത്ത മുടിയോടുകൂടി എല്ലാ സൃഷ്ടികളുടെയും പിതാവെന്നോണം പുഞ്ചിരി തൂകിക്കൊണ്ടുമാകണം. ബുദ്ധന്റെ മറ്റൊരു വിഗ്രഹമായ 'അർഹന്ത' ഉണ്ടാക്കുകയാണെങ്കിൽ പ്രസന്ന മുഖത്തോടെ നഗ്നനായ ഒരു യുവാവിനെപ്പോലെ കൈകൾ രണ്ടും കാൽ മുട്ടുകൾ വരെ എത്തുന്ന നിലയിലും ശ്രീ എന്ന സ്ത്രീ ഇടത്തെ ഭുജത്തിനു താഴെ നിൽക്കുന്ന നിലയിലും സൂര്യസന്താനമായ 'രവിദത്തി'ന്റേതാണെങ്കിൽ വേട്ടക്കാരെപ്പോലെ കുതിരപ്പുറത്തു കയറിയ നിലയിലും നിർമ്മിക്കേണ്ടതാണ്. മരണത്തിന്റെ ദൂതനായ 'യമൻ' എന്ന വിഗ്രഹത്തിന്റെ കയ്യിൽ ഗദ പിടിച്ചുപോത്തിന്റെ പുറത്തിരിക്കുന്ന നിലയിൽ ഉണ്ടാക്കണം. കാവൽക്കാരനായ കുബേരന്റെ വിഗ്രഹം കിരീടം ധരിച്ച വലിയ ശരീരത്തോടുകൂടിയും ഒരു മനുഷ്യന്റെ മുകളിൽ കയറിയ മട്ടിലുമാകണം. സൂര്യബിംബം താമരക്കാമ്പുപോലെ ചുവന്ന മുഖത്തോടുകൂടിയും രത്നങ്ങൾ പോലെ പ്രകാശമുള്ളതായും അവയവങ്ങൾ പ്രത്യക്ഷമായും കാതിൽ തോടയോടും നെഞ്ചിൽ താണുകിടക്കുന്ന മുത്തുമാലകൾ കഴുത്തിൽ കെട്ടിയ നിലയിലും കൊത്തുപണികളുള്ള കിരീടത്തോടും രണ്ട് കയ്യിലും രണ്ട് താമരപ്പൂക്കളോടും കൂടിയും വടക്കരെ പോലെ നെരിയാണിവരെ വസ്ത്രം ധരിച്ച നിലയിലും നിർമ്മിക്കണം. ബ്രഹ്മാവിനെ നാലു ഭാഗത്തേക്കായി നാലുമുഖമുള്ള രൂപത്തിൽ ഉണ്ടാക്കണം. എന്നാൽ, കുമാരന്റേ

ത് ആറ് മുഖമുള്ളതാവണം. 'വൈശനീവിന്' നാല് കൈകൾ ഉണ്ടാകണം. വരാഹത്തെ മനുഷ്യശരീരത്തിൽ പന്നിത്തലയോടുകൂടിയാണ് നിർമ്മിക്കേണ്ടത്. ഇന്ദ്രാണി വളരെ അധികം കണ്ണുകളോടുകൂടി ഗദ പിടിച്ചുകൊണ്ടായിരിക്കണം. ഭഗവതി ഇരിക്കുന്ന നിലയിൽ ആയിരിക്കേണ്ടതാണ്. ചാമുണ്ഡി വിരൂപിയും ദംഷ്ട്രങ്ങൾ പുറത്തുകാണിച്ചു വയറൊട്ടിയ നിലയിലും ആകണം. ക്ഷേത്രപാലൻ മുടി ജഡപിടിച്ചും മുഖം ചുളിഞ്ഞും വിരൂപ നിലയിലുമാകണം. വിനായകൻ മനുഷ്യന്റെ ഉടലിൽ ആനത്തലയോടും നാലു കൈകളോടും കൂടി ആവണം. ചിലരുടെ അഭിപ്രായത്തിൽ ഈ വിഗ്രഹങ്ങൾ ആടുകളെയും എരുമകളെയും കൊന്നു ചോര കുടിക്കുന്നവയത്രെ. എല്ലാ ബിംബങ്ങളുടെയും അവയവങ്ങൾ അവയുടെ വിരൽ കൊണ്ട് കണക്കാക്കപ്പെട്ടരിക്കുന്നു. ചിലതിൽ വ്യത്യാസമുണ്ടായിരിക്കുമെന്നു മാത്രം. നിർമ്മാതാവു സൂക്ഷിച്ചു കൃത്യമായി നിർമ്മിച്ചാൽ വിഗ്രഹത്തിൽനിന്നു ശിക്ഷ ലഭിക്കുകയില്ല. കൂടാതെ അയാളെ കാത്തുസൂക്ഷിക്കുകയും ചെയ്യും. ഒരു മുഴത്തിലുണ്ടാക്കിയ വിഗ്രഹം കസേരയോടുകൂടി രണ്ട് മുഴം ഉണ്ടായാൽ അവനു രക്ഷയും ക്ഷേമവും കൈവരും. കൂടുതലായാൽ അത്രയും നല്ലതു തന്നെ. ബിംബങ്ങളെ, വിശിഷ്യാ സൂര്യബിംബത്തെ കണക്കിലേറെ വലുതാക്കുന്നത് ഉടമസ്ഥനെയും ചെറുതാക്കുന്നതു നിർമ്മാതാവിനെയും നാശത്തിലെത്തിക്കുമെന്ന് ഓർക്കേണ്ടതാണ്. അവയുടെ വയർ ഒട്ടിയ നിലയിൽ നിർമ്മിക്കുന്നതു നാടിനെ പട്ടിണിയിലാഴ്ത്താനും മെലിഞ്ഞ നിലയിൽ നിർമ്മിക്കുന്നതു സാമ്പത്തിക തകർച്ചക്കും കാരണമാകുന്നു. നിർമ്മാതാവിന്റെ കൈ പിഴച്ച നിലയിൽ വീണു ബിംബത്തിൽ അടയാളമുണ്ടായാൽ അടികിട്ടി മരിക്കുന്നതാണ്. അവയവങ്ങളെ ശരിയായ രീതിയിൽ നിർമ്മിച്ചില്ലെങ്കിൽ അവന്റെ ഭാര്യ നശിക്കും. കണ്ണു മേൽപ്പോട്ടാക്കിയാൽ അവൻ കരുടനായിത്തീരും. കീഴ്പോട്ടാക്കിയാൽ അവൻ ദുഃഖിതനാത്തീരും. ബിംബങ്ങൾ നിർമ്മിക്കുന്നതു വിശേഷപ്പെട്ട രത്നങ്ങൾക്കൊണ്ടാണ്. മരങ്ങളും മണ്ണും ചില സമയം ഉപയോഗപ്പെടുത്താറുണ്ട്, രത്നംകൊണ്ട് ഉണ്ടാക്കിയാൽ രാഷ്ട്രത്തിലെ പുരുഷന്മാർക്കും സ്ത്രീകൾക്കും പൊതുവിൽ നല്ല ഫലം ലഭിക്കും. സ്വർണ്ണം കൊണ്ടാണെങ്കിൽ കീർത്തിയും ചെമ്പുകൊണ്ടാണെങ്കിൽ ഭരണാധികാര വൈപുല്യവും, കല്ലുകൊണ്ടാണെങ്കിൽ ഭൂ സമ്പത്തും ലഭിക്കുന്നതാണ്. വിഗ്രഹങ്ങൾക്കു മേന്മയുണ്ടാകുന്നത് അവ പ്രതിനിധാനം ചെയ്യുന്ന മഹാത്മാക്കളെകൊണ്ടാണ്. അല്ലാതെ അവയുടെ ശരീരം കൊണ്ടല്ല. മുൽതാൻ ബിംബം മരംകൊണ്ടായിരുന്നുവെന്നു പറഞ്ഞല്ലോ.  അതുപോലെ തന്നെ പിശാചുക്കളുമായുള്ള യുദ്ധത്തിൽനിന്ന് ഒഴിവായപ്പോൾ രാമൻ സ്ഥാപിച്ച ലിംഗ ബിംബം സ്വന്തം കൈകൊണ്ടുതന്നെ മണൽ കുഴച്ചു പാകപ്പെടുത്തി നിർമ്മിച്ചതാണ്. കാരണം, അദ്ദേഹത്തിന്റെ കല്പ

ന പ്രകാരം ശില്പികൾ കല്ലുകൊണ്ട് നിർമ്മിച്ചുകൊണ്ടിരുന്ന ബിംബം നിശ്ചിത സമയത്തു പൂർത്തിയായില്ല. ആ ബിംബത്തിന്റെ മണ്ഡലവും അതിന്റെ ചുറ്റമ്പലവും മറ്റും നിർമ്മിച്ചതിനെ പറ്റി ഇവിടെ വിവരിക്കാൻ തുടങ്ങിയാൽ വിഷയം നീണ്ടുപോകുമെന്നു ഭയന്ന് അതിലേക്കു പ്രവേശിക്കുന്നില്ല. വിവിധ വകുപ്പുകളിൽനിന്നു പൂജാരികളെയും വേലക്കാരികളെയും അവിടെ നിശ്ചയിക്കാനായി രാമൻ കല്പിച്ചു. വിഷ്ണുവിന്റെ അടുത്ത് ഭഗവതിയുടെ പാർട്ടിക്കും സൂര്യബിംബത്തിന്റെ അരികെ മംഗക്കും (അഗ്നിആരാധകർ) മഹാദേവന്റെ അരികെ തോൽ ധരിച്ചു കഴുത്തിൽ മനുഷ്യാസ്ഥിമാല തൂക്കി കാട്ടിൽ വെച്ചാരാധിക്കുന്ന സന്യാസികൾക്കും ഹശ്തന്റെ അരികെ ബ്രാഹ്മണന്മാർക്കും, ബുദ്ധന്റെ അരികെ ശമണന്മാർക്കും അദ്ദേഹം സൗകര്യം ചെയ്തുകൊടുത്തിരുന്നു. ബിംബങ്ങളുടെ രൂപം മനസ്സിലാക്കാനും ഇവയൊക്കെ അറിവില്ലാത്തവർക്കു വേണ്ടിയാണെന്നും വിവേകമില്ലാത്ത ജനങ്ങളെ ഇവ എങ്ങനെ സ്വാധീനിക്കുന്നുവെന്നും ധരിപ്പിക്കാനുമാണ് ഞാനീ കെട്ടുകഥകൾ ഇവിടെ ഉദ്ധരിച്ചത്.

ശരീരമില്ലാത്ത ഏകനായ ദൈവത്തിന്റെ ബിംബം ഇതുവരെ ആരും ഉണ്ടാക്കിയിട്ടില്ല. അതിനാൽ, ഗീതയിൽ ഇങ്ങനെ പറയുന്നു: "അധികമാളുകളും തന്റെ ആവശ്യം നിർവ്വഹിക്കാനായി അന്യർ മുഖേന എന്നോട് അഭ്യർത്ഥിക്കുന്നു. അന്യർക്ക് അവർ വഴിപാടുകൾ ചെയ്യുന്നു. എന്നിട്ടും ഞാൻ അവർക്കു ശക്തിയും സൗകര്യവും ചെയ്യുന്നത് ഞാൻ ആശ്രിത വത്സലനായതുകൊണ്ടാണ്."

അർജ്ജുനനോട് വാസുദേവൻ ഇപ്രകാരം പറഞ്ഞതായി ഗീതയിൽ കാണാം: അത്യാഗ്രഹികളായ ചിലർ വഴിപാടുകൾ ചെയ്യുന്നത് ആത്മാക്കൾക്കോ സൂര്യ-ചന്ദ്ര-നക്ഷത്രാദികൾക്കോ അല്ലേ? ദൈവം ആശ്രിത വത്സലനായതിനാൽ അവർക്ക് രക്ഷയും സൗകര്യവും ചെയ്തുകൊടുക്കുന്നതുകൊണ്ട് അവർ തങ്ങളുടെ വിഡ്ഢിത്വം മനസ്സിലാക്കുന്നില്ല. അത്യാഗ്രഹം മുലം അവർ മധ്യവർത്തികളോടു തേടുന്ന മെച്ചം നിലനിൽക്കുകയില്ല. ദൈവത്തിങ്കൽനിന്നു നേരിട്ടു ലഭിക്കുന്നതു മാത്രമേ ശാശ്വതമാവുകയുള്ളൂ." ഈ വഴിപിഴച്ച മാർഗ്ഗത്തിൽ കൂടി അവർ ചരിക്കുമ്പോൾ എന്തെങ്കിലും ഗുണങ്ങൾ ലഭിച്ചാൽ അവ ആ ദേവന്മാരിൽനിന്നു ലഭിക്കുകയാണെന്ന് ആ പാവങ്ങൾ ധരിക്കുകയും കൂടുതലായി വഴിപിഴക്കുകയും ചെയ്യുന്നു. അങ്ങനെ വിഗ്രഹത്തിന്റെ മുമ്പിൽ എന്തും ബഹുമാനത്തിന്റെ പേരിൽ അവർ ചെയ്യുന്നു. ചിലർ വികൃതരൂപം കെട്ടുന്നു. മറ്റു ചിലർ അവരുടെ രക്തം ബലിയായി അർപ്പിക്കുന്നു.

ഗ്രീക്കുകാർ കാരണങ്ങളുടെ എല്ലാ കാരണഭൂതനായ അശരീരിയായ ദൈവത്തിൽ വിശ്വസിക്കുന്നതുകൊണ്ട് ആരാധിക്കുമ്പോൾ കാണാൻ വേണ്ടി നക്ഷത്രങ്ങളുടെയും മറ്റും പേരിൽ വിഗ്രഹങ്ങൾ ഉണ്ടാക്കി ആ

രാധിക്കുക പതിവായിരുന്നു.

അറബികൾ സിറിയയിൽനിന്നു തങ്ങളുടെ നാട്ടിലേക്കു ബിംബങ്ങൾ കൊണ്ടുവരികയും ദൈവത്തിലേക്ക് അടുപ്പിക്കുമെന്ന വിശ്വാസത്തിൽ അവയെ ആരാധിക്കുകയും ചെയ്തിരുന്നു. പ്ലാറ്റോ തന്റെ നവാമീസ് എന്ന ഗ്രന്ഥത്തിൽ പറയുന്നു: -പൂർണ്ണ ബഹുമതികൾ ലഭിച്ചവർ സ്മരണക്കായി പിതാക്കളായ പൂർവ്വികന്മാരായ ദേവന്മാരുടെ പ്രതിമകൾ സ്ഥാപിക്കേണ്ടതാണ്. ജാലിനൂസ് (ഗാലൻസ്) അഖ്‌ലാഖുന്നഫ്സ് (അത്മാവിന്റെ സ്വഭാവ ഗുണങ്ങൾ) എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം പറഞ്ഞതായി കാണാം: ഇസ്കന്തറി(അലക്സാണ്ടർ)ന്റെ കാലത്തിന് അഞ്ഞുറു വർഷത്തിനു ശേഷം രാജ്യം ഭരിച്ച കൈസർ ഖുംതസി(ഖോമോഡസ്)ന്റെ കാലത്ത് ഒരു വിഗ്രഹ കച്ചവടക്കാരനോട് രണ്ടുപേർ ഹർമസ് വിഗ്രഹത്തിനു വില പറയുകയുണ്ടായി. ഒരാൾ ഹർമസിന്റെ സ്മരണക്കായി തന്റെ ദേവാലയത്തിൽ സ്ഥാപിക്കാനും ശവത്തെ ഓർമ്മിക്കാൻ വേണ്ടി ശവകൂടീരത്തിൽ സ്ഥാപിക്കാനുമായാണു വില പറഞ്ഞത്. അന്ന് കച്ചവടം നടന്നില്ല. പിറ്റേ ദിവസത്തേക്കു നീട്ടിവെച്ചു. "നല്ല മനുഷ്യാ, നീ എനിക്കു നക്ഷത്രത്തെ പ്രദിനിധാനം ചെയ്യുന്ന നല്ല രൂപം നിർമ്മിച്ചു. ഇപ്പോൾ കല്ല് എന്ന നില മാറിക്കഴിഞ്ഞു. ബുധൻ നക്ഷത്രം എന്ന പേരിൽ ഞാൻ അറിയപ്പെട്ടു. എന്നാൽ, നശിക്കാത്ത ഒന്നിനോ നശിച്ച ഒന്നിനോ നീ എന്നെ കൊടുക്കുന്നതെന്നു നീ ചിന്തിച്ചു പ്രവർത്തിക്കുക."

അലക്സാണ്ഡർ മുഖേന ബ്രാഹ്മണൻ കൊടുത്ത ചോദ്യങ്ങൾക്ക് അരിസ്റ്റോട്ടിൽ നല്കിയ മറുപടിക്കത്തു ലഭിക്കുകയുണ്ടായി. ബിംബങ്ങൾ സംസാരിക്കുന്നുവെന്നും അവയിൽ ആത്മീയ ചൈതന്യമുള്ളതായും അവയ്ക്ക് അവർ വഴിപാടുകൾ ചെയ്യുന്നതായും നിങ്ങൾ പ്രസ്താവിച്ചതിനെ കുറിച്ച് നമുക്ക് ഒരറിവും ലഭിച്ചിട്ടില്ല. അറിയാത്ത വിഷയത്തെ കൈകാര്യം ചെയ്യുന്നതു വിഡ്ഢിത്തമാണല്ലോ? ബിംബാരാധനയ്ക്ക് പ്രോത്സാഹനം നല്കുന്ന ഇത്തരം കെട്ടുകഥകൾക്ക് പ്രോത്സാഹനം നല്കാൻ അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല.

ഹിജ്റഃ വർഷം അൻപത്തിമൂന്നിൽ മൂആവിയ്യയുടെ കാലത്ത് സിസിലി ദ്വീപ് മുസ്‌ലിംകൾക്ക് അധീനമായപ്പോൾ അവിടെനിന്നു കൊണ്ടുവന്ന സ്വർണ്ണ ബിംബങ്ങൾ സിന്ധ് രാജക്കന്മാർക്കു സ്വർണത്തിന്റെ വിലക്കു വില്ക്കാൻ മുആവിയ കല്പിച്ചു. ബിംബം എന്ന നിലയിൽ അവയ്ക്കു വില വാങ്ങിയില്ല. ഇതു ഭരണപരമായ ഒരു കല്പനയാണ്; മതപരമായ ഒന്നല്ല.

അധ്യായം 12

# വേദങ്ങളും പുരാണങ്ങളും ഇതര മത ഗ്രന്ഥങ്ങളും

അറിയാത്ത കാര്യങ്ങൾ അറിയിക്കുകയാണു വേദം കൊണ്ടുള്ള വിവക്ഷ. ദൈവത്തിന്റേതാണെന്ന നിലയിൽ ബ്രഹ്മാവിന്റെ വായിൽനിന്നു കേട്ടപോലെ ബ്രാഹ്മണർ അർത്ഥം അറിയാതെ പഠിക്കുകയും ഗ്രഹിക്കുകയും ചെയ്യുന്ന വാക്യങ്ങളാണു വേദം. ചുരുക്കം ചിലരല്ലാതെ അതിന്റെ വ്യാഖ്യാനം മനസ്സിലാക്കാറില്ല. നിരൂപണദൃഷ്ട്യാ അതിനെ കൈകാര്യം ചെയ്തിരുന്നവർ വളരെ കുറവായിരുന്നു. ക്ഷത്രിയന്മാർക്ക് അർത്ഥം അറിയാതെ പഠിക്കാമായിരുന്നെങ്കിലും വൈശ്യർക്കും ശൂദ്രർക്കും കേൾക്കുക പോലും അനുവദനീയമല്ലായിരുന്നു. അഥവാ അവരിലാരെങ്കിലും കേൾക്കുകയാണെങ്കിൽ ഭരണാധികാരിയുടെ കൈകൊണ്ടു തന്നെ അവന്റെ നാക്ക് മുറിച്ചു ശിക്ഷിക്കപ്പെടുന്നതാണ്. വേദത്തിൽ വിധിവിലക്കുകൾ, പ്രോത്സാഹനങ്ങൾ, നിരുത്സാഹപ്പെടുത്തൽ, ശിക്ഷാ-രക്ഷാനിർണ്ണയം മുതലായ കാര്യങ്ങൾ ഉൾപ്പെടുന്നു. അതിൽ സിംഹഭാഗവും കീർത്തനങ്ങളും വിഷമകരമായ അഗ്നിയാരാധനാ രീതികളുടെ വിവരണവുമാണ്. വേദം വിവിധ രാഗങ്ങളിലുള്ള ഗാനങ്ങളായതുകൊണ്ടും അവ എഴുതിയാൽ കൂടുകയും കുറയുകയും ചെയ്യാൻ സാധ്യതയുള്ളതുകൊണ്ടും അവ രേഖപ്പെടുത്താനനുവദിച്ചിരുന്നില്ല. അതിനാൽ പല പ്രാവശ്യം വേദം അവർക്കു നഷ്ടപ്പെട്ടുപോയി. ദൈവവും ബ്രഹ്മാവുമായി ആദ്യം നടത്തിയ സംഭാഷണത്തിൽ സാംഖ്യം ഉദ്ധരിച്ചതനുസരിച്ച് ഇപ്രകാരം ഉണ്ടായിരുന്നുവെന്ന് അവർ പറയുന്നു: "ഭൂമി വെള്ളപ്പൊക്കത്തിൽ ആണ്ടുപോകുമ്പോൾ നീ വേദം മറന്നുപോകും. അതിനെ പുറത്തുകൊണ്ടുവരാൻ മത്സ്യത്തിനല്ലാതെ കഴിയില്ല. ഞാനൊരു മത്സ്യത്തെ ഏല്പിക്കുകയും അത് വേദമെടുത്തു നിന്നെ ഏല്പിക്കുകയും ചെയ്യും. ഭൂമിയെ വെള്ളത്തിനടിയിൽനിന്നു പൊക്കി

യെടുക്കാൻ ഞാനൊരു പന്നിയെ നിയോഗിക്കും.”

ദ്വാപർ കാലത്ത് (അതിനെക്കുറിച്ച് പിന്നീട് പ്രതിപാദിക്കുന്നതാണ്) അവരുടെ മതപരവും ലൗകികവുമായ എല്ലാം നശിച്ച കൂട്ടത്തിൽ വേദവും നശിച്ചുപോയി. പരാശരുടെ മകൻ വ്യാസനാണ് പിന്നീടതിനെ പുനരുദ്ധരിച്ചത്. വിഷ്ണുപുരാണത്തിൽ പറയുകയാണ്: “എല്ലാ മന്വന്തര കാലത്തിന്റെയും ആദ്യഘട്ടങ്ങളിൽ തന്റെ മക്കളിൽ ഒരുവൻ ലോകമാസകലം ഭരിക്കുന്ന ഒരു ഭരണാധികാരിയും ലോകനേതാവും ജനങ്ങളാൽ അഗ്നിബലികൾ അർപ്പിക്കപ്പെടുന്ന ദേവസ്ഥാനം ലഭിക്കുന്ന ആളുമാകുന്നതും അവൻ നശിച്ച വേദങ്ങളെ പുനരുദ്ധരിക്കുന്നതുമാണ്.” അതനുസരിച്ചു നമ്മുടെ അടുത്ത കാലത്ത് ഒരു ഉത്തമ ബ്രാഹ്മണനായ കാശ്മീരിലെ വശ്ക്കർ വേദം വ്യാഖ്യാനിക്കാനും എഴുതി രേഖപ്പെടുത്താനും മുന്നോട്ടുവന്ന വേളയിൽ പല കഷ്ടനഷ്ടങ്ങളും സഹിച്ചു. ജനങ്ങളുടെ വിശ്വാസങ്ങൾ പിഴക്കുകയും അവർ കർത്തവ്യങ്ങളിൽനിന്നു പിന്മാറുന്നതായി കാണുകയും ചെയ്തപ്പോഴാണ് അദ്ദേഹം ഇപ്രകാരം ചെയ്തത്. ഗർഭിണികൾക്ക് അകാല പ്രസവം ഉണ്ടാകുന്നതും മൃഗങ്ങൾക്ക് നാശം സംഭവിക്കുന്നതും ഭയന്നു ജനവാസമുള്ളിടത്തു വായിക്കാൻ കഴിയാത്ത ചില ഭാഗങ്ങൾ വേദത്തിലുണ്ടെന്ന് അവർ പറയുന്നു. അവരുടെ ഗ്രന്ഥങ്ങൾ വൃത്തരൂപത്തിലുള്ള ശ്ലോകങ്ങളാണെന്നും അങ്ങനെ അത് എന്തുകൊണ്ടാണെന്നും മുമ്പ് പ്രസ്താവിച്ചുവല്ലോ.

ജാലിനൂസ് (ഗാലൻസ്) ഈ സമ്പ്രദായം ഇഷ്ടപ്പെടുകയും തന്റെ ‘ഖത്തായാൻ’ എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം പ്രസ്താവിക്കുകയും ചെയ്യുന്നു: മരുന്നുകളുടെ പേരിലും അവയുടെ മാത്രകളിലും പകർത്തി എഴുതുമ്പോൾ സ്വാഭാവികമായും ചില അസൂയാലുക്കളുടെ കുതന്ത്രങ്ങൾ കാരണമായി തെറ്റുകൾ വന്നേക്കുമെന്നു ഭയന്നാണ് ‘ഡെമോക്രേറ്റസ്’ തന്റെ ഗ്രന്ഥങ്ങളെല്ലാം ഗ്രീക്കുഭാഷയിൽ പദ്യങ്ങളാക്കി എഴുതിയത്. കാരണം, ഗദ്യം പദ്യത്തെ അപേക്ഷിച്ചു വളരെ വേഗം നശിച്ചുപോകാൻ ഇടയുണ്ട്. ഒരു പ്രത്യേക ഗദ്യരീതിയാണ് വേദത്തിനുള്ളത്. മറ്റാർക്കും അനുകരിക്കാൻ കഴിയാത്ത വിധം അമാനുഷികമാണ് ആ രീതിയെന്നു ചിലർ പറയുന്നു. എന്നാൽ, കാര്യവിവരമുള്ളവർ പറയുന്നത് അത് അനുകരണസാദ്ധ്യമാണെങ്കിലും വേദത്തോടുള്ള ബഹുമാനം കാരണം അതു തടയപ്പെട്ടിരിക്കുകയാണത്രെ. അവർ പറയുന്നു: വ്യാസൻ വേദത്തെ ഋഗ്വേദം, യജൂർവേദം, സാമവേദം, അഥർവ്വവേദം എന്നിങ്ങനെ നാലായി ഭാഗിച്ചു. അദ്ദേഹത്തിന്റെ നാലു ശിഷ്യന്മാരിൽ ഒരോരുത്തരെയും അതിൽ ഓരോ ഭാഗം പഠിപ്പിക്കുകയും അതവരെ ഏല്പിക്കുകയും ചെയ്തു. അവർ യഥാക്രമം പയറു, വിഷ്ണുപായൻ, ചൈമൻ, സാമന്ത് എന്നിവരത്രെ. അവയിൽ ഓരോ ഭാഗത്തിനും പ്രത്യേക തരത്തിലുള്ള വായനാരീതിയുണ്ട്. ഋഗ്വേദം രിച് രീതിയിലുള്ള

ശ്ലോകങ്ങളാണ്. അതിൽ അഗ്നിബലികളെ കുറിച്ചു പ്രതിപാദിച്ചിട്ടുണ്ട്. മൂന്ന് രൂപത്തിൽ അതു വായിക്കപ്പെടുന്നു.

ഒന്ന്: എഴുയതിയതുപോലെ കൃത്യമായി വായിക്കുക.

രണ്ട്: ഓരോ വാചകവും ശ്വാസം നിർത്തി വായിക്കുക.

മൂന്ന്: (ഇത് ഏറ്റവും ശ്രേഷ്ഠവും പ്രതിഫലാർഹവുമാണ്) ചെറിയ വാചകം ആദ്യം വായിക്കുകയും രണ്ടാം പ്രാവശ്യം വായിക്കാത്തതിൽനിന്ന് അല്പം കൂട്ടിചേർത്ത് അതുതന്നെ ആവർത്തിക്കുകയും മൂന്നാമത്തെ പ്രാവശ്യം ഈ കൂട്ടിച്ചേർത്തതു മാത്രം വായിക്കുകയും അനന്തരം അതിലേക്ക് അടുത്ത വരി ചേർത്തുവായിക്കുകയും ഇതനുസരിച്ച് ഓരോ വാചകവും വായനയിൽ ആവർത്തിക്കുകയും ചെയ്യുന്നു.

എന്നാൽ, 'യജുർവേദം' കർണ്ണാടകക രീതിയിലുള്ളതാണ്. 'ഋഗ്വേദ'വുമായി ഇതിനുള്ള വ്യത്യാസം ഇതു ചേർത്തുവായിക്കാൻ സാധിക്കുന്നു എന്നതാണ്. അഗ്നിബലിയെക്കുറിച്ചും മറ്റും ഇതിലും പറഞ്ഞിട്ടുണ്ട്. 'ഋഗ്വേദം' ചേർത്തുവായിക്കാതിരിക്കാനുള്ള കാരണം ഞാനിങ്ങനെ കേട്ടിട്ടുണ്ട്. 'ജാഗ്മിൽക്ക്' തന്റെ ഗുരുവിന്റെ കൂടെ താമസിച്ചു പഠിക്കുകയായിരുന്നു. ഗുരുവിന്റെ സ്നേഹിതനായ ഒരു ബ്രാഹ്മണൻ യാത്രക്കു പുറപ്പെട്ടപ്പോൾ 'ഹോമ'കാര്യം ശ്രദ്ധിക്കുന്ന ഒരാളെ തന്റെ പ്രതിനിധിയായി നിയമിച്ചുകൊടുക്കാൻ അദ്ദേഹത്തോടാവശ്യപ്പെട്ടു. അപ്പോൾ തന്റെ ശിഷ്യന്മാരിൽ ഓരോരുത്തരെ ഊഴമായി അതിന് അയക്കാൻ തുടങ്ങി. അങ്ങനെ 'ജാഗ്മിൽക്കി'ന്റെ ഊഴം വന്നു. അദ്ദേഹം കാഴ്ചയിൽ സൗന്ദര്യവും ശുദ്ധിയുമുള്ള ആളായിരുന്നു. അദ്ദേഹം പ്രസ്തുത ഹോമകർമ്മം ബ്രാഹ്മണന്റെ ഭാര്യയുടെ മുമ്പിൽ നിർവ്വഹിക്കാൻ തുടങ്ങിയപ്പോൾ അവൾ അദ്ദേഹത്തിന്റെ സൗന്ദര്യത്തിൽ വെറുത്തു. അതു 'ജാഗ്മിൽക്ക്' മനസ്സിലാക്കി. കൃത്യനിർവ്വഹണത്തിനു ശേഷം ആ സ്ത്രീയുടെ തലയിൽ പ്രേഷണത്തിനായി അദ്ദേഹം വെള്ളം എടുത്തു. ഇതു പ്രാർത്ഥിച്ച് ഊതുന്നതിനു തുല്ല്യമായിരുന്നു. ഈ ഊതലാണെങ്കിൽ അവരുടെ അഭിപ്രായത്തിൽ അശുദ്ധമായ പ്രവൃത്തിയാണ്. അതുകൊണ്ട് 'ആ തൂണിന്മേൽ തെറിപ്പിച്ചുകൊള്ളൂ' എന്ന് ആ സ്ത്രീ പറഞ്ഞു. അയാൾ അങ്ങനെ ചെയ്തപ്പോൾ ആ തൂണിനു പെട്ടെന്നു പച്ചനിറം കൈവന്നു. അതിരുകവിഞ്ഞു പറഞ്ഞുപോയതിൽ അവൾ ഖേദിച്ചു. പിറ്റേ ദിവസം ഗുരുവിന്റെ അടുക്കൽ വന്ന് ഇന്നലെ അയച്ച ആളെ തന്നെ ഇന്നും അയച്ചുകൊടുക്കാൻ അവൾ ആവശ്യപ്പെട്ടു. പക്ഷേ, തന്റെ ഊഴത്തിലല്ലാതെ താൻ പോകുകയില്ലെന്നു ജാഗ്മിൽക്ക് ശഠിച്ചു. ഗുരുവിന്റെ ക്രോധംപോലും അദ്ദേഹം വകവെച്ചില്ല. തന്നെ പഠിപ്പിച്ചതു തിരിച്ചെടുത്തുകൊള്ളാൻ അദ്ദേഹം ഗുരുവിനോടു പറയുകയാണുണ്ടായത്. അപ്പോൾ ഗുരു പഠിപ്പിച്ചതൊക്കെ അദ്ദേഹം മറന്നുപോയി. പിന്നീട് അദ്ദേഹം സൂര്യനോടു വേദം പഠിപ്പിച്ചുകൊടുക്കാൻ

ആവശ്യപ്പെട്ടു. "വളരെ വേഗത്തിൽ ചരിച്ചുകൊണ്ടിരിക്കുന്ന ഞാൻ നിന്നെ എങ്ങനെ വേദം പഠിപ്പിക്കും? നിനക്കാണെങ്കിൽ എന്റെ കൂടെ വരാൻ കഴിയുകയില്ലല്ലോ?" എന്നു സൂര്യൻ പറഞ്ഞു. 'ജാഗ്മിൽക്ക്' സൂര്യന്റെ ചക്രത്തിന്മേൽ പറ്റിപ്പിടിച്ചിരുന്നുകൊണ്ട് വേദം പഠിക്കാൻ തുടങ്ങി. ചക്രത്തിന്റെ വേഗതയും അനക്കവും നിമിത്തം മുറിച്ചു മുറിച്ചു വായിക്കേണ്ടി വന്നു..."

എന്നാൽ, സംഖ്യായനത്തിൽ വഴിപാടുകളും വിധിവിലക്കുകളും ഉണ്ട്. രാഗത്തോടെയാണ് അതു വായിക്കുന്നത്. അതു രാഗത്തിൽ വായിക്കാനുള്ള കാരണത്തെ പറ്റി ഇങ്ങനെ പറയുന്നു: 'നാരായണൻ' വാമനന്റെ രൂപത്തിൽ ബലി രാജാവിന്റെ അടുത്തു വന്നപ്പോൾ താൻ ബ്രാഹ്മണനെന്നു നടിക്കുകയും 'സാമവേദം' ആകർഷകമായ രീതിയൽ വായിക്കുകയും ചെയ്തു. എന്നാൽ, 'അഥർവ്വ വേദം' വാക്യം മുറിക്കാതെ ഒന്നിച്ചാണു വായിക്കുന്നത്. മേൽ പ്രസ്താവിച്ച രണ്ടുമായും രീതിയിൽ വ്യത്യാസമുണ്ട്. 'ബഹ്റ' എന്നൊരു രീതിയിലാണ് ഇതു വായിക്കുന്നത്. ആളുകൾക്ക് അതിൽ വലിയ സന്തോഷം കാണുകയില്ല. ഇതിലും അഗ്നിഹോമങ്ങളും മരിച്ചവരെക്കുറിച്ചുള്ള വിധികളും ഉണ്ട്.

പുരാണങ്ങളും അവയുടെ പഴയ വ്യാഖ്യാനങ്ങളും പതിനെട്ട് ആകുന്നു. അധികവും മനുഷ്യരെയും ജന്തുക്കളെയും ദേവന്മാരെയും കുറിച്ചു വിവരിക്കുന്നതു കാരണം തന്നാമങ്ങളിലാണ് അറിയപ്പെടുന്നത്. അവയെല്ലാം ഋഷിമാരാണ് നിർമ്മിച്ചത്. അവയിൽ നിന്ന് എനിക്ക് കേൾവി വഴിയായി മനസ്സിലാക്കാൻ സാധിച്ചത് താഴെ ചേർക്കാം:

1. ആദിപുരാണം
2. മത്സ്യപുരാണം
3. കൂർമ്മപുരാണം
4. വരാഹപുരാണം
5. നരസിംഹപുരാണം.
6. വാമനപുരാണം
7. വായുപുരാണം
8. നന്തപുരാണം
9. സ്കന്തപുരാണം
10. ആദിത്യപുരാണം
11. സോമപുരാണം
12. സാമ്പുപുരാണം
13. ബ്രഹ്മാണ്ഡപുരാണം.
14. മാർക്കണ്ഡപുരാണം
15. താരിക്ഷപുരാണം
16. വിഷ്ണുപുരാണം

17. ബ്രഹ്മപുരാണം.
18. ഭവിഷ്യൽപുരാണം.

ഇവയിൽ മത്സ്യപുരാണം, ആദിത്യപുരാണം, വായുപുരാണം എന്നിവയുടെ ചില ഭാഗങ്ങളല്ലാതെ ഞാൻ കണ്ടിട്ടില്ല. പിന്നീട് വിഷ്ണു പുരാണത്തിൽനിന്നു വേറൊരു രൂപത്തിൽ വായിച്ചു കേട്ടത് ഞാൻ രേഖപ്പെടുത്തുന്നു: 'ബ്രഹ്മാവ്', 'പത്മം' (ചുവന്ന താമര), 'വിഷ്ണു', 'ശിവൻ' (മഹാദേവൻ), 'ഭഗവത്' (വാസുദേവൻ), 'നാരദൻ' (ബ്രഹ്മാവിന്റെ പുത്രൻ), 'മാർക്കണ്ഡേയൻ' (അഗ്നി), 'ഭവിഷ്യ' (ഭാവിയിലുണ്ടാകുന്നവ, 'ബ്രഹ്മ വേവർത്' (കാറ്റ്), 'ലിംഗം' (മഹാദേവന്റെ ഗുഹ്യം), 'വരാഹ്', 'സ്കന്ത്', വാമനൻ', 'കൂർമ്മ', 'മത്സ്യം', 'ഗരുഡൻ', 'വിഷ്ണു', 'ബ്രഹ്മാണ്ഡം' എന്നിവയെല്ലാം – വിഷ്ണു പുരാണത്തിൽ നിന്ന് ഉത്ഭവിച്ച പുരാണങ്ങളുടെ പേരുകളാണത്രെ. എന്നാൽ 'സ്മൃതി' എന്ന പുസ്തകം വേദത്തിൽ നിന്നുത്ഭവിച്ചതാണ്. വിധിവിലക്കുകളെ കുറിച്ച് ഇതിൽ വിവരിക്കുന്നു. ബ്രാഹ്മന്റെ ഇരുപത് സന്താനങ്ങളാണ് ഇതു നിർമ്മിച്ചത്:

1. ആപസ്തന്ത്
2. ശാതാനബ്
3. പരാശർ
4. സംവരത്
5. ഭക്ഷ്
6. വസിഷ്ഠൻ
7. ഇൻഗർ
8. ജമം
9. വിഷ്ണു
10. മനു
11. ജാഗ്മിൽക്ക്
12. അത്രി
13. ഹരിത്
14. ലികിത്
15. ശങ്ക്
16. ഗൗതം
17. ബ്രഹസ്പതി
18. കാതായൻ
19. വ്യാസൻ
20. ഉഷ്ണു.

ഇന്ത്യക്കാർക്ക് കർമ്മശാസ്ത്രം, ആദ്ധ്യാത്മികം, തത്വം, ത്യാഗം, ദിവ്യത്വം, ഇഹലോകമോചനം തുടങ്ങിയ വിഷയങ്ങളിൽ പുസ്തകങ്ങ

ളുണ്ട്. 'ഗൌർ' എഴുതി അയാളുടെ പേരിൽ പ്രസിദ്ധപ്പെടുത്തിയ കൃതി, 'കപിലൻ' എന്ന മഹാൻ ആദ്ധ്യാത്മിക തത്വങ്ങളെ കുറിച്ചു രചിച്ച 'സംഖ്യായനം', മോക്ഷം നേടേണ്ട മാർഗ്ഗങ്ങളെ കുറിച്ചും മറ്റും പ്രതിപാദിക്കുന്ന 'പതഞ്ജലി', വേദത്തെ കുറിച്ചും നിർബന്ധകാര്യങ്ങളെ കുറിച്ചും അല്ലാത്തവയെ കുറിച്ചും വിവരിക്കുന്ന കപിലയുടെ 'ന്യായ് ഹാഷ്', ഇതേ വിഷയത്തിൽ 'ചൈമൻ' രചിച്ച 'മീമാനസ', ഗവേഷണങ്ങളിൽ പഞ്ചേന്ദ്രിയങ്ങളെ മാത്രം ഉപയോഗിക്കുന്നതിനെ കുറിച്ച് മുശാതരി രചിച്ച 'ലോകായന്ത്,' ഇന്ദ്രിയങ്ങളെയും ചരിത്രങ്ങളെയും കൂടെ ഉപയോഗപ്പെടുത്തുന്നതിനെക്കുറിച്ച് 'സുഹൈൻ' രചിച്ച 'ആഗസ്ത്യമത്', നാരായണന്റേതൊന്നു കരുതാവുന്ന 'വിഷ്ണുധർമ്മം', വ്യാസന്റെ ശിഷ്യന്മാരുടെ 'ദീബുൽ', 'ശക്കിർ', 'ഭാർഗവ്', 'ബ്രഹസ്പതി', 'ജാഗ്മിൽക്ക്', 'മനു' എന്നീ പുസ്തകങ്ങൾ അവയിൽ ചിലതു മാത്രമാണ്. എല്ലാ ശാസ്ത്രങ്ങളിലും അവർക്കു പുസ്തകങ്ങളുണ്ട്. അവയെല്ലാത്തിന്റെയും പേരുകൾ പഠിക്കുക ഒരു വിദേശിയെ സംബന്ധിച്ചിടത്തോളം വിഷമകരം തന്നെ.

'പരാശരു'ടെ മകൻ 'വ്യാസൻ' രചിച്ച 'ഭാരതം' (മഹാഭാരതം) എന്ന ഗ്രന്ഥം അവർ വളരെ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുന്ന മഹാകൃതിയാണ്. മറ്റു പുസ്തകങ്ങളിലുള്ളതെല്ലാം ഇതിലുണ്ടെന്നും ഇതിലുള്ള എല്ലാ വിഷയങ്ങളും മറ്റു ഗ്രന്ഥങ്ങളിൽ കാണുകയില്ലെന്നും സബഹുമാനം അവർ പറയുന്നു. .'പാണ്ഡു'വിന്റെ സന്താനങ്ങളുടെയും 'കൗരവരു'ടെയും ഇടയിൽ നടന്ന യുദ്ധത്തിന്റെ കാലത്താണ് ഈ പുസ്തകം രചിച്ചത്. പതിനെട്ട് അധ്യായങ്ങളിലായി ഒരു ലക്ഷം ശ്ലോകങ്ങളുണ്ട് ഈ പുസ്തകത്തിൽ. ഓരോ അധ്യായത്തിനും 'പ്രഭു' എന്നു പറയുന്നു.

1. സഭാ പ്രഭു
2. ആര്യൻ (പാണ്ഡുവിന്റെ മക്കൾ)
3. വീരത് (ഒരു രാജാവിന്റെ പേര്)
4. ഔദ്യോഗ് (യുദ്ധത്തിനു തയ്യാറാവുക)
5. ഭീഷ്മൻ
6. ദ്രോണൻ (ബ്രാഹ്മണൻ)
7. സൂര്യന്റെ പുത്രൻ കർണ്ണൻ.
8. ശാല (ദർജുതന്റെ സഹോദരൻ) ഇവർ ഓരോരുത്തരുടെയും പിന്നാലെ ഓരോരുത്തരായി പോർക്കളത്തിൽ രംഗപ്രവേശം ചെയ്തവർ)
9. ഗദാം
10. സ്വപ്തക് (ദ്രോണന്റെ മകൻ 'ഉശ്തമൻ' പാഞ്ചാൽ പട്ടണത്തിൽ രാത്രി പ്രവേശിച്ച് ഉറങ്ങുന്നവരെ വധിച്ച കഥ)
11. ജലപ്രദാനിക് (മരിച്ചവരുടെ പേരിൽ പുണ്യജലം ധർമ്മമായി ന

ല്കുക. കുളിച്ചു ശുദ്ധിവരുത്തിയ ശേഷമാണ് ഇതു നൽകുന്നത്)

12. സ്ത്രീ (സ്ത്രീകളുടെ മുറവിളി)

13. ശാന്ത് (ഇതിൽ അസൂയ, വൈരാഗ്യം തുടങ്ങിയ ദുർഗുണങ്ങളിൽനിന്നു ഹൃദയത്തെ ശുദ്ധീകരിക്കേണ്ട ആവശ്യകത വിവരിക്കുന്ന ഇരുപത്തി നാലായിരം ശ്ലോകങ്ങളുണ്ട്. ഇതു നാല് ഭാഗങ്ങളാണ്:

ഒന്ന്: രാജധർമ്മം (രാജാക്കന്മാർക്കുള്ള പ്രതിഫലം)

രണ്ട്: ദാനധർമ്മം

മൂന്ന്: ആപദ്ധർമ്മം (കഷ്ടപ്പെടുന്നവരുടെ പ്രതിഫലം)

നാല്: മോക്ഷ ധർമ്മം (ഇഹലോക ബന്ധങ്ങളിൽനിന്നു മോചിതരായവർ)

14. അശ്മീത (അശ്വമേധ: സൈന്യങ്ങളോടു കൂടി ലോകത്തെല്ലാം ചുറ്റിത്തിരിയുന്ന നിലയിൽ കാലികളെ നേർച്ചയാക്കി അഴിച്ചുവിടുന്നു. ഇതു ലോക രാജാവിന്റേതാണെന്നും എതിർക്കുന്നവർ യുദ്ധത്തിന് ഒരുങ്ങിക്കൊള്ളുക എന്നും പ്രഖ്യാപിക്കപ്പെടുന്നു. ഈ മൃഗങ്ങൾ മല-മൂത്രവിസർജ്ജനം ചെയ്യുന്ന സ്ഥലത്ത് ഹോമങ്ങൾ നടത്താൻ ബ്രാഹ്മണർ ഇവയെ പിന്തുടരുന്നു)

15. മവസൽ (ഇത് വാസുദേവന്റെ 'ജാദവ'/യാദവ ഗോത്രക്കാരുമായി ചെയ്ത യുദ്ധമാണ്)

16. ആശ്രമ വാസം (സ്വദേശം വിടുക)

17. പ്രസ്ഥാനം (രക്ഷനേടാൻ ഭരണം കൈവിടുക)

18. സ്വർഗ്ഗാരോഹണം (സ്വർഗ്ഗത്തിനു നേരെ നിൽക്കുക)

ഈ പതിനെട്ട് അധ്യായങ്ങളുടെ ശേഷം 'ഹർബൻശ് പ്രഭു' എന്ന പേരിൽ ഒരു ചെറിയ അധ്യായമുണ്ട്. ഇതിൽ വാസുദേവന്റെ വാർത്തകളാണ് വിവരിക്കുന്നത്.

'മഹാഭാരത'ത്തിൽ അവ്യക്തവും നാനാർത്ഥങ്ങൾക്കു വിധേയവുമായ പല ഭാഗങ്ങളുമുണ്ട്. അതിനുള്ള കാരണം അവർ ഇങ്ങനെ വിവരിക്കുന്നു: 'വ്യാസൻ' ബ്രഹ്മാവിനോടു മഹാഭാരതം ആരാണ് എഴുതുക എന്നു ചോദിച്ചപ്പോൾ ആ ജോലിക്ക് ഗജമുഖനായ തന്റെ പുത്രൻ 'വിനായക'നെ അദ്ദേഹം നിശ്ചയിച്ചുകൊടുത്തു. എഴുതുന്നവരെ വിഷമിപ്പിക്കരുതെന്നു വ്യാസനോടും മനസ്സിലാകാത്തത് എഴുതരുതെന്നു വിനായകനോടും പറഞ്ഞു. അങ്ങനെ ഇടയ്ക്കിടെ എഴുത്തുകാരനു ചിന്തിക്കേണ്ടി വരുന്ന ചില വിഷയങ്ങൾ പറഞ്ഞുകൊടുക്കും. അതിനാൽ പറഞ്ഞുകൊടുക്കുന്ന ആൾക്കു കുറച്ചു സമയം വിശ്രമിക്കാൻ അവസരം ലഭിച്ചിരുന്നു.

അധ്യായം: 13

## വൃത്തശാസ്ത്രത്തിലും വ്യാകരണ ശാസ്ത്രത്തിലുമുള്ള ഇന്ത്യക്കാരുടെ പുസ്തകങ്ങൾ

ഈ രണ്ട് ശാസ്ത്രങ്ങളും മറ്റു ശാസ്ത്രങ്ങളുടെ ഉപകരണമാണ്. ഇവയിൽ അവർ പ്രാധാന്യം കല്പിക്കുന്നത് 'വ്യാകരണം' എന്നറിയപ്പെടുന്ന ശബ്ദശാസ്ത്രത്തിനാണ്. അത് അവരുടെ ഭാഷയിലുള്ള തെറ്റുകൾ തീർക്കുന്നതിനും എഴുത്തും പ്രസംഗവും സാഹിത്യവത്ക്കരിക്കുന്ന രൂപഭേദങ്ങളെ വ്യവസ്ഥപ്പെടുത്തുന്നതിനും ഉള്ള ശാസ്ത്രമാകുന്നു. നമുക്ക് ഇതിൽനിന്ന് ഒന്നും തന്നെ ലഭിച്ചിട്ടില്ല. കാരണം, ഇതു നമുക്കു ലഭിക്കാത്ത ഒരു ഭാഷാശാഖയാണ്. ഈ വിഷയകമായി ഞാൻ അറിഞ്ഞ അവരുടെ ഗ്രന്ഥങ്ങൾ ദേവന്മാരുടെ നേതാവായ ഇന്ദ്രന്റെ പേരിലറിയപ്പെടുന്ന 'ഐന്ദ്ര വ്യാകരണം', കാഷായ വസ്ത്രധാരികളായ ബൗദ്ധന്മാരിൽ പെട്ട ചന്ദ്രൻ രചിച്ച 'ചാന്ദ്രം' (പാണിനിക്കു മുമ്പു ജീവിച്ചിരുന്ന ഒരു വൈയാകരണൻ), 'ശാക്തായനൻ' രചിച്ച 'ശാക്തം', 'പാണിനി' (സംസ്കൃത വൈയാകരണന്മാരിൽ അഗ്രഗണ്യൻ) രചിച്ച 'പാണിനീയ സൂത്രം', 'ശർബബ്രം' രചിച്ച 'കാതന്ത്രം', 'ശശദേവ്' രചിച്ച 'ശശദേവ് ബരത്', 'ദുർഘവഭരത്', 'ഉഗ്രഭൂത്' രചിച്ച 'ശിഖിതവരത്' എന്നിവയാണ്.

ഉഗ്രഭൂത് നമ്മുടെ കാലത്തുള്ള ജയപാലന്റെ മകൻ ആനന്ദപാലൻ എന്ന രാജാവിന്റെ ഗുരുനാഥനും മാർഗ്ഗദർശിയുമായിരുന്നെന്ന് എന്നോടു ചിലർ പറയുകയുണ്ടായി. ഈ പുസ്തകം രചിച്ചപ്പോൾ അദ്ദേഹം അതു കശ്മീരിലേക്ക് അയച്ചുകൊടുക്കുകയുണ്ടായി. അഹങ്കാരത്താൽ അവരത് അത്ര ഗൗനിച്ചില്ല. അതിനാൽ ഇക്കാര്യത്തെക്കുറിച്ച് അദ്ദേഹം രാജാവിനോട് ആവലാതിപ്പെട്ടു. ഉടൻ തന്നെ ഒരു ശിഷ്യനെന്ന നിലയ്ക്ക് താൻ അദ്ദേഹത്തിന്റെ ആവശ്യങ്ങൾ നിർവ്വഹിച്ചുകൊടുക്കുമെന്ന് ഏല്ക്കുകയും പ്രസ്തുത പുസ്തകം ഉപയോഗിക്കുന്നവർക്ക് വിതരണം ചെയ്യാനായി 2 ലക്ഷം ദിർഹം (സുമാർ 50,000ക)ഉം തത്തുല്ല്യമായ സമ്മാനങ്ങളും കാശ്മീരിലേക്ക് കൊടുത്തയക്കാനും രാജാവ് കല്പിക്കുകയും ചെയ്തു. അപ്പോൾ ആ നാട്ടുകാർ ആ പുസ്തകം വാങ്ങാനും

പഠിക്കാനുമായി മുന്നോട്ടുവരികയും ധാരാളം കോപ്പികൾ പകർത്തി യെടുക്കുകയും ചെയ്തു. പണവും സമ്മാനവും മോഹിച്ചവർ ഈ പുസ്തകം വാങ്ങുന്നതിൽ പ്രതിപത്തി കാണിച്ചു. അങ്ങനെ ആ പുസ്തകം പ്രസിദ്ധിയാർജ്ജിക്കുകയും അതിന്റെ നിലവാരം ഉയരു കയും ചെയ്തു.

ഈ ശാസ്ത്രത്തിന്റെ ഉത്ഭവത്തെക്കുറിച്ച് ഇങ്ങനെ പറയപ്പെടുന്നു: ഭാരതീയ രാജക്കന്മാരിൽ ഒരാളായ 'സമൽവാഹൻ' അഥവാ 'ശതവാ ഹനൻ' ഒരു ദിവസം സ്ത്രീകളുമായി ജലക്രീഡയിൽ ഏർപ്പെട്ടിരിക്കു കയായിരുന്നു. ഒരു സ്ത്രീയോട് അദ്ദേഹം 'മാവദകന്തി' (എന്റെ മേൽ വെള്ളം തെറിപ്പിക്കല്ലേ) എന്നു പറഞ്ഞു. പക്ഷേ, സ്ത്രീ 'മൂദകന്തി' (ഹൽവ കൊണ്ടു വാ) എന്നു ധരിച്ചു. അങ്ങനെ അവൾ പോയി ഹൽവ കൊണ്ടുവന്നു. രാജാവ് ഇതിൽ വെറുപ്പു പ്രകടിപ്പിച്ചു. അപ്പോൾ അവൾ പരുഷമായ ഭാഷയിൽ മറുപടി പറഞ്ഞു: അക്കാരണത്താൽ രാജാവ് പിണങ്ങുകയും ഭക്ഷണം കഴിക്കാതിരിക്കുകയും ചെയ്തു. അന്നത്തെ പണ്ഡിതന്മാരിൽ ഒരാൾ വരുന്നതു വരെ അദ്ദേഹം ഏകാന്തനായി തന്നെ കഴിച്ചുകൂട്ടി. ആ പണ്ഡിതൻ അദ്ദേഹത്തെ സാന്ത്വനപ്പെടുത്തുകയും വ്യാകരണം പഠിപ്പിച്ചുകൊടുക്കാമെന്നു വാഗ്ദാനം ചെയ്യുകയും ചെയ്തു. പ്രസ്തുത പണ്ഡിതൻ തപസ്സ് ചെയ്തു 'മഹാദേവനോട്' സവിനയം പ്രാർത്ഥിച്ചു. അപ്പോൾ മഹാദേവൻ പ്രത്യക്ഷപ്പെട്ട് ചില ഉപദേശങ്ങൾ നല്കി. 'അബുൽ അസ്വദുൽ ദുഅ്ലി' അറബി ഭാഷയിലെ വ്യാക രണം എഴുതിയതു പോലെ മഹാദേവൻ ചില വ്യാകരണ നിയമങ്ങൾ അദ്ദേഹത്തെ പഠിപ്പിക്കുകയും വിശദ ഭാഗങ്ങൾ പിന്നീടു നല്കാമെന്നു വാഗ്ദാനം നല്കുകയും ചെയ്തു. പിന്നീട് ആ പണ്ഡിതൻ രാജാവിന്റെ അടുക്കൽ വന്ന് പ്രസ്തുത നിയമങ്ങൾ അദ്ദേഹത്തെ പഠിപ്പിച്ചു. അങ്ങ നെയാണ് ഈ ശാസ്ത്രത്തിന്റെ ഉത്ഭവം.

അടുത്തത് 'ഛന്ദസ്സ്' (വൃത്തശാസ്ത്രം): അറബിയിലെ വൃത്തശാ സ്ത്രത്തിനു തുല്ല്യമായ ഒന്നാണിത്. അവരുടെ പുസത്കങ്ങൾ പദ്യങ്ങ ളാകയാൽ അവർക്ക് ഈ ശാസ്ത്രം അനുപേക്ഷണീയമാണ്. കാര്യം വേഗത്തിൽ മനസ്സിലാക്കാനും ഓർക്കാനും സൗകര്യം പദ്യങ്ങളാണല്ലോ. അത്യാവശ്യ സന്ദർഭങ്ങളിലല്ലാതെ അവർ പുസ്തകങ്ങളെ ആശ്രയിക്കാ റില്ല. കാരണം, ഹൃദയം വ്യവസ്ഥയും ഘടനയുമുള്ളതിലേക്കു വേഗത്തിൽ ആകൃഷ്ടമാകുന്നതും അവയൊന്നും ഇല്ലാത്തിടത്ത് നിരു ത്സാഹമാകുന്നതുമാണ്. അതുകൊണ്ടാവാം അധികം ഇന്ത്യക്കാരും പദ്യ ത്തിൽ ആസക്തരും അർത്ഥം അറിഞ്ഞുകൂടെങ്കിൽ തന്നെ അതു വായി ക്കുന്നതിൽ ശ്രദ്ധാലുക്കളുമാകുന്നത്. വായിക്കുമ്പോൾ അവർ സന്തോ ഷാധിക്യത്താൽ കൈകളിൽ താളം പിടിക്കുന്നതു കാണാം. നേരെ മറിച്ചു നിഷ്പ്രയാസം മനസ്സിലാകുമെങ്കിലും ഗദ്യത്തിൽ അവർക്കു താത്പര്യ

മില്ല. അവരുടെ ഗ്രന്ഥങ്ങൾ അധികവും പദ്യരൂപത്തിലാണ്.

'ഉഖ്‌ലൈദിസ്' (യൂക്ലിഡ്), 'മിജസ്തി' എന്നീ പുസ്തകങ്ങൾ പരിഭാഷപ്പെടുത്തുന്നതിലും 'ഉസ്തുർലാബി'ന്റെ നിർമ്മാണം അവർക്ക് പഠിപ്പിച്ചുകൊടുക്കുന്നതിലും ചില ബുദ്ധിമുട്ടുകൾ തോന്നുന്നു. കാരണം, അതെല്ലാം തന്നെ അവർ പദ്യങ്ങളാക്കും. അപ്പോൾ ജനങ്ങൾക്ക് അതു മനസ്സിലാവുകയില്ല. എന്റെ ഉദ്ദേശ്യമാകട്ടെ അവർക്കറിഞ്ഞുകൂടാത്ത ഇത്തരം വിഷയങ്ങൾ അവരെ പഠിപ്പിക്കുക എന്നതാണു താനും.

വൃത്ത ശാസ്ത്രത്തിന്റെ ജനയിതാക്കൾ 'പിംഗലൻ, ചലിത്' എന്നിവരാണ്. ഈ വിഷയത്തിൽ നിരവധി പുസ്തകങ്ങൾ രചിക്കപ്പെട്ടിട്ടുണ്ട്. ഇവയിൽ വിസ്തൃതമായത് അഗസ്ത്യൻ എഴുതിയ പുസ്തകമാണ്. അതിനും വൃത്തശാസ്ത്രത്തിനു തന്നെയും അദ്ദേഹത്തിന്റെ പേര് പറയാറുണ്ട്. 'മൃഗലാഞ്ചാനൻ' 'പിംഗലൻ' 'ഓലിയാന്ദ്' എന്നീ പുസ്തകങ്ങളും പ്രസിദ്ധങ്ങളാണ്. ഇവയും ബ്രഹ്മസിദ്ധാന്തത്തിലുള്ള അധിക ലേഖനങ്ങളും വൃത്തനിയമങ്ങൾ മനസ്സിലാക്കാൻ ഉതകുന്ന വിധത്തിൽ ഞാൻ പഠിച്ചിട്ടില്ല. പരിപൂർണ്ണമായി പഠിച്ചുകഴിയുന്നതുവരെ ഈ പ്രവൃത്തി നീട്ടിവെക്കണമെന്നു ഞാൻ വിചാരിക്കുന്നുമില്ല. സംവൃതത്തിനും വിവൃതത്തിനും 'ഖലീലും' മറ്റ് അറബി വൃത്തശാസ്ത്രജ്ഞന്മാരും അയടാളം നല്കുന്നതുപോലെ ഇവരും അക്ഷരങ്ങൾ എണ്ണുമ്പോൾ ചില അടയാളങ്ങൾ ഇങ്ങനെയാണ്. — ◡ (|<) ആദ്യത്തേത് 'ലഘു' (അ) എന്നും രണ്ടാമത്തേത് 'ഗുരു' (ആ) എന്നും അറിയപ്പെടുന്നു. ഗുരുവിനെ ലഘുവിന്റെ ഇരട്ടിയായി കണക്കാക്കുന്നു. രണ്ട് ലഘു കൂടിയാലേ ഒരു ഗുരുവാകുകയുള്ളൂ (അ+അ=ആ). ദീർഘാക്ഷരങ്ങളെ ഗുരുവായി കണക്കാക്കുന്നു. അവസാനം സംവൃതം വരുന്ന അക്ഷരങ്ങളാണ് ഇതുകൊണ്ടുദ്ദേശിക്കുന്നതെന്നു ഞാൻ ഊഹിക്കുന്നു. പക്ഷേ, അറബി ഭാഷയിൽ ഉദാഹരണ സഹിതം വിവരിക്കത്തക്ക നിലയിൽ ഗുരു, ലഘുകളെ ഞാൻ മനസ്സിലാക്കിയിട്ടില്ല. എങ്കിലും എനിക്കു തോന്നുന്നത് ലഘു സംവൃതമല്ല; ഗുരു വിവൃതവുമല്ല. പക്ഷേ, ലഘു സംവൃതവും ഗുരു വിവൃതണ്ഡസംവൃതങ്ങൾ കൂടിയതുമാണ് എന്നാണ്. നമ്മുടെ വൃത്തത്തിലുള്ള 'സബബ്' പോലെ ലഘുക്കൾ തുടർച്ചയായി വരുന്നതിലാണ് എനിക്കു സംശയം. അറബികൾ രണ്ട് സംവൃതം ഒന്നായി പറയാറില്ല. മറ്റെല്ലാ ഭാഷയിലും അത് അനുവദനീയമാണ്. ഇത്തരത്തിലുള്ള ലഘുക്കൾക്കു പേർഷ്യൻ വൃത്ത ശാസ്ത്രജ്ഞന്മാർ 'ലഘുവിവൃതം' എന്നു പറയുന്നു.

ഇത്തരത്തിലുള്ള മൂന്നിലധികം ലഘുക്കൾ കൂടുമ്പോൾ അവ ഉച്ചരിക്കുക വിഷമമാണെന്നു മാത്രമല്ല, അസാദ്ധ്യവുമാണ്. താഴെകൊടുക്കുന്ന വാചകങ്ങളിൽ തുടർച്ചയായി വരുന്ന വിവൃതങ്ങൾ ഉച്ചരിക്കാൻ കഴിയുന്നതുപോലെ അതു സാധ്യമല്ല. *'ബദനുക്ക, കമസലി, സിഫത്തിക്ക, വഫമുക്ക. ബിസഅത്തി, ശഫത്തിക്ക.'* സംവൃതംകൊണ്ടാരംഭിക്കുക വിഷമമായതിനാൽ ഭാരതീയ നാമങ്ങൾ അധികവും സംവൃത

മല്ലാത്ത അക്ഷരങ്ങൾക്കൊണ്ടാണ് ആരംഭിക്കാറുള്ളത്. അപ്പോൾ അവയുടെ വിവൃതം നേരിയതാവും. പദ്യത്തിന്റെ ആദ്യത്തിൽ സംവൃതം വന്നാൽ അതവർ എണ്ണാറില്ല. കാരണം, ഗുരുവിന്റെ നിബന്ധന സംവൃതം അവസാനം വരണം എന്നതാണ്; ആദ്യത്തിലല്ല.

നമ്മുടെ വൃത്തശാസ്ത്രജ്ഞർ പദ്യങ്ങൾക്കു ചില ഗണങ്ങളും സംവൃത-വിവൃതങ്ങൾക്കു ചില അടയാളങ്ങളും നിശ്ചയിച്ചതുപോലെ ഇന്ത്യക്കാരും നിശ്ചയിച്ചിട്ടുണ്ട്. ഗണം കണക്കാക്കുന്നത് 'സങ്കല്പം' കൊണ്ടാണ്. അക്ഷരങ്ങളുടെ എണ്ണത്തിനനുസരിച്ചല്ല. ഇങ്ങനെയുള്ള ഗണങ്ങൾ ചേർന്നാണ് വൃത്തമാകുന്നത്. 'സങ്കല്പം' എന്നതുകൊണ്ടുള്ള വിവക്ഷ ലഘു ഒരു മാത്രയും ഗുരു രണ്ട് മാത്രയുമായി കണക്കാക്കുന്നു എന്നതാണ്. അപ്പോൾ എഴുത്തിലുള്ള അക്ഷരങ്ങളുടെ എണ്ണമല്ല നോക്കേണ്ടത്. ഇരട്ട അക്ഷരങ്ങളെ ഒരു സംവൃതവും ഒരു വിവൃതവുമായും, ചില്ലക്ഷരങ്ങളെ ഒരു വിവൃതവും ഒരു സംവൃതവുമായും കണക്കാക്കുന്നു. ഇവ ഓരോന്നും എഴുത്തിൽ ഒറ്റക്ഷരമാണല്ലോ. ലഘുവും ഗുരുവും വെവ്വേറെ വരുമ്പോൾ ലഘുവിന് 'ല, കല, രൂപ, ചാമ്ര, ഘര' എന്നും ഗുരുവിന് 'ഗ, ന്യൂറ, നീം അൻശക്' എന്നും പറയപ്പെടുന്നു. അപ്പോൾ ഒരു പൂർണ്ണ അൻശക് രണ്ട് ഗൂരുവോ അല്ലെങ്കിൽ അതിനോടു തുല്ല്യമായതോ ആണ്. ഈ പേരുകൾ പദ്യത്തിന്റെ ആവശ്യത്തിനു വൃത്തശാസ്ത്രത്തിൽ മാത്രം ഉള്ളതാണ്. അതിനാൽ, ഒന്നല്ലെങ്കിൽ മറ്റൊന്നിനോടു യോജിക്കാൻ വേണ്ടി അവർ പേരുകൾ വർദ്ധിപ്പിച്ചിരിക്കുന്നു. ഗുരുവും ലഘുവും കൂടിച്ചേർന്നവയിൽ നിന്ന് ഒരു ഗുരുവും ഒരു ലഘുവും കൂടിയത് പരിഗണനയിലും എണ്ണത്തിലും ഇങ്ങനെ വരും. '—,—' (|, |) എണ്ണത്തിൽ '—◡' '◡—' (|<, <|) ഇപ്രകാരം രണ്ട് രൂപത്തിലും വരും. ഈ രണ്ടാമത്തെ രൂപത്തിന് (◡—) 'കീർതക്' എന്നു പറയുന്നു. ഇത് രണ്ടും സങ്കല്പത്തിൽ '—,—,—' ഇങ്ങനെ മൂന്ന് മാത്രയുള്ളതായി വരുന്നതാണ്. എന്നാൽ, നാല് മാത്രയുള്ളതിൽ എഴുത്തിലുള്ള വ്യത്യാസമനുസരിച്ച് '◡, ◡' ഇങ്ങനെയുള്ളതിന് 'പക്ഷം' എന്നും '—,—◡' ഇങ്ങനെയുള്ളതിന് 'ചലൻ' എന്നും '—◡—' ഇങ്ങനെയുള്ളതിന് 'മദ്' എന്നും '◡— —' ഇങ്ങനെയുള്ളതിന് 'പർവ്വത്', ഹാറ്, റസ്സ്' എന്നും പറയുന്നു. '— — — —' ഇങ്ങനെയുള്ളതിന് 'ഘനു' (ചതുരം) എന്നാണു പേര്. അഞ്ച് മാത്രയുള്ളവ പല രൂപങ്ങളിലും വരാമെങ്കിലും അവയിൽ പേരുള്ളത് '—◡◡' 'ഹസ്തി' (ആന), '◡—◡' 'കാം' (ആഗ്രഹം) '◡.◡ —, — — —◡' 'കുസുമം' എന്നിവയത്രെ.

ആറ് മാത്രയുള്ളവയ്ക്ക് (◡.◡.◡) 'ചലൻ' (ഫീലാ) മദ് (റുഖ) പർവ്വത് (ബൈദഖ്) ഘനു (ഫർസ്) എന്നിങ്ങനെ പറയാറുണ്ട്.

'ഹരിവൃദ്' തന്റെ പേരു വെച്ചെഴുതിയ ഒരു പുസ്തകത്തിൽ ഈ മൂന്ന് അക്ഷരമുള്ള സമ്മിശ്ര രൂപങ്ങൾക്ക് ഒറ്റ അക്ഷരം കൊണ്ട് പേര്

കൊടുത്തിട്ടുണ്ട്. അവ പേര് സഹിതം താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മ | (മഗണം) | ᴗ.ᴗ.ᴗ | ആറ് മാത്രയുള്ളത് |
| യ | (യഗണം) | — ᴗ..ᴗ | ഹസ്തി |
| ര | (രഗണം) | ᴗ—ᴗ | കാം |
| ത | (തഗണം) | ᴗ.ᴗ— | .... |
| സ | (സഗണം) | — —ᴗ | ചലൻ |
| ജ | (ജഗണം) | —ᴗ— | മദ |
| ഭ | (ഭഗണം) | ᴗ— — | പർവ്വത് |
| ന | (നഗണം) | — — — | മൂന്ന് മാത്രയുള്ളത് |

ഇത്തരം വിഷയങ്ങൾ പരിശോധിച്ചു മനസ്സിലാക്കിയതനുസരിച്ച് സമ്മിശ്രഗണങ്ങളെ അദ്ദേഹം ഇങ്ങനെ വിവരിച്ചു. ഗുരു-ലഘുകളിൽ ഏതെങ്കിലും ഒരിനം മാത്രം ആദ്യത്തെ ഗണത്തിലെഴുതുക. പിന്നീട് രണ്ടാം ഗണത്തിന്റെ ആദ്യത്തിലും മൂന്നാം ഗണത്തിന്റെ മദ്ധ്യത്തിലും നാലാം ഗണത്തിന്റെ അന്ത്യത്തിലും ഒന്നാമത്തെ ഇനം ചേർത്തെഴുതുക. ഇപ്പോൾ ഉത്തരാർദ്ധവും അവസാനിച്ചു. മൂന്ന് അക്ഷരങ്ങളുള്ള മിശ്രഗണങ്ങളിൽനിന്ന് ഇനി ഒന്നും തന്നെ ബാക്കിയില്ല.

ഘടന വ്യവസ്ഥീകൃതമാണെങ്കിലും അദ്ദേഹം ഉദ്ധരിച്ച ഗണങ്ങളുടെ കണക്ക് സർവ്വത്ര യോജിക്കുകയില്ല. അദ്ദേഹം പറഞ്ഞതിപ്രകാരമാണ്: ഗണങ്ങളുടെ ഓരോ അക്ഷരത്തിനും അടിസ്ഥാനമായി എല്ലായ്പ്പോഴും രണ്ട് എന്നു കരുതുക. അപ്പോൾ ഇങ്ങനെ വരും: 2 2 2 ഇടത്തേതും വലത്തേതും തമ്മിൽ പെരുക്കി കിട്ടുന്ന സഖ്യയെ വലതുഭാഗത്തുള്ള തുക കൊണ്ടു പെരുക്കുക. ഈ പെരുക്കുന്നത് ലഘുവായി വരുന്നിടത്താണെങ്കിൽ ഉത്തരത്തെ അതുപോലെത്തന്നെ നിർത്തുക.

ഇനി പെരുക്കുന്നത് ഗുരുവായി വരുന്നിടത്താണെങ്കിൽ പെരുക്കി കിട്ടിയതിൽനിന്ന് ഒന്ന് കിഴിക്കുക. ആറാം ഗണത്തിന് അദ്ദേഹം ഇങ്ങനെ ഉദാഹരണം കാണിച്ചു. '—ᴗ—' അതായത് 2 x 2 കിട്ടുന്ന ഉത്തരത്തിൽ നിന്ന് ഒന്ന് കിഴിക്കുക. പിന്നീട് മൂന്നും ബാക്കിയുള്ള രണ്ടും തമ്മിൽ പെരുക്കുക. എന്നാൽ, ആറ് കിട്ടും. പക്ഷേ, ഇത് അധികം ഗണങ്ങളിലും ശരിയാവുന്നില്ല. പകർപ്പിൽ എന്തെങ്കിലും തകരാറ് സംഭവിച്ചിരിക്കണം. ഇതനുസരിച്ചു ഗണങ്ങളുടെ കിടപ്പ് ഇപ്രകാരമാകും.

1. ᴗ.ᴗ.ᴗ
2. ᴗ.ᴗ —
3. ᴗ—ᴗ
4. ᴗ— —
5. —ᴗ ᴗ
6. —ᴗ—
7. — — ᴗ

8. — — —

അതായത്, വലത്തെ വരിയുടെ നില ഒന്നിടവിട്ടും മദ്ധ്യവരിയുടെ നില ഓരോ വകുപ്പിലുള്ള രണ്ടെണ്ണം വീതം ഇടവിട്ടും ഇടത്തെ വരിയുടെ നില ഒരു വകുപ്പിൽനിന്നു നാലും മറ്റേതിൽനിന്നു നാല് തുടർച്ചയായുമാണ്. മിശ്രവരികളിൽ ഇണകൾ കൂട്ടിച്ചേർക്കുന്ന നിലയനുസരിച്ച് ഇങ്ങനെയാവും വരിക: പിന്നീടു മുകളിൽ പറഞ്ഞ കണക്കനുസരിച്ചു ഗണങ്ങളുടെ ആരംഭം ഗുരുകൊണ്ടാണെങ്കിൽ പെരുക്കുന്നതിനു മുമ്പ് ഒന്നു കുറക്കുകയും, പെരുക്കുന്നത് ഗുരുവിലാണെങ്കിൽ ഉത്തരത്തിൽ നിന്ന് ഒന്ന് കിഴിക്കുകയും ചെയ്താൽ ഗണങ്ങളുടെ നില വ്യക്തമായി.

അറബിപദ്യങ്ങൾക്ക് 'അറൂസ്, സർബ്' എന്നിങ്ങനെ രണ്ട് ഭാഗങ്ങളുള്ളതുപോലെ അവരുടെ പദ്യങ്ങൾക്കും രണ്ട് ഭാഗങ്ങളുണ്ട്. ഓരോന്നിനും 'പാദം' എന്നു പറയുന്നു. അപ്രകാരം തന്നെ ഗ്രീക്കുകാർ അവരുടെ പദ്യങ്ങളുടെ അംശത്തിനും പാദം എന്നു പറയാറുണ്ടായിരുന്നു. അതായത്, വാക്കുകൾ കൂടിച്ചേർന്നുണ്ടാകുന്നതിന് 'സലാബി' എന്നും അക്ഷരങ്ങൾക്ക് 'ശബ്ദമുള്ളത്, ശബ്ദമില്ലാത്തത്, ദീർഘം, ഹ്രസ്വം, മദ്ധ്യം' എന്നും. ഒരു പദ്യം തന്നെ ചിലപ്പോൾ മൂന്നും ചിലപ്പോൾ നാലും – അധികം പാദങ്ങളായാണ് വരാറുള്ളത്– ചിലപ്പോൾ അഞ്ചാമത് ഒരു പാദം കൂടി ഉണ്ടായെന്നു വരാം. എന്നാൽ, ഈ അഞ്ചാം പാദത്തിൽ പ്രാസം ദീക്ഷിക്കുകയില്ല. പക്ഷേ, ഒന്നും രണ്ടും പാദങ്ങളും മൂന്നും നാലും പാദങ്ങളും അന്ത്യാക്ഷര പ്രാസമുള്ളതാണെങ്കിൽ അതിന് 'അറൽ' എന്നു പറയുന്നു. ഒരു പദ്യത്തിന്റെ അന്ത്യാക്ഷരം ലഘുവാണെങ്കിൽ തന്നെ ചില പാദങ്ങളുടെ അന്ത്യത്തിൽ ഗുരു വരാവുന്നതാണ്. അവരുടെ ഒരു പദ്യാവലി തന്നെ നിരവധി വൃത്തങ്ങളിൽ വരാവുന്നതാണ്. അഞ്ച് പാദമുള്ളതിൽ അഞ്ചാം പാദം ആദ്യത്തെ രണ്ട് പാദങ്ങളുടെയും അവസാനത്തെ രണ്ട് പാദങ്ങളുടെയും ഇടയിൽ വരും. പാദങ്ങളിലുള്ള അക്ഷരങ്ങളുടെ എണ്ണമനുസരിച്ചും ആ പദ്യങ്ങളുടെ ശേഷം വരുന്നവയുടെ നിലയനുസരിച്ചും അതിന്റെ പേരുകളും വ്യത്യസ്തങ്ങളാവും. കാരണം, അവയുടെ പദ്യാവലി ഒരേ രീതിയിലാവുന്നത് അവർക്കിഷ്ടമല്ല. ഇങ്ങനെ വിവിധ രീതിയിലുള്ള പദ്യങ്ങളാണ് അവർ ആകർഷകമായി കണക്കാക്കുന്നത്.

നാല് പാദങ്ങളുള്ളതിന്റെ കിടപ്പ് ഇങ്ങനെയാണ്:

| **പാദം 1** | **പാദം 2** | **പാദം 3** | **പാദം 4** |
|---|---|---|---|
| അൻശക് (2ഗുരു)<br>ᑌ ᑌ പക്ഷം<br>ᑌ— — പർവ്വത്<br>ᑌ— — ചലൻ | ᑌ ᑌ പക്ഷം<br>— — ᑌ ചലൻ<br>— ᑌ — മദ<br>ᑌ— — പർവ്വത്<br>ᑌ ᑌ പക്ഷം | ᑌ ᑌ പക്ഷം<br>ᑌ— — പർവ്വത്<br>ᑌ ᑌ പക്ഷം | ᑌ ᑌ പക്ഷം<br>— — ᑌ ചലൻ<br>— ᑌ — മദ<br>ᑌ— — പർവ്വത്<br>— — ᑌ ചലൻ |

ഇത്തരം വൃത്തങ്ങൾക്ക് അവർ നാല് പാദങ്ങളുള്ള 'സ്കന്ദ്' (ആര്യാഗീതി) എന്നു പറയുന്നു. ഇത് രണ്ട് അർദ്ധങ്ങളാണ്. ഓരോ അർദ്ധത്തിലും മുപ്പത്തി രണ്ട് മാത്രകളുള്ള എട്ട് ഗണങ്ങൾ ഉണ്ടായിരിക്കും. ഒന്നും മൂന്നും അഞ്ചും ഗണങ്ങളിൽ 'മദ' (—ᴗ—) ഉണ്ടാകാൻ പാടില്ല. ആറാമത്തെതിൽ ഒന്നുകിൽ 'മദ' അല്ലെങ്കിൽ 'ഘനു' മാത്രമേ വരാൻ പാടുള്ളൂ. മറ്റു ഗണങ്ങളിൽ ഇതും വരാം. പരിഗണനയിൽ അധികമാകാനോ ചുരുങ്ങാനോ പാടില്ലെന്നു മാത്രം. പാദങ്ങളുടെ ഘടന 'അൻശക്കു'കൾ അനുസരിച്ചു ശരിയായി കഴിഞ്ഞാൽ നാല് പാദങ്ങൾ ഇങ്ങനെ എഴുതാം:

1. ᴗ.ᴗ ᴗ— — — —ᴗ
2. ᴗ.ᴗ — —ᴗ —ᴗ— ᴗ— — ᴗ.ᴗ
3. ᴗ.ᴗ ᴗ— — ᴗ.ᴗ
4. ᴗ.ᴗ — —ᴗ —ᴗ— ᴗ— — — —ᴗ

പിന്നീട് ഇതനുസരിച്ചു പദ്യങ്ങളുണ്ടാക്കാം. അറബിവൃത്തങ്ങളുടെ നില ഈ അടയാളമനുസരിച്ചു 'സംവൃത-വിവൃതങ്ങൾ'ക്കു വിപരീതമായിരിക്കും. ഉദാ: 'ഖഫീഫ്' വൃത്തത്തിന്റെ പൂർണ്ണരൂപത്തിനു ഗണങ്ങൾ ചേർത്ത് അതിന്റെ ആദ്യത്തെ അർദ്ധം നമുക്ക് ഇങ്ങനെ കാണിക്കാം:

| | ഫാഇലാതുൻ | മുസ്തഫ്ഇലുൻ | ഫാഇലാതുൻ |
|---|---|---|---|
| ഇത് ഇന്ത്യൻ ⟵<br>സമ്പ്രദായത്തിൽ ⟶<br>ഇടത്തുനിന്ന്<br>ഇപ്രകാരം<br>വായിക്കാം: | 1010010<br>ᴗᴗ — ᴗ | 1001010<br>ᴗ — ᴗᴗ | 1010010<br>ᴗᴗ — ᴗ |

(1) ആര്യാഗീതി വൃത്തത്തിന്റെ ഉദാഹരണം

.ᴗ ᴗ .ᴗ —.— —.— ᴗ

*തക്കോം തോംതിമി തകിസോം*

.ᴗ ᴗ — — ᴗ — ᴗ — ᴗ — — .ᴗ ᴗ

*തക്കോം തകിസോം തമിക്ക തോംതിമി തക്കോം*

.ᴗ ᴗ ᴗ — — ᴗ ᴗ

*തക്കോം തോംതിമി തക്കോം*

.ᴗ ᴗ — — ᴗ — ᴗ — ᴗ .— — — — ᴗ

*തക്കോം തകിസോം തമിക്ക തോംതിമി തകിസോം*

ഇന്ത്യക്കാരുടെ ഈ ശാസ്ത്ര പരിജ്ഞാനത്തെ വിശദീകരിക്കാൻ കഴിയത്തക്ക ഒരു നില എനിക്ക് ഇനിയും കൈവന്നിട്ടില്ല എന്ന സംഗതി ഞാൻ ആവർത്തിച്ചു പറഞ്ഞതാണ്. എന്നാലും എന്റെ മുഴുവൻ കഴിവും

ഉപോഗിച്ച് ആവും വിധം വിവരിക്കാം.

നാലു പാദങ്ങളിലുള്ളതിന്റെ ഓരോ പാദവും അടുത്തുള്ളതിനെ അപേക്ഷിച്ചു പരിഗണനയിലും എണ്ണത്തിലും തുല്ല്യമാകും. അതു കൊണ്ട് ഒരു പാദം മനസ്സിലാക്കിയാൽ മറ്റെല്ലാ പാദങ്ങളും മനസ്സിലാക്കാം. ഇതിനു 'വൃത്തം' എന്നു പറയുന്നു. അവരുടെ അഭിപ്രായത്തിൽ ഒരു പാദത്തിന്റെ അക്ഷരങ്ങൾ നാലിൽ കുറയാൻ പാടില്ല. കാരണം, വേദത്തിൽ അപ്രകാരമല്ലാതെ കാണുകയില്ല. ഇതുപ്രകാരം പാദങ്ങളുടെ അക്ഷരങ്ങൾ ചുരുങ്ങിയാൽ നാലും കൂടിയാൽ ഇരുപത്തി ആറും ആകും. വൃത്തത്തിന്റെ എണ്ണം ഇരുപത്തിമൂന്ന് ആണ്. ഒന്നാമത്തേത് നാല് ഗുരുക്കൾ ഉള്ളതാകും. അവയിൽ ഒന്നിനു പകരം രണ്ട് ലഘുക്കൾ മതിയാവുകയില്ല. രണ്ടാമത്തേതിന്റെ നില മനസ്സിലായിട്ടില്ല. എന്നാൽ മൂന്നാമത്തേത് 'ഘനു, പക്ഷം' കൂടിയാണ്. ഉദാ: '— — — —, ᴗ.ᴗ' നാലാമത്തേത് രണ്ട് ഗുരുവും, രണ്ട് ലഘുവും, മൂന്ന് ഗുരുവുമാകും. ഉദാ: ᴗ.ᴗ, — —, ᴗ.ᴗ.ᴗ

'പക്ഷം', 'ചലൻ', 'പക്ഷം' എന്നു പറയുകയാണ് ഉത്തമം. അഞ്ചാമത്തേത് 'കൃതക്', 'ചലൻ', 'പക്ഷം' ഉദാ: ᴗ—, ᴗ—, — —, ᴗ.ᴗ. ആറാമത്തേത്: 'ഘനു, മദ, പക്ഷം' ഉദാ: '— — — —, —.ᴗ.—, ᴗ.ᴗ. ഏഴാമത്തേത്: 'ഘനു, പർവ്വത്, ചലൻ' ഉദാ:'— — — —, ᴗ.— —, — —ᴗ' എട്ടാമത്തേത്: 'കാം, കുസുമം, ചലൻ, ഗുരു' ഉദാ: ᴗ.—ᴗ,.— — — ᴗ, — — ᴗ, ᴗ. ഒമ്പതാമത്തേത്: 'പക്ഷം, ഹസ്ത, ചലൻ, മദ, ഗുരു' ഉദാ: 'ᴗ.ᴗ, — ᴗ.ᴗ, — —.ᴗ, —.ᴗ.—, ᴗ. പത്താമത്തേത്: 'പക്ഷം, പർവ്വത്, മദ, പക്ഷം' ഉദാ: ᴗ.ᴗ, ᴗ— —, — — ᴗ, —.ᴗ.—, ᴗ.ᴗ. പതിനൊന്നാമത്തേത്: 'പക്ഷം, മദ, രണ്ട് ചലൻ, ഹസ്ത' ഉദാ: ᴗ.ᴗ, —.ᴗ.—, — — ᴗ, — — ᴗ, — ᴗ.ᴗ. പന്ത്രണ്ടാമത്തേത്: 'ഘനു, ചലൻ, പക്ഷം രണ്ട് ഹസ്ത' ഉദാ: '— — — —, — — ᴗ, — ᴗ.ᴗ, — ᴗ.ᴗ. പതിമൂന്നാമത്തേത്: 'പർവ്വത്, കാം, കുസുമം, മദ, ചലൻ' ഉദാ: ᴗ— —, ᴗ.—ᴗ,.— — — ᴗ, —.ᴗ.—, — — ᴗ. പതിനാലാമത്തേത്: 'ഹസ്തം, പക്ഷം, പർവ്വത്, കുസുമം, പർവ്വത്, ലഘു, ഗുരു' ഉദാ: — ᴗ.ᴗ, ᴗ.ᴗ, ᴗ— —, – — — ᴗ, — — ᴗ, —, ᴗ. പതിനഞ്ചാമത്തേത്: 'രണ്ട് പക്ഷം, പർവ്വത്, കുസുമം, രണ്ട് കാം, ഗുരു' ഉദാ: ᴗ.ᴗ, ᴗ.ᴗ, ᴗ— —, – — — ᴗ, ᴗ—ᴗ, ᴗ—ᴗ, ᴗ. പതിനാറാമത്തേത്: 'പക്ഷം, പർവ്വത്, കാം, കുസുമം, പക്ഷം, ലഘു, ഗുരു' ഉദാ: ᴗ.ᴗ, ᴗ— —, ᴗ—ᴗ, – — — ᴗ, ᴗ.ᴗ, —, ᴗ. പതിനേഴാമത്തേത്: 'രണ്ട് പക്ഷം, പർവ്വത്, ഘനു, ചലൻ, പക്ഷം, കുസുമം'. ഉദാ: ᴗ.ᴗ, ᴗ.ᴗ, ᴗ— —, — — — —, — — ᴗ, ᴗ.ᴗ, — — — ᴗ. പതിനെട്ടാമത്തേത്: 'രണ്ട് പക്ഷം, പർവ്വത്, ഘനു, ചലൻ, രണ്ട് കാം, ഗുരു' ഉദാ: ᴗ.ᴗ, ᴗ.ᴗ, ᴗ— —, — — — —, — — ᴗ, ᴗ—ᴗ, ᴗ. പത്തൊമ്പതാമത്തേത്: 'ഗുരു, രണ്ട് പക്ഷം, പർവ്വത്, ഘനു, ചലൻ, രണ്ട് കാം, ഗുരു'

ഉദാ: ⌣, ⌣.⌣, ⌣.⌣, ⌣— —, — — — —, — — ⌣, ⌣—⌣, ⌣—⌣, ⌣. ഇരു പതാമത്തേത്: 'നാല് പക്ഷം, ചലൻ , മദ, പക്ഷം, രണ്ട് മദ, ഗുരു' ഉദാ: ⌣.⌣, ⌣.⌣, ⌣.⌣, ⌣.⌣, — — ⌣, —.⌣.—, ⌣.⌣, —.⌣.—, —.⌣.—, ⌣. ഇരു പത്തി ഒന്നാമത്തേത്: 'നാല് പക്ഷം, മൂന്ന് ചലൻ, രണ്ട് മദ, ഗുരു' ഉദാ: ⌣.⌣, ⌣.⌣, ⌣.⌣, ⌣.⌣, — — ⌣, — — ⌣, — — ⌣, —.⌣.—, ⌣. ഇരുപത്തി രണ്ടാമത്തേത്: 'നാല് പക്ഷം, കുസുമം, മദ, ചലൻ രണ്ട് മദ, ഗുരു. ഉദാ: ⌣.⌣, ⌣.⌣, ⌣.⌣, ⌣.⌣, — — — —⌣, —.⌣.—, — — ⌣, —.⌣.—, —.⌣.—, ⌣. ഇരുപത്തി മൂന്നാമത്തേത്: 'എട്ട് ഗുരു, പത്ത് ലഘു, കാം, ചലൻ, ലഘു, ഗുരു': ⌣, ⌣, ⌣, ⌣, ⌣, ⌣, ⌣, ⌣, —, —, —, —, —, —, —, —, —, —, —.⌣.—, — — ⌣, —, ⌣.

ഈ വിഷയത്തിന് ഞാനിത്രയും നീണ്ട വിവരണം നല്കിയത് സംവൃതങ്ങൾ സമ്മേളിക്കുന്നത് ഒരുതരം വിവൃതങ്ങളായാണെന്നും അവരുടെ വൃത്തങ്ങളും ഗണങ്ങളും പദ്യങ്ങളായി തിരിയുന്നതെങ്ങനെ യെന്നും മനസ്സിലാക്കാനാണ്. 'ഖലീൽ ബിൻ അഹ്മദ്' –ചിലർ പറയു ന്നതു പോലെ– ഇന്ത്യക്കാരുടെ വൃത്തങ്ങൾ ഗ്രഹിക്കാൻ സാധ്യതയു ണ്ടായിട്ടും അങ്ങനെ ചെയ്തില്ല. എന്നാലും ഒരനുഗൃഹീത പണ്ഡിത നായിരുന്നു അദ്ദേഹം എന്നു നമുക്കു മനസ്സിലാക്കാൻ കഴിയും. അവ രുടെ ആദിഗ്രന്ഥങ്ങൾ രചിച്ചത് ശ്ലോകങ്ങളിലാകയാൽ അതു നല്ല പോലെ ഗ്രഹിക്കാനാണു നാം വിഷമിച്ച് ഈ കാര്യം കൈകാര്യം ചയ്യു ന്നത്. നാല് പാദങ്ങളുള്ളതിൽ ഓരോ പാദവും എട്ട് അക്ഷരങ്ങളുള്ളതും പാദങ്ങൾ തമ്മിൽ തുല്ല്യനില ഇല്ലാത്തതുമാകും. എല്ലാ പാദങ്ങളിലും അഞ്ചാമത്തെത് ലഘുവും അറാമത്തെത് ഗുരുവുമാകും, രണ്ടും മൂന്നും പാദങ്ങളിൽ എഴാമത്തേതു ലഘുവും ബാക്കിയുള്ളത് ഗുരുവുമാകും. ശേഷമുള്ള അക്ഷരങ്ങൾ എങ്ങനെയുമാവാം. ഇതിൽ കണക്കുകൂട്ടുന്ന രീതി 'ബ്രഹ്മഗുപ്തനി'ൽ നിന്ന് ഉദ്ധരിക്കാം.

കവിതകളുടെ ഒന്നാമത്തെ വർഗ്ഗം രണ്ട് പാദങ്ങളുള്ള 'കായത്ര്' ആണ്. ഓരോ പാദത്തിലും ചുരുങ്ങിയാൽ നാല് എന്ന നിലയിൽ. ഈ വർഗ്ഗത്തിലുള്ള അക്ഷരങ്ങൾ ഇരുപത്തി നാലായി കണക്കാക്കിയാൽ നാല്, നാല് എന്നു വരും, ഇതിനു നിശ്ചയിച്ചത് ഇരുപത്തി നാല് ആകു മ്പോൾ ബാക്കി പതിനാറ് ആകും. അതിനെ വലത്തെ പാദത്തിൽ ചേർത്ത് ഇങ്ങനെ കണക്കാക്കുക: 4–20 ഇനി മൂന്ന് പാദങ്ങളുള്ളവയാ ണെങ്കിൽ ഇങ്ങനെ നാല്, നാല്, പതിനാറ് വലത്തെ ഭാഗം ഇപ്പോഴും വ്യത്യസ്തവും പ്രത്യേക പേരുള്ളതുമാകും. ബാക്കിയുള്ളവ ഒരു കൂട്ട മായി കണക്കാക്കുന്നു. നാല് പാദങ്ങളുള്ളവ ഇപ്രകാരം വരുന്നതാണ്. നാല്, നാല്, നാല്, പന്ത്രണ്ട്.

എറ്റവും ചുരുങ്ങിയ അക്ഷരങ്ങളായ നാലിൽ നാം കൃത്രിമങ്ങ ളൊന്നും ചെയ്യാതെ രണ്ട് പാദങ്ങളുള്ള വൃത്തത്തിൽ കൂട്ടിക്കലർത്താൻ

ഉദ്ദേശിച്ചാൽ ഇടത്തെ പാദത്തിൽ ഒരക്ഷരം ചേർക്കുകയും വലത്തേതിൽനിന്ന് അതിനെ കിഴിക്കുകയും വേണം. ഓരോന്നിന്റെയും ഉത്തരം അതാതിന്റെ താഴെ ചേർത്ത് രണ്ട് വരിയുടെ സംഖ്യകൾ ആരംഭവും അവസാനവും തുല്ല്യമാകുന്നതു വരെ ഇപ്രകാരം ചെയ്യണം. അതിന്റെ രൂപം ഇതാണ്:

| | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 20 | 19 | 18 | 17 | 16 | 15 | 14 | 13 | 12 | 11 | 10 | 9 | 8 | 7 | 6 | 5 | 4 |
| 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 |

ഈ മിശ്രവരികളിൽനിന്ന് ആദ്യത്തെ രണ്ട് സംഖ്യയിൽനിന്നു ചെറിയ തുകയെ വലുതിൽനിന്നു കീഴിച്ചുകിട്ടിയ ഉത്തരത്തിലേക്ക് ഒന്ന് കൂട്ടിച്ചേർത്താൽ കിട്ടുന്ന അത്രയാണ് ഉള്ളത്. (അതായത്: 17) എന്നാൽ, മൂന്നു പാദങ്ങളുള്ള വൃത്തം ആകെ ഇരുപത്തിനാല് അക്ഷരങ്ങളേ ഉണ്ടാവുകയുള്ളൂ എന്ന അടിസ്ഥാനത്തിൽ ഇപ്രകാരം വരുന്നതാണ്. അപ്പോൾ വലത്തെ സംഖ്യകളെയും മദ്ധ്യത്തിലുള്ള സംഖ്യകളെയും പാദങ്ങളുള്ളവയെപ്പോലെ കണക്കാക്കുകയും വലത്തേതിൽ നിന്ന് ഒന്നു കഴിച്ച് മദ്ധ്യ സംഖ്യയിലേക്ക് ചേർക്കുകയും ചെയ്യുക. ഇടത്തെ സംഖ്യയിൽ ആവർത്തനം ചെയ്ത് ഇപ്രകാരം മിശ്ര സംഖ്യകളായി പൂരിപ്പിക്കുക.

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 16 | 15 | 14 | 13 | 12 | 11 | 10 | 9 | 8 | 7 | 6 | 5 | 4 |
| 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 |
| 4 | 4 | 4 | 4 | 4 | 4 | 4 | 4 | 4 | 4 | 4 | 4 | 4 |

ഇവ സ്ഥലമാറ്റം ചെയ്ത് എഴുതുമ്പോൾ ആറ് രൂപം വരാവുന്നതാണ്. ചിലപ്പോൾ ഇടത്തെ സംഖ്യയും മറ്റു ചിലപ്പോൾ മദ്ധ്യസംഖ്യയും മാറ്റമില്ലാതെ വരികയും ബാക്കിയുള്ള സംഖ്യകൾ വ്യത്യാസപ്പെടുകയും ചെയ്യുമ്പോഴാണ് ആറ് രൂപം വരുന്നത്. നാല് പാദങ്ങളുള്ളവയുടെ സ്ഥിതി മേലുദ്ധരിച്ചതിൽനിന്നു ഗ്രഹിക്കാവുന്നതാണല്ലോ. ഈ അധ്യായത്തിൽ ആ ഭാഗം മാത്രമേ എനിക്ക് കാണാൻ കഴിഞ്ഞുള്ളൂ. അത് പാദങ്ങളുടെ സംഖ്യകൊണ്ട് നിർണ്ണയിക്കുന്നതിൽ ഗ്രീക്കുകാരും ഇന്ത്യക്കാരെ പോലെ തന്നെയാണ്. 'ജാലിനൂസ്' (ഗാലൻസ്) തന്റെ 'ഖത്തായൂൻ' എന്ന ഗ്രന്ഥത്തിൽ പറയുന്നു: 'മെനോക്രേറ്റ്സ്' ദ്രാവകങ്ങൾകൊണ്ടുണ്ടാക്കിയ ഒരൗഷധത്തെ 'ഡെമോക്രേറ്റ്സ്' മൂന്ന് പാദങ്ങളുള്ള പദ്യങ്ങളിലാണ് വിവരിച്ചത്.

അധ്യായം: 14

# ഇന്ത്യക്കാരുടെ ഇതര ശാസ്ത്രങ്ങളിലുള്ള ഗ്രന്ഥങ്ങൾ

ശാസ്ത്രങ്ങൾ അസംഖ്യമാണ്. സന്ദർഭങ്ങൾ സഹായകമാകുകയും ചിന്തകൾ അവയെ കൈകാര്യം ചെയ്യുകയും ചെയ്താൽ അവ അഭിവൃദ്ധിപ്പെടും. ജനങ്ങൾക്കു ശാസ്ത്രങ്ങളിൽ താല്പര്യമുണ്ടാവുകയും അവയെയും ശാസ്ത്രജ്ഞന്മാരെയും അവർ ബഹുമാനിക്കുകയും ചെയ്തുകാണുകയാണ് അതിന്റെ ലക്ഷണം. ശാസ്ത്രജ്ഞന്മാർക്ക് അവരുടെ മുഴുവൻ കഴിവും സമയവും ഈ വിഷയത്തിനായി ഉപയോഗിക്കാൻ സാധിക്കത്തക്കവിധം അവർക്കു സമുദായത്തിൽനിന്നു സഹായങ്ങളും പ്രോത്സാഹനങ്ങളും ലഭിക്കേണ്ടതാണ്. എന്നാൽ, ഇക്കാലത്തു പ്രോത്സാഹനങ്ങൾ ലഭിക്കുന്നില്ലെന്നു മാത്രമല്ല, നിരുത്സാഹമായ നിലയാണു കാണുന്നത്. ഇപ്പോൾ നാം കാണുന്നതു പ്രോത്സാഹനം ലഭിച്ചിരുന്ന കാലങ്ങളിലെ ചില അവശിഷ്ടങ്ങളാണ്. ലോകത്തെ ആകമാനം ഒരു നിലപാട് ആവരണം ചെയ്യുകയാണെങ്കിൽ എല്ലാ സമുദായവും താന്താങ്ങളുടെ പങ്ക് അതിൽ നിന്നെടുക്കുന്നതാണ്. ഇന്ത്യക്കാരും അതിൽനിന്ന് ഒഴിവാകുന്നതല്ലല്ലോ. ജ്യോതിഷമാണ് അവരുടെ ഇടയിൽ കൂടുതൽ പ്രസിദ്ധിയാർജ്ജിച്ച ശാസ്ത്രം. അവരുടെ മതവുമായി അതിനു കൂടുതൽ ബന്ധമുള്ളതാണ് അതിനു കാരണം. ആ ശാസ്ത്രത്തിന്റെ നിയമങ്ങളെ ശരിക്ക് അറിയാത്തവരെ ജ്യോതിഷ പണ്ഡിതന്മാർ എന്നു വിളിക്കുകയില്ല. 'സിന്ദ്ഹിന്ദ്' എന്നു നമ്മുടെ ആളുകൾ പറഞ്ഞുവരുന്നത് അവരുടെ സിദ്ധാന്തത്തെ കുറിച്ചാണ്. തീരേ പിഴക്കുകയോ മാറുകയോ ചെയ്യാത്തത് എന്നാണ് അവർ അതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഉയർന്ന നിലവാരത്തിലുള്ള ജ്യോതിശാസ്ത്രത്തിനു 'സിദ്ധാന്തം' എന്നാണ് അവർ പറയുക.

ആ ശാസ്ത്രം അഞ്ച് തരമത്രെ:

1. സൂര്യനിൽനിന്നു ലഭിച്ചതെന്ന് അർത്ഥം വരുന്ന 'സൂര്യ സിദ്ധാന്തം'

2. വസിഷ്ഠ സിദ്ധാന്തം – ധ്രുവ നക്ഷത്രങ്ങളിൽ ഒന്നിനെയാണ് ഇവിടെ ഉദ്ദേശിക്കുന്നത്. വിഷ്ണുചന്ദ്രനാണ് ഇതുണ്ടാക്കിയത്.
3. പുൽസ് സിദ്ധാന്തം – ഇത് സയന്ത്ര പട്ടണത്തിലെ ഗ്രീക്കുകാരനായ പോൾസിന്റേതാണെന്നാണ് ഊഹം.
4. റൂമക് സിദ്ധാന്തം–റോമക്കാരനായ 'ഇശ്രേഖിനാ'ണ് ഇതുണ്ടാക്കിയത്.
5. ബ്രഹ്മ സിദ്ധാന്തം–ബ്രഹ്മന്റേതെന്ന അർത്ഥത്തിൽ. 'ബ്രഹ്മഗുപ്തനാ'ണ് ഇതു നിർമ്മിച്ചത്.

ആദിപിതാവായ ബ്രഹ്മാവിന്റെ 'പൈതാമ' എന്ന ഗ്രന്ഥമാണ് എല്ലാവരുടെയും ആധാരം. വരാഹമിഹിരൻ 'പഞ്ചസിദ്ധാന്തം' എന്ന പേരിൽ ഒരു ചെറിയ പട്ടിക ഉണ്ടാക്കിയിട്ടുണ്ട്. പേരിനനുസരിച്ചുള്ള മെച്ചം ഇതിനില്ല. ബ്രഹ്മഗുപ്തൻ പറയുന്നു: "സിദ്ധാന്തങ്ങൾ ധാരാളം ഉണ്ട്. "സൂര്യൻ, ഇന്ദു, പുൽസ്, വസിഷ്ഠ്, റൂമക്, ജബൽ" (ഇതു ഗ്രീക്കുകാരുടേതാണ്) ഇവ പേരിൽ അധികം ഉണ്ടെങ്കിലും ചിന്തിക്കുന്നവർക്കെല്ലാം ഫലത്തിൽ ഒന്നാണെന്നു മനസ്സിലാക്കാം. ഇവയിൽ പുൽസിന്റേതും ബ്രഹ്മഗുപ്തന്റേതുമല്ലാതെ മറ്റൊന്നും എനിക്കു കിട്ടിയിട്ടില്ല. ബ്രഹ്മസിദ്ധാന്തത്തിന്റെ വിഷയവിവര പട്ടിക ഞാൻ ഇവിടെ കുറിക്കാം:

1. ഗോളങ്ങളുടെ സ്ഥിതികളും ആകാശം, ഭൂമി ഇവയുടെ രൂപവും.
2. നക്ഷത്രങ്ങളുടെ സഞ്ചാരപഥങ്ങൾ, കാലനിർണ്ണയം, നക്ഷത്രങ്ങളുടെ മദ്ധ്യം കണ്ടെത്തൽ, വൃത്തഭാഗങ്ങളുടെ 'ജൈബ്' (വൃത്തത്തിൽ ഡിഗ്രിയുടെ തുല്ല്യനിലയിൽ അർദ്ധവ്യാസത്തെ കണക്കാക്കുക) കണക്കാക്കൽ.
3. നക്ഷത്രങ്ങളുടെ സഞ്ചാരം താരതമ്യം ചെയ്യുക.
4. നിഴൽ, പകലിൽ കഴിഞ്ഞഭാഗം, ഉദയം എന്നീ വിഷയങ്ങൾ ഓരോന്നും മറ്റോരോന്നിൽനിന്ന് അറിയുക.
5. നക്ഷത്രങ്ങൾ സൂര്യരശ്മിയിൽ പ്രത്യക്ഷമാകലും അപ്രത്യക്ഷമാകലും.
6. മാസപ്പിറവി
7. ചന്ദ്രഗ്രഹണം
8. സൂര്യഗ്രഹണം
9. ചന്ദ്രന്റെ നിഴൽ
10. നക്ഷത്രങ്ങൾ സമ്മേളിക്കുകയും പിരിയുകയും ചെയ്യുന്നത്.
11. നക്ഷത്രങ്ങളുടെ മദ്ധ്യരേഖയിൽ നിന്നുള്ള ദൂരം.
12. ജ്യോതിശാസ്ത്രങ്ങളിലെ പുസ്തകങ്ങളെയും പഞ്ചാംഗങ്ങളെയും നിരൂപണം ചെയ്തു ശരിയും തെറ്റും വേർതിരിക്കുക.
13. കണക്കും ശാസ്ത്രവും അതുപയോഗിച്ചുള്ള അളവും മറ്റും വിവരിക്കുന്നത്.

14. നക്ഷത്രങ്ങളുടെ മദ്ധ്യം നിർണ്ണയിക്കുക.
15. നക്ഷത്രങ്ങളുടെ സഞ്ചാരം താരതമ്യംചെയ്തു നിർണ്ണയിക്കുക.
16. നിഴൽ, പകലിൽനിന്നു കഴിഞ്ഞ ഭാഗം, ഉദയം.
17. ഭാഗികമായ സൂര്യഗ്രഹണം
18. മാസപ്പിറവി നിർണ്ണയം
19. 'ഖത്'ക്കിലും (ആൾജിബ്രയിലും) മറ്റും ഉത്തരം കണ്ടെത്താൻ കൈകൊള്ളുന്ന മാർഗ്ഗം.
20. നിഴലുകളുടെ സ്ഥിതിഗതികൾ.
21. പദ്യങ്ങളുടെ വൃത്തങ്ങളും പാദങ്ങളും.
22. വൃത്തങ്ങളും ചില ഉപകരണങ്ങളും
23. സൂര്യൻ, ഉദയം, ചന്ദ്രൻ, ഞാറ്റുവേല എന്നിവ മുഖേന സമയം നിർണ്ണയിക്കുക.
24. അക്കങ്ങളുടെയും തൂക്കങ്ങളുടെയും അടയാളങ്ങൾ.

ഇങ്ങനെ ഇരുപത്തിനാല് അധ്യായങ്ങളാണ് അവ. ഇരുപത്തി അഞ്ചാം അധ്യായമായ 'ധ്യാനഗ്രഹത്' എന്നതിൽ ചിന്തിച്ച് ഉത്തരം കണ്ടെത്തുന്നതിന്റെ വിവരണങ്ങളാണ്; കണക്കുവഴിയായി കണ്ടുപിടിക്കുകയല്ല. അതിനാലാണ് ആ അധ്യായം ഞാനിവിടെ ഉദ്ധരിക്കാത്തത്.

സിദ്ധാന്തത്തിന്റെ നിലവാരത്തിലെത്താത്തവയ്ക്ക് 'തന്ത്രം' (യുക്തി അനുസരിച്ചു പ്രവർത്തിക്കുക) എന്നോ, 'കാരണം' (സിദ്ധാന്തത്തെ അനുസരിക്കുന്നവ) എന്നോ പറയുന്നു. അവയനുസരിച്ചു പ്രവർത്തിക്കുന്നവർക്ക് 'ആചാര്യ' (ബ്രഹ്മാവിന്റെ അനുയായി) എന്നും പറയുന്നു. 'ആര്യഭട്ടൻ', 'ബലഭദ്രൻ' എന്നിവർക്കു വെവ്വേറെ തന്ത്രങ്ങളുണ്ട്. 'വാഹനർ' എന്നയാൾക്കു രസായനതന്ത്രം എന്നൊരു ഗ്രന്ഥവും ബ്രഹ്മഗുപ്തനു 'കർണ്ണ കണ്ഡകാതിക' എന്നൊന്നും ഉണ്ട്. ഈ വാക്ക് അവർക്കിടയിൽ പ്രചാരത്തിലുള്ള ഒരു പലഹാരത്തിന്റെ പേരാണത്രേ. ഇങ്ങനെ പേരുവെക്കാനുള്ള കാരണത്തെ സംബന്ധിച്ചു ഞാനിപ്രകാരം കേട്ടിട്ടുണ്ട്:

ബുദ്ധമതക്കാരനായ 'സുഗ്രേമ' 'ദദ്ദസാഗർ' (മാസ്സിന്റെ സമുദ്രം) എന്ന പേരിൽ ഒരു ചെറുപുസ്തകം രചിച്ചു. അദ്ദേഹത്തിന്റെ ഒരു ശിഷ്യൻ 'കുറവെവ്യ' (അരിമല) എന്നൊരു ഗ്രന്ഥവും രചിച്ചു. പിന്നീട് 'ഇന്തൻ' 'ലൂനമശ്ത്' (ഒരുപിടി ഉപ്പ്) എന്ന പേരിൽ ഒരു പുസ്തകം രചിച്ചപ്പോൾ ബ്രഹ്മഗുപതൻ തന്റെ ഗ്രന്ഥത്തിന്, ഭക്ഷണങ്ങളുടെ എല്ലാ ഇനങ്ങളും പൂർത്തിയാവാൻ വേണ്ടി, 'കർണ്ണകണ്ഡകാതിക' (ഹലുവാ പലഹാരം) എന്നു പേരുനല്കി. ഈ പുസ്തകം ആര്യഭട്ടന്റെ അഭിപ്രായമനുസരിച്ച് എഴുതിയതാണ്. ഇതിന്റെ തുടർച്ചയായി 'ഉത്രകണ്ഡകാതിക' (രേഖാമൂലം തെളിയിക്കുക) എന്ന പേരിൽ അദ്ദേഹത്തിന്റെ മറ്റൊരു ഗ്രന്ഥവും കൂടിയുണ്ട്. കൂടാതെ, 'കണ്ഡകാതികതപ്പ' എന്നൊരു ഗ്രന്ഥവും കൂടി കാണുന്നുണ്ട്. അതിന്റെ കർത്താവ് ആരാണെന്നു മന

സ്സിലായിട്ടില്ല. അതിൽ ഉപയോഗിച്ച സംഖ്യകളും അവയിൽ വന്നുപോയ പിശകുകളും വിവരിച്ചിട്ടുണ്ട്. ബലഭദ്രന്റേതാണ് ഈ പുസ്തകമെന്നു ഞാനൂഹിക്കുന്നു. വിജയാനന്ദിന് (മറ്റുള്ളവയെ പിന്തുടരുന്ന നക്ഷത്രങ്ങളുടെ ഉദയം) എന്ന അർത്ഥത്തിൽ 'കർണ്ണ തിലകം' എന്ന ഒരു ചെറു ഗ്രന്ഥമുണ്ട്. നാഗപ്പൂരിലെ 'മിഹത്ത്' മകൻ 'വിദ്വേശരൻ' എന്നയാൾക്ക് 'കർണ്ണസാരം' എന്നൊരു കൃതിയുണ്ട്. 'കർണ്ണ പർത്തിലക്' (അന്യോന്യം ശക്തി പ്രദാനം ചെയ്യുന്ന നക്ഷത്രങ്ങൾ) എന്നൊരു പുസ്തകം 'വാഹനറി'ന്റെ പേരിലറിയപ്പെടുന്നു. കാശ്മീർകാരനായ 'ഉപ്പൽ' എന്നയാൾക്ക് 'രാഹരാഗരൻ' (പിന്തുടർന്നു ചലിക്കുന്ന നക്ഷത്രങ്ങളെ എതിർക്കുന്നവ) എന്ന മറ്റൊരു കൃതിയുണ്ട്. 'കർണ്ണ പതം' (അവയെ നശിപ്പിക്കുന്നവ) എന്ന മറ്റൊരു കൃതിയുമുണ്ട്. 'കർണ്ണ ചൗരമൻ' എന്നൊരു ഗ്രന്ഥം കാണുന്നുണ്ട്. കർത്താവിനെ അറിയുന്നില്ല. പിന്നെയും ഏതദ്വിഷയകമായി ധാരാളം പുസ്തകങ്ങൾ ഉണ്ട്. മനുവിന്റെ 'മാനസും' അതിന് 'ഉപ്പൽ' നല്കിയ വ്യാഖ്യാനവും 'പുഞ്ചൽ' ചുരുക്കി എഴുതിയ 'ചെറിയ മാനസും' ആര്യഭട്ടന്റെ 'ദശഗീതകും' ആര്യഷഷ്ഠം, ലോകാനന്ദന്റെ 'ലോകാനന്ദം' എന്ന ഗ്രന്ഥവും ഭട്ടലയുടെ 'ഭട്ടല' എന്ന ഗ്രന്ഥവും ഉദാഹരണത്തിനായി നമുക്കെടുക്കാം.

എന്നാൽ, നക്ഷത്രനിയമങ്ങളെ പറ്റി 'മാധവ്യ', 'പരാശർ', 'ഗർഗ്', 'വരാഹമിഹിരൻ', 'ബലഭദ്രൻ' 'ദിവ്യദത്ത്', 'ബ്രഹ്മൻ' എന്നിവർക്കെല്ലാം 'സംഹിത' എന്ന പേരിൽ പുസ്തകങ്ങളുണ്ട്. എല്ലാ കാര്യങ്ങളും ഇവയിൽ പ്രതിപാദിച്ചു കാണാം. യാത്രാകുറിപ്പുകൾ, അന്തരീക്ഷ സംഭവങ്ങൾ, രാഷ്ട്രീയ കാര്യങ്ങൾ ലക്ഷണങ്ങൾക്കൊണ്ടുള്ള കാര്യഗ്രഹണം, പക്ഷിലക്ഷണങ്ങൾ തുടങ്ങിയവ അതിൽ ഉൾപ്പെടുന്നു. അവിടത്തെ പണ്ഡിതന്മാർ പൂർണ്ണമായും അവയിൽ വിശ്വസിക്കുന്നു. ലോകകാര്യങ്ങൾ നക്ഷത്രങ്ങൾ വഴി അറിയുന്നതിനു 'സംഹിത' എന്ന് അവർ പറയുന്നു. പരാശർ, സത്ത്, മനിത്ത്, ജംബശ്രം' ഗ്രീക്കുകാരനായ 'മൗ' എന്നിവർക്കെല്ലാം ജാതക ഗ്രന്ഥങ്ങളുണ്ട്. വരാഹമിഹിരനു ചെറുതും വലുതുമായ രണ്ട് ഗ്രന്ഥങ്ങളുണ്ട്. ബലഭദ്രൻ അതിന് ഒരു വ്യാഖ്യാനം എഴുതിയിട്ടുണ്ട്. അവയിൽ ചെറുത് ഞാൻ അറബിയിലേക്കു പരിഭാഷപ്പെടുത്തി. ജാതക ശാസ്ത്രത്തിൽ അവർക്കു വലിയൊരു ഗ്രന്ഥമുണ്ട്. 'സാരാവലി' (തിരഞ്ഞെടുക്കപ്പെട്ടവ) എന്നാണതിന്റെ പേര്. 'കല്യാണവർമ്മ'യുടെ 'പസീദഗ്' പോലെയാണത്. 'ജവൻ' എന്ന പേരിൽ എല്ലാ കാര്യങ്ങളും ഉൾക്കൊള്ളുന്ന ഒരു മഹാഗ്രന്ഥം ഗ്രീക്കുകാർക്കുണ്ട്. 'വരാഹമിഹിര'നു പല ചെറിയ പുസ്തകങ്ങളുള്ളതിൽ 55 അധ്യായങ്ങളുള്ള 'കഥപഞ്ചാശക്' എന്ന പുസ്തകവും, 'ഹോരവഞ്ചഹക്രീ' എന്ന പുസ്തകവും ഉൾപ്പെടുന്നു. യാത്രകളെ കുറിച്ച് 'യുഗ്യാത്ര' 'തിഗ്നിയാത്രാ' എന്നീ ഗ്രന്ഥങ്ങളും വൈവാഹിക വിഷയത്തിൽ 'വിവാ

ഹാപ്തൽ' എന്ന പുസ്തകവും എടുപ്പുകളെ കുറിച്ചു വിവരിക്കുന്ന ചില ഗ്രന്ഥങ്ങളും അവർ എഴുതിയിട്ടുണ്ട്. പക്ഷിലക്ഷണം, ശുഭ ലക്ഷണം എന്നിവയിൽ 'സർവ്വദേവ്' എന്നൊരു ഗ്രന്ഥമുണ്ട്. ഇതിനു മൂന്നു വകുപ്പുകളുള്ളതിൽ ഒന്ന് മഹാദേവന്റേതും രണ്ടാമത്തേത് 'വിമലബുദ്ധ'ന്റേതും മൂന്നാമത്തേത് 'ബൻഗലി'യുടേതുമാണ്. ബുദ്ധൻ അദൃശ്യകാര്യങ്ങൾ അറിയുന്നതിനെ കുറിച്ച് 'ചൂമൻ' എന്നൊരു ഗ്രന്ഥം രചിച്ചിട്ടുണ്ട്. ഉപ്പൽ അദൃശ്യപ്രശ്നങ്ങൾ എന്ന പേരിൽ 'പ്രശ്ന ചൂരമൻ' എന്നൊരു ഗ്രന്ഥവും എഴുതിയിട്ടുണ്ട്. 'പുരോദ്ധമൻ', 'സങ്കൽ', 'ദിവാകരൻ', 'പരാശർ', 'സരസ്വതി', 'പിറുവാന', 'ദേവകീർത്ത്', 'തത്വക സ്വാമി' എന്നീ പുസ്തകങ്ങൾ മറ്റു ചില പണ്ഡിതന്മാരുടേതാണ്.

മതവുമായി ബന്ധമില്ലെങ്കിലും വൈദ്യശാസ്ത്രം ജ്യോതിഷത്തോടുകൂടി ഒരു നൂറ്റാണ്ടിൽ തന്നെയാണ് അവർക്കിടയിൽ പ്രസിദ്ധമായത്. വൈദ്യത്തിൽ ഏറ്റവും പ്രസിദ്ധിയാർജ്ജിച്ച ഗ്രന്ഥമാണ്, 'ചരക' എന്ന ആൾ നിർമ്മിച്ച അതേ പേരിലറയിപ്പെടുന്ന പുസ്തകം. 'ദ്വാപരി'ലുള്ള ഒരു ഋഷിയായിരുന്നു ഇദ്ദേഹം. 'അഗ്നിവേശൻ' എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്, പിന്നീട് വൈദ്യത്തിൽ പ്രസിദ്ധി നേടിയപ്പോൾ 'ചർക്' (ചരകൻ, ബുദ്ധിമാൻ) എന്ന പേര് സിദ്ധിച്ചു. 'സൂത്ര' സന്താനങ്ങളായ ഋഷിമാരിൽനിന്നാണ് അദ്ദേഹം വൈദ്യം പഠിച്ചത്. അവർ ഇന്ദ്രനിൽനിന്നും അദ്ദേഹം ദേവന്മാരുടെ രണ്ട് വൈദ്യന്മാരിലൊരാളായ 'അശ്വനിനി'ൽ നിന്നും പഠിച്ചു. 'പ്രജാപതി'യിൽ (ആദ്യ പിതാവായ ബ്രഹ്മാവ്)നിന്നാണ് 'അശ്വനിൻ' പഠിച്ചത്. പ്രസ്തുത പുസ്തകം 'ബർമക്കി'കൾക്കുവേണ്ടി അറബിയിലേക്കു പരിഭാഷപ്പെടുത്തിയിട്ടുണ്ട്.

മേൽ പ്രസ്താവിച്ചവ കൂടാതെ ശാസ്ത്രപരമായും കലാപരമായും അസംഖ്യം ഗ്രന്ഥങ്ങൾ ഇന്ത്യക്കാർക്കുണ്ട്. പക്ഷേ, എനിക്ക് അവയെല്ലാം മനസ്സിലാക്കാൻ കഴിഞ്ഞില്ല. നമ്മുടെ ഇടയിൽ 'കലീല വ ദിംന' എന്നറിയപ്പെടുന്ന 'പഞ്ചതന്ത്രം' അറബിയിലേക്കു പരിഭാഷപ്പെടുത്താൻ എനിക്കു കഴിഞ്ഞെങ്കിൽ എന്നു ഞാൻ ആശിക്കുകയാണ്. കാരണം, ആ കൃതി പേർഷ്യൻ ഭാഷയുടെയും ഇന്ത്യൻ ഭാഷയുടെയും, അതിനു ശേഷം അറബി ഭാഷയുടെയും പേർഷ്യൻ ഭാഷയുടെയും ഇടയിൽ കുടുങ്ങിക്കിടക്കുകയാണ്. ഈ പരിഭാഷകൾ വിശ്വാസയോഗ്യമല്ല. കാരണം, അറബിഭാഷയിലേക്കു പരിഭാഷപ്പെടുത്തിയ 'ഇബ്നുൽ മുഖഫ്ഫഅ്' വിശ്വാസബലമില്ലാത്തവരെ സംശയിപ്പിക്കാനും 'മാനി' പ്രസ്ഥാനത്തിനു പ്രചാന വേല ചെയ്യാനുമായി 'ബെർസവൈഹി' എന്നൊരു അദ്ധ്യായം ഇതിൽ കൂട്ടിച്ചേർത്തിട്ടുണ്ട്. പ്രക്ഷിപ്തം എന്ന കുറ്റത്തിനു പാത്രമായിരിക്കുന്നതിനാൽ അദ്ദേഹത്തിന്റെ വിവർത്തനം സംശയരഹിതമല്ല.

അധ്യായം 15

# ഇന്ത്യക്കാരുടെ അളവുകളെയും തൂക്കങ്ങളെയും കുറിച്ച് ചില വിവരങ്ങൾ

നിർണ്ണയിക്കുക എന്നതു പ്രകൃത്യാ തന്നെ മനുഷ്യനുള്ള ഒരു ഗുണമാണ്. ഒരു വസ്തു മറ്റൊന്നിനെ അപേക്ഷിച്ചു നിർണ്ണയിക്കപ്പെടുന്നു. തൂക്കംകൊണ്ട് വസ്തുക്കളുടെ കനം കണക്കാക്കുന്നു. നാണയങ്ങളും ചില്ലറകളും എണ്ണിക്കണക്കാക്കുന്നതുകൊണ്ട് അവയ്ക്ക് ഇന്ത്യക്കാർ തൂക്കം ഉപയോഗിക്കാറില്ല. പൊന്ന് കണക്കാക്കുന്നത് തൂക്കിയാണ്. ഒരു പ്രത്യേക തൂക്കത്തിന് അവർ 'സ്വർണം' എന്നും അതിന്റെ നാലിൽ മൂന്ന് ഭാഗത്തിന് (¾) 'തോല' എന്നും പറയുന്നു. നാം 'മിസ്ഖാൽ' ഉപയോഗിക്കുന്നതുപോലെയാണ് അവർ 'തോല' ഉപയോഗിച്ചു വരുന്നത്. ഒരു തോല നമ്മുടെ രണ്ട് മിസ്ഖാലും അതിന്റെ പത്തിലൊന്നും ('മിസ്ഖാൽ'= 2'തോല'+ 1/10'തോല') ആണ്. ഒരു തോലയുടെ പന്ത്രണ്ടിലൊന്നിന് (1/12) 'മാഷ്' എന്നു പറയുന്നു. ഒരു സ്വർണ്ണം പതിനാറ് മാഷിനു തുല്ല്യമാണ്. ഒരു 'മാഷ്' നാല് 'അന്ധി'യത്രെ. 'ഗർവ്' മരത്തിന്റെ വിത്തിനാണ് 'അന്ധി' എന്നു പറയുന്നത്. ഒരു അന്ധി നാല് 'ജവ'യും ഒരു ജവ ആറേകാൽ (6¼) 'കല'യും ഒരു കല നാല് 'പാദ'യും ഒരു പാദ നാല് 'മദ്രി'യുമാണ്. അപ്പോൾ ഒരു സ്വർണ്ണം = 16 മാഷ്/ 1600കല; 64 അന്ധി/6400 പാദ; 256 ജവ/25600 മദ്ര; ആകുന്നു. പതിനാറ് മാഷിന് 'ദൃക്ഷം' എന്നാണു പേര്. 'ദൃക്ഷം' എന്താണെന്നു ചോദിച്ചപ്പോൾ രണ്ട് ദൃക്ഷം കൂടിയാൽ ഒരു 'മിസ്ഖാൽ' എന്ന് അവർ പറയുകയുണ്ടായി. പക്ഷേ, അതു ശരിയല്ല. കാരണം, ഒരു മിസ്ഖാൽ 5⁵⁄₇ മാഷാണ്. ദൃക്ഷത്തിന്റെയും മിസ്ഖാലിന്റെയും ഇടയിലുള്ള ബന്ധം ഇരുപതും ഇരുപത്തി ഒന്നും തമ്മിലുള്ള ബന്ധം പോലെയാണ്. അപ്പോൾ ഒരു ദൃക്ഷം 1 മിസ്ഖാലാണ്. അതായത്, പ്രസ്തുത മറുപടി തന്നയാൾ സുമാർ കണക്കാക്കിയതാവണം. ഒരു നാട്ടിലെ ഒരു തൂക്കം അതേപേരിലുള്ള മറ്റൊരു നാട്ടിലുള്ള തൂക്കവുമായി പേരിലൊത്താലും

ഫലത്തിലൊക്കണമെന്നില്ല. സോമനാഥ നിവാസികളിൽ ഒരാൾ ഇപ്ര കാരം പറയുകയുണ്ടായി: "അവരുടെ മിസ്ഖാലും നമ്മുടെ മിസ്ഖാലും ഒന്നാണെന്നും അവരുടെ മിസ്ഖാൽ 8 രൂപയും ഒരു രൂപ = 2 'പാല'യും ഒരു പാല = 16 'ജവ'യും ആണെന്നും. ഈ കണക്കിൽനിന്ന് അദ്ദേഹ ത്തിന്റെ അഭിപ്രായം തെറ്റാണെന്നും അവരുടേത് 'തോല'യാണെന്നും മിസ്ഖാലല്ലെന്നും വ്യക്തമാണല്ലോ. 'മാഷ'യ്ക്ക് രൂപ എന്നാണ് അദ്ദേഹം ഉപയോഗിച്ചത്.

തൂക്കത്തിൽ കൂടുതൽ ചെറിയ ഭാഗങ്ങൾ പോലും കണക്കാക്കു ന്നതിനു ചില ആളുകൾ ശ്രദ്ധിക്കാറുണ്ട്. 'വരാഹമിഹിരൻ' ബിംബ ങ്ങളെ നിർമ്മിക്കുന്ന വിഷയത്തിൽ ഇങ്ങനെ ഗണിക്കുന്നു: 10 'ധൂളി' = 1 'റജൂ' , '8 റജൂ = 1 ബാലഗ്ര്' (മുടിയുടെ അറ്റം), '8 ബാലഗ്ര് = 1 ലിംഗ്' (പേൻമുട്ട), '8 ലിംഗ് = 1 'യൂകം' , '8 യൂകം = 1 ജവം' അളവിന്റെ മാതൃ കകളുടെ കണക്ക് അങ്ങനെ പോവും. തൂക്കങ്ങളിൽ മേൽ ഉദ്ധരിച്ചതി നോട് അദ്ദേഹം യോജിക്കുന്നു. ഉണക്ക സാധനങ്ങളുടെ തൂക്കത്തെ കുറിച്ച് അദ്ദേഹം ഇപ്രകാരം പറയുന്നു: '4 ഫലം = 1 കുറബ്', '4 കുറബ് = 1 പ്രസ്തു' , '4 പ്രസ്തു = 1 ആർഹാ', 4 പച്ചയാണെങ്കിൽ 8 ഫലം = കുറബ്. കുറബ് = ഒരു പ്രസ്തു.'4 പ്രസ്തു = 1 ആർഹാ' '4 ആർഹാ = 1 ദ്രൂൺ'.

'ചരക' എന്ന പുസ്തകത്തിൽ വിവരിച്ച ചില തൂക്കങ്ങൾ താഴെ ചേർക്കാം: (അറബി കോപ്പിയിൽനിന്നാണ് എനിക്കതു കിട്ടിയത്) അവ ശരിയല്ലെന്നാണ് എന്റെ അഭിപ്രായം. നമ്മുടെ സമകാലികന്മാരിൽ ചിലർ അവർ ഉദ്ധരിക്കുന്ന വിഷയങ്ങളിൽ ശരിയും തെറ്റും അത്ര ഗൗനി ക്കാറില്ല. 'അത്തരി' പറയുന്നു: '6 അണു = (ധൂളി) 1 മീർച്ച', '6 മീർച്ച = 1 കടുമണി', '8 കടുമണി= 1 അരിമണി', '2 അരിമണി = 1 പയർ', '2 പയർ = 1 അന്ധി', '1 അന്ധി = ഒരു ദാനീക്കിന്റെ 1/8', 'ഒരു ദിർഹം = 7 ദാനീക്ക്', 4 അന്ധി = ഒരു മാഷ്', 8 മാഷ് = ഒരു ജാൻ', 2 ജാൻ = ഒരു കൃഷ്' (സ്വർണ്ണം), നാല് സ്വർണ്ണവും രണ്ട് ദിർഹമും കൂടിയാൽ ഒരു ഫലം: 4 ഫലം = 1 കുറബ്', 4 കുറബ് = ഒരു പ്രസ്തു, 4 പ്രസ്തു = ഒരു ആർഹ, 4 അർഹ = ഒരു ദ്രോൺ, 2 ദ്രോൺ = ഒരു ശർവ്, 2 ശർവ്= ഒരു ജന്ന. 'ഫലം' ഇന്ത്യയിലെ വ്യാപാരങ്ങളിൽ ഉപയോഗിക്കാറുണ്ട്. അതിന്റെ തൂക്കങ്ങൾ പല വിധത്തിലാണ്. ചിലർ അത് (ഫലം) 'മന' യുടെ 1/15 ആണെന്നും, മറ്റുചിലർ 14 മിസ്ഖാലാണെന്നും പറയുന്നു. എന്നാൽ, ഒരു മന 210 മിസ്ഖാൽ അല്ല. വേറെ ചിലർ പറയുന്നത് 16 മിസ്ഖാലാണെന്നാണ്. ഒരു മന 240 മിസ്ഖാലല്ല. നാലാമത്തെ ഒരു കൂട്ടർ പറയുന്നത് ഒരു ഫലം 15 ദിർഹമാണെന്നും ഒരു മന 225 ദിർഹമ ല്ലെന്നുമാണ്. അത്തരിയുടെ അഭിപ്രായമനുസരിച്ച് അർഹ 64 ഫലം ആകുന്നു. (അതായത് 128 ദിർഹം); ഇത് ഒരു റാത്തലിന് തുല്ല്യമാണ്.

പക്ഷേ, ഒരു അന്ധി ഒരു ദാനീക്കിന്റെ ⅛ ആകുമ്പോൾ ഒരു സ്വർണം 64 അന്ധിയാവും. അപ്പോൾ അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഒരു ദിർഹം 32 അന്ധിയാവും. ഒരു അന്ധി ഒരു ദാനീക്കിന്റെ ⅛ ആകുമ്പോൾ, 32 അന്ധി 4 ദാനീക്കാണെന്നു വരുന്നതാണ്. അതിന്റെ ഇരട്ടിയായി 1⅓ ദിർഹം. 2 ദിർഹമിനേക്കാൾ കൂടുതലാണെന്നു പറയേണ്ടതില്ലല്ലോ? (ഇതു പരിഭാഷയിൽ വന്ന അശ്രദ്ധകൊണ്ടും വിവിധ അഭിപ്രായങ്ങൾ കൂട്ടിക്കലർത്തിയതുകൊണ്ടും ഉണ്ടായ അബദ്ധമാകുന്നു) എന്നാൽ, സ്വർണ്ണം നമ്മുടെ മൂന്ന് ദിർഹമിനോടു തുല്ല്യമാണെന്ന അഭിപ്രായപ്രകാരവും സ്വർണ്ണം ഫലത്തിന്റെ ¼ ആണെന്നതിൽ ഇന്ത്യക്കാർക്ക് അഭിപ്രായ വ്യത്യാസമില്ലെന്ന നിലയ്ക്കും ഒരു ഫലം പന്ത്രണ്ട് ദിർഹമാണെന്നു വരും. ഇനി ഫലം മനയുടെ 1/15 ആണെന്നു വരുമ്പോൾ ഒരു മന 180 ദിർഹമത്രെ. ഇതിൽനിന്ന് ഊഹിക്കാവുന്നത് ഒരു സ്വർണ്ണം നമ്മുടെ മൂന്ന് മിസ്ഖാലാണെന്നും ദിർഹമല്ലെന്നുമാണ്. 'സംഹിത'യിൽ വേറൊരിടത്ത് 'വരാഹമിഹിരൻ' ഇപ്രകാരം പറയുന്നു: 'വ്യാസവും' 'ഉയരവും' ഓരോ മുഴം വരുന്ന വട്ടത്തിലുള്ള ഒരു പാത്രം മഴയത്തു വെച്ചു വെള്ളം നിറച്ചതിന്റെ ശേഷം എടുത്ത് 200 ദിർഹം മാത്രം കൊള്ളുന്ന വേറൊരു അളവു പാത്രം കൊണ്ട് അളക്കുക. ഇങ്ങനെ നാല് പ്രാവശ്യം അളക്കുമ്പോൾ ആർഹ് ആയിത്തീരുന്നു. ഇതൊരു ഏകദേശ കണക്കു പറഞ്ഞതാവാം. കാരണം, ഒരു ആർഹ് 768 ദിർഹമോ അല്ലെങ്കിൽ മിസ്ഖാലോ (ഞാൻ മനസ്സിലാക്കിയതനുസരിച്ച്) ആണെന്നാണ് മേൽ പ്രസ്താവിച്ചത്.

'ശ്രീവാൻ' 'വരാഹമിഹിരനി'ൽനിന്ന് ഇപ്രകാരം ഉദ്ധരിക്കുന്നു: 50 ഫലം 256 ദിർഹമാണ്. അതൊരു ആർഹയാകുന്നു. അദ്ദേഹത്തിന്റെ ഈ ഉദ്ധരണം ശരിയല്ല. ഈ തുക ആർഹക്കുള്ള സ്വർണ്ണത്തിന്റെ തൂക്കമാണ്. അതിന്റെ ഫലം 64 ആണ്; 50 അല്ല. 'ജീവേശ്വരൻ' ഈ തുകകൾക്ക് നല്കിയ വിശദീകരണം (ഞാൻ കേട്ടതനുസരിച്ച്) ഇപ്രകാരമാണ്: '4 ഫലം = ഒരു കുറബ്, 4 കുറബ് = ഒരു പ്രസ്തു, 4 പ്രസ്തു = ഒരു ആർഹ്, 4 ആർഹ് = ഒരു ദ്രോൺ, 20 ദ്രോൺ= ഒരു ഖാർ. ഒരു സ്വർണ്ണം പതിനാറ് മാഷാണെന്നു നാം ആദ്യമായി അറിഞ്ഞിരിക്കേണ്ടതാണ്. ഗോതമ്പ് മുതലായ ധാന്യങ്ങളുടെ തൂക്കമാണെങ്കിൽ 4 സ്വർണ്ണം ഒരു ഫലമാകുന്നു. വെള്ളം, എണ്ണ മുതലായവയുടെ തൂക്കമാണെങ്കിൽ 8 സ്വർണ്ണം ഒരു ഫലമായിരിക്കും. ഇന്ത്യക്കാർ ചരക്കുകൾ തൂക്കാൻ ഉപയോഗിക്കാറുള്ളത് 'ഖറസ്തൂനാത്ത്' (വെള്ളിക്കോൽ) കൊണ്ടാണ്. ഒരു തുലാം വരെ അതിൽ തൂക്കാം. അതിന്മേൽ ഒന്നുമുതൽ അഞ്ച് വരെ തുടർച്ചയായും പിന്നെ പത്തും അതിനു ശേഷം പത്ത് വീതം കൂട്ടി നൂറ് വരെയും അക്കങ്ങളുണ്ട്. ഇങ്ങനെ പത്ത് വീതം നൂറ് വരെ കൂട്ടാനുള്ള കാരണം 'വാസുദേവൻ' തന്റെ മാതൃ സഹോദരി

യുടെ പുത്രൻ 'ശിശുപാലന്' പത്ത് പ്രാവശ്യം മാപ്പു നല്കുമെന്നും അതിനുശേഷം തെറ്റുചെയ്താൽ ശിക്ഷ നല്കുമെന്നും പറഞ്ഞതാണെന്ന് അവർ വിശ്വസിക്കുന്നു. (വാസുദേവന്റെ സംഭവം പിന്നീടു വിവരിക്കുന്നതാണ്) 'ഫിസാരി' തന്റെ ചെറു ഗ്രന്ഥത്തിൽ 'ഫൽ' (ഫലം) മിനുട്ടിനുപയോഗിച്ചു കാണുന്നുണ്ട്. ഇന്ത്യക്കാരുടെ ഒരു പുസ്തകത്തിലും ഈ അർത്ഥത്തിൽ 'ഫൽ' ഉപയോഗിച്ചതായി ഞാൻ കേട്ടിട്ടില്ല. പക്ഷേ, പൂർവ്വ മാസങ്ങൾക്കുള്ള ഏറ്റക്കുറച്ചിലുകൾക്ക് ഈ വാക്ക് അവർ ഉപയോഗിക്കാറുണ്ട്. 'ഭാർ' എന്നൊരു അളവും ഇന്ത്യക്കാർക്കുണ്ട്. അതിനെ കുറിച്ചു പിന്നീട് 'സിന്ദ്' വിജയത്തെ പറ്റി പ്രതിപാദിക്കുമ്പോൾ പറയുന്നതാണ്. 2,000 ഫലം (ഫൽ) തൂക്കത്തിനു തുല്ല്യമാണിത്. 20 നൂറ് ഫൽ (ഫലം) എന്നാണവർ അതിനു പറഞ്ഞത്. ഇതൊരു കാളയുടെ തൂക്കമാണെന്നു തോന്നുന്നു.

എന്നാൽ, അളവ് എന്നത് വസ്തുക്കളുടെ ശരീരവും ഘനവും കണക്കാക്കാനുള്ള മാർഗ്ഗമാണ്. ഒരേ ജാതിയിലുള്ള വസ്തുക്കളുടെ ഒരേ ഇനത്തിലുള്ള രണ്ടെണ്ണം തൂക്കത്തിൽ സമമാകുന്നതാണ്. ജാതി മാറിയാൽ അളവും തൂക്കവും വ്യത്യസ്തമാകും. 'സബി' എന്ന പേരിൽ അവർക്കൊരു അളവുപാത്രമുണ്ട്. 'കനൂജി'കളും 'സോമനാഥ'ക്കാരും ഇതിനെ സംബന്ധിച്ചു പറഞ്ഞിട്ടുണ്ട്. കനൂജികൾ ഇങ്ങനെ പ്രസ്താവിക്കുന്നു: 'സബിയുടെ നാലിരട്ടി ഒരു പ്രസ്തു ആണെന്നും അതിന്റെ ¼ നു 'ക്രോ' എന്നും പറയുന്നു. സോമനാഥക്കാർ പറയുന്നതിങ്ങനെയാണ്: സബിയുടെ പതിനാറ് ഇരട്ടി ഒരു 'പതു' 12 പതു = ഒരു 'മോറ.' മറ്റൊരു നിലയിൽ അവർ പറയുകയാണ്: 12 സബി = ഒരു കലസ, അതിന്റെ ¼ ഒരു മന. ഗോതമ്പും മറ്റും അളക്കുമ്പോൾ ഒരു സബി 5 മനയത്രെ. അപ്പോൾ ഒരു സബി 20 മനയാവും. അതിപ്പോൾ 'ഖവാറസ്മി'ലെ 'സുഖ്' എന്നതിനോടു തുല്ല്യമാകുന്നു. 'കലസ' എന്നത് 'ഗുറ' എന്നതിനോടു തുല്ല്യമാണ്. (സുഖിന്റെ 12 ഇരട്ടി)

സാധനങ്ങളുടെയും ഭൂമിയുടെയും വീതി, ഘനം എന്നിവ അറിയാൻ കോലളവ് ഉപയോഗിക്കുന്നു. നാം വരാഹമിഹിരന്റ ഉദ്ധരണത്തിൽ ഗോതമ്പുമണിയുടെ തുക വിവരിച്ച ശേഷം ഘനം വിവരിച്ചു. ഇപ്പോൾ വിഷയത്തിലേക്കു തന്നെ മടങ്ങാം. 8 ഗോതമ്പുമണി നിരത്തിവെച്ചാൽ ഒരംഗുലവും, നാല് അംഗുലം = ഒരു റാം (പിടിയും) 24 വിരൽ = (അംഗുലം) ഒരു ഹത്ത(മുഴം)യും 4 മുഴം (ഹാത്ത)= ഒരു ധനു(വില്ല്)വും ആകുന്നു. (ഇതിനു വാര എന്നും പറയുന്നു) നാൽപത് വില്ല് = ഒരു നല്ല, ഇരുപത്തി അഞ്ച് നല്ല= ഒര ഗ്രൂഹ്, ആകുന്നു. ഒരു ഗ്രൂഹ് = 4,000 മുഴമാണ്. നമ്മുടെ ഒരു മൈൽ 4,000 മുഴമാണെന്നു വരുമ്പോൾ ഒരു മൈലും ഒരു ഗ്രൂഹും സമമാകും. ഇതുപോലെത്തന്നെ ഗ്രീക്കുകാരനായ പോൾസ് തന്റെ സിദ്ധാന്തത്തിൽ ഒരു ഗ്രൂഹ് 4,000 മുഴമാണെന്നു പറയുന്നുണ്ട്.

ഒരു മുഴം രണ്ട് മിഖ്യാസ് ആണ്. (24 വിരൽ) ഇന്ത്യക്കാർ ശംഖിനെ ബുദ്ധന്റെ വിരൽ കൊണ്ട് മിഖ്യാസായി കണക്കാക്കുന്നു. മിഖ്യാസിന്റെ 1/12 ന് നമ്മെപ്പോലെ തന്നെ അവരും വിരൽ എന്നു പറയുന്നു. പക്ഷേ, അവരുടെ മിഖ്യാസ് ഒരു ചാണിനു തുല്ല്യമാണ്. ചാണിനവർ 'വതസ്ത' എന്നും 'കിശക്ക്' എന്നും പറയുന്നു. ചെറുവിരലിന്റെ അഗ്രം വരെയുള്ള ദൂരം ഗോഗ്രൻ, ചൂണ്ടുവിരലിന്റെ അഗ്രം മുതൽ തള്ളവിരലിന്റെ അഗ്രം വരെയുള്ള ദൂരത്തിന് 'ഫിതൃ' അല്ലെങ്കിൽ 'കുറബ്' എന്നും പറയുന്നു. $2/3$ ചാൺ എന്നും കണക്കാക്കാറുണ്ട്. എന്നാൽ, നടുവിരലിന്റെ അറ്റം മുതൽ തള്ളവിരലിന്റെ അറ്റം വരെയുള്ള ദൂരത്തിനു 'താലി' എന്നാണവർ പറയുന്നത്. ഒരു ശരീരം എത്ര വലുതാണെങ്കിലും എത്ര ചെറുതാണെങ്കിലും ആ ശരീരത്തിന്റെ അളവ് ഇതുകൊണ്ട് അളന്നാൽ 8 ഇരട്ടി ആകും. ഇതുപോലെ തന്നെ ഒരു കാലടി ശരീരത്തിന്റെ 1/7 ആയിരിക്കുമെന്ന് അവർ പറയുന്നുണ്ട്. സംഹിതയിൽ ബിംബ നിർമ്മാണത്തെ സംബന്ധിച്ചു പറഞ്ഞിടത്ത് ഉള്ളംകൈയുടെ വികാസം 7 നീളത്തിൽ ആറും, നടുവിരലും മോതിരവിരലും അഞ്ചും, ചൂണ്ടുവിരൽ നടുവിരലിനേക്കാൾ 1/6 കുറവും, ചെറുവിരൽ നടുവിരലിന്റെ 1/3 കുറവും, തള്ളവിരൽ നടുവിരലിന്റെ $2/3$ ഉം ആകുമെന്നു കണക്കാക്കിയിട്ടുണ്ട്. ഈ കണക്കുകൾ ബിംബത്തിന്റെ വിരൽ കൊണ്ടാണ് അളക്കുന്നത്. ഗ്രൂസ് (ഗ്രൂഹ്) ഒരു മൈലാണെന്നു കണ്ടുവല്ലോ. എന്നാൽ, 'യോജന' എന്നൊരു അളവും അവർ ഉപയോഗിക്കുന്നുണ്ട്. ഇത് എട്ട് മൈലാണ്. അപ്പോൾ ഇത് 3,002 മുഴമാകും. ചിലർ ഒരു ഗ്രൂഹ് ഒരുകാതത്തിന്റെ പകുതിയാണെന്നു തെറ്റുധരിച്ചതിനാൽ ഒരിന്ത്യൻ കാതം 1,600 മുഴമാണെന്നു പറയുകയുണ്ടായി. എന്നാലതു തെറ്റാണ്. കാതം യോജനയുടെ പകുതിയാണ്. 'ഫിസാരി'യുടെ ചെറുപുസ്തകത്തിൽ പറഞ്ഞ ജൂനകൾ എട്ട് മൈലുകൾ അടങ്ങിയ 'യോജന'യാണ്. അവരുടെ മുൻഗാമികൾ വൃത്തത്തിന്റെ ചുറ്റളവ് വ്യാസത്തിന്റെ മൂന്നിരട്ടിയാണെന്നു പറയുന്നു. 'മത്സ്യപുരാണ'ത്തിൽ സൂര്യന്റെയും ചന്ദ്രന്റെയും യോജന ഗണിക്കുമ്പോൾ ഒരു വൃത്തം വ്യാസത്തിന്റെ മൂന്നിരട്ടിയാണെന്നു പറയുന്നുണ്ട്. 'ആദിത്യപുരാണ'ത്തിലും ദ്വീപുകളുടെ ചുറ്റളവ് വിവരിക്കുന്നിടത്ത് ഒരു വൃത്തത്തിന്റെ ചുറ്റളവ് വ്യാസത്തിന്റെ മൂന്നിരട്ടിയാണെന്നു പറഞ്ഞിരിക്കുന്നു. വായുപുരാണത്തിലും ഇങ്ങനെ കാണാം. എങ്കിലും പിൻഗാമികൾ അതിലുള്ള ഭിന്നസംഖ്യ മനസ്സിലാക്കിയിട്ടുണ്ട്. ബ്രഹ്മഗുപ്തന്റെ അഭിപ്രായം ആ സംഖ്യ 1/7 ആണെന്നാകുന്നു. അതിനു പുതിയൊരു മാർഗ്ഗമാണ് അദ്ദേഹം സ്വീകരിച്ചത്. അതായത്, പത്തിന്റെ വർഗ്ഗമൂലം ഏകദേശം 3 1/7 ആകയാൽ ഒരു വൃത്തത്തിന്റെ വ്യാസത്തിന് അതിന്റെ ചുറ്റളവുമായുള്ള ബന്ധം ഒന്നിനു പത്തിന്റെ വർഗ്ഗമൂലവുമായുള്ള ബന്ധമാണ്. അതിനാൽ വ്യാസത്തെ അതുകൊണ്ട് തന്നെ

പെരുക്കിക്കിട്ടിയ ഉത്തരത്തെ പത്തുകൊണ്ട് പെരുക്കുകയും കിട്ടുന്ന ഉത്തരത്തിന്റെ വർഗ്ഗമൂലം കാണുകയും ചെയ്യുക. അതാവും ചുറ്റളവ്. ചുറ്റളവ് എപ്പോഴും ശരിയായ വർഗ്ഗമൂലം ഇല്ലാത്തതാവും. അതിനാൽ ബാക്കി വരുന്ന സംഖ്യ പകുതിയും കൂടുതലും ആണെങ്കിൽ എടുക്കുകയും കുറവാണെങ്കിൽ വിട്ടുകളുയുകയും ചെയ്യുകയാണു പതിവ്. വ്യാസത്തിന്റെ ചുറ്റളവ് $^{10}/_{70}$ ന്റെയും $^{11}/_{70}$ ന്റെയും ഇടയിലാണ് സ്ഥിതി ചെയ്യുന്നതെന്നാണ് അർശമീതസ് പറഞ്ഞത്. ബ്രഹ്മഗുപ്തൻ ആര്യഭട്ടനെ വിമർശിച്ച് ഇങ്ങനെ പറയുന്നു: അദ്ദേഹം ചുറ്റളവ് 3393 എന്ന് അനുമാനിക്കുകയും വ്യാസം 1080 ആണെന്ന് ഒരിടത്തും 1050 ആണെന്ന് മറ്റൊരിടത്തും പറയുകയും ചെയ്തു. ആദ്യത്തെ വാക്കനുസരിച്ച് വ്യാസവും ചുറ്റളവും തമ്മിലുള്ള ബന്ധം 1–3 $^{17}/_{120}$ ആണെന്നു വരുന്നു. ഇത് 1–3 ⅐ എന്നതിനെക്കാൾ $^{1}/_{119}$ ഭാഗം കുറവാണ്. എന്നാൽ, രണ്ടാമതു പറഞ്ഞതു തെറ്റുതന്നെയാണ്. കാരണം, ഒന്നിൽ 3 ¼ എന്നതിൽ കൂടുതൽ വരുന്നു. ഇതു തെറ്റാണെന്നു വ്യക്തമാണ്. എന്നാൽ, പോൾസിന്റെ അഭിപ്രായത്തിൽ 1–3 $^{177}/_{1250}$ ആണ് പ്രസ്തുത ബന്ധം. ഇത് ആര്യഭട്ടന്റെ അഭിപ്രായത്തെക്കാൾ ⅐ കുറവാണ്. ഇത് 'യഅ്ഖൂബ് ബിൻ ത്വാരീഖ്' ഇന്ത്യക്കാരിൽ നിന്നുദ്ധരിച്ച പുരാതന അഭിപ്രായത്തിൽ നിന്നെടുത്തതാണ്. യഅ്ഖൂബ്, 'തർകീബുൽഅഫ്‌ലാകി'ൽ ഇന്ത്യക്കാരിൽനിന്ന് ഇങ്ങനെ ഉദ്ധരിക്കുന്നു: ചനലമില്ലാത്ത നക്ഷത്രങ്ങൾ സ്ഥിതിചെയ്യുന്ന ആകാശം 1,25,66,40,000 യോജനയും അതിന്റെ വ്യാസം 4000,000,00 യോജനയുമാണ്. കാരണം, ഈ ബന്ധം: 1–3 എന്നതുപോലെയും 5,66,40,000– 40,00,00,000 എന്നതുപോലെയുമാണ്. 3,60,000–ത്തിൽ രണ്ടും യോജിക്കുന്നു. അപ്പോൾ ഭിന്ന സംഖ്യ $^{177}/_{1250}$ ആയിരിക്കും. അതാണ് പോൾസ് സ്ഥിരീകരിച്ചത്.

അധ്യായം 16

# ഇന്ത്യക്കാരുടെ എഴുത്തുകളും കണക്കുകളും ചില അപൂർവ്വ ആചാരങ്ങളും

നാവ് മനസ്സിലുള്ള ആശയങ്ങൾ മറ്റൊരാളിലേക്കു പകർത്തുന്ന പരിഭാഷകൻ മാത്രമാണ്. മനുഷ്യനു വിശേഷബുദ്ധി പ്രദാനം ചെയ്തിട്ടുണ്ടെങ്കിലും എഴുതുന്നതിനുള്ള കഴിവില്ലായിരുന്നെങ്കിൽ ഭൂതകാല വിവരങ്ങൾ ഭാവിതലമുറയിലേക്കു പകരാൻ സാധിക്കുമായിരുന്നില്ല. ഇന്ത്യക്കാർക്ക് ഗ്രീക്കുകാരെ പോലെ തോലിൽ എഴുതുന്ന സമ്പ്രദായം ഇല്ലായിരുന്നു. സോക്രട്ടീസിനോട് അദ്ദേഹം എഴുത്ത് കൈവിടാനുള്ള കാരണം എന്താണെന്നു ചോദിച്ചപ്പോൾ, 'ജീവനോടു കൂടിയ മനുഷ്യന്റെ ഹൃദയത്തിലെ ആശയങ്ങൾ ശവത്തിന്റെ തോലിലേക്കു പകർത്താൻ ഞാൻ ആഗ്രഹിക്കുന്നില്ല' എന്നാണ് അദ്ദേഹം മറുപടി പറഞ്ഞത്. ഇസ്‌ലാമിന്റെ ആരംഭദശയിൽ അവർ തോലിൽ എഴുതാറുണ്ടായിരുന്നു. 'ഖൈബറി'ലെ യഹൂദന്മാരുമായി നടന്ന കരാറും 'കിസ്റാ ചക്രവർത്തി'ക്ക് പ്രവാചകൻ അയച്ച കത്തും എഴുതിയത് തോലിലായിരുന്നു. ഖുർആന്റെ ഏടുകൾ മാൻതോലിൽ അവർ എഴുതിയിരുന്നു. 'തോറ'(പഴയ നിയമം)യും ഇപ്രകാരം എഴുതപ്പെട്ടിരുന്നു. പൗരാണിക ഈജിപ്തുകാർ ഞൊങ്ങണപ്പുല്ലുകൊണ്ട് ഒരുതരം കടലാസ് ഉണ്ടാക്കിയിരുന്നു. അതിലുള്ള എഴുത്ത് മായ്ക്കുകയോ മാറ്റുകയോ ചെയ്യാൻ സാധ്യമല്ല. അതിനാലാണ് അടുത്ത കാലം വരെ ഖലീഫമാർ എഴുതാനായി ഈ കടലാസ് ഉപയോഗിച്ചിരുന്നത്. ചൈനക്കാരുടെ കാഗസ് (കടലാസ്) നിർമ്മിച്ചത് സമർഖന്ധിലുണ്ടായിരുന്ന ഒരു ചൈനാ തടവുകാരായിരുന്നു. പിന്നീട് പല നാടുകളിലും അതുണ്ടാക്കുകയും തത്ഫലമായി എഴുത്തിന്റെ വിഷമങ്ങൾ തീരുകയും ചെയ്തു. തെക്കേ ഇന്ത്യയിൽ കരിമ്പനയോലകളിലും വടക്കേ ഇന്ത്യയിലും 'തോസ്' മരത്തിന്റെ 'ഭൂച്' എന്നറിയപ്പെടുന്ന പട്ടയിലും അവർ എഴുതാറുണ്ടായിരുന്നു.

ഈ പട്ട എണ്ണ പുരട്ടി തെളിയിച്ചു മിനുസപ്പെടുത്തിയ ശേഷമാണ് അതിൽ എഴുതാറുള്ളത്. തെക്കേ ഇന്ത്യക്കാർ എഴുതിയ കരിമ്പനയോലകൾ നൂലിൽ കോർത്തു സൂക്ഷിക്കാറുള്ളതുപോലെ വടക്കേ ഇന്ത്യക്കാരും മധ്യേന്ത്യക്കാരും എഴുതിയ മരത്തോൽകീറുകൾ ക്രമപ്പെടുത്തി എണ്ണ വസ്ത്രത്തിൽ പൊതിഞ്ഞു രണ്ടു പലകക്കഷ്ണങ്ങൾക്കിടയിൽ കെട്ടി സൂക്ഷിച്ചിരുന്നു. അതിന് അവർ 'പൊതി' എന്നു പേരു പറഞ്ഞിരുന്നു. കത്തിടപാടുകൾ നടത്തുന്നതിന് ഈ പട്ടതന്നെയാണ് അവർ ഉപോഗിച്ചിരുന്നത്.

പക്ഷേ, അവരുടെ എഴുത്തു മാഞ്ഞുപോകുകയും ആരും അതിൽ ശ്രദ്ധ ചെലുത്താതിരിക്കുകയും ചെയ്തതിനാൽ അവർ നിരക്ഷരകുക്ഷികളായി ഭവിച്ചു. പിന്നീട് പരാശരുടെ പുത്രൻ വ്യാസൻ തനിക്ക് വെളിപാടു ലഭിച്ചതനുസരിച്ച് അമ്പത് അക്ഷരങ്ങൾ നിർമ്മിക്കുകയുണ്ടായി. ആരംഭത്തിൽ കുറച്ച് അക്ഷരങ്ങളേ ഉണ്ടായിരുന്നുള്ളുവെന്നും പിന്നീട് അതു വർദ്ധിച്ചതാണെന്നും ചിലർ പറയുന്നു. ഈ അഭിപ്രായം ശരിയാവാം.

വിജ്ഞാനത്തെ ശാശ്വതീകരിക്കാൻ വേണ്ടി പതിനാറ് അക്ഷരങ്ങൾ 'ആസിദാസ്' കണ്ടുപിടിച്ചു. അത് ഇസ്രായീല്യർ ഈജിപ്ത് കൈവശപ്പെടുത്തിയ കാലത്തായിരുന്നു. പിന്നീട് 'ഖീമശ്' 'ആഗ്നൂൻ' എന്നിവർ പ്രസ്തുതാക്ഷരങ്ങൾ ഗ്രീക്കിലേക്കു കൊണ്ടുപോവുകയും അതിൽ നാല് അക്ഷരങ്ങൾ കൂട്ടിച്ചേർത്ത് ഇരുപതാക്കി വർദ്ധിപ്പിക്കുകയും ചെയ്തു. സോക്രട്ടീസിനു വിഷംകൊടുത്ത കാലത്ത് 'സൈമോണിദസ്' അവയോടു നാല് അക്ഷരംകൂടി കൂട്ടിച്ചേർത്തു. അങ്ങനെ ഏഥൻസുകാർക്ക് ഇരുപത്തിനാല് അക്ഷരങ്ങൾ ലഭിച്ചു. പാശ്ചാത്യ ചരിത്രകാരന്മാരുടെ അഭിപ്രായത്തിൽ 'കൈറസി'ന്റെ പൗത്രനായ 'അർദശീറി'ന്റെ കാലത്താണ് ഇതുണ്ടായത്.

ഇന്ത്യക്കാരുടെ അക്ഷരങ്ങൾ വർദ്ധിക്കാനുള്ള കാരണം ഒരക്ഷരത്തിന്റെ അകാരാദി വിത്യാസപ്പെടുന്നതുകൊണ്ടും ചിലതിനു ഘനം കൂടുന്നതുകൊണ്ടും ചില അക്ഷരങ്ങൾ നീട്ടി ഉച്ചരിക്കുന്നതുകൊണ്ടും മറ്റുമാണ്. അവയിൽ ചിലത് പരിചയമില്ലാത്ത നമുക്ക് ഉച്ചരിക്കുക പ്രയാസമാണ്. മാത്രമല്ല, ചിലപ്പോൾ നമുക്ക് രണ്ട് അക്ഷരങ്ങൾ തമ്മിൽ തിരിച്ചറിയാൻ പോലും സാധ്യമല്ല. ഗ്രീക്കുകാരെപ്പോലെ തന്നെ ഇന്ത്യക്കാരും ഇടത്തുനിന്നു വലത്തോട്ടാണ് എഴുതാറ്. അവരുടെ അക്ഷരങ്ങൾ പൊതുവിൽ നമ്മുടെ അക്ഷരംപോലെ അല്ല. അവയുടെ അസ്തിവാരം വരിക്കു നേരെ മുകളിലും ഗതിക്കു നേരെ താഴോട്ടുമാണ്. അവരുടെ പ്രസിദ്ധമായ എഴുത്തിന് 'സിദ്ധമാതൃക' എന്നു പറയുന്നു. ചിലപ്പോൾ ഇതിനു കാശ്മീർ എഴുത്തെന്നും പറയാറുണ്ട്. കാരണം, ഇതിന്റെ ഉത്ഭവം കാശ്മീരിൽനിന്നാണ്. ബനാറസുകാരും അവരെ പി

ന്തുടർന്നു. തദ്വാരാ കാശ്മീരും ബനാറസും അവരുടെ വിജ്ഞാന കേന്ദ്രങ്ങളായി ഭവിച്ചു. അതിനുശേഷം മദ്ധ്യപ്രദേശത്തും ആ എഴുത്ത് ഉപയോഗിച്ചിരുന്നു.

'മൾവാ' പ്രദേശത്ത് 'നാഗർ' ലിപി എന്നപേരിൽ ഒരെഴുത്തുരീതി നടപ്പിൽ വന്നു. ഇവ രണ്ടും ലിപിയിൽ മാത്രമേ വിത്യാസമുള്ളൂ. ഈ രണ്ട് ലിപിയിൽ നിന്നും 'അർദ്ധനാഗർ' ലിപി എന്നപേരിൽ ഒരെഴുത്ത് ഉത്ഭൂതമായി. ഇതേ ലിപിയിലാണ് ഭാട്ട്യായിലും ചില സിന്ധുപ്രദേശങ്ങളിലും എഴുതാറുള്ളത്. ഇവ കൂടാതെ വേറെയും ചില രീതികളുണ്ട്. സിന്ധിന്റെ തെക്കുഭാഗത്തു കടൽക്കരക്കായി 'മൽവാരി'യും മൻസൂറഃ എന്നപേരിലറിയപ്പെട്ടിരുന്ന 'വംഹൻവായിൽ' 'സൈൽബും' കർണ്ണാടക പ്രദേശത്ത് 'കർണ്ണാടക'വും ആന്ധ്രാ പ്രദേശത്ത് 'ആന്ധ്രി'യും ദ്രാവിഡ പ്രദേശത്ത് 'ദ്രാവിഡി'യും ലാറി ദേശത്ത് 'ലാറി'യും പൂർവ്വ പ്രദേശത്ത് 'ഗോരി'യും നടപ്പായിരുന്നു.

എഴുത്തുകൾ നാം 'ബിസ്മില്ലാഹി' (ദൈവത്തിന്റെ നാമത്തിൽ) എന്ന് ആരംഭിക്കാറുള്ളതുപോലെ 'ഓം' എന്ന പദം കൊണ്ടാണ് അവർ ആരംഭിക്കാറ്. 'ഓം' എന്നതിന് എഴുതാറുള്ളത് ഇപ്രകാരമാണ് ///'' //ഇതവരുടെ അക്ഷരങ്ങളിൽ പെട്ടതല്ല. അനുഗ്രഹത്തിനായി അവർ ഉപയോഗിക്കാറുള്ള ഒരു പ്രത്യേക രൂപമാണിത്. ഈ സമ്പ്രദായം യഹൂദന്മാർ 'ഹീബ്രു' ഭാഷയിൽ ദൈവത്തിന്റെ പേര് മൂന്ന് 'യ' കൊണ്ടും പഴയ നിയമത്തിൽ 'യഹോവ' എന്ന വാക്കുകൊണ്ടും എഴുതുന്നതുപോലെയാണ്. ചിലപ്പോൾ 'യഹ' എന്നു മാത്രവും അവർ എഴുതാറുണ്ട്.

നമ്മുടെതുപോലെ അക്ഷരങ്ങളെ അക്കങ്ങളുടെ സ്ഥാനത്ത് ഉപയോഗിക്കുന്ന പതിവ് അവർക്കില്ല. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ അക്ഷരങ്ങളുടെ അക്കങ്ങളുടെയും രൂപങ്ങൾ വിവിധ തരത്തിൽ കാണാം. അക്കങ്ങൾക്ക് 'അങ്കം' എന്നവർ പറയുന്നു. അവരുടെ അക്കങ്ങളിൽ ഏറ്റവും നല്ലതാണ് നാം ഇന്നുപയോഗിക്കുന്നത്. കാശ്മീരികൾ ഇലകളുടെ ചിത്രംപോലെയോ, അല്ലെങ്കിൽ ചൈനക്കാരുടെ അക്ഷരങ്ങൾ പോലെയോ ഉള്ള അക്കങ്ങൾ ഉണ്ടാക്കിയിരുന്നു. വളരെ അധികം ഉപയോഗവും പരിചയവുംകൊണ്ടല്ലാതെ അവ മനസ്സിലാക്കുക സാധ്യമല്ല. മണ്ണിൽ എഴുതുമ്പോൾ അവരത് ഉപയോഗിക്കാറില്ല. ഒന്നും പത്തും തമ്മിലുള്ള ബന്ധം പോലെതന്നെയാണ് തുകകൾ തമ്മിലുള്ള ബന്ധവും എന്നതിൽ ആർക്കും തർക്കമില്ല. ഞാൻ കണ്ട വിവിധ ഭാഷക്കാരായ സമുദായങ്ങളിൽനിന്ന് അറബികളെപ്പോലെത്തന്നെ ആയിരം വരെയുള്ള സ്ഥാനങ്ങളുടെ പേരുകൾ മാത്രമേ എനിക്കറിയാൻ കഴിഞ്ഞുള്ളൂ. അതു സ്വാഭാവികവും യാഥാർത്ഥ്യത്തോടു യോജിച്ചതുമാണ്. ഈ വിഷയത്തിൽ ഒരു പ്രത്യേക പ്രബന്ധം ഞാൻ എഴുതിയിട്ടുണ്ട്. എ

ന്നാൽ, ഇന്ത്യക്കാർ ആയിരത്തിനപ്പുറത്തുള്ള സ്ഥാനങ്ങൾ നിർമ്മിച്ച് അവയ്ക്ക് പുതിയതോ അല്ലെങ്കിൽ പഴയതിൽനിന്ന് കണ്ടുപിടിച്ചതോ ആയ പേരുകൾ നൽകുകയോ അല്ലെങ്കിൽ പേരുകൾ തമ്മിൽ കൂട്ടി ച്ചേർത്തു പറയുകയോ ചെയ്യുന്നു. അവരുടെ സ്ഥാനങ്ങൾ പതിനെട്ട് വ രെ എത്തിയിട്ടുണ്ട്. പതിനെട്ടാം സ്ഥാനത്തിന് 'പരാർദ്ധം' (അർദ്ധാകാ ശം) എന്നു പറയുന്നു.

ആ പതിനെട്ട് സ്ഥാനങ്ങൾ:

| | | |
|---|---|---|
| 1. ഏകം | 7. പ്രയുത | 13. മഹാപത്മഃ |
| 2. ദശം | 8. കോടി | 14. ശങ്കുഃ |
| 3. ശതം | 9. അർബുദ | 15. സമുദർ |
| 4. സഹസ്രം | 10. പത്മഃ | 16. മധു |
| 5. അയുത | 11. ഖർവ | 17. അന്ത്യഃ |
| 6. ലക്ഷം | 12. നിഖർവ | 18. പരാർധഃ |

അവരുടെ ചില ഭിന്നാഭിപ്രായങ്ങൾ ഞാൻ ഉദ്ധരിക്കാം:

1. 'ഭൂരി' എന്ന പേരിൽ പത്തൊമ്പതാമത് ഒരു സ്ഥാനം കൂടി ഉ ണ്ടെന്നും അതിനു പ്രസ്ഥാനം ഇല്ലെന്നും ചിലർ പറയുന്നു. അതിന്റെ അർത്ഥം സ്ഥാനങ്ങൾക്കൊണ്ട് ഉപയോഗമില്ലെന്നു മാത്രമാണ്. കാര ണം, എണ്ണങ്ങൾക്കും അവസാനമില്ലല്ലോ.

2. അവസാന സ്ഥാനം 'കോടി' ആണെന്നും പിന്നീട് പത്ത്, നൂറ്, ആയിരം മുതലായ തുകകളിലേക്ക് അവയെ ചേർത്തുപറയുകയാണ് പതിവെന്നും അങ്ങനെയാണ് ദേവന്മാരെ എണ്ണിയിരുന്നതെന്നും മറ്റൊ രു കൂട്ടർ പറയുന്നു. ബ്രഹ്മൻ, മഹാദേവൻ, നാരായണൻ അവരിൽ ഒ രോർത്തർക്കും പതിനൊന്ന് കോടി ദേവന്മാർ ഉണ്ടായിരുന്നത്രേ. അങ്ങ നെ മുപ്പത്തിമൂന്ന് കോടി ദേവന്മാരാണ് ആകെയുള്ളത് എന്നും അവർ പറയുന്നു. എട്ടിനു ശേഷമുള്ള സ്ഥാനങ്ങളുടെ പേര് വ്യാകരണ പണ്ഡി തന്മാർ നിർമ്മിച്ചതാണ്.

3. അഞ്ചാമത്തെ സ്ഥാനത്തിന് അവർക്കിടയിൽ പ്രസിദ്ധപ്പെട്ട പേ ര് 'ദശസഹസ്രം' ആണെന്നും 'ദശലക്ഷം' ആണെന്നും വേറൊരു കൂ ട്ടർ പറയുന്നു. കുസ്മപൂർകാരനായ ആര്യഭട്ടന്റെ ഗ്രന്ഥത്തിൽ സ്ഥാന ത്തിന്റെ പേരുകൾ പതിനായിരം മുതൽ പത്തുകോടി വരെ ഇപ്രകാരം ആകുന്നു:

അജൂതം, നജൂതം, പർജൂതം, കോടിപദം, പർവ്വതം.

4. മറ്റൊരു വിഭാഗം ആളുകൾ സംഖ്യാസ്ഥാനങ്ങളുടെ പേരുകൾ കൂട്ടിക്കലർത്തി ആറാമത്തെ സ്ഥാനത്തിന് 'നജൂത്' എന്നും എട്ടാമത്തേ തിന് 'അർബുധഃ' എന്നും പതിമൂന്നാമത്തേതിന് 'ശങ്കുഃ' എന്നും പതി നാലാമത്തേതിന് 'മഹാശങ്കുഃ' എന്നും പറയുന്നു.

മേലുദ്ധരിച്ചവ മർമ്മപ്രധാനമായ ചില അഭിപ്രായ വിത്യാസങ്ങളാ

ണ്. അപ്രധാനമായ മറ്റു പല അഭിപ്രായങ്ങളുമുണ്ട്. പക്ഷേ, അതിവിടെ വിവരിക്കുന്നില്ല. 'പുൽസ്' സിദ്ധാന്തത്തിൽനിന്നു നമുക്ക് ലഭിച്ചത് നാലാമത്തെ സ്ഥാനമായ സഹസ്രത്തിനു ശേഷം അഞ്ച്: അയുതം, ആറ്: ന്യൂധ, ഏഴ്: പ്രയുതം, എട്ട്: കൂതൻ, ഒമ്പത്: അർബുധൻ, പത്ത്: ഖർബ് എന്നിപ്രകാരമാണ്. ഇതിനു ശേഷമുള്ളത് മേലുദ്ധരിച്ചതുപോലെത്തന്നെയാകുന്നു. അവർ അക്കങ്ങൾ ഉപയോഗിക്കുന്നത് നാം ഉപയോഗിക്കുന്നതു പ്രകാരം തന്നെയാണ്. അവരുടെ അക്കങ്ങളിൽ വരുന്ന വ്യത്യാസങ്ങളെ കുറിച്ചു ഞാനൊരു പുസ്തകം എഴുതിയിട്ടുണ്ട്.

പഞ്ചാംഗങ്ങളിൽ അവർ സ്ഥാനങ്ങൾക്കായി നിശ്ചയിച്ച ചില പ്രത്യേക വാക്കുകൾ എഴുതാറുണ്ട്. പക്ഷേ, ചിലപ്പോൾ ഒന്നിലധികം പേരുകൾ എഴുതി എന്നും വരാം. ബ്രഹ്മഗുപ്തൻ ഇപ്രകാരം പ്രസ്താവിക്കുന്നു: "ഒന്ന് എന്നെഴുതാനുദ്ദേശിക്കുകയാണെങ്കിൽ ഒറ്റകളായ ഭൂമി, ചന്ദ്രൻ മുതലായ പേരുകൾക്കൊണ്ടും രണ്ട് എന്നെഴുതാൻ ഉദ്ദേശിക്കുകയാണെങ്കിൽ കറുപ്പ്, വെളുപ്പ് മുതലായ പേരുകൾക്കൊണ്ടും മൂന്നാണെങ്കിൽ മുക്കൂട്ട് സാധന നാമങ്ങൾക്കൊണ്ടും പൂജ്യമാണെങ്കിൽ ആകാശത്തിന്റെ പേരുകൊണ്ടും '1' ആണെങ്കിൽ സൂര്യന്റെ പേരുകൊണ്ടും നിങ്ങൾ എഴുതുക."

അവരിൽനിന്ന് ഈ വിഷത്തിൽ എനിക്കു കിട്ടിയ വിവരങ്ങൾ ശേഖരിച്ച് ഒരു പട്ടിക ഞാനിവിടെ ചേർക്കുന്നു:

| പൂജ്യം | ഒന്ന് | രണ്ട് |
|---|---|---|
| ശൂൻ, കാഅ് (ബിന്ദു)<br>ആകാശ് (ആകാശം)<br>വൈത് (ആകാശം)<br>ഗഗനം (ആകാശം)<br>അംബരം (ആകാശം)<br>ആബ്രൂ (ആകാശം)<br>പുനർ വിശൂരൻ | ചന്ദ്ര (ചന്ദ്രൻ)<br>ശീതാൻശൂ"<br>ശശി"<br>ഇന്ദു"<br>ആറ് (ആരംഭം)"<br>ശീത"<br>ആർബാരധാരൻ"<br>പിതാമഃ (ആദ്യപിതാവ്)"<br>രൂപാ, രശ്മി" | യം"<br>അശ്ഫി"<br>റാബുചന്ദ്രൻ"<br>ലൂഴൻ"<br>അക്ഷ്(2 കണ്ണ്)<br>ദസറാ"<br>യമലാ"<br>പക്ഷ് (അർദ്ധമാസം)<br>നേത്രം" |
| **മൂന്ന്** | **നാല്** | **അഞ്ച്** |
| തൃകാൽ (മൂന്നുകാലം)<br>തൃജഗത്ത്"<br>തൃയൻ "<br>തൃഗത്"<br>തൃഗുൺ (മൂന്ന് ഗുണങ്ങൾ)<br>ലോക് (മൂന്ന് ലോകം)<br>പാവക്(അഗ്നി, തീ) | വേദ്, വേദം<br>(നാല് വേദങ്ങൾ)<br>ദിശ (ദിക്ക്)<br>(നാല് ദിക്കുകൾ)<br>സമുദർ, സാഗർ<br>(കടല്)<br>അബ്ദ " | ശറ"<br>അർത"<br>ഇന്ദ്രി (പഞ്ചേന്ദ്രിയങ്ങൾ)<br>സായക്"<br>ഇഖൂന"<br>ബാന"<br>ഭൂത" |

| | | |
|---|---|---|
| വിശ്വാനർ ”<br>ധന”<br>തപന”<br>ഹിതാസൻ”<br>ചലൻ”<br>അഗ്നി” | ദദി ”<br>ജലാശയ ”<br>കതാ ” | പാണ്ഡവ<br>(അഞ്ച് സഹോദര രാജക്കന്മാർ)<br>പത്രിമാർഗ്ഗൻ ” |
| **ആറ്** | **ഏഴ്** | **എട്ട്** |
| രസ്”<br>അങ്കം”<br>ശതു”<br>വറം”<br>ഖർത്(ക്ഷാമം)<br>മാസാർദൻ | അഗ്”<br>മഹീതൾ”<br>പർവ്വത്(പർവ്വതം)<br>സുപത്(ഏഴ്)<br>നഗ”<br>അദ്രി (മല)<br>മുനി” | ബസൗ”<br>ധീ”<br>ഗജ്”<br>ദന്തിനു”<br>അർത”<br>മങ്കൽ”<br>നാഗാ” |
| **ഒമ്പത്** | **പത്ത്** | **പതിനൊന്ന്** |
| | ഭഗ്”<br>ആശ”<br>ഘിന്ത്”<br>രാവണശറ” | രുദ്ര (ലോകത്തെ നശിപ്പിക്കുന്നവൻ)<br>ഈശ്വർ”<br>മഹാദേവ് (ദേവന്മാ-രുടെ നേതാവ്)<br>അഷ്ണുഹനി |
| **പന്ത്രണ്ട്** | **പതിമൂന്ന്** | **പതിനാല്** |
| സൂരജ് (സൂര്യൻ)<br>ആദിത്യൻ”<br>അർക്ക്”<br>ഭാനവ”<br>മാസ് (മാസങ്ങൾ)<br>സഹസ്രാൻഗ്” | വിശ്വ” | മനു” |
| | **പതിനഞ്ച്** | **പതിനാറ്** |
| | തഥി (ചന്ദ്ര മാസത്തിന്റെ പകുതി) | അർതു”<br>നിർപു”<br>ഭൂപു” |
| **പതിനേഴ്** | **പതിനെട്ട്** | **പത്തൊമ്പത്** |
| അത്തി”<br>അർത്ഥി” | തർത” | അത്തർത” |
| **ഇരുപത്** | **ഇരുപത്തി ഒന്ന്** | **ഇരുപത്തി അഞ്ച്** |
| നക”<br>കൃതി” | ഊന കൃതി” | തത്വ (മോക്ഷം ലഭിക്കാൻ അറിയേണ്ട ഇരുപത്തി അഞ്ച് തത്വങ്ങൾ) |

ഇരുപത്തിരണ്ട്, ഇരുപത്തി മൂന്ന്, ഇരുപത്തി നാല് എന്നിവയ്ക്ക് ഉപയോഗിക്കാറുള്ളവയുടെ പേരുകൾ 'ബിറൂനി' കാണിച്ചിട്ടില്ല (വിവ:)

## ഇന്ത്യക്കാരുടെ പൂർവ്വാചാരങ്ങൾ

അസാധാരണത്വത്തിൽ നിന്ന് അത്ഭുതം ഉളവാക്കുന്നു. ചിലപ്പോൾ അസാദ്ധ്യമെന്നു തോന്നിയ കാര്യങ്ങൾ സംഭവിച്ചുകാണുമ്പോൾ നമുക്ക് അത്ഭുതം തോന്നാറുണ്ട്. അതുപോലെ തന്നെ നമ്മെ സംബന്ധിച്ച് അവർക്കും അത്ഭുതം തോന്നുന്നുണ്ടാവാം. അവരുടെ ചില സമ്പ്രദായങ്ങൾ ഇവിടെ കുറിക്കുന്നു. ഭാരതീയരിൽ ചിലർ മുടി മുഴുവൻ വളർത്തുകയും ഉഷ്ണാധിക്യംകൊണ്ട് അർദ്ധനഗ്നരായി കഴിഞ്ഞുകൂടുകയും ചെയ്യുന്നു. അതുപോലെ താടിരോമം പിരിച്ചുകെട്ടിവെക്കുകയും ചെയ്യുന്നു. ജോലി ചെയ്യാത്തവരാണെന്ന് അഭിമാനം കൊള്ളാൻ നഖം വളർത്തുന്നു. തല ചൊറിയുന്നതിനും പേൻ നോക്കുന്നതിനും അതുപയോഗപ്പെടുത്തുന്നു. ചാണകംതേച്ച തടുക്കിൽ ഒറ്റയൊറ്റയായി ഇരുന്നു ഭക്ഷണം കഴിക്കുന്നു. ബാക്കി വരുന്ന ഭക്ഷണം അവർ പിന്നീടു കഴിക്കുകയില്ല. മൺപാത്രത്തിലാണെങ്കിൽ ഉപയോഗിച്ചശേഷം പാത്രംതന്നെ അവർ എറിഞ്ഞുകളയുന്നു. അടയ്ക്കയും വെറ്റിലയും ചുണ്ണാമ്പും കൂട്ടിച്ചേർത്തു ചവച്ചരച്ചു വായ ചുവപ്പിക്കുന്നു. അവർ പ്രഭാതത്തിൽ തന്നെ കള്ളുകുടിക്കുകയും അതിനുശേഷം ആഹാരം കഴിക്കുകയും ചെയ്യുന്നു. ഗോമാംസം വർജ്ജിക്കുന്നുവെങ്കിലും അവർ ഗോമൂത്രം കുടിക്കാറുണ്ട്. അവർ പല അവസരങ്ങളിലും 'കിണ്ണാരം' പറയാറുണ്ട്. നീളത്തിൽ വാലുകൾ തൂക്കിയിട്ടു തലപ്പാവുകൾ കെട്ടുന്നു. ചിലർ രണ്ട് ചാൺ മാത്രം വീതിയുള്ള വസ്ത്രംകൊണ്ട് നഗ്നത മറക്കുമ്പോൾ മറ്റു ചിലർ പഞ്ഞിനിറച്ചതും കാല്പാദം മൂടുന്നതുമായ ഒരുതരം കാലുറകൾ ധരിക്കുന്നു. അതുപോലെ പഞ്ഞിനിറച്ച സിദ്രികളും ധരിക്കാറുണ്ട്. അതിന്റെയും കെട്ടുകൾ പിൻവശത്തേക്കാണ്. ഇടത്തും വലത്തും കീറിയ കുർത്തകളാണ് അവർ ധരിക്കുന്നത്. അവരുടെ കാലുറകൾ വളരെ ഇടുങ്ങിയതാണ്. കുളിക്കുന്നതിനു മുമ്പ് കാലുകഴുകുന്ന പതിവ് അവർക്കുണ്ട്. കുളി കഴിഞ്ഞാണ് അവർ സംയോഗം ചെയ്യാറ്. പെരുന്നാൾ മുതലായ ആഘോഷങ്ങൾക്കു സുഗന്ധദ്രവ്യങ്ങൾക്കു പകരം അവർ മൈലാഞ്ചി ഉപയോഗിക്കുന്നു. ചില പുരുഷന്മാർ സ്ത്രീകളെ ചായം മുക്കിയ വസ്ത്രങ്ങളും വളകളും സ്വർണ്ണമോതിരങ്ങളും കൈകളിലും കാലുകളിലും ധരിപ്പിക്കുന്നു. അംഗഭംഗം പറ്റിയവരോടും പെൺകൂസന്മാരോടും (അവർക്കു പൂശന്ധൽ എന്നു പറയുന്നു) അവർ ദയ കാണിച്ചിരുന്നു. മഹാദേവന്റെ ലിംഗത്തെ അവർ പൂജിക്കാറുണ്ട്. 'ജീനി' ഇല്ലാതെ മൃഗങ്ങളുടെ പുറത്ത് അവർ സഞ്ചരിക്കും. ജീനിയുണ്ടെങ്കിൽ മൃഗത്തിന്റെ വലതുഭാഗത്തുകൂടി അവർ പുറത്തുകയറും. ചിലർ അരയിൽ വലതുഭാഗത്തായി കഠാര ധരിക്കുന്നു. ഇടത്തെ ചുമലിൽ കൂടി പൂണൂല് ധരിക്കുന്നവരും ഉണ്ട്. അഭിപ്രായങ്ങൾ ആരായുന്നതിനും മറ്റ് ആവശ്യങ്ങൾക്കു വേണ്ടിയും സ്ത്രീകളുമായി അവർ കൂടി

യാലോചന നടത്തിയിരുന്നു. കുട്ടികൾ ജനിക്കുമ്പോൾ സ്ത്രീകൾക്കല്ല പുരുഷന്മാർക്കാണ് അവർ സമ്മാനങ്ങൾ നല്കാറ്. രണ്ട് പുത്രന്മാരുണ്ടെങ്കിൽ രണ്ടാമത്തേതിനോടാണ് അവർ–വിശിഷ്യ കിഴക്കർ–കൂടുതൽ വാത്സല്യം കാണിച്ചിരുന്നത്. മൂത്ത കുട്ടി കാമാധിക്യത്തിൽ നിന്ന് ഉടലെടുത്തതും രണ്ടാമത്തേതു ചിന്തയും പരിപാടിയും അനുസരിച്ചുണ്ടായതുമാണെന്ന വിശ്വാസമാണു കാരണം. ഹസ്തദാനാവസരങ്ങളിൽ മുൻകയ്യിന്റെ പുറമാണവർ പിടിക്കാറുള്ളത്. അനുവാദം ചോദിക്കാതെ അവർ വീടുകളിൽ പ്രവേശിക്കുകയും അനുവാദത്തോടെ വീട്ടിൽനിന്നു പുറത്തുപോവുകയും ചെയ്യുന്നു. സദസ്സുകളിൽ അവർ പടിഞ്ഞിരിക്കുക പതിവാണ്. വലിയ ആളുകൾ ഉണ്ടെങ്കിൽ പോലും കാറിക്കുരച്ച് ഉറക്കെ തുപ്പാൻ അവർ മടിക്കാറില്ല. നെയ്ത്തുകാരെ അവർ വെറുക്കുകയും കൊമ്പുവെക്കുന്ന ജോലിക്കാരെ സ്നേഹിക്കുകയും ചെയ്യുന്നു. കുട്ടികളുടെ എഴുത്തുപലക അവർ കറുപ്പിക്കുകയും അതിൽ നീളത്തിൽ വെള്ളമഷിയിൽ ഇടത്തുനിന്നു വലത്തോട്ടായി എഴുതുകയും ചെയ്യുന്നു. ചില എഴുത്തുകാർ കടലാസിൽ വെള്ള മഷികൊണ്ട് എഴുതുന്നു. ‘രാത്രിയിൽ പ്രകാശിക്കുന്ന പകൽ വരക്കുകയാണ് അദ്ദേഹം ചെയ്യുന്നത്’ എന്നു പാടിയ കവി ഇവരുടെ സമ്പ്രദായം കണ്ടിട്ടുണ്ടാവണം. അവസാനത്തിലാണ് അവർ പുസ്തകത്തിന്റെ പേര് എഴുതാറുള്ളത്. അവർക്കു നല്കുന്ന വസ്തുക്കൾ എറിഞ്ഞുകൊടുക്കാനാണ് അവർ ഇഷ്ടപ്പെടുക. കാമഭ്രാന്തിളകിയ ആനയുടെ കവിളിൽ കൂടി ഒലിക്കുന്ന ദുർഗന്ധമുള്ള ദ്രാവകം അവർ പരിശുദ്ധമായി കരുതുന്നു. ചതുരംഗത്തിൽ ആനയെ ആളെപ്പോലെ തന്നെ മുമ്പോട്ടും ഒറ്റക്കള്ളികളിലേക്കും രാജ്ഞിയെപ്പോലെ നാല് ഒറ്റ മൂലകളിലേക്കും അവർ നീക്കുന്നു. ഈ ഭാഗങ്ങളിലെല്ലാം ആനയുടെ നാല് കാലിനും തുമ്പിക്കൈയും നേരെയായതുകൊണ്ടാണ് ഇങ്ങനെ നിശ്ചയിച്ചതെന്നു പറയപ്പെടുന്നു.

| | | | | | | | |
|---|---|---|---|---|---|---|---|
| തേര് | ആൾ | | | രാജാവ് | ആന | കുതിര | തേര് |
| കുതിര | ആൾ | | | ആൾ | ആൾ | ആൾ | ആൾ |
| ആന | ആൾ | | | | | | |
| രാജാവ് | ആൾ | | | | | | |
| | | | | | | ആൾ | രാജാവ് |
| | | | | | | ആൾ | ആന |
| ആൾ | ആൾ | ആൾ | ആൾ | | | ആൾ | കുതിര |
| തേര് | കുതിര | ആന | രാജാവ് | | | ആൾ | തേര് |

നാല് ആളുകൾകൂടി ഒന്നായി ഒരു സമയത്ത് ചതുരംഗം കളിക്കുക അവരുടെ ഇടയിൽ പതിവാണ്. അപ്പോൾ കരുക്കൾ നിരത്തുന്നത് ഇങ്ങനെയാണ്: (പേജ് 128)

ചതുരംഗത്തിന്റെ ഈ സമ്പ്രദായം നമ്മുടെ ഇടയിൽ നടപ്പില്ലാത്തതുകൊണ്ടാണിതു വിവരിക്കുന്നത്. നാല് പേർ ചതുരംഗ പലകയുടെ ചുറ്റും ചമ്രം പടഞ്ഞിരിക്കുന്നു. സാധാരണപ്പോലെ തന്നെ രാജാവും ആളും ഒറ്റക്കളത്തിലേക്കു ചാടുന്നു. രാജാവ് മറ്റുള്ളവരെ വെട്ടുന്നു. അദ്ദേഹത്തെ ആരും വെട്ടുന്നില്ല. തേര് മൂന്നാം കള്ളിയിലേക്ക് കോണിൽ കൂടി നീങ്ങുന്നു. കുതിര മൂന്ന് കളം ചാടുന്നു. ആന നാല് കളവും നേരെ നീങ്ങുന്നു. ഈ കരുക്കൾക്കെല്ലാം ഒരോന്നിനും പ്രത്യേക വില അവർ നിശ്ചയിക്കുന്നു. തോറ്റാൽ ആ വില തോറ്റവനോടു വസൂലാക്കുന്നു. രാജാവിന് അഞ്ചും, ആനയ്ക്ക് നാലും, കുതിരക്ക് മൂന്നും, തേരിനു രണ്ടും, ആളിന് ഒന്നും ആകുന്നു വില. പ്രകൃതിക്ക് വിപരീതമായ അവരുടെ ഇത്തരം പ്രവൃത്തികൾക്കുള്ള വാസന അവരുടെ കുട്ടികളിൽ വേരുറക്കുന്നു.

ഒരു ഇന്ത്യൻ കുട്ടിയെ ഇസ്‌ലാമിന്റെ നാട്ടിൽ കൊണ്ടുവന്നാൽ ഇസ്‌ലാമിന്റെ ഒരാചാരവും ശീലിച്ചിട്ടില്ലാത്ത ആ കുട്ടി ഇടത്തെ കാലിന് ഇടുന്ന ചെരിപ്പ് വലത്തെതിനും വലത്തെതിന് ഇടുന്നത് ഇടത്തെതിനും വെച്ചുകൊടുക്കുന്നതായും വസ്ത്രങ്ങളും വിരിപ്പുകളും തലതിരിച്ചു മടക്കുകയും മറ്റും ചെയ്യുന്നതായുമല്ലാതെ എനിക്കു കാണാൻ കഴിഞ്ഞിട്ടില്ല. അതെല്ലാം പ്രകൃതിക്കു വിപരീതമായി ഈ കുട്ടി വളർന്നതിന്റെ ഫലമായി മാത്രമാണ്.

പ്രസ്തുത അനാചാരങ്ങളും അന്ധവിശ്വാസങ്ങളും ഇന്ത്യക്കാർക്കു മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്നു ഞാൻ വാദിക്കുന്നില്ല. കാരണം, ഇസ്‌ലാമിനു മുമ്പുള്ള കാടൻ അറബികൾക്കിടയിലും ഇത്തരം അനാചാരങ്ങളും അന്ധവിശ്വാസങ്ങളും ധാരാളം ഉണ്ടായിരുന്നു. രജസ്വലകളെയും ഗർഭിണികളെയും അവർ സമീപിക്കാറുണ്ടായിരുന്നു. അതിഥികളുടെയും മറ്റും സന്താനങ്ങൾ തങ്ങളുടേതാണെന്ന് അവർ വാദിച്ചിരുന്നു. പെൺകുട്ടികളെ ചിലർ കുഴിച്ചുമൂടിയിരുന്നു. പാട്ടും മുട്ടുമായി ആരാധന നടത്തുകയും ചത്തതിനെ തിന്നുകയും മറ്റും ചെയ്തിരുന്നു. ഇസ്‌ലാം വന്നപ്പോൾ അതെല്ലാം നശിപ്പിക്കുകയും അവരെ മനുഷ്യത്വം പഠിപ്പിക്കുകയും ചെയ്തു. അതുപോലെ തന്നെ ഇന്ത്യൻ മുസ്‌ലിംകളുടെ അനാചാരങ്ങളും അന്ധവിശ്വാസങ്ങളും ഏറെക്കുറേ നശിപ്പിക്കുകയും സ്വഭാവത്തിലും ചിന്താഗതിയിലും മാറ്റം വരുത്തുകയും ചെയ്തു.

അധ്യായം 17

# അജ്ഞാന ചക്രവാളത്തിൽ ചിറകൊടിഞ്ഞു കിടക്കുന്ന ചില ശാസ്ത്രങ്ങൾ

യാഥാർത്ഥ്യത്തിനു വിരുദ്ധമായ നിലയിൽ വസ്തുവിനെ കാണികളെ ധരിപ്പിക്കുകയത്രെ 'ഇന്ദ്രജാലം.' ഈ അർത്ഥത്തിൽ നോക്കുമ്പോൾ അതു ജനങ്ങൾക്കിടയിൽ വളരെയേറെ പ്രചരിച്ചിട്ടുണ്ടെന്നു കാണാം. അതല്ല, പാമരന്മാരെ പോലെ അസാധ്യമായതു സാധ്യമാക്കുകയാണ് അതെന്നു വിശ്വസിക്കുകയാണെങ്കിൽ അത് യാഥാർത്ഥ്യവിരുദ്ധമാണ്. അതിനാലത് ശാസ്ത്രങ്ങളുടെ വകുപ്പിൽ പെട്ടതേ അല്ല. 'രസായന വിദ്യ' ഇന്ദ്രജാലത്തിന്റെ ഒരു വകുപ്പാണ്. ഒരാൾ ഒരു പഞ്ഞിക്കഷ്ണം സ്വർണ്ണകഷ്ണമാണെന്ന് ആളുകളെ ധരിപ്പിച്ചാൽ അത് ഇന്ദ്രജാലമാണെന്നേ ആളുകൾ പറയൂ. നേരെ മറിച്ച് ഒരു കഷ്ണം വെള്ളി സ്വർണ്ണമാണെന്നു ധരിപ്പിച്ചാൽ അതത്ര വലിയൊരു കാര്യമായി കണക്കാക്കുകയുമില്ല.

രസായനവിദ്യയിൽ ഇന്ത്യക്കാരെപ്പോലെ തന്നെ പല സമുദായക്കാരും നിപുണന്മാരായിട്ടുണ്ട്. ഏറ്റക്കുറവുണ്ടാകുമെന്നു മാത്രം. ബുദ്ധിയുടെയോ ചിന്താശക്തിയുടെയോ ഏറ്റക്കുറവല്ല ഇതിനു പ്രേരകമാവുന്നത്. ബുദ്ധിയുള്ള എത്ര പേരാണ് ഇതിനെ വെറുക്കുന്നത്. ബുദ്ധികുറഞ്ഞ പലരും ഇതിനെ പരിഹസിക്കുന്നു. ഈ വിദ്യ കാണിക്കുന്നവർ വാസ്തവത്തിൽ ആക്ഷേപാർഹരല്ല. കാരണം, അവർ ലൗകികകാര്യങ്ങൾ നേടാനായി സ്വീകരിച്ച ഒരു തൊഴിലാണിത്. പണ്ഡിതന്മാർ ധനികന്മാരുടെ പടിവാതിൽക്കൽ ഇത്ര അധികമായി വന്നുചേരുകയും ധനികന്മാർ പണ്ഡിതന്മാരെ തീരേ സമീപിക്കാതിരിക്കയും ചെയ്യാനുള്ള കാരണം എന്താണെന്ന് ഒരു തത്വചിന്തകനോട് അന്വേഷിച്ചപ്പോൾ അദ്ദേഹം ഇങ്ങനെയാണ് മറുപടി പറഞ്ഞത്: "പണ്ഡിതന്മാർ ധനത്തിന്റെ ആവശ്യം മനസ്സിലാക്കിയതുപോലെ ധനികന്മാർ വിദ്യയുടെ ആവശ്യം

മനസ്സിലാക്കിയിട്ടില്ല.” ബുദ്ധികുറഞ്ഞ ആ ആളുകൾ ഈ വിദ്യക്കാരെ വെറുക്കുന്നത് അഭിനന്ദനാർഹമല്ല. കാരണം, അവർക്കത് അറിയാത്ത തിലുള്ള അസൂയകൊണ്ടാണിങ്ങനെ അവജ്ഞ കാണിക്കുന്നത്. ജാല വിദ്യക്കാർ അത് ആളുകളിൽനിന്നു മറച്ചുവെക്കാൻ ശ്രമിക്കുകയും അ തിൽ താല്പര്യമില്ലാത്തവരെ വെറുക്കുകയും ചെയ്യുന്നു. അതുകൊണ്ട് ഇന്ത്യക്കാരായ ജാലവിദ്യക്കാരുടെ പ്രത്യേക മാർഗ്ഗങ്ങളും മൂലങ്ങളും എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. പക്ഷേ, അവരുടെ ‘കൺ ചു ണ്ണാമ്പ്’ പ്രയോഗവും ‘തിലക്’ എന്ന പേരിലറിയപ്പെടുന്ന ‘ഖനിജപ്പൊ ടി’ പ്രയോഗവും ‘ധാതു പരിശോധനാ സമ്പ്രദായവും’ ‘മേല്പോട്ടുള്ള നോട്ടവും’ കേട്ടപ്പോൾ ഖനിജ പദാർത്ഥ പ്രയോഗങ്ങളാണ് അവർ കൂ ടുതൽ ഇഷ്ടപ്പെടുന്നതെന്ന് എനിക്കു മനസ്സിലായി. ഏതാണ്ടിതുപോലു ള്ള ‘രസായനം’ എന്ന പേരിൽ ഒരു പ്രത്യേക കല അവർക്കുണ്ട്. രസാ യനം എന്നത് സ്വർണ്ണമെന്ന അർത്ഥത്തിലുള്ള ‘രസ’ എന്ന പദത്തിൽനി ന്നുളവായതാണ്. ചില പ്രത്യേകതരം സസ്യങ്ങളും മറ്റും കൂട്ടിച്ചേർത്തു ണ്ടാക്കുന്ന ഒരു തരം ലേഹ്യമാണിത്. ഇത് ആരോഗ്യം സമ്പാദിച്ചുകൊ ടുക്കുകയും മാറാവ്യാധികളെ സുഖപ്പെടുത്തുകയും വൃദ്ധന്മാർക്കു യൗ വ്വനം തിരികെ കൊടുക്കുകയും ശരീരശക്തിയും ധിഷണാശക്തിയും ദീർ ഘായുസ്സും പ്രദാനം ചെയ്യുകയും ചെയ്യുന്നു.

പതഞ്ജലി എന്ന ഗ്രന്ഥത്തിൽ മോക്ഷത്തിനുള്ള മാർഗ്ഗങ്ങളിലൊ ന്നായി രസായനമാർഗ്ഗത്തെ പറഞ്ഞതു പ്രസ്താവിച്ചുവല്ലോ. സോമ നാഥത്തിനടുത്തുള്ള ‘ധീക’ കോട്ടയിലെ ‘നാഗാർജ്ജുൻ’ ഈ വിഷയ ത്തിൽ ഒരു അഗാധ പണ്ഡിതനായിരുന്നു. അദ്ദേഹം ഈ വിഷയത്തിൽ ഒരു ഗ്രന്ഥം രചിച്ചിട്ടുണ്ട്. നമ്മുടെ കാലത്തിനു നൂറ് വർഷം മുമ്പുണ്ടാ യിരുന്ന അദ്ദേഹം വിക്രമാദിത്യന്റെ സമകാലീനനായിരുന്നു. അദ്ദേഹ ത്തിന്റെ ചരിത്രം പിന്നീടു വിവരിക്കുന്നതാണ്. ‘ഉജ്ജൈൻ’ പട്ടണത്തി ലെ പ്യാരി എന്നൊരാൾ ഈ വിഷയത്തിൽ തന്റെ മുഴുവൻ കഴിവും ജീവിതവും ചെലവാക്കി. ഫലം നേടാൻ കഴിയാതെ വന്നപ്പോൾ അ യാൾ ഒരു നദിയുടെ കരയിൽ ചെന്നു ദുഃഖിതനായി ഇരിക്കുകയും താൻ മരുന്നുപ്രയോഗങ്ങൾ പകർത്തിയ പുസ്തകം കീറി കഷ്ണം കഷ്ണ മാക്കി നദിയിലെറിയുകയും ചെയ്തു. നദിയുടെ മറുകരയിൽ താഴെ മാറി ഇതു കണ്ടിരുന്ന ഒരു വേശ്യാസ്ത്രീ ഇവയെല്ലാം പെറുക്കി ശേഖ രിക്കുകയും അദ്ദേഹം കാണാതെ രസായനവിദ്യ ഇതിൽ നോക്കി മന സ്സിലാക്കുകയും ചെയ്തു. കഷ്ണങ്ങളെല്ലാം പെറുക്കികഴിഞ്ഞ ശേഷം അവൾ അദ്ദേഹത്തിന്റെ അരികെ വന്ന് ആ പുസ്തകം നശിപ്പിക്കാനു ള്ള കാരണം എന്താണെന്ന് അന്വേഷിച്ചു. അപ്പോൾ അദ്ദേഹമിങ്ങനെ മറുപടി നല്കി: “എനിക്കത് ഒട്ടും പ്രയോജനകരമായില്ല, തന്നിമിത്തം ഞാൻ തുലഞ്ഞുപാപ്പരായി. വിജയം കാംക്ഷിച്ച ഞാൻ അവസാനം

നിരാശനായിത്തീർന്നു. അതിനാൽ എന്റെ ജീവിതം നശിപ്പിച്ച ഈ കൃതിയെ നശിപ്പിച്ചുകളയാൻ ഞാൻ നിർബന്ധിതനായിരിക്കയാണ്.'' അപ്പോൾ വേശ്യ പറഞ്ഞു: "ജീവിതം വിഫലമായെന്നു കരുതി താങ്കൾ ദുഃഖിക്കരുത്. ശാസ്ത്രപണ്ഡിതന്മാർ ഗവേഷണം ചെയ്തു തെളിയിച്ച ഒരു കാര്യം ശരിയാവാതിരിക്കില്ല. ഒരു പക്ഷേ, അവിചാരിതമായ വല്ലതും താങ്കളുടെ അദ്ധ്വാനത്തിന്റെയും ലക്ഷ്യത്തിന്റെയും മുമ്പിൽ തടസ്സമായി നിന്നിരിക്കണം. ആ തടസ്സം നീക്കുക അത്ര പ്രയാസകരമാകില്ല. എനിക്ക് വളരെ സ്വത്തുണ്ട്. അതെല്ലാം ഈ വിഷയത്തിൽ ചെലവു ചെയ്യാനായി താങ്കൾക്കു ഞാൻ സംഭാവന ചെയ്തിരിക്കുന്നു.''

അതുകേട്ടപ്പോൾ അയാൾ തന്റെ പഴയ പ്രവൃത്തിയിലേക്കു തന്നെ മടങ്ങി. ഔഷധപ്രയോഗങ്ങളെ കുറിച്ചു പ്രതിപാദിക്കുന്ന ഇതുപോലുള്ള പുസ്തകങ്ങളിൽ സൂചനകൾ മാത്രമായിരിക്കും ചിലപ്പോൾ ഉണ്ടായിരിക്കുക. അതിനാൽ പകർത്തുന്നതിൽ പിഴവു പറ്റിയേക്കാം. എണ്ണയും മനുഷ്യരക്തവും എന്ന അർത്ഥത്തിൽ എഴുതിയ 'രക്താമൽ' എന്നതു ചുവന്ന 'നെല്ലിക്ക'യാണെന്നു ധരിച്ചുണ്ടാക്കിയ ഒരൗഷധം തികച്ചും മാറിപ്പോയി. അതിനാൽ അദ്ദേഹത്തിനു വിജയം കൈവന്നില്ല. ഒരിക്കൽ ആ മനുഷ്യൻ മരുന്നുകൾ പാകം ചെയ്യാൻ തുടങ്ങിയപ്പോൾ യാദൃച്ഛികമായി തലയിൽ തീ പിടിക്കുകയും തലച്ചോറുണങ്ങിപ്പോവുകയും ചെയ്തു. അപ്പോൾ അദ്ദേഹം തലയിൽ കുറേ എണ്ണ തേച്ചു. എന്തോ ആവശ്യാർത്ഥം തീക്കടുക്കൽനിന്നു പോകുമ്പോൾ പുരയുടെ മച്ചിന്മേൽ തറച്ചിരുന്ന ഒരാണി തലയ്ക്കു തട്ടുകയും രക്തം വരികയും ചെയ്തു. വേദനകൊണ്ടുള്ള ശക്തിയിൽ അദ്ദേഹം കരഞ്ഞു. അപ്പോഴുണ്ട് അദ്ദേഹത്തിന്റെ മൂർധാവിൽനിന്നു മരുന്നുചട്ടിയിലേക്ക് എണ്ണ കലർന്ന രക്തം ഇറ്റി ഇറ്റി വീഴുന്നു. അതദ്ദേഹമറിഞ്ഞില്ല. ഔഷധം പാകമായപ്പോൾ അദ്ദേഹവും ആ സ്ത്രീയും പരീക്ഷണാർത്ഥം അല്പമെടുത്തു പുരട്ടിനോക്കി. അപ്പോഴതാ അവർ പറക്കുന്നു. ഈ വിവരം അറിഞ്ഞു വിക്രമാദിത്യൻ അവരെ കാണാനായി കൊട്ടാരത്തിൽനിന്നു പുറത്തുവന്നു. അപ്പോൾ അദ്ദേഹം വാ തുറക്കുക, ഞാൻ തുപ്പിത്തരാം എന്നു പറഞ്ഞു. അഹങ്കാരിയായ രാജാവ് അതു കൂട്ടാക്കിയില്ല. അപ്പോൾ അല്പം തുപ്പൽ വാതിൽ പടിയിൽ വീണു. ഉടനെ അതു സ്വർണ്ണമായിത്തീർന്നു. അദ്ദേഹവും സ്ത്രീയും എങ്ങോട്ടോ പാറിപ്പോവുകയും ചെയ്തു. ഈ വിഷയത്തിൽ പേരുകേട്ട ചില പുസ്തകങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. അദ്ദേഹം ആ സ്ത്രീയോടൊന്നിച്ച് ഇപ്പോഴും ജീവിക്കുന്നു.

ഇതുപോലെ മറ്റൊരു കഥകൂടി ഇവിടെ വിവരിക്കാം: ഇപ്പോൾ 'ഭുജദേവ്' ഭരിച്ചുകൊണ്ടിരിക്കുന്ന മാളവ്യയുടെ തലസ്ഥാനമായ ധാരാ പട്ടണത്തിൽ ഭരണമന്ദിരത്തിന്റെ വാതിലിൽ പ്രകാശിക്കുന്നതും മനുഷ്യാവയവങ്ങളുടെ അടയാളങ്ങളുള്ളതുമായ ഒരു നീണ്ട വെള്ളിക്കഷ്ണം

കാണാം. അതിനെ പറ്റി അവരുടെ ഇടയിൽ ഇപ്രകാരം ഒരു ഐതി ഹ്യം ഉണ്ട്: മുൻകാലത്തു രാസായന തന്ത്രവുമായി ഒരാൾ അവിടത്തെ രാജാവിനെ സമീപിച്ചു. ഈ തന്ത്രം പ്രയോഗിച്ചാൽ മരിക്കുകയോ പ രാജയപ്പെടുകയോ ഉണ്ടാവില്ലെന്ന് അദ്ദേഹം രാജാവിനെ ഉപദേശിച്ചു. അപ്പോൾ രാജാവ് അയാളോടു മരുന്നുകളുമായി ഒരു നിശ്ചിത ദിവസം വരാൻ പറഞ്ഞു. ആ നിശ്ചിത ദിവസം അയാൾ എണ്ണമുറുക്കിമുറുക്കി പാകമാക്കി കൊണ്ടുവരികയും രാജാവിനോട് ഈ എണ്ണയിൽ ചാടാൻ ആവശ്യപ്പെടുകയും ചെയ്തു. രാജാവ് പേടിച്ചു പിന്നോട്ടു മാറിനിന്നു. "അവിടേക്കു ധൈര്യമില്ലെങ്കിൽ അവിടുന്ന് അനുവദിച്ചാൽ ഞാൻ ചെ യ്തുകൊള്ളാം" എന്ന് അയാൾ പറഞ്ഞു. അപ്പോൾ അദ്ദേഹം അതിന് അനുവാദം നല്കി. അയാൾ മരുന്നുപൊതികൾ ഓരോന്നെടുത്ത് അ തിന്റെ വിശേഷണങ്ങൾ വിവരിക്കുകയും ചെയ്തുകൊണ്ടിരുന്നു. പി ന്നീടയാൾ എണ്ണയിലേക്കു ചാടി. അയാൾ ചെയ്യുന്നതെല്ലാം രാജാവും ചെയ്തിരുന്നു. അവസാനത്തെ പൊതി ഇട്ടുകൊടുക്കേണ്ട സമയം ആ യപ്പോൾ രാജാവിനു തന്റെ ഭരണം പോകുമോ എന്ന ഭയമായി. അതെ റിഞ്ഞുകൊടുക്കാൻ അദ്ദേഹം അനുവദിച്ചില്ല. അപ്പോൾ എണ്ണപ്പാത്രം ചൂടാറി തണുത്തുപോവുകയും ആ മനുഷ്യൻ അതിലകപ്പെട്ടുപോവു കയും ചെയ്തു. അതാണീ വെള്ളിക്കഷ്ണം. അതിലുള്ള അടയാളം ആ മനുഷ്യന്റെ അവയവങ്ങളുടേതുമാണ്.

വളഭി പട്ടണത്തിലെ 'വല്ലഭ' എന്ന് രാജാവിനെ കുറിച്ച് ഇങ്ങനെ ഒ രു ഐതീഹ്യമുള്ളതായി അവർ പറയുന്നു: ശുദ്ധൻ എന്ന സ്ഥാനം നേടിയ ആൾ ഒരാട്ടിടയനോടു പൊട്ടിച്ചാൽ പാലൊലിക്കുന്ന ചെടികളു ടെ കൂട്ടത്തിൽ 'തേഹർ' എന്നു പേരായ രക്തം ഒലിക്കുന്ന ചെടി കണ്ടി ട്ടുണ്ടോ എന്ന് അന്വേഷിച്ചപ്പോൾ ഉണ്ടെന്ന് അവൻ മറുപടി പറഞ്ഞു. അപ്പോൾ അദ്ദേഹം അവനു കുറേ പണം നല്കി ആ സ്ഥലം കാണി ച്ചുകൊടുക്കാൻ ആവശ്യപ്പെട്ടു. ഇടയൻ അതു കാണിച്ചുകൊടുത്തപ്പോൾ അദ്ദേഹം ആ ചെടിക്കു തീ വെക്കുകയും ഇടയന്റെ നായയെ ആ തീ യിലേക്ക് എറിയുകയും ചെയ്തു. ഇതുകണ്ട് കുപിതനായ ഇടയച്ചെറു ക്കൻ അയാളെയും ആ തീയിലേക്ക് എറിഞ്ഞു. തീ കെടുന്നതുവരെ അവൻ കാത്തുനിന്നു. കെട്ടുകഴിഞ്ഞപ്പോൾ അദ്ദേഹവും നായയും സ്വർ ണ്ണമായി മാറിയതായാണ് ഇടയൻ കണ്ടത്. അപ്പോൾ നായയുമായി ഇ ടയൻ സ്ഥലം വിട്ടു. ആ മനുഷ്യൻ അവിടെ കിടക്കുന്നത് കണ്ട ഒരു ഗ്രാമീണൻ അയാളുടെ ഒരു വിരൽ മുറിച്ചെടുത്ത് 'വരങ്ക' എന്നു പേരാ യ ഒരു സാധു പച്ചക്കറിക്കാരനു കൊടുത്തു തനിക്കാവശ്യമായ പച്ചക്ക റികൾ വാങ്ങിക്കൊണ്ടുപോയി. പിന്നീടു ഗ്രാമീണൻ ആ സ്വർണ്ണ മനു ഷ്യനെ ചെന്നു നോക്കിയപ്പോൾ മുറിച്ചെടുത്ത വിരൽ മുളച്ചു പൂർവ്വ സ്ഥിതിയിൽ തന്നെ എത്തിയതായി കണ്ടു. പിന്നെയും പിന്നെയും അ

യാൾ അതു മുറിച്ചെടുക്കുകയും ആ പച്ചക്കറിക്കാരനു തന്നെ കൊടുത്ത് ആവശ്യമുള്ള സാധനങ്ങൾ വാങ്ങുകയും ചെയ്തു. പച്ചക്കറിക്കാരൻ ഇതിന്റെ രഹസ്യം ഗ്രാമീണനിൽനിന്നു മനസ്സിലാക്കി. അയാൾ ആ ശുദ്ധ മനുഷ്യന്റെ ജഡം എടുത്ത് ഒരു വണ്ടിയിൽ വെച്ച് അയാളുടെ വീട്ടിലേക്കു കൊണ്ടുപോയി. അതുവഴിയായി ആ സാധു പച്ചക്കറിക്കാരൻ ധനികനായി. നാട്ടിലുള്ള മിക്ക സ്വത്തുക്കളും അയാൾ വാങ്ങി. ഇതു കണ്ടപ്പോൾ 'വല്ലഭ' രാജാവ് അയാളോട് സ്വർണ്ണ മനുഷ്യനെ ആവശ്യപ്പെടുകുയും എന്തു പ്രതിഫലം വേണമെങ്കിലും നല്കാമെന്നു പറയുകയും ചെയ്തു. പക്ഷേ, അയാൾ കൊടുത്തില്ല. പിന്നീട് രാജാവിന്റെ അസൂയ ഭയന്ന് അയാൾ 'മൻസൂറ' രാജാവിനോടു കുറേ ധനം നല്കി സഹായം ആവശ്യപ്പെട്ടു. ആ രാജാവു തന്റെ നാവികസൈന്യം കൊണ്ട് അയാളെ സഹായിച്ചു. അവർ ഒരു ദിവസം രാത്രി ചെന്ന് വല്ലഭ രാജാവിനെ കൊലപ്പെടുത്തുകയും അദ്ദേഹത്തിന്റെ നാടു നശിപ്പിക്കുകയും ചെയ്തു. ആ നാട്ടിൽ ഇപ്പോഴും ശൂന്യമായിക്കിടക്കുന്ന ധാരാളം വീടുകളും മതിലുകളും കാണാമത്രേ. അജ്ഞന്മാരായ ചില രാജാക്കന്മാർ അത്യാഗ്രഹം കാരണമായി അനവധി പിഞ്ചു പൈതങ്ങളെ വധിക്കാൻകൂടി മടിച്ചിരുന്നില്ല. 'ഇസ്ഫന്തിയാർ' തന്റെ മരണം ആസന്നമായപ്പോൾ സംസാരിച്ച കൂട്ടത്തിൽ ഇങ്ങനെ പറയുകയുണ്ടായി: 'കാവൂസ്' എന്ന മഹാൻ മതഗ്രന്ഥത്തിൽ പ്രസ്താവിച്ചതുപോലെയുള്ള അത്ഭുതകരമായ കാര്യങ്ങൾ സാധിച്ച ഒരാളായിരുന്നു. വാർദ്ധക്യംമൂലം മുതുകുവളഞ്ഞ ആ മനഷ്യൻ 'ഖാഫ്' (കാകസസ്) പർവ്വതത്തിൽ ചെന്നുകൂടുകയും പിന്നീടു തികഞ്ഞ ഒരു യുവാവാവുകയും മേഘം വാഹനാമാക്കി മടങ്ങിവരികയും ചെയ്തു.

ഉറുക്ക്, മന്ത്രം തുടങ്ങിയവയിൽ ഇന്ത്യക്കാർക്കു നല്ല വിശ്വാസമുള്ളതായി കാണാം. ബഹുഭൂരിഭാഗം ആളുകളും ഇവയിൽ കൂടുതൽ താത്പര്യമുള്ള ആളുകളാണ്. ഈ വിഷയത്തിലുള്ള ഒരു മഹാഗ്രന്ഥം, നാരായണന്റെ വാഹനമായ ഗരുഢൻ എന്ന പക്ഷിയുടെ പേരിലാണ് അറിയപ്പെടുന്നത്. ഈ പക്ഷി മത്സ്യത്തിന്റെ ശത്രുവാണ്. ഇതു വെള്ളത്തിനു മുകളിൽ കൂടി ശബ്ദിച്ചുകൊണ്ട് പറക്കുമ്പോൾ മത്സ്യങ്ങൾ വെള്ളത്തിനു മുകളിൽ പൊങ്ങിവരുന്നു. അവയെ ഇതു സൂത്രത്തിൽ പിടിച്ചെടുക്കുന്നു. അതിനാൽ ഈ പക്ഷി ജാലവിദ്യാ വിദഗ്ധനാണെന്നും അതിൽനിന്ന് ആ വിദ്യ പഠിക്കാമെന്നും അവർ കരുതുന്നു. ഈ പക്ഷിയെ ചിലർ വർണ്ണിച്ചത് അവ്യക്തമായ രീതിയിലാണ്. വായുപുരാണത്തിൽ മറ്റൊരു പേരാണ് ഈ പക്ഷിക്ക് നൽകിയത്. ഈ വിഷയത്തിൽ അവരുടെ വിശ്വാസത്തെ തെളിയിക്കുന്ന ചില കഥകൾ ഇവിടെ ഉദ്ധരിക്കാം:

ഒരിക്കൽ പാമ്പുകടിച്ചു മരിച്ച ഒരാൾക്കുവേണ്ടി മന്ത്രം ജപിച്ചപ്പോൾ

അദ്ദേഹം എഴുന്നേറ്റുവെന്ന് എന്നോട് ഒരാൾ പറയുകയുണ്ടായി. മറ്റൊരാൾ പറയുകയാണ്: പാമ്പുകടിയേറ്റു മരിച്ച ഒരാളെ മന്ത്രംകൊണ്ട് ചികിത്സിച്ചപ്പോൾ അയാൾ എഴുന്നേറ്റിരുന്നു സംസാരിക്കുകയും മരണപത്രം തയ്യാറാക്കുകയും ചെയ്തു. അനന്തരം ഭക്ഷണത്തിന്റെ വാസന അടിച്ചപ്പോൾ വീണ്ടും മരിച്ചുവീണു. പാമ്പു കടിയേറ്റ ഒരാൾക്കു മന്ത്രംകൊണ്ട് ഫലം ലഭിക്കാതെ വന്നാൽ ഏതെങ്കിലും ഒരാളെ മുളകളുടെ കെട്ടിന്മേൽ വെച്ചുകെട്ടി അയാളുടെ ശരീരത്തിൽ വിഷമിറങ്ങാനുള്ള ഒരു പ്രാർത്ഥന നടത്തുന്ന സമ്പ്രദായം അവർക്കുണ്ടായിരുന്നു. ഈ വിദ്യയുടെ യാഥാർത്ഥ്യത്തെ നിഷേധിച്ചിരുന്ന ഒരാളെ ആരോ നഞ്ച് (വിഷം) കുടിപ്പിക്കുകയുണ്ടായി. അപ്പോൾ വിദഗ്ധന്മാരായ ചില ഹിന്ദു മന്ത്രവാദികളെ കൊണ്ടുവരികയും അവർ മന്ത്രം ജപിച്ചുതുടങ്ങിയപ്പോൾ അയാൾക്ക് ആശ്വാസം തോന്നുകയുമുണ്ടായി. അവരിൽ ചിലർ കൈകൊണ്ട് മാനുകളെ വേട്ടയാടിപ്പിടിക്കുന്നതു ഞാൻ തന്നെ കണ്ടിട്ടുണ്ട്. മാനുകളെ കൈകൊണ്ട് പിടിക്കാതെയും തൊടാതെയും പാചകപ്പുരയിലേക്ക് എത്തിക്കാൻ സാധിക്കുമെന്ന് ഒരാൾ എന്നോടു പറഞ്ഞു. ഇതെല്ലാം ചില മന്ത്രങ്ങൾക്കൊണ്ടാണ് അവർ സാധിക്കുന്നത്. നമ്മുടെ നാട്ടുകരാണെങ്കിൽ വേട്ടസമയത്തു മാനുകളെ കണ്ടാൽ ചുറ്റും നടന്ന് ഒരേ സ്വരത്തിലും രാഗത്തിലും പാട്ടു പാടിക്കൊണ്ടിരിക്കുകയും പിന്നീടു വൃത്തം വളരെ ചെറുതാക്കി എല്ലാവരുംകൂടി അതിനെ പിടിക്കുകയും ചെയ്യുന്നു. മാൻ നിന്നേടത്തുതന്നെ അനങ്ങാതെ നിൽക്കുന്നതായി കാണാം. ചിലർ കാടപക്ഷികളെ പിടിക്കാൻ പിച്ചള പാത്രത്തിന്മേൽ ഒരേ നിലയിൽ അടിച്ചുകൊണ്ടിരിക്കും. ഈ ശബ്ദത്തിൽ മയങ്ങിപ്പോയ കാടകൾ അനങ്ങുകയില്ല. അപ്പോൾ അവർ അതിനെ കൈകൊണ്ടു പിടിക്കുന്നു. ശബ്ദം വിവിധ രീതിയിലായിപ്പോയാൽ അവ പറന്നുപോകും. ഇതൊന്നും മന്ത്രമേ അല്ല. കൺകെട്ട്, കൈമാറ്റം, മുതലായ ചില കളികൾക്കു ജാലവിദ്യയെന്നു ചിലർ പറഞ്ഞേക്കാം. പക്ഷേ, അത് എല്ലാ നാട്ടിലും എല്ലാ സമുദായത്തിലും കാണാവുന്നതാണ്.

അധ്യായം 18

# ഇന്ത്യയിലെ വിവിധ രാജ്യങ്ങൾ, സംസ്ഥാനങ്ങൾ, അവ ഓരോന്നും തമ്മിലുള്ള ദൂരം, നദികൾ സമുദ്രങ്ങൾ, അതിർത്തികൾ

ഭൂഗോളത്തെ മദ്ധ്യരേഖകൊണ്ട് തെക്കും വടക്കുമായി ഭാഗിച്ചാലുണ്ടാകുന്ന വടക്കെ ഭാഗത്തിന്റെ പകുതിയിൽ മാത്രമാണു ജനവാസമുള്ളത്.അതായത്, ഭൂഗോളത്തിന്റെ കാൽ (¼) ഭാഗം മാത്രമേ ജനനിബിഡമായിരുന്നുള്ളൂ. ഈ കാൽ (¼) ഭാഗത്തിന്റെ പടിഞ്ഞാറും കിഴക്കും മഹാസമുദ്രങ്ങളാൽ വലയം ചെയ്യപ്പെട്ടിരിക്കുകയാണ്. പടിഞ്ഞാറേതിനു ഗ്രീക്കുകാർ 'ഉഖ്യാനൂസ്' എന്നു പറയുന്നു. ഈ സമുദ്രം ജനവാസമുള്ള കാൽ (¼)ഭാഗത്തിന്റെയും ഇതിനപ്പുറം വല്ല കരകളോ ദ്വീപുകളോ ഉണ്ടെങ്കിൽ അവയുടെയും ഇടയിൽ സ്ഥിതിചെയ്യുന്ന ഒരു അതിർത്തി മാർഗ്ഗമാണ്. ഇരുളടഞ്ഞ വായുക്ഷോഭവും ഊക്കൻ തിരമാലകളും ആപൽ സാദ്ധ്യതയും നിഷ്പ്രയോജനതയും കാരണമായി ഈ സമുദ്രത്തിന്റെ മറുഭാഗത്തേക്ക് ആരും പോകാറില്ല. പോകാൻ പാടില്ലെന്നു കാണിക്കുന്ന അപായ സൂചനകൾ ആ സമുദ്രത്തിലും അതിന്റെ തീരങ്ങളിലും മുമ്പുള്ള ആളുകൾ നാട്ടിയിരുന്നു. എന്നാൽ, വടക്കുഭാഗം ശീതാധിക്യം കാരണം ജനവാസത്തിന് ഉപയുക്തമാകുന്നില്ല. തെക്കോട്ട് പ്രസ്തുത ഭാഗം രണ്ട് മഹാസമുദ്രങ്ങളും കൂടിച്ചേരുന്ന സമുദ്രക്കരയിൽ ചെന്നവസാനിക്കുന്നു. ഈ സമുദ്രം ജനപ്രവേശമുള്ളതും ഉപയോഗപ്രദവുമത്രെ. കാരണം, അതിലെ ചെറുതും വലുതുമായ ദ്വീപുകളിൽ ജനവാസമുണ്ട്. ഈ കടൽ ചില ഇടങ്ങളിൽ കരയിലേക്കു കയറിക്കിടക്കുന്നു. പടിഞ്ഞാറു ഭാഗത്തുള്ള തീരപ്രദേശം തെക്കോട്ടായി കടലിലേക്കും. കുറേ തള്ളിനിൽക്കുന്നു. പശ്ചിമ സുഡാനും, നൈൽ നദിയുടെ ഉറവിടമായ ചന്ദ്രപർവ്വതങ്ങളും ഈ കരയിലാണു സ്ഥിതി ചെയ്യുന്നത്. ഇവിടെയുള്ള കടൽക്കരയിലും ദ്വീപുകളിലുമാണ് നിഗ്രോവർഗ്ഗക്കാർ അധിവസിക്കുന്നത്. ഈ പശ്ചിമാർദ്ധഭാഗത്താണ് ബർബർ,

ഖൽസം, പേർഷ്യൻ മുതലായ ഉൾക്കടലുകൾ സ്ഥിതിചെയ്യുന്നത്. എന്നാൽ, പൂർവ്വാർദ്ധഭാഗത്തു തീരം കടലിലേക്കു തള്ളിനിൽക്കുന്നു. അവിടെ സമുദ്രം അതാതു സ്ഥലത്തുള്ള കരയുടെ പേരിലാണറിയപ്പെടുന്നത്. ഈ വൻകരയിൽ കിഴക്കുപടിഞ്ഞാറായി നട്ടെല്ലുകൾ പോലെ നീണ്ടുകിടക്കുന്ന കൂറ്റൻ പർവ്വതങ്ങൾ ഉണ്ട്. ഈ പർവ്വതനിരകൾ ചൈന, തിബത്ത്, തുർക്കിസ്ഥാൻ, ബാമിയാൻ, ഗൗർ, ഖുറാസാൻ, ആദർബിജാൻ, അർമീനിയ്യ, റോം, ഫ്രഞ്ച്, ജലാലിഖ് മുതലായ പ്രദേശങ്ങളിൽ കൂടി നീണ്ടുകിടക്കുന്നു. ഈ പർവ്വത നിരകളിൽ അങ്ങിങ്ങായി വിശാലമായതും താഴ്ന്നതുമായ പ്രദേശങ്ങളുണ്ട്. അവിടങ്ങളിൽ ജനവാസമുണ്ട്. പർവ്വതങ്ങളിൽനിന്ന് അവയുടെ രണ്ട് ഭാഗത്തേക്കുമായി നദികൾ ഒഴുകിക്കൊണ്ടിരിക്കുന്നു. ഈ പർവ്വതതാഴ്വരയിൽ സ്ഥിതിചെയ്യുന്ന ഒരു ഭൂവിഭാഗമാണ് ഇന്ത്യ. അതിന്റെ തെക്കുഭാഗം സമുദ്രവും മറ്റുഭാഗങ്ങളിൽ കൂറ്റൻ പർവ്വതങ്ങളും സ്ഥിതിചെയ്യുന്നു. പ്രസ്തുത പർവ്വതങ്ങളിൽനിന്നു ധാരാളം നദികൾ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലേക്ക് ഒഴുകുന്നു. എന്നാൽ, ഇന്ത്യയിലെ പർവ്വതങ്ങളും അവയിലെ മിനുസമുള്ള പാറക്കല്ലുകളും ഭയങ്കര ഗർത്തങ്ങളും നദികളുടെ ശക്തിയേറിയ ഒഴുക്കും ദൂരം ചെല്ലുമ്പോഴുള്ള ഒഴുക്കിന്റെ ശക്തിക്കുറവും അനന്തരം സമുദ്രത്തിലോ തടാകങ്ങളിലോ ചെന്നുചേരുന്നിടത്തുള്ള മണൽകുന്നുകളും കാണുമ്പോൾ ഇപ്പോഴത്തെ ഇന്ത്യ സ്ഥിതിചെയ്യുന്ന സ്ഥലം പണ്ട് സമുദ്രമായിരുന്നുവെന്നും കാലാന്തരത്തിൽ വെള്ളപ്പൊക്കം വഹിച്ചുകൊണ്ടുവന്ന സാധനങ്ങൾ വഴിയായി ഉറച്ചു കരയായിത്തീർന്നതാണെന്നും ഊഹിക്കാൻ അവകാശമുണ്ട്. ഇന്ത്യയുടെ മദ്ധ്യം കനൂജും, പരിസരപ്രദേശങ്ങളുമാണ്. അതിനു മദ്ധ്യപ്രദേശ് എന്ന് അവർ പറയുന്നു. അവരുടെ ഗംഭീരന്മാരായ മഹാന്മാരുടെ വാസസ്ഥലം കനൂജ് ആയിരുന്നു. 'സിന്ധു' ഇന്ത്യയുടെ പശ്ചിമ ഭാഗത്തു സ്ഥിതിചെയ്യുന്നു. നമ്മുടെ നാടുകളിൽനിന്ന് സിന്ധിലേക്കു പോകുന്നത് സിജിസ്ഥാൻ വഴിയായും ഇന്ത്യയുടെ ഉത്തര പ്രദേശങ്ങളിലേക്കു പോകുന്നത് കാബൂൾ വഴിയായുമാണ്. പക്ഷേ, പല വിഷമങ്ങളും തരണം ചെയ്യുകയാണെങ്കിൽ ഏതു ഭാഗത്തിലൂടെയും പോകാൻ സാധിക്കും. ഇന്ത്യയെ വലയം ചെയ്തുകിടക്കുന്ന പർവ്വതങ്ങളിൽ ഇന്ത്യക്കാരോ അവരോടടുത്തവരോ ആയ ചില വർഗ്ഗക്കാർ താമസിക്കുന്നു. അവർ അതിർത്തി പ്രദേശങ്ങളിൽ എപ്പോഴും ആക്രമണങ്ങൾ നടത്തിക്കൊണ്ടിരിക്കും. ഗംഗാ നദിയുടെ കരയിൽ സ്ഥിതിചെയ്യുന്ന കനൂജ് വളരെ വലിയ രാജ്യമാണ്. രാജകീയ തലസ്ഥാനം ബാറിയിലേക്കു മാറിയതുകൊണ്ട് അതിപ്പോൾ ശൂന്യമായി കിടക്കുകയാണ്. കനൂജിന്റെയും ഗംഗായുടെയും കിഴക്കായി സ്ഥിതിചെയ്യുന്ന ബാറിയുടെയും ഇടയിൽ കാൽനടയായി മൂന്നോ നാലോ ദിവസത്തെ ദൂരമുണ്ട്. കനൂജ് പാണ്ഡ

വ സന്താനങ്ങളെക്കൊണ്ട് പ്രസിദ്ധി നേടിയപോലെ യമുനാനദിയുടെ പടിഞ്ഞാറുഭാഗത്ത് സ്ഥിതിചെയ്യുന്ന മാഹൂറ (മധുര) വാസുദേവനെക്കൊണ്ടും പ്രസിദ്ധമായി. ഈ രണ്ടു രാജ്യങ്ങളുടെ ഇടയിൽ ഇരുപത്തി എട്ട് കാതം അകലമുണ്ട്. ഈ രണ്ട് നദികളുടെയും മദ്ധ്യത്തിൽ വടക്കുഭാഗത്തായി താനേശ്വർ സ്ഥിതിചെയ്യുന്നു. ഈ പ്രദേശം കനൂജിൽനിന്ന് ഏതാണ്ട് എൺപത് കാതവും 'മാഹൂറാ'യുമായി അമ്പത് കാതവും ദൂരെയാണു സ്ഥിതിചെയ്യുന്നത്. ഗംഗാനദിയുടെ ഉത്ഭവവും ഈ പർവ്വതങ്ങളിൽ നിന്നുതന്നെയാണ്. അതിൽ ഉൽപത്തിക്ക് 'ഗംഗാദ്വാരം' എന്നു പറയുന്നു. ഇതേപോലെ ഇന്ത്യയിലെ മിക്ക നദികളും ഈ പർവ്വതങ്ങളിൽനിന്നു തന്നെ പുറപ്പെടുന്നു.

എന്നാൽ, അവരുടെ (ഇന്ത്യക്കാരുടെ) വിവിധ സംസ്ഥാനങ്ങളും അവ തമ്മിലുള്ള ദൂരവും സഞ്ചരിച്ചു കാണാത്തവർക്കു ചരിത്രം മാത്രമാണ് ആധാരം. 'ബത്‌ലൈമൂസാ' (ടോളമി) 'ഭാര'ത്തെക്കുറിച്ചും മറ്റുമുള്ള ഇന്ത്യക്കാരുടെ അഭിപ്രായം ശരിയാകാത്തതിൽ വ്യസനം പ്രകടിപ്പിച്ചതായി കാണാം. ഒരു കാള രണ്ടായിരവും മുവ്വായിരവും മന്ന് ഭാരം വഹിക്കുമെന്ന് അവർ കണക്കാക്കുന്നു. കുറേ ദിവസങ്ങൾക്കൊണ്ട് ഈ ഭാരം മുഴുവൻ വഹിക്കാൻ ഒരു കാളക്കു സാധിച്ചേക്കും. രണ്ട് സംസ്ഥാനങ്ങൾക്കിടയിൽ പോകാനും വരാനുമുള്ള ദൂരം ഒന്നായി ചേർത്തുപറയുന്ന ശീലം അവരിൽ ചിലർക്കുണ്ട്. ഇത്തരം വാർത്തകളിൽ ശരിയും തെറ്റും മനസ്സിലാക്കുക നമുക്കു പ്രയാസമാണ്. ചില കാര്യങ്ങൾ അറിയാത്തതുകൊണ്ട് അറിയുന്നവ പറയാതിരിക്കുക ശരിയല്ലല്ലോ?

'കനൂജി'ൽനിന്ന് 'ഗംഗാ'യുടെയും 'യമുനാ'യുടെയും മദ്ധ്യത്തിൽ കൂടി തെക്കോട്ടു പന്ത്രണ്ട് കാതം 'യജ്മാവി'ലേക്കും എട്ട് കാതം 'അബ്ഹാപൂരി'ലേക്കും എട്ട് കാതം 'കുർഹാ'യിലേക്കും എട്ട് കാതം 'ബ്രഹ്മശില'യിലേക്കും പന്ത്രണ്ട് കാതം 'അലഹബാദി'ലേക്കും ഉണ്ട്. യമുന ഗംഗയിൽ ചേരുന്നിടത്താണ് അലഹബാദ് പട്ടണം സ്ഥിതി ചെയ്യുന്നത്. ഇവിടെയുള്ള 'പ്രയാഗ' മരത്തിന്റെ അരികിൽ ഹിന്ദുക്കൾ അവരുടെ ചില ഗ്രന്ഥങ്ങളിൽ പറയുന്ന സംഭവങ്ങൾ അഭിനയിച്ചു കാണിക്കുന്നു. ഇവിടെനിന്ന് ഗംഗ കടലിൽ ചെന്നു പതിക്കുന്നിടത്തേക്കു പന്ത്രണ്ട് കാതം ഉണ്ട്. പ്രസ്തുത വൃക്ഷം മുതൽ തെക്കോട്ട് വേറെ ചില സ്ഥലങ്ങൾ സ്ഥിതിചെയ്യുന്നു. അവിടെനിന്ന് 'അർക്കുതീർത്തി'ലേക്ക് പന്ത്രണ്ടും, 'ഓവർയഹാർ' രാജ്യത്തേക്ക് നാൽപതും, 'ഉർദ്വവിശ്വ'യിലേക്ക് അമ്പതും, ഇവിടെ നിന്ന് തീരപ്രദേശത്തുകൂടി കിഴക്കോട്ട് 'ജോർ' സാമ്രാജ്യത്തിലേക്കു നാൽപതും, 'ഖൻജി'ലേക്ക് മുപ്പതും, 'മലയ'യിലേക്ക് നാൽപതും, 'കോങ്കി'ലേക്ക് മുപ്പതും കാതം ദൂരമാണുള്ളത്.

'ബാരി'യിൽനിന്ന് ഗംഗാനദീ തീരത്തിലൂടെ കിഴക്കോട്ട് 'അയോദ്ധ്യ'യിലേക്ക് അറുപത്തി അഞ്ചും, അവരുടെ പരിശുദ്ധ സ്ഥലമയ 'ബ

നാറസി'ലേക്ക് ഇരുപതും, 'ശർവാരി'ലേക്കു മുപ്പത്തി അഞ്ചും, 'പാട ലീ പുത്ര'യിലേക്ക് ഇരുപതും, 'മുൻഗീരി'യിലേക്കു പതിനഞ്ചും, 'ജ ബ'യിലേക്കു മുപ്പതും, 'ദുംഗംപൂരി'ലേക്ക് അമ്പതും, ഗംഗ സമുദ്രത്തിൽ ചെന്നുചേരുന്ന സ്ഥലമായ 'ഗംഗാസാഗറി'ലേക്കു മുപ്പതും കാതം ദൂര മുണ്ട്. എന്നാൽ, കനൂജിൽനിന്ന് കിഴക്കോട്ട് ബാരിവരെ പത്തും, 'ദു ഗം' വരെ നാൽപത്തി അഞ്ചും, 'ശിൽഹത്ത്'വരെ പത്തും 'ബീഹത്ത്' വരെ പന്ത്രണ്ടും കാതമാണ് ദൂരം. ഇവയ്ക്ക് തെക്കുഭാഗത്തായി 'തൽ വത്ത്' പ്രദേശം സ്ഥിതിചെയ്യുന്നു. അവിടത്തെ നിവാസികളായ 'തനു' വംശക്കാർ കറുത്തവരും തുർക്കികളെപ്പോലെ പതിമൂക്കന്മാരുമാണ്. ഈ പ്രദേശം സമുദ്രത്തിലേക്കു നീങ്ങിക്കിടക്കുന്ന 'ഖമ്രൂ' പർവ്വതം വരെ സ്ഥിതി ചെയ്യുന്നു. എന്നാൽ ഇവയ്ക്ക് വടക്കു ഭാഗത്താണ് 'നേപ്പാൾ' സ്ഥിതി ചെയ്യുന്നത്. 'വിതൻവത്' എന്ന സ്ഥലത്തുനിന്നു കിഴക്കോട്ടു തിരിഞ്ഞ് അറുപത് കാതം ഇടത്തോട്ട് നടന്നപ്പോൾ നേപ്പാളിലെത്തി ച്ചേർന്നുവെന്ന് അവിടെ പോയി വന്ന ചിലർ പറയുകയുണ്ടായി. നേപ്പാ ളിൽനിന്നു 'ഭൂട്ടേശ്വരി'യിലേക്ക് മുപ്പത് ദിവസംകൊണ്ടാണ് (സുമാർ എൺപത് കാതം) എത്താൻ കഴിഞ്ഞതെന്നും അവർ പറഞ്ഞു. ഈ വ ഴിയിൽ ഉയർന്ന പ്രദേശങ്ങളാണ് താഴ്ന്ന പ്രദേശത്തേക്കാൾ കൂടുതൽ. അവിടെ ഒരു ജലാശയമുണ്ട്. അതുവഴി പോകാനായി പാറകൾക്കിടയി ലൂടെ മുളകൾക്കൊണ്ട് നിർമ്മിച്ച പാലങ്ങളുണ്ട്. ഭാരമേറിയ ചുമടുക ളുമായി ആളുകൾ പാലത്തിലൂടെ കടന്നുപോകുന്നു. പാലങ്ങൾക്കു ചു വടെ നൂറ് മുഴം ആഴത്തിൽ മഞ്ഞുകട്ടപോലെയുള്ള വെള്ളമുണ്ട്. പാ ലം കടന്നുകഴിഞ്ഞാൽ ആ ചുമട് ആട് മുതലായ മൃഗങ്ങളുടെ പുറ ത്തുകയറ്റുന്നു. അവിടങ്ങളിൽ നാല് കണ്ണുള്ള ഒരു തരം മാനുകളെ ധാ രാളമായി കാണാം. 'ഭൂട്ടേശ്വർ' തിബ്വത്തിന്റെ ആദ്യത്തെ അതിർത്തി യാണ്. അവിടം മുതൽ ഭാഷ, വേഷം, രൂപം മുതലായവ വ്യത്യാസപ്പെ ടാൻ തുടങ്ങുന്നു. മഹാ ചുരത്തിലേക്ക് അവിടെനിന്ന് ഇരുപത് കാതമു ണ്ട്. അതിന്റെ കൊടുമുടിയിൽനിന്നു നോക്കിയാൽ ഇന്ത്യൻ പ്രദേശ ങ്ങളെ 'കോടകൾ'ക്കടിയിലായി കറുത്തതായും താഴ്വരയിലുള്ള മല കളെ ചെറിയ ചെറിയ കുന്നുകൾ പോലെയും കാണാവുന്നതാണ്. 'തി ബത്തും' 'ചൈന'യും ചുകന്ന നിറത്തിലും കാണപ്പെടുന്നുവത്രെ. അ വിടേക്ക് ഇറങ്ങിച്ചെന്ന് ചേരുന്നതിന് ഒരു കാതം വഴി ദൂരമുണ്ട്.

കനൂജിൽനിന്ന് തെക്കുകിഴക്കായി ഗംഗായുടെ പടിഞ്ഞാറൻ തീര ത്തുകൂടി 'യജാഹുതി' സാമ്രാജ്യത്തിലേക്കു മുപ്പത് കാതമാകുന്നു ദൂ രം. അതിന്റെ തലസ്ഥാനം 'ഗജുറാഹ്' ആകുന്നു. 'ഗ്വാളിയോർ,' 'കാ ലേൻജർ' എന്നീ പ്രസിദ്ധമായ രണ്ട് കോട്ടകൾ അവിടെയാണ് സ്ഥിതി ചെയ്യുന്നത്. ഇപ്പോൾ ഗൻഗ്യൂ ഭരിക്കുന്ന ധാല എന്ന സ്ഥലത്തേക്കും കന്നക്കരായിലേക്കും ഇരുപത് കാതം അകലമുണ്ട്. കനൂജിൽനിന്ന് തെ

ക്കുപടിഞ്ഞാറായി സ്ഥിതിചെയ്യുന്ന ആസിയിലേക്ക് പതിനെട്ടും, സഹന്യായിലേക്കു പതിനേഴും, ജന്ദ്രയിലേക്കു പതിനെട്ടും, രാചൌരിലേക്ക് പതിനഞ്ചും, ഗുജറാത്തിന്റെ തലസ്ഥാനമായ ബസാനയിലേക്ക് അറുപതും കാതമാണ് ദൂരം. ഇവിടെയുള്ള ആളുകളെ നാരായണൻ എന്ന പേരിലാണ് നമ്മുടെ നാട്ടുകാർ അറിയുന്നത്. ഈ നാടു നശിച്ച ശേഷം അവർ മധോറായിലോക്കു മാറി താമസിച്ചു. മഹൂറായുടെയും കനൂജിന്റെയും, മഹൂറായുടെയും ബസാനയുടെയും ഇടയിലുള്ള ദൂരം സമമാണ്. അതായത്, അറുപത്തിഎട്ട് കാതം. മഹൂറായിൽ നിന്ന് ഉജ്ജയിനിയിലേക്കു പോകുന്ന വഴിയിൽ അഞ്ച് കാതമോ അതിൽ കുറവോ ദൂരമുള്ള ഗ്രാമങ്ങൾ കാണാം. ദോധായിലേക്ക് മുപ്പത്തി അഞ്ച് കാതവും, വാമഹൂറിലേക്ക് എഴും, ഭായത്സാനിയിലേക്ക് അഞ്ചും, (ഇത് സുപ്രസിദ്ധമായ ഒരു ബിംബത്തിന്റെ പേരാകുന്നു) അർദീനിലേക്ക് ഒമ്പതും, (അവിടെയുള്ള മഹാ വിഗ്രഹത്തിന്റെ പേര് 'മഹക്കൽ' എന്നാണ്) ധാനിലേക്ക് ഏഴും, ബസാനയിൽനിന്നു തെക്കോട്ട് മണ്ഡാഗിരി വരെ ഇരുപത്തി അഞ്ചും, (ജത്തറോർ കോട്ട സ്ഥിതിചെയ്യുന്ന ഒരു രാജ്യമാണിത്.) പ്രസ്തുത കോട്ടയിൽനിന്നു മാളവ്യയിലേക്കും അതിന്റെ തലസ്ഥാനമായ ധാറിലേക്കും ഇരുപത് കാതം അകലമുണ്ട്. ഉജ്ജൈൻ പട്ടണം ധാറിൽനിന്ന് ഏഴ് കാതം അകലെയത്രെ. ഉജ്ജൈനിൽനിന്നു മാളവ്യയിൽപ്പെട്ട ഭാത്സായിലേക്ക് പത്തും ധാറിൽനിന്നു തെക്കോട്ട് ഭൂമിഹ്റയിലേക്ക് ഇരുപതും ഖന്ധോഹുവിലേക്ക് ഇരുപതും, അലിസ്പൂരിലേക്ക് ഇരുപതും, ഗോദാവരീ നദീ തീരത്തുള്ള മന്ദഗിരിയിലേക്ക് അറുപതും കാതം ദൂരം കാണും. ധാറിൽനിന്ന് തെക്കോട്ട് നമയ്യ താഴ്‌വരയിലേക്ക് ഏഴും, മഹദ്രേശിലേക്ക് പതിനെട്ടും, ഗൂൺഗണിയിലേക്ക് (അതിന്റെ തലസ്ഥാനം താനാ പട്ടണമാകുന്നു) ഇരുപത്തിഅഞ്ചും കാതം അകലമുണ്ട്. 'ദാനക്ക്' എന്നും പറയാറുള്ള ഗൂൺഗണി പ്രദേശങ്ങളിലെ കാടുകളിൽ 'ശ്രൗ' എന്നറിയപ്പെടുന്ന ഒരുതരം മൃഗങ്ങളെ കാണാം. സാധാരണ മൃഗങ്ങൾക്കുള്ള നാലുകാലുകൾക്കു പുറമെ പുറത്തും നാലു കാലുകൾപോലെ ചില അവയവങ്ങളും ചെറിയ തുമ്പിക്കയ്യും രണ്ട് വലിയ കൊമ്പു ഇവയ്ക്കുണ്ട്. ഈ മൃഗങ്ങൾ കൊമ്പുകൊണ്ട് ആനകളെ കുത്തിപ്പിളർക്കുന്നു. 'കണ്ഡാ' മൃഗത്തേക്കാൾ വലുതായ ഇവ എരുമയെപ്പോലെയാണ്. ഈ ജന്തുക്കൾ ചില മൃഗങ്ങളെ കുത്തിയെടുത്ത് മുതുകിലെ കാലുകൾക്കിടയിലേക്ക് ഇടുകയും അത് അവിടെ കിടന്നു ദുഷിച്ചു പുഴുക്കുമ്പോൾ മരത്തിന്മേൽ ഉരസി നശിപ്പിക്കുകയും ചെയ്യുന്നു. ഇവ ഇടിയുടെ ശബ്ദം കേൾക്കുമ്പോൾ ഏതോ ഇരക്ക് പറ്റുന്ന ജീവിയാവാമെന്നു കരുതി അതിന്റെ നേർക്ക് ഉയരത്തിലുള്ള കുന്നുകളിൽനിന്നു ചാടുകയും പാറക്കല്ലുകളിലും മറ്റും അടിച്ചു ചാവുകയും ചെയ്യുന്നു.

കണ്ഡാമൃഗം ഇന്ത്യയിൽ ധാരാളമുണ്ട്. എരുമയുടെ രൂപത്തിൽ കറുത്ത തൊലിയോടും കഴുത്തിൽ നാടയോടും കൂടി മൂന്നു കുളമ്പുകളുള്ള ഈ ജന്തുവിനെ ഗംഗാ പരിസരങ്ങളിലാണ് കൂടുതൽ കാണുന്നത്. നീണ്ട വാലും കവിളിലേക്കു താഴ്ന്നു നിൽക്കുന്ന രണ്ട് കണ്ണും മൂക്കിൽ മേൽപോട്ട് വളഞ്ഞുനിൽക്കുന്ന ഒരു കൊമ്പും അവയുടെ പ്രത്യേകതയാണ്. ബ്രാഹ്മണർ ഇതിന്റെ മാംസം സസന്തോഷം തിന്നാറുണ്ടായിരുന്നുവത്രെ. ഈ വർഗ്ഗത്തിൽ പെട്ട ഒരു ജന്തു ഒരാനയെ കുത്തിപ്പൊളിക്കുന്നതു ഞാൻ കണ്ടു. നമ്മുടെ ഇടയിൽ 'കർക്കദൻ' എന്നറിയപ്പെടുന്ന മൃഗമാണിതെന്നു ഞാൻ ഊഹിക്കുന്നു. കൊമ്പ് കത്തി പണിയാനും മറ്റും ഉപയോഗിക്കാറുള്ള 'കർക്കാ' മൃഗമാണ് ഇതെന്ന് എന്നോടു ചിലർ പറയുകയുണ്ടായി. 'സഞ്ചീ'(നിഗ്രോ)ഭാഷയിൽ ഇതിന് 'ഇമ്പീല' എന്നാണു പറയുന്നത്. തലയിൽ ഇതിനു കൂർത്ത ഉയരം കുറഞ്ഞ ഒരു കൊമ്പുണ്ടായിരിക്കും. അതിന്റെ തുഞ്ചം കറുത്തതും ബാക്കി ഭാഗം വെളുത്തതുമാണ്. നെറ്റിയിൽ ഇതേ വലുപ്പത്തിൽ വെറൊരു കൊമ്പും കൂടിയുണ്ട്. വേട്ടയാടുന്ന സമയത്ത് ഈ ജന്തു അതുയർത്തിപ്പിടിച്ച് ആയുധമാക്കുന്നു. കൊമ്പ് കല്ലിന്മേൽ വെച്ചുരച്ച് മൂർച്ചകൂട്ടി കുന്തം പോലെയാക്കി വെക്കുന്നതും അതിന്റെ സ്വഭാവമാണ്. അതിനു കഴുതയെപ്പോലെ കുളമ്പും വാലുമുണ്ട്. രോമനിബിഢമായ ശരീരമാണ് അതിനുള്ളത്.

നൈൽ നദിയിലെ പോലെ തന്നെ ഇന്ത്യൻ നദികളിൽ മുതലകൾ ധാരാളമായി കാണാം. 'ജാഹിസ്' മുതലയുള്ള വിവരം അറിഞ്ഞപ്പോൾ 'മഹ്റാൻ നദി' നൈലിന്റെ ശാഖയാണെന്നു തെറ്റുധരിച്ചുപോയി. ഇന്ത്യൻ നദികളിൽ മുതല, മഗ്റ, വിവിധ തരത്തിലുള്ള മത്സ്യങ്ങൾ ബ്രലോ എന്നു പറയുന്നതും കപ്പലിന്റെ നേർക്കു കുതിച്ചുവരുന്നതും നീന്തിക്കളിക്കുന്നതുമായ ഒരു തരം മത്സ്യം തുടങ്ങിയ പല അത്ഭുത ജീവികളെയും കാണാം. തെക്കെ ഇന്ത്യയിലെ നദികളിൽ 'ഗ്രാഹൂ' എന്നും ചിലപ്പോൾ 'ജലതന്തു' എന്നും പറയുന്ന ഒരു തരം ജീവിയുണ്ട്. 'തതവ' എന്നു പറഞ്ഞുവരുന്ന നേരിയതും വളരെ നീണ്ടതും, വെള്ളത്തിൽ മനുഷ്യരെയും മറ്റു ജീവികളെയും ചുറ്റിപ്പിടിച്ചു കൊല്ലുന്നതുമായ ഒരു തരം ജലജീവികളെയും ആ പ്രദേശങ്ങളിൽ കാണാം. ഇവയെ കണ്ട ഒരാൾ എന്നോടിപ്രകാരം പറയുകയുണ്ടായി. അതിന്റെ തല നായയുടേതു പോലെയാണ്. വാലിനു കുറേ ശാഖകളുണ്ട്. അശ്രദ്ധയിലിരിക്കുന്ന മറ്റു ജിവികളെ ആ വാൽകൊണ്ട് ചുറ്റിപ്പിടിക്കും. ഇനി നമുക്കു വിഷയത്തിലേക്കു തന്നെ മടങ്ങാം.

ബസാനയിൽനിന്നു തെക്കുപടിഞ്ഞാറായി സ്ഥിതി ചെയ്യുന്ന 'അൻഹിൽവാറ'യിലേക്ക് അറുപതും സോമനാഥത്തിലേക്ക് അമ്പതും, 'അൻഹിൽവാറ'യിൽനിന്നു തെക്കോട്ട് 'ലാർദേശി'ലേക്ക് (ഇതിന്റെ തലസ്ഥാ

നം ബിഹ്രൂജും റഹബൂവുമാണ്) നാൽപത്തി രണ്ടും, ബസാനയിൽനിന്നു പടിഞ്ഞാറു ഭാഗത്തായി സ്ഥിതി ചെയ്യുന്ന മുൽത്താനിലേക്ക് അമ്പതും, ഭാത്തിയിലേക്കു പതിനഞ്ചും, ഭാത്തിയിൽ നിന്ന് തെക്കുപടിഞ്ഞാറായി സ്ഥിതിചെയ്യുന്ന അദൂറിലേക്കു പതിനഞ്ചും, മൻസൂറായിലേക്ക് ഇരുപതും, ലോഹറാനിലേക്ക് മുപ്പതും, കാതമാണ് ദൂരം, കനൂജിൽനിന്നു വടക്കു പടിഞ്ഞാറുഭാഗത്തായി സ്ഥിതിചെയ്യുന്ന ലാഹോറിലേക്കു മുപ്പതും കാതമാണ് ദൂരം. കനൂജിൽനിന്നു വടക്കുപടിഞ്ഞാറ് ഭാഗത്തായി സ്ഥിതിചെയ്യുന്ന ശിർശാറഹായിലേക്ക് അൻപതും, വിബൗറിലേക്കു പത്തും കാതമുണ്ട്. പിന്നീട് പടിഞ്ഞാറോട്ടു നീങ്ങി ലദ്ധവരെ പതിമൂന്നും, രാജഗിരി കോട്ടയിലേക്ക് എട്ടും, വടക്കോട്ടു കാശ്മീരിലേക്ക് ഇരുപത്തഞ്ചും കാതമാണ് ദൂരം. കനൂജിൽനിന്ന് പശ്ചിമ ഭാഗത്തേക്ക് ദ്യാമൗ വരെ പത്തും, കുതിയിലേക്കു പത്തും, ആഹാറിലേക്കു പത്തും മീറത്തിലേക്കു പത്തും സുന്നാമിലേക്കു പത്തും, കാതം വരും. പടിഞ്ഞാറു വടക്കായി ആദിത്യഹൌറിലേക്ക് ഒമ്പതും, ജജനീറിലേക്ക് ആറും, ഐരാവതി നദിക്കരയിൽ സ്ഥിതിചെയ്യുന്ന ലോഹൗറിന്റെ തലസ്ഥാനമായ മത്തുകൗറിലേക്ക് എട്ടും, ചന്ദ്രാഹാ നദിയിലേക്കു പന്ത്രണ്ടും, ബയത്ത ജലാശയത്തിന്റെ പടിഞ്ഞാറുള്ള ഝലത്തിലേക്ക് എട്ടും, സിന്ധ് നദിയുടെ പടിഞ്ഞാറ് സ്ഥിതിചെയ്യുന്ന ഖണ്ഡാറിന്റെ തസ്ഥാനമായ വീഹന്തിലേക്ക് ഇരുപതും പെഷാവറിലേക്ക് പതിനാലും ദൂൻപൂരിലേക്കു പതിനഞ്ചും, കാബൂളിലേക്കു പന്ത്രണ്ടും, ഗസ്നായിലേക്കു പതിനേഴും കാതമാണുള്ളത്.

കാശ്മീർ ഉയർന്ന കൂറ്റൻ പർവ്വതങ്ങളാൽ അനാവരണം ചെയ്യപ്പെട്ട ഒരു കാട്ടുപ്രദേശമാണ്. അതിന്റെ കിഴക്കും തെക്കും ഭാഗങ്ങൾ പടിഞ്ഞാറ് ബദഖ്ശാൻ അതിർത്തിവരെ ബില്ലോർഷാ, ശഖ്നാൻഷാ, ഖാൻഷാ എന്നീ രാജക്കന്മാർക്കുള്ളതാണ്. വടക്കുഭാഗവും കിഴക്കുഭാഗത്തുനിന്ന് ചില പ്രദേശങ്ങളും തുർക്കികൾക്കാണ്. ഭൂട്ടേശ്വർ കുന്നിൽ കൂടി തിബ്ബത്ത് പ്രദേശങ്ങളിൽ കൂടി കാശ്മീരിലേക്ക് ഏതാണ്ട് മുന്നൂറ് കാതം ദൂരമുണ്ട്. കാശ്മീരികൾ കാൽ നടയായാണ് യാത്ര ചെയ്യുന്നത്. അവർക്ക് വാഹനമൃഗങ്ങളും ആനയുമില്ല. അവരുടെ നേതാക്കളും മഹാന്മാരും ആളുകൾ ചുമന്നുകൊണ്ടുപോകുന്ന മഞ്ചലി(പല്ലക്ക്)ലാണ് യാത്ര ചെയ്യാറ്. കാശ്മീരിലേക്കുള്ള പ്രവേശന ദ്വാരങ്ങൾ എപ്പോഴും കാത്തുസൂക്ഷിക്കുന്നതുകൊണ്ട് മറ്റുള്ളവരുമായി കൂടിക്കലർന്നു ജീവിക്കാൻ അവർക്കു കഴിയാതെ പോകുന്നു. പൗരാണിക കാലങ്ങളിൽ ഒന്നും രണ്ടുമായി ചില വിദേശികൾ വിശിഷ്യാ യഹൂദികൾ അങ്ങോട്ടു പ്രവേശിക്കാറുണ്ടായിരുന്നു. ഇപ്പോൾ അപരിചിതനായ ഒരു ഇന്ത്യക്കാരനെപ്പോലും അങ്ങോട്ട് പ്രവേശിക്കാൻ അവർ അനുവദിക്കില്ല. അവിടേക്കുള്ള പ്രസിദ്ധ പ്രവേശന ദ്വാരം വബ്രഹാനാണ്. ഇത് സിന്ധു നദി

യുടെ മദ്ധ്യത്തിലാണ് സ്ഥിതി ചെയ്യുന്നത്. അവിടെ നിന്ന് സിംലാ പർവ്വതങ്ങളിൽ നിന്നുത്ഭവിക്കുന്ന കസുനാരി നദിയും മഹ്‌വാ നദിയും സമ്മേളിക്കുന്ന സ്ഥലത്തു സ്ഥിതിചെയ്യുന്ന ഒരു പാലത്തിലേക്ക് എട്ട് കാതം ദൂരമുണ്ട്. മറ്റൊരു പ്രവേശന മാർഗ്ഗം ഝലം നദിയിലൂടെയാണ്. ഈ നദി അവിടെനിന്ന് പുറപ്പെട്ട് അഞ്ച് ദിവസത്തെ ദൂരമുള്ള ദുവാർ എന്നിടത്തു വന്നുചേരുന്നു. അവിടെനിന്നു പുറപ്പെട്ടാൽ കാശ്മീരിന്റെ തലസ്ഥാനമായ അദുസ്ഥാനിൽ രണ്ടു ദിവസകൊണ്ട് എത്താം. കാശ്മീർ പട്ടണം നാലു കാതം നീളത്തിൽ ഝലം നദിയുടെ ഇരുകരയിലുമായി നിർമ്മിക്കപ്പെട്ടിരിക്കുന്നു. അതിനിടയ്ക്ക് പാലങ്ങളും കടത്തുകളും ഉണ്ട്. ഗംഗായുടെ ഉറവിടമായ ഹർമകൗത് എന്ന പർവ്വതത്തിൽ നിന്നു തന്നെയാണ് ഈ നദിയും ഉത്ഭവിക്കുന്നത്. ജനപ്രവേശമില്ലാത്തതും ഹിമകട്ടകൾ ഉരുകാത്തതുമായ പ്രദേശമാണ് അത്. അതിന്റെ പിന്നിലായി ചൈനാ വൻകര സ്ഥിതി ചെയ്യുന്നു. ഝലം നദി ഇവിടെ നിന്ന് പുറപ്പെട്ട് ഉദ്ദേശ്വാതിൽ കൂടി നാല് കാതം ചെല്ലുമ്പോൾ ഒരു കാതം ചുറ്റളവുള്ള ഒരു മരുഭൂമിയിൽ പ്രവേശിക്കുന്നു. അതിന്റെ ഇരുകരകളിലും വയലുകളുണ്ട്. അവിടെനിന്ന് പ്രസ്തുത നദി ഓഷ്ക്കാർ പ്രദേശത്തേക്കു പോകുന്നു.

എന്നാൽ സിന്ധുനദി തുർക്കിയുടെ അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന ഉനങ്ക് പർവ്വതങ്ങളിൽ നിന്നാണുത്ഭവിക്കുന്നത്. അവിടത്തെ തുർക്കികൾക്ക് 'ഭത്താവരിയാൻ' എന്നും അവരുടെ രാജാവിന് 'ബാദ്ഷാഹ്' എന്നും അവരുടെ നാട്ടിന് 'ഗിൽഹിറ്റ്, അസ്പിറാ, ശിലസ്താസ്' എന്നും അവിടത്തെ ഭാഷക്ക് 'തുർക്കിയ്യഃ' എന്നും പറയുന്നു. കാശ്മീർ പലപ്പോഴും അവരുടെ കവർച്ചക്കും കൊള്ളയ്ക്കും ലക്ഷ്യമാവാറുണ്ട്. പ്രസ്തുത നദിയുടെ ഇടത്തെ തീരത്ത് പട്ടണങ്ങളും ജനനിബിഢമായ പ്രദേശങ്ങളും വലത്തെ തീരത്ത് ഗ്രമപ്രദേശങ്ങളും സുപ്രസിദ്ധമായ 'കുലർജ്ജക്ക്' പർവ്വതവും സ്ഥിതിചെയ്യുന്നു. അത് ഗോപുരം പോലെ മഞ്ഞുകട്ടകളാൽ മൂടിക്കിടക്കുന്നു. അതിനും കാശ്മീർ മരുഭൂമിക്കും തമ്മിൽ രണ്ട് കാതം ദൂരമുണ്ട്. രാജഗിരി കോട്ട ഇതിനു തെക്കും ലാഹോർ കോട്ട ഇതിനു പടിഞ്ഞാറുമായി നിലകൊള്ളുന്നു. ഇവ രണ്ടിനേക്കാളും ഉറപ്പുള്ള ഒരു കോട്ട ഞാൻ കണ്ടിട്ടില്ല. ഇവിടെനിന്നു മുന്ന് കാതം അകലെയാണ് രാജാവരി പ്രദേശം. അതുമായി നമ്മുടെ നാട്ടുകാരയ കച്ചവടക്കാർ വ്യാപാരം നടത്തുന്നു. ഈ പ്രദേശം ഇന്ത്യയുടെ വടക്കെ അതിർത്തിയാണ്. അതിന്റെ പടിഞ്ഞാറുഭാഗത്തുള്ള പർവ്വതങ്ങളിൽ അഫ്ഗാൻ വർഗ്ഗക്കാർ താമസിക്കുന്നു. അവിടെനിന്നു തെക്കോട്ട് ചെന്നാൽ സമുദ്രമാണ്. സമുദ്രക്കര മക്രാന്റെ തലസ്ഥാനമായ തൈസിൽനിന്നു തെക്കുകിഴക്കായി ദൈബൽ വരെ നാൽപത് കാതം നീണ്ടുകിടക്കുന്നു. ഇതിനിടയ്ക്കാണ് കപ്പൽ യാത്രക്കാർ ഭയപ്പെട്ടിരുന്ന

'തോറാൻ' കടലിടുക്ക് സ്ഥിതിചെയ്യുന്നത്. വേലിയേറ്റത്തിൽ അതു കൂടുതൽ ഭയാനകമായിത്തീരുന്നു. അതുപോലെ അവിടത്തെ ചില തീരങ്ങളിൽ ഉപ്പുവെള്ളമില്ലാത്തതിനാൽ കൂടുതൽ ഭാരമേറിയ കപ്പലുകൾക്കു ഗതാഗതത്തിനു പ്രയാസം നേരിടുന്നു. ഈ പ്രദേശങ്ങൾ കഴിഞ്ഞാൽ കച്ച്, സോമനാഥ് മുതലായ സ്ഥലങ്ങളാണ്. അവിടങ്ങളിലെ സമുദ്രതീരങ്ങളിൽ വാഹനങ്ങൾ കൊള്ളക്കും കവർച്ചക്കും ഇരയാകാറുള്ളതിനാൽ ആ പ്രദേശങ്ങൾക്കു കടൽകള്ളന്മാരുടെ നാട് എന്ന പേരു പ്രസിദ്ധമാണ്. 'യീറ' എന്നറിയപ്പെട്ടുന്ന ഒരുതരം തോണികളിൽ കയറിയാണവർ കൊള്ള നടത്താറ്. ദീബലിൽനിന്നു തൊലേശ്വരിലേക്ക് അമ്പതും ലോഹ്നനിലേക്കു പന്ത്രണ്ടും ബഗയിലേക്കു പന്ത്രണ്ടും കച്ചിലേക്കും ബർവായിലേക്കും ആറും സോമനാഥിലേക്കു പതിനാലും കമ്പായത്തിലേക്കു മുപ്പതും കാതം ദൂരമുണ്ട്. പിന്നീട് ആസാമിലേക്കു രണ്ടു ദിവസത്തെ ദൂരവും ബഹ്റൂജിലേക്ക് മുപ്പതും സന്ധാനിലേക്ക് അമ്പതും സോബാറമിലേക്ക് ആറും തനായിലേക്ക് അഞ്ചും കാതം ദൂരമുണ്ട്. അതിനപ്പുറത്താണ് ലാറൻ സ്ഥിതി ചെയ്യുന്നത്. ജൈമൂർ, ബൽബാ, കാഞ്ചി, ദത്രദ് എന്നീ സ്ഥലങ്ങൾ അവിടെയത്രെ. അതോടടുത്ത് ഒരു വലിയ കടലിടുക്കുണ്ട്. സറൻദ്വീപ് എന്നറിയപ്പെടുന്ന സങ്കൽദ്വീപ് അവിടെയാണ്. അതിനടുത്തായി പഞ്ച്യാവർ രാജ്യം സ്ഥിതിചെയ്യുന്നു. അതു നശിച്ചുപോയ ശേഷം അവിടത്തെ രാജാവ് 'ജോർ' അതിനു പകരം കുറച്ചു പടിഞ്ഞാറോട്ടു മാറി പത്നാർ എന്ന പേരിൽ ഒരു രാജ്യം സ്ഥാപിച്ചു. ഓമലനരായും രാമേശ്വരവും സറൻദ്വീപിന് അഭിമുഖമായി സ്ഥിതിചെയ്യുന്നു. ഇവ രണ്ടിനും തമ്മിൽ ജലമാർഗ്ഗമായി പന്ത്രണ്ടും പഞ്ച്യാവറിൽ നിന്ന് സേതുബന്ധിലേക്കു (സമുദ്രപാലം) രണ്ടും കാതം ഉണ്ട്. ഇതു ലങ്കായിലേക്കു രാമൻ നിർമിച്ച ചിറക്കെട്ടാണത്രെ. ഇതിപ്പോൾ തിരമാലകളാൾ തകർന്നു പർവ്വതഖണ്ഡങ്ങൾപോലെ കിടക്കുന്നു. ഇവിടെനിന്നു പതിനാറു കാതം കിഴക്കുഭാഗത്ത് കോഹ് കിന്ത് പർവ്വതം സ്ഥിതിചെയ്യുന്നു. ആ നാട്ടുകാർ അവിടെ പ്രത്യേക കപി സമ്മേളനങ്ങൾ വിളിച്ചുകൂട്ടുകയും അവയക്കു തിന്നാൻ അരി കൊടുക്കുകയും ചെയ്യാറുണ്ട്. നിശ്ചിത ദിവസത്തിൽ വാനരന്മാർ അവരുടെ രാജാവിന്റെ നേതൃത്വത്തിൽ വന്നു ഭക്ഷണം കഴിച്ചു മലയിലേക്ക് തിരിച്ചു പോകുന്നു. ഇക്കാര്യത്തിൽ അവർ അശ്രദ്ധ കാണിച്ചാൽ അവർ നാട് അക്രമിച്ചു നശിപ്പിച്ചുകളയുമത്രെ. പിശാചുക്കളുമായി രാമൻ നടത്തിയ യുദ്ധത്തിൽ അദ്ദേഹത്തെ സഹായിക്കാനായി രൂപം മാറിയ ഒരു കൂട്ടം ജനങ്ങളാണ് അങ്ങനെ കപിരൂപരായി ജീവിക്കുന്നതെന്നും ഈ ഗ്രാമം അവർക്കായി രാമൻ കൊടുത്തതാണെന്നും രാമന്റെ പാട്ടുകളും മന്ത്രങ്ങളും ഈ കുരങ്ങന്മാർ ശ്രദ്ധിച്ചു കേൾക്കുമെന്നും അവർ പറയുന്നു. മാനുകളെ കുറിച്ചു നാം മുമ്പു പ്രസ്താവിച്ചതുപോലെ നല്ല രാഗ

ങ്ങൾ കേൾക്കുമ്പോൾ കുരങ്ങുകളും ആകർഷിക്കപ്പെടുന്നുണ്ടാകാം.

ഈ സമുദ്രത്തിലുള്ള കിഴക്കൻ ദ്വീപുകൾ ചൈനയോടാണു കൂടുതൽ അടുത്തിരിക്കുന്നത്. ഇന്ത്യക്കാർ അവയ്ക്കു സ്വർണ്ണദ്വീപ് എന്നു പറയുന്നു. സഞ്ച് ദ്വീപുകൾ പശ്ചിമ ദ്വീപുകളായും രമ്മയും ദീവജാത്തും മദ്ധ്യദ്വീപുകളായും ഗണിക്കപ്പെടുന്നു. അവിടത്തെ ദേവാ ദ്വീപുകൾക്കു ചില പ്രത്യേകതകളുണ്ട്. ചിലതു ക്രമേണ വളർന്ന് വലുതാകുമ്പോൾ വേറെ ചിലതു ക്രമേണ ചുരുങ്ങി നാമാവശേഷമാകുന്നു. അങ്ങനെയുള്ള സന്ദർഭങ്ങളിൽ അവിടെയുള്ള ആളുകൾ തങ്ങളുടെ തെങ്ങും പനയും മറ്റു കാർഷികോപകരണങ്ങളും അടുത്ത ദ്വീപുകളിലേക്കു നീക്കം ചെയ്ത് അവിടേക്കു താമസം മാറുന്നു. ഈ ദ്വീപുകൾ രണ്ട് വിഭാഗമായി തിരിയുന്നുണ്ട്. പൊന്തിവരുന്നതും താഴ്ന്നുപോകുന്നതും. പൊന്തിവരുന്നവയ്ക്കു ദേവകൂദാ എന്നു പറയുന്നു. ഖമീർ ദ്വീപ് സമൂഹങ്ങളിൽ പെട്ട 'വഖവാഖ്' ദ്വീപ് എന്നത് അതിന്റെ സ്വന്തമായ പേരാണ്. അല്ലാതെ പാമരജനങ്ങൾ വിശ്വസിച്ചുവരുന്നതുപോലെ അവിടെ ധാരാളമായി വളരുന്നതും മനുഷ്യശരീരം പോലുള്ള തടിയുള്ളതും ശബ്ദിക്കുന്നതുമായ ഒരുതരം മരങ്ങളുടെ പേരല്ല. 'ഖമീർ' എന്നതു വെളുത്തവരും തുർക്കിസ്ഥാൻകാരെ പോലെ ഹ്രസ്വഗാത്രരും ഇന്ത്യൻ മതം സ്വീകരിച്ചവരും കാതുതുളച്ചവരുമായ ഒരു വർഗ്ഗക്കാരുടെ പേരാണ്. വഖ്വാഖ് ദ്വീപുകളിൽ ചുരുക്കം ചിലർ കറുത്തവർഗ്ഗക്കാരുമാണ്. ഇതര നാടുകളിലെ ജനങ്ങൾ അവരെ അതിയായി സ്നേഹിക്കുകയും അവരുമായി മരത്തടി മുതലായവയിൽ കയറ്റുതമതി ഇറക്കുമതി വ്യാപാരം നടത്തുകയും ചെയ്യുന്നു. വില്ലുണ്ടാക്കാൻ ഉപയോഗിക്കുന്ന മരങ്ങൾ, മരചന്ദനം തുടങ്ങിയവ സഞ്ച് ദ്വീപുകളിൽ നിന്നാണു ലഭിക്കുന്നത്. സറൻദ്വീപിന്റെ അടുത്തുള്ള കടലിടുക്കിൽ മുത്ത് എടുക്കുന്ന ഒരു സ്ഥലമുണ്ടായിരുന്നു. പക്ഷേ, ഇപ്പേഴത് നഷ്ടപ്പെട്ടിരിക്കുകയാണ്. സഞ്ച് ദ്വീപുകളുടെ താഴെയായി മുത്തുവിളയുന്ന സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ആ നഷ്ടസ്ഥലം ഇവിടേക്കു നീങ്ങുകയാതണെന്നു അവർ പറയുന്നു.

ഇന്ത്യയിൽ ഉഷ്ണകാലത്തു ചൂടുമഴ പെയ്യാറുണ്ട്. അതിനു വർഷകാൽ (വർഷകാലം) എന്നാണു പറയുന്നത്. ഇന്ത്യയുടെ വടക്കുഭാഗങ്ങളിലും വലിയ പർവ്വതങ്ങൾ ഇല്ലാത്തിടത്തും ദീർഘകാലം മഴ അധികം ഉണ്ടായിരിക്കും. വർഷകാലം തങ്ങളുടെ പ്രദേശങ്ങളിൽ ഉണ്ടാകാറില്ലെന്നു മുൽത്താൻകാർ പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്. അവിടെ നിന്നു വടക്കോട്ട് നീങ്ങിയാൽ ഭാദൽ, അന്തർവേദ് മുതലായ സ്ഥലങ്ങളിൽ അഷാഢമാസം മുതൽ തുടർച്ചയായി നാലു മാസം മഴ പെയ്യുന്നു. അതിനപ്പുറം സ്ഥിതിചെയ്യുന്ന കാശ്മീർ പർവ്വതങ്ങളുടെ പരിസരങ്ങളിൽ ദമ്പൂരിനും പെഷവാറിനും ഇടയിൽ സ്ഥിതിചെയ്യുന്ന ജോദരി

കുന്നു (ഗോദാവരി)വരെ രണ്ടര മാസത്തോളം മഴ തുടരും. ഈ കുന്നിന്റെ പിൻഭാഗത്തുള്ള പ്രദേശങ്ങളിൽ അതുപോലെ മഴ പെയ്യുന്നില്ല. കാരണം, താണുസഞ്ചരിക്കുന്ന കട്ടിയുള്ള മേഘങ്ങൾ ഈ മലകളുമായി ഉരസുകയും വെള്ളമായി അലിഞ്ഞുപോവുകയും ചെയ്യുന്നു. അതുകൊണ്ടാണു കാശ്മീരിൽ മഴ ഇല്ലാതിരിക്കുന്നത്. എന്നാൽ, അവിടെ മാഘമാസം മുതൽ രണ്ടരമാസത്തോളം ഹിമക്കട്ടകൾ തുടർച്ചയായി വീഴുകയും ചൈത്രമാസം പകുതി കഴിഞ്ഞാൽ കുറച്ചു ദിവസം മഴ പെയ്ത് അവ ഉരുകുകയും തത്ഫലമായി ഭൂമി തണുത്തു ശുദ്ധമാവുകയും ചെയ്യുന്നു. ഈ പതിവിനു വിപരീതമായി വല്ലപ്പോഴും സംഭവിക്കുന്നുണ്ടെങ്കിൽ തന്നെ എല്ലാ നാടുകളിലും എല്ലാ കാലത്തും അപൂർവ്വമായി കാണാവുന്ന വ്യത്യസങ്ങളിൽ കൂടുതലൊന്നുമില്ല.

അധ്യായം 19

# നക്ഷത്രങ്ങളുടെ പേരുകൾ, രാശിമണ്ഡലം, ഞാറ്റുവേലകൾ മുതലായവ

ഇന്ത്യൻ ഭാഷയിൽ ഒരു സാധനത്തിനുതന്നെ വളരെ അധികം പേരുകളുള്ളതായി നാം പ്രസ്താവിച്ചുവല്ലോ. സൂര്യനു തന്നെ ആയിരം പേരുള്ളതായി ഞാൻ കേട്ടിട്ടുണ്ട്. അതുപോലെ മറ്റേതാണ്ടത്ര തന്നെ പേരുകൾ മറ്റു നക്ഷത്രത്തിനും ഉണ്ടാകാതിരിക്കില്ല. ഒരാഴ്ചയിലെ ദിവസങ്ങൾക്ക് ഏഴ് നക്ഷത്രങ്ങളുടെ പ്രസിദ്ധ പേരുകളാണ് നല്കിയത്. ആഴ്ചക്ക് വാർ(വാരം) എന്നാണു പേര്. ഈ പേരിന്റെ മുമ്പിൽ പ്രസ്തുത നക്ഷത്രങ്ങളുടെ പേര് (പേർഷ്യൻ ഭാഷയിൽ ഷമ്പ എന്ന പദം പ്രയോഗിക്കുന്നതുപോലെ) ചേർത്തു ഞായറാഴ്ചക്ക് 'ആദിത്യവാർ' (സൂര്യൻ) എന്നും തിങ്കളാഴ്ചക്ക് 'സോമവാർ' (ചന്ദ്രൻ) എന്നും ചൊവ്വാഴ്ചക്ക് 'മങ്കളവാർ' (ചൊവ്വ) എന്നും, ബുധനാഴ്ചക്ക് 'ബുധ്വാർ' (ബുധൻ) എന്നും, വ്യാഴാഴ്ചക്ക് 'ബ്രഹസ്പതിവാർ' (വ്യാഴം) എന്നും, വെള്ളിയാഴ്ചക്ക് ശുക്രവാർ (ശുക്രൻ) എന്നും, ശനിയാഴ്ചക്ക് 'ശനീച്ചർവാർ' (ശനി) എന്നു പറയുന്നു. സൂര്യൻ മുതൽക്കാണ് ആഴ്ച തുടങ്ങാറുള്ളത്. നമ്മുടെ ജ്യോതിഷ്യന്മാർ പ്രസ്തുത നക്ഷത്രങ്ങൾക്കു ദിവസങ്ങളുടെ നാഥന്മാർ എന്നു പറയുന്നു. ഒരു ദിവസത്തിലുള്ള സമയത്തെ ആ ദിവസത്തിന്റെ നാഥനായ നക്ഷത്രം മുതൽ കീഴോട്ടു ക്രമമനുസരിച്ചാണു വിഭജിക്കുന്നത്.

ഉദാഹരണമായി: സൂര്യൻ ഞായറാഴ്ചയുടെ നാഥനാണ്. അതുതന്നെയാണ് എല്ലാ ദിവസത്തിന്റെയും ഒന്നാമത്തെ സമയത്തിന്റെ നാഥൻ. (ഒരു പകലിന്റെ 1/12 ആണ് ഒരു സമയം കൊണ്ട് ഇവിടത്തെ വിവക്ഷ). രണ്ടാം സമയം അടുത്ത നക്ഷത്രമായ ശുക്രന്റെയും മൂന്നാമത്തെതു ബുധന്റെയും നാലാമത്തെതു ചന്ദ്രന്റെതുമാണ്. ഇപ്പോൾ താഴെയുള്ള നക്ഷത്രം അവസാനിച്ചതുകൊണ്ട് മേലെ നിന്ന് എണ്ണേണ്ടതായി വന്നിരിക്കുന്നു, അപ്പോൾ അഞ്ചാമത്തേതു ശനിച്ചറിനുള്ളതാണ്.

(ആറ് ബ്രഹസ്പതിക്കും ഏഴ് മങ്കളിനുമുള്ളതാണ്). തിങ്കളാഴ്ചയുടെ ഒന്നാമത്തെ സമയം ചന്ദ്രന്റെതത്രെ. ചന്ദ്രൻ അതിന്റെയും അതിലെ ഒന്നാം സമയത്തിന്റെയും നാഥനാണ്. ഇവർക്കും ഇന്ത്യൻ ജ്യോതിഷക്കാർക്കുമിടയിൽ ഒരു വിഷയത്തിൽ മാത്രമേ വ്യത്യാസമുള്ളൂ. നമ്മുടെ ജ്യോതിഷന്മാർ രാവിനും പകലിനും വെവ്വേറെ നാഥന്മാരായ നക്ഷത്രങ്ങളുണ്ടെന്നു കണക്കാക്കുമ്പോൾ ഇന്ത്യക്കാർ രാവിനും പകലിനും കൂടി ഒരേ ഒരു നക്ഷത്രത്തെയാണു സങ്കല്പിക്കുന്നത്. അവരിൽ ഭൂരിഭാഗത്തിന്റെയും അഭിപ്രായം ഇതത്രെ. ഒരു ദിവസത്തിന്റെ 1/24-ന് അവർ 'ഹൂർ' എന്നു പറയുന്നു. ഇതേ പേരു തന്നെ അർദ്ധരാശിക്കും ഉപയോഗിക്കാറുണ്ട്. അതുകൊണ്ട് ഈ വ്യത്യാസം ശ്രദ്ധിക്കാതിരുന്നാൽ അവരുടെ ഉദ്ദേശ്യം മനസ്സിലാക്കാതെ പോകും.

അവരുടെ പഞ്ചാംഗങ്ങളിൽനിന്ന് ഏതെങ്കിലും ഒരു സമയത്തിന്റെ നക്ഷത്രം കണ്ടുപിടിക്കാനുള്ള മാർഗ്ഗം ഇങ്ങനെ വിവരിച്ചിരിക്കുന്നു: "ചക്രവാളത്തിൽ ഉദിച്ചുവരുന്ന ആകാശഭാഗത്തിന്റെയും സൂര്യന്റെയും ഇടക്കുള്ള ദൂരത്തെ (ഡിഗ്രി) പതിനഞ്ചുകൊണ്ട് ഹരിച്ചുകിട്ടുന്ന സംഖ്യയോട് ഒന്ന് കൂട്ടിച്ചേർത്തും, അതിൽ ഭിന്നസംഖ്യ ഉണ്ടെങ്കിൽ അവ ഉപേക്ഷിച്ചും കിട്ടുന്ന ഉത്തരംകൊണ്ട് അന്നത്തെ നക്ഷത്രംകൊണ്ട് എണ്ണുക. അങ്ങനെ നക്ഷത്രങ്ങളെ വഴിവഴിയായി എണ്ണുകയാണെങ്കിൽ ഉദ്ദേശിച്ച സമയത്തിന്റെ നക്ഷത്രം കണ്ടുപിടിക്കാം. ഇവിടെ വിവരിക്കുന്ന സമയം കൊണ്ടുള്ള വിവക്ഷ സാധാരണ പറയാറുള്ള മണിക്കൂറല്ല. ഒരു ദിവസത്തിന്റെ 1/24 ആണെന്നു വ്യക്തമാകുന്നു. ദിവസങ്ങളുടെ ക്രമമനുസരിച്ചു നക്ഷത്രങ്ങളുടെ ക്രമം കണക്കാക്കുന്ന സമ്പ്രദായമാണ് ഇന്ത്യക്കാർക്കുള്ളത്. ഈ അടിസ്ഥാനത്തിലാണ് അവരുടെ പഞ്ചാംഗങ്ങളും പുസ്തകങ്ങളും എഴുതിയത്. എന്നാൽ, യഥാർത്ഥത്തിൽ നക്ഷത്രങ്ങളുടെ ക്രമത്തിനു ദിവസങ്ങളുടെ ക്രമവുമായി ചില വ്യത്യാസങ്ങളുണ്ട്.

'ഗ്രീക്കു'കാരുടെ 'ഉസ്തൂർലാബി'ൽ (ആസ്ട്രോലാബ്: നക്ഷത്രങ്ങളുടെ ഗതി മനസ്സിലാക്കാനുള്ള ഉപകരണം) സൗകര്യാർത്ഥം നക്ഷത്രങ്ങൾക്ക് അക്ഷരങ്ങൾകൊണ്ടല്ലാതെ ചില അടയാളങ്ങൾ കൊടുത്തിട്ടുണ്ട്. അതുപോലെത്തന്നെ ചുരുക്കത്തിനു വേണ്ടി ചില അടയാളങ്ങൾ ഇന്ത്യക്കാരും കൊടുത്തിരിക്കുന്നു. പക്ഷേ, നക്ഷത്രങ്ങളുടെ പേരിന്റെ പ്രഥമാക്ഷരമായിരിക്കും അടയാളങ്ങങ്ങൾ. ഉദാഹരണമായി, ആദിത്യന് 'ആ' യും ചന്ദ്രനു 'ച'യും ബുധനു 'ബ'യും എന്ന രൂപത്തിൽ അടയാളപ്പെടുത്തുന്നു. ഈ എഴ് നക്ഷത്രങ്ങളുടെ ഇന്ത്യൻ പേരുകളും അവയ്ക്ക് അറബി ഭാഷയിൽ ഉപയോഗിക്കുന്ന പേരുകളും ഇവിടെ കൊടുക്കാം:

| ഇന്ത്യൻ പേരുകൾ | അറബി പേരുകൾ |
|---|---|
| ആദിത്യൻ, ദിവാകർ, സൂരജ്, അർകൻ, രവി, വിവത, ഹിലു, ബഹാൻ | ശംസ് |
| സൂം, ചന്ദ്രൻ, ഇന്ദു, ഹിമഗു, ശീതരശ്മു, ഹിമരശ്മു, ശീതാംശ്, ശീതാദീതത്, ഹിമമഴുക് | ഖമർ |
| അഥ, ന്യൂമാഹേവ്, ക്രൂരാക്ഷി, രകതു | മിറിഖ് |
| ബുധൻ, സൗമു, ചാന്ത്രം, ശ്നഃ ബുദ്, ഹതു, ഹേമുന | അതാരിത് |
| ദേവ് മന്ത്രം, അൻഗ്ര, സൂറ, ദേവ് ഹിത | മുഷ്തരി |
| ശുക്രൻ, ബ്രഗു, സിർതു, ഭാർഗവ്, ആസ്പതി ദാൻവഗ്രൂ, വൃഗ്, പുത്രൻ, ആസ്പജ് | സുഹ്റ |
| ശനീച്ചർ, മന്ധു, അസ്തു, ഗുനു, ആദിത്യപുത്രൻ സൗറു, ആർക്കി, സൂരജ് പുത്രൻ | സുഹ് |

സൂര്യനു വളരെ പേരുകളുള്ളതിനാൽ അത് ഒന്നല്ലെന്നും പന്ത്രണ്ട് എണ്ണമുണ്ടെന്നും ഓരോ മാസത്തിലും അവയിൽ ഓരോന്ന് ഉദിക്കുന്നു വെന്നും അവർ വാദിക്കുന്നു. 'വിഷ്ണുധർമ്മത്തിൽ ഇപ്രകാരം പറ യുന്നു: "വിഷ്ണു അനാദിയും അനന്തനുമായ നാരായണനാകുന്നു. അദ്ദേഹം തന്റെ ആത്മാവിനെ പന്ത്രണ്ടായി ഭാഗിച്ചു. അവയാണ് ഓരോ മാസവും ഉദയം ചെയ്തുകൊണ്ടിരിക്കുന്ന സൂര്യന്മാർ. പേരുകൾ പല തുമുണ്ടാവുന്നതുകൊണ്ട് എണ്ണത്തിൽ പലതാകേണ്ടതില്ലെന്നു വാദി ക്കുന്നവർ പറയുന്നത്: പല നക്ഷത്രങ്ങൾക്കും ഒന്നിലധികം പേരുകളു ണ്ടെന്നും പക്ഷേ, അവ ഓരോന്നേ ഉള്ളൂവെന്നും സൂര്യന്റെ പേർ പന്ത്ര ണ്ടിൽ അവസാനിക്കുന്നില്ലെന്നുമാണ്. അതിലൊന്നത്രെ ആദിത്യൻ (ആ ദ്യമുള്ളത്). ലോകത്തില ഉൽപത്തിയെല്ലാം സൂര്യനിൽ നിന്നായതു കൊണ്ട് സവിത എന്നും അതിനു പറയുന്നു. രസ് എന്നു പൊതുവില റിയപ്പെടുന്ന സസ്യങ്ങളുടെ നീരു വലിച്ചെടുക്കുന്നത് എന്ന അർത്ഥ ത്തിലുള്ള 'രവി' എന്നും അതിനെ വിളിക്കാറുണ്ട്. സൂര്യനെ പ്രദക്ഷിണം ചെയ്തുകൊണ്ട് ചലിക്കുന്ന ചന്ദ്രനും ഒന്നിലധികം പേരുകളുണ്ട്. 'ശുഭം' എന്നർത്ഥം വരുന്ന 'സൂമം' എന്നും രാത്രിയുള്ളത് എന്നർത്ഥം വരുന്ന 'നിശിശ' എന്നും ഞാറ്റുവേലകൾ ഉള്ളത് എന്നർത്ഥം വരുന്ന 'നക്ഷ ത്രനാഥ്' എന്നും ബ്രഹ്മന്റെ കൂട്ടുകാരൻ എന്നർത്ഥത്തിലുള്ള 'ദേവേ ശ്വരൻ' എന്നും തണുത്ത രശ്മികളുള്ളത് എന്നർത്ഥത്തിലുള്ള 'ശീതാംശ്' എന്നും അതിനു പേരുകളുണ്ട്. ചന്ദ്രൻ ശീതഗോളമായതി നാൽ അതിൽ പതിയുന്ന സൂര്യരശ്മി തണുത്തുപോവുകയും അതിന്റെ പ്രതിബിംബനംകൊണ്ട് രാത്രിയിൽ വെളിച്ചവും തണുപ്പും ഉണ്ടാവു കയും ചെയ്യുന്നു. അതുകൊണ്ടാണത്രെ ചന്ദ്രൻ എന്ന പേരുണ്ടായത്. ചന്ദ്രൻ നാരായണന്റെ ഇടത്തെ കണ്ണും സൂര്യൻ വലത്തേ കണ്ണുമാ ണെന്ന് അവർ വിശ്വസിക്കുന്നു.

മാസങ്ങളുടെയും അവയിലുദിക്കുന്ന സൂര്യന്മാരുടെയും വിവിധ പുരാണങ്ങളിൽ വന്ന പേരുകളും അവയുടെ അർത്ഥവും വിവരിക്കുന്ന് ഒരു പട്ടിക ഇവിടെ ചേർക്കാം:

| സൂര്യൻ, കേൾവി, അനുസരിച്ച് | സൂര്യൻ ആദിപുരാണ പ്രകാരം | പേരുകളുടെ അർത്ഥം വിഷ്ണുധർമ്മം അനുസരിച്ച് | സൂര്യൻ വിഷ്ണുധർമ്മം അനുസരിച്ച് | മാസം |
|---|---|---|---|---|
| രവി | ആൻശമാൻ | ആകാശത്തിൽ ചലിച്ചു കൊണ്ടിരിക്കുന്നത് | വിഷ്ണു | ചൈത്രം |
| വിഷ്ണു | സവിത | അക്രമികളെ ശിക്ഷിക്കുന്നത് | അർജമു | വൈശാഖം |
| ധാത | ഭാനു | എല്ലാവരേയും ഒരേ പോലെ നോക്കുന്നത് | വിപസ്വ | ജ്യേഷ്ഠം |
| വിധാത | വിഭശാൻ | രശ്മികളുള്ളത് | അൻശു | ആഷാഢം |
| അർജം | വിഷ്ണു | മഴ മുതലായവ നല്കി സഹായിക്കുന്നത് | പർചനി | ശ്രാവണം |
| ഭഗു | ഇന്ദ്രൻ | എല്ലാവരോടും മര്യാദക്കു പെരുമാറുന്നത് | പർണു | ഭാദ്രം |
| സവിത | ധാത | നേതാവ് | ഇന്ദ്രം | ആശ്വിനം |
| പൗഷ് | ഭഗു | ജനങ്ങൾക്ക് ഗുണം ചെയ്യുകയും അവരെ ഭരിക്കുകയും ചെയ്യുന്നത് | ദഹാത് | കാർത്തികം |
| തുവഷ്ത | പുഖ് | ലോകമിത്രം | മിതൃ | അഗ്രഹയാണം |
| അർഗു | മിതൃ | ആഹാരം (കാരണം അതത്രെ മനുഷ്യനു ഭക്ഷണം നല്കുന്നത്) | പൗഷ് | പൗഷം |
| ദിവാകരൻ | ബർനു | എല്ലാ വങ്കിടയും ആശാകേന്ദ്രം | ഭഗു | മാഘം |
| അൻശ് | അർജം | പരമകാരുണികൻ | ദുവർത്ത | വാൽഗുനം |

വാസുദേവന് എല്ലാ മാസങ്ങളിലും ഓരോ പ്രത്യേകം പേരുകളുള്ളതുകൊണ്ട് വിഷ്ണുധർമ്മത്തിൽ പറയുന്നതാവും കൂടുതൽ ശരി. വിഷ്ണുവിനെ ആരാധിക്കുന്നവർ അഗ്രഹായനംകൊണ്ടാണ് വർഷം തുടങ്ങുന്നത്. ആ മാസത്തിൽ അദ്ദേഹത്തിന്റെ പേര് 'കേശവൻ' എന്നാണ്. അദ്ദേഹത്തിന്റെ പേര് എണ്ണുകയാണെങ്കിൽ ചൈത്ര മാസത്തിൽ 'വിഷ്ണുധർമ്മ'ത്തിൽ പറഞ്ഞതനുസരിച്ചു 'വിഷ്ണു' എന്നാവും. ഗീതയിൽ അദ്ദേഹം പറയുന്നു: "ഞാൻ വസന്തം പോലെയാണ്." ഇതെല്ലാം മേൽ കൊടുത്ത പട്ടിക ശരിയാണെന്നതിന്റെ തെളിവാകുന്നു. മാസങ്ങളുടെ പേരുകൾ ഞാറ്റുവേലകളുടെ പേരുകളുമായി സാമ്യമുള്ളവയാ

ണ്. ഓരോ മാസത്തിലും പ്രത്യേക ഞാറ്റുവേലകളുള്ളതിനാൽ അവയുടെ പേരിൽനിന്ന് എടുത്തതാവും പ്രസ്തുത മാസങ്ങളുടെ പേരുകൾ. ഇതെല്ലാം ഉൾക്കൊള്ളിച്ച് ഒരു പട്ടിക താഴെ കൊടുക്കുന്നതാണ്. 'മുശ്തരി' (വ്യാഴം) ഏതെങ്കിലും ഞാറ്റുവേലയിലുദിച്ചാൽ പ്രസ്തുത ഞാറ്റുവേല ഉൾക്കൊള്ളുന്ന മാസമാണത്രെ ആ വർഷത്തെ നാഥൻ. മാത്രമല്ല, വർഷം മുഴുവൻ അതിനോടു ചേർത്തുപറയുകയും ചെയ്യും.

| മാസങ്ങൾ | എണ്ണം | ഞാറ്റുവേലകൾ | മാസങ്ങൾ | എണ്ണം | ഞാറ്റുവേലകൾ |
|---|---|---|---|---|---|
| കാർത്തിക | 1<br>2 | കാർത്തിക<br>രോഹിണി | വൈശാഖം | 1<br>2 | വിശാഖം<br>അനിഴം |
| അഗ്രഹായനം | 1<br>2 | മകീരം<br>തിരുവാതിര | ജ്യേഷ്ഠം | 1<br>2 | തൃക്കേട്ട<br>മൂലം |
| പൌഷം | 1<br>2 | <br>പൂയം | ആഷാഢം | 1<br>2 | പൂരാടം<br>ഉത്രാടം |
| മാഘം | 1<br>2 | ആയില്യം<br>മകം | ശ്രാവണം | 1<br>2 | തിരുവോണം<br>അവിട്ടം |
| ഫാൽഗുനം | 1<br>2 | പൂരം<br>ഉത്രം | ഭാദ്രം | 1<br>2<br>3 | ചതയം<br>പൂരുരുട്ടരാതി<br>ഉത്രട്ടാതി |
| ചൈത്രം | 1<br>2 | ചിത്ര<br>ചോതി | ആശ്വിനം | 1<br>2<br>3 | രേവതി<br>അശ്വതി<br>ഭരണി |

രാശിമണ്ഡലങ്ങൾക്ക് എല്ലാ സമുദായങ്ങളെപ്പോലെ തന്നെ ഇന്ത്യക്കാർക്കിടയിലും അവയുടെ രൂപമനുസരിച്ചുള്ള പേരുകൾ കൊടുത്തുവരുന്നു. മൂന്നാമത്തെ രാശിയുടെ പേര് 'മിഥുനം' എന്നാണ്. അത് ഒരു മിച്ചുനിൽക്കുന്ന ഒരാൺകുട്ടിയുടെയും പെൺകുട്ടിയുടെയും രൂപത്തെ കാണിക്കുന്നു. വരാഹമിഹിരൻ ജാതകങ്ങളെ കുറിച്ച് എഴുതിയ ഗ്രന്ഥങ്ങളിൽ ഇപ്രകാരം വിവരിക്കുന്നു: "മിഥുനം വീണയും കോലും പിടിച്ചുനിൽക്കുന്ന ഒരാളുടെ രൂപമാണ്. ഇതൊരു ഗംഭീരന്റെ വേഷമാണു കുറിക്കുന്നത്. ഈ രാശിക്ക് 'ജൗസ്' (മിഥുനം, ഇണ, ഇരട്ട) എന്ന പേര് പ്രസിദ്ധമായപ്പോൾ ആദ്യത്തെ രൂപം മാറി. ആറാമത്തെ രാശിയുടെ രൂപത്തെ കുറിച്ച് അദ്ദേഹം 'ധാന്യക്കുല പിടിച്ച ഒരു കപ്പൽ' എന്നു പറഞ്ഞു കാണുന്നു. (ഇത് നമുക്കുകിട്ടിയ കോപ്പിയിൽ വന്ന പിശകാവാം. കപ്പലിനു കയ്യുണ്ടെന്നു പറയുന്നതു മനസ്സിലാവുന്നില്ലല്ലോ?) ഈ രാശിക്ക് അവർ 'യുവതി' എന്നർത്ഥം വരുന്ന 'കന്നി' എന്നാണു പറയുന്നത്. അതുകൊണ്ട് കപ്പലിൽ ധാന്യക്കുലയും പിടിച്ചുകൊണ്ട് നിൽക്കുന്ന യുവതി എന്നാവും അദ്ദേഹം ഉദ്ദേശിച്ചത്. ഏഴാമത്തെ രാശി

യെകുറിച്ച് അദ്ദേഹം 'തുലാ' എന്നു പറയുന്നു. അതിന്റെ അർത്ഥം 'തുലാം' അഥവാ തുലാസ് എന്നാണ്. പത്താമത്തെ രാശിക്ക് അദ്ദേഹം ആടിന്റെ മുഖമുള്ള 'മകരം' എന്നു പറയുന്നു. ഗ്രീക്കുകാർ തല ആടിന്റെയും ഉടൽ മത്സ്യത്തിന്റെയുമായ ഒരു രൂപമാണ് കൊടുത്തത്. 'മഗർ' (മകരം) എന്നതിന്റെ അർത്ഥം മത്സ്യം എന്നാണ്. അപ്പോൾ തല മാത്രമാകും വരാഹമിഹിരൻ ഉദ്ദേശിച്ചത്. പതിനൊന്നാമത്തെതിന്റെ രൂപം ഒരു പാത്രത്തിന്റെ (കുംഭം) ആണെന്നു പറയുന്നു. ഇതു വളരെ യോജ്യമായ രൂപവും പേരുമത്രെ. ഗ്രീക്കുകാർ വെള്ളം പകർന്നുകൊടുക്കുന്ന ഒരാളുടെ രൂപമാണ് ഇതിനു കൊടുത്തത്. അതുകൊണ്ടാവണം ചിലർ ആളുകളുടെ രൂപമാണ് ഇതിനുള്ളതെന്നു പറഞ്ഞുകാണുന്നത്. അവസാനത്തെ രാശിയുടെ രൂപം രണ്ട് മത്സ്യത്തിന്റെതാണെന്നും അദ്ദേഹം പറയുന്നു. പേര് ഒരു മത്സ്യത്തെ മാത്രമാണ് കുറിക്കുന്നത്. (മീനു-മീനം) പ്രസിദ്ധമല്ലാത്ത പല പേരുകളും അവരുടെ ഭാഷയിൽ രാശികൾക്കു കാണാം. അവ ഒരു പട്ടികയിൽ ഇവിടെ കുറിക്കാം:

| എണ്ണം | പ്രസിദ്ധ പേരുകൾ | അപ്രസിദ്ധ പേരുകൾ | എണ്ണം | പ്രസിദ്ധ പേരുകൾ | അപ്രസിദ്ധ പേരുകൾ |
|---|---|---|---|---|---|
| 1 | മേഷ് (മേടം) | ക്രീ | 7 | തുല (തുലാം) | ജോഗ് |
| 2 | വർഷ് (ഇടവം) | താമ്പ്രൂ | 8 | വർക്ഷിക് (വൃശ്ചികം) | കൌറബ് |
| 3 | മിഥുന (മിഥുനം) | ജിതുമു | 9 | ധനു (ധനു) | തവുക്ഷിക |
| 4 | ഗർക്കിട (കർക്കിടകം) | കലീറ | 10 | മഗ്രം മകരം | അകൂകീർ |
| 5 | സിൻഗു (ചിങ്ങം) | ല്യായ | 11 | കുംഭ കുംഭം | ദ്രുവക് |
| 6 | ഗനു (കന്നി) | പാർതീന | 12 | മീനു മീനം | അന്ധീജീത |

മേടം പൂജ്യം കൊണ്ടും ഇടവം ഒന്നുകൊണ്ടും തുടങ്ങുന്ന സമ്പ്രദായമല്ല അവർക്കുള്ളത്. അതിനാൽ, മേടത്തെ അവർ ഒന്നായും ഇടവം രണ്ടായും എണ്ണി. മീനത്തിനു പന്ത്രണ്ടാമത്തെ സ്ഥാനം കൊടുക്കുന്നു.

അദ്ധ്യായം 20

# ബ്രഹ്മാണ്ഡം

'ബ്രഹ്മാണ്ഡം' എന്നാൽ ബ്രഹ്മമാകുന്ന അണ്ഡം (മുട്ട) എന്നാണർത്ഥം. പക്ഷേ, വൃത്താകൃതിയിലുള്ള എല്ലാ അണുക്കൾക്കും അതു പറയാം. മാത്രമല്ല മേലും കീഴും രണ്ട് ഭാഗമാണെന്ന നിലയ്ക്ക് ലോകത്തിനു മുഴുവൻ ബ്രഹ്മാണ്ഡം എന്നു പറയാവുന്നതാണ്. അവരുടെ (ഇന്ത്യക്കാരുടെ) അഭിപ്രായത്തിൽ ആകാശങ്ങൾ എല്ലാം ബ്രഹ്മാണ്ഡമാണ്. ആകാശങ്ങൾക്കു ചലനമുണ്ടാവുന്നില്ല. ആകാശത്തെ അവർ പല വിഭാഗക്കാരുടെയും വാസസ്ഥലമായി ഗണിക്കുന്നു. ഭൂമിയോടു സദൃശ്യമായ സ്വർഗലോകം അവിടെ സ്ഥിതിചെയ്യുന്നുവത്രെ. അവരുടെ ചില കഥകളിൽ ഇങ്ങനെ സൂചിപ്പിച്ചുകാണാം:

"എല്ലാറ്റിനും മുമ്പുണ്ടായിരുന്നതു വെള്ളമായിരുന്നു; ലോകം ഇന്നുള്ളിടങ്ങളെല്ലാം വെള്ളം നിറഞ്ഞതായിരുന്നു." ആത്മാവിന്റെ ഉത്ഭവഘട്ടത്തെയും ലോകത്തിനു പ്രത്യേക രൂപമുണ്ടാകുന്നതിനു മുമ്പുള്ള സന്ദർഭത്തെയുമാണ് ഈ സൂചന ചൂണ്ടിക്കാട്ടുന്നത് എന്നതിൽ സംശയമില്ല. വെള്ളത്തിൽ തിരമാലകൾ കാരണം വെളുത്ത നുരപൊന്തുകയും ആ നുരയിൽനിന്നു ദൈവം ബ്രഹ്മാണ്ഡത്തെ സൃഷ്ടിക്കുകയും ചെയ്തു എന്ന് അവർ പറയുന്നു. ചിലരുടെ അഭിപ്രായത്തിൽ മുട്ട രണ്ടായി പിളർന്ന് അതിൽനിന്നു ബ്രഹ്മൻ പുറത്തുവരികയും ഒരു പിളർപ്പിൽനിന്ന് ആകാശവും മറ്റേതിൽനിന്നു ഭൂമിയും ഉത്ഭൂതമാവുകയും ചെയ്തു. ആ രണ്ടു പിളർപ്പിൽനിന്നും അടന്നുവീണ കഷണങ്ങളിൽനിന്നു മഴയും ഉത്ഭവിച്ചു. പർവ്വതം ഉത്ഭവിച്ചു എന്നുകൂടി പറഞ്ഞിരുന്നെങ്കിൽ കുറച്ചുകൂടി യുക്തമാവുമായിരുന്നു.

"ഞാൻ ഒരു അണ്ഡം (മുട്ട) സൃഷ്ടിക്കാൻ പോവുകയാണ്. അതിൽ നിനക്കു താമസിക്കാനുള്ള സൗകര്യം ഒരുക്കിത്തരാം." എന്നു ദൈവം ബ്രഹ്മനോടു പറയുകയും വെള്ളത്തിന്റെ നുരയിൽനിന്ന് ആ അണ്ഡം സൃഷ്ടിക്കുകയും ചെയ്തു. വെള്ളം വറ്റിയപ്പോൾ മുട്ടയെ രണ്ട്

പിളർപ്പായി കീറുകയുണ്ടായി എന്നിങ്ങനെയാണു വേറെ ചിലരുടെ അഭിപ്രായം.

ഏതാണ്ടിതുപോലെ തന്നെയാണ് വൈദ്യശാസ്ത്രം കണ്ടുപിടിച്ച 'ആസ്ക്ൾപ്യൂസി'ന്റെ പ്രതിമ ഉണ്ടാക്കിയപ്പോൾ ലോകം ഗോളമാണെന്നും എല്ലാറ്റിന്റെയും രൂപമതാണെന്നും ലോകത്തിനു ചികിത്സ വളരെ അത്യന്താപേക്ഷിതമാണെന്നും ചൂണ്ടിക്കാണിക്കുന്ന ഒരു മുട്ട ആ പ്രതിമയുടെ കയ്യിൽ വെച്ചു. 'ആസ്ക്ൾപ്യൂസ്' ബ്രഹ്മനെക്കാൾ പദവി കുറഞ്ഞ ആളല്ല. ഗ്രീക്കുകാരുടെ അഭിപ്രായത്തിൽ അദ്ദേഹം ഒരു ദൈവികശക്തിയാണ്. ആ ശക്തി മരണത്തിനിടയാക്കുന്ന കഠിനമായ ഉഷ്ണവും തണുപ്പും തടയുന്നതുകൊണ്ടാണ് ഈ പേര് അതിനു ലഭിച്ചത്. അദ്ദേഹം അപ്പോളോ, ഫ്ളീഗസ്സ്, ക്രോണസ്സ് (ശനി നക്ഷത്രം) എന്നീ ത്രിമൂർത്തി ശക്തികളുടെ സന്താനമാണെന്ന് അവർ പറയുന്നത്, പ്രകൃതി അനുസരിച്ചുള്ള ബന്ധത്തെ ഉദ്ദേശിച്ചു മാത്രമാണ്.

എന്നാൽ, വെള്ളം വിവിധ സാധനങ്ങൾ കൂടിച്ചേരാനും, വളർച്ചയുള്ള സാധനങ്ങൾ വളരാനും, ജീവികളുടെ ജീവൻ നിലനിർത്താനുമുള്ള ഉപകരണമായതിനാലാണ് ലോകത്തിൽ ഏറ്റവും ആദ്യം ഉണ്ടായതു വെള്ളമാണെന്ന് ഇന്ത്യക്കാർ പറയുന്നത്. അപ്പോൾ വെള്ളം ദൈവത്തിനു സൃഷ്ടിക്കാനുള്ള ഒരു ഉപകരണമാണെന്നു വരുന്നു. ഈ വിഷയം ചൂണ്ടിക്കാണിച്ചു വിശുദ്ധ ഖുർആൻ ഇങ്ങനെ പ്രസ്താവിക്കുന്നു: “ദൈവത്തിന്റെ സിംഹാസനം വെള്ളത്തിന്മേലാണ്.”[1] വെള്ളം എന്നതുകൊണ്ടുള്ള വിവക്ഷ ഒരു പ്രത്യേക തരത്തിലുള്ള വസ്തുവാണെന്നു വന്നാലും അല്ലെങ്കിലും അന്നു ദൈവം കൂടാതെ അവന്റെ സിംഹാസനവും വെള്ളവും മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്നതാണു വാസ്തവം. നമ്മുടെ ഈ ഗ്രന്ഥം ഒരു സമുദായത്തിന്റെ മാത്രം സ്ഥിതിഗതികളും പ്രസ്താവനകളും വിശദീകരിക്കുന്നതല്ലായിരുന്നെങ്കിൽ ബാബിലോണിലും പരിസരങ്ങളിലും പണ്ട് ജീവിച്ചിരുന്നവരുടെ ഇടയിൽ ഉണ്ടായിരുന്ന ഇപ്രകാരമുള്ള ഐതിഹ്യങ്ങൾ ഞാൻ ഇവിടെ വിവരിക്കുമായിരുന്നു. പ്രസ്തുത അണ്ഡം (മുട്ട) രണ്ടായി പിളരുകയും ഒന്നുകൊണ്ടാകാശവും മറ്റേതുകൊണ്ട് ഭൂമിയും ഉണ്ടാവുകയും ചെയ്തു എന്ന പ്രസ്താവന മുട്ടയുടെ ഉണ്ണിയെയും വെള്ളയെയും അതിന്റെ തൊണ്ട് വലയം ചെയ്തിരിക്കുകയാണെന്ന യാഥാർത്ഥ്യം മനസ്സിലാക്കിയിട്ടില്ലാത്തവരുടെ അഭിപ്രായമാണ്. ശരിക്ക് കാര്യം ഗ്രഹിച്ചിരുന്നെങ്കിൽ ഈ മുട്ടയെ പിളർത്തി മുകൾഭാഗം ആകാശവും താഴ്ഭാഗം ഭൂമിയും ആയി മാറിയതാണെന്നു പറയേണ്ടി വരുമായിരുന്നില്ല. പല വിധത്തിലും വ്യാഖ്യാനിക്കാവുന്ന സൂചനകൾ ഓരോ വിഭാഗവും തങ്ങളുടെ വിശ്വാസമനുസരിച്ചു വ്യാഖ്യാനിക്കുകയാണല്ലോ പതിവ്. 'തൈമാവൂസ്' എന്ന ഗ്രന്ഥത്തിൽ പ്ലാറ്റോ ഇങ്ങനെ പ്രസ്താവിക്കുന്നു: ദൈവം ഒരു നൂലെ

ടുത്ത് രണ്ടായി ഭാഗിച്ച് ഓരോ ഭാഗവും ചുറ്റിച്ച് അവ രണ്ടിൽനിന്നും രണ്ടു ബിന്ദുവിൽ അവസാനിക്കത്തക്ക നിലയിൽ ഓരോ വൃത്തം ഉണ്ടാക്കുകയും ഒന്നിനെ ഏഴായി ഭാഗിക്കുകയും ചെയ്തു. ആകാശത്തെയും ഭൂമിയെയും നക്ഷത്രങ്ങളെയുമാണ് ഇദ്ദേഹം സൂചിപ്പിക്കുന്നത്. 'ബ്രഹ്മ സിദ്ധാന്ത'ത്തിൽ ഒന്നാമത്തെ അധ്യായത്തിൽ ആകാശങ്ങളെ എണ്ണുന്നിടത്ത് ബ്രഹ്മഗുപ്തൻ ചന്ദ്രൻ ഒന്നാമത്തെ ആകാശത്തിലും സുഹ്ൽ (ശനി നക്ഷത്രം) ഏഴാമത്തെ ആകാശത്തിലും സ്ഥിതി ചെയ്യുന്നുവെന്നു പറഞ്ഞ ശേഷം തുടരുന്നു: "നിശ്ചല നക്ഷത്രങ്ങൾ എട്ടാമത്തെ ആകാശത്തിൽ നിലകൊള്ളുന്നു. ഇവയെല്ലാം ഗോളങ്ങളായതുകൊണ്ട് നശിക്കാതിരിക്കാനും ഇവിടെ നന്മ ചെയ്യുന്നവനു രക്ഷ നല്കാനും തിന്മ ചെയ്യുന്നവനു ശിക്ഷ നല്കാനും വേണ്ടിയാണ്. ഇവയ്ക്കപ്പുറം ഒന്നുമില്ല." അവരുടെ മത ഗ്രന്ഥങ്ങളിൽ കാണുന്നതനുസരിച്ച് ആകാശങ്ങളുടെ നിലയും അവയുടെ ക്രമപ്രകാരമുള്ള വ്യവസ്ഥയും അദ്ദേഹം വിവരിച്ചിട്ടുണ്ട് -ഈ വിഷയത്തെ കുറിച്ചു പിന്നീട് പ്രസ്താവിക്കുന്നതാണ്- അവയ്ക്ക് ക്രമേണ സ്ഥിതിമാറ്റങ്ങൾ സംഭവിക്കുന്നതാണെന്നും ഗോളങ്ങളിലും അവയുടെ ചലനങ്ങളിലും അരിസ്റ്റോട്ടലിന്റെ അഭിപ്രായമാണ് ശരിയെന്നും ആകാശങ്ങളുടെ അപ്പുറം ഒരു വസ്തുവുമില്ലെന്നും അദ്ദേഹം ഈ അധ്യായത്തിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നു. അപ്പോൾ ബ്രഹ്മാണ്ഡം എന്നത് ആകാശ-ഭൂമികളുടെ സമൂഹമാണെന്നും ഇവയിലാണ് രക്ഷയും ശിക്ഷയും നല്കുന്നത് എന്നുമുള്ള ഇന്ത്യക്കാരുടെ അഭിപ്രായം ഏറെക്കുറേ വ്യക്തമാവുന്നുണ്ട്. പോൾസ് തന്റെ സിദ്ധാന്തത്തിൽ പ്രസ്താവിക്കുകയാണ്:

"ലോകം ഒട്ടാകെ ഭൂമി, കാറ്റ്, വെള്ളം, ആകാശം എന്നിവയാകുന്നു. ഇവ ഇരുട്ടിൽ സൃഷ്ടിക്കപ്പെട്ടു. സൂര്യരശ്മിക്ക് ശക്തി കുറഞ്ഞതിനാൽ ആകാശം ഇളംനീലയായി കാണപ്പെട്ടു. ആകാശംകൊണ്ട് സ്വതവേ പ്രകാശമില്ലാത്ത ശ്വേതഗോളങ്ങൽ (നക്ഷത്രങ്ങൾ, ചന്ദ്രൻ) പ്രകാശിക്കാൻ തുടങ്ങി. ഭൂമിയുടെ നിഴലിൽ പെട്ടുപോയിട്ടില്ലെങ്കിൽ രാത്രി അവ പ്രകാശിക്കുന്നതായി കാണാം. അപ്പോൾ സ്വതേ പ്രകാശമുള്ളത് സൂര്യനു മാത്രമാണ്. മറ്റുള്ളവ സൂര്യനിൽനിന്നു പ്രകാശം സ്വീകരിക്കുന്നു. ആകാശം പ്രകാശിക്കാത്ത ഇരുളടഞ്ഞ വസ്തുവാണെന്നും സൂര്യപ്രകാശം അവിടേക്ക് എത്തുകയില്ലെന്നും ഇളം കറുപ്പായി കാണുന്ന ആ നിറത്തെ പറ്റി അന്വേഷിച്ചാൽ യാതൊരു പിടിയും കിട്ടുകയില്ലെന്നും ഈ അധ്യായത്തിൽ അദ്ദേഹം സൂചിപ്പിക്കുന്നു.

ബ്രഹ്മഗുപ്തൻ പറയുന്നു: "ചന്ദ്രന്റെ പ്രദക്ഷിണ സംഖ്യയായ 57,75,33,00,000-നെ അതു സ്ഥിതിചെയ്യുന്ന ആകാശത്തിന്റെ ചുറ്റളവുകൊണ്ട് 3,24,000 പെരുക്കിയാൽ കിട്ടുന്ന ഉത്തരമായ 18,71,20,92,00,00,00 ആകും നിശ്ചല നക്ഷത്രത്തിന്റെ ആകാശത്തിന്റെ വിസ്തീർണം. ഇത്

അദ്ദേഹത്തിന്റെ പ്രസ്താവനകളിൽനിന്നു നാം മനസ്സിലാക്കിയാതാണ്. അത് എത്രകണ്ട് ശരിയാണെന്നു ഖണ്ഡിതമായി പറയുക സാധ്യമല്ല.

എന്നാൽ, വസിഷ്ഠൻ പറയുന്നു: "ബ്രഹ്മാണ്ഡം സർവ്വ ആകാശങ്ങളെയും വലയം ചെയ്തിരിക്കുകയാണ്. ഈ തുകകളും വിസ്തീർണ്ണവും അതിന്റേതു മാത്രമാണ്. സുപ്രസിദ്ധ വ്യാഖ്യാതാവായ ബലഭദ്രൻ പറയുന്നത്: "ഈ വിസ്തീർണ്ണക്കണക്ക് നമ്മുടെ കണ്ണെത്തുന്നിടത്തെ വസ്തുക്കളുടേതാണെന്നും നാം കാണാത്ത വസ്തുക്കളുടെ കണക്കെടുക്കുക നമുക്കു സാധ്യമല്ല" എന്നുമത്രെ.

ആര്യഭട്ടന്റെ അനുയായികൾ പറയുന്നത്: "നമുക്ക് സൂര്യരശ്മി എത്തുന്നിടേത്ത് മതിയാകുന്നതത്രെ. അതിനപ്പുറമുള്ള കണ്ണെത്താത്ത സ്ഥലത്തെ കുറിച്ചറിയുക നമുക്കാവശ്യമില്ല. അതു സാധ്യവുമല്ല." വസിഷ്ഠന്റെ പ്രസ്താവനയുടെ ചുരുക്കം ഇപ്രകാരമാണ്: "ബ്രഹ്മാണ്ഡം നിശ്ചല നക്ഷത്രങ്ങളുടെ സ്ഥാനമായ എട്ടാം ആകാശത്തെ വലയം ചെയ്തിരിക്കുന്നു. നമ്മുടെ ബന്ധം ആകാശവുമായത്രെ. അതിനു മുകളിൽ ഒമ്പതാമത്തെ ഒരു ആകാശം കൂടി ഉണ്ടെന്നു സ്ഥാപിക്കേണ്ട ആവശ്യം നേരിടുന്നില്ല." ഒമ്പതാമത്തെതിനെ കുറിച്ച് ആളുകളുടെ ഇടയിൽ അഭിപ്രായ വ്യത്യാസമുണ്ട്. സർവ്വസ്വവും വഹിച്ചു പടിഞ്ഞാറുഭാഗത്തേക്ക് അതു ചലിച്ചുകൊണ്ടിരിക്കുകയാണെന്നു ചിലർ പറയുമ്പോൾ അതു നിശ്ചലമായി നിലകൊള്ളുകയാണെന്നു മറ്റു ചിലരും അഭിപ്രായപ്പെടുന്നു. എന്നാൽ, ആദ്യത്തെ വിഭാഗക്കാരുടെ ലക്ഷ്യം വ്യക്തമാണ്.

പക്ഷേ, അരിസ്റ്റോട്ടിൽ പറയുന്നത്: "ഏതൊരു ചലിക്കുന്ന വസ്തുവിനും അതിനു പുറമെയുള്ള ഒരു ശക്തി ഉണ്ടായേ തീരു." അതിനാൽ ഒമ്പതാമത്തെ ആകാശത്തിനും പുറമെനിന്നു ചലിപ്പിക്കുന്ന ഒരു ശക്തി ആവശ്യമാണ്. എന്നാൽ, ഒമ്പതാമത്തെ ആകാശവും ചലിക്കുന്നത് അതിന്റെ പുറത്തുള്ള ഒരു ശക്തികൊണ്ടാണെങ്കിൽ അതേ ശക്തികൊണ്ടാണ് എട്ട് ആകാശങ്ങളും ചലിക്കുന്നതെന്നും ഒമ്പതാമത്തെ ആകാശം കൊണ്ടല്ലെന്നും എന്തുകൊണ്ട് ഊഹിച്ചുകൂടാ?

എന്നാൽ, രണ്ടാമത്തെ വിഭാഗക്കാർ നാം മേലുദ്ധരിച്ച തത്വവും ചലിപ്പിക്കുന്ന ശക്തി നിശ്ചലമായിരിക്കണമെന്നും മനസ്സിലാക്കിയതിനാലാവാം ഒമ്പതാമത്തെ ആകാശം നിശ്ചലമാണെന്നും അതിൽനിന്നാണു പശ്ചിമ ഭാഗത്തേക്കുള്ള ചലനം ഉത്ഭവിക്കുന്നതെന്നും പറഞ്ഞത്. പക്ഷേ, അരിസ്റ്റോട്ടിൽ ഒമ്പതാമത്തെ ആകാശം ഒരു ധാതുപദാർത്ഥമല്ലെന്നു സമർത്ഥിക്കുന്നു. അപ്പോൾ ഗോളരൂപം, ആകാശസ്ഥിതി, വലയം ചെയ്യുന്നത്, നിശ്ചലമായത് എന്നീ ഗുണങ്ങൾ അതിനു കൊടുക്കുമ്പോൾ അതു ധാതുപദാർത്ഥമുള്ളതാണെന്നു വരും. എന്നിരിക്കെ ഇങ്ങനെ ഒരു ആകാശമുണ്ടായിരിക്കുക എന്നത് അസാധ്യമാണെന്നു

വരുന്നു. ടോളമി 'അൽ മിജസ്തി' എന്ന തന്റെ ഗ്രന്ഥത്തിൽ പറയുന്നു: ഈ ലോകത്തുള്ള എല്ലാ ചലനങ്ങളുടെയും ഏകകാരണം ഒരേഒരു ചലനമാണെന്നു നാം കണക്കാക്കുകയാണെങ്കിൽ അതു ചലിക്കാത്തതും കാണാത്തതുമായ ദൈവം മാത്രമാണെന്നു വരാനേ സാധ്യതയുള്ളൂ. അതിനെക്കുറിച്ചുള്ള പ്രതിപാദന ശാസ്ത്രത്തിനു ദൈവിക ശാസ്ത്രം (അദ്വൈതശാസ്ത്രം) എന്നു നാം പറയുന്നു. ഉപരി ലോകത്തു നടക്കുന്ന ഈ പ്രവൃത്തികളെല്ലാം പഞ്ചേന്ദ്രിയ ഗോചര വസ്തുക്കളുടേതിൽനിന്നു വിപരീതമാണെന്നു നമുക്കു മനസ്സിലാക്കാം. ടോളമിയുടെ ചലനകാരണമായ ശക്തിയെക്കുറിച്ചുള്ള അഭിപ്രായത്തിൽ പ്രോക്ലസിനെ ഖണ്ഡിച്ചു 'യഹ്യന്നഹ്‌വി' (വൈയ്യാകരനായ യോഹന്നാൻ) ടോളമിയിൽനിന്ന് ഉദ്ധരിച്ച ആകാശത്തെ കുറിച്ചൊന്നും സൂചിപ്പിക്കുന്നില്ല.

എന്നാൽ, പ്ലാറ്റോ ഒമ്പതാമത്തെ ഒരു ആകാശത്തെ കുറിച്ച് അറിഞ്ഞിരുന്നില്ലെന്നും അതുതന്നെയാണ് ടോളമിയുടെയും നിലയെന്നും പറയുന്നത് അടിസ്ഥാന രഹിതമത്രെ. എട്ടാമത്തെയും ആകാശത്തിന്റെയും അപ്പുറം ചലിക്കുന്നതോ ചലിക്കാത്തതോ ആയ വല്ല വസ്തുവും ഉണ്ടെന്നോ ഇല്ലെന്നോ, ഉണ്ടെങ്കിൽ തന്നെ അത് അവസാനിക്കുന്നതോ അവസാനിക്കാത്തതോ എന്നോ ഉള്ള സംഗതികൾ നമ്മുടെ പ്രതിപാദന വിഷയത്തിൽ പെട്ടതല്ല.

എന്നാൽ, ബലഭദ്രൻ ആകാശങ്ങൾ സ്തൂല ശരീരമുള്ളതും ഭാരങ്ങളെ തട്ടിനീക്കുന്നതും അവയെ വഹിക്കുന്നതുമാണെന്നും മറ്റും പറയുന്നു. ഇദ്ദേഹം കാഴ്ചയെക്കാൾ കേൾവിക്കാണു കൂടുതൽ സ്ഥാനം നൽകുന്നത്. നമുക്കാണെങ്കിൽ തെളിവു കിട്ടിക്കഴിഞ്ഞാൽ ഐതിഹ്യങ്ങളിൽ വിശ്വസിക്കുക സാധ്യമല്ല. എന്നാൽ, സത്യം ആര്യഭട്ടന്റെ അനുയായികൾ പറഞ്ഞതാണ്. ഇവർ അന്ധമായി അനുകരിക്കാതെ ചിന്തിച്ചു കാര്യം പറയുന്നവരാണെന്നു തോന്നുന്നു. അപ്പോൾ ബ്രഹ്മാണ്ഡം എന്നത് ലോകത്തിന്റെ മൂലമായ അണുശക്തിയാണെന്നു വ്യക്തമാണല്ലോ.

അധ്യായം 21

# ഇന്ത്യക്കാരുടെ മതങ്ങളുടെയും അവർക്കിടയിൽ പ്രചാരമുള്ള ഐതിഹ്യങ്ങളുമനുസരിച്ചു ഭൂമിയുടെയും ആകാശത്തിന്റെയും വർണ്ണന

ഇന്ത്യക്കാരിൽ ചിലർ തങ്ങളുടെ മതഗ്രന്ഥങ്ങളിലെ സൂചന അനുസരിച്ചു ഭൂമി ഒന്നിനു മേൽ ഒന്നായ നിലയിൽ ഏഴു തട്ടുകളായാണെന്നു പറയുന്നു. നമ്മുടെ ജ്യോതിശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നതുപോലെ ഭൂമി ഏഴ് ഖണ്ഡങ്ങളാണെന്നോ പേർഷ്യക്കാർ പറയുന്നതുപോലെ 'കുശുറാത്ത്'[1] (വെള്ളത്തിൽനിന്നു പൊന്തിയ കരഭാഗങ്ങൾ) ആണെന്നോ അല്ല അവരുടെ അഭിപ്രായം. നാം അവരുടെ മതനേതാക്കളുടെ വ്യക്തമായ പ്രസ്താവനകൾ നിഷ്പക്ഷമായി വിവരിക്കുകയും അവയിൽ മറ്റുള്ളവരുടെ അഭിപ്രായങ്ങളുമായി യോജിക്കുന്ന ഭാഗങ്ങളും തത്വങ്ങളും കണ്ടെത്തുകയും ചെയ്താൽ അവ പ്രത്യേകം എടുത്തുപറയും. അങ്ങനെ ചെയ്യുന്നത് ഏതെങ്കിലും ഒരു വിഭാഗക്കാരുടെ ആശയങ്ങളെ സ്ഥാപിക്കാനല്ല. പാരായണം ചെയ്യുന്നവരുടെ ബുദ്ധിവികാസത്തിനും അറിവിനും വേണ്ടിയാണ്.

ഭൂമിയുടെയോ അതിന്റെ ഉപരിഭാഗങ്ങളുടെയോ എണ്ണത്തിൽ അവർക്ക് അഭിപ്രായ വ്യത്യാസമില്ല. അവയുടെ പേരുകളിലും ക്രമാനുഗതമായ വ്യവസ്ഥയിലും മാത്രമേ അഭിപ്രായ വ്യത്യാസമുള്ളൂ. അവരുടെ ഭാഷ വളരെ വിശാലമായതുകൊണ്ടും അതിൽ ഒരു വസ്തുവിന് ഒന്നിലധികം പേരുകളുള്ളതുകൊണ്ടുമാണ് ഈ അഭിപ്രായ വ്യത്യാസമുണ്ടായത്. അറബികൾ സിംഹത്തിന് അസംഖ്യം പേരുകൾ പറയുന്നതുപോലെ ഇവർ സൂര്യന് ആയിരത്തോളം പേരുകൾ പറയുന്നു. ചില പേരുകൾ സൂര്യന്റെ വിവിധ സ്ഥിതിഗതികളെ വിവരിക്കുന്നതാണെങ്കിലും മറ്റു ചിലത് സൂര്യന്റെ സ്ഥിതിഗതികളുമായി ബന്ധമില്ലാത്തതുമാണ്. ഇവരും മറ്റു പല ഭാഷക്കാരും ഭാഷയുടെ ഈ സമ്പ്രദായത്തിൽ

അഭിമാനം കൊള്ളുന്നതായി കാണാം. വാസ്തവത്തിൽ ഈ സമ്പ്രദായം ഏതൊരു ഭാഷയുടെയും ന്യൂനതയായി വേണം കാണാൻ. എല്ലാ സാധനങ്ങൾക്കും അവയുടെ സ്ഥിതിഗതികൾക്കും പ്രയാസമില്ലാതെ ഉപയോഗിക്കാനും അവ മനസ്സിലാക്കാനും മതിയായ വാക്കുകൾ ഉണ്ടായിരിക്കുക എന്നതാണ് ഒരു ഭാഷയുടെ ശരിയായ ഗുണം. അപ്പോൾ ആ പേരുകൾ കേൾക്കുന്ന മാത്രയിൽ ആ ഭാഷ സംസാരിക്കുന്ന ഏവർക്കും നിഷ്പ്രയാസം കാര്യങ്ങൾ മനസ്സിലാക്കാൻ സാധിക്കും. പലതിനും ഒരു പേരു മാത്രമേ ഉപയോഗിക്കാൻ സാധിക്കുകയുള്ളൂ എന്നു വരുന്നത് ആ ഭാഷയുടെ അപൂർണ്ണതയെ കുറിക്കുന്നതും അതിന്റെ ഉദ്ദേശ്യത്തെ സംബന്ധിച്ചു കേൾവിക്കാരൻ ചോദിക്കുമ്പോൾ മറ്റെന്തെങ്കിലും പദങ്ങൾക്കൊണ്ട് ഉദ്ദേശ്യം ഗ്രഹിപ്പിക്കാൻ നിർബന്ധിക്കുന്നതുമാണ്. അങ്ങനെ പര്യായപദം ഉപയോഗിക്കേണ്ടി വരുന്നതുകൊണ്ടും മറ്റു വിധത്തിൽ വ്യാഖ്യാനിച്ചുകൊടുക്കുന്നതുകൊണ്ടും ആ പേര് തീരേ നശിച്ചുപോകുന്നു.

ഇനി ഒരു സാധനത്തിന് ഒന്നിലധികം പേരുണ്ടാവുകയും ഓരോ പേരും പ്രത്യേക വിഭാഗക്കാരുടെയോ വർഗ്ഗക്കാരുടെതോ അല്ലാതിരിക്കുകയും ചെയ്യുമ്പോൾ കൂടുതൽ പേരുണ്ടാവുക എന്നതു കാര്യം ഗ്രഹിക്കുക പ്രയാസകരമാക്കുന്നതാണ്. കൂടാതെ, കുറേ സമയം പാഴാക്കാൻ ഹേതുവാകുന്നതുമാണ്. ചില ഗ്രന്ഥകാരന്മാരും ചരിത്രകാരന്മാരും വാചകഘടന വിശദമാക്കാതെ പേരുകളും ഒറ്റവാക്കുകളും മാത്രം വിവരിച്ചതായോ പകർത്തുന്നവരിൽനിന്നു വല്ല തെറ്റും വന്നതായോ എനിക്കു പല സന്ദർഭങ്ങളിലും തോന്നിയിട്ടുണ്ട്. എനിക്കു പരിഭാഷ ചെയ്തു കാര്യങ്ങൾ വിവരിച്ചുതന്നവർ ഭാഷയിൽ കഴിവുള്ളവരും വഞ്ചിക്കാത്തവരുമായിരുന്നുവെന്നും എനിക്ക് നല്ല ഉറപ്പുണ്ട്.

ഭൂമിയുടെ പേരുകൾ എനിക്കു കിട്ടിയതനുസരിച്ച് ഒരു പട്ടിക രൂപത്തിൽ ഇവിടെ വിവരിക്കാം: ആദിത്യപുരാണം ആണ് അതു മനസ്സിലാക്കാനുള്ള ശരിയായ ആധാരം. അതിൽ ഈ പേരുകൾക്ക് ഒരു നിയമം നിശ്ചയിച്ചിട്ടുണ്ട്. ഓരോ ഭൂമിയും ഓരോ ആകാശവും സൂര്യന്റെ ഓരോ അവയവത്തിലാണ് നിലകൊള്ളുന്നത്. ആകാശങ്ങൾ സൂര്യന്റെ മൂർദ്ധാവ് മുതൽ വയറുവരെയും ഭൂമികൾ അതിന്റെ വയറു മുതൽ പാദം വരെയും ആണെന്നാണ് കണക്കാക്കിയത്. ഇങ്ങനെ വരുമ്പോൾ ക്രമപ്രകാരമുള്ള വ്യവസ്ഥ വ്യക്തമാവുന്നതാണ്:

| ഭൂമികൾ | ആദിത്യപുരാണം | | വിഷ്ണുപുരാണം | വായുപുരാണം | | |
|---|---|---|---|---|---|---|
| | ഭൂമികൾക്ക് സൂര്യന്റെ അവയവങ്ങളുമായുള്ള ബന്ധം | അവയുടെ പേര് | | അവയുടെ പേര് | വിശേഷ നാമങ്ങൾ | കേൾവി അടിസ്ഥാനത്തിലുള്ള പേരുകൾ |

| | | | | | | |
|---|---|---|---|---|---|---|
| ഒന്നാമ ത്തേത് | പൊക്കുഴി (പൊക്കിൾ) | താലം | ആതുലു | അടോസ് തലു | കൃഷിഭൂമി :ഇരുട്ടുഭൂമി | ആനസ |
| രണ്ടാമ ത്തേത് | രണ്ടു തുട | സോ താലം | പിതലു | അതലു | ശകലഭൂമി :ഇരുട്ടുഭൂമി | അമ്പർതാല |
| മൂന്നാമ ത്തേത് | രണ്ടു മുട്ടുകാൽ | പാതാ ളം | നിതലു | നിതലു | രക്തഭൂമി :ചുവന്നഭൂമി | സക്കറു |
| നാലാമ ത്തേത് | മുട്ടുകാലിന് തൊട്ടഭാഗം | ആശാ ലം | ഗഭസ് തിമ | ഗഭസ് തലു | പീഠഭൂമി :മഞ്ഞഭൂമി | ഗുഭസ്തി മാനം |
| അഞ്ചാ മത്തേത് | രണ്ടു തണ്ടം കാൽ | വിശാ ലം | മഹാഗ്യു | മഹാ തലു | പാഖാന ഭൂമി: മാർ ബിൾ ഭൂമി | മഹാതൻ |
| ആറാ മത്തേത് | രണ്ടു നെരിയാണി | മാർ താലം | സുതലു | സുതലു | ശിലാതലു :ഇഷ്ടികഭൂമി | സുതലു |
| ഏഴാമ ത്തേത് | രണ്ടു പാദം | രസാ തിലം | ചാഗർ | പാതാളം | സ്വർണവർണം :സ്വർണവർണം | റസാതലം |

**വായുപുരാണമനുസരിച്ചു പ്രസ്തുത ഭൂമികളിലെ നിവാസികളായ ആത്മാക്കളും മറ്റും:**

1. ശാഖഗർണ്ണം, കുവന്തു, നിഷ്ഠപാത്, ശോലതത്ത്, ലോഹിത, ക്ലിൻഗു, ശ്വംപദു. (ഇതിലാണ് പാമ്പിന്റെ ആളുകളായ ദനങ്കേവ്, കാല്യ)
2. സുരഷ്, മഹാചംബു, ഹീഗർയൂ, കൃഷ്ണ, ചനർതു, ശങ്കാക്ഷ്, കൂമക്, ഇതിലാണ് രാക്ഷസന്മാരായ നീലുമീക, കർതനക്, മഹോഷ്നിഷ്, ഗുമ്പൽ, അശ്വത്ര, ദക്ഷക.
3. റാദ്, അന്നറാദ്, അഗ്നിമഖ്, താർകാക്ഷി, ത്രശ്റു, ശിശ്മാർ, ഇവിടെയാണ് രാക്ഷസന്മാരിരിൽ പെട്ട ചപൻ, നിന്ദു, വിശാൽ എന്നിവർ വസിക്കുന്നത്. ഇവിടെ വളരെയധികം നാടുകളുണ്ട്.
4. കാലനീമു, കിസകരൻ, ഊചരൻ, ഇവിടെ രാക്ഷസന്മാരിൽപെട്ട സുമാല, മഞ്ച്, വരികവക്തർ, ഗരുഡൻ എന്ന പേരിലറിയപ്പെടുന്ന വലിയ പക്ഷികൾ,
5. ബ്ളൂച്ചൻ, ചെയന്ത, അഗ്നിച്ചപ്പ്, ഹിരണ്യാക്ഷ, ഇവിടെയാണ് രാക്ഷന്മാരിൽനിന്നുള്ള വിദ്യുചല്, മാമേക, മാർക്രമീർ, ആസ്വസ്ഥ, ഗുബൌ, എന്നിവരുടെ വാസസ്ഥലം.

6. കീസറു, രാക്ഷസന്മാരിൽ പെട്ട ഉർദശൂജ, ശതശിരസ്സ്, (ഇത് നൂറ് തലയുള്ള ഇന്ദ്രന്റെ സ്നേഹിതനായ ഒരു പിശാചാണ്) വാസുകി, (പാമ്പ്) എന്നിവർ ഇവിടെയാണു സ്ഥിതിചെയ്യുന്നത്
7. രാജാചായബൽ, മസ്ഗുണ്ഡം, ഇവിടെ രാക്ഷസന്മാർക്ക് ധാരാളം വീടുകളുണ്ട്. ഇവിടെ തന്നെയാണ് വിഷ്ണുവും പാമ്പിന്റെ ആളായ ശൈശും.

ഭൂമികളോടു തൊട്ട് ഏഴ് തട്ടായി ആകാശം നിലകൊള്ളുന്നു. അവയ്ക്ക് ലോകാത്ത് (ലോകങ്ങൾ) എന്നു പറയും. സമ്മേളനം, സദസ്സ് എന്നൊക്കെയാണ് 'ലോക്' എന്നതുകൊണ്ടുള്ള വിവക്ഷ. ഇതുപോലെ തന്നെ ഗ്രീക്കുകാരും ആകാശങ്ങളെ സമ്മേളനസ്ഥലങ്ങളായി കണക്കാക്കുന്നു. യഹ്യന്നഹ്‌വി (വൈയാകരനായ യോഹന്നാൻ) ബർകൻസിനെ ഖണ്ഡിച്ച് ഇങ്ങനെ പറയുന്നു: "ഗൽഖിസിയാസ് (പാൽ) എന്ന പേരിലറിയപ്പെടുന്ന ആകാശത്താണു മനുഷ്യാത്മാക്കളുടെ കേന്ദ്രം." ഓമിറോസ് പറയുന്നു: "നീ പരിശുദ്ധാകാശത്തെ ദേവന്മാരുടെ നിത്യഭവനമാക്കി സൗകര്യപ്പെടുത്തിയിട്ടുണ്ട്. കാറ്റ് അതിനെ ഇളക്കുകയോ മഴ നനയ്ക്കുകയോ മഞ്ഞു നശിപ്പിക്കുകയോ ചെയ്യുകയില്ല. മേഘപടലങ്ങളാൽ ആവരണം ചെയ്യപ്പെടാതെ എന്നും തെളിവോടെ ആ പരിശുദ്ധാകാശം സ്ഥിതിചെയ്യുന്നു." എന്നാൽ, പ്ലാറ്റോ പറയുന്നത്: "ദൈവം ഏഴ് ചലന നക്ഷത്രങ്ങളോട് ഇങ്ങനെ പറയുകയുണ്ടായി: 'നിങ്ങൾ ദേവന്മാരുടെ ദൈവങ്ങളാണ്. ഞാനാണ് നിങ്ങളെയും നിങ്ങളുടെ പ്രവൃത്തികളെയും പൂർണ്ണമായ നിലയിൽ സൃഷ്ടിച്ചത്. ഏതൊരു സംയുക്ത സാധനവും വിഭജിക്കപ്പെടാമെങ്കിലും അതിന്റെ സംയോജന വ്യവസ്ഥ സുശക്തമാണെങ്കിൽ അതിനു നാശം അസാധ്യമാണ്."

അരിസ്റ്റോട്ടിൽ അലക്സാണ്ടർക്കയച്ച കത്തിൽ ഇങ്ങനെ പ്രസ്താവിച്ചിട്ടുണ്ട്: "ലോകം മുഴുവൻ സൃഷ്ടികളുടെയും ഒരു വ്യവസ്ഥാസമാഹാരമാണ്. എന്നാൽ, ലോകത്തെ വലയം ചെയ്ത അതിന്റെ ഉപരി ഭാഗം ദേവന്മാരുടെ സങ്കേതമാകുന്നു. നാം നക്ഷത്രങ്ങൾ എന്നു പറഞ്ഞുവരുന്ന അവരുടെ ശരീരങ്ങളാൽ ആകാശം നിബിഢമാണ്." പ്രസ്തുത കത്തിന്റെ മറ്റൊരു ഭാഗത്ത് അദ്ദേഹം പറയുന്നു: "ഭൂമി വെള്ളം കൊണ്ടും വെള്ളം വായുകൊണ്ടും വായു തീകൊണ്ടും തീ അണുക്കൾക്കൊണ്ടും വലയം ചെയ്യപ്പെട്ടിരിക്കുകയാണ്. അതിനാൽ, മുകളിലേതു ദേവന്മാരുടെ വാസസ്ഥലമായി. ഏറ്റവും താഴ്ന്ന ഭാഗം ജലജീവികളുടെ വാസസ്ഥലമായും കണക്കാക്കി."

വായുപുരാണത്തിൽ ഇപ്രകാരമാണു പ്രസ്താവിച്ചത്: "ഭൂമിയെ വെള്ളവും വെള്ളത്തെ തീയും തീയെ കാറ്റും കാറ്റിനെ ആകാശവും ആകാശത്തെ അതിന്റെ നാഥനും സംരക്ഷിക്കുന്നു." ഇതും മേൽ

പ്രസ്താവിച്ചതും തമ്മിൽ പറയത്തക്ക വ്യത്യാസം കാണുന്നില്ല. ആകാശങ്ങളുടെ പേരുകളിൽ ഭൂമികളുടെ പേരുകളുള്ളതുപോലെ അഭിപ്രായഭേദങ്ങൾ ഇല്ല. ആകാശങ്ങളുടെ പേരും മറ്റും വിവരിക്കുന്ന ഒരു പട്ടിക ഇവിടെ ചേർക്കാം:

| ആകാശങ്ങളുടെ എണ്ണം | ആദിത്യപുരാണമനുസരിച്ച് ആകാശങ്ങൾക്ക് സൂര്യന്റെ അവയവങ്ങളുമായുള്ള ബന്ധം | ആദിത്യ പുരാണം, വിഷ്ണു പുരാണം, വായു പുരാണം, ഇവയുടെ അടിസ്ഥാനത്തിൽ ആകാശങ്ങളുടെ പേരുകൾ |
|---|---|---|
| ഒന്നാമത്തെത് | വയർ | ഭൂർലോക് |
| രണ്ടാമത്തെത് | നെഞ്ച് | ഭൂബർലോക് |
| മൂന്നാമത്തെത് | വായ് | സുഫർ ലോക് |
| നാലാമത്തെത് | പുരികം | മഹർലോക് |
| അഞ്ചാമത്തെത് | നെറ്റി | ജനലോക് |
| ആറാമത്തെത് | നെറ്റിയുടെ ഉപരിഭാഗം | തപലോക് |
| ഏഴാമത്തെത് | തലമണ്ട | സത്ത്ലോക് |

പതഞ്ജലി എന്ന ഗ്രന്ഥം വ്യാഖ്യനിച്ച ഒരു പണ്ഡിതന്റെ അഭിപ്രായം ഒഴിച്ചാൽ ആകാശത്തെ സംബന്ധിച്ചു മേൽ പ്രസ്താവിച്ചതിൽ ഒരു വ്യത്യാസവും കാണുകയില്ല. പിത്രീൻ(പിതാക്കൾ)കളുടെ കേന്ദ്രം ചന്ദ്രമണ്ഡലമാണെന്നു ജ്യോതിശാസ്ത്രജ്ഞന്മാർ പറഞ്ഞതിന്റെ അടിസ്ഥാനത്തിലുള്ള അഭിപ്രായം കേട്ടപ്പോൾ ഇവരുടെ കേന്ദ്രം ഒന്നാമത്തെ ആകാശമാണെന്ന് അദ്ദേഹം കണക്കാക്കി. പക്ഷേ, 'ഭൂർലോകി'ന്റെ സ്ഥാനത്തായിരുന്നു അദ്ദേഹം അതിനെ (പിത്രീൻ) നിശ്ചയിക്കേണ്ടിയിരുന്നത്. എന്നാൽ, അദ്ദേഹം 'സുഫർലോക്' ഒഴിവാക്കുകയും ആ സ്ഥാനത്ത് ഇതിനെ നിർണ്ണയിക്കുകയും ചെയ്തു. സുഫർലോക് വാസ്തവത്തിൽ പ്രതിഫലം നൽകുന്ന മണ്ഡലമാണ്. മറ്റൊരു കാര്യം അദ്ദേഹം ചെയ്തത് പുരാണങ്ങളിൽ 'ബ്രഹ്മലോക്' എന്നു പറയുന്ന ഏഴാമത്തെ 'സത്ത്ലോകി'നെ അദ്ദേഹം ബ്രാഹ്മലോകിന്റെ മുകളിലാണെന്നു കണക്കാക്കിയതാണ്. ബ്രഹ്മലോക് വിട്ടുകളയുകയും 'പിതൃലോകി'നെ ഒന്നാമത്തെതിന്റെ സ്ഥാനത്തു നിർത്തുകയും സുഫർലോകിനെ ഉപേക്ഷിക്കാതിരിക്കുകയുമാണ് അദ്ദേഹം ചെയ്യേണ്ടിയിരുന്നത്.

ഇതുവരെ നാം വിവരിച്ചത് ഏഴ് ആകാശത്തെയും ഏഴ് ഭൂമിയെയും സംബന്ധിച്ചാണല്ലോ. ഇനി നമുക്കു മേലെയുള്ള ഭൂമിയുടെ വിഭാഗങ്ങൾ വിവരിക്കാം: നാം ജസീറഃ എന്നു പറയുന്നതിന് അവരുടെ ഭാഷയിൽ 'ദ്വീപ്' എന്നു പറയുന്നു. സറൻദ്വീപിന് 'സങ്കൻദ്വീപ്' എന്നു പറയുന്നു. കുറേ ദ്വീപുകളുടെ സമൂഹത്തിനാണ് ദ്വീപാജാത് എന്നു പറയുന്നത്.

അവയിൽ ചിലത് നശിക്കുകയോ മറ്റുചിലത് തമ്മിൽ വേർപിരിയുകയോ അല്ലെങ്കിൽ പരക്കുകയോ മറയുകയോ വേറെ ചില പുതിയതു പ്രത്യ ക്ഷമാകുകയോ ചെയ്യുന്നു. പുതുതായുണ്ടാവുന്ന ദ്വീപ് ആദ്യം ഒരു മണൽക്കുന്നുപോലെ ഇരിക്കുകയും അതു ക്രമേണ വർദ്ധിച്ചുവരികയും ഉയരുകയും വിശാലമാകുകയും ചെയ്യും. നശിക്കാൻ പോകുന്ന ദ്വീപിലെ നിവാസികൾ ഇതിലെക്കു മാറിത്താമസിക്കുക പതിവാണ്. മതഗ്രന്ഥ ങ്ങളിൽനിന്ന് ഇന്ത്യക്കാർ മനസ്സിലാക്കിയത് ഇങ്ങനെയാണ്: “നാം നിവ സിക്കുന്ന ഈ ഭൂമി വട്ടത്തിലാണ് സ്ഥിതി ചെയ്യുന്നത്. ഇതിനെ ഒരു സമുദ്രം വലയം ചെയ്യുന്നുണ്ട്. ആ സമുദ്രത്തെ മറ്റൊരു ഭൂമി ചുറ്റിക്കിട ക്കുന്നു. ആ ഭൂമിയെ മറ്റൊരു സമുദ്രം വലയം ചെയ്യുന്നു. അങ്ങനെ സമുദ്രവും ദ്വീപുകൾ എന്നു പറയുന്നതിന്റെ കരകളും ഏഴ് വീതമായി ത്തീരുന്നു. ഓരോ കരയും അതിന്റെ സമുദ്രവും അതിന്റെ ഉള്ളിലുള്ള തിന്റെ ഇരട്ടിയായിരിക്കും. മദ്ധ്യത്തിലുള്ള ഭൂമി ഒന്നാണെങ്കിൽ ഏഴ് ഭൂമിയും കൂടി നുറ്റി ഇരുപത്തി ഏഴ് ആയിരിക്കും. മദ്ധ്യഭൂമിയെ വലയം ചെയ്ത സമുദ്രം ഒന്നാണെങ്കിൽ ഏഴു സമുദ്രംകൂടി നൂറ്റി ഇരുപത്തി ഏഴ് ആയിരിക്കും. ഭൂമിയും സമുദ്രവും എല്ലാകൂടി ചേർന്നാൽ ഇരു നൂറ്റി അമ്പത്തി നാല് ആയിരിക്കും. പതഞ്ജലിയുടെ വ്യാഖ്യാതാവ് മദ്ധ്യഭൂമി ഒരു ലക്ഷം യോജനയാണെന്ന് ഊഹിച്ച സ്ഥിതിക്ക് ഭൂമിക ളെല്ലാംകൂടി കൂട്ടിയാൽ 127,00,000 ആയിരിക്കും. മദ്ധ്യഭൂമിയെ വലയം ചെയ്ത സമുദ്രം രണ്ട് ലക്ഷമാണെന്നും അതിനടുത്തുള്ളതു നാലു ലക്ഷമാണെന്നുമുള്ള അദ്ദേഹത്തിന്റെ അനുമാനപ്രകാരം ആകെ സമു ദ്രങ്ങളുടെ അളവ് 254,00,000 ആയിരിക്കും. അതായത്, സമുദ്രവും കരയും എല്ലാ കൂടിച്ചേർന്നാൽ 38,100,000 ആയിരിക്കുമല്ലോ. ഒന്നായി ച്ചേർന്നാലുണ്ടാകുന്ന സംഖ്യ അദ്ദേഹം വിവിരച്ചിട്ടില്ല. പക്ഷേ, വായു പുരാണത്തിൽ ദ്വീപുകളുടെ എല്ലാം വ്യാസം 379,00,000 ആണെന്നു പറഞ്ഞിട്ടുണ്ട്. ഇതാദ്യം പറഞ്ഞതിനോടു യോജിക്കുന്നില്ല. സമുദ്രം ആറേ ഉള്ളൂ എന്നു കണക്കാക്കിയെങ്കിലല്ലാതെ ഇതു ന്യായീകരിക്കുക സാധ്യവുമല്ല. അദ്ദേഹത്തിന്റെ ലക്ഷ്യം കരയെ വിവരിക്കലായതു കൊണ്ട് ഏഴാമത്തെ സമുദ്രം അദ്ദേഹം വിട്ടതാവാം. ഓരോ ദ്വീപിനും സമുദ്രത്തിനും പ്രത്യേകം പേരുകളുണ്ട്. ഇതൊരു പട്ടികയായി താഴെ വിവരിക്കുന്നു:

| ദ്വീപുകളും സമുദ്രങ്ങളും | മച്ഛ(മത്സ്യ) പുരാണം | | പതഞ്ജലിയുടെ വ്യാഖ്യാനം വിഷ്ണു പുരാണം | | കേൾവിയുടെ അടിസ്ഥാനത്തിൽ | |
|---|---|---|---|---|---|---|
| | ദ്വീപുകൾ | സമുദ്രങ്ങൾ | ദ്വീപുകൾ | സമുദ്രങ്ങൾ | ദ്വീപുകൾ | സമുദ്രങ്ങൾ |
| ഒന്നാമത്തേത് | ചെമ്പ് ദ്വീപ് | ലവണം (ഉപ്പ്) | ചെമ്പ് (ഒരുമരം) | കുഷാദ് (ഉപ്പുവെള്ളം) | ചെമ്പ് | ലവണ സമുദ്രം |

| | | | | | | |
|---|---|---|---|---|---|---|
| രണ്ടാമത്തേത് | ശാഖ ദ്വീപ് | ക്ഷീരം (പാൽ) | ഫൽകശ് (ഒരുമരം) | ഇക്ഷ് (കരിമ്പിൻ നീര്) | ശാഖ | ഇക്ഷു |
| മൂന്നാമത്തേത് | ഗഷ് ദ്വീപ് | ഘൃതം (നെയ്യ്) | ശാലമലു (ഒരുമരം) | സുര (കള്ള്) | ഗഷ് | സുര |
| നാലാമത്തേത് | കറോഞ്ച് ദ്വീപ് | ദധി (തൈര്) | കഷ് (ഒരു സസ്യം) | സുരപ് (നെയ്യ്) | ക്രോഞ്ച് | സർപ്പ |
| അഞ്ചാമത്തേത് | ശാൽമല ദ്വീപ് | സുര (മദ്യം) | ക്രോഞ്ച് (സംഘം) | ദദി (മാസ്ത്) | ശാൽമല | ദധി സാഗർ |
| ആറാമത്തേത് | ഗോമിദ് ദ്വീപ് | ഇക്ഷ്രസ് (കരിമ്പിൻ നീര്) | ശാഖ (ഒരു മരം) | ക്ഷീരം (പാൽ) | ഗോമിദ് | ക്ഷീരം |
| ഏഴാമത്തേത് | വഷ്കർ ദ്വീപ് | സ്വാദക് ശുദ്ധജലം | പുഷ്കർ (ഒരു മരം) | സ്വാദക് ശുദ്ധജലം | വഷ്കർ | പാനി |

ചിന്തിച്ചു തീരുമാനം കാണാൻ കഴിയുന്ന വിഷയമല്ലല്ലോ മേൽ പറഞ്ഞത്. ഖണ്ഡിതമായല്ലാതെ എണ്ണിക്കണക്കാക്കുന്നതുകൊണ്ടാവണം പരിഗണനയിൽ ഭിന്നാഭിപ്രായം വന്നത്. ഏറ്റവും ഉത്തമമായ അഭിപ്രായം മത്സ്യപുരാണത്തിൽ വന്നതാണ്. കാരണം, അതിൽ ദ്വീപുകളെയും കരകളെയും ഒന്ന് മറ്റൊന്നിനെ വലയം ചെയ്ത നിലയിൽ ക്രമാനുസൃതം വിവരിച്ചിട്ടുണ്ട്.

ഏതാണ്ട് മത്സ്യപുരാണത്തിൽ വിവരിച്ചതിനോടു യോജിച്ച നിലയിലാണ് പതഞ്ജലിയുടെ വ്യാഖ്യാതാവിന്റെ വിവരണവും. ലോകത്തെ എണ്ണുന്നതിൽ അടിയിൽനിന്നു മേൽപോട്ട് ആരംഭിച്ചുകൊണ്ട് അദ്ദേഹം ഇങ്ങനെ പറയുന്നു: "ഏറ്റവും അടിയിൽ സ്ഥിതി ചെയ്യുന്ന അന്ധകാരത്തിന്റെ വിസ്താരം 185,00,000 യോജനയാകുന്നു. അതിനു മുകളിലാണ് നരകം. അതിന്റെ വിസ്താരം 13,12,00,000 യോജനയാണ്. പിന്നീട് ഒരു ലക്ഷം യോജന ഇരുണ്ട ഗുഹയാണ്. അതിന്റെ മുകളിലായി ബസ്റു എന്നറിയപ്പെടുന്ന ഉറച്ച ഭൂമി സ്ഥിതി ചെയ്യുന്നു. അതിന്റെ വിസ്താരം 34,000 യോജനയാണ്. പിന്നീട് അറുപതിനായിരം യോജനയുള്ള ഗർഭഭൂമിയാണ്. അതിനു മുകളിലായി മുവ്വായിരം യോജന വിസ്താരമുള്ള സ്വർണ്ണഭൂമി സ്ഥിതി ചെയ്യുന്നു. അതിന്റെ മുകളിലായാണ് ഏഴ് ഭൂമികൾ. അവയിൽ ഒരോന്നിനും പതിനായിരം യോജന വിസ്താരമുണ്ട്. അവയിൽ ഏറ്റവും ഉയർന്നതിലാണ് സമുദ്രങ്ങളും ദ്വീപുകളും ഉള്ളത്. ശുദ്ധജല സമുദ്രത്തിന്റെ അപ്പുറമായി ജനശുന്യമായ 'ലോകാലോക്' സ്ഥിതിചെയ്യുന്നു. ഇതിനു ശേഷമുള്ള സ്വർണ്ണ ഭൂമിയുടെ വിസ്താരം ഒരു കോടി യോജനയാകുന്നു. അതിനു മുകളിലായി 61,34,000 യോജനയുള്ള പിതൃലോക് സ്ഥിതിചെയ്യുന്നു. ബ്രഹ്മാണ്ഡം എന്നു പറയുന്ന ഏഴ് ലോകവും കൂടി പതിനഞ്ച് കോടി യോജനയാണ്. അതിനു മുകളിലും ലോകത്തിന്റെ അടിഭാഗം പോലെത്തന്നെ തമു എന്ന പേരിലറിയപ്പെടുന്ന 185,00,000 യോജന വിസ്താരത്തിലുള്ള ഇരുട്ടാണ്. ഏഴ്

ഭൂമിയും ഏഴ് സമുദ്രവും ഉണ്ടെന്നു വിവരിക്കാൻ നമുക്കു പ്രയാസം തോന്നുമ്പോഴാണ് ഏഴിനും പുറമേ വളരെ അധികം ഭൂമികൾ ഉണ്ടെന്ന് ഇദ്ദേഹം പ്രസ്താവിക്കുന്നത്.

എന്നാൽ, വിഷ്ണുപുരാണത്തിൽ പറയുന്നത് ഇപ്രകാരമാണ്: "ഏഴാമത്തെ ഭൂമിയുടെ അടിയിൽ ശിശഗ് എന്നു പേരായ ഒരു സർപ്പമുണ്ട്. ദേവന്മാർക്കിടയിൽ അതിനു വലിയ സ്ഥാനമാണുള്ളത്. അതിന് അനന്ത് എന്നും പേരുണ്ട്. ആയിരം തലയുള്ള ഈ സർപ്പം ഏഴ് ഭൂമിയെയും യാതൊരു വിഷമവും കൂടാതെ വഹിക്കുന്നു. ഒന്നിനുമേൽ മറ്റൊന്നായി സ്ഥിതിചെയ്യുന്ന ഈ ഭൂമികൾ ക്ഷേമകരവും പ്രകാശിക്കുന്ന രത്നങ്ങളാൽ അലംകൃതവുമാണ്. സൂര്യനും ചന്ദ്രനും ഉദിക്കാത്ത ഈ ഭൂതലങ്ങളിൽ രത്നങ്ങൾ പ്രകാശം നല്കുന്നു. ഇവിടെ ശുദ്ധമായ കാറ്റും പൂക്കളും പഴങ്ങളും മറ്റും എന്നും മതിയാവോളം ഉണ്ടായിക്കൊണ്ടിരിക്കും. ഇവിടെ ഉള്ള ആളുകൾക്ക് രാവും പകലും അവ ചേർന്നുണ്ടാകുന്ന കാലങ്ങളും അറിയുകയില്ല. ഈ ഭൂമികൾ എല്ലാം കൂടി എഴുപതിനായിരം യോജനയും ഓരോന്നും പതിനായിരം വീതവും ആയിരിക്കും. നാരദമുനി ഒരിക്കൽ അവിടത്തെ നിവാസികളായ ദൈത്, ദാനു, എന്നീ വർഗ്ഗക്കാരെ കണ്ടപ്പോൾ അവരുടെ സുഖങ്ങളെ അപേക്ഷിച്ച് സ്വർഗ്ഗസുഖങ്ങൾ നിസ്സാരമാണെന്ന് അദ്ദേഹത്തിന് അനുഭവപ്പെട്ടുവത്രെ. അദ്ദേഹം ദേവന്മാരിലേക്കു മടങ്ങി ചെന്ന് ഈ കഥ വിവരിച്ചുകൊടുക്കുകയും അവരെ സന്തോഷിപ്പിക്കകയും ചെയ്ത് ഇപ്രകാരം പറഞ്ഞു: "ശുദ്ധജല സമുദ്രത്തിന് അപ്പുറം എല്ലാ സമുദ്രങ്ങളുടെയും ദ്വീപുകളുടെയും ഇരട്ടി വിസ്താരമുള്ള ഒരു സ്വർണ്ണഭൂമിയുണ്ട്. മനുഷ്യനും പിശാചും അവിടെ ജീവിക്കുന്നില്ല."

ഇതിനപ്പുറമായി 'ലോകാലോക്' സ്ഥിതി ചെയ്യുന്നു. അത് പതിനായിരം യോജന വീതിയും അതിന്റെ അത്രതന്നെ ഉയരവുമുള്ള ഒരു പർവ്വതമാകുന്നു. അതെല്ലാംകൂടി അമ്പത് കോടിയാണ്. ഇവ എല്ലാറ്റിനും കൂടി ചിലപ്പോൾ ധാതൃ(എല്ലാറ്റിനെയും ഉറപ്പിച്ചുനിർത്തുന്നത്) എന്നും, അല്ലെങ്കിൽ വിധാതൃ (ഒഴിവാക്കി വിടുന്നത്) എന്നും പറഞ്ഞുവരുന്നു. സർവ്വ ജീവികളുടെയും വാസസ്ഥലം എന്നും ഇതിനു പറയാറുണ്ട്. ശൂന്യപ്രദേശം എന്നൊന്ന് ഉണ്ടെന്നും ഇല്ലെന്നും പറയുന്ന രണ്ട് പക്ഷക്കാരുണ്ട്. ഉണ്ടെന്നു പറയുന്നവർ ധാതു പദാർത്ഥങ്ങളെല്ലാം അതിലേക്ക് ആകർഷിക്കപ്പെടുന്നുവെന്നും ഇല്ലെന്നു പറയുന്നവർ അങ്ങനെ ആകർഷിക്കപ്പെടുന്നില്ലെന്നും വാദിക്കുന്നു.

വിഷ്ണുപുരാണം ലോകങ്ങളെ കുറിച്ച് തുടർന്ന് ഇപ്രകാരം പറയുന്നു: "ചവിട്ടിനടക്കാനും കപ്പലോടിക്കാനും കഴിയുന്നതെല്ലാം ബഹ( l)ർലോകമാണ്. ഭൂമിയുടെ മുകൾ ഭാഗമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. സ്വർഗ്ഗവാസികളായ സിദ്ധന്മാരും മുനികളും ഗന്ധർവ്വന്മാരും

സംസാരിക്കുന്നതും ഭൂമിയുടെയും സൂര്യന്റെയും ഇടയിലുള്ളതുമായ വായുമണ്ഡലത്തിന് ഭൂവർലോക് എന്നു വിളിക്കുന്നു. ഈ മൂന്ന് ശക്തികൾക്കും കൂടി 'ത്രിപൃത്ഥ്വീ' എന്നും ഈ ലോകത്തിന്റെ മുകളിലുള്ള ഭാഗത്തിനു വ്യാസുമണ്ഡൽ (വ്യാസിന്റെ അധികാരപരിധി) എന്നുമാണ് പറയുന്നത്. ഭൂമിയിൽനിന്ന് സൂര്യമണ്ഡലത്തിലേക്കുള്ള ദൂരം ഒരു ലക്ഷം യോജനയാണ്. സൂര്യമണ്ഡലത്തിൽനിന്ന് ചന്ദ്രമണ്ഡലത്തിലേക്കുള്ള ദൂരവും അത്രതന്നെ. ചന്ദ്രമണ്ഡലത്തിൽനിന്ന് ബുധൻ ഗ്രഹത്തിലേക്ക് രണ്ട് ലക്ഷം യോജനയുണ്ട്. അതിൽനിന്ന് ശുക്രനിലേക്കും ശുക്രനിൽനിന്ന് ചൊവ്വയിലേക്കും വ്യാഴത്തിലേക്കും അതിൽനിന്ന് ശനിയിലേക്കും ഇതുതന്നെയാണ് ദൂരം. (രണ്ട് ലക്ഷം യോജന). ശനിയിൽനിന്നു ധ്രുവനക്ഷത്രങ്ങളിലേക്ക് ഒരു ലക്ഷവും അതിൽനിന്ന് ധ്രുവത്തിലേക്ക് ആയിരം യോജനയുമാണ്. ഇതിന്റെ രണ്ട് കോടി യോജന മുകളിലാണ് 'മഹർലോക്' സ്ഥിതി ചെയ്യുന്നത്. അതിന് എട്ട് കോടി യോജന മുകളിലാണ് 'ചനർലോകം.' അവിടെനിന്നു 486 കോടി യോജന മുകളിലാണ് 'ഹിത്ര ലോകം.' അതിനു മുകളിലാണ് 'സത്ലോക്' ഉള്ളത്. ഈ വിവരിച്ചത് പതഞ്ജലി വ്യാഖ്യാതാവിൽനിന്നു നാം ഉദ്ധരിച്ചതിന്റെ മൂന്നിരട്ടിയാകുന്നു. ഇങ്ങനെ കൃത്യമില്ലാതെ പറയുക എന്നത് എല്ലാ ഭാഷയിലുമുള്ള പകർപ്പുകാരുടെ പതിവാണ് എന്നിരിക്കെ പുരാണങ്ങൾ പകർത്തിയവർ പതിവിൽനിന്നു വ്യത്യസ്തരാണെന്നു ഞാൻ പറയുന്നില്ല.

അധ്യായം 22

# ധ്രുവങ്ങളും അവയെ സംബന്ധിച്ച ഐതീഹ്യങ്ങളും

ഇന്ത്യക്കാർ 'ഖുത്ബി'നു ധ്രുവമെന്നും മിഹ്‌വറി(അച്ചുതണ്ടി)ന് സ്ലാക്ക് എന്നും പറയുന്നു. ജ്യോതിശാസ്ത്രജ്ഞന്മാർ ഒഴികെയുള്ള ഭാരതീയർ ഒരു ധ്രുവത്തെ സംബന്ധിച്ചു പറയുന്നതു മത്രമേ ഞാൻ കേട്ടിട്ടുള്ളൂ. വായുപുരാണത്തിൽ ഇപ്രകാരം പറയുന്നു: "ആകാശം പമ്പരം പോലെ ധ്രുവത്തിന്മേലും ധ്രുവം സ്ഥലം മാറാത്ത സ്വന്തം അച്ചുതണ്ടിന്മേലും തിരിഞ്ഞുകൊണ്ടിരിക്കുന്നു. ആകാശം മുപ്പത് മുഹൂർത്തത്തിൽ (ഇരുപത്തിനാല് മണിക്കൂർ) ഒരു വട്ടം പൂർത്തിയാക്കുന്നു." ദക്ഷിണ ധ്രുവത്തെ കുറിച്ച് ഇന്ത്യക്കാരിൽനിന്നു താഴെ പറയുന്ന കഥയല്ലാതെ കൂടുതലൊന്നും ഞാൻ കേട്ടിട്ടില്ല: "സോമദത്ത എന്നൊരു രാജാവ് സദ്കർമ്മങ്ങൾ ചെയ്തു സ്വർഗ്ഗാവകാശിയായി. ശരീരവുമായി വേർപ്പെടാൻ അദ്ദേഹത്തിന് ഇഷടമായിരുന്നില്ല. അദ്ദേഹം വസിഷ്ഠ മഹർഷിയുടെ അടുത്തുചെന്ന് 'ഞാൻ ശരീരത്തെ സ്നേഹിക്കുന്നു. ശരീരവുമായി വേർപിരിയാൻ ആഗ്രഹിക്കുന്നില്ല' എന്നറിയിച്ചു. അപ്പോൾ ഭൂലോകത്തുനിന്നു സ്വർഗ്ഗലോകത്തേക്ക് ഒരു ശരീരത്തെ കൊണ്ടുവരിക പ്രയാസമാണെന്നു പറഞ്ഞ് വസിഷ്ഠ മഹർഷി അദ്ദേഹത്തെ നിരാശനാക്കി. പിന്നീട് അദ്ദേഹം വസിഷ്ഠ മഹർഷിയുടെ സന്താനങ്ങളുടെ മുമ്പിൽ ഈ ആവശ്യം ഉന്നയിച്ചപ്പോൾ അവർ അദ്ദേഹത്തെ ആട്ടുകയും തുപ്പുകയും പരിഹസിക്കുകയും മറ്റും ചെയ്തു. അനന്തരം അയാൾ വിശ്വമിത്ര മഹർഷിയുടെ അടുക്കൽ ചെന്നു തന്റെ കഥകളെല്ലാം പറഞ്ഞുകേൾപ്പിച്ചു. അപ്പോൾ മഹർഷിക്കു കോപം വരികയും വസിഷ്ഠ മഹർഷിയുടെ സന്താനങ്ങളുൾപ്പടെയുള്ള ബ്രാഹ്മണരെ ഒരു വഴിപാടു നടത്താനായി വിളിച്ചുവരുത്തുകയും ചെയ്തു. അദ്ദേഹം അവരോടിപ്രകാരം പറഞ്ഞു: "ഞാൻ ഈ നല്ല രാജാവിനു വേണ്ടി ഒരു പുതിയ ലോകവും ഒരു സ്വർഗ്ഗവും ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നു." അതുപ്രകാരം അദ്ദേഹം ദക്ഷിണ ധ്രുവവും അവിടേക്കു വേണ്ട

ധ്രുവ നക്ഷത്രങ്ങളും സൃഷ്ടിക്കാൻ തുടങ്ങി. ഇതറിഞ്ഞു ഭയവിഹ്വല രായ ഇന്ദ്രനും മറ്റു ദേവന്മാരും വിശ്വാമിത്രനും സമീപിക്കുകയും പുതു തായി തുടങ്ങിയ പ്രവർത്തനങ്ങൾ നിർത്തിവെക്കാനാവശ്യപ്പെടുകുയും സോമദത്ത രാജാവിനെ ശരീരത്തോടു കൂടി സ്വർഗ്ഗത്തിലേക്കു കൊണ്ടു പോകാമെന്നു വാഗ്ദാനം ചെയ്യുകയും ചെയ്തു. അതനുസരിച്ച് അദ്ദേ ഹത്തെ അവർ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോയപ്പോൾ വിശ്വാമിത്രൻ തന്റെ പുതിയ ലോകസൃഷ്ടി നിർത്തിവെച്ചു. അതുവരേക്കും ഉണ്ടാ ക്കിയതു മാത്രം അവിടെ ശേഷിച്ചിരിക്കുകയാണ്.”

സപ്തർഷികൾക്ക് ‘ബനാത്തുന്നഅശ്’ എന്നും ശനി ഗ്രഹത്തിന് സുഹയ്ൽ എന്നും ആണ് നാം പറഞ്ഞു വരുന്നതെങ്കിലും നമ്മളിൽ ചിലർ ദക്ഷിണ ധ്രുവത്തിന്റെ സമീപവും ബനാത്തുന്നഅശ് ഉണ്ടെന്നും അവ ആ ധ്രുവത്തിനു ചുറ്റും തിരിയുന്നുവെന്നും പറയുന്നു. ഇത് അസാ ദ്ധ്യമാണെന്നു പറഞ്ഞുകൂടാ. വിശ്വസ്തരും വിദഗ്ധരുമായ കടൽയാത്ര ക്കാരിൽനിന്ന് അങ്ങനെ അറിയാൻ സാധിക്കുമെങ്കിൽ അതു വിശ്വസി ക്കാവുന്നതാണ്. ദക്ഷിണഭാഗത്തു നാം അറിയാത്ത പല നക്ഷത്രങ്ങളും പ്രത്യക്ഷമാകുന്നുണ്ടല്ലോ.

ശ്രീപാൽ ഇങ്ങനെ വാദിക്കുന്നു: “ഉഷ്ണകാലത്ത് മുൽത്താനിൽ ഭൂമിയോടടുത്തതും ചുകന്നതുമായ ‘ശൂലം’ എന്നൊരു നക്ഷത്രം ഉദി ക്കാറുണ്ട്.” ഇന്ത്യക്കാർ ആ നക്ഷത്രത്തിന്റെ ഉദയം അവലക്ഷണമാ യി കണക്കാക്കിയിരുന്നു. അതിനാൽ ചന്ദ്രൻ പൂരാടത്തിൽ ഉദിച്ചാൽ അവർ തെക്കോട്ടു യാത്ര ചെയ്യാറില്ല. കാരണം, അപ്പോഴാണ് ഈ ശൂല നക്ഷത്രം ഉദിക്കുക. അൽ ജൈഹാനി തന്റെ ‘മസാലിക്’ എന്ന ഗ്രന്ഥ ത്തിൽ വിവരിക്കുകയാണ്: “ലങ്കാവാലൂസ് എന്ന ദ്വീപിൽ ശൈത്യകാ ലത്തു പ്രഭാതത്തിന് അല്പം മുമ്പായി പൂർവ്വഭാഗത്ത് കപ്പൽ പാമര ത്തിന്റെ ഉയരത്തിൽ ‘ദുൽഹുമ്മാ’[1] [(161)]എന്നറിയപ്പെടുന്ന ഒരു വലിയ നക്ഷത്രം കാണാറുണ്ട്. ചിലപ്പോൾ അത് ഒരു ചെറിയ കരടിയുടെ വാലിന്റെ രൂപത്തിൽ കാണപ്പെടുന്നു. ‘ഫാസുൽ റഹാ’ എന്നറിയപ്പെ ടുന്ന നീളത്തിലുള്ള ചില നക്ഷത്രങ്ങളും അവിടെ കാണാമത്രെ. ബ്രഹ്മ ഗുപ്തൻ അതിനു മത്സ്യത്തിന്റെ പേരാണ് നല്കിയത്. ഇന്ത്യക്കാർ ആ നക്ഷത്രത്തെ നാല് കാലുള്ളതും ‘ശാക്വർ’ എന്നറിയപ്പെടുന്നതുമായ ഒരു ജീവിയുടെ രൂപത്തിൽ ചിത്രീകരിക്കുന്നു. ‘ശിശുമാർ’ എന്നും ഇതിനു പറയാറുണ്ട്. ഇതൊന്നും ഖണ്ഡിതമായ പ്രസ്താവനകളല്ല. ഈ ശിശുമാർ പേർഷ്യൻ ഭാഷയിൽ ‘സുസ്മാർ’ എന്നറിയപ്പെടുന്ന വലിയ കരടിയാണെന്നു തോന്നുന്നു. രണ്ടും തമ്മിൽ വലിയ സാമ്യമു ണ്ട്. മുതല തുടങ്ങിയ ജല ജീവികൾക്കും ‘സുസ്മാർ’ എന്നു പറയു ന്നു. ഈ വിഷയത്തിൽ ഇങ്ങനെയുമൊരു ഐതീഹ്യമുണ്ട്. ബ്രഹ്മൻ മനുഷ്യനെ സൃഷ്ടിക്കാൻ ഉദ്ദേശിച്ചപ്പോൾ തന്റെ ശരീരത്തെ രണ്ട്

പിളർപ്പാക്കുകയുണ്ടായി. വലത്തെതിനു 'വിറാസ്' എന്നും ഇടത്തെ തിനു 'മനു' എന്നും പറയുന്നു. അതുകൊണ്ടാണത്രെ ബ്രഹ്മനു മന്നേ ന്ദ്രൻ എന്നു പറയുന്നത്. മനുവിനു പ്രേയർവ്വതു, ഉത്താനുപാതു എന്നീ രണ്ട് സന്താനങ്ങളുണ്ടായി. ഉത്താനുപാതു രാജാവിനു 'ധ്രുവ' എന്ന പേരിൽ ഒരു മകൻ ജനിച്ചു. പിതാവിന്റെ ഭാര്യയിൽനിന്ന് അദ്ദേഹത്തിനു ചില വിഷമങ്ങൾ നേരിടേണ്ടി വന്നു. അതിന്റെ പ്രതിഫലമെന്നോണം നക്ഷത്രങ്ങളെ മുഴുവൻ ചലിപ്പിക്കാനുള്ള കഴിവ് അദ്ദേഹത്തിനു നല്ക പ്പെട്ടു. മന്നേന്ദ്രൻ 'സ്വയംഭൂ'വിലാണ് ആദ്യം പ്രത്യക്ഷപ്പെട്ടത്. അദ്ദേഹം അവിടെ തന്നെ തുടർന്നുപോരുന്നു.

കാറ്റാണ് നക്ഷത്രങ്ങളെ ധ്രുവത്തിനു ചുറ്റും ചലിപ്പിക്കുന്നതെന്നും മനുഷ്യൻ കാണാത്ത എന്തോ ഒന്നുകൊണ്ട് ഈ നക്ഷത്രങ്ങൾ ധ്രുവ വുമായി ബന്ധിക്കപ്പെട്ടിരിക്കുന്നതിനാൽ ചക്ക് തിരിയുന്നതുപോലെ തിരി ഞ്ഞുകൊണ്ടിരിക്കുകയാണെന്നും വായുപുരാണത്തിൽ പറയുന്നു. വിഷ്ണു ധർമ്മത്തിൽ പറയുന്നതിങ്ങനെയാണ്: "നാരായണന്റെ സഹോ ദരനായ ബലഭദ്രന്റെ പുത്രൻ വജ്രൻ മർക്കണ്ഡേയ മഹർഷിയോടു ധ്രുവത്തെ കുറിച്ച് അന്വേഷിച്ചപ്പോൾ അദ്ദേഹം ഇങ്ങനെ മറുപടി പറ യുകയുണ്ടായി: ബ്രഹ്മൻ ലോകം സൃഷ്ടിച്ചപ്പോൾ അതു ശൂന്യവും ഇരുളടഞ്ഞതുമായിരുന്നു. അതിനാൽ സ്വയം പ്രകാശിക്കുന്ന സൂര്യഗോ ളത്തെയും പ്രകാശിക്കുന്ന നക്ഷത്രങ്ങളെയും അദ്ദേഹം സൃഷ്ടിച്ചു. അവയിൽനിന്നു പതിനാല് എണ്ണം ശിശുമാറിന്റെ ആകൃതിയിൽ ധ്രുവ ത്തിനു ചുറ്റും സ്ഥാപിച്ചു. ഇവയാണ് മദുനക്ഷത്രങ്ങളെ ധ്രുവത്തിനു ചുറ്റും ചലിപ്പിക്കുന്നത്. ധ്രുവത്തിന്റെ മുകളിൽ കൂടി വടക്കോട്ട് ചലി ക്കുന്ന ഉത്താനുപാതും, താഴെക്കൂടി ചലിക്കുന്ന ജഗ്മും, തലഭാഗത്തു കൂടി ചലിക്കുന്ന ധർമ്മും നെഞ്ചിൽകൂടി (മധ്യത്തിൽകൂടി) ചലിക്കുന്ന നാരായണനും ഇരുകൈകളുടെ ഭാഗത്തായി കീഴോട്ടു ചലിക്കുന്ന രണ്ട് അശ്വൂണനും (വൈദ്യൻ) കാലിന്റെ ഭാഗത്തുകൂടി ചലിക്കുന്ന വർണ്ണ വും, പശ്ചിമ ഭാഗത്തേക്കു ചലിക്കുന്ന അർജ്ജമും, പിൻഭാഗത്തുകൂടി ചലിക്കുന്ന മിത്രും, വാലിൽ കൂടി ചലിക്കുന്ന അഗ്നിയും മഹേന്ദ്രനും, മ്രീച്ചും, കഷപും പ്രസ്തുത നക്ഷത്ര സമൂഹങ്ങളിൽ പെടുന്നു. സ്വർഗ്ഗ വാസിയായ വിഷ്ണുവാണ് ധ്രുവം. അദ്ദേഹം തന്നെയാണ് ഉണ്ടാക്കു കയും വളർത്തുകയും നശിപ്പിക്കുകയും ചെയ്യുന്ന കാലം. ഈ വസ്തു ശരിക്കു വായിച്ചു മനസ്സിലാക്കുന്നവന്റെ കുറ്റങ്ങൾ ദൈവം പൊറുക്കു കയും അവന്റെ വയസ്സിൽ പതിനാല് കൊല്ലം വർദ്ധിപ്പിക്കുകയും ചെയ്യു മെന്നും അതിലുണ്ട്. ഇതിൽ നിന്നെല്ലാം മനസ്സിലാവുന്നത് ഇവർ (ഇ ന്ത്യക്കാർ) ശുദ്ധഹൃദയന്മാരും എന്തും വിശ്വസിക്കുന്നവരുമാണെന്നു മാണ്. ഈ നക്ഷത്രങ്ങൾ അവയുടെ ബന്ധം എങ്ങനെയായാലും ചലി ക്കുക തന്നെ ചെയ്യുന്നു. ഇവയെ ചൂണ്ടിക്കാണിച്ചു തരുന്ന വല്ലവരെയും

ഇന്ത്യക്കാരുടെ ഇടയിൽ കണ്ടുമുട്ടിയിരുന്നുവെങ്കിൽ അറബികളുടെയും ഗ്രീക്കുകാരുടെയും നക്ഷത്ര രൂപങ്ങളുമായി ഇവയെ താരതമ്യപ്പെടുത്തി വിവരിക്കാൻ എനിക്കു സാധിക്കുമായിരുന്നു.

അധ്യായം 23

# പുരാണങ്ങളുടെയും മറ്റും വിശ്വാസമനുസരിച്ചുള്ള 'മേരു' പർവ്വതം

ആദ്യമായി നാം ഈ പർവ്വതത്തിന്റെ കിടപ്പ് വിവരിക്കാം. ഇതു ദ്വീപുകളുടെയും സമുദ്രങ്ങളുടെയും ഇടയ്ക്ക് 'ചെമ്പു'ദ്വീപിന്റെ മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്നു. ബ്രഹ്മഗുപ്തൻ പറയുന്നു: "ഭൂമിയെയും മേരുപർവ്വതത്തെയും കുറിച്ചുള്ള പ്രത്യേക പുരാണങ്ങളും മതഗ്രന്ഥങ്ങളും സ്വയം പഠിക്കുകയും ജനങ്ങളെ പഠിപ്പിക്കുകയും ചെയ്യുന്നവർക്കിടയിൽ വളരെ അഭിപ്രായ വ്യത്യാസമുണ്ട്. ഈ പർവ്വതം ഭൂമുഖത്ത് ധ്രുവ നക്ഷത്രത്തിന്റെ കീഴ്ഭാഗത്തായി വളരെ പൊക്കത്തിൽ സ്ഥിതിചെയ്യുന്നുവെന്നും നക്ഷത്രങ്ങൾ അതിന്റെ അടിഭാഗത്തിനു ചറ്റും ചലിക്കുന്നുവെന്നും ഉദയവും അസ്തമയവും അവിടെനിന്നാണ് ഉണ്ടാകുന്നതെന്നും ഇത്ര മഹിമയുള്ളതുകൊണ്ടാണ് 'മേരു' എന്ന പേര് ലഭിച്ചതെന്നും ചിലർ പറയുന്നു. അതിന്റെ കഴിവുകൊണ്ടത്രെ സൂര്യനും ചന്ദ്രനും ഉദിക്കുന്നത്. അവിടത്തെ നിവാസികളായ ദേവന്മാരുടെ പകൽ ആറ് മാസവും ആറ് മാസം രാവുമാകുന്നു. 'ജിനു' (ബുദ്ധ്) എന്ന ഗ്രന്ഥത്തിൽ മേരുപർവ്വതം ചതുരാകൃതിയിലാണ്, വൃത്താകൃതിയലല്ല എന്നു പറഞ്ഞതായും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു."


സുപ്രസിദ്ധ വ്യാഖ്യാതാവായ ബലഭദ്രൻ പറയുകയാണ്: "ഭൂമി പരന്നതാണെന്നും മേരു പർവ്വതം പ്രകാശിക്കുന്നതാണെന്നും ചിലർ പറയുന്നുണ്ട്. അവർ പറയുന്നതു വാസ്തവമാണെങ്കിൽ മേരു നിവാസികൾക്കു ചുറ്റും ചലന നക്ഷത്രങ്ങൾ സഞ്ചരിക്കുകയില്ല. അതു പ്രകാശമള്ളതായിരുന്നുവെങ്കിൽ ധ്രുവ നക്ഷത്രം പോലെ അതും കാണപ്പെടുമായിരുന്നു. അതു സ്വർണ്ണംകൊണ്ടുള്ളതാണെന്നും അതല്ല രത്നകൊണ്ടുള്ളതാണെന്നും ചിലർ പറയുന്നുണ്ട്."

ആര്യഭട്ടന്റെ അഭിപ്രായത്തിൽ, "അതു വലിയ പൊക്കമുള്ളതല്ല.

വട്ടത്തിൽ ഒരു യോജന മാത്രം പൊക്കത്തിൽ സ്ഥിതി ചെയ്യുന്നു. അതു ദേവന്മാരുടെ സാമ്രാജ്യമാണ്. രശ്മികളുണ്ടായിട്ടും അതു കാണപ്പെടാതിരിക്കാനുള്ള കാരണം എല്ലാ നാടുകളുടെയും വടക്കുഭാഗത്തായി ശൈത്യമേഖലയിൽ 'നന്ദനമനു' എന്ന വിജന പ്രദേശത്തിന്റെ മദ്ധ്യത്തിൽ വളരെ അകലെ സ്ഥിതി ചെയ്യുന്നതാണ്. അതു വളരെ പൊക്കമുള്ളതാണെങ്കിൽ അറുപത്തി ആറ് ഡിഗ്രിയിൽ ദക്ഷിണായനരേഖ മുഴുവനും കാണുകയും സൂര്യൻ അവിടെ എത്തുമ്പോൾ തീരേ അസ്തമിക്കാത്ത നിലയിൽ പ്രത്യക്ഷമായിക്കൊണ്ടുതന്നെ സഞ്ചരിക്കുകയും ചെയ്യുക ഇല്ലായിരുന്നു."

ബലഭദ്രൻ പറഞ്ഞത് വ്യക്തമല്ല. അദ്ദേഹം ഇതു വിവരിക്കാൻ തുനിഞ്ഞത് എങ്ങനെയാണെന്ന് എനിക്കു മനസ്സിലാവുന്നില്ല. മേരു പർവ്വതത്തിന്റെ ചക്രവാളത്തിനു ചുറ്റും നക്ഷത്രങ്ങൾ സഞ്ചരിക്കുന്നതുകൊണ്ട് ഭൂമി പരന്നതാകാൻ തരമില്ല എന്നു പറഞ്ഞത് ഏതാണ്ട് ശരിയാണ്. മാത്രമല്ല, ഭൂമി പരന്നതാണെങ്കിൽ ഈ പർവ്വതത്തിന്റെ ഉച്ച രേഖകൾ സമാന്തരങ്ങളാവുകയും ചെയ്താൽ ചക്രവാളം വ്യത്യാസപ്പെടാൻ നിർവ്വാഹമില്ല. ആ ചക്രവാളം എല്ലായിടത്തും മദ്ധ്യരേഖയിലാകേണ്ടതായി വരും. ആര്യഭട്ടനിൽനിന്ന് ഉദ്ധരിക്കുന്ന അഭിപ്രായം നമുക്കിങ്ങനെ വിവരിക്കാം:

താഴെ കൊടുക്കുന്ന ക്ഷേത്രത്തിൽ AB ഭൂഗോളവും C ഭൂഗോള കേന്ദ്രവും A അറുപത്തി ആറ് ഡിഗ്രിയിൽ ഉള്ള സ്ഥലവുമാണെന്നു വിചാരിക്കുക. BA എന്ന വൃത്താംശം 23.5 ഡിഗ്രിയിൽ മുറിച്ചെടുക്കുക. അപ്പോൾ B എന്നത് ധ്രുവ നക്ഷത്തിനു നേരെ വരുന്ന ഒരു ബിന്ദുവായിരിക്കും. അവയിൽ നിന്ന് AD രേഖയെ ഭൂഗോളത്തെ സ്പർശിച്ചുകൊണ്ടു വരയ്ക്കുക. അപ്പോൾ അതു ദൃഷ്ടിയിൽ പെടുന്ന ചക്രവാളമായി കരുതാവുന്നതാണ്. AC തമ്മിൽ കൂട്ടിച്ചേർക്കുക. CB യെ D ലേക്ക് നീട്ടുക. അപ്പോൾ Dയിൽ അത് ADയുമായി കൂട്ടിമുട്ടുന്നതാണ്. AE എന്ന ലംബരേഖ CDലേക്കു ചേർക്കുക. അപ്പോൾ AE 23.5 ഡിഗ്രിയുടെ വൃത്താംശ ലംബരേഖയാണെന്നു തെളിഞ്ഞു.



അപ്പോൾ EB എന്നത് അതിന്റെ സഹ്മ് (ലംബരേഖമുതൽ വൃത്ത പരിധിവരെയുള്ള അർദ്ധവ്യാസത്തിന്റെ ഭാഗം) ആയിരിക്കുന്നതാണ്. EC എന്നത് 66-ാം ഡിഗ്രിയുടെ വൃത്താംശ ലംബരേഖയായിരിക്കുന്ന തുമാണ്.

ഇനി നമുക്ക് ആര്യഭട്ടന്റെ അഭിപ്രായപ്രകാരമുള്ള അളവ് അനുസ രിച്ചു തന്നെ വൃത്താംശ ലംബരേഖകളെ വരയ്ക്കാം. അപ്പോൾ AE 1397-ഉം EC എന്നത് 3140-ഉം BE എന്നത് 298-ഉം, ആയിരിക്കുന്നതാണ്. CAD സമകോൺ ആയതിനാൽ CEയും AE യും തമ്മിലുള്ള ബന്ധം EAയും EDയും തമ്മിലുള്ള ബന്ധത്തോടു തുല്ല്യമാണ്. EA ചതുരശ്ര അളവ് 1,951,609 ആയിരിക്കും. അതിനെ EC കൊണ്ട് ഹരിച്ചാൽ 622 കിട്ടുന്നതാ ണ്. ECയും EB യും തമ്മിലുള്ള വ്യത്യാസം 324 ആകുന്നു. അതുതന്നെ യാണ് BD. അതും സമകോൺ വൃത്താംശ ലംബാരേഖയായ (3,438 ആയ) BC തമ്മിലുള്ള ബന്ധം BDയുടെ യോജനയും BCയുടെ യോജ നയും തമ്മിലുള്ള ബന്ധം തന്നെയാണ്. അത് ആര്യഭട്ടന്റെ കണക്കു പ്രകാരം 800 ആകുന്നു. അതും മേൽ പറഞ്ഞ മുന്നൂറ്റി ഇരുപത്തി നാലും തമ്മിൽ പെരുക്കിയാൽ 2,59,290 കിട്ടും. അതിനെ സമകോൺ വൃത്താംശ ലംബരേഖയായ 3438കൊണ്ട് ഹരിച്ചാൽ 75 കിട്ടും. അത് BDയുടെ യോജ നയാണ്. അതു നാഴികയായി കണക്കാക്കിയാൽ അറുനൂറും കാതമായി കണക്കാക്കിയാൽ ഇരുനൂറും ആയിരിക്കും. ആ പർവ്വതത്തിൽ സങ്ക ല്പിക്കപ്പെടുന്ന ലംബരേഖ ഇരുനൂറ് കാതമുണ്ടെന്നു വന്നാൽ അതി ലേക്കു കേറുന്ന മാർഗ്ഗം അതിന്റെ ഇരട്ടിയോളം വരും. മേരു പർവ്വത ത്തിന്റെ ഉയരം ഇത്രയാണെങ്കിൽ തന്നെ അറുപത്തിആറാം ഡിഗ്രിയി ലുള്ളവർക്ക് അത് തീരേ അപ്രത്യക്ഷമായിരിക്കും. ദക്ഷിണായന രേഖ അവർക്കു തീരേ അപ്രത്യക്ഷമാവുകയുമില്ല. അറുപത്തിആറാം ഡിഗ്രി യിലുള്ളവർക്ക് ഈ പർവ്വതം അപ്രത്യക്ഷമാണെന്നു വരുമ്പോൾ അതിലും താഴെയുള്ള ഡിഗ്രിയിൽ താമസിക്കുന്നവർക്ക് അപ്രത്യക്ഷ മായിരിക്കുമെന്നതിൽ സംശയമില്ലല്ലോ. ഇനി അതു സൂര്യനെ പോലെ പ്രകാശിക്കുന്നതാണെന്നു വന്നാൽ തന്നെയും ഭൂമിയുടെ അടിഭാഗത്താ യതിനാൽ കാണുക സാധ്യമല്ല. ആ പർവ്വതം ദൃശ്യമാവാത്തതു ഹിമം മൂടിയതുകൊണ്ടോ ദൂരെയായി സ്ഥിതിചെയ്യുന്നതുകൊണ്ടോ അല്ല. നേരെ മറിച്ച് ഭൂമിയുടെ അന്തർഭാഗത്ത് ആയതുകൊണ്ടും ഭൂമി ഗോള രൂപവും ഭാരമുള്ള സാധനങ്ങളെ അതിന്റെ അന്തർഭാഗത്തേക്ക് ആകർഷിക്കുന്നതുകൊണ്ടുമാണ്. എന്നാൽ, അറുപത്തിആറാം ഡിഗ്രി യിൽ ദക്ഷിണായന രേഖ അപ്രത്യക്ഷമാകുകയില്ല എന്ന് അദ്ദേഹം പറഞ്ഞത് പ്രസ്തുത പർവ്വതത്തിന്റെ ഉയരം കുറവാണെന്നു പറഞ്ഞ തിന്റെ വാദത്തിനു പറ്റുകയില്ല. കാരണം, അയന വൃത്തങ്ങളുടെ പ്രത്യേ കതകൾ നാം മനസ്സിലാക്കുന്നതു കണ്ടിട്ടോ കേട്ടിട്ടോ അല്ല. തെളിവു

കൾ കൊണ്ടാണ്. അവിടങ്ങളിൽ ജനവാസമോ ഗതാഗത സൗകര്യങ്ങളോ ഇല്ല എന്നിരിക്കെ പ്രസ്തുത ഡിഗ്രിയിൽ അയന രേഖ പ്രത്യക്ഷമായിട്ടുണ്ടെന്നു ചിലർ വാദിക്കുമ്പോൾ അതില്ലെന്നു വാദിക്കുന്നവരും ഉണ്ട്. അതിനു തടസ്സമായി ഈ പർവ്വതം മാത്രമേ ഉള്ളൂ. ഈ പർവ്വതം ഇല്ലെങ്കിൽ ആ രേഖ മുഴുവനും കാണാമായിരുന്നു. അപ്പോൾ ഈ രണ്ട് അഭിപ്രായങ്ങളിൽ ശരിയായത് ഏതെന്നു നിശ്ചയിക്കുക പ്രയാസമാണല്ലോ.

കുസുമപൂർകാരനായ ആര്യഭട്ടൻ തന്റെ പുസ്തകത്തിൽ പറയുന്നു: "മേരു പർവ്വതം ഹിമാലയത്തിൽ ഒരു യോജനയിലധികം ഉയരമില്ലാതെ രൂപത്തിൽ സ്ഥിതിചെയ്യുന്നു." എന്നാൽ, മുഖവുരയിൽ അതിനു ഹിമാലയത്തെക്കാൾ ഒരു യോജനയിലധികം പൊക്കമില്ല എന്നും കാണുന്നുണ്ട്. ഇദ്ദേഹം സുപ്രസിദ്ധനായ വലിയ ആര്യഭട്ടനല്ല. അദ്ദേഹത്തിന്റെ കൂട്ടുകാരിൽ ഒരാളാണ്. ബലഭദ്രൻ ഉദ്ദേശിക്കുന്നത് ഏത് ആര്യഭട്ടനാണെന്ന് എനിക്കു മനസ്സിലാവുന്നില്ല. ചുരുക്കത്തിൽ, മേരു പർവ്വതത്തിന്റെ കിടപ്പിനെ സംബന്ധിച്ച വിവരം തെളിവു സഹിതമാണു നമുക്കു കിട്ടിയത്. എന്നാൽ, അതിന്റെ ആകൃതിയെയും പൊക്കത്തെയും കുറിച്ച് അവർക്കു ലഭിച്ച വിവരം-അത് ഒരു യോജനയോ അതിലധികമോ ചതുരാകൃതിയിലോ അഷ്ടഭുജാകൃതിയിലോ എന്നത്-കേട്ടുകേൾവിയെ മാത്രം അടിസ്ഥാനമാക്കി ലഭിച്ചവയാണ്.

ഇനി നമുക്കു പ്രസ്തുത പർവ്വതത്തെ കുറിച്ചു ഋഷിമാരിൽ ചിലർ പറഞ്ഞതിൽ ചിലതു വിവരിക്കാം: മത്സ്യപുരാണത്തിൽ പറയുന്നത് ഇങ്ങനെയാണ്: "ആ പർവ്വതം സ്വർണ്ണമയമായതും പുകയില്ലാത്ത തീ പോലെ പ്രകാശിക്കുന്നതും നാല് ഭാഗവും നാല് വർണ്ണത്തിലുള്ളതുമാണ്. കിഴക്കുഭാഗം ബ്രാഹ്മണരെപോലെ വെളുത്തതും വടക്കുഭാഗം ക്ഷത്രിയരെപോലെ ചുകന്നതും, തെക്കുഭാഗം വൈശ്യരെ പോലെ മഞ്ഞനിറമുള്ളതും, പടിഞ്ഞാറുഭാഗം ശൂദ്രരെപോലെ കറുത്തതുമാണ്. അതിന്റെ ഉയരം 86,000 യോജനയത്രെ. അതിൽനിന്നു ഭൂമിയിലേക്ക് ആണ്ട ഭാഗം 16,000 യോജനയും, നാല് പാർശ്വങ്ങളിൽ ഒരോന്നും 34,000 യോജനയുമാണ്. അതിൽനിന്നു ശുദ്ധജലമുള്ള നദികൾ ഒഴുകുന്നുണ്ട്. സ്വർണ്ണമയമായ ചില പരിശുദ്ധ സ്ഥലങ്ങളും അതിലുണ്ട്. അവിടെ ദേവന്മാരും അവർക്കു പാട്ടുപാടിക്കൊടുക്കുന്ന ഗന്ധർവ്വന്മാരും ഭാര്യമാരായ നിലകൊള്ളുന്ന അപ്സരസ്സുകളും താമസിക്കുന്നു. അസുരന്മാർ, ദൈത്യന്മാർ, രാക്ഷസന്മാർ തുടങ്ങിയവരും അവിടെയാണ്. അതിനു ചുറ്റും 'മാനസം' എന്നറിയപ്പെടുന്ന ഒരു ജലാശയമുണ്ട്. ഈ ജലാശയത്തിന്റെ നാലുഭാഗത്തുമായി ലോക സംരക്ഷകരായ ലോക പാലന്മാരും അവരുടെ കൂട്ടുകാരും താമസിക്കുന്നു. മേരു പർവ്വതത്തിന് ഏഴ് ശിഖരങ്ങളുണ്ട്. അവ വമ്പിച്ച പർവ്വതങ്ങളാണ്. അവയുടെ പേര് മഹീന്ദർ, മലേ

ാസഞ്ച്, ശുക്തബാം, റിക്ഷഭാം, ബിന്ദു, പാർഴാത്രി എന്നിങ്ങനെയാണ്. എന്നാൽ, ചെറിയ പർവ്വതങ്ങൾ എണ്ണിയാൽ അവസാനിക്കുകയില്ല. അവിടെയാണ് ജനവാസമുള്ളത്. മേരു പർവ്വതത്തിന്റെ ചുറ്റുമുള്ള മഹാ പർവ്വതമായ ഹിമാലയം എപ്പോഴും ഹിമാവൃതമാണ്. അതിൽ രാക്ഷ സന്മാരും, പിശാചുക്കളും, യക്ഷികളും താമസിക്കുന്നു. സ്വർണ്ണമയമായ ഹിമക്കോട്ടയെന്ന പർവ്വതത്തിൽ.... ഗന്ധപർവ്വതത്തിൽ ഗന്ധർവ്വന്മാരും അപ്സരസ്സുകളും നിവസിക്കുന്നു. അതിൽ പെട്ട 'നിശിതു'പർവ്വതം നാഗങ്ങളുടെ (സർപ്പങ്ങൾ) വാസസ്ഥലമാണ്. അവയിൽ ഏഴ് പ്രധാ നികളുടെ പേര് താഴെ ചേർക്കുന്നു. അനന്തൻ, വാസുഖി, ദക്ഷകൻ, കർകൂതക്ക്, മഹാപദം, കമ്പൽ, അശ്വത്രൻ." മയിൽപോലെ വിവിധ നിറങ്ങളുള്ള നീലയും അവയിൽ പെട്ടതാണ്. ഇതിൽ സിദ്ധന്മാരും ബ്രഹ്മർഷികളും നിവസിക്കുന്നു. മറ്റൊന്നായ അശ്വീതയിൽ ദൈത്തു കളും ദാനവുകളും ജീവിക്കുന്നു. അശ്രൽഘുനത് എന്ന സ്ഥലത്ത് പിത്രീൻ (ദേവന്മാരുടെ പിതാമഹന്മാരും) താമസിക്കുന്നു. ഇതിന്റെ അടുത്ത് വലതുഭാഗത്തായി കുറെ മലയിടുക്കുകളുണ്ട്. അവ രത്നങ്ങ ളാലും വളരെ കാലം നിലനിൽക്കുന്ന കല്പ വൃക്ഷങ്ങളാലും നിബിഢ മാണ്. ഈ പർവ്വതങ്ങളുടെ മദ്ധ്യത്തിലായി 'ഇലാവർത്' എന്ന ഏറ്റവും പൊക്കം കൂടിയ പർവ്വതം സ്ഥിതി ചെയ്യുന്നു. ഇവയെല്ലാംകൂടി ചേർന്ന തിനു പുരുഷ് പർവ്വത് എന്നു പറയുന്നു. ഹിമാലയത്തിന്റെയും അശ്രൽഘുന്തിന്റെയും ഇടയിൽ രാക്ഷസന്മാരുടെയും അപ്സരസ്സുക ളുടെയും വിനോദകേന്ദ്രമായ കൈലാസം നിലകൊള്ളുന്നു.

വിഷ്ണുപുരാണത്തിൽ പറയുന്നു: 'ഭൂമിയുടെ മദ്ധ്യത്തിലുള്ള ഏറ്റവും വലിയ പർവ്വതങ്ങൾ ശ്രീപർവ്വത്, മലീപർവ്വത്, മാലിപന്ത്, ബന്തു, തർകൂത്ത്, തൃപുരാന്തക്, കൈലാസ് ഇവയാണ്. അവിടെ ഉള്ള വർ നദികളിലെ വെള്ളം കുടിച്ച് എന്നും സന്തുഷ്ടരായി ജീവിക്കുന്നു. എന്നാൽ അവയുടെ ഓരോ ഭുജത്തിന്റെയും ഉയരത്തിന്റെ അളവിനെയും സംബന്ധിച്ചു മേൽ പ്രസ്താവിച്ചതുപോലെ തന്നെയാണ് വായു പുരാ ണത്തിലും വിവരിച്ചത്. അതിൽ ഇങ്ങനെ തുടരുന്നു: "അതിന്റെ ഓരോ ഭാഗത്തും ചതുരാകൃതിയിലുള്ള പർവ്വതങ്ങളുണ്ട്. കിഴക്ക് മാലിയനും വടക്ക് ആനിലും പടിഞ്ഞാറ് ഗന്തുനാദനനും തെക്ക് നിശതുവുമാകു ന്നു. ആദിത്യപുരാണത്തിലും ഭുജങ്ങളെ സംബന്ധിച്ചു മുകളിൽ പറ ഞ്ഞതുപോലെ തന്നെയാണു കാണുന്നത്. പ്രസ്തുത പർവ്വതത്തിന്റെ പൊക്കത്തെ കുറിച്ച് ഈ പുരാണത്തിൽ ഒന്നും പറഞ്ഞതായി കണ്ടി ല്ല. അതിന്റെ കിഴക്കുഭാഗം സ്വർണ്ണവും പടിഞ്ഞാറുഭാഗം വെള്ളിയും തെക്കുഭാഗം ചുകന്ന മാണിക്യവും വടക്കുഭാഗം വിവിധ രത്നങ്ങളുമാ ണെന്നു പറയപ്പെടുന്നുണ്ട്. ഈ പർവ്വതത്തിന്റെ അതിരുകവിഞ്ഞ വലിപ്പം ഭൂമിക്ക് അവർ സങ്കല്പിക്കുന്ന അതിരുകവിഞ്ഞ അളവിന്റെ

അടിസ്ഥാനത്തിലല്ലാതെ ശരിയാവുകയില്ല. സുമാർ പറയുന്നതു കൃത്യമായിക്കൊള്ളണമെന്നില്ലെങ്കിലും പതഞ്ജലിയുടെ വ്യാഖ്യാതാവിനെ പോലെയുള്ളവർക്ക് ഊഹാടിസ്ഥാനത്തിലെങ്കിലും ചില അളവുകൾ പറയാനുള്ള വഴി തുറക്കുകയാണ് അതുകൊണ്ടുണ്ടാവുന്നത്. അദ്ദേഹം ആ പർവ്വതം സമചതുരാകൃതിയിലാണെന്നത് വിട്ട് ദീർഘ ചതുരാകൃതിയിലാണെന്നും അതിന്റെ ഒരു ഭുജം പതിനഞ്ച് കോടി യോജനയാണെന്നും മറ്റേത് അഞ്ച് കോടിയാണെന്നും പറയുന്നു. അതിന്റെ നാല് ഭാഗങ്ങളെ കുറിച്ച് അദ്ദേഹം ഇങ്ങനെ പറയുന്നു: കിഴക്കു ഭാഗത്തായി മാലവ പർവ്വതവും സമുദ്രവും രണ്ടിന്റെയും അടിയിലായി ബഹദ്രാസ് പർവ്വതവും നിലകൊള്ളുന്നു. ഇടത്തുഭാഗത്ത് നീയർ, ശീത, സ്യംഘാദർ എന്നീ പർവ്വതങ്ങളും സമുദ്രവും അവയ്ക്കു മദ്ധ്യത്തിൽ റമീക്, ഹരിനമായ്യഃ, കുരു എന്നീ രാഷ്ട്രങ്ങളും നിലകൊള്ളുന്നു. പടിഞ്ഞാറു ഭാഗത്ത് ഗന്ധമാദൻ പർവ്വതവും രണ്ടിന്റെയും ഇടയിൽ കീതുമാല രാഷ്ട്രവും സ്ഥിതിചെയ്യുന്നു. തെക്കു ഭാഗത്ത് മറാവർത്, നിശത്, ഹിമകൂത്ത്, ഹിമഗർ തുടങ്ങിയ പർവ്വതങ്ങളും സമുദ്രവും അവയ്ക്കിടയിൽ ഭാരത്പരിശ്, കീൻ പരിശ്, ഹർപരിശ് തുടങ്ങിയ രാഷ്ട്രങ്ങളും സ്ഥിതി ചെയ്യുന്നു. ഇന്ത്യക്കാരുടെ പ്രസ്താവനകളിൽനിന്ന് എനിക്കു മനസ്സിലായവയാണ് മേലുദ്ധരിച്ചത്.

ബുദ്ധമതക്കാരിൽനിന്ന് നേരിട്ടൊന്നും മനസ്സിലാക്കാൻ എനിക്ക് കഴിയാത്തതിനാൽ ഞാൻ അവരെ കുറിച്ചു പറയുന്നത് ഈറാൻ ശഹരി മുഖേന കിട്ടിയ വിവരങ്ങളാണ്. അദ്ദേഹത്തിന്റെ ഉദ്ധരണികൾ പരിപൂർണമല്ല എന്നെനിക്ക് ഉറപ്പുണ്ടെങ്കിലും അങ്ങനെ ചെയ്യാൻ ഞാൻ നിർബന്ധിതനായിരിക്കുന്നു. മേരു പർവ്വതത്തെ കുറിച്ച് അവരുടെ അഭിപ്രായം ഇദ്ദേഹം ഇങ്ങനെ ഉദ്ധരിക്കുന്നു: നാലു ലോകങ്ങളുടെ മദ്ധ്യത്തിൽ കീഴ്ഭാഗം ചതുരാകൃതിയിലും മേൽഭാഗം വൃത്താകൃതിയിലുമായി 80,000 യോജന ഉയരത്തിൽ മേരു സ്ഥിതി ചെയ്യുന്നു. പകുതി ഭാഗം വായുമണ്ഡലത്തിലേക്ക് ഉയർന്നുനിൽക്കുകയും മറ്റേ പകുതി ഭൂമിയിലേക്ക് താഴ്ന്നുകിടക്കുകയും ചെയ്യുന്നു. നമ്മുടെ ലോകത്തോട് ഏറ്റവും തെക്ക് നിൽക്കുന്ന അതിന്റെ തെക്കുഭാഗം നീല നിറത്തിലുള്ള മാണിക്യകല്ലുകളാണ്. അതത്രെ ആകാശത്തിന്റെ നിറം നീലയാവാനുള്ള കാരണം. മറ്റു ഭാഗങ്ങൾ ചുകന്നതും മഞ്ഞയും വെള്ളയും മാണിക്യം കൊണ്ടുള്ളതാണ്."

മേൽ പ്രസ്താവിച്ചത് ഭൂമിയുടെ മദ്ധ്യത്തിൽ സ്ഥിതി ചെയ്യുന്ന മേരു പർവ്വതത്തെ കുറിച്ചാണ്. എന്നാൽ, നാം സാധാരണയായി ഖാഫ് എന്നും ഇന്ത്യക്കാർ ലോകാലോക് എന്നും പറയുന്ന ഒരു മഹാപർവ്വതത്തിൽനിന്നു സൂര്യൻ മേരു പർവ്വതത്തിന് അഭിമുഖമായി ചുറ്റിക്കൊണ്ടിരിക്കുന്നു. അതിന്റെ വടക്ക് ഉൾഭാഗത്തല്ലാതെ സൂര്യപ്രകാശം തട്ടു

കയില്ല. ഇതുപോലെ തന്നെയാണ് സോഗ്ഡിയാനയിലെ സൗരാഷ്ട്ര മതക്കാർ അർദിയ്യഃ പർവ്വതത്തെ കുറിച്ചും വിശ്വസിക്കുന്നത്. ആ പർവ്വതം ലോകത്തെ ചുറ്റിക്കിടക്കുകയാണെന്നും അതിന്റെ പുറംഭാഗത്തായി കൃഷ്ണമണികളെപോലുള്ള ഖൂം സ്ഥിതി ചെയ്യുന്നുണ്ടെന്നും അതിൽ എല്ലാ സാധനങ്ങളും ഉദ്ഭവിക്കുന്നുണ്ടെന്നും അതിനപ്പുറം ശൂന്യ മണ്ഡലം മാത്രമാണെന്നും അവർ വിശ്വസിക്കുന്നു. ലോകമദ്ധ്യത്തിലായി ഘറങ്കർ എന്നൊരു പർവ്വതം സ്ഥിതി ചെയ്യുന്നുവത്രെ. അതു നമ്മുടെ ഭൂഖണ്ഡത്തിന്റെയും മറ്റ് ആറ് ഭൂഖണ്ഡങ്ങളുടെയും ഇടയിൽ രാജകീയ സിംഹാസനമായി നിലകൊള്ളുന്നു. ഈ രണ്ട് ഖണ്ഡങ്ങൾക്കുമിടയിൽ കാൽ വെക്കാൻ കഴിയാത്ത വിധം ചുട്ടെരിയുന്ന മണൽ പ്രദേശങ്ങളു ണ്ട്. ഈ ആറ് ഖണ്ഡങ്ങളിലും ഗോളങ്ങൾ ആസ് കല്ലുപോലെ തിരി യുന്നതായും മനുഷ്യവാസമുള്ള നമ്മുടെ ഭൂഖണ്ഡത്തിൽ അവ അല്പം ചരിഞ്ഞുകൊണ്ട് ചലിക്കുന്നതായും തോന്നുന്നു.

അധ്യായം 24

# ഏഴു ദ്വീപുകളുടെ വിശദവിവരങ്ങൾ: പുരാണങ്ങളിലൂടെ

പുരാണ കർത്താക്കൾ ഉദ്ധരിച്ച പേരുകളിലും തത്വങ്ങളിലും വ്യത്യാസമുണ്ടെങ്കിലും അവ ശ്രദ്ധാർഹമല്ല. പേരിലുള്ള വ്യത്യാസം ഭാഷാടിസ്ഥാനത്തിലാകയാൽ അത് എളുപ്പത്തിൽ തീർക്കാൻ സാധിക്കും. തത്വങ്ങളിലുള്ള അഭിപ്രായ വ്യത്യാസങ്ങളാണെങ്കിൽ അവയിൽ ചിലതു ഗ്രഹിക്കുന്നതുകൊണ്ട് എന്തെങ്കിലും നേട്ടങ്ങളുണ്ടാവാം. ചുരുങ്ങിയ പക്ഷം അടിസ്ഥാനമില്ലാത്ത വാദഗതികൾ തമ്മിലുള്ള വൈരുദ്ധ്യങ്ങളെങ്കിലും ഗ്രഹിക്കാം. മദ്ധ്യദ്വീപിന്റെ സ്ഥിതിയെ കുറിച്ച് അതിലുള്ള പർവ്വതത്തെ വിവരിച്ചപ്പോൾ നാം പ്രതിപാദിച്ചു കഴിഞ്ഞിട്ടുണ്ട്. ഈ ദ്വീപിനു ചെമ്പുദ്വീപ് എന്നു പറയുന്നു. നൂറ് യോജന നീളത്തിൽ ശാഖകളുള്ളതായ അവിടത്തെ ഒരു മരത്തിന്റെ പേരാണത്രെ ഇത്. ജനവാസമുള്ള പ്രദേശത്തെയും അതിന്റെ വിഭാഗങ്ങളെയും സംബന്ധിച്ചു വിവരിക്കുമ്പോൾ അതിന്റെ പൂർണ്ണവിവരം നല്കുന്നതാണ്.

അതിനു ചുറ്റുമുള്ള മറ്റു ദ്വീപുകളെ സംബന്ധിച്ച് ആദ്യം പ്രതിപാദിക്കാം. അവയുടെ പേര് വഴിക്കുവഴിയായി വിവരിക്കുന്നതിനു മത്സ്യപുരാണത്തെയാണു നാം ആധാരമായി സ്വീകരിക്കുന്നത്. മദ്ധ്യദ്വീപിനെ സംബന്ധിച്ചു ചില കാര്യങ്ങൾ വായുപുരാണത്തിൽനിന്ന് ആദ്യമായി ഉദ്ധരിച്ചുകൊള്ളട്ടെ. അതിൽ പറയുകയാണ്: മദ്ധ്യദേശിൽ രണ്ട് വർഗ്ഗക്കാർ ജിവിക്കുന്നു. ഒരു വർഗ്ഗത്തിനു കയനപുരുഷ് എന്നാണു പറയുന്നത്. അവരിൽ പുരുഷന്മാർ സ്വർണ്ണ നിറമുള്ളവരും സ്ത്രീകൾ സൂരിനയാ എന്നാൽ, അറിയപ്പെടുന്നവരുമാണ്. ഇവർ ദീർഘകാലം ജീവിക്കുന്നു. യാതൊരു രോഗവും അവർക്കു പിടികൂടുകയില്ല. അവർ കുറ്റം ചെയ്യുകയോ തമ്മിൽ അസൂയ കാണിക്കുകയോ പതിവില്ല. മദുഭ എന്നറിയപ്പെടുന്ന ഈത്തപ്പനയുടെ പഴം പിഴിഞ്ഞെടുത്തുണ്ടാക്കുന്ന പാനി

യമാണ് അവരുടെ മുഖ്യാഹാരം. രണ്ടാമത്തെ വർഗ്ഗം ഹരിപുരുഷ് എന്ന പേരിലാണ് അറിയപ്പെടുന്നത്. വെള്ളിനിറമുള്ളവരായ ഇവർ 11,000 കൊല്ലം ജീവിക്കുന്നു. അവർക്കു താടിരോമം മുളക്കുകയില്ല. അവരുടെ ആഹാരം ചക്കരക്കരിമ്പാണ്. താടിയില്ല എന്നും സ്വർണ്ണത്തിന്റെയും വെള്ളിയുടെയും നിറമുള്ളവരെന്നും കേൾക്കുമ്പോൾ തുർക്കികളെ യാണ് ഓർമ്മ വരുന്നത്. പക്ഷേ, കരിമ്പും കാരക്കയുമാണ് അവരുടെ ആഹാരമെന്നറിയുമ്പോൾ ചിന്ത തെക്കോട്ടു നീങ്ങുകയാണ്. തെക്കൻ പ്രദേശങ്ങളിൽ ജീവിക്കുന്നവർക്ക് ഈ രണ്ട് നിറം എങ്ങനെ ഉണ്ടാകാനാണ്. നീഗ്രോ വർഗ്ഗക്കാരിൽ മേൽ പ്രസ്താവിച്ച ചില സ്വഭാവങ്ങൾ കാണുന്നുണ്ട്. അവർക്ക് ദുഃഖമോ അസൂയയോ ഇല്ല. കാരണം, ഇതു രണ്ടും ഉണ്ടാകത്തക്ക യാതൊരു പരിതസ്ഥിതിയും അവർക്കില്ല എന്നതാണ്. മേൽ പ്രസ്താവിച്ചത്ര ഇല്ലെങ്കിലും നമ്മുടെ നാട്ടുകാരുടേതിനേക്കാൾ ദീർഘ കാലം അവർ ജീവിക്കുന്നു. നീഗ്രോ വർഗ്ഗത്തിനിടയിൽ സ്വാഭാവികമായ മരണം വളരെ ദുർലഭമാണ്. എന്തെങ്കിലും നെഞ്ച് കുടുങ്ങിപ്പോവുന്നതുകൊണ്ട് മാത്രമാണു മരണം സംഭവിക്കുന്നതെന്നാണ് അവരുടെ വിശ്വാസം. വല്ല ആയുധവുംകൊണ്ട് കൊല്ലപ്പെടുക എന്നതൊഴികെ അവർ മരണത്തിനു യാതൊരു കാരണവും കാണുന്നില്ല.

ഇനി നമുക്ക് സാഗദ്വീപിനെ കുറിച്ച് അല്പം വിവരിക്കാം. മത്സ്യപുരാണമനുസരിച്ച് ഈ ദ്വീപിൽ വലിയ ഏഴ് നദികളുണ്ട്. അതിൽ ഒന്ന് പരിശുദ്ധതയിൽ ഗംഗാ നദിയോടു കിടപിടിക്കുന്നതാണ്. ഒന്നാമത്തേതിൽ രത്നങ്ങളുള്ള ഏഴ് പർവ്വതങ്ങളുണ്ട്. അവയിൽ ചിലതിൽ ദേവന്മാരും മറ്റു ചിലതിൽ പിശാചുക്കളും താമസിക്കുന്നു. സ്വർണ്ണമയമായതും പൊക്കം കൂടിയതുമായ ചില പർവ്വതങ്ങളും അക്കൂട്ടത്തിലുണ്ട്. അവയിൽനിന്നു മേഘങ്ങൾ പൊന്തുകയും പിന്നീട് അവ നമുക്ക് മഴ വർഷിപ്പിച്ചുതരികയും ചെയ്യുന്നു. മറ്റു ചിലതിൽ എല്ലാ തരം മരുന്നുകളും ഉണ്ട്. അവയിൽ നിന്നാണത്രെ നേതാവായ ഇന്ദ്രൻ മഴ പെയ്യിക്കുന്നത്. സോം എന്ന ഒരു പർവ്വതവും അക്കൂട്ടത്തിലുണ്ട്. അതിനെ കുറിച്ചുള്ള ഐതീഹ്യം ഇങ്ങനെയാണ്: കശ്യപന് രണ്ട് ഭാര്യമാരുണ്ടായിരുന്നു. ഒന്ന് സർപ്പങ്ങളുടെ മാതാവായ കദ്രുവും മറ്റേത് പക്ഷികളുടെ മാതാവായ വിനേതായും. അവർ രണ്ടു പേരും മരുഭൂമിയിലാണ് ജീവിച്ചിരുന്നത്. അവിടെ തവിട്ടുനിറത്തിലുള്ള ഒരു കുതിരയുണ്ടായിരുന്നു. സർപ്പമാതാവ് ആ കുതിര കറുത്തതാണെന്നു വാദിക്കുകയുണ്ടായി. അവർ രണ്ടുപേരും അടിമത്തം പന്തയമായി നിശ്ചയിച്ചു തീരുമാനം പിറ്റേ ദിവസത്തേക്കു നീട്ടിവെച്ചു. സർപ്പമാതാവ് രാത്രി തന്നെ തന്റെ കറുത്ത സന്താനങ്ങളെ അയക്കുകയും അവർ കുതിരയുടെ ശരീരത്തെ പൊതിയുകയും അങ്ങനെ അതിന്റെ നിറം കറുപ്പാണെന്നു തോന്നിക്കു

കയും ചെയ്തു. അതിനാൽ പക്ഷിമാതാവിനു സർപ്പമാതാവിന്റെ അടിമയായി കുറച്ചുകാലം ജീവിക്കേണ്ടി വന്നു. പക്ഷിമാതാവിനു രണ്ട് സന്താനങ്ങളുണ്ടായിരുന്നു. ഒന്ന് സൂര്യഭഗവാന്റെ തേരാളിയായ അന്ദറ, മറ്റേത് ഗരുഡൻ. ഗരുഡൻ മാതാവിനോട് ഇങ്ങനെ പറഞ്ഞു: അമ്മേ, നിങ്ങളുടെ സപത്നിയുടെ സന്താനങ്ങളോട് ഈ അടിമത്തത്തിൽ നിന്നുള്ള മോചനം ലഭിക്കാനുള്ള മാർഗ്ഗം അന്വേഷിക്കുക. മാതാവ് അന്വേഷിച്ചപ്പോൾ ദേവന്മാരുടെ അടുക്കലുള്ള അമൃതംകൊണ്ട് അതു സാധിക്കുന്നതാണെന്ന് അവർ മറുപടി നല്കി. അപ്പോൾ ഗരുഡൻ ദേവന്മാരുടെ അടുക്കൽ ചെന്ന് അത് ആവശ്യപ്പെട്ടു. അമൃതം മറ്റുള്ളവർക്കു ലഭിച്ചാൽ ദേവന്മാരെ പോലെ മറ്റുള്ളവരും ചിരഞ്ജീവികളായിത്തീരുമെന്നും അതുകൊണ്ട് അന്യർക്ക് അതു കൊടുക്കുകയില്ലെന്നും അവർ പറഞ്ഞു. മാതാവു മോചിതയാകുംവരെയെങ്കിലും അതു കൈവശം വക്കാൻ അനുവദിക്കണമെന്നു ഗരുഡൻ ദേവന്മാരോടു കേണപേക്ഷിച്ചു. പിന്നീടു തിരിച്ചുകൊടുക്കാമെന്ന് ഏൽക്കുകയും ചെയ്തു. അപ്പോൾ ദേവന്മാർക്ക് അയാളോടു കരുണ തോന്നുകയും അവർ അമൃതം കൊടുക്കുകയും ചെയ്തു. അനന്തരം ഗരുഡൻ സോം പർവ്വതത്തിൽ വന്നു മാതാവിന് അതു നൽകി അവരെ മോചിതയാക്കി. എന്നിട്ട് അദ്ദേഹം മറ്റുള്ളവരോട് ഇങ്ങനെ പറഞ്ഞു: "നിങ്ങൾ ഗംഗാ നദിയിൽ പോയി കുളിച്ചുവരുന്നതുവരെ ഈ അമൃതത്തിൽ തൊടരുത്." അപ്പോൾ അവരെല്ലാം ഗംഗയിൽ കുളിക്കാൻ പോയി. ഈ തക്കം നോക്കി ഗരുഡൻ അതു ദേവന്മാർക്കു തിരിച്ചുനൽകി. അപ്പോൾ ഗരുഡൻ മഹത്വം നേടുകയും പക്ഷികളുടെ രാജാവും വിഷ്ണുവിന്റെ വാഹനവുമാവുകയും ചെയ്തു. ഈ പ്രദേശക്കാർ നല്ലവരും ദീർഘകാലം ജീവിക്കുന്നവരുമത്രെ. അസൂയയും തർക്കവും കൈവിട്ടതിന്റെ ഫലമായി രാജക്കന്മാരുടെ ഭരണം അവർക്ക് ആവശ്യമില്ലാതെ വന്നു. അവയുടെ കാലം യാതൊരു മാറ്റവുമില്ലാത്ത ത്രേതായുഗം ആയിരുന്നു. അവരിൽ നാല് വർണ്ണക്കാരുണ്ടായിരുന്നു. ഇവരെല്ലാം വിവിധ നിലയിലാണു ജീവിച്ചിരുന്നത്. അവർ തമ്മിൽ കൂടിപ്പുലരുകയോ വിവാഹ ബന്ധത്തിലേർപ്പെടുകയോ ചെയ്തിരുന്നില്ല. അവർ നിത്യസന്തുഷ്ടരാണ്. വിഷ്ണുപുരാണത്തിൽ ഈ നാല് വിഭാഗക്കാരുടെ പേര് ഇപ്രകാരം കാണുന്നു: അർയുഗ്, അതാണ് ഏറ്റവും ഉയർന്ന വിഭാഗം. കൂരർ, വ്യവഞ്ച്, വിഹാനിശ്ചത് ഇവരെല്ലാം തന്നെ വാസുദേവന്റെ ആരാധകരാണ്.

മൂന്നാമത്തെ ദ്വീപ് കുശയാണ്. മത്സ്യപുരാണത്തിൽ പറഞ്ഞതനുസരിച്ച് ഇവിടെ രത്നങ്ങളും പഴങ്ങളും പൂക്കളും തുളസിച്ചെടികളും മറ്റ് സസ്യാദികളും ഉള്ള ഏഴ് പർവ്വതങ്ങളുണ്ട്. അവയിൽ ഒന്ന് ധ്രൂൻ എന്നു പറയുന്നു. ഇതിൽ മഹത്തരങ്ങളായ ചില മരുന്നുകളുണ്ട്. പെട്ടെന്നു മുറിവുകൂട്ടുന്ന 'വിശലീങ്കറൻ' എന്ന ചെടിയും മൃതദേഹ

ങ്ങൾക്കു ജീവൻ നല്കുന്ന 'മൃതഞ്ജീവൻ' എന്ന ചെടിയും ഇവയിൽ പെട്ടതാണ്. മറ്റൊരു പർവ്വതം ഹരി എന്ന പേരിലറിയപ്പെടുന്നു. ഇതു കറുത്ത മേഘംപോലെയിരിക്കും. ഇതിൽ 'മഹീശൂ' എന്ന പേരിലറിയപ്പെടുന്ന ഒരു തരം തീയുണ്ട്. ആ തീ വെള്ളത്തിൽ നിന്നുത്ഭവിച്ചതും ലോകാവസാനം വരേക്കും നിലനിൽക്കുന്നതുമാണ്. അതായിരിക്കുമത്രെ ലോകത്തെ ദഹിപ്പിക്കുന്നത്.

ഇതേ ദ്വീപിൽ ഏഴ് രാഷ്ട്രങ്ങളും സമുദ്രത്തിൽ പതിക്കുന്ന അസംഖ്യം നദികളുമുണ്ട്. ഇന്ദ്രൻ ഇതിൽ നിന്നെടുത്തിട്ടാണ് മഴ പെയ്യിക്കുന്നത്. പാപമോചനം നടത്തുന്ന യോൻ (യമുന) അതിൽ പെട്ടതാണ്. അവിടത്തെ നിവാസികളെ കുറിച്ചു വിഷ്ണുപുരാണത്തിൽ സവിസ്തരം ഒന്നും പറയുന്നില്ലെങ്കിലും അവർ നല്ലവരും കുറ്റം ചെയ്യാത്തവരും പതിനായിരം കൊല്ലത്തോളം ജീവിച്ചിരിക്കുന്നവരും ജനാർദ്ദനനെ ആരാധിക്കുന്നവരും ആണെന്നും അവരിൽ പെട്ട വിവിധ വർഗ്ഗങ്ങളുടെ പേരുകൾ ദിമനൻ. ശുശ്മിനൻ, സേനൻ, മന്ധേഹ് എന്നിപ്രകാരരമാണെന്നും അതിൽ വിവരിച്ചിട്ടുണ്ട്.

നാലാമത്തേതു കവാഞ്ച ദ്വീപാണ്. മത്സ്യപുരാണമനുസരിച്ച് അതിൽ രത്നങ്ങളും ഗംഗാശാഖകളായി നദികളും ശുദ്ധന്മാരും വെള്ള നിറക്കാരുമായ ആളുകളും പല രാഷ്ട്രങ്ങളുമുണ്ട്. വിഷ്ണു പുരാണത്തിൽ ഇങ്ങനെ പ്രസ്താവിക്കുന്നു: കവാഞ്ച ദ്വീപിൽ ജനങ്ങൾ ഒരിടത്തുകൂട്ടം കൂടി ജീവിക്കുകയാണ്. അവർ തമ്മിൽ വലിയ വ്യത്യാസങ്ങളൊന്നുമില്ല. അവരുടെ വർഗ്ഗങ്ങൾ പുഷ്ക്കർ, പുഷ്ക്കൽ, ധന്നാ, തിശാഖ് എന്നിവയാണ്. അവർ ജനാർദ്ധനന്റെ ആരാധകരാണ്.

അഞ്ചാമത്തേത് 'ശാൽമല' ദ്വീപാണ്. അതിൽ മത്സ്യപുരാണമനുസരിച്ചു പർവ്വതങ്ങളും നദികളുമുണ്ട്. അവിടത്തെ നിവാസികൾ ശുദ്ധന്മാരും ബുദ്ധിമാന്മാരും ദീർഘകാലം ജീവിക്കുന്നവരുമാണ്. അവർ തമ്മിൽ കോപിക്കുകയില്ല. ക്ഷാമബാധ അവിടെ ഇല്ല. കൃഷിയും അദ്ധ്വാനവും കൂടാതെ യഥേഷ്ടം അവർക്കു ഭക്ഷണം ലഭിക്കുന്നുണ്ട്. അവർ സന്താനോല്പാദനം കൂടാതെ തന്നെ നിലനിൽക്കുന്നു. രോഗമോ ദുഃഖമോ അവരെ ബാധിക്കുന്നില്ല. തമ്മിൽ അസൂയയോ അന്യസ്വത്തിൽ ആഗ്രഹമോ ഇല്ലാത്തതിനാൽ ഭരണാധികാരികളുടെ നിയന്ത്രണം അവർക്ക് ആവശ്യമായി വരുന്നില്ല. ഉള്ളതിൽ തൃപ്തിപ്പെടുകയും നല്ലതിനെ തിരഞ്ഞെടുക്കുകയും ഗുണത്തെ ഇഷ്ടപ്പെടുകയും ചെയ്തു സമാധാനപരമായി അവർ ജീവിക്കുന്നു. അവരുടെ വായുമണ്ഡലം സമശീതോഷ്ണമാണ്. അവിടെ മഴ പെയ്യുകയില്ല. വെള്ളം ഭൂമിയിൽനിന്ന് ഉറവായി വരികയോ മലയിൽനിന്നു കിനിയുകയോ ചെയ്യുന്നു. ഇതുപോലെ തന്നെയാണ് ഇതിനപ്പുറമുള്ള ദ്വീപുകളുടെയും സ്ഥിതി. അവിടെ ഒരു വർഗ്ഗമേ ഉള്ളൂ. ഒരോരുത്തരും മുവ്വാ

യിരം കൊല്ലം ജീവിക്കുന്നു. വിഷ്ണുപുരാണമനുസരിച്ച് അവർ സുമുഖന്മാരും ഭഗവന്തനെ ആരാധിക്കുന്നവരുമാണ്. അവർ അഗ്നിബലി നടത്താറുണ്ട്. ഓരോരുത്തരം പതിനായിരം കൊല്ലം ജീവിക്കുന്നുവത്രെ. അവരിലുള്ള വിവിധ വർഗ്ഗങ്ങളുടെ പേര്: കപില, അരുൺ, പീത, കൃഷ്ണ എന്നിങ്ങനെയാണ്.

ആറാമത്തേതു ഗോമേതദ്വീപാണ്. അതിൽ മത്സ്യപുരാണമനുസരിച്ചു രണ്ട് ഭയങ്കര പർവ്വതങ്ങളുണ്ട്. ഒന്നിനു 'സുമുന' എന്നു പറയുന്നു. അതു കറുത്തതും പ്രസ്തുത ദ്വീപിനെ വലയം ചെയ്തു സ്ഥിതി ചെയ്യുന്നതുമാണ്. മറ്റേത് 'കുമുദു' പർവ്വതമാണ്. അതു സ്വർണ്ണമയമായതും പൊക്കം കൂടിയതുമാണ്. അതിൽ എല്ലാതരം മരുന്നുകളുമുണ്ട്. അവിടെ രണ്ട് രാഷ്ട്രങ്ങൾ നിലകൊള്ളുന്നു. വിഷ്ണുപുരാണമനുസരിച്ച് ഇവിടെയുള്ളവർ നല്ലവരും വിഷ്ണുവിനെ ആരാധിക്കുന്നവരും ആണ്. ഇവിടെയുള്ള വർഗ്ഗങ്ങളുടെ പേര് മഘ, മാഘത, മാനസ, മന്ദഗ എന്നിങ്ങനെയാണ്. ഈ ദ്വീപിന്റെ പരിശുദ്ധികൊണ്ട് സ്വർഗ്ഗലോകത്തിലുള്ളവർ സുഖിക്കാൻ ഇവിടെ ഊഴമായി വന്നു താമസിക്കുന്നു.

ഏഴാമത്തേത് പുഷ്ക്കാര ദ്വീപാണ്. മത്സ്യപുരാണ പ്രകാരം ഇതിന്റെ കിഴക്കുഭാഗത്തായി ചിത്രസാൻ എന്ന പർവ്വതം സ്ഥിതിചെയ്യുന്നു. അതിനു രത്നമയമായ പല ശിഖരങ്ങളുണ്ട്. ഇതിന്റെ ഉയരം 34,000 യോജനയും ചുറ്റളവ് 25,000 യോജനയുമാണ്. ഇതിന്റെ പടിഞ്ഞാറ് ഭാഗത്താണ് ചന്ദ്രികപോലെ പ്രകാശിക്കുന്ന മാനസ്സ് പർവ്വതം സ്ഥിതിചെയ്യുന്നത്. കിഴക്കുഭാഗത്ത് രണ്ട് രാഷ്ട്രങ്ങളുണ്ട്. അവിടത്തെ നിവാസികൾ പതിനായിരം കൊല്ലം ജീവിക്കുന്നു. അവരുടെ വെള്ളം ഭൂമിയിൽനിന്ന് ഉറവെടുക്കുന്നതോ മലയിൽനിന്ന് കിനിയുന്നതോ ആണ്. അവിടെ മഴയില്ല, നദികളുമില്ല. ശൈത്യവും ഉഷ്ണവും അവർക്ക് അനുഭവപ്പെടുന്നില്ല. അവർ ഒരേ ഒരു വർഗ്ഗമാണ്. അവർക്ക് ക്ഷാമം പിടിപെടുകയോ വാർദ്ധക്യമുണ്ടാവുകയോ ചെയ്യുന്നില്ല. ആഗ്രഹിക്കുന്നതെല്ലാം അവർക്കു ലഭിക്കുന്നു. അങ്ങനെ എല്ലാ വിധേനയും സുഖകരമായാണ് അവർ ജീവിക്കുന്നത്. നല്ലതല്ലാതെ അവർ അറിയുകയില്ല. സ്വർഗ്ഗവാസികളെപ്പോലെ അവർ സുഖത്തിൽ ജീവിക്കുകയാണ്. അവിടെ കൂലിവേലയോ രാജ്യഭരണമോ ഇല്ല. അസൂയയും അഭിപ്രായവ്യത്യാസവും അവർക്കില്ല. കൃഷിചെയ്തു ക്ഷീണിക്കുകയോ കച്ചവടം ചെയ്തു വിഷമിക്കുകയോ വേണ്ട. വിഷണുപുരാണത്തിൽ പറയുന്നു: പുഷ്ക്കാർ ദ്വീപിന് അതിലുള്ള 'നികൃതൻ' എന്ന ഒരു മരത്തിന്റെ പേരും പറയാറുണ്ട്. ആ മരത്തിന്റെ ചുവട്ടിൽ ബ്രഹ്മരൂപം വെച്ചിട്ടുണ്ട്. ആ രൂപത്തെ ദേവന്മാരും ദാനവന്മാരും വണങ്ങുന്നു. ഈ ദ്വീപുവാസികൾ മനുഷ്യരായി ജീവിക്കുകയാണെങ്കിലും ദേവന്മാരുടെ കൂടെ ജീവിക്കുകയാണെങ്കിലും തമ്മിൽ യാതൊരു വ്യത്യസവുമില്ലാത്ത ഒരേ വർഗ്ഗക്കാരായാണു

കരുതപ്പെട്ടുപോരുന്നത്. അതിൽ മാനസൂതൻ എന്നൊരു പർവ്വതം മാത്രമേ ഉള്ളൂ. ദ്വീപുപോലെ തന്നെ ഈ പർവ്വതവും വൃത്താകൃതിയിലാണ്. അതിന് അമ്പതിനായിരം യോജന ഉയരവും വീതിയും ഉണ്ട്. അതിന്റെ മുകളിൽ നിന്നാൽ എല്ലാ ദ്വീപുകളും കാണാവുന്നതാണ്.

അധ്യായം 25

# നദികളും അവയുടെ ഉൽപത്തിയും ഗതികളും

വായുപുരാണത്തെ ആധാരമാക്കി 'മേരു'പർവ്വതത്തിന്റെ കൊടുമുടികളാണെന്നു നാം വിവരിച്ച വലിയ പർവ്വതങ്ങളിൽ നിന്നുത്ഭവിക്കുന്ന നദികളുടെ പട്ടികയാണു താഴെ കൊടുക്കുന്നത്.

| **കൊടുമുടികൾ** | **അവയിൽനിന്നുത്ഭവിക്കുന്ന നദികൾ** |
|---|---|
| മഹീന്ദർ | തൃസാഗ്, രിശ്ഘുല്ലി, ഇക്ഷുല, തൃപ്വ, ആയൻ, ലാങ്കുല, വിൻശവരൻ |
| മലവാ<br>സിഴ | ഗൃതമാല, താമ്രവർണ്ണൻ, പുഷ്പജാതി, ഉത്ബ്ലാവിനി, ഗോതാവരി, വഹീമൃതി, കൃഷ്ണ, വീണ, സവൻ, ഝലം, തുംഗഭദ്രൻ, സപ്പർയോഗ്, കേവിർ, പായക് |
| ശക്തവം | റിശുക, വാലോക്, കുമാരി, മന്ദവാഹിനി, കിർപ, പാലിനി |
| രിക്ഷവം | ശൂന, മാഹാന്ദിർ, നർമദ, സുരസ, കിർവ്വ, മന്ദാകിനി, കരമൂത, ചത്രകൂത, തംസ, വിയല്ല, ശ്രൂണ, ദശാർണ, വിശാവക, ചിത്രവാലു, മഹാവീക, പഞ്ചുലം, ശക്തിമത്, ശകൻ, ബാലുവാഹിമ, |
| ത്രീദവ | |
| ബിന്ദു | താവി, വിയോരൻ, നർമ്മദ, സിർവ്വ, നിഖധം, വിയന്നം, വന്തർണ്ണി, സിനി, ഹാഹൂ, ഗുമന്തവതം, തുവ, മഹാഗൂർ, ദുർഗ്ഗ, അന്തശീൽ |
| പാർയാത്ര | വീതസ്മൃത്, വീദാവത്, വിയഘൻ, വർണ്ണസ്, നന്ദൻ, സദ്വാൻ, രാമതി, പാറ, ലൂപി, വിതശ, പർമ്മൻമേതി |

മത്സ്യപുരാണത്തിലും വായുപുരാണത്തിലും പറയുന്നതനുസരിച്ച് ചെമ്പ് ദ്വീപിൽ കൂടി ഒഴുകുന്ന നദികൾ ഹിമാലയ പർവ്വതത്തിൽ

നിന്നാണുത്ഭവിക്കുന്നത്. പ്രസ്തുത നദികളുടെ വഴിക്കുവഴിയായ ക്രമം പരിഗണിക്കാതെ അവയുടെ എണ്ണം മാത്രമേ കണക്കാക്കിയതായി കാണുന്നുള്ളൂ. എന്നാൽ, പർവ്വതനിരകളാൽ വലയം ചെയ്ത വിശാലമായ അതിർത്തികളാണ് ഇന്ത്യക്കുള്ളതെന്നു നാം മനസ്സിലാക്കേണ്ടതുണ്ട്. ഇന്ത്യയുടെ വടക്കുഭാഗത്ത് ഹിമാവൃതമായ ഹിമാലയവും സ്ഥിതി ചെയ്യുന്നു. ഇതിന്റെ മദ്ധ്യത്തിലായി കാശ്മീർ രാജ്യം കിടക്കുന്നു. ഈ പർവ്വതം തുർക്കിസ്ഥാൻ അതിർത്തികളുമായി ചേരുന്നുണ്ട്. ജനവാസം അസാധ്യമാകത്തക്ക രൂപത്തിൽ അത് ഉയർന്നുകൊണ്ടിരിക്കുകയും മേരു പർവതം വരെയും അതിന്റെ ഉയർന്ന ഭാഗം നീണ്ടുകിടക്കുകയും ചെയ്യുന്നു. ഈ പർവ്വതനിരകൾ നീണ്ടുകിടക്കുന്നതിനാൽ അവയിൽനിന്നു വടക്കോട്ടൊഴുകുന്ന നദികൾ തുർക്കിസ്ഥാൻ, തിബത്ത്, കാസ്പിയൻ, സ്ലാവ് വർഗ്ഗക്കാരുടെ രാജ്യം എന്നിവയിൽ കൂടി കടന്ന് ഖാറസം, തടാകത്തിലും പന്തസ് കടലിലും സ്ലാവ് വർഗ്ഗക്കാരുടെ ഉത്തരസമുദ്രത്തിലും ചെന്നുവീഴുന്നു. ഈ പർവ്വതനിരകളിൽനിന്നു തെക്കോട്ടൊഴുകുന്നവ ഇന്ത്യൻ പ്രദേശങ്ങളിലൂടെ കടന്ന് ഒന്നായോ പിരിവുകളായോ മഹാസമുദ്രത്തിൽ ചെന്നുചേരുന്നു. അതിനാൽ, ഇന്ത്യക്ക് വെള്ളം ഒന്നുകിൽ ശൈത്യമുള്ള വടക്കൻ പർവ്വതങ്ങളിൽനിന്നോ കിഴക്കൻ പർവ്വതങ്ങളിനിന്നോ ആണ് ലഭിക്കുന്നത്. അവയിൽ ചിലത് കിഴക്കോട്ടു നീണ്ടുപോവുകയും പിന്നീട് തെക്കോട്ടു തിരിഞ്ഞു മഹാസമുദ്രത്തിൽ ചെന്നുചേരുകയും ചെയ്യുന്നു. 'രാം' എന്ന പേരിലറിയപ്പെടുന്ന അണക്കെട്ടിന്റെ അടുത്ത് അവയുടെ ശാഖകൾ തമ്മിൽ കൂടിച്ചേരുന്നു. ചൂടും തണുപ്പും കൊണ്ടാണത്രെ അവ തമ്മിൽ വേർപിരിയുന്നത്. പ്രസിദ്ധ ഇന്ത്യൻ നദികളുടെ പേര് ഒരു പട്ടികയായി താഴെ ചേർക്കാം.

| | | | | | |
|---|---|---|---|---|---|
| സിന്ധ്ഃ വൈഹണ്ടു താഴ്‌വര | ബീത്തുഃ ഝലംനദി | ചന്ദ്രഭാഗഃ ചന്ദ്രാഹ് നദി | വ്യായാഹഃ പശ്ചിമ ലാഹോർ | ഐരാവതിഃ പൂർവ്വ ലാഹോർ | ശതരുദ്രഃ ശത്‌ലദർ നദി |
| സർസ്വതി: സരസ്വതീരാഷ്ട്രത്തിൽകൂടി പോകുന്നത് | യമുന | ഗംഗാ | സ്രവു: സർവ്വനദി | ദേവക | ഗിഹൂ |
| ഗോമതി | തുത്വാ | വിശാൽ | വാഹുദാസ് | കൗശിക | നിശ്ജിര |
| ഗന്ധിക | ലൂഹിത | ദൃക്ഷ്യവദു | താമ്നാരുൽ | വർനാസ | വേതസ്മത് |
| വേതസന | ചന്ദ്രൻ | കാവൻ | വാറ | ചർമരു | വിഭിശു |
| വേനാമതി | സിന്ധ്രഃ പാർയാത്രയിൽ നിന്ന് പുറപ്പെട്ട് ഉജ്ജയിനിയിൽ കൂടിഒഴുകുന്നത് | കർതൂയ | ശ്മാഹിന | | |

'ഗുറവന്ത്' എന്ന പേരിലറിയപ്പെടുന്ന ഒരു നദി, കാവേശ് (കാബൂൾ) രാജ്യത്തോടു തൊട്ട പർവ്വതങ്ങളിൽ നിന്നുത്ഭവിക്കുന്നു. ഗൂസക് താഴ്വരയിൽ കൂടി ഒഴുകുന്ന ഒരു നദിയും പഞ്ചീർ പ്രദേശത്തു നിന്നു ബർവാൻ പ്രദേശത്തിന്റെ താഴ്ന്ന പ്രദേശത്തുകൂടി ഒഴുകുന്ന ഒരു നദിയും ശർവത് നദിയും ലാംബക (ലമഗാൻ) രാജ്യത്തിൽ കൂടി ഒഴുകുന്ന 'സാവ'യും 'ധ്രൂധ'കോട്ടക്കു സമീപം പ്രസ്തുത നദിയുമായി കൂടിച്ചേരുന്നു. ഇതിലേക്ക് നൗർ നദിയും കൈറാത് നദിയും വന്നുചേരുന്നു. ഇതെല്ലാം കൂടിച്ചേർന്നു പെശാവർ രാജ്യത്തിനടുത്ത് ഒരു വൻനദിയായി രൂപപ്പെടുന്നു. 'മിഅ്ബർ' എന്ന പേരിലാണ് അതറിയപ്പെടുന്നത്. അതിന്റെ കിഴക്കെ കരയിലുള്ള മഹിനാരാ ഗ്രാമത്തിന്റെ ഒരു നാമമത്രെ മിഅ്ബർ. ബൈർത്തൂൽ കോട്ടക്കടുത്ത് ഖാണ്ഡഹാർ നഗരസമീപമായി അതു സിന്ധുനദിയുമായി ചേരുന്നു. അതാണ് സുപ്രസിദ്ധമായ 'വൈഹണ്ട.' ഝലം, എന്ന പേരിലറിയപ്പെടുന്ന വിയത്ത് നദിയും ചന്ദ്രാഹ നദിയും ജഹ്റാവറുമായി ഏകദേശം അമ്പത് മൈൽ അടുത്തുവെച്ചു കൂടിച്ചേരുന്നു. അനന്തരം അതു മുൽത്താനിന്റെ പടിഞ്ഞാറുഭാഗത്തുകൂടി കടന്നുപോകുന്നു. വ്യാഹ് നദിയാണെങ്കിൽ മുൽത്താന്റെ കിഴക്കു ഭാഗത്തുകൂടി ഒഴുകി പ്രസ്തുത നദികളിൽ ലയിക്കുന്നു. വഹാത്തൂൽ പർവ്വതങ്ങളിലുള്ള നഗർകൂത്തിൽ നിന്നുത്ഭവിക്കുന്ന ഗജ് നദിയും ഐരാവതിയോടു ചേരുന്ന ശത്‌ലദർ നദിയും ഇതിൽ തന്നെയാണ് വന്നുചേരുന്നത്. അങ്ങനെ ഇവയെല്ലാംകൂടി മുൽത്താന്റെ താഴെയുള്ള 'പഞ്ചനദി' എന്ന സ്ഥലത്ത് ഒന്നായിചേരുമ്പോൾ ഒരു മഹാനദിയായി പരിണമിക്കുന്നു. വേലിയയേറ്റം ഉണ്ടാകുമ്പോൾ പത്തു കാതം വരെ അതിനു വീതി കൂടുന്നതും മരുഭൂമിയിലുള്ള മരങ്ങളെല്ലാം വെള്ളത്തിനടിയിലാകുന്നതുമാണ്. വെള്ളം താഴ്ന്നുകഴിഞ്ഞാൽ മരക്കൊമ്പുകളിൽ വെള്ളത്തിലെ ചണ്ടികൾ പക്ഷിക്കൂടുകൾ പോലെ തൂങ്ങി നിൽക്കുന്നതു കാണാം. ഈ നദി സിന്ധിൽപെട്ട അരൂർ പ്രദേശത്തുകൂടി കടന്നുപോകുമ്പോൾ മെഹ്റാൻ നദി എന്നു വിളിക്കപ്പെടുന്നു. ശുദ്ധവും വിശാലവും ശാന്തവുമായി പ്രവഹിച്ചു മദ്ധ്യത്തിൽ ചില ദ്വീപുകളെ തരണം ചെയ്ത് അതു മൻസൂറാ പട്ടണം വരെ നീണ്ടു കിടക്കുന്നു. അതിന്റെ സമുദ്രപതനം രണ്ട് സ്ഥലങ്ങളിലായാണ്: ഒന്ന് ലൂഹാറാനി പട്ടണത്തിന്റെ അടുത്തും മറ്റേത് അല്പം കിഴക്കോട്ടു ചാഞ്ഞും ഗജ് പ്രദേശത്തിന്റെ അതിർത്തിയിലും. 'സിന്ധ് സാഗർ' (സിന്ധ് കടൽ) എന്ന പേരിലാണ് ഇത് അറിയപ്പെടുന്നത്. ഈ നദീസമൂഹങ്ങൾക്കു പഞ്ചനദികളെന്നു പറയുന്നതുപോലെ ഈ പർവ്വതങ്ങളിൽ നിന്നുത്ഭവിച്ചു വടക്കോട്ട് ഒഴുകുന്ന നദികൾ 'ബൽഖ്' പ്രദേശത്തെത്തുമ്പോൾ ഏഴു നദികൾ കൂടിച്ചേരുകയും സപ്ത് നദികൾ (ഏഴു നദികൾ കൂടിച്ചേർന്നത്) എന്ന പേരിൽ ഈ സ്ഥലം അറിയപ്പെടുകയും ചെയ്യുന്നു. സഗദിലെ മജൂസി

കൾ (പാർസിമതക്കാർ) ഇവ രണ്ടും കൂട്ടിച്ചേർത്ത് ഏഴു നദികളുടെ സമൂഹത്തിനു 'സിന്ധ്' എന്നും അതിന്റെ മുകൾഭാഗങ്ങൾക്കു 'പ്രിദേശ്' എന്നും പറയുന്നു. അതിൽ ഇറങ്ങിനിന്നു പടിഞ്ഞാറുഭാഗത്തേക്ക് തിരിഞ്ഞുനിന്നാൽ മദ്ധ്യാഹ്ന നേരത്ത് സൂര്യനെ വലതുഭാഗത്തായി കാണാം. ഇവിടെ അങ്ങനെ നിന്നാൽ ഇടതുഭാഗത്തായാണല്ലോ നാം സൂര്യനെ കാണുന്നത്. സരസ്വതി നദി സമുദ്രത്തിൽ ചേരുന്നതു സോമ നാഥിന്റെ കിഴക്കുഭാഗത്തായി ഒരു വിളിപ്പാടു ദൂരെയാണ്. യമുനാ നദി കനൂജ് പട്ടണത്തിന്റെ താഴെ ഗംഗാ നദിയുമായി ചേരുന്നു. അതിന്റെ പടിഞ്ഞാറ് ഭാഗത്താണ് ഈ പട്ടണം സ്ഥിതി ചെയ്യുന്നത്. പിന്നീട് ഇതു രണ്ടും 'ഗംഗാസാഗർ' പ്രദേശത്ത് മഹാസമുദ്രത്തിൽ ചെന്നുചേരുന്നു. സരസ്വതി നദിയുടെയും ഗംഗാ നദിയുടെയും മദ്ധ്യത്തിൽ കൂടി നർമ്മദാ നദി കിഴക്കൻ പർവ്വതങ്ങളിൽ നിന്നുത്ഭവിച്ചു തെക്കു പടിഞ്ഞാറ് ഭാഗ ത്തേക്കു നീണ്ടൊഴുകുകയും ബഹ്റൂജി പട്ടണത്തിനു സമീപം സമു ദ്രത്തിൽ പതിക്കുകയും ചെയ്യുന്നു. സോമനാഥിൽ നിന്ന് ഏതാണ്ട് അറു പത് യോജന ദൂരെയാണ് ഈ രാജ്യം. ഗംഗാനദിയുടെ പിൻഭാഗത്തായി റഹബ് നദിയും കോയ്നി നദിയും ഒഴുകുന്നു. ഇവ രണ്ടും വാരി ദേശ ത്തിനടുത്ത് സർവ്വാ നദിയിൽ ചെന്നുചേരുന്നു. ഇന്ത്യക്കാരുടെ വിശ്വാ സപ്രകാരം ഗംഗാനദി പുരാതനകാലത്ത് സ്വർഗ്ഗലോകത്തുനിന്ന് ഒഴുകി വന്നതാണത്രെ. അതിന്റെ ഭൂമിയിലേക്കുള്ള ഒഴുക്കിനെക്കുറിച്ചു സവി സ്തരം പിന്നീടു വിവരിക്കുന്നതാണ്. മത്സ്യ പുരാണത്തിൽ പറയുക യാണ്: ഗംഗാ നദി ഭൂമിയിലേക്കു വന്നപ്പോൾ അതിന് ഏഴ് ശാഖകൾ ഉണ്ടായി. അതിൽ മൂന്നെണ്ണം കിഴക്കോട്ടാണ് ഒഴുകിയത്. അവ: 1. നളി നി, 2. ലാഭിനി, 3. പാവനി. വേറെ മൂന്നെണ്ണം പടിഞ്ഞാറു ഭാഗത്തേക്കും ഒഴുകി. അവയുടെ പേര് 1. സീതാ, 2. യക്ഷ, 3. സിന്ധ് എന്നാകുന്നു. എന്നാൽ സീതാ നദി ഹിമാലയത്തിൽനിന്ന് പുറപ്പെട്ട് സലീല, കർസൂ ബ, ചൈന, ബർബർ, യവർ, വഹപുശ്ക്കർ, കുലത, മംഗല, കവറ, സംഗ്വന്ത എന്നീ പ്രദേശങ്ങളിൽ കൂടി ഒഴുകി പടിഞ്ഞാറേ കടലിൽ ചെന്നുചേരുന്നു. ഇതിന്റെ തെക്കു ഭാഗത്തായി യക്ഷ നദി സ്ഥിതിചെയ്യു ന്നു. ഇത് ചൈന, മർവ, കാലിഗ്, ധൂലിക, തുഖാറ, ബർബർ, കാച, ബൽഹവ, വാർവാൽ, ചത്ത് എന്നീ നാടുകൾക്ക് ആവശ്യമായ വെള്ളം നൽകുന്നു.

സിന്ധ് നദി സിന്ധ് പ്രദേശങ്ങളിൽ കൂടി ഒഴുകി ഭാരത്, ഖണ്ഡാർ, ദൂറസ, ക്രൂർ, സിവപൂർ, ഇന്ദ്ര, മരു, വസാതി, സൈന്തവ, കുബത്ത, വഹീമർവർ, മ്രൂണ, ര്സ്കൂദാ തുടങ്ങിയ പ്രദേശങ്ങളിൽ കൂടി പോകു ന്നു. മദ്ധ്യഭാഗത്തുള്ള ഗംഗാ നദി ഗന്ധർവ്വ, (പാടുന്നവർ), കിന്നർ, യ ക്ഷ, രാക്ഷസ്, വിദ്യാതർ, ഓറഗൻ (പാമ്പുകൾ), ഗലാബഗ്രാം (മഹാ ത്മാക്കളുടെ ഗ്രാമം), കിമ്പൂസ്, ക്ഷാനാ (പർവ്വത നിവാസികൾ) കിരാ

ദ, പുരിന്താന (മരുഭൂകള്ളന്മാർ) ഗ്രൂനാ, ബൈറൂത്ത്, പാഞ്ചാലൻ, കൗശക്, മപ്പാൻ, മഗദാൻ, ബ്രഹ്മപുത്രൻ, താമൽ പുതാൻ എന്നീ വർഗ്ഗക്കാരുടെ പ്രദേശങ്ങളിൽ കൂടി ഒഴുകുന്നു. സജ്ജനങ്ങളും ദുർജനങ്ങളും വസിക്കുന്ന ഈ നാടുകളിൽ കൂടിയെല്ലാം ഒഴുകി അത് വിന്ധ്യാ (ആനകളുടെ കേന്ദ്രം) പർവ്വത താഴ്‌വരയിൽ പ്രവേശിക്കുകയും അനന്തരം ദക്ഷിണ സമുദ്രത്തിൽ ചെന്നുപതിക്കുകയും ചെയ്യുന്നു. ഇതിന്റെ കിഴക്കെ ശാഖകളിൽ പെട്ട ലാദിനി നദി നിശവ, ഊപകാണം, ധീവറ, പ്രിശക്, നീലമുഖ് കീക്കറ, ഊസ്താ, കർണ്ണൻ, (ചുണ്ടുകൾ ചെവികൾ പോലെ മാറിയവർ) ഖിറാത, കാലീതർ, വിവർണ (കറുപ്പിന്റെ കാഠിന്യത്തിൽ മറ്റു നിറമൊന്നും ഇല്ലാത്തവർ) കുശികൻ, സ്വർഗ്ഗഭൂമി മുതലായ പ്രദേശങ്ങളിൽ കൂടി, ഒഴുകി, കിഴക്കെ സമുദ്രത്തിൽ ചെന്നു വീഴുന്നു. പാവൻ നദി, കുപതി (പാപരഹിതൻ), ഇന്ദുർദ്ധിമൻസാരൻ (ഇന്ദുർദ്ധി രാജാവിന്റെ തടാകങ്ങൾ), കർവത, വൈത്ര, സങ്കൂപൂൻ എന്നീ പ്രദേശങ്ങൾക്കു വെള്ളം നല്കുകയും ഊയാനമ്രൂർ മരുഭൂമി കടന്നു കുശ്മ്രാവർണ്ണ, ഇന്ദ്രദീപാൻ എന്നീ പ്രദേശങ്ങളിൽ കൂടി ഒഴുകി ലവണ സമുദ്രത്തിൽ ചെന്നുചേരുന്നു.

നളിനി നദി, താമ്രാണ, ഹൻസമാർഗ്ഗ, സമുഹഗ്, പൂർണ്ണ, (ഇവരെല്ലാം നല്ലവരും ശുദ്ധന്മാരുമായ ചില ഗോത്രക്കാരത്രെ) എന്നിവരുടെ ദേശങ്ങളിൽ കൂടി കടന്നു ചില മലയോരങ്ങളെ തരണം ചെയ്ത് കർണ്ണപ്രാവർണ്ണൻ (ചുമൽ വരെ ചെവിയുള്ളവർ), അശ്വക് (മൃഗമുഖമുള്ളവർ), പർവ്വതമർ (മലകളുള്ള മരുഭൂമികൾ), റൂമീമണ്ടൽ എന്നീ നാടുകളിൽ കൂടി ഒഴുകി സമുദ്രത്തിൽ ചെന്നു വീഴുന്നതും മദ്ധ്യഭൂമിയിൽ കൂടി ഒഴുകുന്നതുമായ ഏറ്റവും വലിയ നദികൾ അനൂതപദ്, ശിവ, ദിപാപ്, ത്രിദിവ, കർമു, അമ്രിത, സുക്രിത എന്നിവയാണ്.

അധ്യായം 26

# ഇന്ത്യൻ ജ്യോതി ശാസ്ത്രജ്ഞന്മാരുടെ ദൃഷ്ടിയിൽ ആകാശത്തിന്റെയും ഭൂമിയുടെയും രൂപം

ഈ വിഷയത്തിൽ ഇന്ത്യക്കാരുടെ നില നമ്മുടെതിൽനിന്നു വ്യത്യസ്തമാണ്. കാരണം, വിശുദ്ധ ഖുർആൻ ഈ വിഷയത്തെക്കുറിച്ചും മനുഷ്യ പ്രയത്നംകൊണ്ട് കരസ്ഥമാക്കാൻ കഴിവുള്ള തത്തുല്യ ശാസ്ത്രങ്ങളെക്കുറിച്ചും വിഷമകരങ്ങളായ വ്യാഖ്യാനങ്ങൾക്കു വിധേയമാകുമാറ് ഒന്നും പ്രസ്താവിച്ചിട്ടില്ല. നേരെ മറിച്ച് ഇവയെക്കുറിച്ചും മനുഷ്യർക്കാവശ്യമായ ജീവിത നിയമങ്ങളെക്കുറിച്ചും വ്യക്തമായ ഭാഷയിൽ സംസാരിക്കുകയാണു ചെയ്തത്. ചരിത്രഗ്രന്ഥങ്ങൾ പോലെ അഭിപ്രായ വ്യത്യാസമുള്ള ശാസ്ത്രീയ വിഷയങ്ങൾ ഖുർആൻ കൈകാര്യം ചെയ്തിട്ടില്ല. എന്നാൽ, ഖുർആനിന്റെ മൗലിക സിദ്ധാന്തങ്ങൾ ദുർവ്യാഖ്യാനം ചെയ്തു സാധാരണക്കാരെ തെറ്റിദ്ധരിപ്പിച്ച് അതിന്റെ ആശയത്തിനെതിരായ ചില അഭിപ്രായങ്ങളും എതിരാളികളിൽ ചിലർ പ്രചരിപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് സാധാരണക്കാർ വഞ്ചിതരാവുകയും അവയെ സ്വന്തം ജീവിതത്തിൽ പകർത്താൻ തുടങ്ങുകയും ചെയ്തു. പൊതുവിൽ പാമരജനങ്ങൾ അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും വളരെവേഗം കുടുങ്ങിപ്പോകാറുണ്ടല്ലോ. അതിനും പുറമേ ഇബ്നുൽ മുഖഫ്ഫഅ്, അബുൽ ഔജാ മകൻ അബ്ദുൽ കരീം തുടങ്ങിയ മാനീ പ്രസ്ഥാനത്തിന്റെ അനുയായികൾ പൊതുജനങ്ങളെ ഏകദൈവ വിശ്വാസത്തിൽ സംശയിപ്പിക്കുകയും ഗുണം ചെയ്യുന്നതിനും ദോഷം ചെയ്യുന്നതിനും പ്രത്യേകം ദൈവങ്ങളെ സ്ഥാപിച്ചു ദ്വൈതസിദ്ധാന്തം പഠിപ്പിക്കുകയും ചെയ്തു. ഈ പ്രസ്ഥാനത്തിന്റെ ജനയിതാവായ മാനിയുടെ ചരിത്രം അവർ പ്രചരിപ്പിക്കുകയും തദ്വാരാ അദ്ദേഹത്തോടുള്ള സ്നേഹം ജനങ്ങളിൽ വളർത്തുകയും ചെയ്തു. മാനിയുടെ അജ്ഞത തന്റെ പ്രസ്ഥാനത്തിൽ മാത്രം പരിമിതമാവാതെ ഭൂമിശാസ്ത്രപരമായ വിവരണങ്ങളിലും കടന്നുകൂടിയിട്ടുണ്ട്. ഇതും ഉപരിസൂചകമായ തെറ്റി

ദ്ധാരണകളും കാലക്രമേണ ഇസ്‌ലാമിന്റെ വിശ്വാസാചാരങ്ങളായി ദുർവ്യാഖ്യാനം ചെയ്യുകയും അവയെ എതിർക്കുകയും ഖുർആന്റെ മൗലിക സിദ്ധാന്തങ്ങളിൽ അടിയുറച്ചു വിശ്വസിക്കുകയും ചെയ്യുന്നവർ നിർമ്മതത്വവാദിയും ധിക്കാരിയും ശിക്ഷാർഹനുമാണെന്നും ഗണിക്കുകയും ചെയ്തു. മാത്രമല്ല, അയാളുടെ സംസാരം കേൾക്കാനോ എഴുത്തുകൾ വായിക്കാനോ അനുവദിക്കപ്പെട്ടിരുന്നില്ല. ദൗർഭാഗ്യകരമെന്നു പറയട്ടെ "ഞാനാണ് ദൈവവും ലോകനാഥനും" എന്ന ഫറോവാ ചക്രവർത്തിയുടെ വാദം പോലും കേൾക്കാൻ അനുവദിക്കപ്പെട്ടിരുന്ന ആ ചുറ്റുപാടിൽ ഏകദൈവ സിദ്ധാന്തം ശ്രദ്ധിക്കാൻ അനുവദിക്കപ്പെട്ടിരുന്നില്ല. ദുഷിച്ച വർഗ്ഗീയതത്വവും സങ്കുചിത മനസ്ഥിതിയും മനുഷ്യനെ കൊണ്ട് ഇതിലധികവും ചെയ്യിപ്പിച്ചു എന്നു വരും. പക്ഷേ, ദൈവം സത്യത്തിനുവേണ്ടി നിലകൊള്ളുന്നവനെ സത്യത്തിൽ ഉറപ്പിച്ചുനിർത്തുക തന്നെ ചെയ്യും.

ഇന്ത്യക്കാരുടെ പുരാണങ്ങളിലും മതഗ്രന്ഥങ്ങളിലും അവരുടെ ജ്യോതിശാസ്ത്രജ്ഞന്മാർ സത്യമാണെന്നു സമർത്ഥിച്ച പല തത്വങ്ങൾക്കും വിരുദ്ധമായ പ്രസ്താവനകൾ വന്നിട്ടുണ്ട്. പക്ഷേ, അജ്ഞരായ സാധാരണക്കാരെ ഈ ശാസ്ത്രീയ സിദ്ധാന്തങ്ങൾ ഗ്രഹിപ്പിക്കാൻ പ്രസ്തുത ശാസ്ത്രജ്ഞന്മാർക്കു കഴിയാതെ വന്നപ്പോൾ അവർ പൊതുജനങ്ങളോട് അനുഭാവം അഭിനയിച്ചു പുരാണങ്ങളിലുള്ള ശാസ്ത്രവിരുദ്ധങ്ങളായ കാര്യങ്ങളെ പുകഴ്ത്തുകയും അവ ശരിയാണെന്നു സമ്മതം മൂളുകയും ചെയ്തു. തന്മൂലം ശാസ്ത്രീയ സിദ്ധാന്തങ്ങളും മതഗ്രന്ഥങ്ങളിലുള്ള പ്രസ്താവനകളും കൂടിക്കലരുകയും ക്രമേണ ശാസ്ത്രീയമായ മൗലിക തത്വങ്ങൾ ഏതെന്നു വ്യക്തമായി മനസ്സിലാക്കാൻ പ്രയാസം നേരിടുകയും ചെയ്തു.

ഇനി ഗോളശാസ്ത്രത്തെ സംബന്ധിച്ച അവരുടെ അഭിപ്രായം ഉദ്ധരിക്കാം. ആകാശവും ഉപരിലോകവും വൃത്താകൃതിയുള്ളതാണെന്നും ഭൂമി ഗോളാകൃതിയിലുള്ളതാണെന്നും അവർ വിശ്വസിക്കുന്നു. ഭൂമിയുടെ ഉത്തരാർദ്ധം കരയും ദക്ഷിണാർദ്ധം വെള്ളവുമാണ്. ഇവരുടെ അഭിപ്രായത്തിൽ ഭൂമിയുടെ ചുറ്റളവ് ഗ്രീക്കുകാർ അഭിപ്രായപ്പെട്ടിട്ടതിനേക്കാൾ വളരെ കൂടുതലാണ്.

പുരാണങ്ങളിൽ സമുദ്രങ്ങളെയും ദ്വീപുകളെയും കുറിച്ചുള്ള വിവരണങ്ങളും അവയുടെ ചുറ്റളവായി കൊടുത്ത സംഖ്യാതീതമായ യോജനകളും സമകാലീനന്മാരായ ജ്യോതിശാസ്ത്രജ്ഞന്മാരുടെ ദൃഷ്ടിയിൽ സ്വീകാര്യമായിരുന്നില്ല. എന്നാൽ, ശാസ്ത്രവുമായി കൂട്ടിമുട്ടാത്ത വിഷയങ്ങളിൽ ഇവർ തന്നെയും പുരാണങ്ങളെ പിന്താങ്ങിയിരുന്നു. ഉദാഹരണമായി, മേരുപർവ്വതം ഉത്തര ധ്രുവത്തിനു താഴെയും വരാമുഖ് ദ്വീപ് ദക്ഷിണ ധ്രുവത്തിനു താഴെയും നിലകൊള്ളുന്നു എന്ന ഐതീഹ്യം

തന്നെ എടുക്കാം. ആ പർവ്വതം അവിടെയാണെങ്കിലും അല്ലെങ്കിലും സൂര്യന്റെ ചലനം അവിടെ ആസാകൃതിയിലാണെന്നു തെളിയിക്കലാണു പരമോദ്ദേശ്യം. ദക്ഷിണദ്വീപുകളെ കുറിച്ചുള്ള വിവരണങ്ങളും ഇതു പോലെ തന്നെ ശാസ്ത്രവുമായി എതിരില്ലാത്തവയാണ്. കാരണം, ഭൂമി യുടെ നാല് ഭാഗങ്ങളിൽ എതിരായി നിൽക്കുന്ന രണ്ടു ഭാഗം വെള്ളവും മറ്റേ രണ്ടു ഭാഗം കരയുമായിരിക്കേണ്ടതാണല്ലോ. ഭൂമി ലോകത്തിന്റെ മദ്ധ്യഭാഗത്താണെന്നും ഭാരമുള്ള വസ്തുക്കൾ അതിലേക്ക് ആകർഷി ക്കപ്പെടുന്നു എന്നും അവർ വിശ്വസിക്കുന്നു. അതിനാൽ, ആകാശം ഗോള മാണെന്ന് അവർക്ക് അഭിപ്രായം ഇല്ലാതിരിക്കാൻ തരമില്ല. ഇത്തരം വിഷയങ്ങളിൽ അവരുടെ പ്രസ്താവനകൾ നമുക്കു ലഭിച്ചത് പരിഭാഷ മുഖേന ആയതിനാൽ പേരുകളിലും പ്രയോഗങ്ങളിലും ചില പിശകു കൾ വന്നുപോയിട്ടുണ്ടാവാം. പക്ഷേ, ആശയത്തിനാണല്ലോ സ്ഥാനം കല്പിക്കേണ്ടത്.

പുൽസ് സിദ്ധാന്തത്തിൽ ഇപ്രകാരം പറയുന്നു: ഗ്രീക്കുകാരനായ പുലീസാ (Pulisa) ഒരിടത്തു ഭൂമി ഗോളാകൃതിയിലുള്ളതാണെന്നും മറ്റൊ രിടത്ത് അതു പരന്നതാണെന്നും പറയുന്നു. വാസ്തവത്തിൽ ഈ രണ്ട് അഭിപ്രായവും ശരിയാണ്. കാരണം, അതിന്റെ മുകൾപരപ്പു വട്ടത്തിലും വ്യാസം നേർരേഖ പോലെയുമാണല്ലോ. ഭൂമിയെ സംബന്ധിച്ച് അതു ഗോളാകൃതിയിലുള്ളതല്ല എന്ന് അദ്ദേഹം വിശ്വസിക്കുന്നില്ല. ഇതിന് അദ്ദേഹത്തിന്റെ പ്രസ്താവനയിൽ ധാരാളം തെളിവുകളുണ്ട്. വരാഹ മിഹിരൻ, ആര്യഭട്ടൻ, ദേവൻ, ശ്രീകണ്ഠൻ, വിഷ്ണുചന്ദ്രൻ, ബ്രഹ്മൻ തുടങ്ങിയ പണ്ഡിതന്മാർ ഭൂമി ഗോളാകൃതിയിലാണെന്നു വ്യക്തമായി പറഞ്ഞിട്ടുണ്ട്. കാരണം, ഭൂമി ഗോളാകൃതിയിലല്ലായിരുന്നെങ്കിൽ വാസ സ്ഥലങ്ങൾ തമ്മിലുള്ള അകലം അരപ്പട്ടയുടെ ആകൃതിയിലാവുകയോ ശീതോഷ്ണ കാലങ്ങളിൽ രാപ്പകലുകൾ വ്യത്യാസപ്പെടുകയോ ചെയ്യുമായിരുന്നില്ല. മാത്രമല്ല, അനുഭവങ്ങൾ കൊണ്ടു മനസ്സിലാവുന്ന നിലയിലുള്ള നക്ഷത്രങ്ങളുടെ സ്ഥിതിഗതികളോ അവയുടെ ചലന മാ ർഗങ്ങളോ ഗ്രഹിക്കാൻ സാധിക്കുമായിരുന്നില്ല.

എന്നാൽ, ഭൂമിയുടെ കിടപ്പ് ലോകത്തിന്റെ മധ്യത്തിലാണ്. അതിൽ പകുതി മണ്ണും പകുതി വെള്ളവുമാണ്. മേരു പർവ്വതം ദേവന്മാരുടെ സങ്കേതവും ഭൂമിയുടെ കരഭാഗത്തു സ്ഥിതി ചെയ്യുന്നതുമാണ്. അതിനു മുകളിലാണ് ഉത്തര ധ്രുവം. ജലഭാഗത്തു ദക്ഷിണ ധ്രുവത്തിന്റെ ചുവ ടെയായി 'വരാമുഖ' സ്ഥിതി ചെയ്യുന്നു. അതു വെള്ളത്തിനു മുകളിൽ ഉയർന്നുനിൽക്കുന്ന ഒരു ദ്വീപും മേരുപർവ്വത നിവാസികളായ ദേവന്മാ രുടെ ബന്ധുക്കളായ നാഗം, ദൈത്ത തുടങ്ങിയ വർഗക്കാരുടെ നിവാസസ്ഥാനവുമത്രെ. അതുകൊണ്ട് ഈ ദ്വീപിനു 'ദൈതാന്ത്ര' എന്നും പറഞ്ഞുവരുന്നു.

ഭൂമിയെ കരയാലും കടലായും ഭാഗിക്കുന്ന രേഖക്ക് 'നളക്ഷ' (മദ്ധ്യരേഖ) എന്നു പറയുന്നു. ഈ മദ്ധ്യരേഖയുടെ നാല് ഭാഗത്തായി നാല് വൻ പട്ടണങ്ങളുണ്ട്. കിഴക്ക് യമകൂത്തും, തെക്ക് ലങ്കയും പടിഞ്ഞാറ് റൂമകും, വടക്ക് സിദ്ധാപ്പൂരും. രണ്ട് ധ്രുവങ്ങൾക്കിടയിലായി നിലകൊള്ളുന്ന ഭൂമിയെ അച്ചുതണ്ടിന്മേൽ പിടിപ്പിച്ചിരിക്കുകയാണ്. സൂര്യൻ മേരു പർവ്വതത്തിന്റെയോ ലങ്കയുടെയോ നേർക്കുള്ള രേഖയിൽ ഉദിക്കുമ്പോൾ യമകൂത്തിലുള്ളവർക്ക് ഉച്ചസമയവും റോമുകാർക്ക് അർദ്ധ രാത്രിയും സിദ്ധാപ്പൂർകാർക്കു വൈകുന്നേരവും ആയിരിക്കും. ഇതേ പോലെത്തന്നെയാണ് ആര്യഭട്ടനും പ്രസ്താവിച്ചത്. ബ്രഹ്മഗുപ്തൻ ബ്രഹ്മസിദ്ധാന്തത്തിൽ ഇപ്രകാരം പറയുന്നു: ഭൂമിയുടെ ആകൃതിയെ കുറിച്ചു ജനങ്ങൾക്കിടയിൽ പല അഭിപ്രായങ്ങളുമുണ്ട്. വിശിഷ്യാ, പുരാണങ്ങളും മതഗ്രന്ഥങ്ങളും പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവർ പലതും പ്രസ്താവിക്കുന്നു. ഭൂമി കണ്ണാടി പോലെ സമനിരപ്പാണെന്നാണ് അവരിൽ ചിലരുടെ വാദം. മറ്റു ചിലരുടെ അഭിപ്രായത്തിൽ അതു കുഴിഞ്ഞ പിഞ്ഞാണം പോലെയാണ്. മൂന്നാമതൊരു കൂട്ടർ അതു കണ്ണാടി പോലെ പരന്നതും സമുദ്രത്താൽ ചുറ്റപ്പെട്ടതുമാണെന്നു പറയുന്നു. ആ സമുദ്രത്തെ മറ്റൊരു ഭൂമിയും ആ ഭൂമിയെ മറ്റൊരു സമുദ്രവും വലയം ചെയ്യുകയും അങ്ങനെ ഭൂമി വെള്ളത്തെയും വെള്ളം ഭൂമിയെയും ചുറ്റി നിലകൊള്ളുകയും ചെയ്യുന്നു. ചുറ്റി നിൽക്കുന്ന ഭൂമിയോ വെള്ളമോ ചുറ്റപ്പെട്ടതിന്റെ ഇരട്ടിയായിരിക്കും. അപ്രകാരം അവസാനത്തെ ഭൂമി മദ്ധ്യത്തിലുള്ള ഭൂമിയുടെ അറുപത്തി നാല് ഇരട്ടിയും അവസാന സമുദ്രം ആദ്യത്തെ സമുദ്രത്തിന്റെ അറുപത്തി നാല് ഇരട്ടിയുമായാണു നിലകൊള്ളുന്നത്. എന്നാൽ, ഉദയവും അസ്തമയവും വ്യത്യാസപ്പെടുകയും യമകൂത്തിലുള്ളവർ ഒരു നക്ഷത്രത്തെ പശ്ചിമ ചക്രവാളത്തിൽ കാണുമ്പോൾ റോമിലുള്ളവർ അതിനെ അതേ മയം കിഴക്കെ ചക്രവാളത്തിൽ കാണുകയും ചെയ്യുന്നത് ആകാശവും ഭൂമിയും ഗോളാകൃതിയിൽ ആയതുകൊണ്ടാണ്. ഇതുപോലെ, മേരുപർവ്വതത്തിലുള്ളവർ ഒരു നക്ഷത്രത്തെ ലങ്കയുടെ ഭാഗത്തുള്ള ചക്രവാളത്തിൽ കാണുമ്പോൾ അതേ നക്ഷത്രത്തെ അതേസമയം ലങ്കയിലുള്ളവർ തങ്ങളുടെ തലക്കു മുകളിൽ കാണുന്നതും ആകാശ-ഭൂമികൾ ഗോളങ്ങളാണ് എന്നതിനു വ്യക്തമായ ലക്ഷ്യമാകുന്നു. ഗോളങ്ങളാകുന്നതുകൊണ്ടല്ലാതെ ഇത്തരം പ്രത്യേകതകൾ അനുഭവപ്പെടുക സാധ്യമല്ല. അപ്പോൾ അതിനെതിരായ പ്രസ്താവനകൾ എല്ലാം തന്നെ അടിസ്ഥാന രഹിതമാണെന്നതു സ്പഷ്ടമാകുന്നു. ആര്യഭട്ടൻ ലോകത്തെ കുറിച്ച് ഇങ്ങനെ വിവരിക്കുന്നു: 'ലോകം എന്നതു ഭൂമി, വെള്ളം, അഗ്നി, വായു എന്നിവയുടെ സമ്മിശ്രമാണ്. ഇവയെല്ലാം ഗോളാകൃതിയിൽ സ്ഥിതി ചെയ്യുന്നു. വസിഷ്ഠൻ, ലാത്ത് മുതലായവരും പഞ്ച

ഭൂതങ്ങളായ ഭൂമി, വെള്ളം, തീ, അഗ്നി, വായു, ആകാശം എന്നിവ ഗോളങ്ങളാണെന്നു പറയുന്നു. വരാഹമിഹിരൻ പറയുകയാണ്: വസ്തുക്കൾ എല്ലാം തന്നെ ഗോളങ്ങളായാണ് അനുഭവപ്പെടുന്നത്. മറ്റു യാതൊരു രൂപവും അവയ്ക്ക് കാണപ്പെടുകയില്ല. ആര്യഭട്ടൻ, പൂൽസ്, വസിഷ്ഠൻ, ലാത്ത് എന്നിവർ ഐകകണ്ഠ്യേന പറയുന്നതു യമകൂത്തിൽ ഉച്ചയാകുമ്പോൾ റോമിൽ അർദ്ധ രാത്രിയും ലങ്കയിൽ പ്രഭാതവും സിദ്ധാപൂരിൽ സായാഹ്നവുമായിരിക്കും എന്നാണ്.

ഗോളാകൃതിയായാലല്ലാതെ ഇതു സാധ്യമല്ല. ഇതുപോലെ തന്നെ ഗ്രഹങ്ങളും ഗോളമായാൽ മാത്രമേ സംഭവിക്കുകയുള്ളൂ. ലാത്ത് പറയുന്നു. ഭൂമിയുടെ ഏതു ഭാഗത്തുനിന്നു നോക്കിയാലും ആകാശത്തിന്റെ അർദ്ധഭാഗം കാണാം. വടക്കോട്ടു പോകുന്തോറും മേരു പർവ്വതവും ഉത്തര ധ്രുവവും ചക്രവാളത്തിനു മീതെ ഉയർന്നു വരുന്നതും കാണാം. ഇതുപോലെ തെക്കോട്ടു പോകുംന്തോറും മേരു പർവ്വതവും ഉത്തര ധ്രുവവും ചക്രവാളത്തിനു നേരെ ഉയർന്നുയർന്നു വരുന്നതും കാണാം. ഇതുപോലെ തെക്കോട്ടു പോകുന്തോറും ഇവ രണ്ടും ചക്രവാളത്തിന് അടിയിൽ താഴ്ന്നുപോകുന്നതായും അനുഭവപ്പെടും. ഉത്തരധ്രുവത്തോട് അടുക്കുന്നതിനനുസരിച്ചു മദ്ധ്യരേഖ തെക്കോട്ടു പോയിക്കൊണ്ടിരിക്കും. വടക്കോട്ടോ തെക്കോട്ടോ പോകുന്നവൻ ആ ഭാഗത്തുള്ള ധ്രുവത്തെ അല്ലാതെ കാണുകയില്ല.

ഇതൊക്കെയാണ് ആകാശവും ഭൂമിയും അവയ്ക്കിടയിലുള്ള വസ്തുക്കളും ഗോളരൂപങ്ങളാണെന്നും ഭൂമി ലോക മദ്ധ്യത്തിലാണെന്നും അത് എല്ലാ ഗോളങ്ങളെക്കാളും ചെറുതാണെന്നുമുള്ള വാദങ്ങളെ സംബന്ധിച്ച് ഇന്ത്യക്കാർക്കുള്ള അഭിപ്രായം. മിജസ്തിയുടെ ഒന്നാം അധ്യായത്തിലും മറ്റു പുസ്തകങ്ങളിലും പ്രസ്താവിച്ച ഗോളശാസ്ത്ര തത്വങ്ങളും ഇതിനോടു സാമ്യമുള്ളതു തന്നെയാണ്. ഭൂമി വെള്ളത്തേക്കാൾ കനമുള്ളതും വെള്ളം വായുവിനെ പോലെ ഒഴുകുന്നതുമാണ്. ഭൂമിയുടെ ഗോളാകൃതി പ്രകൃത്യാ ഉള്ളതത്രെ. എന്നാലും ദൈവികമായ പരിവർത്തനങ്ങളുടെ ഫലമായി അതിൽ ചില മാറ്റങ്ങൾ വന്നുകൂടായ്കയില്ല. ഭൂമി വടക്കോട്ടു നീങ്ങുകയും വെള്ളം തെക്കോട്ട് മാറിനിൽക്കുകയും.... അങ്ങനെ പകുതിഭാഗം കരയും പകുതിഭാഗം വെള്ളവുമായി മാറിനിൽക്കുക സംഭവ്യമല്ല. എന്നാൽ, നമ്മുടെ പരിശോധനയിൽനിന്നു മനസ്സിലാവുന്നത് വടക്കുള്ള കാൽഭാഗങ്ങളിൽ ഒന്ന് കരയാണെന്നാണ്. ഇക്കാരണത്താൽ ഇതിനു നേരെ എതിരിലുള്ള കാൽ ഭാഗവും കരയാവണമെന്നു നമുക്കനുമാനിക്കാം. അതുകൊണ്ടാണ് വരാമുഖ് ദ്വീപ് ഉണ്ടാവാമെന്നു നാം സമ്മതിക്കുന്നത്.

എന്നാൽ, മദ്ധ്യരേഖ നമുക്കു പരിചമുള്ള നാലിലൊന്നിൽ കരയുടെയും സമുദ്രത്തിന്റെയും അതിർത്തിരേഖയായി നിലകൊള്ളുന്നില്ല.

കാരണം, കര ചിലപ്പോൾ സമുദ്രത്തിലേക്കു കടന്നുചെന്നു മദ്ധ്യരേഖ യുടെ അപ്പുറമെത്തുന്നു. പടിഞ്ഞാറാൻ സുഡാൻ മരുഭൂമികൾ ഇതിനുദാ ഹരണമാണ്. ഇതു സമുദ്രത്തിനുള്ളിലേക്കു കടന്നു ചന്ദ്ര പർവ്വതത്തി നും നൈൽനദിയുടെ ഉത്ഭവസ്ഥാനത്തിനും അപ്പുറമെത്തുന്നു. ആളു കൾ പ്രവേശിക്കാത്തതും പ്രവേശിക്കാൻ സാധിക്കാത്തതുമായ പ്രദേ ശമായതിനാൽ അതിനെ സംബന്ധിച്ചു ഖണ്ഡിതമായി ഒന്നും പറയാൻ സാധ്യമല്ല. അവിടെ പോയി സ്ഥിതിഗതികൾ അന്വേഷിച്ചു വന്ന കപ്പൽക്കാരോ നാവിക നേതാക്കളോ നമുക്കു വിവരം തന്നിട്ടുമില്ല. ഇപ്ര കാരം തന്നെ ഇന്ത്യയുടെ ചില ഭാഗങ്ങൾ തെക്കോട്ടു നീങ്ങി മദ്ധ്യ രേഖ കടന്നുപോകുന്നുണ്ടോ എന്നു തോന്നിപ്പോകും. അവയ്ക്കിടയി ലായി അറേബ്യയും യമനും മദ്ധ്യരേഖയിലേക്ക് എത്താത്ത നിലയിൽ കടലിലേക്കു തള്ളി നിൽക്കുന്നുണ്ട്. കര കടലിലേക്കുതള്ളി നിൽക്കു ന്നതുപോലെ കടൽ കരയിലേക്കും ചിലപ്പോൾ തള്ളി നിൽക്കുന്നതായി കാണാം. അങ്ങനെ കരയിൽ ചെറുതും വലുതുമായ ഉൾക്കടലുകൾ ഉണ്ടായിത്തീരുന്നു. ഉദാഹരണമായി, അറബിക്കടലിൽനിന്ന് അറേബ്യ യുടെ പടിഞ്ഞാറു ഭാഗത്തേക്കായി തള്ളിനിൽക്കുന്നതും ഖൽസം എന്ന സ്ഥലത്ത് നന്നേ വീതി കുറഞ്ഞതും അതിനാൽ ഖൽസം സമുദ്രം എന്ന പേരിലറിയപ്പെടുന്നതുമായ ഒരു സമുദ്രവും അറേബ്യയുടെ കിഴക്കു ഭാഗത്ത് വടക്കോട്ടു തള്ളിനിൽക്കുന്ന പേർഷ്യൻ ഉൾക്കടലും എടുക്കാം. ഇന്ത്യയുടെയും ചൈനയുടെയും പല ഭാഗങ്ങളിലായി ഇതുപോലുള്ള പ്രദേശങ്ങൾ ധാരാളമുണ്ട്. അങ്ങനെ കരയുടെ ഭാഗങ്ങൾ ചിലയിടത്ത് മദ്ധ്യരേഖയിലേക്ക് കടന്നുചെല്ലുന്നു. മറ്റു ചിലയിടങ്ങളിൽ മദ്ധ്യരേഖ എത്താതെയുമാണ് നിലകൊള്ളുന്നത്. നാല് പ്രധാന പട്ടണങ്ങളെക്കുറി ച്ചുള്ള വിവരണം പിന്നീട് വരുന്നതാണ്. ഭൂമി ഗോളാകൃതിയിലുള്ളതും ലോകമദ്ധ്യത്തിൽ സ്ഥിതിചെയ്യുന്നതുമായതിനാലും ഭാരമുള്ള വസ്തു ക്കൾ അതിലേക്കാകർഷിക്കുന്നതുകൊണ്ടുമാണ് അതിൽ ആളുകൾ വസിക്കുന്നത്. വായുപുരാണത്തിൽ ഏതാണ്ടിപ്രകാരം തന്നെ പറ ഞ്ഞിരിക്കുന്നു. അമരാവതിയിൽ മദ്ധ്യാഹ്നമാകുമ്പോൾ ദേവസൂത്തിൽ പ്രഭാതവും സുഖായിൽ അർദ്ധരാത്രിയും വീബഹായിൽ സായാഹ്നവും ആയിരിക്കും. മത്സ്യപുരാണത്തിൽ മേരു പർവ്വതത്തിന്റെ കിഴക്കു ഭാഗ ത്തായി അമ്രാവത്പൂർ എന്ന പേരിൽ ഒരു പട്ടണം നിലകൊള്ളുന്നു ണ്ടെന്നും അതു ദേവേന്ദ്രന്റെ നാടായിരുന്നുവെന്നും അദ്ദേഹത്തിന്റെ ഭാര്യ അവിടെയാണ് താമസിച്ചിരുന്നതെന്നും പറയുന്നു. അതിനു തെക്കു ഭാഗത്തായി സഞ്ചിമാൻപൂർ എന്ന ഒരു പട്ടണമുണ്ട്. അവിടെയാണ് സൂര്യ പുത്രനായ യമൻ നിവസിക്കുന്നതും ജനങ്ങൾക്കു രക്ഷാശിക്ഷാ നൽകു ന്നതും. അതിന്റെ പടിഞ്ഞാറു ഭാഗത്തായി സുഖാപൂർ പട്ടണം സ്ഥിതി ചെയ്യുന്നു. അതിൽ വരുണൻ, (വെള്ളം) ഉണ്ട്. വടക്കുഭാഗത്തായി വി

ഭാവനാപൂർ നിൽക്കുന്നു. സൂര്യനും മറ്റു നക്ഷത്രങ്ങളും മേരുപർവ്വത ത്തിന്റെ ചുറ്റും സഞ്ചരിക്കുന്നു. സൂര്യൻ അമ്രാവത്പൂരിൽ മദ്ധ്യാഹ്ന ത്തിലെത്തുമ്പോൾ സഞ്ചിമാൻപൂരിൽ പ്രഭാതവും, സുഖായിൽ അർദ്ധരാത്രിയും വിഭാവനാപൂരിൽ സായാഹ്നവുമായിരിക്കും. സഞ്ചിമാൻ പൂരിൽ ഉച്ചസമയമാകുമ്പോൾ സിഖായിൽ ഉദയവും അമ്രാവത്പൂരിൽ അസ്തമയവും വിഭാവനാപൂരിൽ അർദ്ധ രാത്രിയുമാണ്. ഇപ്പോൾ സൂര്യൻ മേരു പർവ്വതത്തിനുചുറ്റും തിരിയുന്നുവെന്നതിന്റെ അർത്ഥം അത് ആസാകൃതിയിൽ തിരിയുന്നുവെന്നാണ്. അവിടെ സൂര്യനു പ്രത്യേ കമായ ഉദയസ്ഥലമോ അസ്ഥമയസ്ഥലമോ ഇല്ല. പ്രത്യേകമായ ഒരു സ്ഥലത്തു നിന്നല്ല ഉദിക്കുന്നത്; അതിനു വിവിധ സ്ഥലങ്ങളുണ്ട്. ഏതെ ങ്കിലും ഒരു രാജ്യത്തിന്റെ ഊർദ്ധ്വഭാഗത്തിനു കിഴക്കെന്നും മറു ഭാഗ ത്തിനു പടിഞ്ഞാറെന്നും പറഞ്ഞുവരുന്നു. അവരുടെ ജ്യോത്സ്യന്മാർ പറഞ്ഞ നാലു പട്ടണങ്ങൾ മേൽ പ്രസ്ഥാവിച്ചവയാവാം. പക്ഷേ, ആ പർവ്വതത്തിന്റെയും അവയുടെയും ഇടയ്ക്കുള്ള ദൂരം വ്യക്തമാക്കിയി ട്ടില്ല. അവരുടെയതായി മേലുദ്ധരിച്ചതെല്ലാം യഥാർത്ഥ തെളിവുകളു ള്ളതാണ്. ധ്രുവത്തെ പറ്റി പറയുമ്പോൾ മേരു പർവ്വതത്തെ പറ്റി പറ യുക അവരുടെ പതിവാകുന്നു. അതിന്റെ കീഴ്ഭാഗത്തെ സംബന്ധിച്ചു നാം വിശ്വസിക്കുന്നതുപോലെ അതു ലോക മദ്ധ്യം എന്നുതന്നെയാണ് അവരും വിശ്വസിക്കുന്നത്. പക്ഷേ, തദ്വിഷയകമായി അവരുടെ പ്രതി പാദന രീതി അവ്യക്തമാണ്. വിശേഷിച്ചും മഹാന്മാരായ തത്വചിന്തക ന്മാർ മാത്രം കൈകാര്യം ചെയ്യേണ്ട വിഷയങ്ങളിൽ ഒന്നാണല്ലോ ഇത്.


ബ്രഹ്മഗുപ്തൻ ഇങ്ങനെ പ്രസ്താവിക്കുന്നു: പണ്ഡിതന്മാർ ഭൂമി ഗോളമാണെന്നും അത് ആകാശത്തിന്റെ മദ്ധ്യത്തിൽ സ്ഥിതി ചെയ്യുക യാണെന്നും പറയുന്നുണ്ട്. ഭൂമിയിലുള്ള മേരുപർവ്വതം ദേവാന്മാരുടെയും അതിനു കീഴ്ഭാഗത്തു സ്ഥിതിചെയ്യുന്ന 'വരാമുഖ്' ദേവ ശത്രുക്കളായ 'ദൈത്ത, ദാനവ' എന്നിവരുടെയും വാസസ്ഥലങ്ങളാണ്. ഇതുകൊണ്ടു പദവിയിൽ താഴെ എന്നായിരിക്കും അവർ ഉദ്ദേശിച്ചത്. കാരണം, ഭൂമി യിലുള്ള എല്ലാ ഭാഗവും ഒരേ നിലയിലാണ്. അതിന്മേൽ നിൽക്കുന്ന വർ എവിടെയാണെങ്കിലും മേൽപോട്ട് ഉയർന്നു നിൽക്കുന്നു. ഭാരമുള്ള സാധനങ്ങളെല്ലാം ഭൂമിയിലേക്ക് ആകർഷിക്കപ്പെടുന്നു. വെള്ളത്തിന്റെ സ്വഭാവം ഒഴുകലും അഗ്നിയുടേത് കരിക്കലും കാറ്റിന്റേതു ചലിപ്പിക്കലും ഭൂമിയുടേയതു ഭാരമുള്ള സാധനത്തെ ആകർഷിച്ചു പിടിച്ചുനിർത്തലു മാണ്. ഇനി ആരെങ്കിലും ഒരു വസ്തു ഭൂമിയെയും വിട്ട് താഴോട്ട് നീങ്ങ ണമെന്നുദ്ദേശിച്ചാൽ അതു സാദ്ധ്യമല്ല. കാരണം, ഭൂമി തന്നെയാണ് ഏറ്റവും താഴ്ന്നു കിടക്കുന്നത്. വിത്തുകൾ വിതക്കുമ്പോൾ ഭൂമിയിലേക്ക് ഇറങ്ങിപ്പോകുന്നു എന്നല്ലാതെ അതിൽനിന്നു കയറിപ്പോകുന്നില്ല.

വരാഹമിഹിരൻ പറയുകയാണ്: പർവ്വതങ്ങൾ, സമുദ്രങ്ങൾ നദി

കൾ, മരങ്ങൾ, പട്ടണങ്ങൾ, മനുഷ്യർ, ദേവന്മാർ എന്നിവയെല്ലാം ഭൂഗോളത്തിനു ചുറ്റും സ്ഥിതി ചെയ്യുകയാണ്. യമകൂത്തും അതിന്റെ എതിർ വശത്തുള്ള റോമും ഒന്ന് മറ്റേതിന്റെ താഴെയാണെന്നു പറയാൻ നിവൃത്തിയില്ല. കാരണം, ഒരോന്നിന്റെയും നില മറ്റേതു പോലെ തന്നെയാണ്. ഇതിൽ ഒന്നും തന്നെ മറിഞ്ഞുവീഴാൻ പോകുന്നില്ല. ഓരോന്നും മുകളിലേക്കു ഗതിയായി നേരെ ഉയർന്നുനിൽക്കുകയാണ്. കദംബ വൃക്ഷത്തിന്റെ കൊമ്പുകൾ പൂക്കളാൽ ആവരണം ചെയ്യപ്പെടുന്നതു പോലെ ഭൂഗോളം ജനങ്ങളാൽ ആവരം ചെയ്യപ്പെട്ടിരിക്കുകയാണ്. ഓരോരുത്തരും അവരവരുടെ സ്ഥാനങ്ങളിൽ മറ്റുള്ളവരിൽനിന്നു യാതൊരു വ്യത്യാസവും കൂടാതെ സ്ഥിതി ചെയ്യുന്നു. കാരണം, ഭൂമിയുടെ എല്ലാ ഭാഗവും താഴ്ന്നതും ആകാശം അതിന്റെയെല്ലാം മേൽ ഭാഗത്തുമാണ്. അപ്പോൾ ഇന്ത്യക്കാരുടെ ഈ വിഷയത്തിലുള്ള പ്രസ്താവനകൾ ഗോള ശാസ്ത്രത്തെ കുറിച്ചുള്ള ശരിയായ പാണ്ഡിത്യത്തിൽ നിന്നുത്ഭവിച്ചതാണെന്നു മനസ്സിലാക്കാം. എന്നിരുന്നാലും ഇതിഹാസങ്ങളുടെയും മത നിയമങ്ങളുടെയും അനുയായികളെ പ്രീതിപ്പെടുത്താനായി അവർ പല യിടത്തും ശ്രമിച്ചതായി കാണാം.

വ്യഖ്യാതാവായ ബലഭദ്രൻ പറയുന്നു: “ഭൂഗോളത്തെ സംബന്ധിച്ച് അഭിപ്രായങ്ങൾ വളരെ അധികം ഉണ്ടെങ്കിലും അതിൽ ഏറ്റവും ശരിയായതു ഭൂമിയും മേരുപർവ്വതവും രാശിമണ്ഡലങ്ങളും ഗോളാകൃതിയിലാണെന്നതാണ്. പുരാണങ്ങളിൽ വിശ്വസിക്കുന്നവരിൽ ചിലർ ഭൂമി ആമയുടെ പുറംഭാഗം പേലെയും താഴ്ഭാഗം ഗോളാകൃതിയാത്തതുമാണെന്നു പറയുന്നു. അവരുടെ ഈ അഭിപ്രായം ശരിയെന്നാണു ബലഭദ്രൻ പറയുന്നത്. കാരണം, ഭൂമി വെള്ളത്തിന്റെ മദ്ധ്യത്തിലും പ്രത്യക്ഷമായ ഭൂഭാഗം ആമയുടെ പുറംപോലെയുമാണ്. ഭൂമിയെ വലയം ചെയ്ത സമുദ്രം ഗതാഗത യോഗ്യമല്ലാത്തതാണത്രെ. എന്നാൽ, രാശി മണ്ഡലങ്ങൾ ഗോളാകൃതിയിലാണെന്ന് അനുഭവത്തിൽനിന്നു മനസ്സിലാക്കാം. അദ്ദേഹം ഭൂമിയുടെ മുകൾതട്ടു ഗോളാകൃതിയിലാണെന്നു സമ്മതിക്കുകയും അടിത്തട്ടു ഗോളാകൃതിയിലല്ലെന്നു പറഞ്ഞതിനെ കുറിച്ചു മൗനം ദീക്ഷിക്കുകയും ചെയ്ത്കൊണ്ട് അതുമായി ബന്ധമില്ലാത്ത മറ്റു കാര്യങ്ങൾ വിശകലനം ചെയ്യാൻ തുടങ്ങിയത് അത്ഭുതകരം തന്നെ. മനുഷ്യദൃഷ്ടിക്ക് അയ്യായിരം യോജന വരുന്ന ഗോളാകൃതിയിലുള്ള ഭൂമിയിൽ നിന്ന് 1/96 ഭാഗം (അമ്പത്തിരണ്ട് യോജന) മാത്രമേ കാണാൻ കഴിയുകയുള്ളൂ എന്നും അതിനാൽ ഭൂമി വൃത്താകൃതിയിലാണെന്നു മനസ്സിലാക്കാൻ സാധ്യമല്ലെന്നും അദ്ദേഹം പറയുന്നു. തദ്വിഷയികമായി അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാവാനുള്ള കാരണവും അതുതന്നെ. പ്രസ്തുത പുരാണകർത്താക്കൾ ഭൂമിയുടെ മുകൾഭാഗം ഗോളാകൃതിയാലാണെന്നതിനെ നിഷേധിച്ചിട്ടില്ല എന്നു

മാത്രമല്ല ആമയുടെ പുറംകൊണ്ട് ഉദാഹരണം നല്കി സ്ഥിരപ്പെടത്തുകയാണ് ചെയ്തത്. അവർ പറഞ്ഞതിന്റെ അർത്ഥം വെള്ളം ഭൂമിയെ ചുറ്റിക്കിടക്കുന്നുവെന്നാണെന്നും മറ്റും പറഞ്ഞു ബലഭദ്രനാണ് യഥാർത്ഥത്തിൽ അതിനെ നിഷേധിച്ചത്. വെള്ളത്തിൽനിന്നു പൊന്തിനിൽക്കുന്നതു ഗോളാകൃതിയിലും തല തിരിച്ചുപിടിച്ച് തലച്ചോർ പോലെ പരന്നതു മാകാം. എന്നാൽ, ഭൂമി വട്ടത്തിലാണെന്നു കണ്ട് മനസ്സിലാക്കാൻ കഴിയാത്തത് മനുഷ്യന്റെ ഉയരക്കുറവുകൊണ്ടാണെന്നു പറയുന്നത് ശരിയല്ല. കാരണം, ഒരു മനുഷ്യന് ഏറ്റവും വലിയ പർവ്വതശിഖരത്തിന്റെ അത്രയും ഉയരമുണ്ടാവുകയും യന്ത്രങ്ങളൊന്നും ഉപയോഗിക്കാതെ സൂക്ഷ്മദൃഷ്ടിയോടെ നോക്കുകയും ചെയ്യുകയാണെങ്കിൽ തന്നെ ഭൂമി വൃത്താകൃതിയിലാണെന്നു മനസ്സിലാക്കാൻ സാധിക്കുകയില്ല. അപ്പോൾ ഈ പ്രസ്താവനക്കു പുരാണകർത്താക്കളുടെ അഭിപ്രായവുമായി എന്തു ബന്ധമാണുള്ളത്? അദ്ദേഹം ഭൂമിയുടെ മുകൾത്തട്ടുപോലെ തന്നെ അതിന്റെ അടിത്തട്ടും പരന്നതാണെന്നു പറഞ്ഞിരുന്നുവെങ്കിൽ അത് ബുദ്ധിപൂർവ്വവും ഉപകാരപ്രദവും ആയിരുന്നേനെ. ഇനി ഭൂമിയിൽനിന്ന് ഒരു മനുഷ്യനു കാണാൻ കഴിയുന്ന ദൂരം കണക്കാക്കി നോക്കുന്നതിനായി നമുക്ക് ശ്രമിക്കാം.




AB ഭൂഗോളമാണെന്നും C അതിന്റെ മദ്ധ്യവും ആണെന്നും കരുതുക. Bയിൽ നിന്നുകൊണ്ട് ഒരാൾ നോക്കുന്നുവെന്നും അനുമാനിക്കുക. BD, നോക്കുന്ന ആളുടെ ഉയരമാണെന്നും കരുതുക. ഇനി Dയിൽ നിന്നു A യിലേക്ക് നേർവര നീട്ടുക അപ്പോൾ കാണുന്ന ഭാഗം BA യാണ്. ഇത് 1/96 ആണെന്നും കരുതുക. ഇപ്പോഴത് മൂന്നുറ്റി അറുപതിന്റെ മൂന്നേമുക്കാൽ ഭാഗമാണ്. മേരു പർവ്വത അദ്ധ്യായത്തിൽ വിവരിച്ചതുപോലെ, AE യുടെ ചതുരം (50625) EC യിൽ (3431)ൽ ഹരിക്കുക. അപ്പോൾ ED കിട്ടും; അത് BD ആളുടെ ഉയരമായിരിക്കും. കാരണം, CBയിൽ അർദ്ധവ്യാസവും തൊണ്ണൂറിന്റെ വൃത്താംശ ലംബരേഖ(3438)യുമാണ്. പക്ഷേ,

ഭൂമിയുടെ അർദ്ധവ്യാസം അതിന്റെ വട്ടത്തിനനുസരിച്ച് എഴുനൂറ്റി തൊണ്ണൂറ്റി അഞ്ച് ആണ് ആണ്. അപ്പോൾ BD ഒരു യോജനയും ആറ് ക്രോശവും 1035 മുഴവും ആയിരിക്കും. BD എന്നതു നാല് മുഴമാണെന്നു കണക്കാക്കിയാൽ പൂർണ്ണവൃത്താംശ ലംബാരേഖയായ AE യുമായി അതിന്റെ ബന്ധം നോക്കുന്ന ആളുടെ നീളമായ 57035 നോട് AE യ്ക്കുള്ള ബന്ധത്തിനു തുല്ല്യമാണ്. അതിനെ നാം എടുത്താൽ AD യും അതിന്റെ വൃത്താംശലംബരേഖയും അത്രതന്നെ ആയിരിക്കും. പക്ഷേ, അദ്ദേഹം പറഞ്ഞതനുസരിച്ചു ഭൂമിയുടെ ഒരു ഡിഗ്രി പതിമൂന്ന് യോജനയും ഏഴ് ക്രൂഹും 333 1/3 മുഴവും ആണ്. അപ്പോൾ ഭൂമിയിൽ നിന്നു ദൃഷ്ടിയിൽ പെടുന്ന ഭാഗം ഇരുനൂറ്റി തോണ്ണൂറ്റി ഒന്ന് 2/3 മുഴമാണ്.

പുലിസാ സിദ്ധാന്തത്തെ ആസ്പതമാക്കി ബലഭദ്രൻ പറയുന്നത് ഇപ്രകാരമാണ്: വൃത്തത്തിന്റെ കാലിന്റെ വൃത്താംശ ലംബരേഖ ഇരുപത്തിനാല് കർദ് ആയി ഭാഗിക്കപ്പെട്ടിരിക്കുന്നു. ഇതിനെ കുറിച്ച് അന്വേഷിക്കുന്നവൻ ഒരു കർദ് ഒരു വൃത്തത്തിന്റെ 1/96 ആണെന്നും അതിന്റെ വൃത്താംശ ലംബരേഖ 225 ദഖീഖഃ (ഒരു ദഖീഖഃ = 1/60 ഡിഗ്രി) ആണെന്നും മനസ്സിലാക്കണം. വൃത്തവും വൃത്താംശ ലംബരേഖയും ഒരു കർദിൽ താഴെ വരുമ്പോൾ തുല്ല്യമായിരിക്കുമെന്നാണ് അറിയുന്നത്. പുലിസന്റെയും ആര്യഭട്ടന്റെയും അഭിപ്രായത്തിൽ മുഴുവൻ വൃത്താംശ ലംബരേഖ വ്യാസത്തിനു മുന്നൂറ്റി അറുപതുമായുള്ള ബന്ധത്തോട് തുല്ല്യമാണെന്നു വന്നപ്പോൾ അതിൽനിന്നു ബലഭദ്രൻ ഊഹിച്ചതു വൃത്തം നേർവരയാണെന്നും, കുണ്ടും കുഴിയും മറ്റ് തടസ്സങ്ങളൊന്നും ഇല്ലാതിരുന്നെങ്കിൽ അതു മുഴുവനും കാണാമായിരുന്നുവെന്നുമാണ്. ഇതു വലിയ വിടവാണ്. കാരണം, വൃത്തം ഒരിക്കലും നേർവരയാകുകയില്ല. വൃത്താംശ ലംബരേഖ എത്ര ചെറുതായിരുന്നാലും വൃത്തത്തോടു തുല്ല്യമാകുന്നതുമല്ല. എന്നാൽ, പ്രയോഗത്തിനു വേണ്ടി ചില ഭാഗങ്ങളിൽ അങ്ങനെ കണക്കാക്കുന്നുവെന്നേയുള്ളൂ. ഭൂമിയെ കുറിച്ചു പുലിസന്റെ അഭിപ്രായം അച്ചുതണ്ടാണ് അതിനെ പിടിച്ചു നിർത്തുന്നത് എന്നാണല്ലോ. അതിന്റെ അർത്ഥം ഭുമിക്കു യഥാർത്ഥത്തിൽ അതിനെ പിടിച്ചുനിർത്തുന്ന ഒരു അച്ചുതണ്ടുണ്ട് എന്നോ അതില്ലെങ്കിൽ അതു വീണുപോകും എന്നോ അല്ല. എന്തെന്നാൽ, ഭൂമിയുടെ ചുറ്റും ജനവാസമുള്ള നാലു പട്ടണങ്ങളുള്ളതായി അദ്ദേഹം സമ്മതിക്കുന്നുണ്ട്. അതുകൊണ്ടു ഭാരമുള്ള ഏതൊരു സാധനവും ഏതു ഭാഗത്തുനിന്നും ഭൂമിയിലേക്ക് ആകർഷിക്കപ്പെടുന്നു എന്നാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഗോളത്തിന്റെ മുകളിലുള്ള സാധനങ്ങളുടെ ചലനം കേന്ദ്രബിന്ദു ചലിക്കാതിരിക്കാനുള്ള കാരണമാണ്. ഒരു ഗോളം രണ്ട് ധ്രുവത്തിന്മേൽ ആയിരിക്കും തിരിയുക. അവ രണ്ടിനുമിടക്കുള്ള

തായി സങ്കല്പിക്കപ്പെടുന്നതാണ് അച്ചുതണ്ട്. അദ്ദേഹം പറഞ്ഞതിന്റെ ആശയം ഏതാണ്ടിങ്ങനെയാണ്: ആകാശത്തിന്റെ ചലനം ഭൂമിയെ അതിന്റെ സ്ഥാനത്ത് ഉറപ്പിച്ചുനിർത്തുകയും അവിടെനിന്നു തെറ്റാൻ കഴിയാത്ത ഒരു സ്വഭാവം അതിനുണ്ടാക്കുകയും ചെയ്യുന്നു. ഭൂമി പ്രസ്തുത ചലനത്തിന്റെ അച്ചുതണ്ടിന്മേലും അതിന്റെ മദ്ധ്യത്തിലുമാണ്. ഒരു ഗോളത്തിന്റെ എല്ലാ വ്യാസവും അതിന്റെ അച്ചുതണ്ടായി കരുതാവുന്നതാണല്ലോ. ഭൂമി നിശ്ചലമാണെന്നതു ഗോളശാസ്ത്രത്തിലെ വിഷമകരമായ വ്യവഹാരങ്ങളിൽ ഒന്നാണ്. ഈ അഭിപ്രായക്കാരും അവരിലുണ്ട്.

ബ്രഹ്മഗുപ്തൻ 'ബ്രഹ്മസിദ്ധാന്ത'ത്തിൽ പറയുകയാണ്: "ഭൂമിയുടെ ചലനംകൊണ്ടാണ് രാപ്പകലുകൾ ഉണ്ടാകുന്നതെന്ന് വാദിക്കുന്ന ചിലരുണ്ട്." അവരെ വരാഹമിഹിരൻ ഇപ്രകാരം ഖണ്ഡിക്കുന്നു: "ചലനം ഭൂമിയുടേതാണെങ്കിൽ ഒരു പക്ഷിക്കു പടിഞ്ഞാറോട്ടു പറന്ന് അതിന്റെ കൂട്ടിൽ എത്തിച്ചേരാൻ സാധിക്കുകയില്ല." ഇതു വളരെ ശരിയായ അഭിപ്രായമാകുന്നു. മറ്റൊരിടത്തു ബ്രഹ്മഗുപ്തൻ ഇപ്രകാരം പറയുന്നു: "ആര്യഭട്ടന്റെ അനുയായികൾ പറയുന്നു ഭൂമി ചലിക്കുന്നതും ആകാശം നിശ്ചലവുമാണെന്ന്. ഈ അഭിപ്രായത്തെ ഖണ്ഡിച്ചു ഭൂമി തിരിയുകയാണെങ്കിൽ കല്ലുകളും മരങ്ങളും എല്ലാം മറിഞ്ഞുവിഴേണ്ടിവരും എന്നു പറഞ്ഞതിനെ ബ്രഹ്മഗുപ്തൻ ഇഷ്ടപ്പെടുന്നില്ല. അവ അങ്ങനെ മറിഞ്ഞുവീഴണമെന്നില്ല എന്നാണ് അദ്ദേഹം പറയുന്നത്. ഭാരമുള്ള ഏതു സാധനവും ഭൂമിയുടെ കേന്ദ്രത്തിലേക്ക് ആകർഷിക്കപ്പെടുന്നു എന്ന തത്വത്തെ അടിസ്ഥാനപ്പെടുത്തിയായവണം അദ്ദേഹം അങ്ങനെ പറഞ്ഞത്. വീണ്ടും അദ്ദേഹം പറയുന്നു:

അങ്ങനെയാണെങ്കിൽ ആകാശത്തിന്റെ ദഖീഖഃ (വിനാഴികകളും കാലപ്രാണങ്ങളും (ശ്വാസങ്ങൾ) തുല്യമാവുകയില്ല. ഇവിടെ പരിഭാഷയിൽ എന്തോ തെറ്റുപറ്റിയതായി തോന്നുന്നു. കാരണം, ആകാശത്തിന്റെ ദഖീഖകൾ 2,16,000 ആണ്. അവയ്ക്ക് പ്രാണങ്ങൾ (ശ്വാസങ്ങൾ) എന്നു പറയുന്നു.) മദ്ധ്യരേഖയുടെ ഓരോ ദഖീഖഃയും മനുഷ്യശ്വാസത്തിന്റെയത്രയും സമയംകൊണ്ടാണത്രെ തിരിയുന്നത്. ഈ അഭിപ്രായം ശരിയാണെന്നു തന്നെയാണ് ഞാനും കരുതുന്നത്. ഇത്രയും ശ്വാസങ്ങളുടെ സമയംകൊണ്ടാണ് ഭൂമി കിഴക്കോട്ട് ഒരു ചുറ്റൽ പൂർത്തിയാക്കുന്നതെന്നും ഇതുതന്നെയാണ് ഒരു മുഴുച്ചുറ്റലിനുള്ള ആകാശത്തിന്റെയും പൂർണ്ണസമയം എന്നും വരുമ്പോൾ ആകാശം തിരിയുന്നതുപോലെ തന്നെയാണു ഭൂമിയും തിരിയുന്നത് എന്നു പറയുന്നതിൽ എന്താണു വിരോധം? ഭൂമി തിരിയുന്നു എന്നു പറയുന്നതിൽ ഭൂഗോളശാസ്ത്രത്തിന്റെ യാതൊരു തത്വങ്ങളോടും എതിരാകുന്നില്ല താനും. ഭൂമി തിരിയുന്നില്ല എന്നു പറയുന്നതു ചില പ്രത്യേക നിലയും പരിഗണനയും

വെച്ചുകൊണ്ടാണ്. അതിനാലത്രെ ഇതു ഗോളശാസ്ത്രത്തിലെ ഏറ്റവും വലിയ വിഷമ പ്രശ്നങ്ങളിലൊന്നായത്. ആധുനിക കാലത്തെ പല മഹാ പണ്ഡിതന്മാരും ഈ അഭിപ്രായം സ്ഥാപിക്കുന്നതിലും ഖണ്ഡിക്കുന്നതിലും വ്യാപൃതരായിരിക്കുന്നു. താത്വികമായി ഈ വിഷയത്തെ കുറിച്ചു നാം 'മിഫ്താഹുൽ ഇൽമിൽ ഹൈഅഃ' എന്ന ഗ്രന്ഥത്തിൽ വേണ്ടത്ര വിവരിച്ചിട്ടുണ്ട്.

അധ്യായം 27

# ഗോളങ്ങളുടെ രണ്ട് തരത്തിലുള്ള ചലനങ്ങൾ ഇന്ത്യൻ ജ്യോതി ശാസ്ത്രജ്ഞരുടെയും പുരാണ കർത്താക്കളുടെയും അഭിപ്രായത്തിൽ

ഇന്ത്യയിലെ ജ്യോത്സ്യന്മാർ പ്രസ്തുത വിഷയത്തിൽ ഏറെക്കുറേ നമ്മോടു യോജിക്കുന്നുണ്ട്. ഈ വിഷയത്തിൽ അവരുടെ അഭിപ്രായങ്ങൾ ആദ്യമായി ഉദ്ധരിക്കാം. അവരുടെ അഭിപ്രായങ്ങളിൽ ചുരുക്കം ചിലതു മാത്രമേ  നമുക്കു ലഭിച്ചിട്ടുള്ളൂ. പുൽസ് പറയുകയാണ്. നിശ്ചലങ്ങളായ നക്ഷത്രങ്ങൾ സ്ഥിതിചെയ്യുന്ന ആകാശത്തെ തിരിക്കുന്നതു കാറ്റും അതിനെ പരിരക്ഷിക്കുന്നതു രണ്ട് ധ്രുവങ്ങളുമാകുന്നു. അതിന്റെ പടിഞ്ഞാറു ഭാഗത്തുള്ള ചലനം മേരു പർവ്വത നിവാസികളുടെ ദൃഷ്ടിയിൽ ഇടത്തുനിന്നു വലത്തോട്ടും 'വരാമുഖി' നിവാസികളുടെ ദഷ്ടിയിൽ വലത്തുനിന്ന് ഇടത്തോട്ടുമാണ്. അദ്ദേഹം മറ്റൊരിടത്ത് ഇങ്ങനെ പറയുന്നു: "നക്ഷത്രങ്ങളുടെ ചലനം കിഴക്കുനിന്നു പടിഞ്ഞാറോട്ട് ആവാനുള്ള കാരണത്തെ സംബന്ധിച്ച് ആരെങ്കിലും അന്വേഷിക്കുകയാണെങ്കിൽ അയാൾ ഇങ്ങനെ മനസ്സിലാക്കേണ്ടതാണ്. നക്ഷത്രങ്ങളുടെ പടിഞ്ഞാറുഭാഗത്തേക്കുള്ള ചലനം വിവിധ സ്ഥലങ്ങളിൽ താമസിക്കുന്നവരുടെ അനുഭവമനുസരിച്ചു വ്യത്യാസപ്പെട്ടുകൊണ്ടിരിക്കും. 'മേരു' പർവ്വത നിവാസികൾക്ക് അവ ഇടത്തുനിന്നു വലത്തോട്ടും 'പരാമുഖ' ദ്വീപുകാർക്കു വലത്തുനിന്ന് ഇടത്തോട്ടും മദ്ധ്യരേഖാ നിവാസികൾക്ക് നേരെ പടിഞ്ഞാറോട്ടും ഇവയുടെ എല്ലാം മദ്ധ്യത്തിൽ നിവസിക്കുന്നവർക്ക് അവയുടെ മദ്ധ്യരേഖയുമായുള്ള ദൂരമനുസരിച്ചു വ്യത്യാസപ്പെട്ടും ആയിരിക്കും. ഈ ചലനം മൊത്തത്തിൽ ആകാശങ്ങളെ ചുറ്റുന്ന കാറ്റിൽനിന്ന് ഉത്ഭവിക്കുന്നതാണ്. ഈ കാറ്റാണു നക്ഷത്രങ്ങളെ കിഴക്കുനിന്ന് ഉദിച്ചു പടിഞ്ഞാറ് അസ്തമിക്കാൻ പ്രേരിപ്പിക്കുന്നത്. എന്നാൽ, നക്ഷത്രങ്ങളുടെ സ്വയംചലനം കിഴക്കോട്ടാണ്. അഥവാ, അശ്വതിയിൽനിന്നു ഭരണിയുടെ ഭാഗത്തേക്ക്. കാരണം, ഭരണി അശ്വതിയുടെ

കിഴക്കുഭാഗത്താണ്. ചന്ദ്രന്റെ ഞാറ്റുവേലകളും അതിന്റെ ചലനരൂപവും അറിയാത്തവർ ചന്ദ്രനും സൂര്യനുമായുള്ള അടുപ്പവും അകൽച്ചയും ഗ്രഹിക്കുമ്പോൾ അവർക്കു കാര്യം പൂർണ്ണമായി മനസ്സിലാവുകയും നക്ഷത്രങ്ങളുടെ സ്വയം ചലനം കിഴക്കോട്ടാണെന്നു ബോധ്യപ്പെടുകയും ചെയ്യും.

ബ്രഹ്മഗുപ്തൻ പറയുന്നു: "ആകാശം സൃഷ്ടിക്കപ്പെട്ടതു രണ്ട് ധ്രുവത്തിന്മേൽ വളരെ വേഗതയിൽ ചലിക്കുന്ന രൂപത്തിലാണ്. ഈ ചലനത്തിനു വേഗതക്കുറവോ ക്ഷീണമോ സംഭവിക്കുകയില്ല. 'മഹാവിഷുപദത്തി'ലാണു നക്ഷത്രങ്ങൾ സൃഷ്ടിക്കപ്പെട്ടത്."

ബലഭദ്രൻ പറയുന്നതിങ്ങനെയാണ്: "ലോകം മുഴുവൻ രണ്ട് ധ്രുവങ്ങളോടു ബന്ധിതവും വൃത്തത്തിൽ ചലിക്കുന്നതുമാണ്. അതു 'കല്പ'യിൽ നിന്നാംരഭിച്ചു 'കല്പ'യിൽ തന്നെ മടങ്ങി എത്തുന്നു. എങ്കിലും തുടർച്ചയായ ചലനത്തിനാൽ ലോകത്തിന് ആരംഭമോ അവസാനമോ ഇല്ലെന്നു പറഞ്ഞുകൂടാ.

ബ്രഹ്മഗുപ്തൻ വീണ്ടും പറയുന്നു: 'മദ്ധ്യരേഖ' അറുപതു ഘടികമായാണ് ഭാഗിക്കപ്പെട്ടത്. ഇതു മേരുവിലുള്ളവരുടെ ചക്രവാളമാണ്. അവിടെ കിഴക്ക് പടിഞ്ഞാറായി മാറുന്നു. ഇതിന്റെ എതിർഭാഗത്തായി തെക്കോട്ടു നീങ്ങി 'വരാമുഖ്' സ്ഥിതി ചെയ്യുന്നു. അതിനെ സമുദ്രം വലയം ചെയ്യുന്നുവത്രെ. ആകാശവും നക്ഷത്രങ്ങളും ചുറ്റിത്തിരിഞ്ഞാൽ മദ്ധ്യരേഖ ദേവന്മാരുടെയും 'ദൈത്യു'കളുടെയും മിശ്രചക്രവാളമാകുന്നതും ഇരുകൂട്ടർക്കും ഇരുഭാഗത്തുനിന്നുമായി അതു കാണാൻ സാധിക്കുന്നതുമാണ്. പക്ഷേ, ചലനഗതി ഇരുകൂട്ടർക്കും വിപരീതമായിരിക്കും. ദേവന്മാർ വലത്തോട്ടു ചലിക്കുന്നതായി കാണുന്നത് ദൈത്യുക്കൾ ഇടത്തോട്ടു ചലിക്കുന്നതായാണു കാണുക. വലതുഭാഗത്തുള്ള ഒരു വസ്തുവിനെ വെള്ളത്തിൽകൂടി നോക്കിയാൽ ഇടതുഭാഗത്തായി കാണുന്നതുപോലെയാണ് ഇതിന്റെ നില. കൃത്യമായ ഈ ചലനത്തിനു കാരണം നമുക്കനുഭവപ്പെടാത്ത ഒരു തരം പ്രത്യേക സ്വഭാവത്തോടു കൂടിയ കാറ്റാകുന്നു. നമുക്കനുഭവമാകുന്ന കാറ്റ് ചലിക്കുകയും നിലക്കുകയും വിവിധ ഭാഗങ്ങളിലേക്കു നീങ്ങുകയും ചെയ്യുന്നു. മറ്റേത് ഒരിക്കലും നിശ്ചലമാവുകയില്ല.

അദ്ദേഹം മറ്റൊരിടത്തു പറയുകയാണ്: "ചലിക്കുന്നതും നിശ്ചലവുമായ എല്ലാ നക്ഷത്രങ്ങളെയും പടിഞ്ഞാറുഭാഗത്തേക്കു തിരിക്കുന്നതു കാറ്റാണ്. എന്നാൽ, ചലിക്കുന്ന നക്ഷത്രങ്ങൾക്കു കിഴക്കോട്ടായി വേഗതയില്ലാത്ത ഒരുതരം ചലനമുണ്ട്. തിരിയുന്ന പമ്പരത്തിന്മേൽ അതിന്റെ ചലനഗതിക്കെതിരായി സാവധാനത്തിൽ ചലിക്കുന്ന ഒരു അണുപോലെയാണ് അവയുടെ ചലനം. അപ്പോൾ അവയുടെ സ്വയം ചലനം കാണാൻ പ്രായാസം നേരിടുമല്ലോ? ഈ വസ്തുത 'ലാത്തൂ',

ആര്യഭട്ടൻ, വസിഷ്ഠൻ മുതലായവർ ഐകകണ്ഠ്യേന സമ്മതിച്ചിട്ടുണ്ട്. ഭൂമിയാണു ചലിക്കുന്നത്, ആകാശം നിശ്ചലമായി നിൽക്കുന്നു എന്നഭിപ്രായപ്പെടുന്ന കുറച്ചാളുകൾ മാത്രമേ ഇതിനെതിരുള്ളൂ. കിഴക്കുനിന്നു പടിഞ്ഞാറുഭാഗത്തോട്ടുള്ള ചലനം ദേവന്മാർ ഇടത്തുനിന്നു വലത്തോട്ടും ദൈത്യുക്കൾ വലത്തുനിന്ന് ഇടത്തോട്ടുമായാണു കാണുന്നത്. ഇതെല്ലാം അവരുടെ പുസ്തകങ്ങൾ പാരായണം ചെയ്യാൻ കഴിഞ്ഞതിൽനിന്ന് എനിക്ക് ഗ്രഹിക്കാൻ കഴിഞ്ഞ വസ്തുതകളാണ്. എന്നാൽ, ചലനകാരണമായി അവർ പറയുന്ന ഈ കാറ്റ് കാര്യം മനസ്സിലാക്കാനുള്ള ഒരു സൗകര്യത്തിനായി മാത്രം കൊണ്ടുവരപ്പെട്ടതാണെന്നാണ് ഞാൻ ഊഹിക്കുന്നത്. ചിറകുകളുള്ള സാധനങ്ങളെ കാറ്റാണല്ലോ ചലിപ്പിക്കുന്നത്. ഈ കാറ്റിനെ കുറിച്ചു പറയുമ്പോൾ സാധാരണ കാറ്റിന്റെ വിവിധ ഭാഗങ്ങളിലേക്ക് അടിക്കുക തുടങ്ങിയ സ്വഭാവങ്ങൾ അതിനില്ല എന്നവർ പറയാറുണ്ട്. കാരണം, ഈ കാറ്റ് സാധനങ്ങളെ ചലിപ്പിക്കുമെങ്കിലും അപ്രകാരം ചെയ്യുന്നത് അതിന്റെ സ്വന്തം ശക്തികൊണ്ടോ മറ്റൊന്നിനെ സ്പർശിക്കാതെയോ അല്ല. എന്തെന്നാൽ, ഇതു പദാർത്ഥമാണ്; ചലനത്തിനു ബാഹ്യമായ കാരണങ്ങളും വേണ്ടിയിരിക്കുന്നു. അതുകൊണ്ടാണു പ്രസ്തുത കാറ്റിനു മറ്റു കാറ്റുകൾ പോലെ നിശ്ചലമായിരിക്കുക, വിവിധ ഭാഗങ്ങളിലേക്കു ചലിക്കുക, വേഗതക്കുറവ് മുതലായ സ്വഭാവങ്ങൾ ഇല്ലെന്നു പറയുന്നത്. ധാതുക്കൾ മാത്രമേ വിവിധ സ്വാഭാവങ്ങൾ കാണിക്കുകയുള്ളൂ.

എന്നാൽ, രണ്ടു ധ്രുവങ്ങൾ ആകാശങ്ങളെ സംരക്ഷിക്കുന്നു എന്നു പറഞ്ഞതിന്റെ സാരം വ്യവസ്ഥയെ സംരക്ഷിക്കുന്നുവെന്നാണ്. വീണുപോകുന്നതിൽനിന്നു സംരക്ഷിക്കുക എന്നല്ല. പൗരാണികരായ ചില ഗ്രീക്ക് തത്വചിന്തകന്മാരുടെ അഭിപ്രായപ്രകാരം 'ശുഭ്രകാശം' ഒരുകാലത്തു സൂര്യന്റെ മാർഗ്ഗമായിരുന്നു. കാലക്രമത്തിൽ അതു സൂര്യനിൽനിന്ന് അകന്നതാണത്രെ. ഈ മാറ്റം ധ്രുവ സംരക്ഷണത്തിന്റെ അധീനതയിൽ ലോകവ്യവസ്ഥയോടു യോജിച്ചുണ്ടായതാണ്. എന്നാൽ, ബലഭദ്രൻ ഈ ചലനം നിർണ്ണയിക്കാൻ കഴിയുമെന്നു പറഞ്ഞതിന്റെ താത്പര്യം ഇതുവരെ സംഭവിച്ച ചലനങ്ങളെ നിർണ്ണയിക്കാൻ കഴിയുമെന്നു മാത്രമാണ്. കാരണം, എണ്ണം എന്നത് ഒന്നും അതിന്റ ഇരട്ടികളും കൂടിച്ചേരുന്നതാണല്ലോ. അതു ചലനം വഴി ഉണ്ടാകുന്നുവെന്നതിൽ സംശയമില്ല. പകലുകളുടെയും രാത്രികളുടെയും എണ്ണം ലോകം നിലനിൽക്കുന്നിടത്തോളം കാലം അടിക്കടി വർദ്ധിച്ചുകൊണ്ടിരിക്കുകയാണെങ്കിലും അവയ്ക്ക് ഒരു ആരംഭമുണ്ട്. എന്നാൽ, ഇപ്രകാരം ആകാശത്തിലുണ്ടാകുന്നതിനെ ഒരാൾ നിഷേധിക്കുകയാണെങ്കിൽ രാവും പകലും ഭൂമിയിൽ മാത്രമേ ഉണ്ടാവുകയുള്ളൂ എന്നും ലോകമദ്ധ്യത്തിൽനിന്നു ഭൂമിയെ നീക്കംചെയ്തു എന്ന് അനുമാനിച്ചാൽ പിന്നെ രാവും പകവും

തീരേ ഉണ്ടാവുകയില്ലെന്നും സമ്മതിക്കേണ്ടിവരുന്നതാണ്.

ബലഭദ്രൻ മദ്ധ്യരേഖയുടെ ചലനകാരണം പറയാതെ നക്ഷത്രങ്ങൾക്കുള്ള ചലനത്തിന്റെ കാരണങ്ങളാണു പറഞ്ഞത്. അവ ആകാശത്തെയാണ്, ഭൂമിയെ അല്ല ചലനത്തിന് ആധാരമാക്കിയത്. നക്ഷത്രങ്ങളുടെ സ്വയംചലനം 'കല്പ'യിൽനിന്നു തുടങ്ങി അവിടെത്തന്നെ അവസാനിക്കുന്നു എന്ന് അദ്ദേഹം പറയുന്നു. എന്നാൽ, ബ്രഹ്മഗുപ്തൻ മദ്ധ്യരേഖ അറുപതായി ഭാഗിക്കപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞതു  നമ്മുടെ ജ്യോത്സ്യന്മാർ അത് ഇരുപത്തിനാലായി ഭാഗിക്കപ്പെട്ടിരിക്കുന്നു എന്നു പറയുന്നതിനു തുല്ല്യമാണ്. നാം ഇരുപത്തിനാല് മണിക്കൂർ എന്നു പറയുമ്പോൾ ഇന്ത്യക്കാർ അറുപത് ഘടികം എന്നു പറയുന്നു. അതിനാലത്രെ അവർ രാശികളുടെ ഉദയങ്ങൾ 'ഘടികങ്ങൾ'ക്കൊണ്ടു കണക്കാക്കുന്നത്. എന്നാൽ, അദ്ദേഹം നിശ്ചലങ്ങളായ നക്ഷത്രങ്ങളെയും ചലിക്കുന്ന നക്ഷത്രങ്ങളെയും നിയന്ത്രിക്കുന്നതു കാറ്റാണ് എന്നു പറഞ്ഞതും പിന്നീടു ചലനമുള്ള നക്ഷത്രങ്ങൾ മാത്രം സാവധാനം കിഴക്കോട്ടു നിങ്ങൂന്നുവെന്നു പറഞ്ഞതും തെറ്റിദ്ധാരണയുണ്ടാക്കുന്ന പ്രസ്താവനകളാണ്. 'നിശ്ചലങ്ങൾ' എന്നറിയപ്പെടുന്ന നക്ഷത്രങ്ങൾക്കു തീരേ ചലനമില്ല എന്നാണല്ലോ ഈ പ്രസ്താവന വ്യക്തമാക്കുന്നത്. എന്നാൽ, ഇവ ചലിക്കുന്ന നക്ഷത്രങ്ങളെപ്പോലെത്തന്നെ കിഴക്കോട്ടു സാവാധാനം സഞ്ചരിക്കുന്നുണ്ട്. തീരേ വേഗതയില്ലെന്നു മാത്രം. വേഗത കുറയുന്നതുകൊണ്ടും ചിലതു ചിലപ്പോൾ പിന്നോട്ടു ചലിക്കുന്നതു കൊണ്ടും അവയുടെ ചലനം വ്യക്തമാകാതിരുന്നേക്കാം. പുരാതന തത്വചിന്തകന്മാരിൽ ചിലർ വളരെ കാലകത്തിനു ശഷമാണ് ഇവയുടെ ചലനം കണ്ടുപിടിച്ചത്. നക്ഷത്രങ്ങളുടെ ചലനത്തെക്കുറിച്ചു പ്രതിപാദിച്ച ചില ഗ്രന്ഥങ്ങളിൽ ഇവയുടെ ചലനത്തെ പറ്റി ഒന്നും പറയാതിരുന്നതും ഇവയുടെ ആവിർഭാവവും തിരോധാനവും സൂര്യനുമായുള്ള അടുപ്പവും അകലവും കൊണ്ടാണെന്നുമുള്ള പ്രസ്താവനയും അവ തീരേ ചലിക്കുന്നില്ല എന്ന ഊഹത്തെ ശക്തിപ്പെടുത്തുന്നു. എന്നാൽ, മദ്ധ്യരേഖയുടെ ദക്ഷിണേതര ചലനവും ഉത്തരേതര ചലനവും മദ്ധ്യരേഖാ വാസികൾക്ക് അനുഭവപ്പെടുകയില്ല എന്ന് അദ്ദേഹം സമർത്ഥിച്ചതു രണ്ടു ധ്രുവങ്ങളുടെയും താഴ്ഭാഗത്തു താമസിക്കുന്നവർക്ക് ഏതു ഭാഗത്തേക്കു തിരിഞ്ഞാലും ചലിക്കുന്ന നക്ഷത്രങ്ങളെ കാണാൻ സാധിക്കുന്നുവെന്നതുകൊണ്ടാണ്. ഏതെങ്കിലും ഒരു ഭാഗത്തുനിന്നു തുടങ്ങി മറ്റൊരു ഭാഗത്തേക്കു ചലിക്കുന്നതായാണ് അവർക്കനുഭവപ്പെടുന്നത്. കണ്ണാടിയിലും വെള്ളത്തിലും വസ്തുക്കളുടെ വലതുഭാഗം ഇടതുഭാഗമായും ഇടതുഭാഗം വലതുഭാഗമായും കാണുന്നതുപോലെയാണു ധ്രുവനിവാസികൾക്കു വലത്തുനിന്ന് ഇടത്തോട്ടായി തോന്നുന്ന ചലനം മറ്റേ ധ്രുവനിവാസികൾക്ക് ഇടത്തുനിന്നു വലത്തോട്ടായി തോന്നുന്നതാണ്. ഇത

ുപോലെ, മദ്ധ്യരേഖയുടെ ഇടത്തും വലത്തും നിവസിക്കുന്നവർ നക്ഷത്രങ്ങൾ ഇടത്തോട്ടും വലത്തോട്ടും ചലിക്കുന്നതായി കാണുന്നു. അപ്പോൾ മേരുപർവ്വത നിവാസികളുടെയും വരാമുഖ നിവാസികളുടെയും ദൃഷ്ടിയിൽ ചലനങ്ങൾ വ്യത്യാസപ്പെട്ടു തോന്നുന്നതുപോലെ തന്നെ ധ്രുവ നിവാസികൾക്കും വ്യത്യാസപ്പെട്ട നിലയിലാവും അനുഭവപ്പെടുന്നത്. എന്നാൽ, മദ്ധ്യരേഖാ നിവാസികൾക്കു നക്ഷത്രങ്ങളുടെ ചലനം തലയുടെ നേരേയാവും. ഇടത്തോട്ടും വലത്തോട്ടും ആയിരിക്കില്ല. സൂക്ഷ്മമായി പരിശോധിച്ചാൽ അല്പം തെക്കുഭാഗത്തേക്കും വടക്കുഭാഗത്തേക്കുമായി നക്ഷത്രങ്ങൾ ചലിക്കുന്നതായി അവർക്ക് അനുഭവപ്പെടുന്നതാണ്. നേരെ മുകളിൽ കൂടി ചലിക്കുന്ന നക്ഷത്രങ്ങൾ മാത്രമാണ് തെക്കോട്ടും വടക്കോട്ടും ചലിക്കുന്നത് എന്ന പ്രസ്താവനകൊണ്ട് ബ്രഹ്മഗുപ്തൻ ഉദ്ദേശിക്കുന്നത്.

പുരാണകർത്താക്കളുടെ പ്രസ്താവനകളിൽ ആകാശത്തെ ഒരു ഗോപുരമായും ഭൂമിയെ നിശ്ചലമായും നക്ഷത്രങ്ങളെ സ്വയം കിഴക്കുനിന്നു പടിഞ്ഞാറുഭാഗത്തേക്ക് ചലിക്കുന്നവയുമായാണ് വിവരിച്ചത്. അപ്പോൾ നക്ഷത്രങ്ങളുടെ കിഴക്കോട്ടുള്ള ചലനത്തെ സംബന്ധിച്ച് അവർക്ക് ഒരു പിടിയും കിട്ടിയിട്ടില്ലെന്നു വ്യക്തമാവുന്നു. ഒരു വസ്തു അതിന്റെ സ്വയം ചലനംകൊണ്ട് രണ്ടു ഭാഗത്തേക്കു നീങ്ങുക എന്നത് അസാദ്ധ്യമല്ലല്ലോ. തദ്വിഷയകമായി ബന്ധമുള്ള പുരാണങ്ങളുടെ ചില ഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കാം:

മച്ചു(മത്സ്യ) പുരാണത്തിൽ ഇങ്ങനെ പറയുന്നു: സൂര്യനും നക്ഷത്രങ്ങളും വളരെ വേഗതയിൽ തെക്കോട്ടു ചലിക്കുന്നു. അവ മേരു പർവ്വതത്തെ ചുറ്റുകയും ചെയ്യുന്നു. ഒരറ്റം കത്തുന്ന മരക്കഷ്ണത്തിന്റെ രൂപത്തിലാണു സൂര്യന്റെ ചലനം. അതു വേഗത്തിൽ വട്ടത്തിൽ തിരിച്ചാൽ ഉണ്ടാകുന്ന രൂപമത്രെ സൂര്യചലനംകൊണ്ട് കാണികൾക്ക് അനുഭവപ്പെടുന്നത്. സൂര്യനു സ്വയമേവ അസ്തമയമില്ല. നേരെ മറിച്ചു പ്രസ്തുത പർവ്വതത്തിന്റെ നാലു ഭാഗവുമുള്ള പൂർവ്വാക്തനഗരങ്ങളിലെ ചില നിവാസികൾക്കു ചില മുൻപറഞ്ഞ തടസ്സങ്ങളാൽ അവ കാഴ്ചയിൽനിന്നു മറയുന്നുവെന്നേ ഉള്ളൂ. സൂര്യൻ ആ പർവ്വതത്തിനു ചുറ്റും ലോകാലോക പർവ്വതത്തിന്റെ വടക്കുവശമായി ചലിക്കുന്നു. ഈ പർവ്വതത്തിന്റെ തെക്കുഭാഗത്തു സൂര്യപ്രകാശം എത്തുകയും സൂര്യൻ അതിന്റെ വടക്കുഭാഗത്ത് എത്തുകയോ സൂര്യൻ അതിന്റെ അപ്പുറത്തേക്കു കടന്നുപോകുകയോ ചെയ്യുന്നില്ല. രാത്രി സൂര്യനെ കാണാതിരിക്കുന്നത് അത് അകന്നുപോകുന്നതുകൊണ്ടാണ്. ആയിരം യോജന അകലെയുള്ള സാധനങ്ങൾ അവന്റെ ദൃഷ്ടിയിൽ പെടാതെയും പോകുന്നു. ആയിരം യോജന അകലെ വസ്തുക്കൾ തന്റെ ദൃഷ്ടിയിൽ മനുഷ്യനു ഗോചരമാകുമ്പോൾ വളരെ അടുത്തുള്ള ചില ചെറിയ സാധന

ങ്ങൾ അവന്റെ ദൃഷ്ടിയിൽ പെടാതെ പോകുന്നു. സൂര്യൻ പുഷ്ക്കർ ദ്വീപിനു നേരെ വരുമ്പോൾ 3/5 മണിക്കൂറിൽ ഭൂമിയുടെ 1/30 ദൂരം ചലിക്കുന്നു. ഈ ദൂരം ഇരുപത്തിഒന്ന് ലക്ഷത്തി അമ്പതിനായിരം യോജന ആയിരിക്കും. പിന്നെ വടക്കോട്ടു ചായുമ്പോൾ അതിന്റെ ഗതി മുമ്പത്തെതിന്റെ മൂന്നിരട്ടി ആവുകയും പകൽ വലുതാവുകയും ചെയ്യുന്നു. സൂര്യൻ ദക്ഷിണായനത്തിലാവുമ്പോൾ ഒമ്പതുകോടി പതിനായിരത്തി നാൽപത്തി അഞ്ച് യോജനയും ഉത്തരായനത്തിലാവുകയും ക്ഷീരസമുദ്രത്തിലൂടെ സഞ്ചരിക്കുകയും ചെയ്യുമ്പോൾ ഒരു ദിവസം മൂന്നു കോടി ഇരുപത്തിഒന്ന് ലക്ഷം യോജനയും ആകും. ഈ പ്രസ്താവനകളെല്ലാം വിരുദ്ധവും വിശ്വാസയോഗ്യമല്ലാത്തതും ആണ്. കാരണം, നക്ഷത്രങ്ങളുടെ ചലനത്തെ കുറിച്ചു പറയുന്നത് അമ്പുപോലെ വളരെ വേഗത്തിൽ പോകുന്നുവെന്നാണല്ലോ? സാധാരണക്കാരനു മനസ്സിലാക്കാൻ വേണ്ടി ഇങ്ങനെ പറഞ്ഞതാണെങ്കിൽ തന്നെയും സൂര്യന്റെ ചലനം തെക്കോട്ടു മാത്രം കൂടുതലാവാൻ കാരണമില്ല. ഉത്തരധ്രുവമാണ് ലോകത്തിന്റെ ഏറ്റവും ഉയർന്ന ഭാഗമെന്നും തെക്കേ ഭാഗം ഏറ്റവും താഴെയുള്ള ഭാഗമാണെന്നും നക്ഷത്രങ്ങൾ ഉത്തരധ്രുവത്തിലേക്കു ചുറ്റിക്കയറുകയാണെന്നുമുള്ള പുരാണ വിശ്വാസത്തിനു തെളിവാണ് മേൽ പ്രസ്താവിച്ചത്. ഈ ചലനംകൊണ്ട് നക്ഷത്രങ്ങളുടെ സ്വയം ചലനമാണ് ഉദ്ദേശിക്കുന്നതെങ്കിൽ അതു തെറ്റാണ്. കാരണം, സ്വയം ചലനംകൊണ്ട് നക്ഷത്രങ്ങൾ മേരുപർവ്വതത്തെ ചുറ്റുന്നില്ല. അതിന്റെ ചക്രവാളത്തിൽനിന്ന് ഏതാണ്ട് ഒരു മുഴുവൻ ചുറ്റിന്റെ 1/12 ഡിഗ്രി ചരിഞ്ഞാണ് പ്രസ്തുത നക്ഷത്രങ്ങൾ ചലിക്കുന്നത്. സൂര്യനുദാഹരണമായി അതിൽ പറഞ്ഞത് 'ഒരറ്റം കത്തുന്ന ഒരു മരക്കഷ്ണം പോലെ' എന്നാണല്ലോ. ഒരു വൃത്തമുണ്ടാക്കുന്നുവെന്നു മാത്രമാണ് അതുകൊണ്ട് ഉദ്ദേശിക്കുന്നതെങ്കിൽ കത്തുന്ന മരക്കഷ്ണം എന്നു പറഞ്ഞതിൽ പ്രത്യേക അർത്ഥമൊന്നുമില്ല. കല്ലുകെട്ടിയ ഒരു നൂല് ചുറ്റിയാലും ഇത്തരത്തിലുള്ള ഒരു വൃത്തമുണ്ടാക്കാൻ സാധിക്കുമല്ലോ. ചിലർക്ക് സൂര്യനുദിക്കുമ്പോൾ മറ്റു ചിലർക്ക് സൂര്യൻ അസ്തമിക്കുന്നു എന്നു പറഞ്ഞതു മേൽ പറഞ്ഞ അടിസ്ഥാനത്തിലല്ലെങ്കിലും ഏറെക്കുറേ ശരിയാണ്. ലോകാലോക് പർവ്വതത്തെക്കുറിച്ച് അതിന്റെ ജനവാസകേന്ദ്രമായ വടക്കൻ പ്രദേശങ്ങളിൽ സൂര്യരശ്മി എത്തുമെന്നും തെക്കുഭാഗമായ ശൂന്യപ്രദേശത്തു സൂര്യപ്രകാശം എത്തുകയില്ലെന്നുമുള്ള വിശ്വാസത്തെക്കുറിച്ചു വിവരിച്ചതു പ്രസ്തുത വിശ്വാസം തെറ്റാണെന്നതിനു തെളിവാകുന്നു. രാത്രിയിൽ സൂര്യനെ കാണാതിരിക്കുന്നത് അത് അകന്നതുകൊണ്ടല്ല. ഭൂമി അതിനെ മറച്ചതുകൊണ്ടു മാത്രമാണ്. ഭൂമി അല്ല മേരു പർവ്വതമാണു മറക്കുന്നതെന്നും സൂര്യന്റെ ചലനമാർഗ്ഗം ആ പർവ്വതത്തിന്റെ ചുറ്റുമാണെന്നും പൗരാണികർ കണക്കാക്കിയിരുന്നു.

എന്നാൽ, മേൽകൊടുത്ത സംഖ്യകൾ തെറ്റാണെന്നാണു ഞാൻ മനസ്സിലാക്കുന്നത്. വടക്കുഭാഗത്തു സൂര്യനുള്ള ചലനം തെക്ക് ഭാഗത്തു ള്ളതിന്റെ മൂന്നിരട്ടിയാണെന്നാണല്ലോ പൗരാണികർ പറയുന്നത്. പകൽ ദീർഘമാകാനും ചുരുങ്ങാനുമുള്ള കാരണം അതാണത്രെ. വാസ്തവ ത്തിൽ, രാവും പകലും കൂട്ടിനോക്കിയാൽ എപ്പോഴും സമമായിരിക്കും. അപ്പോൾ അവർ പറഞ്ഞതിന്റെ ഉദ്ദേശ്യം നാൽപത്തി അഞ്ച് നാഴിക വരെനീളമുള്ള ഉഷ്ണകാലത്തെ പകലും പതിനഞ്ച് നാഴിക മാത്രമുള്ള ശീതകാലത്തെ പകലുമായിരിക്കും. വടക്കുഭാഗത്തു സൂര്യനു വേഗത കൂടുമെന്നതിനു പ്രത്യേക കാരണം  പറയേണ്ടിയിരിക്കുന്നു. അതാ യത്, വടക്ക് സൂര്യൻ വേഗത്തിൽ ചലിക്കുന്നുണ്ടെങ്കിൽ അവിടത്തെ സൂര്യന്റെ ചലന മാർഗ്ഗങ്ങൾ ഇടുങ്ങിപ്പോകുന്നതാണ്. എന്തെന്നാൽ അവ യെല്ലാം ധ്രുവവുമായി വളരെ അടുത്താണല്ലോ സ്ഥിതിചെയ്യുന്നത്. തെക്കുഭാഗത്തെ ചലനരേഖകൾ മദ്ധ്യരേഖയുമായി അടുത്തതിനാൽ വിശാലമാകുകയും ചെയ്യേണ്ടിവരും. കുറഞ്ഞ ദൂരം വളരെ വേഗത്തിൽ സൂര്യൻ ചലിക്കുകയാണെങ്കിൽ കാലം കുറയുകയും അധികദൂരം ചലി ക്കുകയാണെങ്കിൽ കാലം കൂടുകയുമാണല്ലോ വേണ്ടത്. എന്നാൽ, ഇവിടെ കാലം കുറഞ്ഞതായാണ് ഈ വിവരണത്തിൽനിന്നു മനസ്സി ലാകുന്നത്. പുഷ്ക്കർ ദ്വീപിൽകൂടി സൂര്യൻ ചലിക്കുന്നുവെന്നു പറ ഞ്ഞതിന്റെ ഉദ്ദേശ്യം ഉത്തരായന രേഖയിൽ കൂടി സൂര്യൻ ചലിക്കുന്നു വെന്നാണ്. അവിടെ പകൽ കൂടുതൽ ഉണ്ടായിരിക്കുകയും ചെയ്യും. അങ്ങനെ മൊത്തത്തിൽ പറയുകയാണെങ്കിൽ പ്രസ്തുത പ്രസ്താവ നകളെല്ലാം തന്നെ അവ്യക്തമാണ്.

വായുപുരാണത്തിൽ ഇങ്ങനെ പറയുന്നു: "സൂര്യൻ ദക്ഷിണായന ത്തിൽ ആയിരിക്കുമ്പോൾ പകൽ പന്ത്രണ്ട് മുഹൂർത്തങ്ങളും ഉത്തരാ യനത്തിലായിരിക്കുമ്പൾ പതിനെട്ട് മുഹൂർത്തങ്ങളും ഉണ്ടായിരിക്കുന്ന താണ്. സൂര്യൻ ദക്ഷിണായനത്തിന്റെയും ഉത്തരായണത്തിന്റെയും ഇട യിൽ നൂറ്റി എൺപത്തി മൂന്ന് ദിവസങ്ങളിലായി 17,221 യോജന ദൂരം സഞ്ചരിക്കുന്നു. അപ്പോൾ ഒരു ദിവസം തൊണ്ണൂറ്റി നാല് യോജന വീതം തെറ്റുന്നതാണ്. ഒരു മൂഹൂർത്തം ഒരു മണിക്കൂറിന്റെ 4/5 ആണ്. ഇതു ബാധിക്കുന്നത് ഏറ്റവും ദീർഘിച്ച പകൽ 14 *2/5 മണിക്കൂർ വരുന്നത്ര ദൂരത്തിൽ നിവസിക്കുന്നവരെയാണ്. മേൽപറഞ്ഞ യോജനകൾ സൂര്യൻ മദ്ധ്യരേഖയിൽനിന്നു തെറ്റുന്ന അവസരത്തിൽ ഉണ്ടാകുന്ന ഇരുപത്തി നാല് ഡിഗ്രിയുടെ ഇരട്ടിയാണ്. അപ്പോൾ ആകാശത്തിലെ വൃത്തം 129,157*1/2 യോജനാകാനും സൂര്യനും മദ്ധ്യരേഖക്കും തമ്മിലുള്ള ഏറ്റവും വലിയ ദൂരത്തിന്റെ ഇരട്ടി സഞ്ചരിക്കുന്നതിനു സൂര്യന് ആറു മാസം വേണ്ടിവരികയും ചെയ്യുന്നു. വായുപുരാണത്തിൽ ഇങ്ങനെ കാണാം: "സൂര്യൻ ഉത്തരായനത്തിലാകുമ്പോൾ പകൽ സാവധാന

ത്തിലും ദക്ഷിണായനത്തിലാവുമ്പോൾ സഞ്ചാരം അതിനു വിപരീത വുമാണ്. അതുകൊണ്ടാണത്രെ ഉത്തരായനകാലത്ത് പകലിന്റെ ദൈർഘ്യം പതിനെട്ട് മുഹൂർത്തം വരുന്നത്." കിഴക്കോട്ടുള്ള ഗതിയെ കുറിച്ച് ഒന്നും മനസ്സിലാക്കാത്തവരുടെയും പകൽ സൂര്യൻ സഞ്ചരിക്കുന്ന വൃത്തശകലം നോക്കി കണക്കാക്കാൻ കഴിയാത്തവരുടെയും പ്രസ്താവനകളാണിത്.

'വിഷ്ണുധർമ്മ'ത്തിൽ ഇങ്ങനെ പറയുന്നു: "ധ്രുവ നക്ഷത്രങ്ങളുടെ സഞ്ചാരരേഖ ധ്രുവത്തോടു തൊട്ടാണ്. അതിന്റെ അടുത്തായി സുഹൈൽ (ശനി) ഗ്രഹം ചലിക്കുന്നു. പിന്നീട് മുശ്തരി (വ്യാഴം) ഗ്രഹവും അതിനു തൊട്ട് മിരീഖ് (ചൊവ്വ), ശംസ് (സൂര്യൻ), സുഹ്റാ (ശുക്രൻ), അതാരിദ് (ബുധൻ), ഖമർ (ചന്ദ്രൻ) എന്നീ ഗ്രഹങ്ങളും ചലിച്ചുകൊണ്ടിരിക്കുന്നു. ഇവ കിഴക്കുഭാഗത്തേക്ക് ആസിന്റെ ആകൃതിയിലാണ് തിരിയുന്നത്. ചിലതു വേഗതയുള്ളതും മറ്റുചിലതു വേഗതകുറഞ്ഞതുമാണെന്നു മാത്രം. മുൻകാലങ്ങളിൽ ആയിരമായിരം പ്രാവശ്യം ഇവയ്ക്കു ജനനവും മരണവും സംഭവിച്ചിട്ടുണ്ട്." സൂക്ഷ്മമായി പരിശോധിക്കുകയാണെങ്കിൽ ഈ പ്രസ്താവന തെറ്റാണെന്നു മനസ്സിലാക്കാം. കാരണം, ധ്രുവം ഏറ്റവും ഉയർന്ന ഭാഗമാണെന്നു വരുമ്പോൾ ധ്രുവനക്ഷത്രങ്ങൾ മേരു നിവാസികളുടെ തലക്കു താഴെ ആയിരിക്കുന്നതാണ്. ഇതദ്ദേഹം പറഞ്ഞതു വാസ്തവമാണെങ്കിലും ചലനഗ്രഹങ്ങളെ കുറിച്ചു പറഞ്ഞത് അബദ്ധമാണ്. അവിടെ 'താഴെ' എന്നുപയോഗിച്ചതു ഭൂമിയുമായുള്ള അടുപ്പവും ദൂരവും കണക്കാക്കിയാണ്. അതു ശരിയാണെന്നു വരുമ്പോൾ മദ്ധ്യരേഖയുമായി ഏറ്റവും അകന്നതു ശനി ഗ്രഹവും പിന്നെ വ്യാഴഗ്രഹവും ആണെന്നു വരും. അങ്ങനെ ഓരോന്നും മറ്റേതിന്റെ അടുത്തായി മദ്ധ്യരേഖയുമായി ദൂരം കുറഞ്ഞു കുറഞ്ഞുവരുന്നുവെന്നുമാകും. എന്നാൽ, വാസ്തവം അങ്ങനെയല്ല. നിശ്ചല നക്ഷത്രങ്ങൾ ചലനഗ്രഹങ്ങൾക്കു മീതെയാണല്ലോ സ്ഥിതി ചെയ്യുന്നത്. ധ്രുവം അതിന്റെ മേലെ വരുന്നില്ല. ആസിന്റെ ആകൃതിയിലുള്ള ഈ ചുറ്റൽ മദ്ധ്യരേഖയിലുള്ള പടിഞ്ഞാറു ഭാഗത്തേക്കാണു സംഭവിക്കുന്നത് എന്നല്ലാതെ സ്വയം ചലനം കൊണ്ടല്ല. പ്രസ്തുത പുരാണമനുസരിച്ചു നക്ഷത്രങ്ങൾ ഉന്നത പദവി കരസ്ഥമാക്കിയ മഹാത്മാക്കളത്രെ. ഭൂലോക ജീവിതത്തിനു ശേഷം അവർ അങ്ങോട്ടുയർന്നതാണ്. ആയിരക്കണക്കിനുള്ള ജീവിതവും മരണവും അവയ്ക്കു സംഭവിച്ചിട്ടുണ്ട് എന്നു പറഞ്ഞതിന്റെ സാരം സാദ്ധ്യതയിൽനിന്നു പ്രവർത്തനീയ തത്വത്തിലേക്കു വന്നതായ അവസരങ്ങൾ എന്നോ അല്ലെങ്കിൽ ഒന്നു നശിച്ചതിനു ശേഷം മറ്റൊന്നു വരുന്നുവെന്നോ ആവാം.

## അധ്യായം 28

# പത്തു ഭാഗങ്ങളുടെ നിർണ്ണയം

ഏതൊരു സാധനവും വികസിക്കുന്നത് അതിന്റെ മൂന്നു ഭാഗങ്ങളിൽ കൂടിയാണ്. അതായത് നീളം, വീതി, ഉയരം. ഒരു വസ്തുവിന്റെ വികസനം പ്രായോഗികമായി (അനുമാനത്തിലല്ല) നിർണ്ണയിക്കാവുന്നതാണ്. ഈ മൂന്നു ഭാഗങ്ങൾക്കായി വിചാരിക്കുന്ന രേഖകൾ അവസാനിച്ചാൽ പ്രസ്തുത വസ്തുവിന് ആറ് അറ്റങ്ങൾ ഉണ്ടാവുന്നു. അതത്രെ വശങ്ങൾ. ഇവ കൂടിച്ചേരുന്നിടത്ത് ഇവയിൽ ഒന്നിന്റെ നേരെ തിരിഞ്ഞു നിൽക്കുന്ന ഒരു ജീവിയെ നാം സങ്കൽപിക്കുക. അപ്പോൾ ഈ രേഖകൾ അതിന്റെ മുമ്പും പിമ്പും വലത്തും ഇടത്തും കീഴും മേലും ആയിരിക്കുന്നതാണ്. ഇവയെ ലോകത്തിന്റെ ഭാഗങ്ങളായി കണക്കാക്കുമ്പോൾ മറ്റു ചില പേരുകളിലാണ് അറിയപ്പെടുന്നത്. ഉദയവും അസ്തമയവും ചക്രവാളത്തിലായതുകൊണ്ടും മദ്ധ്യരേഖയുടെ ചലനം ഉദയാസ്തമയങ്ങളാൽ വ്യക്തമാക്കുന്നു എന്നതുകൊണ്ടും ഈ ഭാഗങ്ങൾക്കു പ്രാധാന്യം നല്കപ്പെടുന്നു. അങ്ങനെ പൂർവ്വഭാഗം, പശ്ചിമഭാഗം, ഉത്തരഭാഗം, ദക്ഷിണഭാഗം എന്നിങ്ങനെ പ്രസിദ്ധമായി. ഓരോ രണ്ടു വിഭാഗങ്ങളുടെയും ഇടയ്ക്കു വിചാരിക്കാവുന്ന ഭാഗങ്ങൾ തീരേ അപ്രസക്തമാവുകയും ചെയ്തു. അവയുംകൂടി ചേർക്കുമ്പോൾ ഭാഗങ്ങൾ എട്ടാകുന്നു. മേൽഭാഗവും കീഴ്ഭാഗവും കൂടി ചേർന്നാൽ പത്താകുന്നു. ഗ്രീക്കുകാർ നക്ഷത്രങ്ങളുടെ ഉദയാസ്തമയങ്ങൾ മുഖേന ഭാഗങ്ങൾ കണക്കാക്കുകയും പിന്നീട് അവയെ കാറ്റുകളുമായി ബന്ധപ്പെടുത്തുകയും ചെയ്തു ഭാഗങ്ങൾ പതിനാറാണെന്ന് അഭിപ്രായപ്പെടുന്നു. എന്നാൽ, അറബികൾ അവയിലൂടെ വീശുന്ന കാറ്റുകൾകൊണ്ടാണ് കണക്കാക്കുന്നത്. രണ്ടു ഭാഗത്തിനിടയിലൂടെ വീശുന്ന കാറ്റിനു കൊടുങ്കാറ്റ് എന്ന് അവർ പറയുന്നു. ഇന്ത്യക്കാർ ഭാഗങ്ങളെ കാറ്റുമായി ബന്ധപ്പെടുത്തുന്നില്ല. അവർ നാല് ഭാഗങ്ങൾക്കു നാല് പേരു നൽകുകയും പിന്നീട് അവയ്ക്കിടയിൽ വരുന്ന ഭാഗങ്ങൾക്ക് അവയെത്തുടർന്നുള്ള

പേരുകൾ പറയുകയും ചെയ്യുന്നു. അങ്ങനെ ചക്രവാളത്തിൽ, ഈ പട്ടികയിൽ കൊടുത്തതുപോലെ എട്ടു ഭാഗങ്ങളുണ്ടാകുന്നതാണ്.

| | | | | |
|---|---|---|---|---|
| തെക്കുകിഴക്ക് | | തെക്ക് | തെക്കുപടിഞ്ഞാറ് | |
| | അഗ്നി | ദക്ഷിണം | നൈരിതം (പൃത്ഥ്വി) | |
| കിഴക്ക് | പൂർവ്വം | മദ്ധ്യദേശം | പശ്ചിമം | പടിഞ്ഞാറ് |
| | ഈശൻ | ഉത്തരം | വായു | |
| വടക്കുകിഴക്ക് | | വടക്ക് | വടക്കുപടിഞ്ഞാറ് | |

രണ്ടു ധ്രുവങ്ങൾ രണ്ടു ഭാഗവും, അതായത്: 1. മുകൾ ഭാഗം, 2. കീഴ്ഭാഗം. മുകൾഭാഗത്തിന് 'ഊപ്പർ' എന്നും താഴ്ഭാഗത്തിന് 'അധഃ', 'താല' എന്നിങ്ങനെയും പറയുന്നു. ഇവയും മറ്റുള്ളവരുടെ ഭാഗങ്ങളെല്ലാം കൃത്രിമങ്ങളാണ്. ചക്രവാളത്തിൽ ഒരോ വ്യാസത്തിന്റെ രണ്ടു ഭാഗത്തുമായി ഈരണ്ടു ഭാഗങ്ങൾ സങ്കല്പിക്കാമല്ലോ. അങ്ങനെ വരുമ്പോൾ അസംഖ്യം വ്യാസങ്ങളുടെ രണ്ട് അറ്റങ്ങളിലായി അസംഖ്യം ഭാഗങ്ങളും ഉണ്ടാകാം. എന്തെങ്കിലും ഒരു സാധനത്തെ കുറിച്ച് അവർ ഊഹിക്കുകയാണെങ്കിൽ അതിനെ ഒരു വ്യക്തിയായി സങ്കല്പിക്കുകയും ആ വ്യക്തിയെ വേറൊന്നുമായി ഇണ ചേർക്കുകയും അവയിൽ നിന്നു സന്താനങ്ങൾ വർദ്ധിക്കുന്നു എന്നു സങ്കല്പിക്കുകയും പതിവാണ്.

'വിഷ്ണുധർമ്മ'ത്തിൽ പറയുന്നതു നോക്കുക: "ധ്രുവ നക്ഷത്രം നാലു ഭാഗങ്ങളുമായി വിവാഹ ബന്ധത്തിലേർപ്പെടുകയും അതിൽ നിന്നു ചന്ദ്രൻ ജനിക്കുകയും ചെയ്തു." മറ്റൊരിടത്ത് ഇങ്ങനെ പറയുന്നു: "ദക്ഷ് (പ്രജാപത്) തന്റെ പത്ത് പെൺമക്കളെ ധർമ്മവുമായി വിവാഹം നടത്തി. അവയത്രെ ആ പത്തു ഭാഗങ്ങൾ. അതിൽ ഒന്നിന്റെ പേര് 'വസു' എന്നാണ്. അതിനു ധാരാളം സന്താനങ്ങളുണ്ടായി. അവയ്ക്ക് 'വസൂൺ' എന്നു പറയുന്നു. അതിൽ ഒന്നാണു ചന്ദ്രൻ." ചന്ദ്രനും മറ്റും പ്രസവിച്ചുണ്ടായതാണെന്നു കേൾക്കുമ്പോൾ നമ്മുടെ ആളുകൾ

ചിരിച്ചുപോയേക്കാം. അവരുടെ ഇത്തരത്തിലുള്ള രസാവഹമായ മറ്റു ചില പ്രസ്താവനകൾ ഞാൻ ഇവിടെ ഉദ്ധരിക്കാം.


സൂര്യൻ കശ്യപിന്റെ മകനും അതിന്റെ മാതാവ് ആദിത്യനുമാണ്. മന്നേന്ദ്രൻ ആറാമന്റെ കാലത്തു വിശാഖം ഞാറ്റുവേലയിലാണു ജനിച്ചത്. ചന്ദ്രൻ 'ധർമ്മ'ത്തിന്റെ മകനാകുന്നു. 'കാർത്തിക' ഞാറ്റുവേലയിലാണ് അതിന്റെ ജനനം. ചൊവ്വാ നക്ഷത്രം പ്രജാപതിയുടെ പുത്രനാണ്. അതു ജനിച്ചതു പൂരാടം ഞാറ്റുവേലയിലത്രെ. ബുധൻ ചന്ദ്രന്റെ പുത്രനാണ്. അത് അവിട്ടം ഞാറ്റുവേലയിൽ ജനിച്ചു. വ്യാഴം നക്ഷത്രം അങ്ക്റയുടെ മകനാണ്. ജനനം പൂർവ്വഫാൽഗുനം (പൂരം) ഞാറ്റുവേലയിൽ. ശുക്രൻ 'വ്രികി'യുടെ പുത്രിയാണ്. പൂയം ഞാറ്റുവേലയിൽ ജനനം. ശനി നക്ഷത്രം സൂര്യന്റെ പുത്രൻ. ജനനം രേവതി ഞാറ്റുവേലയിൽ. വാൽനക്ഷത്രം 'യമൻ' (കാലൻ)ന്റെ മകനും, ആയില്യം ഞാറ്റുവേലയിൽ ജനനം. 'രാഹു' ജനിച്ചതു രേവതി ഞാറ്റുവേലയിലും. എട്ട് ഭാഗങ്ങൾക്ക് എട്ട് നാഥന്മാരെ അവർ നിശ്ചയിച്ചിട്ടുണ്ട്. അവ ഒരു പട്ടികയായി താഴെ കൊടുക്കുന്നു.

| നാഥന്മാർ ദിക്:പാലന്മാർ | ഭാഗങ്ങൾ |
|---|---|
| ഇന്ദ്രൻ | കിഴക്ക് |
| അഗ്നി | തെക്കുകിഴക്ക് |
| യമൻ | തെക്ക് |
| പൃഥ്വി | തെക്കുപടിഞ്ഞാറ് |

| നാഥന്മാർ ദിക്:പാലന്മാർ | ഭാഗങ്ങൾ |
|---|---|
| വർണ്ണ്(വരുണൻ) | പടിഞ്ഞാറ് |
| വായു | വടക്കുപടിഞ്ഞാറ് |
| കുബേരൻ | വടക്ക് |
| മഹാദേവൻ | വടക്കുകിഴക്ക് |

അവർക്ക് എട്ട് ദിക്കുകളുടെ രൂപംകൊണ്ടു കളിക്കുന്ന ഒരു പ്രത്യേക സമ്പ്രദായം ഉണ്ട്. ആ രൂപത്തിനു 'രാഹുചക്രം' എന്നു പറയുന്നു. അതിന്റെ ചിത്രമാണ് അടുത്ത പേജിൽ.

ഇതുപയോഗിക്കേണ്ട ക്രമം ഇപ്രകാരമാണ്: നിന്റെ ദിവസത്തിന്റെ നാഥനെ ആദ്യമായി അറിയുക, പിന്നീട് ഈ ചിത്രത്തിൽ ആ നാഥന്റെ പേരെഴുതിയ സ്ഥലം മനസ്സിലാക്കുക. തുടർന്നു പകലിന്റെ ഏത് അഷ്ടാംശത്തിലാണു നീ സ്ഥിതി ചെയ്യുന്നതെന്ന് അറിയുക. അഷ്ടാംശങ്ങളെ നാഥനുള്ള സ്ഥലം മുതൽ തുടർച്ചയായി എണ്ണുക. കിഴക്കുനിന്നു തെക്കോട്ടും പടിഞ്ഞാറോട്ടുമാകണം എണ്ണേണ്ടത്. അപ്പോൾ നീ നിന്റെ അഷ്ടാംശ നാഥനിൽ എത്തിച്ചേരുന്നു. ഉദാഹരമണായി: വ്യാഴായ്ച അഞ്ചാം അഷ്ടാംശത്തിന്റെ നാഥനെ നാം ഉദ്ദേശിച്ചാൽ അന്നത്തെ നാഥൻ വ്യാഴം നക്ഷത്രമായിരിക്കുമല്ലോ. അവിടം മുതൽ തെക്കോട്ട് എണ്ണുക.




അവിടെനിന്നു പുറപ്പെടുന്ന രേഖ വടക്കുപടിഞ്ഞാറായി പോകുന്നു. അപ്പോൾ ഒന്നാം അഷ്ടാംശത്തിന്റെ നാഥൻ വ്യാഴവും രണ്ടാമത്തേതിന്റെതു ശനിയും മൂന്നാമത്തേതു സൂര്യനും (ഞായറും) നാലാമത്തേതു ചന്ദ്രനും (തിങ്കൾ) അഞ്ചാമത്തേതു ബുധനും, ഇങ്ങനെ തുടരും. നീ ഏത് അഷ്ടാംശത്തിലാണെന്നു മനസ്സിലാക്കിയാൽ അത് 'രാഹു' ആണെന്നു ഗ്രഹിച്ച് അതിനെ പുറകിലാക്കി ഇരുന്നുകൊണ്ടു കളി തുടങ്ങിയാൽ നീ വിജയിക്കുന്നതാണ്. ഇതത്രെ തദ്വിഷയകമായി അവരുടെ വിശ്വാസം.